# മതത്തിന്റെ പേരിൽ
# മനുഷ്യഹത്യ

Mathathinte Peril Manushyahathya?
Malayalam Translation of
Murder in the name of Allah

Author :
Hadhrath Mirza Tahir Ahmad.

Translator.
Muhammed Salim. A.M.

Type Setting:
Victory creations, Calicut.

Printed at:
Geethanjali offset Printers, Calicut.

Cover Design

Published by :
Islam International Publications, Kerala

First Edition : April 2000.
Second Edition : June 2007.

Price :

# മതത്തിന്റെ പേരിൽ
# മനുഷ്യഹത്യ

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

**വിവ: എ. എം. മുഹമ്മദ് സലിം**

**രാം പതിപ്പ്**
**2007**

**പ്രസാധകർ**

**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള**

ഫോർട്ട് റോഡ്, കണ്ണൂർ - 670 001

## സമർപ്പണം

അല്ലാഹുവിനെ ആരാധിച്ചതിന്റെ പേരിൽ, വിശുദ്ധ ഖുർആൻ പാരായണം ചെയ്തതിന്റെ പേരിൽ, ഇസ്‌ലാമിന്റെ വിശ്വാസ പ്രഖ്യാപനമായ കലിമത്തുത്തൗഹീദ് ഉച്ചരിച്ചതിന്റെ പേരിൽ, നബി തിരുമേനി (സ)യുടെ മേൽ സ്തുതി കീർത്തനം ചൊല്ലിയതിന്റെ പേരിൽ, അസ്സലാമു അലൈക്കും എന്ന സമാധാന വചനം ആശംസിച്ചതിന്റെ പേരിൽ.... ജൻമാവകാശങ്ങളും മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കപ്പെട്ടു വധശിക്ഷയും അടിശിക്ഷയും ജയിൽ ശിക്ഷയും ഏറ്റുവാങ്ങി, മുസ്‌ലിമായി ജീവിക്കാൻ എണ്ണിയാലൊടുങ്ങാത്ത യാതനകൾ മൂകമായി സഹിക്കുന്ന പാകിസ്താനിലെ പീഡിതരും ദൈവസമർപ്പിതരുമായ അഹ്മദീ സഹോദരീ സഹോദരൻമാർക്കു വേണ്ടി.....

## ഉള്ളടക്കം


1. ചോരയിൽ കുതിർന്ന മതം ........ 35
2. ഇസ്‌ലാംമത പ്രബോധനം: രണ്ട് വിരുദ്ധ വീക്ഷണങ്ങൾ ...... 57
3. മൗദൂദിയൻ തത്ത്വശാസ്ത്രത്തിന് ഒരു ഖണ്ഡനം ........ 72
4. പ്രവാചകൻമാരും പടയാളികളും........ 107
5. മതപരിത്യാഗത്തെസ്സംബന്ധിച്ച മൗദൂദിയൻ നിയമം............ 127
6. മതപരിത്യാഗം ഇസ്‌ലാമിൽ ........ 153
7. മതപരിത്യാഗത്തിനുള്ള ശിക്ഷ ........ 185
8. പ്രപഞ്ചത്തിനാകെ കാരുണ്യം........ 218
9. ഇസ്‌ലാമിക ഭീകരത? ........ 237

## പ്രസ്താവന

'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഈ ഗ്രന്ഥം ഇരുപതാം നൂറ്റാണ്ടിൽ ഇസ്‌ലാം മതത്തിന് വേണ്ടി എഴുതപ്പെട്ട ഏറെ വിജ്ഞാനപ്രദവും മനോജ്ഞവുമായ ഒരു ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണ്. ഈ പുസ്തകം മാർച്ച് 2000ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ മുഴുവൻ കോപ്പിയും വിറ്റു തീരുകയാണുണ്ടായത്. പ്രപഞ്ചത്തിനാകെ കാരുണ്യമായി വന്ന ഇസ്‌ലാം, നിത്യശാന്തിയുടെ മഹാചൈതന്യമാണ് എന്ന് സ്ഥാപിക്കുന്ന ഈ ഗ്രന്ഥം അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫയും വിശ്വാസലോകത്തിന്റെ അമരക്കാരനുമായ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബിന്റെ മഹാപ്രതിഭയിൽ നിന്നുടലെടുത്തതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാന അമീർ ജ: ഏ.പി കുഞ്ഞാമു സാഹിബ് ചൂണ്ടിക്കാണിച്ചതുപോലെ, മുസ്‌ലിം ലോകത്തിന്റെ വിനാശകരമായ പ്രയാണത്തിനെതിരെയുള്ള ഒരു ഇസ്‌ലാമിക പ്രതികരണമാണ് ഈ കൃതി. മതത്തിന് വിപരീതമായത് മതത്തിന്റെ പേരിൽ ചെയ്യുന്ന ചില തീവ്ര മതമൗലികവാദികളുടെ പ്രവർത്തനങ്ങൾ മൂലം ലോകത്തെയാകെ സമത്വസുന്ദരസ്നേഹഭാവങ്ങളിൽ മധുരീകരിപ്പിച്ചെടുത്ത ഒരു മതത്തിന്റെ മാന്യത കരിവാരിത്തേക്കപ്പെട്ട ദുഃഖസന്ദർഭങ്ങളിലാണ് അഹ്മദിയ്യാ ഖലീഫാ ഈ ഗ്രന്ഥമെഴുതുന്നത്. മതത്തിന്റെ പേരിൽ ക്രൂരതയെ മാനവ ചരിത്രത്തിൽ ശാശ്വതവൽക്കരിച്ചവർ ഒന്നുകിൽ മതവിരുദ്ധരോ അല്ലെങ്കിൽ ദുഷിച്ച മതത്തിന്റെ വക്താക്കളോ ആയിരുന്നുവെന്ന വസ്തുത ഭൂതകാല ചരിത്രമുദ്ധരിച്ചുകൊണ്ട് ഖുർആൻ വ്യക്തമാക്കുന്ന കാര്യം അഹ്മദിയ്യാ ഖലീഫ വിശദീകരിക്കുന്നു.

മതം എന്നത് സങ്കുചിത വിധേയത്വമുള്ള ഒരു ദേശീയതയല്ല. അത് ഭൂപരിധി നിർണ്ണയിക്കപ്പെട്ട ഒരു രാഷ്ട്രവുമല്ല. അത് ഹൃദയങ്ങളുടെ ഒരു പരിവർത്തനമാണ്, അതായത് ആത്മാവിന്റെ ഉൽക്കർഷത്തിനു വേണ്ടിയുള്ള മാറ്റം. ഹൃദയാനുതാളങ്ങളിലെ അഗാധത

ലങ്ങളിലാണ് മതം കുടികൊള്ളുന്നത്. അത് ഖഡ്ഗപ്രയോഗത്തി ന്നതീതമാണ്. പർവ്വതങ്ങളെ ശക്തികൊണ്ട് ചലിപ്പിക്കാനോ ഹൃദ യങ്ങളെ വാളുകൊണ്ട് മാറ്റിയെടുക്കാനോ സാധ്യമല്ല, അഹ്മദിയ്യാ ഖലീഫ വ്യക്തമാക്കുന്നു. 'മതങ്ങളൊന്നും തന്നെ, അവയുടെ നാമ ങ്ങൾ എന്തുമാകട്ടെ, നിരപരാധികളായ മനുഷ്യരേയും സ്ത്രീക ളേയും കുഞ്ഞുങ്ങളേയും ദൈവത്തിന്റെ പേരിൽ ചോരയിൽ മുക്കി ക്കൊല്ലാൻ അനുവദിക്കുകയില്ല എന്നത് തന്റെ അഗാധസ്പർശിയായ വിശ്വാസമാകുന്നു' എന്നുകൂടി അദ്ദേഹം പ്രഖ്യാപിക്കുന്നു.

അസ്വാസ്ഥ്യങ്ങളുടെയും സംഘർഷങ്ങളുടെയും കലാപങ്ങളു ടെയും നിണസ്വപ്നങ്ങൾമാത്രം വിരിഞ്ഞുനില്ക്കുന്ന ഇന്നത്തെ ലോകത്ത് യഥാർത്ഥ മതത്തിലടങ്ങിയ സത്യത്തിന്റെയും സാഹോ ദര്യത്തിന്റെയും മനുഷ്യ മഹത്വത്തിന്റെയും സാഫല്യം അനുഭവി പ്പിക്കാൻ പ്രയോജനപ്രദമായ ഈ ഗ്രന്ഥം മലയാളത്തിലേക്ക് പരി ഭാഷപ്പെടുത്തിയത് ജനാബ് ഏ.എം. മുഹമ്മദ് സലിം സാഹിബാ ണ്. ഉള്ളടക്കത്തിലും ശൈലിയിലും അന്യാദൃശ മേഖലകൾ കണ്ടെ ത്തുന്ന ഒരെഴുത്തുകാരനാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഈ യുവ പ്രവർത്തകൻ. സ്വന്തം ഭാവനയും ഭാവുകത്വവും സംവേദനക്ഷമ തയും മഹത്തായ ഒരു ലക്ഷ്യ സാധ്യതയ്ക്ക് സമർപ്പിക്കുന്ന ഒരു വിശുദ്ധ മനസ്സ് സലിം സാഹിബിനുണ്ട്. ഇംഗ്ലീഷിൽ നിന്നുള്ള പരി ഭാഷ, വാക്കുകളുടെ മിതത്വം കൊണ്ടും അനുഭവത്തിന്റെ തിളക്കം കൊണ്ടും ആത്മലാവണ്യത്തിന്റെ താളം കൊണ്ടും ഹൃദ്യമായി അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിനോട് നാം വിട പറയുകയും ഇരുപത്തി ഒന്നാം നൂറ്റാണ്ടിന് സ്വാഗതമരുളുകയും ചെയ്യുന്ന സന്ദർഭത്തിൽ മലയാള മതസാഹിത്യരംഗത്ത് ഒരു പുതിയ സൂര്യോദയം വാഗ്ദാനം ചെയ്യുന്ന ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തി സമർപ്പിച്ചതിന് ജ: ഏ.എം. സലിം സാഹിബിന് അഗാധമായ നന്ദി പ്രകാശിപ്പിക്കുകയും ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരളയുടെ ഒരു വിനീത ഉപഹാരമെന്ന നിലയിൽ ഈ ഗ്രന്ഥം വായ നക്കാർക്കുമുമ്പിൽ സമർപ്പിക്കുകയും ചെയ്യുന്നു.

2-7-2007 സദ്ർ
കണ്ണൂർ ഇസ്ലാം ഇന്റർനാഷണൽ
പബ്ലിക്കേഷൻസ്, കേരള

## അവതാരിക

അദൃശ്യങ്ങളിൽ നിന്ന് അസ്തിത്വത്തിന്റെ ലോകത്ത് വന്ന് അറി വിന്റെ അനുഭൂതികൾ നുകർന്ന് വീണ്ടും അദൃശ്യങ്ങളിലേക്ക് തിരോ ഭവിക്കുന്ന മനുഷ്യജീവിതം അൽഭുതകരമായ ഒരു പ്രതിഭാസമാ കുന്നു. മതങ്ങൾക്ക് മാത്രം ഉത്തരം നല്കാൻ കഴിയുന്ന മനുഷ്യജീ വിതത്തിന്റെ പൊരുളിനെസ്സംബന്ധിച്ച് ദൈവം പറയുന്നു: *'എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളെയും മനുഷ്യരേയും സൃഷ്ടിച്ചത്.'* (വി.ഖുർആൻ 51:57). മനുഷ്യജീവിതത്തിന് ദിശ നിർണയിച്ച ദൈവം, ദൈവസംപ്രാപ്തി ക്കുള്ള ശ്രേഷ്ഠമാർഗ്ഗമായി ഇസ്ലാം മതത്തെ നിർദ്ദേശിക്കുന്നു. ഖുർ ആൻ പറയുന്നു: *'നിശ്ചയമായും ദൈവത്തെസ്സംബന്ധിച്ച യഥാർത്ഥ ജ്ഞാനം പ്രദാനം ചെയ്യുകയും ദൈവോപാസനക്കുള്ള ശ്രേഷ്ഠ മാർഗ്ഗം കാണിച്ചു തരുകയും ചെയ്യുന്ന ദൈവിക മതമാകുന്നു ഇസ്ലാം'* (വി.ഖുർആൻ 3:20). അതിനു കാരണം, ഇസ്ലാം പ്രകൃ തിമതമാണ് എന്നതാകുന്നു. *'അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃ തിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ, ആ ശുദ്ധ പ്രകൃതിയിൽ തദനുരൂ പമായി നിക്ഷിപ്തമായിരിക്കുന്ന മതം... അതുതന്നെയാണ് യഥാർത്ഥ മതം'* (വി. ഖുർആൻ 30:31). മറ്റു മതങ്ങളെ ദൈവപ്രോക്ത മതങ്ങ ളായും അവയിൽ അവതരിച്ച മതപുരുഷൻമാരെ ദൈവത്തിന്റെ സത്യപ്രവാചകൻമാരായും അംഗീകരിച്ചു കൊണ്ടാണ് ഖുർആൻ ഇസ്ലാമിന്റെ ഈ വൈശിഷ്ട്യം ഉദ്ഘോഷിക്കുന്നത് എന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

വ്യക്തിയെ സംസ്കരിച്ചു പൂർണതയിലെത്തിക്കുക എന്നതാണ് ഇസ്ലാമിന്റെ ലക്ഷ്യം. ഈ ആവശ്യാർത്ഥം ദൈവിക പദ്ധതിയനു സരിച്ച് മനുഷ്യസമൂഹം തുടക്കം മുതൽക്കേ പ്രവാചകൻമാരിലൂടെ അവന്റെ സ്രഷ്ടാവുമായി ബന്ധം സ്ഥാപിക്കുകയുണ്ടായി. പ്രവാച കൻമാരുടെ പവിത്ര ജീവിതങ്ങളാണ് ദൈവത്തെ അറിയാനുള്ള മനു ഷ്യന്റെ പ്രയാണങ്ങൾക്ക് ഉത്തേജനം നല്കിയത്. മനുഷ്യന്റെ ദൈവോന്മുഖമായ ഈ പ്രയാണത്തിന് മാർഗദർശനം നല്കുന്ന ഏറ്റവും ശ്രേഷ്ഠ മാതൃകയാണ് മുഹമ്മദ് നബി(സ). ആത്മീയവും

ധാർമികവുമായ മനുഷ്യന്റെ കഴിവുകളുടെ പാരമ്യം കണ്ട തിരുമേനി(സ) യുടെ ആകർഷണീയ ദിവ്യവ്യക്തിത്വവും ഉദ്ബോധനങ്ങളും നൂറ്റാണ്ടുകളായി കോടാനുകോടി മനുഷ്യാത്മാക്കൾക്ക് മാർഗദർശനമരുളുന്നു.

നിർഭാഗ്യകരമെന്നു പറയട്ടെ, മനുഷ്യനെസ്സംബന്ധിച്ച് ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ഉദാത്തമായ ലക്ഷ്യങ്ങൾ അധികാരത്തിലധിഷ്ഠിതമായ ഒരു രാഷ്ട്ര സ്ഥാപനത്തിലൂടെയും അതിന്റെ നിയമചട്ടുകങ്ങളിലൂടെയും മാത്രമേ സാക്ഷാത്ക്കരിക്കാൻ സാധ്യമാവൂ എന്നു പറഞ്ഞ് ഭൗതിക സാമൂഹിക വിപ്ലവ പ്രത്യയ ശാസ്ത്രങ്ങളെ അനുകരിച്ചു കൊണ്ട് ഒരു പുതിയ പ്രസ്ഥാനം ഇസ്‌ലാമിൽ രംഗപ്രവേശം ചെയ്തിരിക്കയാണ്. അബുൽ അഅ്‌ലാ മൗദൂദി സാഹിബിനാൽ സ്ഥാപിതമായ ജമാഅത്തെ ഇസ്‌ലാമി എന്ന ഈ പ്രസ്ഥാനം മുന്നോട്ടു വെക്കുന്ന ദർശനവികല്പം വാസ്തവത്തിൽ ഇസ്‌ലാമിന്റെ ഒരു പ്രതിസംസ്കാരമാകുന്നു.

16-ാം നൂറ്റാണ്ടു മുതൽ രാഷ്ട്രീയ ശബ്ദകോശങ്ങളിൽ പ്രത്യക്ഷപ്പെട്ട ഒരു പദമാണ് രാഷ്ട്രം (State) എന്നത്. പാശ്ചാത്യ രാഷ്ട്രീയ ചിന്തകനായ ഫ്ളോറൻസിലെ മാക്കിയ വല്ലിയാണ് 'സ്റ്റേറ്റ്' എന്ന പദം ആധുനികാർത്ഥത്തിൽ ആദ്യമായി ഉപയോഗിച്ചത്. ആധുനിക കാലത്ത് ജർമൻ തത്ത്വശാസ്ത്ര പണ്ഡിതനായ ഹെഗേലിന്റെ ആശയവാദമാണ് (Idealism) രാഷ്ട്രം പ്രകൃതിയുടെ സൃഷ്ടിയാണെന്നും അത് ചോദ്യം ചെയ്യപ്പെടാനാവാത്ത വിശുദ്ധ സ്ഥാപനമാണെന്നും സിദ്ധാന്തിച്ചത്. അതായത് രാഷ്ട്രം ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണ് (The State is the march of God on the earth) എന്നാണ് അദ്ദേഹം പറഞ്ഞത്. രാഷ്ട്രം നൈതികവും പരമാധികാരിയുമായ ഒരു സ്ഥാപനമാണെന്നും അതിന്റെ സർവവലയിതമായ സത്വം അപ്രമാദിത്തമുള്ളതാണെന്നും രാഷ്ട്രത്തിനു വേണ്ടി മനുഷ്യൻ ബലിയാവണമെന്നും ഹെഗേൽ വാദിച്ചു. ഈ ദർശനം ജർമനിയുടെ പിൽക്കാല ചരിത്രത്തിലുണ്ടാക്കിയ മാരകമായ പ്രത്യാഘാതങ്ങളായിരുന്നു ഹിറ്റ്ലറുടെ നാസിസവും ഇറ്റലിയിലെ ബെനറ്റ് മുസോളനിയുടെ ഫാഷിസവും.

ഫാഷിസ്റ്റ് സിദ്ധാന്തപ്രകാരം രാഷ്ട്രം ഒരു അതിമാനുഷസ്ഥാപനമാണ്. രാഷ്ട്രവും വ്യക്തിയുമായി തട്ടിച്ചു നോക്കുമ്പോൾ വ്യക്തി ഒന്നുമല്ല; രാഷ്ട്രം തന്നെയാണ് സർവ്വസ്വവും. രാഷ്ട്രം എന്നത് ഏതെങ്കിലും സാമൂഹിക ലക്ഷ്യങ്ങൾ നേടാനുള്ള മാർഗമല്ല; അതൊരു ലക്ഷ്യം തന്നെയാണ്. വ്യക്തി ആത്മസാക്ഷാത്ക്കാരം നേടുന്നതുതന്നെ രാഷ്ട്രത്തിന് സ്വയം സമർപ്പിക്കുമ്പോൾ മാത്രമാണ്. രാഷ്ട്രത്തിന്റെ ഇച്ഛക്ക് വിധേയമായി പൗരൻ ജീവിക്കണം. വ്യക്തിക്ക് രാഷ്ട്രത്തിന് വെളിയിൽ സ്വാകാര്യ താൽപര്യങ്ങളുണ്ട് എന്ന ചിന്ത പോലും പാടില്ല. അതുകൊണ്ടാണ് ഹിറ്റ്ലർ പറഞ്ഞത് 'ആര്യൻ രാഷ്ട്രത്തെ അനുസരിക്കുന്നതിൽ കവിഞ്ഞൊരു ആനന്ദം ജർമൻ പൗരനില്ല' എന്ന്.

എത്ര ഉദാരമാണെങ്കിലും ജനാധിപത്യവത്ക്കരണത്തിന് വിധേയമായാലും രാഷ്ട്രത്തിന്റെ സത്വം ആജ്ഞാപനത്തിന്റെതും അധികാരത്തിന്റെതുമാണ്. രാഷ്ട്രം (State) എന്ന അർത്ഥത്തിൽ വിശുദ്ധ ഖുർആനിൽ ഒരൊറ്റ പദവും പ്രയോഗിക്കപ്പെട്ടിട്ടില്ല. അന്നാസ്, നാസ്, ഉമ്മത്ത്, ഖൗം എന്നീ പദങ്ങൾ 'ജനസമൂഹം' എന്ന അർത്ഥത്തിലാണ് ഖുർആനിൽ പ്രയോഗിച്ചിട്ടുള്ളത്. അതുകൊണ്ടാണ് മത രാഷ്ട്ര വാദത്തിന്റെ വക്താവായ മൌദൂദി സാഹിബ് രാഷ്ട്രം എന്ന അർത്ഥത്തിൽ ഒരിക്കലും പ്രയോഗിച്ചിട്ടില്ലാത്ത 'ദീൻ' എന്ന പദം തേടിപ്പിടിച്ചത്. മൗദൂദി സാഹിബിനു മുമ്പേയുള്ള എല്ലാ ഖുർആൻ ഭാഷ്യകാരൻമാർക്കും ദീനിന് സ്റ്റേറ്റ് എന്ന അർത്ഥം അജ്ഞാതമായിരുന്നു.

രാഷ്ട്രം ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണെന്ന് ഹെഗേൽ പറഞ്ഞത് പോലെ, ജമാഅത്തെ ഇസ്‌ലാമി 'ദൈവത്തിന്റെ ഭരണത്തി'ന് വേണ്ടി (ഹുക്കൂമത്തെ ഇലാഹി) നിലകൊള്ളുന്നുവെന്ന് മൗദൂദി സാഹിബ് പറയുകയുണ്ടായി. സ്വന്തം ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സങ്കൽപ്പ വീടാണെന്നാണ് അദ്ദേഹം സിദ്ധാന്തിച്ചത്. അദ്ദേഹം എഴുതുന്നു: ''സൃഷ്ടിക്കുക, ആഹാരം നല്കുക, ജീവിപ്പിക്കുക, മരിപ്പിക്കുക, സൂര്യചന്ദ്രൻമാരെ അധീനപ്പെടുത്തുക, രാപ്പകലുകൾ കറക്കുക എന്നിവയും വിധിനിർണയവും ഭരണാധികാരവും രാജത്വവും ശാസനാധികാരവും നിയമനിർമ്മാണാധികാരവും എല്ലാം തന്നെ ഒരേയൊരു സമഗ്രാധിപത്യ ഭരണകർതൃത്വത്തിന്റെ വ്യത്യസ്ത ഭാഗങ്ങളാണ്. ഈ സമഗ്രാധിപത്യം ഭരണകർത്തൃത്വ വിഭജനത്തിനു വിധേയമല്ല. ഒരാൾ അല്ലാഹുവിന്റെ കൽപന അവലംബിക്കാതെ മറ്റാരുടെയെങ്കിലും കൽപന നിർബന്ധമായും അനുസരിക്കേണ്ടതാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നവൻ ചെയ്യുന്ന ശിർക്ക് പോലുള്ള ശിർക്കാണ് അയാൾ ചെയ്യുന്നത്'' (ഇലാഹ്, റബ്ബ്,

ഇബാദത്ത്, ദീൻ പേ.40) കണിശമായും കൃത്യമായും നിർവഹിക്കപ്പെടുന്ന ബ്രഹ്മാണ്ഡയന്ത്രം പോലെ ദൈവത്തിന്റെ നിയമാനുസാരം പ്രവർത്തിക്കുന്ന ഒന്നായിരിക്കും ജമാഅത്തെ ഇസ്‌ലാമിയുടെ 'ഹുക്കൂമത്തെ ഇലാഹി' (ദൈവത്തിന്റെ ഭരണം) എന്നാണ് മൗദൂദി സാഹിബ് അവകാശപ്പെടുന്നത്.

ദൈവത്തിനു മുന്നിൽ ഭക്തിപൂർവ്വം അനുഷ്ഠിക്കുന്ന നിസ്കാരം പോലും രാഷ്ട്ര സ്ഥാപനത്തിനുള്ള പട്ടാള പരിശീലനമായിക്കാണുന്ന മൗദൂദി സാഹിബിന്റെ ആത്മീയ നിലവാരം എത്ര ദരിദ്രം! വ്യക്തിയുടെ ആത്മസംസ്കരണത്തിലൂന്നുന്ന മതമായ ഇസ്‌ലാമിന് മനുഷ്യന്റെ സാമാജിക ജീവിതത്തെസ്സംബന്ധിച്ചു പൂർണ്ണ ബോധവും ഉത്തരവാദിത്വവുമുണ്ട്. ഇസ്‌ലാം, സമൂഹത്തെ സമീപിക്കുന്നത്, അധികാരം പ്രയോഗിക്കുന്നതും ആജ്ഞാശക്തിയുള്ളതുമായ രാഷ്ട്രമെന്ന ഉപകരണത്തിലൂടെയല്ല. രാഷ്ട്രത്തിന്റെ സാർവത്രികതയും ഉപകരണങ്ങളുടെ സമ്മർദ്ദ സ്വഭാവവും ഇസ്‌ലാം ഉദ്ദേശിക്കുന്ന ആത്മീയവും ധാർമികവുമായ മൃദുല ലക്ഷ്യങ്ങൾ നേടാൻ ഒരിക്കലും പര്യാപ്തമല്ല. ഇസ്‌ലാമിന്റെ മതാത്മക ശൈലിയിലുള്ള ധാർമികമായ അനുനയമോ ഉപദേശങ്ങളോ ഉദ്ബോധനങ്ങളോ രാഷ്ട്രത്തിനും അതിന്റെ ഏജൻസികൾക്കും സാക്ഷാൽക്കരിക്കാൻ ഘടനാപരമായിത്തന്നെ പരിമിതികളുണ്ട്. കാരണം രാഷ്ട്രത്തിന്റെ വ്യക്തിത്വം പ്രസക്തമാവുന്നത് അധികാരബലത്തിലാണ്. ഖുർആൻ പറയുന്നു: *'മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല. തീർച്ചയായും സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യതിരിക്തമാണ്.'* (വി.ഖുർആൻ 2:257)

മുഹമ്മദ് നബി(സ) രാഷ്ട്രം സ്ഥാപിച്ച്, അതിന്റെ ചട്ടക്കൂടു കൊണ്ടാണ് ഇസ്‌ലാമിക സമൂഹത്തെ ഒന്നിച്ചു നിറുത്തിയത് എന്ന് കരുതുന്ന മതരാഷ്ട്ര മൗലിക വാദിയായ മൗദൂദി സാഹിബ്, തിരുമേനി(സ)യെപ്പറ്റി ഖുർആൻ പറഞ്ഞത് ഓർക്കേണ്ടതുണ്ട്. *"അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റിലും നിന്ന് ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പു നല്കുകയും പാപമോചനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിനെ ഭരമേല്പ്പിക്കുക. തീർച്ചയായും അല്ലാഹു ഭരമേല്പ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു"* (വി.ഖുർആൻ 3:160).

രാഷ്ട്രസങ്കൽപത്തിലെ പ്രധാനമായ ഒന്നാണ് നിയമം. രാഷ്ട്രത്തിന്റെ ഘടന തന്നെ നിയമത്തിലധിഷ്ഠിതമാണ്. മനുഷ്യനറിയാവുന്ന പദങ്ങളിൽ വെച്ച് ഏറ്റവും അനിശ്ചിതവും അനിയതവുമായ ഒരു പദമാണ് നിയമം. പ്രകൃതിയിലെ നിയമങ്ങൾ ഏറെക്കുറെ കണിശങ്ങളാണ്. ഉദാഹരണത്തിന്, ഗണിതശാസ്ത്ര നിയമങ്ങൾ, ഊർജ്ജതന്ത്ര നിയമങ്ങൾ മുതലായവ. രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിൽ അത് മറ്റൊരർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. അതായത്, 'ഒരു പരമാധികാര രാഷ്ട്രീയ ശാസനാകേന്ദ്രം ജനങ്ങളിൽ വരുത്തുന്ന ബാഹ്യ പ്രവൃത്തി സംബന്ധമായ പൊതുചട്ടമാണ് നിയമം'. മനുഷ്യന്റെ ബാഹ്യപ്രവർത്തനങ്ങളെ നിയന്ത്രിക്കാനാണ് നിയമം ശ്രമിക്കുന്നത്. പക്ഷേ, ബാഹ്യപ്രവൃത്തിയിലേക്ക് നയിക്കുന്ന മാനസിക പ്രേരണ, ചിന്ത, വാസന, ജനിതക പാരമ്പര്യം എന്നീ ഘടകങ്ങളെ നിയന്ത്രിക്കാൻ നിയമത്തിനാവില്ല. നിയമം പ്രാവർത്തികമാവുന്നത് രാഷ്ട്രത്തിന്റെ അധികാരബലത്തിലാണ്. 'ഹുക്കൂമത്തെ ഇലാഹീ വാദക്കാർ ആവേശ ഭരിതരാവുന്നതും 'ശരീഅത്ത്' എന്ന് വിളിക്കപ്പെടുന്ന ഈ നിയമത്തിന്റെ പേരിലാണ്. മനുഷ്യന്റെ രാഷ്ട്രീയവും സാമൂഹികവും ആത്മീയവുമായ എല്ലാ കാര്യങ്ങളും നിയമമാക്കി എഴുതിവെക്കപ്പെട്ടിട്ടുണ്ടെന്നാണ് മതരാഷ്ട്രവാദികളുടെ അവകാശവാദം. വാസ്തവത്തിൽ നിയമത്തിന്റെ സജീവസാന്നിദ്ധ്യം തന്നെ ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു. വി.ഖുർആൻ പറയുന്നു: *"അല്ലയോ വിശ്വാസികളേ, വെളുപ്പെടുത്തിത്തന്നാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ ചോദിക്കരുത്. അല്ലാഹു തന്നെ അവയെ വിട്ടിരിക്കുന്നു. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും സഹനമുള്ളവനുമത്രെ. നിങ്ങൾക്ക് മുമ്പേയുള്ള ജനം നിശ്ചയമായും അപ്രകാരം ചോദിച്ചിരുന്നു. അവർക്ക് നിയമനിർദ്ദേശം ലഭിച്ചപ്പോൾ അവരത് തിരസ്ക്കരിച്ചു കളയുകയാണുണ്ടായത്"* (വി.ഖുർആൻ 5:102,103). മനുഷ്യന്റെ നന്മക്കും പുരോഗതിക്കും വേണ്ടി ദൈവം വിട്ടുകളഞ്ഞതിനെ പൂരിപ്പിച്ചു പഴുതില്ലാതാക്കി ദൈവത്തിന്റെ പേരിൽ സമർപ്പിക്കുന്നത് ധിക്കാരവും ദൈവം ചമയലുമല്ലേ?

അല്ലാഹുവിന് *'ആദിൽ'* (നിയമാനുസാരം വിധി നടപ്പക്കുന്നയാൾ) എന്ന ഗുണനാമമില്ല. പകരം, തെറ്റു ചെയ്താലും പൊറു

ത്തുകൊടുക്കുകയും മനുഷ്യനെ പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുന്ന മാലിക്ക് (യജമാനൻ) എന്ന നാമത്തിലാണ് അല്ലാഹു വിശേഷിപ്പിക്കപ്പെടുന്നത് എന്ന കാര്യവും സ്മരണീയമാണ്.

മനുഷ്യന്റെ സാമൂഹിക ജീവിതത്തോട് മറ്റേതൊരു പ്രത്യയശാസ്ത്രത്തെക്കാളും ഇസ്‌ലാമിനു പ്രതിബദ്ധതയുണ്ട്. ഇതിനായി ഇസ്‌ലാം അവലംബിക്കുന്നത് പ്രകൃതിപരമായ ഒരു വഴിയാണ്. അതായത് ഇസ്‌ലാമിന്റെ അഭിസംബോധന സമൂഹത്തോടാണ്; രാഷ്ട്രത്തോടല്ല. വ്യക്തിക്ക് ജൈവബന്ധമുള്ളത് സമൂഹത്തോടാണ്. രാഷ്ട്രം എന്നത് സമൂഹത്തിന്റെ ചില ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റാൻ മനുഷ്യൻ കണ്ടുപിടിച്ച ഒരു കൃത്രിമസ്ഥാപനം മാത്രമാണ്. രാഷ്ട്രത്തിന് ഭൂമി അഥവാ ദേശം അനിവാര്യമാണ്. സമൂഹത്തിന് ഭൂമിയുടെ ആവശ്യമില്ല. കുടുംബം, ജനിതക പാരമ്പര്യം, കാലാവസ്ഥ, ഭാഷ, ഭക്ഷണം മുതലായ പ്രകൃതി ഘടകങ്ങളാണ് സമൂഹത്തെ രൂപപ്പെടുത്തുന്നത്. അത്തരം സമൂഹങ്ങൾ വളർന്നു വികസിച്ച് വൈവിധ്യ പൂർണ്ണമായ ഒരു വിശ്വാസസമൂഹം രൂപം കൊള്ളുകയാണ്. ഖുർആൻ പറയുന്നു: *"അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശഭൂമികളുടേയും (സൃഷ്ടിപ്പും) നിങ്ങളുടെ ഭാഷകളുടേയും വർണ്ണങ്ങളുടേയും വൈവിധ്യങ്ങളും. തീർച്ചയായും ജ്ഞാനികൾക്ക് ഇതിൽ ദൃഷ്ടാന്തമുണ്ട്"* (വി.ഖുർആൻ 30:23) ഭാഷ, വർണം മുതലായ സാംസ്കാരിക വ്യതിരേകങ്ങളുള്ള സമൂഹമാണ് മനുഷ്യനിർമിത സ്ഥാപനങ്ങളുടെ പ്രകൃതിപരവും ജൈവികവുമായ ഉപകരണമായിത്തീരേണ്ടത്. നാനാവിധേനയും വികസിക്കുന്ന മാനവീയ ശാസ്ത്രങ്ങൾ ഖുർആന്റെ ഈ ഗഹനതത്ത്വങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്.

ചുരുക്കത്തിൽ, ആധുനിക കാലത്തെ തീവ്രഭൗതിക രാഷ്ട്രീയ പ്രസ്ഥാനങ്ങളായ ഫാഷിസം, നാസിസം, കമ്മ്യൂണിസം എന്നീ വിപ്ലവ പ്രത്യയ ശാസ്ത്രങ്ങളാണ് രാഷ്ട്രത്തെ ഉയർത്തിപ്പിടിക്കുകയും അതിനെ വാഴ്ത്തിപ്പറയുകയും ചെയ്യുന്നത്. ഫ്രഞ്ച് വിപ്ലവം തുടങ്ങി ആധുനികഘട്ടത്തിൽ അരങ്ങേറിയ ഇത്തരം വിപ്ലവ പ്രസ്ഥാനങ്ങളെല്ലാം തികഞ്ഞ പരാജയമായി കലാശിച്ചതിന്റെ ചരിത്രം നമുക്കു മുമ്പിലുണ്ട്. മൗദൂദി സാഹിബ് ഈ വഴിക്ക് നീങ്ങിയത് ഇസ്‌ലാമിന്റെ മാർഗ്ഗത്തിൽ നിന്നുള്ള വ്യതിയാനമാണ്. അദ്ദേഹത്തിന്റെ രക്തരൂഷിതമായ വിപ്ലവ തത്ത്വശാസ്ത്രത്തിന് മുസ്‌ലിം സമൂഹത്തിൽ ചിലരിൽ വേരോട്ടം കിട്ടാൻ കാരണം, മുസ്‌ലിം സമൂഹത്തിന്റെ തെറ്റായ ഒരു സങ്കൽപം മൂലമാണ്. അതായത് ജിഹാദിനെ സ്സംബന്ധിച്ച് മുസ്‌ലിംകൾ വെച്ചു പുലർത്തിയ പിഴച്ച വിശ്വാസങ്ങളാണ് മുസ്‌ലിം സമുദായത്തിലെ ഒരു വിഭാഗത്തെ മൗദൂദിയൻ ചിന്തകൾക്ക് അനുകൂലമാക്കിത്തീർക്കുന്നത്. മുസ്‌ലിംകൾ രണോത്സുകമായ സമരങ്ങൾക്കും വികാര സാന്ദ്രമായ വേലിയേറ്റങ്ങൾക്കും എളുപ്പത്തിൽ വിധേയപ്പെട്ടു പോകുന്നതും ജിഹാദിനെക്കുറിച്ചുള്ള ഈ വികല സങ്കൽപം മൂലമാണ്. മുഹമ്മദ് നബി(സ)യുടെ പ്രവചനപ്രകാരം ആഗതനായ വാഗ്ദത്ത ലോകോദ്ധാരകനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മുസ്‌ലിം പൊതുജന മനശ്ശാസ്ത്രത്തിന്റെ ഈ സൂക്ഷ്മ വശങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് തന്റെ വിശ്വപ്രസിദ്ധമായ 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പറയുന്നു: ''മുസ്‌ലിംകൾക്ക് ഈ ഹൃദയകാഠിന്യവും ക്രൂരതയും അനുകമ്പാ ദാരിദ്ര്യവും എങ്ങനെ ഉണ്ടായിത്തീർന്നു? അതിന് കാരണമിതാണ്: ചെറുപ്പം മുതൽ ജിഹാദിനെപ്പറ്റിയുള്ള തെറ്റായ ധാരണകളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും അങ്ങനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാകുകയും ചെയ്കയാൽ, സാവകാശത്തിൽ അവർ ധാർമികമായി ശവപ്രായരായിത്തീരുകയും തങ്ങളുടെ നിഷ്ഠൂര ചെയ്തികളെക്കുറിച്ച് ബോധമറ്റവരായി മാറുകയും ചെയ്തു. രക്തദാഹി 'മഹ്ദി' വെളിപ്പെടാനടുത്തു പോയി എന്നും അദ്ദേഹത്തിന്റെ സഹായാർഥം മസീഹ് ആകാശത്ത് നിന്നിറങ്ങി വരുമെന്നും രണ്ടുപേരും കൂടി അമുസ്‌ലിംകളെ കൊന്നൊടുക്കുമെന്നുമുള്ള വിശ്വാസം നമ്മുടെ ധാർമിക ബോധങ്ങൾക്കും ചിന്തകൾക്കും നിരക്കാത്തതും പാടെ എതിരായിട്ടുള്ളതുമത്രെ. എല്ലാ മാനുഷിക ഗുണങ്ങളും ധർമ്മബോധവും നിശ്ചലമാക്കിക്കളയുകയും കാട്ടിലെ നീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിശ്വാസമല്ലേ ഇത്? ഇത്തരം വിശ്വാസങ്ങൾ കൊണ്ടുനടക്കുന്നവർ മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ കപടജീവിതം നയിക്കുന്നവരാണ്. അതുപോലെത്തന്നെ മറ്റൊരു വിശ്വാസക്കാരുടെ ഗവൺമെന്റിനോട് യഥാർത്ഥമായ കൂറ് പുലർത്താനും ഇവർക്കു സാധ്യമാവുകയില്ല'' (മസീഹ് ഹിന്ദുസ്ഥാൻ മെ)

ഇസ്‌ലാമിന്റെ അദ്ധ്യാപനവും ചരിത്രവും വികലമാക്കിക്കൊണ്ട് ഫാഷിസത്തേയും കമ്മ്യൂണിസത്തേയും അനുകരിച്ച് അധികാര

രാഷ്ട്രീയത്തിലധിഷ്ഠിതവും ഹിംസാത്മകവും ആത്മീയശൂന്യവുമായ ഒരു പ്രസ്ഥാനത്തിന് മൗദൂദി സാഹിബ് രൂപം കൊടുത്തിരിക്കുകയാണ്. ഓറിയന്റലിസ്റ്റുകളുടെ ഇസ്‌ലാംമത വിമർശനത്തിന് പൂർണസാധൂകരണം നല്കുന്നതാണ് മൗദൂദി സാഹിബിന്റെ ഈ സിദ്ധാന്തങ്ങൾ. ഇസ്‌ലാമിക പണ്ഡിതനെന്നറിയപ്പെടുന്ന മൗദൂദിയുടെ ഈ സിദ്ധാന്തവികൽപങ്ങൾ ആയിരം പാശ്ചാത്യ പണ്ഡിതൻമാർ ഇസ്‌ലാമിനെതിരെ ഉന്നയിക്കുന്ന വിമർശനത്തേക്കാൾ മാരകമാണ്. മൗദൂദി സാഹിബും ഓറിയന്റലിസ്റ്റുകളും വികൃതമാക്കിയ ഇസ്‌ലാമിന്റെ യഥാർത്ഥ രൂപമാണ് 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' (അല്ലാഹുവിന്റെ പേരിൽ അറുകൊലയോ?) എന്ന ഈ കൃതിയിൽ അനാവരണം ചെയ്യപ്പെടുന്നത്. വിശുദ്ധ ഖുർആനെസ്സംബന്ധിച്ചും ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചും അസാമാന്യവും അത്യഗാധവുമായ ധാരണാശേഷിയുള്ള ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ആണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയ നേതാവായ അദ്ദേഹം അന്യാദൃശനായ പ്രതിഭാശാലിയും ഈ കാലയളവിലെ ഏറ്റവും മഹാനായ ഇസ്‌ലാമിക ചിന്തകനുമാണ്. ആദ്ധ്യാത്മികവും തത്വജ്ഞാനപരവും ശാസ്ത്രീയവുമായ അന്തർദൃഷ്ടിയോടെ അദ്ദേഹം സൃഷ്ടിച്ച ജ്ഞാന പ്രപഞ്ചം നിരവധി പ്രഭാഷണങ്ങളിലും ഗ്രന്ഥങ്ങളിലും നിറഞ്ഞു നില്ക്കുന്നു. വജ്രത്തേക്കാൾ നിശിതമായ വിശകലന ബുദ്ധിയോടെ, ഇസ്‌ലാമിന്റെ പുറത്തുനിന്ന് ഓറിയന്റലിസ്റ്റുകളും ഉള്ളിൽ നിന്ന് മൗദൂദി സാഹിബും ഉയർത്തിയ വെല്ലുവിളികൾ ഈ കൃതിയിൽ അദ്ദേഹം പരിശോധിക്കുന്നു.

ഒമ്പത് അദ്ധ്യായം ഉൾക്കൊള്ളുന്ന ഈ കൃതി ആരംഭിക്കുന്നത് മതത്തിനെതിരെ രൂക്ഷമായ ഒരു വിമർശനം ഉന്നയിച്ചുകൊണ്ടാണ്. മതത്തിന്റെ പേരിൽ മനുഷ്യൻ ഇന്നോളം കാട്ടിക്കൂട്ടിയ അത്യാചാരങ്ങളും മർദ്ദനങ്ങളും വ്യാജമതത്തിന്റെ പ്രതിനിധികളാണ് നിർവ്വഹിച്ചതെന്ന് ഗ്രന്ഥകാരൻ വസ്തുനിഷ്ഠമായി സമർത്ഥിക്കുകയും യഥാർത്ഥ മതത്തിന്റെ വക്താക്കൾ എക്കാലത്തും നീതിയുടെ പക്ഷത്താണ് നിലയുറപ്പിച്ചതെന്ന് പ്രമാണസഹിതം തെളിയിക്കുകയും ചെയ്യുന്നു.

മനുഷ്യാത്മാവിനോടുള്ള ഒരു നിവേദനമായാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടിരിക്കുന്നത്. അതിന്റെ ശീഘ്രഗതിയിലുള്ള പ്രചാരണം ചരിത്രത്തിന്റെ ആദരം പിടിച്ചു പറ്റിയ ഒരു വിസ്മയമാണ്. ഇസ്‌ലാമിന്റെ ആത്മീയ പ്രഭാവത്തെപ്പറ്റി അറിയാത്ത, അസൂയാലുക്കളും പ്രബുദ്ധതയില്ലാത്തവരുമായ ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാം മതത്തിന്റെ അവിശ്വസനീയമായ വിപുലീകരണത്തിന് കാരണം ഹിംസാത്മകമായ ബലപ്രയോഗമാണെന്ന് പ്രചരിപ്പിക്കുന്നു. വാൾ കൈയ്യിലെടുത്തപ്പോഴാണ് മുഹമ്മദ് നബി(സ) വിജയശ്രീലാളിതനായതെന്ന (നഊദുബില്ലാഹ്) മൗദൂദി സാഹിബിന്റെ പ്രസ്താവന ചേർത്തു വായിക്കുമ്പോൾ പാവനമായ ഇസ്‌ലാംമതം പ്രതിക്കൂട്ടിലാവുന്നു. ഇസ്‌ലാമിക പ്രമാണങ്ങളും അനിഷേധ്യമായ ചരിത്രവസ്തുതകളും യൂറോപ്യൻ പണ്ഡിതൻമാരുടെ സാക്ഷ്യങ്ങളും നിരത്തി ഗ്രന്ഥകാരൻ സമർപ്പിക്കുന്ന സമുജ്ജ്വല വാദമുഖങ്ങൾക്ക് മുമ്പിൽ ഈ വിതണ്ഡ വാദങ്ങൾ തകർന്നു തരിപ്പണമാവുകയാണ്. മതപ്രചാരണ മാതൃകയെപ്പറ്റി ഗ്രന്ഥകാരൻ നല്കുന്ന വിവരണം ഉദാത്തമായൊരു ആത്മീയാനുഭൂതിയായി നമുക്ക് അനുഭവപ്പെടുകയും ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ വൈശിഷ്ട്യം ഒന്നു കൂടി പ്രശോഭിതമാവുകയും ചെയ്യുന്നു.

സ്വാതന്ത്ര്യപ്രേമികളെ ആവേശഭരിതരാക്കുന്ന, നൂറ്റാണ്ടുകൾക്ക് മുമ്പേയുള്ള വിശുദ്ധ ഖുർആന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം ഫ്രഞ്ച് തത്ത്വചിന്തകനായിരുന്ന വോൾട്ടയറുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തേയും ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തേയും കിങ്ങ് ജോണിന്റെ മാഗ്നാകാർട്ടയേയും, ടോംപെയിന്റെ മനുഷ്യാവകാശപ്രഖ്യാപനത്തേയും നിഷ്പ്രഭമാക്കുന്ന ഒന്നാണ്. മനസ്സാക്ഷി സ്വാതന്ത്ര്യവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും മത സ്വാതന്ത്ര്യവും പവിത്രമായിക്കരുതി ഇസ്‌ലാം ആദരിക്കുന്നു. പക്ഷേ, ഇസ്‌ലാംമതം ഉപേക്ഷിക്കുന്നവനെ ഫിർഔനും നംറൂദും കംസനും ഹിറ്റ്ലറും വഴികാണിച്ച പാരമ്പര്യത്തിൽ വധിക്കണമെന്ന മൗദൂദി സാഹിബിന്റെ അങ്ങേയറ്റം ഭീകരമായ സിദ്ധാന്തം ഗ്രന്ഥകാരൻ ഇഴപിരിച്ചു പരിശോധിക്കുന്നു. ദീൻ അഥവാ മതം എന്നാൽ രാഷ്ട്രമാണെന്നും മതത്തിൽ നിന്നുള്ള കൂറുമാറ്റം രാജ്യദ്രോഹം പോലെ കുറ്റകരമാണെന്നുമുള്ള രാഷ്ട്രീയ നീതിശാസ്ത്രമുപയോഗിച്ചുകൊണ്ടാണ് മൗദൂദി സാഹിബ് ഈ ഫാഷിസ്റ്റ് വാദം ഇസ്‌ലാമിന്റെ പേരിൽ മുന്നോട്ടു വെക്കുന്നത്. ഈ ഗ്രന്ഥത്തിലെ മൂന്ന് അദ്ധ്യായങ്ങളിലായി ആ വാദത്തിന്റെ പൊള്ളത്തരം ഗ്രന്ഥകാരൻ തുറന്നു കാട്ടുന്നു.

കരുണാവാരിധിയായ തിരുപ്രവാചകൻ ദണ്ഡനീതി നടപ്പാക്കിയ

ഖഡ്ഗപാണിയും സമഗ്രാധിപതിയായ ഭരണാധികാരിയുമായിരുന്നു എന്ന മൗദൂദിയൻ സങ്കല്പം പ്രവാചക പ്രഭുവും സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉന്നതനുമായ തിരുനബി(സ)യുടെ മഹത്തായ വ്യക്തിത്വത്തിനെതിരെയുള്ള കടന്നാക്രമണമാണ്. 'പ്രപഞ്ചത്തിനാകമാനം കാരുണ്യം' എന്ന അദ്ധ്യായത്തിൽ തിരുമേനി(സ)യുടെ പവിത്ര വ്യക്തിത്വത്തിന്റെ വിവരണം അടങ്ങിയിരിക്കുന്നു.

ഇസ്ലാം എന്ന പദം കേൾക്കുന്ന മാത്രയിൽ ഭീകരതയെക്കുറിച്ച് ഓർക്കുന്ന രീതിയിൽ ആഗോള മാധ്യമങ്ങളുടെ ദൂഷിതവലയം ഇസ്ലാമിനെക്കുറിച്ച് അപകീർത്തികരമായ ഒരു പരിവേഷം സൃഷ്ടിച്ചിരിക്കുന്നു. നൂറ്റാണ്ടുകളായി ക്രിസ്തീയലോകം അജയ്യമായ ഇസ്ലാമുമായി നടത്തുന്ന സംസ്കാരിക സംഘട്ടനത്തിന്റെ ആധുനിക രൂപമാണ് ഇന്നത്തെ മാധ്യമയുദ്ധം. ഇസ്ലാമിനെ ഉപസർഗ്ഗമാക്കിക്കൊണ്ട് ഭീകരതയുടെ അർത്ഥം ദ്യോതിപ്പിക്കുന്ന സംജ്ഞകൾ വാർത്താമാധ്യമങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നു. ഇസ്ലാമിക ഭീകരത (Islamic Terrorism)എന്നത് അത്തരത്തിലുള്ള ഒരു സംജ്ഞയാണ്. ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുന്നതിന് പിന്നിലുള്ള ആഗോളരാഷ്ട്രീയ താൽപര്യങ്ങളുടെ ദുഷ്ടലാക്ക് ഗ്രന്ഥകർത്താവ് അസാമാന്യമായ ഉൾക്കാഴ്ചയോടെ 'ഇസ്ലാമിക ഭീകരത' എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നു. ഇസ്ലാമിക തീവ്രവാദത്തിന്റെ സമകാലീന ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്ന ഇറാൻ വിപ്ലവത്തിന്റെ അന്തർധാരയെക്കുറിച്ചുള്ള ഗ്രന്ഥകാരന്റെ പ്രതിപാദനം ഇറാൻ വിപ്ലവത്തിന് ഒരു പുതിയ മാനം നല്കുന്നു. ചിരപുരാതനമായ പേർഷ്യൻ ദേശീയതയുടെ സത്വപ്രകാശനമാണ് ഇറാൻ വിപ്ലവമെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. അല്ലാതെ, ഇസ്ലാമുമായി അതിനു യാതൊരു ബന്ധവുമില്ല. ഇറാൻ വിപ്ലവത്തിൽ അമേരിക്കയുടെ ദുരൂഹമായ പങ്കിനെക്കുറിച്ചുള്ള ചില വെളിപ്പെടുത്തലുകൾ മുസ്ലിം ഭരണകൂടങ്ങളെ രൂപപ്പെടുത്തുന്നതിൽ സാമ്രാജ്യത്വ ശക്തികളുടെ സ്വാധീനം എത്രത്തോളമുണ്ടെന്ന അറിവ് നമുക്ക് നല്കുന്നു.

'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഈ ഗ്രന്ഥം സമകാലീന ഇസ്ലാമിക ലോകത്ത് എഴുതപ്പെട്ട ഏതൊരു കൃതിയേക്കാളും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. മുസ്ലിം ലോകത്തിന്റെ വിനാശകരമായ പ്രയാണത്തിനെതിരെയുള്ള ഒരു ഇസ്ലാമിക പ്രതികരണമാണ് ഈ കൃതി. ഇക്കാലത്തെ ഏറ്റവും പ്രതിഭാശാലിയും ആത്മീയ പ്രബുദ്ധത കൈവരിച്ച മഹാനുമായ ഒരു ചിന്തകനിൽ നിന്നു ലഭിച്ച ഈ കൃതിയുടെ മലയാള പരിഭാഷ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ വായനക്കാർക്ക് സമർപ്പിക്കുന്നു.

ഇതിന്റെ പരിഭാഷ നിർവ്വഹിച്ചത് അറിയപ്പെടുന്ന എഴുത്തുകാരനും പരിഭാഷകനുമായ ഏ.എം. മുഹമ്മദ് സലിം സാഹിബാണ്. ഇംഗ്ലീഷിൽ നിന്നുള്ള ഈ പരിഭാഷ ഉചിതമായ കുറിപ്പുകളോടെ വളരെ ഭംഗിയായി അദ്ദേഹം നിർവ്വഹിച്ചിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

25—3–2000 അമീർ
കോഴിക്കോട് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
കേരള

## ഒന്നാം പതിപ്പിലെഴുതിയ വിവർത്തകക്കുറിപ്പ്

സംഘർഷഭരിതമാണ് ലോകം. സ്വാസ്ഥ്യം നശിപ്പിക്കുന്ന ജീവിത പരിസരത്തുനിന്നു മനുഷ്യന് സാന്ത്വനവും സംസ്കാരവും ആത്മീയ വികാസവും നല്കുന്നത് മതങ്ങൾ മാത്രമാണ്. ക്ഷണ പ്രഭാ ചഞ്ചലങ്ങളും ദ്രുതപ്രവാഹിയുമായ മനുഷ്യന്റെ നാനാവിധ ത്തിലുള്ള ജീവിതധാരകൾക്കിടയിൽ 'ശാന്തി' എന്ന അർത്ഥം വരുന്ന ഇസ്ലാം നിസർഗ്ഗ സുന്ദരമായ ഒരു സമ്പൂർണ്ണ ജീവിത ദർശനമായി നിലകൊള്ളുന്നു. ആ ഇസ്ലാമിനെ ആയുധമണിയി ക്കുകയും അധികാര രാഷ്ട്രീയത്തിന്റെ ആർത്തിപൂണ്ട ഭീകരപ്രസ്ഥാ നമാക്കി മാറ്റുകയും ചെയ്യുന്ന പ്രതിലോമ ശക്തികളുടെ തേർവാ ഴ്ചയുടെ കാലമാണിത്. മതസമൂഹങ്ങൾ ഇത്തരം ഛിദ്രശക്തിക ളുടെ ആകർഷണ വലയത്തിലേക്ക് എളുപ്പത്തിൽ വിധേയപ്പെട്ടു പോകുന്നു. അനഭിലഷണീയമായ ഈ സമകാലീന സാമൂഹിക ഭൂമി കയിൽ ഏറ്റവും പ്രസക്തമായ ഒരു ഇസ്ലാമിക നിരൂപണമാണ്'മത ത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഈ കൃതി.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആത്മീയ നേതാവ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബാണ് മൂലകൃതിയുടെ കർത്താവ്. മതരാഷ്ട്രവാദത്തിന്റെ വക്താവും ജമാഅത്തെ ഇസ്ലാമി സ്ഥാപകനുമായ മൗലാനാ അബുൽ അഅ്ലാ മൗദൂദി സാഹിബിന്റെ നേതൃത്വത്തിൽ 1953ൽ പാകിസ്താനിൽ അരങ്ങേറിയ അഹ്മദിയ്യാ വിരുദ്ധ കലാപത്തിന്റെ പശ്ചാത്തലത്തിലാണ് ഗ്രന്ഥകർത്താവ് ഈ കൃതി രചിച്ചത്. കലാപത്തെക്കുറിച്ച് അന്വേഷിച്ച വിശ്വപ്രശസ്തമായ മുനീർ കമ്മീഷൻ റിപ്പോർട്ടിലും ഇസ്ലാമിക മതരാഷ്ട്രവാദത്തിന്റെ കാപട്യവും ഹീനത്തവും ആശയപ്പാപ്പരത്തവും തുറന്നു കാട്ടിയിട്ടു ണ്ട്. പിന്നീട് 1974 ലും 1984ലും കലാപതരംഗങ്ങൾ അലയടിച്ചുയരു കയുണ്ടായി. പാകിസ്താനിൽ ഇത് ഫലങ്ങളുണ്ടാക്കി. 1974 സെപ്തം ബർ 7-ാം തിയ്യതി പാകിസ്താൻ നാഷനൽ അസംബ്ലി അഹ്മദി കളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. 1984ൽ പാകിസ്താ നിലെ പട്ടാള ഭരണാധികാരി ജനറൽ സിയാഉൽ ഹഖ് പ്രഖ്യാപിച്ച 20-ാം ഓർഡിനൻസ് പ്രകാരം അഹ്മദികൾക്ക് മുസ്ലിം ആചാര ങ്ങളും അനുഷ്ഠാനങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കാൻ പാടുള്ള തല്ല. അത് ലംഘിക്കുന്നത് വധശിക്ഷവരെ അർഹിക്കുന്ന കുറ്റമായി വ്യവസ്ഥ ചെയ്തു. ഉൽപന്നങ്ങൾക്ക് പാറ്റന്റ് നിയമങ്ങൾ എന്ന പോലെ ദൈവത്തോടുള്ള ആരാധനകളും അനുഷ്ഠാനങ്ങളും ചിഹ്ന ങ്ങളും ഉപയോഗിക്കുന്നത് ഭരണകൂടം ഉദ്ദേശിക്കുന്നവർക്ക് മാത്ര മുള്ള അവകാശമായി അന്നുമുതൽ പാകിസ്താനിൽ പാറ്റന്റ് ചെയ്യ പ്പെട്ടു. പാകിസ്താൻ ഭരണഘടനയുടെ 20-ാം ആർട്ടിക്കിൾ ഉറപ്പ് നല്കുന്ന മനുഷ്യാവകാശങ്ങൾക്കും സർവ്വോപരി പരിശുദ്ധ ഇസ്ലാമിന്റെ സ്വാതന്ത്ര്യപ്രമാണങ്ങൾക്കും വിരുദ്ധമാണ് ഈ ഓർഡിനൻസ് എന്ന് പരാതിപ്പെട്ടുകൊണ്ട് സമർപ്പിക്കപ്പെട്ട അപ്പീൽ, മതഭ്രാന്ത് ബാധിച്ച പാകിസ്താൻ സുപ്രീംകോടതിയുടെ ഫുൾ ബെഞ്ച് 1993 ൽ യാതൊരു നീതികരണവുമില്ലാതെ തള്ളിക്കളയുക യാണുണ്ടായത്. മതചരിത്രത്തിൽ കേട്ടു കേൾവിയില്ലാത്തതും ഇസ്ലാമിനും മനുഷ്യത്വത്തിനും നിരക്കാത്തതുമായ ഈ കിരാത നിയമം ഇന്നും പാകിസ്താനിൽ നിലനില്ക്കുന്നുണ്ട്.

മുസ്ലിം രാജ്യങ്ങളിൽ, പ്രത്യേകിച്ച് പാകിസ്താനിൽ, ജൻമാ വകാശങ്ങളും മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും നിഷേ ധിക്കപ്പെട്ട ഒരു ആഗോള സമൂഹത്തിന്റെ അനിഷേധ്യ നേതാവാണ് മൂലഗ്രന്ഥത്തിന്റെ കർത്താവ്. ജന്മനാട്ടിൽ നിന്നു പാലായനം ചെയ്ത് പ്രവാസിയായിക്കഴിയുന്ന പ്രവാചക പാരമ്പര്യങ്ങളുടെ പ്രതിനിധി കൂടിയായ അദ്ദേഹത്തിന്റെ വാക്കുകൾ, അഗാധസ്പർശിയായ ഇസ്ലാമികാവബോധത്തിന്റെ പ്രതിഫലനങ്ങളും അനുഭവസമ്പൂർണ്ണ ങ്ങളുമാണ്.

മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഉർദുവിലെഴുതിയ ' മദ്ഹബ് കെ നാം പർ ഖൂൻ' (മതത്തിന്റെ പേരിൽ ചോര) എന്ന കൃതി രണ്ട് പുതിയ അദ്ധ്യായങ്ങൾ കൂട്ടിച്ചേർത്ത് പരിഷ്കരിച്ച് 'Murder in the name of Allah' എന്ന പേരിൽ പിന്നീട് ഇംഗ്ലീഷിൽ പ്രസിദ്ധീകരി ക്കുകയുണ്ടായി. ആ പുസ്തകത്തിന്റെ മലയാള ഭാഷാന്തരമാണ് 'മത ത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഈ കൃതി. ഉർദു മൂലകൃ തിക്കും ഇംഗ്ലീഷ് വിവർത്തനത്തിനും നല്കിയ പുസ്തകപ്പേരുകൾ ചേർത്ത് വെച്ചാണ് മലയാള തർജ്ജമക്ക് ഉചിതമെന്ന് തോന്നിയ 'മത ത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന പേര് നല്കിയത്.

'Murder in the name of Allah' എന്ന പേരിൽ മൂലകൃതി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് അന്യാദൃശ ഭാഷാ സിദ്ധിയുള്ള സയ്യിദ് ബറക്കാത്ത് അഹ്മദ് സാഹിബാണ്. അസാധാരണമായ ഇച്ഛാ ശക്തിക്കുടമയായ അദ്ദേഹം കഠിനമായ അർബുദരോഗം പിടിപെട്ട് ആതുര ശയ്യയിൽ കിടക്കവെയാണ് ഇംഗ്ലീഷ് വിവർത്തനം പൂർത്തിയാക്കിയത്.

ഈ ഗ്രന്ഥം വിവർത്തനം ചെയ്യാൻ അവസരം നല്കിയ അല്ലാഹുവിനെ ഞാൻ ആദ്യമായി സ്തുതിക്കുന്നു. അഭിജാതമായ ഇംഗ്ലീഷ് ഭാഷയിൽ എഴുതപ്പെട്ട ഈ കൃതി ഏറെക്കുറെ പദാനുപദ തർജ്ജമയായിട്ടാണ് വിവർത്തനം ചെയ്യാൻ ശ്രമിച്ചത്. എങ്കിലും ലക്ഷ്യഭാഷയിൽ പദങ്ങളുടെ ന്യൂനീകരണവും സ്ഥൂലീകരണവും വക്രീകരണവും ശൈലീപരമായ നീക്കുപോക്കുകളും ചില സ്ഥലങ്ങളിലൊക്കെ ഉണ്ടായെന്നു വരാം. പിഴവുകളുണ്ടെങ്കിൽ സഹൃദയരായ വായനക്കാർ സദയം അത് ശ്രദ്ധയിൽപ്പെടുത്തുമല്ലോ. ഇംഗ്ലീഷ് പരിഭാഷകൻ പറഞ്ഞതു പോലെ, തീർച്ചയായും തെറ്റുകൾ എന്റേത് മാത്രമായിരിക്കും.

വിശദീകരണങ്ങൾ വേണമെന്ന് തോന്നിയ ചില നാമങ്ങൾക്കും സംജ്ഞകൾക്കും സംഭവങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും കുറിപ്പുകൾ വിവർത്തന കൃതിയിൽ നല്കിയിട്ടുണ്ട്. ആശയഗ്രഹണത്തിനും സുഗമവായനക്കും ഇത് സഹായകമാവുമെന്നു കരുതുന്നു.

ഈ കൃതിയുടെ മൂലരൂപമായ 'മദ്ഹബ് കെ നാം പർ ഖൂൻ'ന്റെ ഏതാനും ഭാഗങ്ങൾ മലയാളത്തിലേക്ക് ആദ്യമായി മൊഴിമാറ്റം നടത്തിയത് കണ്ണൂരിലെ വി.കെ. മഹ്മൂദ് ഹാജി സാഹിബാണ്. 'സത്യദൂതൻ' മാസികയിൽ ' മതത്തിന്റെ പേരിൽ ചോര' എന്ന പേരിൽ അതിന്റെ ചില ഭാഗങ്ങൾ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ച കാര്യം ഇവിടെ സ്മരിക്കുകയാണ്. ഈ വിവർത്തനകൃതിയുടെ സംശോധന നിർവ്വഹിച്ചത് കോഴിക്കോട്ടെ കെ.വി. ഹസ്സൻ കോയാ സാഹിബ് ആണ്. കൃതഹസ്തനായ അദ്ദേഹത്തിന്റെ ഭാഷാപരമായ ഉപദേശനിർദ്ദേശങ്ങൾക്കും നിഷ്കളങ്കവും ആത്മാർത്ഥവുമായ സഹകരണത്തിനും നന്ദി പ്രകാശിപ്പിക്കാൻ എനിക്ക് വാക്കുകളില്ല. അദ്ദേഹത്തിന് വേണ്ടി അല്ലാഹുവിനോടുള്ള പ്രാർത്ഥന മാത്രമാണ് എന്റെ പ്രത്യുക്തി. ഈ കൃതിയിലെ അറബി പേരുകളും സംജ്ഞകളും പരിശോധിച്ചത് ഇന്ത്യയിലെ പ്രഗത്ഭ അഹ്മദീ പണ്ഡിതനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് (കേരള) ചീഫ് മിഷനറിയുമായ മൗലാനാ മുഹമ്മദ് ഉമർ സാഹിബാണ്. അദ്ദേഹത്തിനോടുള്ള കടപ്പാടും ഞാനിവിടെ രേഖപ്പെടുത്തുന്നു.

ഈ കൃതിക്ക് പ്രൗഢമായ ഒരു മുഖവുര എഴുതി അനുഗ്രഹിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേരള അമീർ ഏ.പി. കുഞ്ഞാമു സാഹിബിന് എന്റെ നന്ദി പ്രകാശിപ്പിക്കുന്നു. ഇംഗ്ലീഷിലുള്ള മൂല കൃതി എനിക്ക് പരിചയപ്പെടുത്തിത്തരികയും വിവർത്തനത്തിന് പ്രചോദനം നല്കുകയും ചെയ്ത Minaret Quarterly എഡിറ്റർ എം. ആലിക്കോയ സാഹിബ്, ഇസ്‌ലാം ഇന്റർ നാഷണൽ പബ്ലിക്കേഷൻസ്, കേരള സദ്ർ പ്രൊഫ: ബി. മഹ്മൂദ് അഹ്മദ് സാഹിബ്, പുസ്തക പ്രസിദ്ധീകരണത്തിന് സാമ്പത്തിക സഹായം നല്കിയ ബി.മുബാറക് അഹ്മദ് സാഹിബ് അതുപോലെ മറ്റു സഹായ സഹകരണങ്ങൾ നല്കിയ എന്റെ പ്രിയസുഹൃത്തും യുവപണ്ഡിതനുമായ മൗലവി മഹ്മൂദ് അഹ്മദ്, സാങ്കേതികമായ ഉപദേശങ്ങൾ നല്കി സഹായിച്ച എന്റെ ആത്മമിത്രം പി.എം. ബശീർ സാഹിബ്, പി.എം. സലിം സാഹിബ് (തിരൂർ) പഴയങ്ങാടി അമീർ പി.പി. നാസിറുദ്ദീൻ സാഹിബ്, എം.കെ.ഇമ്പിച്ചിക്കോയട്ടി സാഹിബ്, ടി. അഹ്മദ് ബശീർ സാഹിബ് ഈ പുസ്തകത്തിന്റെ ഡി.ടി.പി ഭംഗിയായി നിർവഹിച്ച കോഴിക്കോട്ടെ ഷാഡോ പോയിന്റ് എന്നിവരോടും എനിക്കുള്ള അഗാധമായ നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകം അച്ചടിച്ചു കാണാൻ പ്രാർത്ഥനാപൂർവ്വം പ്രോത്സാഹനം നല്കിയ കോഴിക്കോട്ടെ എന്റെ സ്നേഹിതൻമാരായ പി.എം. മുഹമ്മദ് കോയ സാഹിബ്, ടി.കെ. സിദ്ദീക്ക് സാഹിബ്, എം. അബ്ദുല്ല (കൊയിലാണ്ടി), കൊടുങ്ങല്ലൂർ യൂസുഫ് സാഹിബ്, വി.പി.നാസിർ സാഹിബ് എന്നിവരേയും ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നു. മൂലഗ്രന്ഥകാരന്റെ ഉദ്ദേശ്യം വായനക്കാരിൽ സഫലമാകട്ടെ എന്ന പ്രാർത്ഥനയോടെ.

27-3-2000

കോഴിക്കോട് ഏ.എം. മുഹമ്മദ് സലിം

## വിവർത്തകക്കുറിപ്പ്

**'മതത്തിന്റെ പേരിൽ മനുഷ്യഹത്യ'** എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പാണിത്. ഒന്നാം പതിപ്പ് വളരെ വേഗം വിറ്റഴിഞ്ഞത് ഈ പുസ്തകത്തിന്റെ സ്വീകാര്യതയെ സൂചിപ്പിക്കുന്നു.

ലോകത്ത് ശാന്തി കൈവരുത്തുവാൻ പ്രതിജ്ഞാബദ്ധമായ ഇസ്ലാം മതം അതിദാരുണമാം വിധം തെറ്റിദ്ധരിപ്പിക്കപ്പെടുകയാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, മുസ്ലിം നിലപാടുകൾ തന്നെ ഇതിന് സഹായകരമായിത്തീരുന്നു. രക്തരൂഷിതമായ വിപ്ലവസമരങ്ങളും അധികാര രാഷ്ട്രീയത്തിലധിഷ്ഠിതമായ ശാക്തീകരണവുമാണ് സാമൂഹിക ലക്ഷ്യങ്ങൾ നേടാനുള്ള മാർഗ്ഗങ്ങൾ എന്ന് ഫാഷിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും പ്രഖ്യാപനങ്ങൾ ഇരുപതാം നൂറ്റാണ്ടിലുണ്ടായി. വഞ്ചനാത്മകമായ ഈ മുദ്രാവാക്യങ്ങളെ അനുകരിച്ചുകൊണ്ട് ഇസ്ലാമിന് ഒരു രാഷ്ട്രീയമുഖം നല്കുകയായിരുന്നു ജമാഅത്തെ ഇസ്ലാമി സ്ഥാപകനായ മൗലാനാ അബുൽ അഅ്ലാ മൗദൂദി. മുസ്ലിംകൾ ഇന്നനുഭവിക്കുന്ന ധാർമ്മികവും രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം ജിഹാദീ സായുധസമരങ്ങളും, പ്രക്ഷോഭണങ്ങളും അധികാരം പിടിച്ചെടുക്കലുമാണെന്ന സന്ദേശമാണ് മുസ്ലിംകൾക്ക് ജമാഅത്തെ ഇസ്ലാമി നല്കിയത്. ധാർമ്മികവും ആദ്ധ്യാത്മികവും ധൈഷണികവുമായ ഇസ്ലാമികമൂല്യങ്ങളേയും പ്രവാചക പാരമ്പര്യങ്ങളേയും ഇവർ പരിഹസിച്ചു തള്ളുകയും അതെല്ലാം സമൂഹ സംസ്കരണത്തിന് അസാധ്യവും അപ്രായോഗികവുമാണെന്ന് പ്രചരിപ്പിക്കുകയും ചെയ്യുമ്പോൾ മുസ്ലിം ഉമ്മത്ത് ഭയാനകമായൊരു വിപത്തിലേക്ക് ആനയിക്കപ്പെടുകയാണ്. ആത്മസംസ്കരണത്തിന്റേയും ധൈഷണിക പ്രബുദ്ധതയുടേയും മാർഗ്ഗങ്ങളെല്ലാം അവഗണിച്ച് നിഷ്ക്കളങ്കരായ മുസ്ലിം യുവാക്കളിൽ മതരാഷ്ട്രവാദികൾ ജിഹാദീ വികാരം കുത്തിവെച്ച് ഇസ്ലാമിനോട് ശത്രുത്വം പുലർത്തുന്ന സായുധ വൻശക്തികൾക്ക് മുമ്പിലേക്ക് അവരെ എറിഞ്ഞു കൊടുക്കുന്നു. മതരാഷ്ട്രവാദത്തിന്റെയും ജിഹാദീ സായുധസമരത്തിന്റേയും വക്താക്കളെ മുസ്ലിംകൾ എത്ര വേഗത്തിൽ തിരിച്ചറിയുന്നുവോ അത്രയും നല്ലത് എന്ന് മാത്രമേ നമുക്ക് പറയാനുള്ളൂ.

ഓറിയന്റലിസ്റ്റുകളും ഇസ്ലാമിന്റെ വിമർശകരും പുറത്തുനിന്നും അബുൽ അഅ്ലാ മൗദൂദിയെപ്പോലെയുള്ള പണ്ഡിതന്മാർ അകത്തു നിന്നും ഉന്നയിക്കുന്ന വികല വാദങ്ങൾക്ക് മറുപടിയാണ് ഈ പുസ്തകം. പ്രപഞ്ചം മുഴുവൻ സമാധാനവും ശാന്തിയുമായി ആഗതനായ റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധ ജീവിതം അതിസൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് ഇസ്ലാമിന്റെ സമാധാനസന്ദേശത്തിന് ആധികാരികവും സജീവുമായ ഒരു ചിത്രം ഈ പുസ്തകം വരച്ചുകാട്ടുന്നു. ഈ ഗ്രന്ഥം രചിച്ച മഹാത്മാവ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഖലീഫത്തുൽ മസീഹ് നാലാമൻ ഇന്ന് നമ്മോടൊപ്പമില്ല. ആ മഹാത്മാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട് ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു.

1 ജൂലായ് 2007
കോഴിക്കോട്

ഏ.എം. മുഹമ്മദ് സലിം

2-7-2007
കണ്ണൂർ

## ആമുഖം

ഈ പുസ്തകത്തിനാധാരമായ മൂലകൃതിയുടെ രചനയ്ക്ക് 1950 കളിലായിരുന്നു തുടക്കം കുറിച്ചത്. ഇംഗ്ലീഷ് വായനക്കാരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പരിഭാഷ. ' മദ്ഹബ് കെ നാം പർ ഖൂൻ' എന്ന പേരിൽ പ്രസിദ്ധീകരിച്ച മൂലകൃതി 'മതത്തിന്റെ പേരിൽ ചോര' എന്ന് ഭാഷാന്തരപ്പെടുത്താം. അതിനു ശേഷം ആ പുസ്തകത്തിന്റെ നിരവധി പതിപ്പുകളിറങ്ങി. ബംഗാളി, ഇന്തോനേഷ്യ തുടങ്ങിയ ഭാഷകളിലേക്ക് അത് മൊഴിമാറ്റം ചെയ്യപ്പെടുകയും ചെയ്തു.

'മദ്ഹബ് കെ നാം പർ ഖൂൻ' എന്ന കൃതിയുടെ മുഖ്യ സ്രോതസ്സ് 1953ൽ പാകിസ്താനിലുണ്ടായ വ്യാപകവും അക്രമാസക്തവുമായ അഹ്മദിയ്യാ വിരുദ്ധ കലാപമാണ്. പുസ്തകം എഴുതിത്തീരുമ്പോഴേക്കും കലാപം ശമിച്ചിരുന്നു. കാലാനുക്രമം സാവകാശം മാഞ്ഞുപോകുന്ന അടയാളങ്ങൾ മാത്രം ബാക്കിയാക്കിക്കൊണ്ട് മുറിവുകളെല്ലാം ഏറെക്കുറെ ഭേദമായി.

എന്നാൽ, കലാപം ഉയർത്തിയ പ്രശ്നങ്ങൾ അശേഷം വീര്യം നശിക്കാതെ തുടരുകയാണ്. ഇസ്‌ലാം യുദ്ധത്തിന്റെ മതമാണോ അതല്ല സമാധാനത്തിന്റെ മതമോ? ഇസ്‌ലാം അക്രമത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും നശീകരണത്തിന്റെയും അരാജകത്വത്തിന്റെയും വക്താവാണോ? ഏത് രൂപത്തിലുമുള്ള പീഡനങ്ങളും ഇസ്‌ലാം കണ്ടില്ലെന്ന് ഭാവിക്കുന്നുണ്ടോ? ആശയപരമായി വിയോജിപ്പുള്ള അന്യമതസ്ഥരെ കൊള്ളയടിക്കാനും കൊള്ളിവെക്കാനും കൊലപ്പെടുത്താനും ഇസ്‌ലാം അനുവാദം നല്കുന്നുവോ?

മൃതപിണ്ഡമായി കുഴിച്ചുമൂടപ്പെട്ട 1953ലെ കലാപ സംഭവങ്ങൾ പുനരുജ്ജീവിപ്പിക്കാനോ അത് തുറന്നുകാട്ടാനോ ഉള്ള ഉദ്ദേശ്യത്തോടെയല്ല ഈ ഗ്രന്ഥരചന നടത്തിയത്. എന്നാൽ, ആ കലാപമുയർത്തിയ മേൽപ്രതിപാദിച്ച പ്രശ്നങ്ങളോടുള്ള അഭിമുഖീകരണമാണ് ഈ കൃതി. 1953 ലെ യാതനകളും വേദനകളും, പ്രക്ഷോഭണങ്ങളും ഭൂതകാല വിസ്മൃതിയിലേക്ക് തള്ളപ്പെടാവുന്നതാണ്. എന്നാൽ, ആ ഘട്ടത്തിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ സമകാലീന സന്ദർഭത്തിലും പ്രസക്തമാണ്. അത് പാകിസ്താനിലോ അതല്ല ഇസ്‌ലാമിലോ മാത്രം പരിമിതപ്പെടുത്താനാവില്ല. സാർവ കാലികവും സാർവദേശീയവുമായി എല്ലാ മതങ്ങളുമായി ബന്ധപ്പെട്ട സമസ്യകൾ അവ ഉയർത്തിക്കൊണ്ടു വരുന്നു. അതായത് യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നങ്ങൾ, സാമൂഹിക ക്രമത്തിന്റെയും അരാജകത്വത്തിന്റെയും പ്രശ്നങ്ങൾ, പ്രതിരോധത്തിന്റെയും മനുഷ്യാവകാശ ധ്വംസനത്തിന്റെയും പ്രശ്നങ്ങൾ.

ഈ വിഷയത്തിന്റെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ' മദ്ഹബ് കെ നാം പർ ഖൂൻ' എന്ന ഈ കൃതി ഉർദു, ബംഗാളി, ഇന്തോനേഷ്യ എന്നീ ഭാഷകൾ കൂടാതെ വിപുലമായ ഒരു വായനാവൃത്തത്തിൽ ലഭ്യമാക്കാനുള്ള ആവശ്യം ഏറി വരികയാണ്.

കുറച്ചു വർഷങ്ങൾക്ക് മുമ്പേ സയ്യിദ് ബറക്കാത്ത് അഹ്മദ് ഈ പുസ്തകത്തിന്റെ തർജ്ജമ നിർവഹിക്കുന്നതിന് എന്നോട് നിർബന്ധപൂർവ്വം അനുവാദം ചോദിച്ചിരുന്നു. സയ്യിദ് ബറക്കാത്ത് അഹ്മദ് അറബികളുടെ ചരിത്രത്തിലും (അമേരിക്കൻ യൂണിവേഴ്സിറ്റി, ബൈറൂത്ത്) സാഹിത്യത്തിലും (ടെഹ്റാൻ യൂണിവേഴ്സിറ്റി) ഡോക്ടറേറ്റ് നേടിയ ആളായിരുന്നു. ഇന്ത്യയിലെ നയതന്ത്രരംഗത്ത് സേവനമനുഷ്ഠിച്ച അദ്ദേഹം വെസ്റ്റ് ഇൻഡീസിൽ ഇന്ത്യൻ ഹൈക്കമ്മീഷണറായിട്ടാണ് ഉദ്യോഗത്തിൽ നിന്നു വിരമിച്ചത്. ഐക്യരാഷ്ട്ര സഭയിലേക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ ഉപദേശകനും ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിലിൽ ഒരു ഫെല്ലോയും അൽ അസ്ഹറിലേയും അലിഗഡിലേയും സർവ്വകലാശാലകളിൽ ഒരു അറബിക്ക് വിദ്യാർത്ഥിയും കൂടിയായിരുന്നു അദ്ദേഹം.

ഉർദു മൂലകൃതി ഇസ്‌ലാമിന്റെ സാങ്കേതിക പദങ്ങളും ഇസ്‌ലാമിലെ ആദ്യകാല ചരിത്ര സംഭവങ്ങളും അറിയാവുന്ന മുസ്‌ലിം സംസ്കാരിക പശ്ചാത്തലമുള്ള വായനക്കാരെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതായിരുന്നു. അതുകൊണ്ട് ഇസ്‌ലാമുമായി അത്രയധികം പരിചയമില്ലാത്ത വായനക്കാർക്ക് പൂർണ്ണമായും ഗ്രഹിക്കാൻ ഇംഗ്ലീഷ് പരിഭാഷയിൽ ചില ഭേദഗതികൾ വരുത്തണമെന്ന് സയ്യിദ് ബറക്കാത്ത് അഹ്മദ് അഭിപ്രായപ്പെടുകയുണ്ടായി. ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ചില ഭാഗങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അദ്ദേഹം അഭിപ്രായപ്പെട്ടത് പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ വിശദീകരണങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

നാലു വർഷങ്ങൾക്ക് മുമ്പേ സയ്യിദ് ബറക്കാത്ത് അഹ്മദ് അദ്ദേഹത്തിന്റെ ജോലി ആരംഭിച്ചപ്പോൾ തന്നെ മൂത്രസഞ്ചിയിൽ അർബുദം ബാധിച്ച് അത്യാസന്ന നിലയിലായിരുന്നു. കൂടി വന്നാൽ ആറു മാസം മാത്രം ജീവിച്ചിരിക്കുമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുകയുണ്ടായി. ഈ പുസ്തകത്തിന്റെ ജോലി മാത്രമല്ല, അദ്ദേഹം ഏറ്റെടുത്തത് മറ്റു നിരവധി പദ്ധതികളും പൂർത്തിയാക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും അതിന് അവസരം നല്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ എന്നോടു നിരന്തരം എഴുത്തു മുഖേന അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

ദുഃഖകരമെന്ന് പറയട്ടെ, പരിഭാഷകൻ ഇന്ന് നമ്മോടൊപ്പമില്ല. 1988 ആദ്യത്തിൽ അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു. പക്ഷേ നീട്ടിക്കിട്ടിയ ശിഷ്ട ജീവിതം അവസാനിക്കുന്നതിനു മുമ്പേ അദ്ദേഹം ഏറ്റെടുത്ത മുഖ്യ ജോലികളെല്ലാം പൂർത്തിയാക്കി. ഈ സാഫല്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ഒരാൾക്ക് അഗാധമായ സംതൃപ്തിയല്ലാതെ മറ്റെന്താണ് അനുഭവപ്പെടുക? അവസാനത്തെ ചില വർഷങ്ങളിൽ, വളരെയേറെ ശ്രദ്ധിക്കപ്പെട്ട തന്റെ പുസ്തകങ്ങളിലൊന്നായ 'Introduction to Quranic Script' എന്ന കൃതിയുടെ രചനയിലായിരുന്നു അദ്ദേഹം.

ബറക്കാത്ത് അഹ്മദ് തന്റെ മരണത്തിനു കുറച്ചു മാസങ്ങൾക്കുമുമ്പേ ഏറ്റവും പണ്ഡിതോചിതമായി Muhammad and Jews (മുഹമ്മദും ജൂതൻമാരും) എന്ന ഒരു ലേഖനമെഴുതിയിരുന്നു. ചരിത്രഗവേഷണത്തിനുള്ള ഒരു മാതൃകയായി അത് സ്വീകരിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ അന്ത്യദിനങ്ങൾ വേദനാനിർഭരവും ആതുരപൂർണ്ണവുമായിരുന്നു. പക്ഷേ, അന്യാദൃശനായ ഒരു ധൈര്യശാലിയായിരുന്ന അദ്ദേഹം അന്ത്യശ്വാസം വരെ കർമ്മനിരതനായി ത്തുടർന്നു. അല്ലാഹു അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നല്കുമാറാകട്ടെ.

തർജ്ജമ പ്രസാധകർക്ക് അയച്ചുകൊടുത്തപ്പോൾ മതപരിത്യാഗത്തിന് വധശിക്ഷ നല്കുന്നത് സംബന്ധിച്ച് ഒരു നിരൂപണം കൂടി അന്യത്ര ചേർത്ത് കൈയ്യെഴുത്ത് പ്രതി വിപുലീകരിക്കണമെന്നുള്ള സംശോധകരിലൊരാളുടെ അഭിപ്രായം എന്നെ അറിയിക്കുകയുണ്ടായി. മുസ്‌ലിം നാടുകളിൽ വർദ്ധിച്ചു വരുന്ന ഭീകരപ്രവണതയെക്കുറിച്ചും തീവ്രവാദത്തെസ്സംബന്ധിച്ചും കാലിക പരാമർശങ്ങളുൾപ്പെടുത്തി മൂലകൃതി പരിഷ്കരിക്കേണ്ട ആവശ്യമുണ്ടെന്നും അവർ പറയുകയുണ്ടായി. വിശേഷിച്ച്, ഖുമൈനിസത്തെക്കുറിച്ചും ഖദ്ദാഫിസത്തെക്കുറിച്ചും പാശ്ചാത്യർ നല്കിയ ചിത്രം ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ചും സമാധാന വാഞ്ഛയെക്കുറിച്ചും ജനങ്ങളിൽ ഒരു നിഷേധാത്മക പ്രതിച്ഛായ ഉളവാക്കിയിട്ടുണ്ട്. ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വ്യാപകമായി ചർച്ചചെയ്യാവുന്ന സമകാലീന പ്രശ്നങ്ങൾ യഥാക്രമം ചർച്ച ചെയ്ത് ഒന്നോ രണ്ടോ അദ്ധ്യായം കൂട്ടിച്ചേർക്കുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന് എനിക്ക് തോന്നി. മുറപ്രകാരം രണ്ട് അദ്ധ്യായം എഴുതിച്ചേർത്തു. ഇത് ഇംഗ്ലീഷ് കൃതിയിലാണ് എഴുതപ്പെട്ടത്. ഉർദു മൂലകൃതിയിൽ ഇത് പ്രകാശിതമായിട്ടില്ല.

അവസാനമായി, ഈ കൃതി രൂപപ്പെടുത്തുവാൻ എന്നെ സഹായിച്ച നിരവധി പേരോടു എനിക്കുള്ള നന്ദി പ്രകടിപ്പിക്കുന്നു. എന്റെ കുറിപ്പുകളിൽനിന്നും ഭാഷണങ്ങളിൽനിന്നും പകർത്തിയെഴുതിയ മൻസൂർ അഹ്മദ് ശാക്കും ഹദീസുകളും മറ്റും തിരഞ്ഞുപിടിക്കാൻ എന്നെ സഹായിച്ച മലിക്ക് സൈഫുർ റഹ്മാൻ, അബ്ദുൽ മുഅ്മിൻ ത്വാഹിർ, മുനീർ അഹ്മദ് ജാവേദ് മുതലായവരോടുമുള്ള എന്റെ നന്ദി പ്രകാശിപ്പിക്കുന്നു. പ്രസാധകരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും പ്രസിദ്ധീകരണപ്പതിപ്പിന്റെ എഡിറ്റർ എന്ന നിലക്ക് അച്ചടിപ്പിശകുകൾ തിരുത്തുകയും ചെയ്ത ബി.എ. റഫീഖിനും ഞാൻ എന്റെ കൃതജ്ഞത അറിയിക്കുന്നു.

20 ഫെബ്രുവരി 1989 — മിർസാ ത്വാഹിർ അഹ്മദ്
ലണ്ടൻ — ഖലീഫത്തുൽ മസീഹ് IV

## ഇംഗ്ലീഷ് പരിഭാഷകന്റെ മുഖവുര

ഏതെങ്കിലും ഒരു ഇസ്‌ലാമിക സംഭവം വാർത്തകളിൽ തലവാചകം സൃഷ്ടിക്കാതെ ചുരുക്കമായേ ഒരു ദിവസം കടന്നുപോകുന്നുള്ളൂ. ഒരു മുസ്‌ലിം രാഷ്ട്രത്തിന്റെ പ്രസിഡന്റ് മുസ്‌ലിം ബ്രദർഹുഡ്ഡിന്റെ വെടിയേറ്റ് കൊല്ലപ്പെടുന്നു. ഇസ്‌ലാമിക ജിഹാദികൾ ഒരു യൂറോപ്യൻ പത്രപ്രവർത്തകനെ ബന്ദിയാക്കിവെക്കുന്നു. മറ്റൊരു മുസ്‌ലിം ഗ്രൂപ്പ് പാൻ-അമേരിക്കൻ വിമാനം തട്ടിക്കൊണ്ടു പോകുന്നു. ഒരു അമേരിക്കൻ യൂണിവേഴ്സിറ്റി പ്രൊഫസറെ ഹിസ്ബുല്ലാഹ് തടഞ്ഞുവെക്കുന്നു.......

1953 ൽ പടിഞ്ഞാറൻ പാകിസ്താനിൽ അഹ്മദിയ്യാ വിരുദ്ധകലാപങ്ങൾ വ്യാപകമായി നടക്കുകയുമുണ്ടായി. ഇത് ഏറെക്കുറെ പൂർണ്ണമായ ക്രമസമാധാനത്തകർച്ചയിലേക്ക് നയിച്ചു. മുഖ്യ പ്രക്ഷോഭകാരികൾ അഹ്റാറെ ഇസ്‌ലാമും പാകിസ്താൻ രൂപീകരണത്തെ നിരന്തരം എതിർത്തു പോന്നിരുന്ന ഉലമാക്കളു (മതപണ്ഡിതൻമാർ) മായിരുന്നു. 'ജമാഅത്തെ ഇസ്‌ലാമി' (ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡ്ഡിന്റെ പാകിസ്താൻ പതിപ്പ്) സ്ഥാപകനായ മൗലാനാ അബുൽ അഅ്ലാ മൗദൂദിയായിരുന്നു അവരുടെ വക്താവ്. പ്രക്ഷോഭണങ്ങളെത്തുടർന്ന് പട്ടാള നിയമം പ്രഖ്യാപിക്കപ്പെടുകയും പഞ്ചാബ് മുഖ്യമന്ത്രിയെ മാറ്റുകയും ചെയ്തു. ജസ്റ്റിസ് മുഹമ്മദ് മുനീർ, ജസ്റ്റീസ് എം. ആർ. ഖയാനി എന്നിവരുടെ നേതൃത്വത്തിൽ കലാപ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു അന്വേഷണക്കോടതി സ്ഥാപിക്കുകയുണ്ടായി.

ആധുനിക ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 1953 ലെ സംഭവങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് വായിച്ചിരിക്കേണ്ടതാണ്. ആധുനിക മുസ്‌ലിം രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ ആ റിപ്പോർട്ടിൽ അതിസൂക്ഷ്മമായി വിശദീകരിച്ചിരിക്കുന്നു. എന്നാൽ, അതൊരു ജുഡീഷ്യറി റിപ്പോർട്ടാണ്. അതുകൊണ്ടുതന്നെ ഉപദേശങ്ങളും താക്കീതും അത് സ്വയം നല്കുന്നില്ല. ഈ പുസ്തകം ദൈവോന്മുഖനായ ഒരു വ്യക്തിയിൽ നിന്നുള്ളതാണ്. ഒരു കോടതി ഉദ്യോഗസ്ഥന്റെ ഡ്യൂട്ടി എന്ന നിലക്കുള്ള കേവലം ഔപചാരിക ലിഖിതങ്ങളല്ല ഇത്.

1955 ലെ മുനീർ കമ്മീഷൻ റിപ്പോർട്ടിനെ ഉപജീവിച്ചുകൊണ്ട് ആധുനിക മുസ്‌ലിം രാഷ്ട്രങ്ങൾ അഭിമുഖീകരിക്കുന്ന ചില വിപത്തുകളെ അതിസൂക്ഷ്മമായി അദ്ദേഹം ഈ പുസ്തകത്തിൽ വിശകലനം ചെയ്തിരിക്കുന്നു. വളരെ ചെറിയ ന്യൂനപക്ഷമായ ' ജമാഅത്തെ ഇസ്‌ലാമി' പാകിസ്താനിൽ ഇസ്‌ലാമിനെ നശിപ്പിക്കുന്നതെങ്ങനെയാണെന്ന് അദ്ദേഹം ആ പുസ്തകത്തിൽ അനാവരണം ചെയ്യുകയുണ്ടായി. ഇസ്‌ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ തലവനായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുപ്പത് വർഷം മുമ്പേയാണ് അദ്ദേഹം 'മദ്ഹബ് കെ നാം പർ ഖൂൻ' (മതത്തിന്റെ പേരിൽ ചോര) എന്ന പുസ്തകം എഴുതിയത്. ഇതിൽ മുസ്‌ലിം പുരോഹിതൻമാർ (മുല്ലമാർ) എങ്ങനെയാണ് ഇസ്‌ലാമിനെ ചൂഷണം ചെയ്യുന്നതെന്നും മധ്യകാലഘട്ടത്തിലെ മതകീയ ഭരണത്തെ (Medieval Theocracy) പ്പോലെ എങ്ങനെയാണ് ഇസ്‌ലാമിനെ അവതരിപ്പിക്കുന്നതെന്നും വിവരിക്കുന്നു. ഖുർആൻ, ഹദീസ്, ഇസ്‌ലാമിക ചരിത്രം എന്നീ ഉപദാനങ്ങളുടെ പരിപ്രേക്ഷ്യത്തിൽ മുനീർ കമ്മീഷൻ റിപ്പോർട്ട് പരിശോധിക്കുന്ന അദ്ദേഹം ഈ പുസ്തകത്തിൽ മിഥ്യയിൽ നിന്നു സത്യത്തെ വേർതിരിക്കുകയും രാജസേവകൻമാരായ കർമ്മശാസ്ത്രികളുടെ വ്യാഖ്യാനങ്ങളിൽ നിന്നു ഖുർആനിക നിയമങ്ങളെ വിവേചിച്ചറിയുകയും ചെയ്യുന്നു.

ഹ്രസ്വവും ആശയസംപുഷ്ടവും അതേസമയം അനിഷേധ്യവുമായ ഈ പുസ്തകം 'മദ്ഹബ് കെ നാം പർ ഖൂൻ' എന്ന ഗ്രന്ഥത്തിൽ നിന്ന് രൂപപ്പെടുത്തിയതാണ്. ഉർദുവിലെഴുതപ്പെട്ട ഈ പുസ്തകം ഇസ്‌ലാം മത ചരിത്രവും അതിന്റെ അടിസ്ഥാന വിശ്വാസങ്ങളും അറിയുന്ന അഭ്യസ്തവിദ്യരായ മുസ്‌ലിംകളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

' മദ്ഹബ് കെ നാം പർ ഖൂൻ' എന്ന കൃതിയുടെ വിവർത്തനം ഏറ്റെടുത്തപ്പോൾ കൊക്കിലൊതുങ്ങുന്നതിനേക്കാൾ വലിയത് കൊത്തിയ എനിക്ക് ആകപ്പാടെ ആശയക്കുഴപ്പമായിരുന്നു.

പദാനുപദ തർജ്ജമ വിദഗ്ദ്ധന്മാരൊഴിച്ച് മറ്റുള്ളവരെ സംബന്ധിച്ച് നിരർത്ഥകമാണ്. ദീർഘമായ വചനങ്ങളും വിരസവും ശ്രദ്ധതെറ്റിക്കുന്നതുമായ കുറിപ്പുകളും വിവർത്തനത്തെ സ്വയം തന്നെ

പരാജയപ്പെടുത്തുന്നു. രണ്ടാമത് പറഞ്ഞത് ഒരാൾക്കു വേണ്ടി തയ്യാറാക്കിയ വസ്ത്രം തയ്യൽക്കാരൻ മറ്റൊരാൾക്ക് വേണ്ടി ശരിയാക്കാൻ ശ്രമിക്കുന്നത് പോലെയാണ്. അത് ഒരു പക്ഷേ, പാകമാകും. പക്ഷേ, ഉദ്ദേശിക്കപ്പെട്ടയാൾക്ക് ഉള്ളയത്ര അനുരൂപതയുണ്ടാവില്ല.

ഈ പുസ്തകം 'മദ്ഹബ് കെ നാം പർ ഖൂൻ' എന്ന കൃതിയിൽ പുതിയ ചില കാര്യങ്ങൾ ചേർത്തുകൊണ്ട് കാലികമായി പരിഷ്കരിച്ചതാണ്. ഗ്രന്ഥകാരൻ പ്രതിപാദിച്ച മുസ്‌ലിം സഞ്ചിത സ്മൃതിയുടെ ഭാഗമായ ഇസ്‌ലാമിക ചരിത്രത്തിലെ സുപ്രധാനമായ വസ്തുതകളും സംഭവങ്ങളും ഇതിൽ പൂർണ്ണമായും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഹദീസ് ഗ്രന്ഥങ്ങളും ഇബ്നു ഹിശാമിന്റെ 'സീറത്തുർറസൂലുല്ലായും' മറ്റു പ്രാഥമിക സ്രോതസ്സുകളും ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

'മദ്ഹബ് കെ നാം പർ ഖൂൻ' എന്ന പുസ്തകം, ഇസ്‌ലാമിലെ അഭിപ്രായ സ്വാതന്ത്ര്യത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള മുനീർ കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു പൊതു അവലോകനമാണ്. ആൾക്കൂട്ടത്തിന്റെ നൃശംസതയും രാഷ്ട്രീയ നേതാക്കൻമാരുടെ കാപട്യവും ബുദ്ധിജീവികളുടെ ഭാഗത്ത് നിന്നുണ്ടാകേണ്ട ധാർമ്മിക ധീരതയുടെ അഭാവവും എല്ലാറ്റിനുമുപരിയായി സെന്റ് ബാർത്തലോമേവ് ദിന (St.Barthalomew's Day, 24 Aug, 1572) ത്തിന്റെ സ്മരണകളും കലാപങ്ങളുടെ ക്രൗര്യവും കൂടി ഇതിൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു. ഈ വിവർത്തനത്തിൽ (ഇംഗ്ലീഷ്) അത്തരം ചർച്ചകളെല്ലാം ഒഴിവാക്കിയിട്ടുണ്ട്. ഈ വിശദീകരണങ്ങളെല്ലാം മുനീർ കമ്മീഷൻ റിപ്പോർട്ടിൽ നിന്നു തന്നെ ലഭ്യമാണ്.

മുസ്‌ലിം ഉലമാക്കളുടെ വിവാദങ്ങളും ദേവ്ബന്ദി, ബറേൽവി ഉലമാക്കൾ പരസ്പരം പത്രങ്ങളിലൂടെ നടത്തിയ ആക്രമണപ്രത്യാക്രമണങ്ങളും വായിക്കാൻ വളരെ ഔത്സുക്യമുള്ളതും അതേസമയം വേദനാജനകവുമാണ്. അത് ഇംഗ്ലീഷ് പരിഭാഷയിൽ ഒഴിവാക്കിയിട്ടുണ്ട്. മുസ്‌ലിം ഉലമാക്കളുടെ നിലവാരത്തകർച്ച എത്രമാത്രം തരംതാണതാണെന്ന് കാണിക്കാൻ അല്പം ചില പരാമർശങ്ങൾ മാത്രം നിലനിറുത്തിയിരിക്കുന്നു.

അവസാനമായി, ഗ്രന്ഥകർത്താവിന്റെ സംവേദനക്ഷമതയും സർഗ്ഗാത്മക ഭാവനയും വിനിമയം ചെയ്യുന്നതിൽ ഞാൻ പരാജിതനാണെന്ന് സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ ഗദ്യശൈലിയുടെ അന്തർധാരയോടോ, ഗദ്യകലയുടെ ആദ്ധ്യാത്മിക ഭാവത്തോടോ നീതി പുലർത്താൻ എനിക്കായിട്ടില്ല. മിർസാ ത്വാഹിറിന്റെ ശൈലി പഠനാത്മകവും അതേ സമയം സാരസ്യം സമന്വയിപ്പിച്ചുകൊണ്ടുള്ളതുമാണ്. ഈ ഗുണങ്ങൾ ഈ വിവർത്തനത്തിൽ കുറച്ചൊക്കെ നഷ്ടപ്പെട്ടിട്ടുണ്ട്. ചിന്താസ്വാതന്ത്ര്യത്തെസ്സംബന്ധിച്ചും അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള സങ്കല്പങ്ങൾ അനുപമവും അനനുകരണീയവുമായ ഒന്നാക്കി മാറ്റിയ മൂല ഗ്രന്ഥത്തിന്റെ ഉന്നതമായ അക്കാഡമിക്ക് നിലവാരം നിലനിറുത്തുവാൻ ഞാൻ വിജയിച്ചിട്ടുണ്ടെന്ന് പ്രതീക്ഷിക്കുന്നു. മൂലകൃതിയിലെ മനുഷ്യാത്മാവിന്റെ നിഗൂഢ രഹസ്യങ്ങളുമായി ഇഴചേർത്ത അനുചിന്തനാത്മകമായ ധിഷണാപരത വിവർത്തനത്തിലൂടെ വിനിമയം ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്തു തന്നെയായിരുന്നാലും ഇതൊരു വിവർത്തന കൃതി തന്നെയായി അവശേഷിക്കുന്നു. ഈ കൃതിയിലുണ്ടാവുന്ന ഏതൊരു തെറ്റിനും ഉത്തരവാദി ഞാൻ മാത്രമാണ്. എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ വായനക്കാർ 'മദ്ഹബ് കെ നാം പർ ഖൂൻ' എന്ന കൃതിയുമായി ഒത്തു നോക്കണം.

അല്ലാഹുവും വായനക്കാരും ഗ്രന്ഥകർത്താവ് വിശേഷിച്ചും എന്റെ പ്രമാദങ്ങൾ പൊറുത്തു തരട്ടെ.

സയ്യിദ് ബറക്കാത്ത് അഹ്മദ്

അദ്ധ്യായം 1

# ചോരയിൽ കുതിർന്ന മതം

നമ്മുടെ ചരിത്രം ആരംഭിക്കുന്നത് കായേനിൽ *A പതിച്ച ശാപമേറ്റിട്ടാണോ? ചരിത്ര സംഭവങ്ങളെല്ലാം നരഹത്യകളുടെയും നിഷ്ഠൂര പാതകങ്ങളുടെയും പീഡനങ്ങളുടെയും രക്തപങ്കിലമായ കഥകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഭുവനമാസകലം ചെഞ്ചായം പൂശുവാൻ മാത്രം രക്തം ചരിത്രത്തിൽ ചിന്തപ്പെട്ടിട്ടുണ്ട്. എന്നാലുമേറെ രക്തം ബാക്കി കാണും. തന്റെ സഹചരനെ വധിക്കുന്നത് മനുഷ്യൻ എപ്പോഴാണ് അവസാനിപ്പിക്കുക? എന്നെങ്കിലും അവന്റെ രക്തദാഹത്തിന് ശമനമുണ്ടാകുമോ?

അകാരണമായി തന്റെ സഹോദരനാൽ വധിക്കപ്പെട്ട പ്രഥമ മനുഷ്യനാകുന്നു ഹാബേൽ. ഈ ഭ്രാതൃഹത്യയുടെ കഥ നമുക്കെല്ലാം ഒരു ഗുണപാഠം എന്ന നിലയ്ക്ക് ഖുർആനിലും ബൈബിളിലും പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. കല്പാന്തകാലംവരെ അതൊരു മാതൃകാപാഠമായി നിലകൊള്ളും. ചരിത്രം പഠിക്കുമ്പോൾ ഒരു കാര്യം സ്പഷ്ടമാവുന്നു. അതായത്, മനുഷ്യൻ അക്രമണോത്സുകനായ ഒരു ജീവിയാകുന്നു. നാഗരികതയുടെ ഉൽഗതികൊണ്ടൊന്നും അവന്റെ നൃശംസതയ്ക്ക് മെരുക്കം വന്നിട്ടില്ല. സഹസ്രാബ്ദങ്ങൾക്ക് മുമ്പേയുള്ളതുപോലെ നരൻ ഇന്നും ക്രൂരനായി തുടരുന്നു. അവന്റെ നിർദ്ദയത്വത്തിന്റെയും ബീഭത്സതയുടെയും ആക്രമണങ്ങളുടെയും കഥ അതിദീർഘവും വേദനാ നിർഭരവുമാണ്. കിരാതത്വത്തിന്റെ ആയിരം വർഷം പിന്നിട്ടിട്ടും മനുഷ്യന്റെ ആക്രമണത്വരക്ക് ശമനമുണ്ടായില്ല.

വ്യക്തികളെ വധിക്കുന്നതും ജനവർഗ്ഗങ്ങളുടെ ഉൻമൂലനവും ചരിത്രത്തിന്റെ ആവർത്തന സ്വഭാവമുള്ള പ്രമേയമാണ്. രാജ്യങ്ങൾ അവരുടെ അയൽ രാജ്യങ്ങളേയും വിദൂര രാജ്യങ്ങളേയും ആക്രമിച്ചു. പുൽമേടുകളിലും മരുസ്ഥലികളിലും പാർത്തിരുന്ന ജനങ്ങൾ ചിരപുരാതനമായ സംസ്കാരങ്ങൾ ആവഹിച്ച ജനപദങ്ങൾ കീഴ

ടക്കി. സീസറും, അലക്സാണ്ടറും രക്തമൊഴുക്കി. ഹല്ലാക്കും ചെംഗിസ് ഖാനും ബാഗ്ദാദ് നാമാവശേഷമാക്കി. കൗരവരുടെയും പാണ്ഡവരുടെയും രക്തത്താൽ കുരുക്ഷേത്രഭൂമി രുധിരസിക്തമായി.

ചിലപ്പോൾ യശസ്സിന്റെ പേരിലും മറ്റു ചിലപ്പോൾ തങ്ങൾ തെറ്റാണെന്ന് ധരിച്ച അപരാധങ്ങൾക്കെതിരെയുള്ള പ്രതികാരമായിക്കൊണ്ടും രക്തമൊഴുക്കപ്പെടുകയുണ്ടായി. ചിലപ്പോൾ രോഷാകുലമായ ആൾക്കൂട്ടം ആഹാരം തേടിയുള്ള യാത്രയിൽ ശാന്തമായ ഭൂമികളിൽ അശാന്തി വിതച്ചു. ലോകമേധാവിത്വത്തിനു വേണ്ടിയും ഏറെ രക്തമൊഴുക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, മിക്കപ്പോഴും ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ പാവന രക്തം അവന്റെ സ്രഷ്ടാവിന്റെ പേരിൽ തന്നെയാണ് ഒഴുക്കപ്പെട്ടത്. കൂട്ടമനുഷ്യഹത്യകളുടെ നീതീകരണത്തിനായി മതം ഉപയോഗിക്കപ്പെട്ടു. മനുഷ്യസ്വഭാവത്തിന്റെ ഈ ഹീനവശം വിശകലന വിധേയമാക്കുമ്പോൾ മനുഷ്യൻ ഭൂമിയിൽ ഏറ്റവും അധമനും നിർദയനുമായ ജീവിയാണോ എന്ന് ആരും അത്ഭുതപ്പെട്ടു പോകും. മതം മനുഷ്യനെ സംസ്കാരം പഠിപ്പിക്കുമെന്ന് ഒരാൾ പ്രതീക്ഷിക്കുന്നു. പക്ഷേ, മതം സ്വയം തന്നെ ചോരയിൽ കുതിർന്നാണ് നില്ക്കുന്നത്. ഈ വസ്തുത ആദമിന്റെ സൃഷ്ടിവേളയിൽ ഉണ്ടായ ഒരു സംഭവത്തെ സ്മൃതിപഥത്തിലെത്തിക്കുന്നു. ഖുർആനും ബൈബിളും ആ കഥ വിവരിക്കുന്നുണ്ട്.

വിശുദ്ധ ഖുർആൻ പറയുന്നു:

> **ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (സ്മരിക്കുക). അവർ പറഞ്ഞു: കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാവട്ടെ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്.(2:31)**

മാലാഖമാരും ദൈവവും തമ്മിൽ നടന്ന ഈ സംഭാഷണം ആശയക്കുഴപ്പമുണ്ടാക്കുന്ന ഒന്നാണ്. കാരണം, മതചരിത്രത്തെപ്പറ്റി എഴുതപ്പെട്ട എല്ലാ പുസ്തകങ്ങളും മാലാഖമാർ പറഞ്ഞ അഭിപ്രായമായിരുന്നു ശരി എന്നതിലേക്ക് തെളിവു നല്കുന്നു. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ദൈവം മാലാഖമാരുടെ ഉപദേശം തിരസ്ക



രിച്ചു? ദൈവത്തിന്റെ പദ്ധതിക്കെതിരെ അവരുയർത്തിയ തടസ്സവാദം എന്തുകൊണ്ട് അവഗണിക്കപ്പെട്ടു? വാസ്തവത്തിൽ മാലാഖമാരുടെ അഭിപ്രായം മഹത്തായ ഒരു പ്രവചനത്തിന് വിഘാതമായിരുന്നു. ആത്യന്തികമായി പ്രവാചകൻമാരുടെ മുദ്രയായ മുഹമ്മദ് നബി(സ)യുടെ സൃഷ്ടിപ്പിന് അത് തടസ്സമാകുമായിരുന്നു. അതുകൊണ്ടാണ് അത് നിരസിക്കപ്പെട്ടത്.

ലോകത്തെവിടെയും എല്ലാ കാലത്തുമുണ്ടായിരുന്ന മതചരിത്രം പീഡനത്തിന്റെയും അടിച്ചമർത്തലിന്റെയും കൊലപാതകത്തിന്റെയും ക്രൂരീകരണത്തിന്റേതുമാണ്. യുദ്ധവും സംഘർഷവും കൊണ്ട് നിറഞ്ഞ ലോകത്ത് ശാന്തിയുടെ അവസാനത്തെ അഭയകേന്ദ്രമാണെന്ന് കരുതുന്ന മതംതന്നെ നാശത്തിനും രക്തച്ചൊരിച്ചിലിനും ഹേതുവാണെന്ന് വരുന്നത് തീർച്ചയായും നിരാശാജനകമാണ്. വാസ്തവത്തിൽ മതം ഒരിക്കലും മനുഷ്യക്കുരുതിയുടെ യഥാർത്ഥ കാരണമല്ല. മതം അങ്ങനെയാണെന്ന് ചിന്തിക്കുന്നതാണ് തെറ്റ്. മതങ്ങൾ ഒരിക്കലും മനുഷ്യനെ കൊല്ലുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.

ദൈവം ഇത്തരം നാശകരമായ ആവശ്യങ്ങൾക്കൊന്നുമല്ല മതത്തെ സൃഷ്ടിച്ചത് എന്ന് സംതൃപ്തിയുടെയും സന്തോഷത്തിന്റെയും മിശ്രവികാരത്തോടെ ഒരാൾ കണ്ടെത്തുമ്പോൾ അയാൾക്ക് പ്രതീക്ഷയുടെ ഒരു ആശാകിരണം ലഭിക്കുന്നു. ഏതൊരു പ്രതിനിധിയുടെ സൃഷ്ടിപ്പിനെക്കുറിച്ച് മാലാഖമാർ തടസ്സം പറഞ്ഞുവോ ആ പ്രതിനിധി യഥാർത്ഥത്തിൽ ഒരു മഹാനായ പരിഷ്ക്കർത്താവായിരുന്നു. അദ്ദേഹം ഉദ്ബോധനം ചെയ്ത മതം ഇസ്‌ലാമായിരുന്നു. അതായത് സമാധാനത്തിന്റെ മതം. എങ്കിലും ചോദ്യം വീണ്ടും അവശേഷിക്കുന്നു. ഏകമാത്ര ദർശനത്തിൽ എന്തുകൊണ്ട് മതം സമാധാനത്തിന്റെ പേരിൽ രക്തച്ചൊരിച്ചിലും കൊലപാതകങ്ങളും അനുവദിക്കുന്ന പ്രതീതി ജനിപ്പിക്കുന്നു എന്നതാണ് ആ ചോദ്യം. ബഹിർഭാഗസ്ഥമായ ഈ ചരിത്ര വീക്ഷണം എന്തുകൊണ്ട് ഇത്തരം നിഗമനത്തിലെത്തുന്നുവെന്നതിലേക്ക് ഖുർആൻ വെളിച്ചം വീശുന്നു. മതത്തിന്റെ പേരിൽ ക്രൂരതയെ മാനവ ചരിത്രത്തിൽ എഴുതിച്ചേർത്തവർ ഒന്നുകിൽ മതവിരുദ്ധരോ അല്ലെങ്കിൽ ദുഷിച്ച മതത്തിന്റെ വക്താക്കളോ ആയിരുന്നു എന്ന വസ്തുത ഭൂതകാല ചരിത്രമുദ്ധരിച്ചുകൊണ്ട് ഖുർആൻ വ്യക്തമാക്കുന്നു. ഹൃദയാർദ്രതയും കനിവും കാരുണ്യവും സാത്വികതയും സ്പർശിക്കാത്ത മതനേതാക്കൻ

മാരായിരുന്നു അവർ. സത്യം പറയുകയാണെങ്കിൽ, അധികാര ദുര മൂത്ത കാപട്യക്കാരായിരുന്നു അവർ. ക്രൂരതയായിരുന്നു അവരെ നയിച്ച വികാരം. അത്തരം മനുഷ്യരുടെ അകൃത്യങ്ങളുമായി മതത്തെ കൂട്ടിക്കുഴക്കുന്നത് വമ്പിച്ച തെറ്റാകുന്നു. കാരുണ്യത്തിന്റെ സ്രോതസ്സായ ദൈവം ഒരു മതത്തിന്റെ അനുയായികളെയും, അവന്റെ സൃഷ്ടികളായ ജനങ്ങളെ മർദ്ദിക്കാൻ അനുവദിക്കുന്നില്ല എന്നതാണ് സത്യം.

ഈ വസ്തുത തെളിയിക്കാൻ ചരിത്രത്തിൽനിന്ന് നിരവധി ഉദാഹരണങ്ങൾ ഖുർആൻ ഉദ്ധരിക്കുന്നു. മത പരിഷ്ക്കരണങ്ങളുടെ ഉദാത്തമാതൃക എന്ന നിലക്കും മത പ്രബോധനത്തിന് വഴികാട്ടി എന്ന നിലയിലും പ്രവാചകൻമാരുടെ ജീവിതത്തിലെ ആദ്യകാല സംഭവങ്ങൾ ഖുർആൻ വിവരിക്കുന്നു. ദൈവം ശക്തി ഉപയോഗിക്കാൻ അനുമതി നല്കിയിരുന്നെങ്കിൽ മതസ്ഥാപകർ അത് പ്രയോഗിക്കുമായിരുന്നു. പക്ഷേ, ശക്തി ഉപയോഗിക്കുന്നത് വ്യക്തമായും നിരോധിക്കപ്പെട്ടിരിക്കയാണ്. പ്രവാചകൻമാരുടെ കാലഘട്ടത്തിനു ശേഷം വളരെ കഴിഞ്ഞുവന്ന ചില അനുയായികളാണ് ശക്തി ഉപയോഗിച്ചു മതം പ്രചരിപ്പിച്ചത്. അവർ ദുഷിച്ച മതത്തിന്റെ പിന്തുടർച്ചക്കാരോ സ്വയംതന്നെ ദുഷിച്ചവരോ ആയിരുന്നു. യഥാർത്ഥത്തിൽ അവരുടെ മതം മതത്തിന്റെ പേരിൽ ബലം പ്രയോഗിക്കുന്നതിനെതിരായിരുന്നു. എന്നിട്ടുപോലും അവർ ബലം പ്രയോഗിച്ചിട്ടുണ്ട്.

മതത്തിന്റെ പേരിൽ ശക്തിയും ക്രൂരതയും പ്രയോഗിച്ച വിമതരുടെ ഉദാഹരണങ്ങൾകൊണ്ട് ഖുർആനിലെ മത ചരിത്രം മുഴുവൻ നിറഞ്ഞിരിക്കുന്നു. ദൈവത്തെസ്സംബന്ധിച്ച നേരിയ ധാരണകൾ പോലുമില്ലാത്തവരാണ് ദൈവത്തിന്റെ പേരിൽ കൊടും പീഡനങ്ങൾ നടത്തിയത്. ജനങ്ങളെ സാത്വികതയിലേക്കും നേർമാർഗ്ഗത്തിലേക്കും വിളിച്ചു കൊണ്ട് ഉദ്ബോധനങ്ങൾ നടത്തിയ നൂഹ്(അ) ഒരു മർദ്ദകനായിരുന്നില്ല. അദ്ദേഹത്തിന്റെ ശബ്ദം അടിച്ചമർത്താൻ ആഗ്രഹിച്ചവരായിരുന്നു അപരാധികൾ. നൂഹി(അ) ന്റെ സന്ദേശം കേട്ടപ്പോൾ അവർ പ്രതിവചിച്ചു.

> **നൂഹേ, നീ വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും നീ എറിഞ്ഞു കൊല്ലപ്പെടുന്നവരിൽ ഉൾപ്പെടുന്നതാണ്. (വി. ഖുർആൻ 26:117)**

ഖുർആൻ വിവരിക്കുന്ന മതപീഡനത്തിന്റെ ചരിത്രമനുസരിച്ച്



സത്യമതത്തിന്റെ അനുയായികളായിരുന്നു പീഡനത്തിനു വിധേയമായത്. ഖുർആൻ ഇബ്റാഹീം നബി(അ) യുടെ ചരിത്രം ഉദാഹരിക്കുന്നു. അദ്ദേഹം ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിച്ചത് സ്നേഹവും വിനയവും അനുകമ്പയും മുഖേനയായിരുന്നു. അദ്ദേഹത്തിന്റെ കൈയ്യിൽ വാളില്ലായിരുന്നു; ഒരു ആയുധം പോലുമില്ലായിരുന്നു. പക്ഷേ, അദ്ദേഹം പ്രബോധനം നടത്തിയ ജനതയിലെ നേതാക്കൻമാർ അതിനു മുമ്പേ നൂഹിന്റെ മത വിരുദ്ധരായ എതിരാളികൾ ചെയ്തത് അനുകരിക്കുകയായിരുന്നു. ഇബ്റാഹീ(അ)മിന്റെ പിതാവ് ആസർ പറഞ്ഞു:

> **നീ നിന്റെ വിശ്വാസത്തിൽ നിന്നു വിരമിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ എറിഞ്ഞു കൊല്ലും (വി. ഖുർആൻ 19:47)**

ആസർ ഉപയോഗിച്ച വാക്കുകൾ തന്നെയാണ് ഫലത്തിൽ നൂഹിന്റെ ശത്രുക്കളും ഉപയോഗിച്ചത്. നൂഹും(അ) ഇബ്റാഹീമും (അ) അപമാനിതരും പീഡിതരുമായി. രണ്ടുപേർക്കും പ്രഹരവും മർദ്ദനവുമേറ്റു. രണ്ടുപേരും അതെല്ലാം സഹനത്തോടും ക്ഷമയോടും കൂടി ഏറ്റുവാങ്ങുകയുണ്ടായി. പീഡനത്തിന്റെയും ക്രൂരതയുടെയും അഗ്നികൊളുത്തിക്കൊണ്ട് ആ ഖലന്മാർ ഇബ്റാഹീം നബി(അ)യെ ജീവനോടെ ദഹിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി.

അതുപോലെ ലൂത്തി(അ)നെ എതിർത്തവർക്ക് മതത്തെപ്പറ്റി യാതൊന്നുമറിയില്ലായിരുന്നു. എന്നിട്ടും അവർ അദ്ദേഹത്തിന്റെ ശത്രുക്കളാവുകയും അദ്ദേഹത്തെയും അനുയായികളെയും മതത്തിന്റെ പേരിൽ ദ്രോഹിക്കുകയും ചെയ്തു. അവർ അക്രമം കൊണ്ട് നൂഹി(അ) നെ ഭീഷണിപ്പെടുത്തി. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വിരാമമിടാൻ അവരെക്കൊണ്ടാവുന്നതെല്ലാം ചെയ്തു.

ശുഅയ്ബി(അ)ന്റെ മർദ്ദകരും അതുതന്നെയാണ് പറഞ്ഞത്:

> **ഓ ശുഅയ്ബ്, നിന്നെയും നിന്റെ കൂടെ വിശ്വസിച്ചവരെയും ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് ബഹിഷ്കരിക്കുക തന്നെ ചെയ്യും. നിനക്ക് ഞങ്ങളുടെ മതത്തിലേക്ക് മടങ്ങേണ്ടി വരും (വി. ഖുർആൻ 7:89)**

ഈ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഖുർആൻ തെളിയിക്കുന്നത്, സത്യമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നവരുടെയും അത്തരം പരിവർത്തനങ്ങളോട് ശത്രുത പുലർത്തുന്നവരുടെയും മാതൃകാരൂപം എല്ലാ കാലത്തുമുണ്ടായിരുന്നു എന്നാണ്. ഭീഷണി

കൾക്കെതിരെ ശുഅയ്ബി(അ)ന്റെ മറുപടി ദൈവത്തിന്റെ പ്രവാച കൻമാരുടെ സമീപനത്തിന്റെ ഉത്തമ നിദർശനമാണ്:

**ഞങ്ങൾ അതിന് തയ്യാറല്ലെന്നിരിക്കെ, നിങ്ങൾ ഞങ്ങളെ നിർബന്ധിക്കുകയാണോ? (വി. ഖുർആൻ 7:89)**

ഹൃദയത്തെ ശക്തി ഉപയോഗിച്ച് പരിവർത്തനം ചെയ്യാൻ സാധ്യ മാണോ? ഒരു മതം അസത്യമാണെന്ന് കണ്ടെത്തിയതിനാൽ അത് ഉപേക്ഷിച്ചുപോയ ഒരാളെ ശക്തി ഉപയോഗിച്ച് വീണ്ടും തിരിച്ചു കൊണ്ടുവരുവാൻ സാധ്യമാണോ? ഒരു പുതിയ മതത്തിന്റെ സത്യം ബോദ്ധ്യമായി അതിൽ പ്രവേശിച്ചാൽ അയാളെ ശക്തി ഉപയോഗിച്ച് അതിൽനിന്നു പുറത്തു കൊണ്ടുവരാനാകുമോ?

കേവലമായ ഈ യുക്തിശാസ്ത്രത്തിനു മുമ്പിൽ ഒരു ഏകാധി പതിക്കും ഒഴിഞ്ഞുമാറാനാവില്ല. വാൾ ഒരിക്കലും മനുഷ്യഹൃദ യത്തെ അടക്കി വാണിട്ടില്ല എന്നത് ചരിത്രപരമായ ഒരു വസ്തുത യാണ്. ഇനിയൊരിക്കലും അടക്കി വാഴുകയുമില്ല. മനുഷ്യശരീരം ബലപ്രയോഗത്തിനു മുമ്പിൽ വഴിപ്പെട്ടേക്കാം. എന്നാൽ, ആത്മാ വിനെ കീഴടക്കാൻ സാധ്യമല്ല. വിശ്വാസം എന്നത് ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണ്. ഒരിക്കലും ബലപ്രയോഗം കൊണ്ട് മാറ്റാൻ സാധ്യമല്ലാത്ത മനുഷ്യപ്രകൃതിയാകുന്നു അത്. നിരപരാധികളായ നിരവധി ആളുകളെ മതത്തിന്റെ പേരിൽ വധശിക്ഷയ്ക്ക് വിധേയ രാക്കുന്നു. പക്ഷേ, വധശിക്ഷ നല്കുന്നവരറിയുന്നില്ല, ഈ അനീ തിക്കെതിരെ വീണ്ടും ശബ്ദമുയരുമെന്ന്. അവർ എല്ലാ കാലത്തും തീക്ഷ്ണമായ ഈ ചോദ്യം അഭിമുഖീകരിക്കേണ്ടി വരും.

**എന്റെ ബുദ്ധി നിരാകരിച്ച വിശ്വാസം താങ്കൾ എന്നിൽ അടി ച്ചേല്പ്പിക്കാൻ ശ്രമിക്കുകയാണോ? എന്നതാണ് ആ ചോദ്യം.**

ഈ ലളിതമായ ചോദ്യം ഉയർത്തിയപ്പോഴെല്ലാം ലോകത്തെ ങ്ങുമുള്ള മതത്തിന്റെ ശത്രുക്കൾ പ്രവാചകൻമാരെ മതപരിത്യാഗി കളാണെന്ന് മുദ്രകുത്തുകയും അവരെ വധശിക്ഷക്ക് വിധിക്കുകയും ചെയ്യുകയുണ്ടായി. മനുഷ്യത്വഹീനമായ പീഡനമുറകളും ദണ്ഡന രീതിയും അവർ കണ്ടെത്തി. മർദ്ദന കഥകളുടെ സാരാംശമെല്ലാം ഒന്നു തന്നെ. അതൊരിക്കലും അവസാനിക്കുന്നില്ല.

മൂസാ നബി(അ)യും അദ്ദേഹത്തിന്റെ അനുയായികളും ഫറോവ, ഹാമാൻ, ഖാറൂൻ എന്നീ പേരുകളിലറിയപ്പെട്ട അന്നത്തെ മതനേ താക്കളുടെ കൈകളാൽ ഇതേ വിധിക്ക് വിധേയമാകുകയുണ്ടായി.



അവർ പറഞ്ഞു:

**അവനെ (മൂസായെ) വിശ്വസിച്ചവരുടെ ആൺ സന്താനങ്ങളെ വധിക്കുകയും അവരുടെ പെൺസന്താനങ്ങളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക. (വി. ഖുർആൻ 40:26)**

ഒരു മതത്തിൽനിന്ന് മറ്റൊരു മതത്തിലേക്കുള്ള പരിവർത്തന ത്തിന്റെ പേരിൽ പ്രവാചകൻമാർ ഒരിക്കലും ആരേയും ശിക്ഷിച്ചിട്ടി ല്ലായിരുന്നു. എന്നിട്ടും അവരും അവരുടെ അനുയായികളും മതപ രിത്യാഗത്തിന്റെ പേരിൽ ശിക്ഷിക്കപ്പെടുകയുണ്ടായി. മൂസാ(അ)ക്ക് ശേഷം ഈസാ(അ)യും ഇതിനു സമാനമായ മർദ്ദനത്തിനും പീഡ നത്തിനും വിധേയനായി. അവസാനം അദ്ദേഹത്തെ കുരിശിൽ കയ റ്റിക്കൊല്ലാൻപോലും അവർ ശ്രമിച്ചു നോക്കി. രക്തച്ചൊരിച്ചിലും ക്രൂരതയും മതത്തിന്റെ നാമത്തിലാണ് എപ്പോഴും നടത്തപ്പെടുക. മതപരിത്യാഗികൾ എന്ന് മുദ്രയടിക്കപ്പെടുന്ന ആളുകളാണ് കാലാ കാലങ്ങളായി ഇത്തരം ദ്രോഹങ്ങൾക്ക് വിധേയരാകുക. ദൈവത്തിൽ നിന്ന് വെളിപ്പെട്ട ഏതെങ്കിലും ഒരു ഗ്രന്ഥത്തിൽ ഒരു മതത്തിൽ നിന്നു മറ്റൊരു മതത്തിലേക്ക് മാറുന്നവനെ ശിക്ഷിക്കാനുള്ള അനു മതിയില്ല. ഏതെങ്കിലും ഒരു കൃത്രിമക്കാരൻ ദൈവത്തിൽ നിന്ന് വെളി പ്പെട്ട പുസ്തകങ്ങളിൽ പ്രക്ഷിപ്തം കലർത്തിയിട്ടുണ്ടെങ്കിൽ അതിനു ഗ്രന്ഥങ്ങളെ കുറ്റപ്പെടുത്തുവാൻ പറ്റില്ല. പക്ഷേ, അത്തരം ഗ്രന്ഥങ്ങളുടെ സ്വാഭാവിക പരിപ്രേക്ഷ്യമനുസരിച്ച് ദൈവദൂതൻമാ രാരുംതന്നെ ഹിംസ പഠിപ്പിക്കുന്നില്ല എന്നു കാണാൻ കഴിയും.

മതചരിത്രം പ്രതിപാദിച്ചുകൊണ്ട് ഖുർആൻ തെളിയിക്കുന്നത്, പ്രവാചകൻമാരും അവരുടെ അനുയായികളുമാണ് പീഡനങ്ങൾക്കും ഹിംസകൾക്കും വിധേയരായത് എന്നാണ്. എങ്കിലും അവർ ആ ക്രൂര തകളെല്ലാം സഹനപൂർവ്വം ഏറ്റുവാങ്ങി. മത പരിവർത്തനം ചെയ്ത തിന്റെ പേരിൽ മറ്റൊരാളെ ദ്രോഹിക്കുന്നത് ഒരാളുടെ വിശ്വാസത്തിൽ പെട്ടതല്ല. നമ്മെ പരിവർത്തനം ചെയ്യിക്കാൻ വന്ന പ്രവാചകരുടെ ദൗത്യത്തെത്തന്നെ അത് നിഷ്ഫലമാക്കുന്നു. പ്രവാചകന്മാരുടെ കാലത്തു മാത്രമല്ല മത പരിവർത്തനത്തിന് ശിക്ഷിക്കപ്പെടുന്നത്. പ്രവാചകന് ശേഷം നൂറുക്കണക്കിന് വർഷം കഴിഞ്ഞിട്ടും അനുയാ യികൾ മതപരിവർത്തനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെടുന്നതെങ്ങ നെയെന്ന് ഖുർആൻ വിവരിക്കുന്നു. അത്തരം പീഡനങ്ങൾക്ക് ഒരി ക്കലും ദൈവത്തിൽ നിന്നുള്ള അനുമതിയില്ല.

ഗുഹാവാസികളായിക്കഴിഞ്ഞ ഒരു കൂട്ടം ആളുകളുടെ ചരിത്രം

ഖുർആനിലുണ്ട്. ആദിമക്രിസ്ത്യാനികളായ ഇക്കൂട്ടർ ദീർഘമായ മുന്നൂറ് വർഷം പീഡിപ്പിക്കപ്പെടുകയുണ്ടായി. ഈ പാവങ്ങളെ ക്രൂരമായ പീഡനത്തിന് വിധേയമാക്കിയ സ്ഥലങ്ങൾ ഞാൻ നേരിട്ടു സന്ദർശിച്ചിട്ടുണ്ട്. വാൾപ്പയറ്റും, സിംഹങ്ങളും കാളകളുമായുള്ള മല്ലയുദ്ധങ്ങളും നടത്തുന്നതിനുവേണ്ടി അവരെക്കൊണ്ട് നിർമ്മിച്ച ഭീമാകാരങ്ങളായ തുറന്ന രംഗവേദികൾ (Amphitheatres)*B ഞാൻ കണ്ടു. ഈ സ്ഥലത്ത് വെച്ചായിരുന്നു ക്രിസ്ത്യാനികളെ വിവസ്ത്രരാക്കി വന്യമൃഗങ്ങളുടെ മുമ്പിലേക്ക് എറിഞ്ഞുകൊടുത്തത്. വിശക്കുന്ന മൃഗങ്ങൾ അലറിക്കൊണ്ട് നിസ്സഹായനായ ക്രിസ്ത്യാനിക്ക് നേരെ ചീറിയടുക്കുന്നു. ചിലപ്പോൾ മതപരിത്യാഗികളായ ക്രിസ്ത്യാനികളെ ദിവസങ്ങളോളം വിശന്നു പരവശനായ കാളക്കൂറ്റന്റെ മുന്നിലേക്ക് എടുത്തെറിയുന്നു. വിശന്നു പൊരിഞ്ഞ ആ ജീവി അമറി മുക്രയിട്ടുകൊണ്ട് സീൽക്കാര ശബ്ദത്തോടെ പാവം ക്രിസ്ത്യാനിയുടെ നേരെ പാഞ്ഞടുക്കുകയും ചെയ്യുന്നു. കാളക്കൂറ്റനാൽ ചവിട്ടിമെതിക്കപ്പെട്ട ക്രിസ്ത്യാനി രക്തം വാർന്നൊഴുകി അന്ത്യശ്വാസം വലിക്കുന്നു. ഈ രക്തത്തിന്റെ ഉത്സവാഘോഷങ്ങൾക്കുശേഷം റോമക്കാർ പൊട്ടിച്ചിരിച്ചുകൊണ്ട് ആഹ്ലാദപൂർവ്വം വീടുകളിലേക്ക് മടങ്ങിപ്പോകുന്നു. മതപരിത്യാഗികൾ അർഹിക്കുന്ന രീതിയിൽതന്നെ ശിക്ഷിക്കപ്പെടുന്നു! പക്ഷേ, റോമൻ പീഡനങ്ങളാൽ പാദം ഇടറിയപ്പോഴും ക്രിസ്ത്യാനികളുടെ ഹൃദയം ദൈവവിശ്വാസത്താൽ ഗാഢമായി സ്പന്ദിക്കുകയുണ്ടായി.

ക്രിസ്ത്യാനികൾക്കെതിരായ ഇടവിട്ട പീഡനങ്ങൾ മുന്നൂറ് വർഷക്കാലം നീണ്ടു നില്ക്കുകയുണ്ടായി. അവർക്ക് ഒളിക്കാൻ ഭൂതലത്തിൽ ഒരിടവുമില്ലാതായപ്പോൾ അവർ കാറ്റകോംസ് (Catacombs)*C എന്നറിയപ്പെടുന്ന ഭൂഗർഭ ഗുഹകളിലേക്ക് അന്തർധാനം ചെയ്തു. ആ ഗുഹകൾ നമുക്ക് ഇന്നും അവിടെ കാണാം. ഈ ഗുഹാസങ്കേതങ്ങൾ നമ്മെ ഒരു കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നു. അതായത്, ഒരു കാലത്ത് അവിടുത്തെ ക്രിസ്ത്യാനികൾക്ക് തേളുകൾ, സർപ്പങ്ങൾ, ഷഡ്പദങ്ങൾ എന്നീ ക്ഷുദ്ര ജീവികൾക്കൊപ്പം ഗുഹകളിൽ സഹജീവിതം നയിക്കാൻ കഴിഞ്ഞിരുന്നു. പക്ഷേ, മാന്യവസ്ത്ര ധാരികളായ മതനേതാക്കൻമാർക്കൊപ്പം അവർക്ക് ജീവിക്കാനായില്ല എന്നതാണ് ആ ഓർമ്മപ്പെടുത്തൽ.

ഗുഹകളിലേക്ക് അന്തർധാനം ചെയ്ത 'അസ്ഹാബുൽ കഹ്ഫ്' (ഗുഹാവാസികൾ) എന്നറിയപ്പെടുന്ന ക്രിസ്ത്യാനികളെക്കൂടാതെ



ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിച്ചതിന്റെ പേരിൽ ജീവനോടെ ദഹിപ്പിക്കപ്പെട്ട ക്രിസ്ത്യാനികളുടെ ചരിത്രവും ഖുർആൻ വിവരിക്കുന്നു. ദൈവം പറയുകയാണ്:

> **രാശികളുള്ള ആകാശത്തെക്കൊണ്ട് സത്യം. വാഗ്ദത്ത നാളിനെക്കൊണ്ടും സാക്ഷിയെക്കൊണ്ടും സാക്ഷ്യം വഹിക്കപ്പെടുന്ന ആളെക്കൊണ്ടും സത്യം. കിടങ്ങിന്റെ ഉടമസ്ഥൻ- ആ വിറകിട്ട് കത്തിക്കപ്പെട്ട അഗ്നിയുടെ ഉടമസ്ഥൻ നശിക്കട്ടെ. സത്യവിശ്വാസികളെക്കൊണ്ട്, അവർ ചെയ്തുകൊണ്ടിരിക്കുന്ന ചെയ്തികൾക്ക് സാക്ഷികളായുംകൊണ്ട് അവർ അതിനരികെ ഇരിക്കുകയായിരുന്നപ്പോൾ. പ്രതാപവാനും സ്തുത്യർഹനുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നുവെന്നതിനല്ലാതെ അവർ അവരെ വെറുത്തിരുന്നില്ല. ആകാശങ്ങളുടെയും ഭൂമികളുടെയും ആധിപത്യമുള്ളവനത്രെ അവൻ. അല്ലാഹു സകല കാര്യത്തിനും സാക്ഷിയാകുന്നു. (85:210)**

പരിധിയിൽ കവിഞ്ഞ ഈ അത്യാചാരങ്ങളും ആക്രമണങ്ങളും സംഗതികളെ നീചമായ ഒരു പതനത്തിലെത്തിക്കുകയുണ്ടായി. മതത്തിന്റെ സംരക്ഷകരാണെന്ന് പറയപ്പെടുന്നവർ വാസ്തവത്തിൽ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് അവരെ തടയുകയായിരുന്നു. അവരുടെ ആരാധനയെ തടയുക എന്നത് അവർക്ക് പീഡനമേല്ക്കുന്നതിനേക്കാൾ ദുഃഖകരമായിരുന്നു. ഖുർആൻ പറയുന്നു:

> **അല്ലാഹുവിന്റെ പള്ളികളിൽവെച്ച് അവന്റെ നാമം സ്മരിക്കുന്നത് തടയുകയും അവയുടെ നാശത്തിനു ശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ അക്രമി ആരുണ്ട്? (2:115)**

അതായത്, മതസ്വാതന്ത്ര്യം അടിച്ചമർത്തുന്നതിനെ ഖുർആൻ ഒരിക്കലും അംഗീകരിക്കുന്നില്ല. അത്തരം മർദ്ദനങ്ങൾ സഹിക്കേണ്ടി വന്നാൽപോലും യഥാർത്ഥ വിശ്വാസികൾ ഒരിക്കലും അല്ലാഹുവിന്റെ നാമം പ്രചരിപ്പിക്കാൻ ബലം പ്രയോഗിക്കില്ല എന്ന് ഖുർആൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

ഇതുവരെ നാം പറഞ്ഞത്, ദൈവ ദീപ്തിയിൽ ലോകം പ്രകാശപൂർണ്ണമാവുന്നതിനുമുമ്പേയവതരിച്ച പ്രവാചകൻമാർ പീഡിപ്പിക്കപ്പെട്ട സംഭവങ്ങളെക്കുറിച്ചായിരുന്നു. എന്നാൽ, അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ അനന്ത വിഹായസ്സിൽ സത്യത്തിന്റെ സമുജ്ജ്വല സൂര്യൻ ഉദിച്ചുയർന്നു. ലോകം പിന്നീട് മുഹമ്മദി(സ)ന്റെ ദിവ്യസ

ന്ദേശങ്ങളിൽനിന്നു വെളിച്ചം സ്വീകരിക്കുകയായിരുന്നു.

ആയിരക്കണക്കിന് വർഷങ്ങളായി മാനവകുലം മഹാനായൊരു പ്രവാചകനെ പ്രതീക്ഷിക്കുകയായിരുന്നു. പ്രവാചകൻമാരുടെ മുദ്രയായ ഈയൊരു ദൈവദൂതനെ വരവേല്ക്കാമെന്ന പ്രതീക്ഷയിൽ ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകൻമാർ ജീവിച്ചു മരിക്കുകയുണ്ടായി. ഏതൊരു മനുഷ്യനുവേണ്ടിയാണോ മുഴുലോകവും സൃഷ്ടിക്കപ്പെട്ടത് ആ മനുഷ്യൻ അവസാനം ആവിർഭൂതനായി. തന്റെ സ്രഷ്ടാവിന്റെ സമ്പൂർണ്ണ പ്രഭാവം അദ്ദേഹത്തിൽ പ്രതിബിംബിച്ചു. അദ്ദേഹം എല്ലാ പ്രവാചകൻമാരേക്കാളും ശ്രേഷ്ഠനായിരുന്നു. അദ്ദേഹത്തിന്റെ മതം പൂർണ്ണവുമായിരുന്നു. മഹാനായ ആ പ്രവാചകനും പീഡനത്തിനു വിധേയമാക്കപ്പെട്ടു. ആ പീഡനമാകട്ടെ, അഭൂതപൂർവവും കഠിനതരവുമായിരുന്നു. കഴിഞ്ഞുപോയ പ്രവാചകൻമാരും അവരുടെ അനുയായികളും അനുഭവിച്ച മനുഷ്യനു സങ്കല്പിക്കാൻ കഴിയുന്ന എന്തെല്ലാം പീഡനങ്ങളാണോ, ആ പീഡനങ്ങളെല്ലാം നമ്മുടെ യജമാനനും പ്രഭുവുമായ മുഹമ്മദ് നബി(സ)യും സഹിക്കുകയുണ്ടായി. പൂർവ്വകാല മുസ്‌ലിംകൾ കത്തിജ്വലിക്കുന്ന സൂര്യനു കീഴിൽ കിടത്തപ്പെടുകയുണ്ടായി. അവരുടെ മാറിടങ്ങളിൽ ചുട്ടുപഴുത്ത കല്ലുകൾ വെക്കപ്പെട്ടു. അവർ ചത്ത മൃഗങ്ങളെപ്പോലെ മക്കയുടെ തെരുവുകളിലൂടെ വലിച്ചിഴക്കപ്പെട്ടു. ആട്ടിയോടിക്കപ്പെട്ടു. പട്ടിണിയിലും പൈദാഹത്തിലും ദീർഘനാൾ കഴിച്ചുകൂട്ടി. ഭൂമിക്കടിയിലെ നിലവറയിലേക്ക് അവർ എറിയപ്പെട്ടു. അവരുടെ സമ്പത്തെല്ലാം പിടിച്ചെടുക്കപ്പെട്ടു. അവരുടെ കുടുംബബന്ധങ്ങൾ തകർക്കപ്പെട്ടു. ഒട്ടകപ്പുറത്തുനിന്നു ഗർഭിണികളായ സ്ത്രീകളെ തള്ളിത്താഴെയിട്ടു. മർദ്ദകരുടെ വിനോദങ്ങളുടെ അനിവാര്യഫലം മർദ്ദിതരുടെ ദാരുണമരണങ്ങളായിരുന്നു. അവരുടെ മൃതദേഹങ്ങൾ വെട്ടിനുറുക്കപ്പെടുകയുണ്ടായി. പ്രവാചകന്റെ പിതൃവ്യന്റെ കരൾ പോലും ചവച്ചു തുപ്പി. തിരുദൂതരുടെ അനുയായികളെ അവർ വാളുകൊണ്ട് അരിഞ്ഞു വീഴ്ത്തുകയും അമ്പുകൊണ്ട് എയ്തിടുകയും ചെയ്തു. കശ്മലൻമാരും തെരുവു തെമ്മാടികളും വന്ദ്യപ്രവാചകനെ(സ) കല്ലെറിഞ്ഞു. ത്വായിഫിലെ തെരുവിൽ പാകിയ കല്ലുകൾ രക്തത്തിൽ കുതിരുന്നതുവരെ തെരുവ് കുട്ടികൾ തിരുനബി(സ)യെ കല്ലെറിഞ്ഞോടിച്ചു. ഉഹ്ദ് യുദ്ധത്തിൽ പ്രവാചകൻ(സ) ഗുരുതരമായി പരിക്കേല്പ്പിക്കപ്പെടുകയുണ്ടായി.

ഈ രക്തച്ചൊരിച്ചിലത്രയും നടന്നത് മതത്തിന്റെ പേരിലായിരുന്നു. മുസ്‌ലിംകൾ ''റബ്ബുനല്ലാഹ് '' (ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാകുന്നു) എന്ന് പറഞ്ഞതായിരുന്നു കാരണം. ഈ കൊടിയ മർദ്ദനങ്ങളും പീഡനങ്ങളുമെല്ലാം നടന്നതും മതത്തിന്റെ പേരിൽ തന്നെയായിരുന്നു. കാരണം, മക്കത്തെ ബഹുദൈവവിശ്വാസികളുടെ മതവിശ്വാസപ്രകാരം തിരുനബി(സ)യും അനുയായികളും 'മതപരിത്യാഗികൾ' ആയിരുന്നു. ബഹുദൈവ വിശ്വാസികളായ മക്കക്കാർ പ്രവാചകനെയും അനുയായികളെയും 'സ്വാബി' എന്നാണ് വിളിച്ചത്. പാരമ്പര്യമതം ഉപേക്ഷിച്ച് പുതിയ മതം സ്വീകരിച്ചവർ എന്നാണ് 'സ്വാബി' എന്നതിന്റെ അർത്ഥം. ഈ തിന്മ അവസാനിപ്പിക്കാൻ മക്കക്കാർ കൈക്കൊണ്ട സമീപനം അടിച്ചമർത്തലിന്റെയും മർദ്ദനത്തിന്റേതുമായിരുന്നു. അതായിരുന്നു അവരുടെ പൂർവ്വഗാമികൾ കൈക്കൊണ്ട രീതി. മുഹമ്മദ് നബി(സ)യും അദ്ദേഹത്തിന്റെ അനുയായികളും ദീർഘകാലം അങ്ങേയറ്റം സഹനത്തോടെയും വിപദിധൈര്യത്തോടെയും എല്ലാറ്റിനെയും അഭിമുഖീകരിച്ചു. ഇതെല്ലാം തെളിയിക്കുന്നത് തിന്മക്ക് കാരണമായി വർത്തിച്ചത് മതവിരുദ്ധരായ ജനതയായിരുന്നു എന്നാണ്. ഒരിക്കലും സത്യമതത്തിന്റെ അനുയായികളായിരുന്നില്ല.

പ്രവാചകനെ അല്ലാഹു ഉപമയില്ലാത്ത ഒരത്യുന്നത സ്ഥാനത്തേക്ക് ഉയർത്തുകയുണ്ടായി. അവരുടെ തിന്മക്ക് പകരമായി ഉൽക്കടമായ സ്നേഹവും കാരുണ്യവും മാപ്പും പ്രവാചകൻ തിരിച്ചു നല്കി. അവസാനം മക്കയിലെ ബഹുദൈവ വിശ്വാസികൾ പ്രവാചകനു കീഴടങ്ങുകയും തിരുനബി(സ) വിജയശ്രീലാളിതനായി മക്കയിലേക്ക് പ്രവേശിക്കുകയും ചെയ്തു. മക്കാ വിജയത്തിൽ തിരുമേനി(സ) എല്ലാവർക്കും പൊതുമാപ്പ് നല്കി. അവിടെ തന്റെ മർദ്ദകൻമാർക്കെതിരെ കൂട്ടക്കൊലകളോ ശിക്ഷാ നടപടികളോ അരങ്ങേറിയില്ല. ആരെയും ബന്ധനസ്ഥരാക്കിയില്ല. ആരെയും വധിച്ചതുമില്ല. പ്രതികാര നടപടികൾക്കുപകരം വിശുദ്ധ ഖുർആന്റെ മഹത്തായ ഒരു പ്രഖ്യാപനം വിളംബരം ചെയ്യപ്പെട്ടു:

> **ഈ ദിനത്തിൽ നിങ്ങൾക്കെതിരെ യാതൊരു പ്രതികാര നടപടിയുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരട്ടെ. അവൻ കാരുണ്യവാൻമാരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണ്. (12:93)**

ആ ദിനത്തിൽ ക്രൂരരിൽ ക്രൂരരായവർക്ക് മാപ്പ് നല്കപ്പെട്ടു. നിസ്സഹായരായ അടിമകളെ ചുട്ടു പഴുത്ത മണലിൽ കിടത്തി പീഡി

പ്പിച്ചവർക്കെല്ലാം മാപ്പരുളപ്പെട്ടു. മൃതജന്തുവിനെപ്പോലെ മനുഷ്യനെ തെരുവീഥികളിൽ വലിച്ചിഴച്ച മർദ്ദകരെല്ലാം കുറ്റവിമുക്തരായി. സമാധാനജീവിതം തകർത്തവരെയെല്ലാം വെറുതെ വിട്ടു. നിസ്സഹായരായ മുസ്‌ലിംകളെ കല്ലെറിഞ്ഞോടിച്ചവർക്കും, തിരുനബി(സ)യുടെ പിതൃവ്യന്റെ കരൾ ചവച്ചു തുപ്പിയവരുടെ നേരെപ്പോലും യാതൊരു പ്രതികാര നടപടിയുമുണ്ടായില്ല.

ആദം മുതൽ വർത്തമാന കാലം വരെയുള്ള മനുഷ്യ മർദ്ദനത്തിന്റെയും മനുഷ്യാവകാശത്തിന്റെയും ചരിത്രാദ്ധ്യായികൾ ആസകലം നശിച്ചു പോയെന്നിരിക്കട്ടെ. എങ്കിൽ പോലും തിരുനബി(സ) യുടെ ജീവിതത്തിലേക്ക് ഒന്ന് കണ്ണോടിച്ചാൽ യഥാർത്ഥ മതം ഒരിക്കലും വിദ്വേഷവും മർദ്ദനവും പീഡനവും ചിന്താസ്വാതന്ത്ര്യ ധ്വംസനവും ഉണ്ടാക്കുന്നില്ല എന്ന് തെളിയിക്കാൻ അത് ധാരാളമായിരിക്കും.

തിരുനബി(സ)യുടെ ഉദ്ബോധനങ്ങൾ മതപരമായ സഹിഷ്ണുതക്കുള്ള ആഹ്വാനങ്ങളിൽ മാത്രം പരിമിതമായിരുന്നില്ല. ഇസ്‌ലാമിന്റെ പ്രവാചകൻ **പ്രപഞ്ചത്തിനാകമാനം കാരുണ്യ(**വി. ഖുർആൻ 2:108)മാണെന്നതിനാൽ വിശുദ്ധ ഖുർആൻ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി:

**മതത്തിൽ ഒരു വിധത്തിലുള്ള ബല പ്രയോഗവുമില്ല. (ബല പ്രയോഗം അനാവശ്യമാണ്, കാരണം) സൻമാർഗ്ഗത്തിൽ നിന്നു ദുർമാർഗ്ഗം തികച്ചും വ്യതിരിക്തമാണ് (2:257)**

ഇത് രണ്ടും കൂടിക്കലരാൻ യാതൊരു സാധ്യതയുമില്ല. ഈ അവസരത്തിൽ നടത്തിയ പ്രഖ്യാപനം അസാധാരണവും അംസഗതവുമാണെന്ന് തോന്നിയേക്കാം. അതായത് ഒരു വശത്ത് ഒരു ചെറു സംഘത്തെ (മുസ്‌ലിംകളെ) 'മതപരിത്യാഗികൾ' എന്ന് മുദ്രയടിച്ച് ഉൻമൂലനം ചെയ്യാൻ എല്ലാ അർത്ഥത്തിലും കഴിവുള്ളവരും ഒന്നിനും മടിക്കാത്തവരും സമസ്ത അധികാരങ്ങളും കൈയ്യേന്തിയവരുമായിരുന്നു. 'മതപരിത്യാഗി'കളായ ഈ ചെറുസംഘത്തിനു പില്ക്കാലത്ത് അധികാരം ലഭിച്ച അവസരത്തിലും ഇപ്രകാരം പ്രഖ്യാപിക്കാൻ ഖുർആൻ കല്പിക്കുകയായിരുന്നു.

മതത്തിന്റെ പേരിൽ ജനങ്ങളെ പീഡിപ്പിക്കുന്നവർ മതത്തിന്റെ അന്തഃസത്തയെക്കുറിച്ച് യാതൊന്നും അറിയാത്തവരാണ്. മതം എന്നത് ഹൃദയാന്തരങ്ങളിലെ സ്വാഭാവിക പ്രക്രിയയുടെ പരിണതി



യാണ്. മതം ഒരിക്കലും രാഷ്ട്രീയമല്ല. അതിന്റെ അനുയായികൾ ഒരു രാഷ്ട്രീയ പാർട്ടിയും രൂപവൽക്കരിക്കുന്നില്ല. മതം എന്നത് സങ്കുചിത വിധേയത്വമുള്ള ഒരു ദേശീയതയല്ല. അത് ഭൂപരിധി നിർണ്ണയിക്കപ്പെട്ട ഒരു രാഷ്ട്രവുമല്ല. അത് ഹൃദയങ്ങളുടെ ഒരു പരിവർത്തനമാണ്. അതായത്, ആത്മാവിന്റെ ഉൽക്കർഷത്തിനു വേണ്ടിയുള്ള മാറ്റം. ഹൃദയാന്തരങ്ങളിലെ അഗാധതകളിലാണ് മതം കുടികൊള്ളുന്നത്. അത് ഖഡ്ഗ പ്രയോഗത്തിന്നതീതമാണ്. പർവ്വതങ്ങളെ ശക്തികൊണ്ട് ചലിപ്പിക്കാനോ ഹൃദയങ്ങളെ വാളുകൊണ്ട് മാറ്റിയെടുക്കാനോ സാധ്യമല്ല. എങ്കിലും മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ മനുഷ്യ ചരിത്രത്തിലെ ആവർത്തന സ്വഭാവമുള്ള പ്രമേയമാണ്. മനസ്സാക്ഷി സ്വാതന്ത്ര്യത്തിനെതിരെയുള്ള മനുഷ്യന്റെ ആക്രമണത്തിന്റെ ചരിത്രം വിശുദ്ധ ഖുർആൻ പലതവണ ആവർത്തിക്കുന്ന വിഷയമാണ്.

പ്രവാചകനോട് വീണ്ടും വീണ്ടും പ്രഖ്യാപിക്കാൻ ദൈവം ആജ്ഞാപിച്ചു:

**പറയുക: ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കുകയും ചെയ്യട്ടെ. (വി. ഖുർആൻ 18:30)**

സത്യം എന്നത് ഹൃദയവുമായി ബന്ധപ്പെട്ട സംഗതിയാണ്. ശക്തി പ്രയോഗത്തിനു ഹൃദയത്തിൻമേൽ യാതൊന്നും ചെയ്യാൻ സാധ്യമല്ല. ഒരു വേള ഹൃദയം ആ സത്യം ദർശിച്ചു കഴിഞ്ഞാൽ ഒരു ശക്തിക്കുംതന്നെ അത് കവർന്നെടുക്കാൻ സാധ്യമല്ല. ഖുർആന്റെ വാദമെന്തെന്നാൽ സത്യം എന്താണെന്ന് അറിഞ്ഞു കഴിഞ്ഞാൽ അത് സ്വീകരിക്കാനും തിരസ്കരിക്കാനുമുള്ള സമ്പൂർണ്ണ അധികാരം ആ വ്യക്തിയിൽ മാത്രം നിക്ഷിപ്തമാണ്. അതുകൊണ്ടാണ് ഖുർആൻ എവിടെയും പറയുന്നത്:

**ഇതൊരു അനുസ്മരണ സന്ദേശമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്നെങ്കിൽ തന്റെ നാഥനിലേക്ക് ഒരു മാർഗ്ഗം സ്വീകരിച്ചു കൊള്ളട്ടെ. (76:30)**

മനുഷ്യാവകാശ പ്രഖ്യാപനത്തിലെ ഏതൊരു പ്രമാണത്തിലും ഖുർആന്റെ **'ഫമൻശാഅ'** (ആരാണോ ഉദ്ദേശിക്കുന്നത്)എന്ന ഏറ്റവും വ്യക്തമായ പ്രയോഗത്തെ അതിവർത്തിക്കുന്ന മറ്റൊരു ഭാഷാശൈലിയും അവതരിപ്പിക്കുവാൻ സാധ്യമല്ല. ആരോണോ

(ഫമൻ) എന്ന പദപ്രയോഗത്തിൽ എല്ലാം അടങ്ങിയിരിക്കുന്നു. ഇത്തരത്തിലുള്ള അത്യന്തം വ്യക്തമായ ഒരു പ്രഖ്യാപനത്തിനു ശേഷവും ആർക്കാണ് ഇസ്‌ലാം ബലപ്രയോഗത്തെ പിന്തുണക്കുന്ന മതമാണെന്ന് പറയാൻ കഴിയുക?

ഖുർആനിലെ അദ്ധ്യായം 39 ൽ അവിശ്വാസികളോടു പറയാൻ വേണ്ടി പ്രവാചകനോടു കല്പിക്കുന്നത് കാണുക:

**ആത്മാർത്ഥമായ അനുസരണത്തോടെ ഞാൻ അല്ലാഹുവിനെ ആരാധിക്കുന്നു. അതിനാൽ അവനു പുറമെ നിങ്ങൾ ഇച്ഛിക്കുന്നതിനെ നിങ്ങൾ ആരാധിച്ചു കൊള്ളുക. (39:15,16)**

മനസ്സാക്ഷി സ്വാതന്ത്ര്യം എന്നത് വിശ്വസിക്കാനും പ്രചാരണം നടത്താനുമുള്ള സ്വാതന്ത്ര്യമാണ്. അതാണ് മതത്തിന്റെ മൂലക്കല്ല്. മതനിന്ദയെ അടിച്ചമർത്തുക എന്നത് മതവിരുദ്ധ ശക്തികളുടെ ലക്ഷ്യമാണ്. മത പരിവർത്തന സ്വാതന്ത്ര്യത്തിന് ഖുർആൻ ശക്തമായ ഊന്നൽ നല്കുന്നുണ്ട്. ഖുർആനിലെ 109-ാം അദ്ധ്യായം ഉപസംഹരിച്ചു കൊണ്ട് പറഞ്ഞ വചനം ഏതൊരു സത്യമതത്തിന്റെയും അടിസ്ഥാനാദർശമാകുന്നു.

**നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതവും (109:7).**

ഇതേ തത്വമനുസരിച്ച് പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് അലങ്കാരോക്തിയിൽ ഖുർആൻ ഒരു ചോദ്യം ഉന്നയിച്ചിരിക്കുന്നു:

**നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ. എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിനായി നീ അവരെ നിർബന്ധിക്കുകയോ? (10:100)**

ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ പദ്ധതിയിൽത്തന്നെ മനുഷ്യന് വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള പൂർണ്ണമായ ഇച്ഛാസ്വാതന്ത്ര്യമുണ്ട്. ഇവിടെ യാതൊരു നിർബന്ധവുമില്ല. മനുഷ്യന്റെ യുക്തിയും ധാരണാ ശക്തിയും കാര്യഗ്രഹണത്തിനു വേണ്ടി ഉപയോഗപ്പെടുത്തണം. എല്ലാറ്റിനുമുപരിയായി വിശ്വാസം എന്നത് ദൈവത്തിൽ നിന്നു ലഭിക്കുന്ന ഒരു വരദാനമാണ്. അർഹിക്കുന്നവർക്ക് അവനത് നല്കുന്നു.



ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകൻമാരെ ദൈവം ഭൂമിയിലേക്കയക്കുകയുണ്ടായി. ദൈവിക സന്ദേശം ആവഹിച്ച ഈ ദൈവദൂതൻമാർ തങ്ങളുടെ ജീവിത മാതൃകകളിലൂടെയും അദ്ധ്യാപനങ്ങളിലൂടെയും ലോകത്തിന് ബോധ്യപ്പെടുത്തിയത് അവർ മർദ്ദിതരായിരുന്നു എന്നാണ്. ഒരിക്കലും മർദ്ദകരായിരുന്നില്ല. പ്രവാചകൻമാർ ആത്മീയവും ധാർമ്മികവുമായ ശക്തികൊണ്ടാണ് ജനതകളുടെ ഹൃദയങ്ങളെ കീഴടക്കിയത്. അത് ഒരിക്കലും ഭൗതിക ശക്തിയുടെ ബലത്തിലായിരുന്നില്ല. പട്ടം കെട്ടിയ പുരോഹിതൻമാരും തലപ്പാവണിഞ്ഞ ഉലമാക്കളും ദൈവഭക്തിയുടെ വേഷഭൂഷാദികളണിഞ്ഞുകൊണ്ട്, പീഡിതരായ പ്രവാചകന്മാരുടെ നാമത്തിൽ നിരപരാധരുടെ മർദ്ദകരായി മാറിയിരിക്കുന്നു. ഇത് ഭീകരമായ ഒരു ദുരന്തമാകുന്നു. അവർക്ക് മതത്തെക്കുറിച്ച് യാതൊന്നുമറിയാതിരിക്കെ ഈ പുരോഹിത വർഗ്ഗം മതത്തെ കുത്തകവൽക്കരിക്കുകയാണ്. അവർ അവരുടെ പ്രവാചകരുടെ കീർത്തി സംരക്ഷിക്കാൻ മറ്റുള്ളവരെ ദ്രോഹിച്ചു. ദ്രോഹബുദ്ധിയോടെ തികച്ചും കളവ് പറഞ്ഞു പരത്തി. എല്ലാറ്റിനുമുപരിയായി മനുഷ്യത്വത്തെ ലജ്ജിപ്പിക്കുന്ന കിരാതമായ കുറ്റ കൃത്യങ്ങൾ സംഘടിപ്പിച്ച പുരോഹിതൻമാർ തിരുപ്രവാചകൻ(സ) ജനിക്കുന്നതിന് മുമ്പേയും അത് ചെയ്തു. ആ കൃത്യങ്ങൾ അവർ ഇപ്പോഴും തുടരുകയും ചെയ്യുന്നു.

മധ്യകാലയൂറോപ്പിൽ ക്രിസ്തുവിന്റെ അനുയായികളാണെന്നു പറയുന്ന പോപ്പും മെത്രാൻമാരും കർദ്ദിനാൾമാരും ക്രിസ്തുസഭയുടെ നേതാക്കൻമാരും സഭാചട്ടങ്ങളും എല്ലാം കൂടിച്ചേർന്ന് ചരിത്രത്തിൽ കിടിലം കൊള്ളിക്കുന്ന ഭീകരമായ ഒരദ്ധ്യായം എഴുതിച്ചേർക്കുകയുണ്ടായി. സെന്റ് അഗസ്റ്റിൻ അതിനെ വിളിച്ചത് ''ഭക്തിയില്ലാത്തവരുടെ മേൽ ക്രിസ്തു സഭ അടിച്ചേല്പ്പിക്കുന്ന സാൻമാർഗ്ഗിക പീഡനം'' എന്നാണ്. ഈ സാൻമാർഗ്ഗികമായ പീഡനം ക്രിസ്തു സഭക്ക് മായ്ച്ചുകളയാൻ സാധ്യമല്ലാത്ത കളങ്കം വരുത്തിവെച്ചുവെന്ന് ഇന്നത്തെ ക്രിസ്തീയ ചരിത്രകാരൻമാർ സമ്മതിക്കുന്നു.

ലണ്ടനിലെ മാഡം തുസൗദി (MadameTussaud ) ന്റെ മെഴുക് പ്രതിമാ മ്യൂസിയം വളരെ വിചിത്രമായ ഒന്നാണ്. മധ്യകാലത്തെ പീഡനങ്ങളെപ്പറ്റിയുള്ള ആ പ്രദർശനം ഹൃദയത്തെ പ്രകമ്പനം കൊള്ളിക്കുന്നതും പിടിച്ചുലക്കുന്നതുമാണ്. മ്യൂസിയം യഥാർത്ഥത്തിൽ ആദ്യമായി പണിതത് 1770 ൽ പാരീസിലായിരുന്നു. 1802 ൽ

അത് ഇംഗ്ലണ്ടിലേക്ക് കൊണ്ടുവന്നു. അതിന്റെ ചുവരുകൾ പ്രശസ്തരും അപ്രശസ്തരുമായ വ്യക്തികളുടെ മെഴുകു പ്രതിമകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. മ്യൂസിയത്തിൽ ഭീകരതയുടെ മുറി (Chamber of Horror) എന്ന ഒരു ഭാഗം ഭൂമിക്കടിയിലെ ഒരു നിലവറയാണ്. അവിടെ സ്ഥാപിച്ചിരിക്കുന്ന ശിൽപങ്ങൾ ശ്വാസോച്ഛ്വാസം ചെയ്യുന്നതായി നിങ്ങൾക്ക് തോന്നും. ജീവനുള്ളവരുമായി അത്ര മാത്രം സാദൃശ്യം അവക്കുണ്ട്. ധാരാളം സന്ദർശകർ, സൗഹൃദഭാവത്തിൽ നില്ക്കുന്ന മ്യൂസിയം മേധാവിയോട് (Curator) സംശയ നിവാരണം നടത്തുവാൻ അടുത്തു പോകുന്നത് കാണാമായിരുന്നു. എന്നാൽ, അവിടെ സ്ഥാപിക്കപ്പെട്ട മ്യൂസിയം ക്യൂറേറ്റർ ഒരു പ്രതിമയായിരുന്നു....!

അവിടെ പ്രദർശന വസ്തുക്കളിൽ ലൂയി പതിനാറാമന്റെയും*D മേരി അന്റോണിയേറ്റിന്റെയും ഗില്ലറ്റിൻ*E ചെയ്ത ശിരസ്സിൽ നിന്നെടുത്ത മരണ മുഖം മൂടി (Death Mask) കാണാമായിരുന്നു. അത് മാഡം തുസൗദ് സ്വന്തമായി വാർത്തുണ്ടാക്കിയതാണ്. അന്ന് ഉപയോഗിച്ചിരുന്ന യഥാർത്ഥ കഴുമരങ്ങളും മറ്റു മർദ്ദനോപകരണങ്ങളും മ്യൂസിയത്തിൽ പ്രദർശനത്തിനു വെച്ചിട്ടുണ്ട്. ചിത്രവധം നടത്തുന്ന വധയൂപങ്ങൾ, ദണ്ഡന ശിക്ഷക്ക് ഉപയോഗിക്കുന്ന തൂണുകൾ, ചാട്ടവാറുകൊണ്ട് അടിക്കാനുള്ള മരത്തൂണുകൾ, വെള്ളത്തിൽ മുക്കിക്കൊല്ലുന്ന പീഠം (Ducling stool) ഇരുമ്പു ചട്ട, തൂക്കുമരങ്ങൾ, മുൾമെത്തകൾ, കുരിശ്, കൊലത്തൂൺ, തോൽക്കയറുകൾ തുടങ്ങിയ മറ്റു പല ഉപകരണങ്ങളും അവിടെ നമുക്ക് കാണാം. ചില പ്രദർശന വസ്തുക്കൾ അത്യധികം ബീഭത്സങ്ങളാണ്. മനശ്ചാഞ്ചല്യമുള്ള ആളുകളിൽ നിന്നും കുട്ടികളിൽ നിന്നും അവ മറച്ചു പിടിച്ചാണ് പ്രദർശിപ്പിച്ചിട്ടുള്ളത്.

അതൊരു വിചിത്ര ലോകത്തിന്റെ പ്രദർശനശാലയാണ്. ആ ലോകത്ത് പ്രവാചകത്വത്തിന്റെ അത്യുന്നതങ്ങളിലേക്ക് കരേറി ദൈവവുമായി സംസാരിക്കുന്നവരെ നമുക്ക് കാണാം. അതിനുശേഷം ജുവാൻ ഓഫ് ആർക്കിനുണ്ടായ*F മാലാഖമാരുടെ ദർശനത്തെ ചോദ്യം ചെയ്യുന്ന ഒരു പുരോഹിതന്റെ താഴ്ചയിലേക്ക് അധഃപതിക്കുന്ന ദൃശ്യവും കാണാം. അയാൾക്ക് അവിടെ നിന്നു പതനം സംഭവിച്ച് ഒരു ഇൻക്വിസിഷൻ*G മർദ്ദകനാവാനും (Inquisitor) സാധിക്കും. മാഡം തുസൗദ് പ്രദർശിപ്പിച്ച ഈ മർദ്ദനോപകരണ



ങ്ങൾ സ്പെയിനിലും ഫ്രാൻസിലും* H മധ്യകാലഘട്ടത്തിൽ നടന്ന അതിനിഷ്ഠൂരമായ മതപീഡനങ്ങളുടെ ദാരുണകഥകൾ അനാവരണം ചെയ്യുന്നു. മതപരിത്യാഗികളാണെന്നു പറഞ്ഞുകൊണ്ട് നിരപരാധികളായ ആളുകളെ അവിടെവെച്ച് കൊടിയ പീഡനങ്ങൾക്ക് വിധേയമാക്കുകയുണ്ടായി. യഥാർത്ഥമതം ത്യജിച്ചവരാണെന്ന് ആരോപിച്ചുകൊണ്ട് നിർബന്ധപൂർവ്വം കുറ്റസമ്മതം നടത്തിച്ചു. അതിന് വിസമ്മതിച്ചപ്പോൾ ചാട്ടവാറുകൾ കൊണ്ടും ചമ്മട്ടികൊണ്ടും അവർ പ്രഹരിക്കപ്പെട്ടു. ഈ നിരപരാധികളെ വധയൂപത്തിന്റെ പൽച്ചക്രങ്ങൾക്കിടയിൽ കിടത്തി ചിത്രവധം ചെയ്തു. വിചാരണകൂടാതെ വധിച്ചു. കുന്തമുനയിൽ നാട്ടിയ സ്തൂപത്തിൽ ബന്ധനസ്ഥരാക്കി ചുട്ടുവെച്ചു. തീകൊണ്ട് പൊള്ളിച്ചു. ശിക്ഷക്ക് വിധേയമായവർ ഒന്നുകിൽ കുറ്റസമ്മതം നടത്തുകയോ അല്ലെങ്കിൽ ദാരുണമായ മരണം വരിക്കുകയോ ചെയ്തിരിക്കുന്നു. നിരപരാധികളായ ക്രിസ്ത്യാനികളെ കൊടും പീഡനങ്ങൾക്ക് വിധേയമാക്കിയത് വേഷഭൂഷാദികളണിഞ്ഞ ക്രിസ്തീയ പ്രമാണിമാരായിരുന്നു. മുൾക്കിരീടമണിഞ്ഞ് കുരിശിൽ രക്തം വാർന്നൊഴുകി ദൈവത്തെ ആർത്തനാദത്തിൽ ഏലി,ഏലി, ലമ്മാ ശബക്ക്ത്താനി (മത്തായി 27:46) എന്നു വിളിച്ച ക്രിസ്തുവിന്റെ പീഡിതരൂപം ഓർമ്മയിൽ വെച്ചുകൊണ്ടാണ് ഈ ജനത കുർബാന* I വേളയിൽ പ്രതീകാത്മകമായി യേശുവിന്റെ മാംസവും രക്തവും ഭക്ഷിക്കുന്നത്. എന്നിട്ടും പരീശികൾ *J ക്രിസ്തു (അ)വിനെ ക്രൂശിക്കാൻ പിലാത്തോസിനോട് * K ആവശ്യപ്പെടാൻ കാരണം അദ്ദേഹം മതപരിത്യാഗിയും പാരമ്പര്യമതം ഉപേക്ഷിച്ചയാളുമായതുകൊണ്ടായിരുന്നു എന്ന കാര്യം ക്രിസ്തീയ നേതാക്കൻമാർക്ക് ഓർക്കുവാൻ കഴിഞ്ഞില്ല. മധ്യകാല ക്രിസ്തുസഭയുടെ അതിഭയാനകമായ പീഡനമുറയും മതവിചാരണകളു (Inquisition)മായി താരതമ്യം ചെയ്യുമ്പോൾ ക്രിസ്തുവിന്റെ കുരിശു പീഡനം എത്രയോ നിസ്സാരം. മതത്തിന്റെ കാര്യത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല എന്ന ഖുർആന്റെ പ്രഖ്യാപനത്തിൽ തീർച്ചയായും മതത്തിന്റെ പേരിലുള്ള എല്ലാ അതിക്രമങ്ങളും എന്നെന്നേക്കുമായി അവസാനിച്ചു എന്ന അഭിമാനവും ആശ്വാസവും അടങ്ങിയിരുന്നു. എന്നാൽ, ഈ ആശ്വാസവും അഭിമാനവും കുറഞ്ഞ കാലത്തേക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. മനസ്സാക്ഷി സ്വാതന്ത്ര്യത്തേയും ചിന്താസ്വാതന്ത്ര്യത്തേയും അടിച്ചമർത്തുന്നതിൽ ഇക്കാലത്തെ

മുസ്ലിം ഉലമാക്കൾ മധ്യകാലത്തെ ക്രിസ്ത്യൻ പുരോഹിതൻമാരുമായി മത്സരിക്കുന്നത് കാണുമ്പോൾ ഏതൊരു മുസ്ലിമും ലജ്ജിച്ചു തലതാഴ്ത്തിപ്പോവും. എന്നിട്ടും ഈ ഉലമാക്കൾ പറയുന്നത്, പ്രപഞ്ചം മുഴുക്കെ കാരുണ്യവുമായി വന്നുവെന്ന് ഖുർആൻ വിശേഷിപ്പിച്ച തിരുനബി(സ)യുടെ കീർത്തിയും ബഹുമതിയും സംരക്ഷിക്കുകയാണ് അവർ ചെയ്യുന്നതെന്നാണ്.

ഈ ഉലമാക്കൾ കാരുണ്യത്തിന്റെ മൂർത്തികളാണെന്ന് അവകാശപ്പെടുന്നു. പക്ഷേ, അവരുടെ ഹൃദയങ്ങൾ അനുകമ്പാ ശൂന്യങ്ങളാണ്. കാരുണ്യത്തിനുപകരം അവർ തങ്ങളുടെ ഹൃദയങ്ങളിൽ കത്തിജ്ജ്വലിക്കുന്ന കോപം നിറച്ചിരിക്കുന്നു. മതത്തിന്റെ പേരിൽ ബലം പ്രയോഗിക്കുക എന്നത് അവരുടെ വിശ്വാസത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ദൈവനാമത്തിലുള്ള സ്വച്ഛജലം നമ്മുടെ തപ്ത വികാരങ്ങൾക്ക് ശാന്തിയും ശമനവും പകരുമ്പോൾ നിഷ്കളങ്കമായ ആളുകളുടെ ഹൃദയത്തിൽ രോഷത്തിന്റെയും വിദ്വേഷത്തിന്റെയും അഗ്നി കൊളുത്തുകയാണ് അവർ ചെയ്യുന്നത്. പൈശാചികമായ അറേബ്യയെ തന്റെ ഹൃദയരക്തം കൊണ്ട് പവിത്രീകരിച്ച സമാധാനത്തിന്റെ രാജകുമാരനായ പ്രവാചകന്റെ (സ) അനുയായികൾ തന്നെ നിസ്സഹായരായ മനുഷ്യരെ വക വരുത്തുവാൻ ഇക്കാലത്ത് പ്രേരണ നല്കുന്നു. കാവലറ്റ പാവപ്പെട്ടവരുടെ കുടിലുകൾക്ക് കാവലേകിയ തിരുനബി(സ)യുടെ പേരിൽ നിസ്സഹായരും നിരാലംബരുമായവരുടെ വസ്തുക്കൾ കൊള്ളയടിക്കാൻ അനുയായികൾ ഉത്സാഹം കൂട്ടുന്നു. കിരാതരായ ആളുകളുടെ പത്നിമാരുടെ പോലും അന്തസ്സ് സംരക്ഷിച്ച പ്രവാചകന്റെ (സ) പേരിൽ അനുയായികൾ സന്തോഷകരമായ ദാമ്പത്യജീവിതം നയിക്കുന്ന ദമ്പതിമാരുടെ വിവാഹം അസാധുവാണെന്ന് പ്രഖ്യാപിക്കുകയും അവരുടെ വൈവാഹിക ജീവിതത്തെ അസാൻമാർഗ്ഗിക ബന്ധമായി കാണുകയും ചെയ്യുന്നു. ആദ്യത്തെ പള്ളി പണിയുകയും പ്രാർത്ഥനക്കായി അത് നജ്റാനിലെ ക്രിസ്ത്യാനികൾക്ക് പോലും തുറന്നുകൊടുക്കുകയും ചെയ്ത പ്രവാചകൻ (സ), അന്യമതസ്ഥരുടെ ആരാധനാലയങ്ങളെ ബഹുമാനിക്കണമെന്നു പഠിപ്പിച്ച പ്രവാചകൻ (സ), ആ തിരുപ്രവാചകന്റെ (സ) പേരിൽ ഇക്കാലത്തെ ഉലമാക്കൾ 'ശഹാദത്തുകലിമ'[2] പ്രചരിപ്പിക്കുന്ന ചെറിയ സംഘം മുസ്ലിം കക്ഷികളുടെ പള്ളികൾ പൊളിക്കുന്നു. പ്രവാചകൻ(സ) അപലപിക്കുകയും എന്നെന്നേക്കുമായി നിരോധിക്കുകയും ചെയ്ത അകൃത്യങ്ങൾ ആ പുണ്യാ



ത്മാവിന്റെ പേരിൽ നിർവ്വഹിക്കപ്പെടുന്നു. എതിർപക്ഷത്തുള്ള മുസ്ലിം നേതാക്കൻമാർക്കെതിരെ ദുരാരോപണങ്ങൾ ഉന്നയിക്കുകയും വീട്ടിലിരിക്കുന്ന സ്ത്രീകളെ അപവദിക്കുകയും ചെയ്യുന്നു. മുസ്ലിം ഉമ്മത്തിലെ ഇന്നത്തെ ഉലമാക്കൻമാരെ കാണുകയാണെങ്കിൽ പ്രവാചക തിരുമേനി(സ) എന്തായിരിക്കും ധരിക്കുക? ദൈവമുണ്ടോ എന്നതിനെ സംബന്ധിച്ച് സംശയത്തിൽ കഴിയുന്ന ആജ്ഞേയ വാദികൾ (Agnostic) മുസ്ലിം പണ്ഡിതൻമാരുടെ മതപരമായ ഈ ഇളകിയാട്ടങ്ങൾ കാണുമ്പോൾ എങ്ങനെയായിരിക്കും പ്രതികരിക്കുക? പ്രകോപനപരവും ഭിന്നിപ്പിക്കുന്നതുമായ പ്രസംഗങ്ങൾ നടത്താനും ആലംബഹീനവും ദരിദ്രവുമായ ഒരു ഗ്രാമത്തെ മുഴുവൻ അഗ്നിക്കിരയാക്കുവാനും വേണ്ടി തീപ്പൊരി പ്രസംഗങ്ങൾ നടത്താൻ ഉമ്മത്തിലെ ഉലമാക്കൻമാരോട് നമ്മുടെ പ്രവാചകൻ (സ) ഉപദേശിച്ചിരുന്നുവോ എന്ന് ഒരു നിമിഷമെങ്കിലും ഒരു മുസ്ലിം ഓർത്തിട്ടുണ്ടാകില്ലേ? മതനേതാക്കൻമാർ ധരിച്ചു വെച്ചിരിക്കുന്ന ഇസ്ലാമിക ധാരണകളെ അംഗീകരിക്കാത്തവരെയെല്ലാം മതപരിത്യാഗികളായി കണക്കാക്കാൻ പ്രവാചകൻ അവരോട് പറഞ്ഞിട്ടുണ്ടോ? അങ്ങനെയുള്ള മതപരിത്യാഗികളെയും അവരുടെ സ്ത്രീകളെയും വധിക്കാനും അവരുടെ പള്ളികൾ ഇടിച്ചു നിരപ്പാക്കാനും പ്രവാചകൻ(സ) അനുമതി നല്കിയിട്ടുണ്ടോ? ഇതാണോ മതപരിത്യാഗം തടയാനുള്ള ഒരേയൊരു ദിവ്യമാർഗ്ഗം?

ഈ സമസ്യകളെസ്സംബന്ധിച്ച് നാമെല്ലാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. മർദ്ദനം, പീഡനം, കൊലപാതകം, പള്ളി പൊളിക്കൽ, ഇതൊന്നും തന്നെ തിരുനബി(സ)യുടെ പാരമ്പര്യമല്ല. ഇസ്ലാംമതം ആശ്ലേഷിച്ചതിന്, മതപരിത്യാഗിയാണെന്ന് മുദ്രകുത്തി മുസ്ലിംകളെ വലിച്ചിഴച്ചുകൊണ്ടുപോയതിനു മക്കാ പട്ടണത്തിലെ ഓരോ കല്ലും സാക്ഷിയാണ്. ഇസ്ലാം മതം സ്വീകരിച്ചതിന്റെ പേരിൽ നിസ്സഹായരായ ജനതയോട് ചെയ്തുകൂട്ടിയ കൊടും പാതകങ്ങൾക്ക് അറേബ്യൻ സൈകതത്തിലെ ഓരോ മണൽത്തരിയും സാക്ഷ്യം വഹിക്കുന്നു. പ്രവാചകതിരുമേനിയുടെ (സ) പവിത്ര രക്തം ചിന്തിയ ത്വായിഫിലെ ശിലാതുണ്ടങ്ങൾ നമ്മുടെ മഹാനായ യജമാനൻ കാരുണ്യസാഗരമായിരുന്നുവെന്ന് സാക്ഷ്യം വഹിക്കുന്നു. അവിടന്ന് മതവിശ്വാസത്തിൽ യാതൊരു നിർബന്ധവും അരുതെന്നാണ് പഠിപ്പിച്ചിരിക്കുന്നത്. ദൈവാരാധനയുടെ പേരിൽ ആരാധനാലയങ്ങൾ

അഗ്നിക്കിരയാക്കാൻ അവിടന്ന് പഠിപ്പിച്ചിട്ടില്ല. മതാഭിമാനത്തിന്റെ പേരിൽ സ്ത്രീ ജനങ്ങളെ അപമാനിക്കാനും തിരുമേനി(സ) പറഞ്ഞിട്ടില്ല. പ്രവാചകന്റെ പേരിൽ കലാപം പ്രബോധിക്കുന്ന ഇക്കാലത്തെ ഉലമാക്കളെയോർത്ത് മുസ്ലിംകൾ ലജ്ജാഭാരത്താൽ തല താഴ്ത്തുകയും അവരുടെ മനസ്സാക്ഷി വിലപിക്കുകയും ചെയ്യുകയാണ്.

---

## കുറിപ്പുകൾ

*A **കായേൻ:** ആദമിന്റെയും ഹവ്വായുടെയും ആദ്യജാതൻ. (ഉൽപത്തി4:1) കർഷകനായിരുന്നു കായേൻ. അദ്ദേഹത്തിന്റെ സഹോദരനായിരുന്നു ഇടയനായ ആബേൽ. രണ്ടു പേരും ദൈവത്തിന് വഴിപാട് നല്കി. പക്ഷേ, ദൈവം ഇടയനായ ആബേലിന്റെ മൃഗബലിയാണ് സ്വീകരിച്ചത്. ആബേലിൽ ദൈവം പ്രസാദിക്കുകയും ചെയ്തു. ഇത് മൂലം അസൂയപ്പെട്ട കായേൻ ആബേലിനെ വധിച്ചു. ലോകത്തിലെ ആദ്യത്തെ സഹോദരഹത്യയായി ഇത് കണക്കാക്കപ്പെടുന്നു. ഭ്രാതൃഹന്താവായ കായേൻ ദൈവത്താൽ ശപിക്കപ്പെട്ട് ഏദൻ തോട്ടത്തിന് കിഴക്ക് വശത്തുള്ള നോദ് ദേശത്ത് സന്തതികളുമായി കഴിഞ്ഞുവെന്ന് ബൈബിൾ പറയുന്നു. (വിവ:)

*B **രംഗവേദികൾ (Amphitheatres പീഢനവേദികൾ):** പുരാതന റോമിൽ വെച്ചായിരുന്നു ആദിമ ക്രിസ്ത്യാനികൾ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെട്ടത്. പീഡനങ്ങൾ വലിയ മല്ലയുദ്ധവേദികളിൽ വെച്ച് പരസ്യമായിട്ടാണ് നിർവഹിക്കപ്പെട്ടത്. റോമൻ ഭരണാധികാരികളായിരുന്നു ഈ പടുകൂറ്റൻ മല്ലയുദ്ധ വേദികൾ അഥവാ സ്റ്റേഡിയങ്ങളുടെ നിർമ്മാതാക്കൾ. ജൂലിയസ് സീസർ തുടങ്ങി അഗസ്റ്റസ് പൂർത്തിയാക്കിയ രണ്ടു ലക്ഷം പേർക്കിരിക്കാവുന്ന സർക്കസ് മാക്സിമസ്, നീറോ ചക്രവർത്തി പണികഴിപ്പിച്ച സുവർണ്ണ ഗൃഹം, പിന്നീട് അതിന്റെ സ്ഥാനത്ത് ഉയർന്നു വന്ന കൊളീസിയം, ഹദ്രിയാൻ ചക്രവർത്തിയുടെ മോളോസിയം എന്നീ നിരവധി രംഗവേദികളിൽ വെച്ചായിരുന്നു പീഡനം നിർവഹിക്കപ്പെട്ടത്.(വിവ:)

* C **കാറ്റകോംസ്:** റോമിൽ ഭരണാധികാരികളുടെ പീഡനം സഹിക്കവയ്യാതായപ്പോൾ ഏക ദൈവ വിശ്വാസികളായ ആദിമ ക്രിസ്ത്യാനികൾ സെമിത്തേരികളായി ഉപയോഗിച്ചിരുന്ന ഭൂമിക്കടിയിലെ ഗുഹകളിൽ അഭയം തേടുകയുണ്ടായി. നൂറ്റുക്കണക്കിന് കിലോമീറ്ററുകൾ വ്യാപിച്ചു കിടക്കുന്നതും അതിസങ്കീർണ്ണമായ പിരിവുകളും, കവലകളും ശാഖകളുമുള്ള ഈ ഗുഹകളാണ് കാറ്റകോംസ് എന്നറിയപ്പെടുന്നത്. വി.ഖുർആനിലെ 'കഹ്ഫ്' (ഗുഹ) എന്ന അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെട്ട ഗുഹാവാസികളുടെ ചരിത്രവും കാറ്റകോംസിൽ അഭയം തേടിയ ക്രിസ്ത്യാനികളുടേത് തന്നെയാണ്. കാറ്റകോംസിൽ, ഒളിജീവിതം നയിക്കാൻ യോജിച്ചതും ആരും കടന്നുചെല്ലാൻ ധൈര്യപ്പെടാത്തതുമായ അനേകം നിലവറകളും ഇരുൾമൂടിയ ഗുഹകളുമുണ്ട്. അവരവിടെ തലമുറകളോളം ജീവിക്കുകയുണ്ടായി. (വിവ:)



* D **ലൂയി പതിനാറാമൻ:** (1754-1793) ഫ്രഞ്ച് വിപ്ലവകാലത്ത് ഫ്രാൻസ് ഭരിക്കുകയും കൊല്ലപ്പെടുകയും ചെയ്ത രാജാവ്. തരളഹൃദയനും മൃദുസ്വഭാവിയുമായിരുന്നു. യുവാവായ ലൂയി തന്റെ വിലാസവതിയായ ഭാര്യ മേരി അന്റോണിയേറ്റിന്റെ സ്വാധീന വലയത്തിലായിരുന്നു. ഫ്രഞ്ചു വിപ്ലവം കൊടും തീവ്രവാദികളുടെ കയ്യിലമർന്ന് റിപ്പബ്ലിക്കായിത്തീർന്ന ഫ്രാൻസിൽ വെച്ച് ലൂയിയും ഭാര്യയും വധിക്കപ്പെട്ടു. (വിവ:)

* E **ഗില്ലറ്റിൻ:** ഫ്രഞ്ച് വിപ്ലവകാലത്ത് ആളുകളെ പ്രത്യേക രീതിയിൽ കഴുത്ത് ഛേദിച്ച് വധിക്കാൻ ഉപയോഗിച്ചിരുന്ന ഒരു യന്ത്രം. Jose Ighance Gvillotin എന്ന വൈദ്യനാണ് ഈ യന്ത്രം കണ്ടുപിടിച്ചത്.

* F **ജുവാൻ ഓഫ് ആർക്ക് (1412-1431):** ഫ്രഞ്ച് ദേശീയതയെ ആളിക്കത്തിച്ച ഒരു പട്ടാള നായിക. 1429ൽ ഫ്രാൻസിൽ നിന്ന് ഇംഗ്ലീഷുകാരെ പുറത്താക്കാൻ തനിക്ക് ദൈവത്തിൽ നിന്നു വെളിപാടുണ്ടായിട്ടുണ്ടെന്ന് അവർ വാദിച്ചു. ഫ്രഞ്ച് രാജാവായിരുന്ന ചാൾസ് ഏഴാമനെ കിരീടധാരണം ചെയ്യാൻ ജുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഇംഗ്ലീഷുകാരിൽ നിന്നു ഫ്രാൻസിനെ മുക്തമാക്കാൻ സേനയെ നയിച്ച ജുവാൻ, ഇംഗ്ലീഷ് സേനയെ വിജയകരമായി പ്രതിരോധിക്കുകയും ചെയ്തു. ഫ്രാൻസിലെ ഇംഗ്ലീഷ് അധിനിവേശ ഭൂമിയിൽ വെച്ച് ചാൾസിന്റെ കിരീടധാരണം നടത്തിയ ജുവാൻ പാരീസിനെ മോചിപ്പിക്കാൻ സേനയെ നയിച്ചെങ്കിലും അവർ പരാജയപ്പെട്ടു. 1430 ൽ ഇംഗ്ലീഷ് സേന അവരെ വിചാരണ ചെയ്തു. മന്ത്രവാദിനിയും മതനിന്ദകയുമാണെന്ന് ആരോപിച്ചു. വെളിപാടുകൾ വ്യാജങ്ങളാണെന്ന് വിധിച്ച പുരോഹിതക്കോടതി അവരെ അഗ്നിയിൽ ദഹിപ്പിച്ചു കൊല്ലാൻ വിധിച്ചു. ഫ്രഞ്ചു ദേശീയതക്ക് വേണ്ടി വീരമൃത്യു വരിച്ച അവർ 1920 ൽ പുണ്യവതിയായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി (വിവ:)

* G **ഇൻക്വിസിഷൻ:** മദ്ധ്യകാലഘട്ടത്തിൽ ക്രിസ്തുസഭയുടെ ആഭിമുഖ്യത്തിൽ അരങ്ങേറിയ മതവിചാരണക്കോടതി. മതനിന്ദ ആരോപിക്കപ്പെട്ട സംശയമുള്ളവരെ ക്രിസ്തുമതപുരോഹിതന്മാരായിരുന്നു വിചാരണ ചെയ്തിരുന്നത്.

* H **ഫ്രാൻസിലെ മതപീഡനം:** ഫ്രാൻസിലെ ഏകാധിപതി ലൂയി പതിനാലാമൻ രാജാധികാരം ദൈവദത്തമാണെന്ന് പ്രഖ്യാപിക്കുകയും ഞാനാണ് രാഷ്ട്രം (L'etat C'est -mani-I am the State) എന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. ലൂയിയുടെ സ്വേച്ഛാധിപത്യ ഭരണത്തിന് പിന്തുണ നല്കിയത് കൂർമ്മബുദ്ധിയായ ബിഷപ്പ് ബൊസ്സേ(Bosseut) ആയിരുന്നു. കത്തോലിക്കാ വിശ്വാസിയായിരുന്ന അദ്ദേഹം പ്രൊട്ടസ്റ്റന്റുകാരനായ ഹൂഗ്നോടുകളെ നാനാവിധം പീഡിപ്പിച്ചു. 1598 ലെ നാന്തേ സഹിഷ്ണുതാ വാദം ( Ediet of Nanter)അദ്ദേഹം റദ്ദ് ചെയ്തു. ഹൂഗ്നോട്ടുകളുടെ വീടുകളിൽ പട്ടാളക്കാരെ അയച്ചു ഉപദ്രവിച്ചു. ഇതിനെയാണ് ഡ്രാഗനേഡ്( Dragonade) എന്ന് വിളിക്കുന്നത്. ഗതിമുട്ടിയ ഹൂഗ്നോട്ടുകൾ പിന്നീട് ഫ്രാൻസ് വിടുകയാണ് ചെയ്തത് (വിവ:)

* I **കുർബാന:** ക്രൈസ്തവ സമൂഹം ഒരുമിച്ചു കൂടി ക്രിസ്തുവിന്റെ കാൽവരിയിലെ ബലി അനുസ്മരിച്ച് അതു തുടർന്നും സന്നിഹിതമാക്കാൻ നടത്തുന്ന കർമ്മം (വിവ:).

*J **പരീശികൾ:** യേശു വന്ന കാലത്തു യഹൂദ മതത്തിലുണ്ടായിരുന്ന പരീശന്മാർ -മിശിഹാ വിശ്വാസം രൂഢമൂലമായിരുന്ന പരീശികൾ യേശുവിനെ അതികഠിനമായി എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്തു. ക്രിസ്തുവിനെ ക്രൂശിക്കാൻ പിലോത്തിസിനു മുമ്പിൽ ഹാജരാക്കിയത് അവരായിരുന്നു. (വിവ:)

*K **പിലാത്തോസ്:** ക്രിസ്തുവിന്റെ ജീവിതകാലത്ത് ഫലസ്തീൻ ഒരു റോമൻ കോളനിയായിരുന്നു. റോമിനെ പ്രതിനിധാനം ചെയ്തുകൊണ്ട് പ്രൊക്യൂറേറ്റർ എന്ന ഭരണ നിർവ്വഹണോദ്യോഗം വഹിച്ചിരുന്നയാളാണ് പിലാത്തോസ്. നീതിബോധം നഷ്ടപ്പെടാത്ത പിലാത്തോസ് ക്രിസ്തുവിനെ കുരിശുമരണത്തിൽ നിന്നു രക്ഷിക്കാൻ നിഗൂഢനീക്കങ്ങൾ നടത്തുന്നതിനു തുണയായി നിന്നിട്ടുണ്ടായിരുന്നു. (വിവ:)

### അദ്ധ്യായം 2

# ഇസ്ലാംമത പ്രബോധനം: രണ്ടു വിരുദ്ധ വീക്ഷണങ്ങൾ

**അനുനയത്തിന്റെ എല്ലാ രീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കൈയ്യിലെടുത്തു! വാൾ, അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കങ്ങളേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനു ശമനമുണ്ടായി. ഉദണ്ഡ ശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു.**

**- മൗലാനാ അബുൽ അഅ്ലാ മൗദൂദി.** *A

**മുഹമ്മദ് ഒരു കൈയ്യിൽ വാളും മറുകൈയ്യിൽ ഖുർആനുമായി ഇസ്ലാംമത പ്രചാരണം നടത്തി**

**- പ്രൊഫ. വിൽഫ്രെഡ് കാന്റ്വെൽ സ്മിത്ത്.**

**വിമർശകന്മാർ അന്ധമായി വിമർശിക്കുകയാണ്. മുഹമ്മദ് ചുഴറ്റിയ ഒരേയൊരു വാൾ കാരുണ്യത്തിന്റെയും കനിവിന്റെയും പൊറുമയുടെയും വാളായിരുന്നു. ആ ഖഡ്ഗം മാത്രമാണ് ശത്രുക്കളെ ജയിച്ചടക്കിയതും അവരുടെ ഹൃദയങ്ങളെ നിർമലമാക്കിയതും. ഉരുക്കു ഖഡ്ഗത്തേക്കാൾ മൂർച്ചയേറിയതായിരുന്നു മുഹമ്മദ് കയ്യിലേന്തിയ ഈ വാൾ.**

**- ജ്ഞാനേന്ദ്രദേവ് ശർമ്മ ശാസ്ത്രി.**

വിരുദ്ധ വീക്ഷണങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. ഇസ്ലാമിന്റെ വിമർശകൻമാർ പ്രത്യേകിച്ച് ഓറിയന്റലിസ്റ്റുകൾ ഇസ്ലാം ആക്രമണോത്സുക യുദ്ധങ്ങളിലൂടെയാണ് പ്രചരിച്ചതെന്ന് സിദ്ധാന്തിക്കുന്നു. വിശ്വാസപരിവർത്തനം സംഭവിച്ചത് ശക്തി ഉപയോഗിച്ചത്

കൊണ്ടാണെന്നാണ് അവരുടെ പക്ഷം. ചരിത്രത്തെ വസ്തുനിഷ്ഠ മായി സമീപിച്ച പണ്ഡിതൻമാർ ഈ വാദഗതി വസ്തുതകൾക്ക് നിര ക്കുന്നതല്ല എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രവാചകൻ(സ) ഒരിക്കലും മതം പ്രബോധിക്കാൻ ശക്തി ഉപയോഗിച്ചിട്ടില്ല. അദ്ദേഹം ചെയ്ത എല്ലാ യുദ്ധങ്ങളും പ്രതിരോധാത്മകമായിരുന്നു. ഇസ്‌ലാമിനു വിക സനമുണ്ടായത് പ്രവാചകന്റെ ധാർമ്മികവും അദ്ധ്യാത്മികവുമായ പ്രഭാവം കൊണ്ടു മാത്രമാണെന്നതാണ് യാഥാർത്ഥ്യം.

നിർഭാഗ്യകരമെന്ന് പറയട്ടെ, ഇവിടെ വിസ്മയകരമായ ഒരു വൈരുദ്ധ്യം നിലനില്ക്കുന്നു. ചില മുസ്‌ലിം മതപണ്ഡിതൻമാർ തന്നെ ഇസ്‌ലാം ബലപ്രയോഗം കൊണ്ടാണ് പ്രചരിച്ചതെന്ന വീക്ഷ ണക്കാരാകുന്നു. ഓറിയന്റലിസ്റ്റുകളെപ്പോലെ തിരു പ്രവാചകന്റെ (സ) ജീവിതത്തെ മക്കാ കാലഘട്ടമെന്നും മദീനാ കാലഘട്ടമെന്നും അവർ വിഭജിക്കുന്നു. മക്കയിൽ പ്രവാചകൻ ബലഹീനനും നിസ്സ ഹായനുമായിരുന്നു. അതുകൊണ്ട് അനുരഞ്ജനത്തിന്റെയും സമാ ധാന പൂർണമായ സഹവർത്തിത്ത്വത്തിന്റെയും സമീപനം കൈക്കൊ ണ്ടുവെന്നും മദീനയിൽ അധികാര ശക്തി കൈവന്നപ്പോൾ ഖഡ്ഗം കയ്യിലേന്തി സംഹാരാത്മകമായി ശക്തി പ്രയോഗിച്ചുവെന്നും ഇവർ സിദ്ധാന്തിക്കുന്നു. മുസ്‌ലിം പണ്ഡിതൻമാരുടെ ഈ ചിന്താധാര മുന്നോട്ടുവെക്കുന്ന ചരിത്ര വീക്ഷണമാണിത്. പ്രവാചകൻ ഇങ്ങനെ പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ അറേബ്യയിൽ ആത്മീയ വിപ്ലവം ഉണ്ടാവുകയോ ഇസ്‌ലാം പ്രചരിക്കുകയോ ചെയ്യുമായിരുന്നില്ല എന്ന് ഇക്കൂട്ടർ കരുതുന്നു.

ശാന്തമഹിതവും ഹൃദയാവർജകവുമായ ഒരു ആദ്ധ്യാത്മിക വിപ്ല വത്തിന്റെ ഫലമായിട്ടല്ല ഇസ്‌ലാം അറേബ്യയിൽ പടർന്നു പന്തലി ച്ചതെന്ന് ഈ വിഭാഗം വിശ്വസിക്കുന്നു. ഇ ൗ ചിന്താധാരയുടെ മുഖ്യ വക്താവായിരുന്ന പരേതനായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി 'അൽ ജിഹാദു ഫിൽഇസ്‌ലാം' എന്ന പുസ്തകത്തിൽ എഴുതുന്നു:

**അല്ലാഹുവിന്റെ ദൂതൻ പതിമൂന്ന് വർഷക്കാലം അറബികളെ ഇസ്‌ലാം മതം സ്വീകരിക്കാൻ ക്ഷണിക്കുകയുണ്ടായി. അനു നയത്തിന്റെ എല്ലാ മാർഗ്ഗങ്ങളും അദ്ദേഹം അവലംബിച്ചു. അനി ഷേധ്യമായ തെളിവുകളും വാദമുഖങ്ങളും സമർപ്പിച്ചു. ഭക്തി യുടെയും ധാർമ്മികതയുടെയും മാതൃകയായിരുന്ന തന്റെ ജീവിതം അവരുടെ മുമ്പിൽ കാഴ്ചവെച്ചു. അവരുടെ മുമ്പിൽ തന്റെ സാത്വിക ശുദ്ധിയുള്ളതും ധാർമ്മിക ബദ്ധവുമായ**



**ജീവിതം തുറന്നു കാട്ടി. ചുരുക്കത്തിൽ ആകാവുന്നത്ര അവ രുമായി ആശയവിനിമയങ്ങൾനടത്തി. പക്ഷേ അദ്ദേഹത്തിന്റെ ജനത ഇസ്‌ലാംമതം സ്വീകരിച്ചില്ല.**

മൗലാനാ മൗദൂദിയുടെ ഇ ൗ ഉദ്ധരണിയുടെ ശിഷ്ടഭാഗം എഴു തുമ്പോൾ എന്റെ ഹൃദയം വേദനിക്കുന്നു. എങ്കിലും ഞാനത് ഉദ്ധ രിക്കട്ടെ:

**അനുനയത്തിന്റെ എല്ലാ മർഗ്ഗങ്ങളും പരാജയമായിക്കലാശി ച്ചപ്പോൽ പ്രവാചകൻ ഖഡ്ഗം കൈയ്യിലേന്തി. ഖഡ്ഗം! അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കങ്ങളേയും വിപാടനം ചെയ്തു. അതിനേ ക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർക്ക് സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാര ത്തിനു ശമനമുണ്ടായി. ഉദണ്ഡ ശിരസ്കരായി ഔദ്ധത്യ ത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി. എളിമ യോടെ തല കുനിച്ചു.**

**അറേബ്യയിലും മറ്റു രാജ്യങ്ങളിലും ഇസ്‌ലാം പ്രചരിച്ചത് ത്വരി തഗതിയിലായിരുന്നു. ഒരു നൂറ്റാണ്ട് കൊണ്ട് തന്നെ ലോക ത്തിന്റെ കാൽ ഭാഗം ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാമിന്റെ ഖഡ്ഗം മനുഷ്യ ഹൃദയങ്ങളെ ആവരണം ചെയ്ത മറകളെ കീറിമുറിച്ചതായിരുന്നു ഈ പരിവർത്തനത്തിന് കാരണം.** [1]

മേൽപറഞ്ഞ പ്രസ്താവന 'മിസാജെ ശഹ്നാസെ റസൂൽ' (പ്ര വാചകന്റെ അന്തർഗതമറിഞ്ഞയാൾ) എന്ന് അവകാശപ്പെട്ട ഒരു മുസ്‌ലിം പണ്ഡിതന്റേതാണ് എന്നതാണ് ഏറെ നിർഭാഗ്യകരം. വാക്കിലും പ്രവൃത്തിയിലും തിരുനബി(സ)യോട് പൂർണമായും പൊരുത്തമുള്ളയാൾ എന്നവകാശപ്പെടുന്ന ഈ പണ്ഡിതമ്മന്യൻ പ്രവാചകന്റെ വാക്കും പ്രവൃത്തിയും വ്യാഖ്യാനിക്കാൻ അധികാര മുള്ളയാൾ എന്ന് സ്വയം കരുതുന്നു. മൗലാനാ മൗദൂദിയുടെ അവ കാശവാദം നാം അംഗീകരിക്കുകയാണെങ്കിൽ ദൈവവചനങ്ങൾ പ്രവാചകൻ (സ) മനസ്സിലാക്കിയതിനെക്കാൾ കൂടുതലായി മൗലാനാ മനസ്സിലാക്കിയെന്നു സമ്മതിക്കേണ്ടി വരും. മാത്രമല്ല ഏറ്റവും ശരി യായി ദൈവവചനത്തിന്റെ പൊരുളറിഞ്ഞയാൾ എന്ന നിലക്ക് പ്രവാ ചകനേക്കാൾ കൂടുതലായി ദൈവത്തെ പ്രതിനിധാനം ചെയ്യാനുള്ള മൗദൂദി സാഹിബിന്റെ അവകാശവാദത്തെ നാം അനുവദിച്ചു കൊടു ക്കേണ്ടി വരുകയും ചെയ്യും. ദൈവവചനത്തിന്റെ പൊരുളറിഞ്ഞ

മൗലാനയുടെ ഇസ്‌ലാമിക സങ്കല്പങ്ങൾ ഈ വിധത്തിലാണെങ്കിൽ തീർച്ചയായും വാക്കുകൾ കൊണ്ട് വിവരിക്കാൻ കഴിയാത്ത ഒരു ദുരന്തമാണ് അതെന്ന് പറയാതെ വയ്യ. ഇസ്‌ലാമിന്റെ കൊടിയ ശത്രുക്കൾ ഉയർത്തുന്ന അടിസ്ഥാനരഹിതമായ ദുരാരോപണം തന്നെയാണ് ഇവിടെ മൗലാനാ മൗദൂദിയും ഉയർത്തിക്കാട്ടുന്നതും നിരന്തരം ആവർത്തിക്കുന്നതും. തിരുനബി(സ) ബലം പ്രയോഗിച്ചാണ് ജനങ്ങളെ ഇസ്‌ലാമിലേക്ക് മാർഗ്ഗം ചേർത്തത് എന്നത് പക്ഷപാതിത്തമുള്ള ഓറിയന്റലിസ്റ്റുകളുടെ ആരോപണമാണ്. മൗലാനാ മൗദൂദിയുടെ ദർശന വികല്പ്പങ്ങൾ ഇസ്‌ലാമിന്റെ മഹത്ത്വം ഘോഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ തലതിരിഞ്ഞ ഇത്തരം വീക്ഷണങ്ങൾ ഇസ്‌ലാമിന്റെ പാശ്ചാത്യ വിമർശകരുടെ ദുരാരോപണങ്ങൾക്കുള്ള സാധൂകരണമായിപ്പോവുന്നു. ആർ. ഡോസി പറയുകയുണ്ടായി: മുഹമ്മദിന്റെ പട്ടാള ജനറൽമാർ ഒരു കൈയ്യിൽ ഖുർആനും മറുകൈയ്യിൽ ഖഡ്ഗവും പിടിച്ചാണ് ഇസ്‌ലാം മത പ്രബോധനം നടത്തിയത് എന്ന്. സ്മിത്ത് എന്ന മറ്റൊരു ഓറിയന്റലിസ്റ്റിന്റെ അഭിപ്രായത്തിൽ 'ജനറൽമാരല്ല പ്രവാചകൻ തന്നെയും ഒരു കൈയ്യിൽ വാളും മറുകൈയ്യിൽ ഖുർആനും ഏന്തിയാണ് പ്രബോധനം നടത്തിയത്' എന്നാണ്. ജോർജ് സെയിൽ എഴുതുകയാണ്, 'അനുയായികൾ വർദ്ധിച്ചപ്പോൾ അവിശ്വാസികളെ ആക്രമിക്കാനും അതുവഴി ബിംബാരാധന നശിപ്പിക്കാനും സത്യ മതം സ്ഥാപിക്കാനും ദൈവം തനിക്ക് അനുമതി നല്കിയിട്ടുണ്ടെന്ന് പ്രവാചകൻ അവകാശപ്പെട്ടു.'

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ ഡോ. സി.ജി. ഫാന്തർ എന്ന ക്രിസ്ത്യൻ മിഷണറി ഇസ്‌ലാമിന്റെ പ്രവാചകൻ വ്യാജനാണെന്ന് വരുത്തിത്തീർക്കാൻ വിവാദപരമായ ലഘുലേഖകൾ എഴുതിക്കൊണ്ട് പ്രകോപനം സൃഷ്ടിക്കുകയും സജീവമായ മതപ്രചാരണം നടത്തുകയുമുണ്ടായി. തിരുമേനി(സ)യെപ്പറ്റി False Prophet of Islam (ഇസ്‌ലാമിന്റെ വ്യാജ പ്രവാചകൻ) എന്ന അദ്ദേഹത്തിന്റെ കൃതി വമ്പിച്ച കോലാഹലങ്ങൾക്ക് കാരണമായി. അത്തരമൊരു ലഘുലേഖയുടെ ആമുഖത്തിൽ ഡോ.ഫാന്തർ ഇപ്രകാരം എഴുതിയിരിക്കുന്നതായി കാണാം:

1. 13 കൊല്ലം മുഹമ്മദ് അദ്ദേഹത്തിന്റെ പുതിയ മതം അനുരഞ്ജനത്തിന്റെയും സഹനത്തിന്റെയും മാർഗ്ഗത്തിൽ പ്രബോധിച്ചു.



2. ഇപ്പോൾ (മദീനയിൽ) അദ്ദേഹം 'അന്നബിയ്യു സ്സൈഫ്' (വാളേന്തിയ പ്രവാചകൻ) ആയി മാറി. അതിൽ പിന്നെ ഇസ്‌ലാമിന്റെ ഏറ്റവും വലിയ പ്രചാരണായുധം വാളായി മാറി.

3. നാം മുഹമ്മദിന്റെ അനുയായികളുടെ പെരുമാറ്റം പഠിക്കുകയാണെങ്കിൽ ഒരു കാര്യം മനസ്സിലാകും. ഒരു മതത്തെയോ ഒരു ധർമ്മസംഹിതയെയോ പിന്തുടരുക എന്നത് അവരെസ്സംബന്ധിച്ചേടത്തോളം നിർബന്ധമുള്ള കാര്യമല്ല. ദൈവം അവരോട് ആവശ്യപ്പെടുന്നത് ഒന്നുമാത്രം. ദൈവത്തിനു വേണ്ടി പൊരുതുക. അതായത് വാൾ, അമ്പ്, കഠാരി, കൃപാണം എന്നീ അയുധങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള ഒടുങ്ങാത്ത മനുഷ്യഹത്യ തന്നെ. [2]

ഈ ഉദ്ഘാതത്തിനു ശേഷം ഡോ.ഫാന്തർ ഉപസംഹരിക്കുന്നത് കാണുക. 'നിങ്ങൾ ഇവരിൽ രണ്ടു പേരിലൊരാളെ തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ വചനമായ യേശുവിനെയോ അതല്ല അബ്ദുല്ലായുടെ മകനായ ഹദ്റത്ത് മുഹമ്മദിനെയോ. തന്റെ ആയുഷ്കാലം സാത്വികമായ ജീവിതത്തിനു വേണ്ടി സമർപ്പിച്ച ഒരാളെയോ അതല്ല വാളിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരാളെയോ.[3]

അലോയ് സ്പ്രേംഗർ (Aloy Spranger), ഹെൻട്രി കോപേ (Henry Copey) മുതലായ ഇസ്‌ലാമിന്റെ നിരവധി വിമർശകർ ഇസ്‌ലാമിനെയും പ്രവാചകനെയും നിന്ദിക്കാൻ മേൽപറഞ്ഞ രീതിയാണ് അവലംബിച്ചത്. വാഷിംങ്ടൺ ഇർവിംങ് (Washington Irving) ഒരടികൂടി മുന്നോട്ടു പോയി. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പുറം ചട്ടയിൽത്തന്നെ ഒരു കയ്യിൽ ഖുർആനും മറുകൈയ്യിൽ വാളുമായി നിൽക്കുന്ന പ്രവാചകന്റെ ഭാവനാചിത്രം വരച്ചു വെക്കുകയുണ്ടായി. [4]

മുകളിലുദ്ധരിച്ച വിമർശനങ്ങളും മൗലാനാ മൗദൂദിയുടെ 'അൽ ജിഹാദു ഫിൽ ഇസ്‌ലാം' എന്ന കൃതിയിൽ നിന്ന് ഉദ്ധരിച്ച ഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ പ്രവാചകന്റെ വിമർശകൻമാർ മൗദൂദി സാഹിബുമായി യോജിച്ച് പോകുന്നതായിക്കാണാം. ഇസ്‌ലാമിന്റെ വിമർശകൻമാരായ ഓറിയന്റലിസ്റ്റുകളും മൗലാനാ മൗദൂദിയും ഇസ്‌ലാമിനു കലാപത്തിന്റെ മുഖമുണ്ടായിരുന്നു എന്ന അഭിപ്രായത്തിൽ യോജിക്കുന്നു. ഈ വിശ്വാസമുണ്ടായിട്ടും മൗലാനാ ഇസ്‌ലാമിൽ അടിയുറച്ചു വിശ്വസിക്കുന്നു. ഓറിയന്റലിസ്റ്റുകളാവട്ടെ,

ഇസ്‌ലാമിനെ നിരാകരിക്കുകയും ചെയ്യുന്നു എന്നതാണ് വ്യത്യാസം. വാക്കുകളുടെ നേരിയ വ്യത്യാസമുണ്ടെങ്കിലും ഡോ. ഫാന്തറുടെയും മൗലാനാ മൗദൂദിയുടെയും അഭിപ്രായങ്ങൾ ഒന്നുതന്നെയാണ്. മൗലാനാ മൗദൂദിയുടെ ഉദ്ധരണികളും ഫാന്തറുടെ 1,2,3 ഖണ്ഡികകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒരാൾ തന്റെ അഭിപ്രായങ്ങളിലൂടെ ഒരു മുസ്‌ലിമിന്റെ ഇസ്‌ലാമിനോടുള്ള ബഹുമാനം പ്രകടിപ്പിക്കുമ്പോൾ അപരൻ ഒരു നിശിത വിമർശകന്റെ നിന്ദ പ്രകടിപ്പിക്കുന്നു.

ഓറിയന്റലിസ്റ്റുകളുടെ വിദ്വേഷ കലുഷിതവും ഹൃദയഭേദകവുമായ പ്രവാചക വിരോധത്തിൽ അത്ഭുതപ്പെടാനില്ല. അവരുടെ വിമർശനങ്ങൾ അജ്ഞതയിൽ നിന്നുത്ഭവിച്ചതാവാം. പക്ഷേ, പലപ്പോഴും അവ കരുതിക്കൂട്ടിയുള്ള ദ്രോഹബുദ്ധിയുടെ ഫലമാണ്. പരിണതപ്രജ്ഞരായ ചരിത്രകാരൻമാർ പോലും ഇസ്‌ലാമിനോടുള്ള വിരോധം മനസ്സിൽ വെച്ചാണ് ചരിത്ര രചന നടത്തുന്നത്. പക്ഷേ, അജ്ഞത കൊണ്ടോ അഹങ്കാരം കൊണ്ടോ തിരുനബി(സ)യുടെ യഥാർത്ഥ അനുയായി എന്ന് അവകാശപ്പെടുന്ന ഒരാളുടെ രചനകളിൽ നിന്നാണ് ഇത്തരം വികല്പങ്ങൾ പുറപ്പെടുന്നതെങ്കിൽ അതാണല്ലോ ഏറ്റവും വേദനാജനകമായത്. പ്രാകൃതനെപ്പോലെ ഖഡ്ഗപാണിയായി വന്ന് ശക്തിയുടെ ബലത്താൽ ഇസ്‌ലാമിലേക്ക് ആളെ ച്ചേർക്കുകയും വെട്ടിപ്പിടിക്കുകയും ചെയ്ത മനുഷ്യൻ എന്ന നിലക്കാണ് അദ്ദേഹം ഇസ്‌ലാമിന്റെ ഹൃദയാലുവായ പ്രവാചകനെ അവതരിപ്പിക്കുന്നത്.

മനുഷ്യഹൃദയങ്ങളെ കവർന്നെടുത്ത ഇസ്‌ലാമിന്റെ ആത്മീയ ലാവണ്യവും ഇസ്‌ലാമിൽ അന്തർഹിതമായ ആത്മീയ പ്രഭാവവും എന്താണെന്ന് മൗലാനാ മൗദൂദിക്കറിയില്ല. ഭൂതകാലത്തിലും വർത്തമാനകാലത്തിലും അതിന്റെ ആത്മീയ ശക്തികൊണ്ടുമാത്രം ഹൃദയങ്ങളെ കീഴടക്കാൻ കഴിയുമെന്ന വസ്തുത അദ്ദേഹത്തിനു ബോധ്യം വന്നിട്ടില്ല. അദ്ദേഹം എഴുതുകയാണ്:

> **മനുഷ്യബന്ധങ്ങളും കൂട്ടായ്മകളും അന്യോന്യം ഉദ്ഗ്രഥിതമാണ്. അതുകൊണ്ട് ഒരു രാഷ്ട്രത്തിന്റെ അയൽ രാഷ്ട്രങ്ങളും തങ്ങളുടെ അതേ ആദർശം സ്വീകരിക്കുന്നതുവരെ ആ രാഷ്ട്രത്തിന് അതിന്റെ സിദ്ധാന്തമനുസരിച്ച് പ്രവർത്തിക്കാൻ പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് മുസ്‌ലിം ഗ്രൂപ്പുകൾ ഒരു ഇസ്‌ലാമിക രാഷ്ട്രം അവരുടെ ഭൂപരിധിയിൽ**



> **സ്ഥാപിച്ചു കൊണ്ട് അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല. അവരുടെ വിഭവങ്ങൾക്കനുസരിച്ച് രാഷ്ട്രത്തെ നാലുഭാഗത്തേക്കും വികസിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. മുസ്‌ലിംകൾ ഒരു ഭാഗത്ത് അവരുടെ ആശയ പ്രചാരണം നടത്തുകയും മറുഭാഗത്ത് ജനങ്ങളെ തങ്ങളുടെ ആദർശം സ്വീകരിക്കാൻ ക്ഷണിക്കുകയും വേണം. കാരണം മോക്ഷം നിലകൊള്ളുന്നത് അതിൽ മാത്രമാണ്. അവരുടെ ഇസ്‌ലാമിക രാഷ്ട്രത്തിനു ശക്തിയും വിഭവവുമുണ്ടെങ്കിൽ മറ്റു അനിസ്‌ലാമിക രാഷ്ട്രങ്ങളെ യുദ്ധം ചെയ്ത് നശിപ്പിക്കേണ്ടതും അവിടെ ഇസ്‌ലാമിക ഭരണകൂടം സ്ഥാപിക്കേണ്ടതുമാണ്.** [5]

പ്രവാചകനെയും ഇസ്‌ലാമിനെയും കുറിച്ചുള്ള വില്യം മുയിറിന്റെ വികല വീക്ഷണങ്ങളെയാണ് മൗലാനാ മൗദൂദി ഇവിടെ പിന്തുണക്കുന്നത്. ഇസ്‌ലാമിന്റെ പ്രവാചകൻ വ്യാജനാണെന്ന് [6] വരുത്തിത്തീർക്കാൻ ഡോ. ഫാന്തറുടെ അഭ്യർത്ഥന പ്രകാരം വില്യംമുയിർ രചിച്ച പ്രവാചകന്റെ ജീവചരിത്രത്തിൽ അദ്ദേഹം എഴുതുകയാണ്:

> **'മുഹമ്മദിന്റെ വാളും ഖുർആനും മനുഷ്യനാഗരികതക്കും സ്വാതന്ത്ര്യത്തിനും സത്യത്തിനുമെതിരെ ഇന്നോളം അറിയപ്പെട്ടിട്ടുള്ള ഏറ്റവും കൊടിയ ശത്രുക്കളാണ്.'** [7]

ഇസ്‌ലാമിനെക്കുറിച്ചുള്ള ഇത്തരമൊരു വികലചിത്രത്തിന്റെ സ്വാധീന വലയത്തിലായിരിക്കണം, ഗാന്ധിജി തന്റെ ആദ്യനാളുകളിൽ ഇങ്ങനെ പറഞ്ഞത്.

> **'ഇസ്‌ലാം കലാപസാന്ദ്രമായ ഒരു അന്തരീക്ഷത്തിലാണ് ജന്മമെടുത്തത്. ആ കാലത്ത് വാളായിരുന്നു നിർണായകശക്തി. ഇക്കാലത്തുപോലും സ്ഥിതി അങ്ങനെത്തന്നെയാണ്.'**

പക്ഷേ, ഗാന്ധിജി അസാമാന്യമായ അന്തർദൃഷ്ടിയുള്ള ഒരു നിരീക്ഷകനായിരുന്നു. പിൽക്കാലത്ത് അദ്ദേഹം സ്വയംതന്നെ ആ അഭിപ്രായം തിരുത്തുകയുണ്ടായി.

> **'ഞാൻ കൂടുതൽ പഠിച്ചു. കൂടുതൽ കണ്ടെത്തുകയും ചെയ്തു. അതായത് ഇസ്‌ലാമിന്റെ ബലം സ്ഥിതി ചെയ്യുന്നത് ഖഡ്ഗത്തിന്മേലല്ല'** എന്ന് 'യംഗ് ഇന്ത്യ'യിൽ അദ്ദേഹം എഴുതി.

ആര്യസമാജക്കാരനായ പണ്ഡിറ്റ് ജ്ഞാനേന്ദ്ര ദേവശർമ ശാസ്ത്രി തന്റെ വസ്തുനിഷ്ഠമായ പഠനങ്ങൾക്കുശേഷം ഗാന്ധിജിയെപ്പോലെ ചില തിരിച്ചറിവുകളിൽ എത്തിച്ചേരുകയുണ്ടായി. അദ്ദേഹം എഴുതി:

**"ഹിന്ദു മുസ്‌ലിം കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്ന പക്ഷപാതിത്വമുള്ള ഇസ്‌ലാമിക വിമർശകർ, ഹദ്റത്ത് മുഹമ്മദിനു മദീനയിൽ വെച്ച് അധികാരം ലഭിച്ചപ്പോൾ കാരുണ്യത്തിന്റെയും ദയയുടെയും കപടഭാവം നിലനിറുത്താൻ കഴിഞ്ഞില്ലെന്ന് പറയുന്നു. അവിടെ അദ്ദേഹം ശക്തിയും ഹിംസയും പ്രയോഗിച്ചു. തന്റെ ചിരകാല ജീവിതാഭിലാഷമായ അധികാരവും സ്ഥാനവും സമ്പത്തും സ്വായത്തമാക്കാൻ പിന്നീട് നരമേധക്കാരനായ പ്രവാചകനായി മാറി. അദ്ദേഹം അതിശീഘ്രം തന്റെ സഹനത്തിന്റെയും മിതത്വത്തിന്റെയും ആദർശങ്ങളിൽ നിന്നു വ്യതിചലിച്ചു എന്നിങ്ങനെ പോവുന്നു അവരുടെ ആക്ഷേപം. നിരീക്ഷകരുടെ വീക്ഷണം മുൻവിധിയോടുകൂടിയതും വിഭാഗീയവുമാണ്. ഇക്കൂട്ടർ സങ്കുചിതമനസ്കരും അജ്ഞതയുടെ മൂടികളാൽ ദൃഷ്ടിമറക്കപ്പെട്ടവരുമാണ്. അവർ പ്രകാശത്തിനു പകരം അഗ്നിജ്വാലയാണ് ദർശിക്കുന്നത്. സൗന്ദര്യത്തിനു പകരം വൈരൂപ്യത്തിലും നന്മക്ക് പകരം തിന്മയിലും അവരുടെ നയനങ്ങൾ പതിയുന്നു. മഹിതമായ എല്ലാ ഗുണസൗഷ്ഠവങ്ങളും അധമമായ തിന്മകളായി ഇക്കൂട്ടർ അവതരിപ്പിക്കുന്നു. അത് അവരുടെ തന്നെ അധഃപതനത്തിന്റെ പ്രതിഫലനമാകുന്നു...."**

"വിമർശകൻമാർ അന്ധരാണ്. മുഹമ്മദ് കയ്യിലേന്തിയ ഒരേയൊരു വാൾ മാത്രം അവർക്ക് കാണുവാൻ സാധിക്കുന്നില്ല. ആ വാൾ കനിവിന്റെയും കാരുണ്യത്തിന്റെയും ഭ്രാതൃത്ത്വത്തിന്റെയും പൊറുമയുടേതുമായിരുന്നു. ആ ആയുധമായിരുന്നു ശത്രുവിനെ ജയിച്ചടക്കിയതും അവരുടെ ഹൃദയങ്ങളെ വിമലമാക്കിയതും. ഉരുക്കു ഖഡ്ഗത്തേക്കാൾ മൂർച്ചയേറിയതായിരുന്നു പ്രവാചകൻ സ്വായത്തമാക്കിയ ഈ വാൾ." [8]

നിങ്ങൾ നോക്കൂ. മഹാത്മാ കൃഷ്ണന്റെ അനുയായിയായ ഒരാളുടെയത്രയെങ്കിലും തിരുപ്രവാചകന്റെ(സ) അനുയായിയായ മൗലാനാ മൗദൂദി പ്രവാചകനോട് നീതി പുലർത്തേണ്ടതായിരുന്നു എന്ന് ആഗ്രഹിച്ചു പോകുന്നു. അമുസ്‌ലിം സഹോദരൻമാർ ഇസ്‌ലാമിനെപ്പറ്റി പഠിക്കുകയും പ്രവാചകൻ മഹാമനസ്കനും ദയാലുവുമാണെന്ന് മനസ്സിലാക്കുകയും മാത്രമല്ല, മാനുഷിക മൂല്യങ്ങളുടെ ഉത്കൃഷ്ട പ്രതീകമാണ് അദ്ദേഹമെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. 'സദ് ഉപദേശി'ന്റെ എഡിറ്ററായ മറ്റൊരു ഹിന്ദു സഹോദരൻ എഴുതുന്നു:



**"ചിലയാളുകൾ പറയുന്നു, ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടാണെന്ന്. പക്ഷേ നമുക്കതിനോട് യോജിക്കാൻ വയ്യ. മനുഷ്യരിൽ എന്തൊന്നിനെയാണോ അടിച്ചേല്പ്പിക്കുന്നത് അത് ഉടൻ തന്നെ നിരാകരിക്കപ്പെടും. ബലാൽക്കാരേണയാണ് ഇസ്‌ലാം അടിച്ചേല്പ്പിക്കപ്പെട്ടതെങ്കിൽ ഇസ്‌ലാം എന്ന മതം ഇപ്പോൾ ഉണ്ടാകുമായിരുന്നില്ല. പ്രവാചകന് ആത്മീയ തേജസ്സ് ഉണ്ടായിരുന്നു. മാനവസമൂഹത്തെ അദ്ദേഹം അഗാധമായി സ്നേഹിച്ചു. പരമോന്നതനായ ഏക ദൈവം എന്ന പരമതത്ത്വത്താൽ നയിക്കപ്പെടുകയും ചെയ്തു."** [9]

ആര്യ സമാജക്കാരുടെ മുസ്‌ലിം വിരുദ്ധ മനോഭാവം ഏറെ സ്പഷ്ടമാണല്ലോ. അതിന്റെ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി ഇസ്‌ലാമിന്റെയും പ്രവാചകന്റെയും കടുത്ത വിമർശകനായിരുന്നു. എന്നിട്ടും ആര്യസമാജത്തിന്റെ ആഭിമുഖ്യത്തിൽ ലാഹോറിൽ ചേർന്ന ഒരു യോഗത്തിൽ ഒരു ഹിന്ദു സഹോദരൻ നടത്തിയ പരമാർശം ഇങ്ങനെയാണ്. വേദിക് മാഗസ്സിന്റെ പത്രാധിപരും ഗുരുകുലത്തിലെ ഒരു മുൻ പ്രൊഫസറുമായിരുന്ന കാൻഗ്രി രാംദേവ് പറഞ്ഞു.

**"മദീനയിലിരുന്നുകൊണ്ട് മുഹമ്മദ് സാഹിബ് അറബികളെ തന്റെ മാന്ത്രിക വലയത്തിലൊതുക്കിക്കളഞ്ഞു. അദ്ദേഹം അവരിൽ ആത്മീയ ശക്തി നിറച്ചു; മനുഷ്യരിൽ നിന്നു ദേവൻമാരെ സൃഷ്ടിച്ചെടുത്ത ആ ശക്തി... ഇസ്‌ലാം വാളിന്റെ ശക്തിയാൽ പ്രചരിച്ച മതമാണെന്ന് പറയുന്നത് ശരിയല്ല. ഇസ്‌ലാംമത പ്രബോധനത്തിനുവേണ്ടി ഒരിക്കലും വാൾ പ്രയോഗിക്കപ്പെട്ടിട്ടില്ല എന്നത് ഒരു വസ്തുതയത്രെ. മതം ബലപ്രയോഗം കൊണ്ട് പ്രചരിപ്പിക്കാമെങ്കിൽ ഇക്കാലത്ത് ആരെങ്കിലും അതൊന്ന് പരീക്ഷിച്ചു നോക്കട്ടെ."** [10]

ഈ ഉദ്ധരണിയിലെ അവസാന വാചകം ആരും ഇതുവരെ ഏറ്റെടുക്കാത്ത ഒരു വെല്ലുവിളിയാണ്. മൗലാനാ മൗദൂദിക്ക് പോലും ഈ വെല്ലുവിളി സ്വീകരിക്കാൻ സാധ്യമല്ല. ആയുധികൾക്ക് അവിശ്വാസത്തിൽ നിന്നു വിശ്വാസത്തിലേക്ക് പരിവർത്തിപ്പിക്കാൻ സാധ്യമല്ല. മുഹമ്മദ് നബി(സ)ക്ക് മുമ്പേ പ്രവാചകൻമാരുടെ സുദീർഘമായ ശൃംഖലകൾ ചരിത്രത്തിൽ ദർശിക്കാം. സത്യമതം പ്രബോധനം ചെയ്ത എല്ലാ പ്രവാചകൻമാരേയും ശത്രുക്കൾ വാൾബലം കൊണ്ട് നശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നത് ഒരു ചരിത്ര വസ്തുതയാണ്. പക്ഷേ, സത്യമതങ്ങൾ മനുഷ്യ ഹൃദയങ്ങളെ കീഴടക്കി വാളിനെ

അതിജീവിക്കുകയും വാൾ പരാജയപ്പെടുകയുമാണുണ്ടായത്. ലോകത്തവതരിച്ച എല്ലാ പ്രവാചകൻമാരും ഖഡ്ഗ ശക്തിക്കെതിരെ നിലകൊണ്ടുവെങ്കിൽ എന്തുകൊണ്ട് മുഹമ്മദ് നബി(സ) മാത്രം മറ്റൊരു മാർഗ്ഗം സ്വീകരിക്കുകയും മർദ്ദകരുടെ ഉപകരണമായ വാൾ കൈയ്യിലെടുക്കുകയും ചെയ്തു? ബലപ്രയോഗം കൊണ്ടാണ് തിരുനബി (സ) ജനങ്ങളുടെ വിശ്വാസം മാറ്റിയത് എന്ന ആരോപണം ആത്മീയ തേജസ്സ്വിയായ ആ മഹാത്മാവിനെതിരെ ഉന്നയിക്കുന്ന പൊറുക്കപ്പെടാത്ത അപരാധമാണെന്നതിൽ സംശയമില്ല.

മറ്റൊരു അമുസ്‌ലിം പണ്ഡിതനായ ഡോ. ഡി. ഡബ്ളിയു. ലെയിറ്റ്സ് (Dr.D.W. Leitz) ഇത്തരം വ്യാജാരോപണങ്ങളോട് വിയോജിച്ചു കൊണ്ട് ഖുർആനെ അടിസ്ഥാനമാക്കിപ്പറയുന്നത് ശ്രദ്ധേയമാണ്:

**ബലപ്രയോഗം മുഖേനയും ഇസ്‌ലാം പ്രചരിപ്പിക്കലാണ് ജിഹാദിന്റെ ഉദ്ദേശ്യം എന്ന് തെളിയിക്കാൻ മുന്നോട്ടു വെച്ച വാദമുഖങ്ങളെല്ലാം വിശുദ്ധ ഖുർആന് എതിരാണ്. ഖുർആൻ പറയുന്നു: ചർച്ചും, സിനഗോഗും,മഠങ്ങളും, മസ്ജിദും സംരക്ഷിക്കാൻ വേണ്ടി മാത്രമാണ് ജിഹാദ് നടത്തുന്നത്.** [11]

പ്രവാചകന് നേരെ ഉന്നയിക്കപ്പെടുന്ന ദുരാരോപണങ്ങൾക്ക് ഒരു തികഞ്ഞ മറുപടിയാണിത്. തിരുനബി(സ) വാൾ കൈയ്യിലേന്തിയതായി ചിത്രീകരിക്കുന്ന മുസ്‌ലിംകൾ വിശുദ്ധ ഖുർആന്റെ ഈ ചോദ്യത്തിനുത്തരം നല്കട്ടെ.

**അവർ ഈ ഖുർആനെക്കുറിച്ച് ചിന്തിക്കുന്നില്ലേ? അല്ലെങ്കിൽ അവരുടെ ഹൃദയങ്ങൾ അടക്കപ്പെട്ടുപോയോ? (47:25)**

തഫ്ഹീമുൽ ഖുർആൻ എന്ന പേരിൽ ഖുർആന് ബൃഹത്തായ വ്യാഖ്യാനമെഴുതിയ മൗലാനാ മൗദൂദിയുടെ ദൃഷ്ടിയിൽ അനേകം തവണ ഈ ഖുർആൻ ആയത്ത് പെട്ടിട്ടുണ്ടാവും. പക്ഷേ, രാഷ്ട്രീയ ലക്ഷ്യത്തോടെ ഖുർആൻ വ്യാഖ്യാനിച്ചാൽ അത് വ്യാഖ്യാതാവിനെ വഴികേടിലേക്ക് നയിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടില്ലേ? മൗലാനാ വീണ്ടും എഴുതുന്നു:

**'അറേബ്യയിൽ ആദ്യമായി മുസ്‌ലിം പാർട്ടി രൂപവത്ക്കരിച്ച് പ്രാവർത്തികമാക്കിയ സന്ദർഭത്തിൽ പ്രവാചകനും നേർമാർഗ്ഗം പ്രാപിച്ച ഖലീഫമാരും കൈക്കൊണ്ട നിയമമിതായിരുന്നു. ഇതിനുശേഷം പ്രവാചകൻ ഇസ്‌ലാമിലേക്ക്**



**ക്ഷണിച്ചുകൊണ്ട് എല്ലാ അയൽനാടുകളിലേക്കും സന്ദേശമയച്ചു. പക്ഷേ, ഈ സന്ദേശം സ്വീകരിച്ചുവോ അതല്ല തിരസ്കരിച്ചുവോ എന്നറിയാൻ അദ്ദേഹം കാത്തുനിന്നില്ല. ഉടനെ അദ്ദേഹം ശക്തി സംഭരിച്ച് റോമാ സാമ്രാജ്യത്തിനെതിരെ ആഞ്ഞടിച്ചു. പ്രവാചകനു ശേഷം അബൂബക്കറാണ് പാർട്ടിയുടെ നേതാവായത്. അദ്ദേഹം റോമിനെയും പേർഷ്യയെയും ആക്രമിച്ചു. അവസാനം ഉമർ വിജയിക്കുകയും ചെയ്തു.** [12]

വാസ്തവത്തിൽ ഇത് മറ്റെല്ലാ അമുസ്‌ലിം രാഷ്ട്രങ്ങൾക്കുമെതിരെയുള്ള യുദ്ധ പ്രഖ്യാപനമാണ്. മുസ്‌ലിം രാഷ്ട്രങ്ങൾ ബലഹീനരായിരിക്കുമ്പോഴാണ് അമുസ്‌ലിം രാഷ്ട്രങ്ങൾ സുരക്ഷിതരായിരിക്കുക എന്ന ധാരണയാണ് ഇത് ഉളവാക്കുന്നത്. കമ്യൂണിസ്റ്റ് മാർക്സിയൻ ചരിത്രകാരന്റെ അഭിപ്രായമാണതെങ്കിൽ അതേക്കുറിച്ച് വീണ്ടും ചിന്തിക്കാൻ മിനക്കെടുമായിരുന്നില്ല. പക്ഷേ, പ്രമാണികനാണെന്ന് ഗണിക്കപ്പെടുന്ന മൗലാനാ മൗദൂദിയുടെ സുചിന്ത്യങ്ങളായ അഭിപ്രായമാണിത്. തീർച്ചയായും വില്യം മുയിർ, ഡോ. ഫാന്തർ, സ്മിത്ത് എന്നീ ഇസ്‌ലാം വിരോധികളായ ചരിത്രകാരൻമാരുടെ പ്രവാചക വിമർശനത്തേക്കാൾ അപമാനകരമാണ് മൗലാനാ മൗദൂദിയുടേത്. മേൽ ഉദ്ധരണി മൗലാനായുടെ ഉർദുവിലുള്ള രചനകളിൽ നിന്നു നേരിട്ട് വിവർത്തനം ചെയ്തതാണ്. 'മുസ്‌ലിം പാർട്ടി' എന്ന പദം മൗലാനാ മൗദൂദി 'മുസ്‌ലിം ഉമ്മത്തിനെ' ഒരു രാഷ്ട്രീയപ്പാർട്ടി എന്ന നിലയിലേക്ക് തരംതാഴ്ത്താൻ വേണ്ടി ബോധപൂർവ്വം പ്രയോഗിച്ചതാണ്. 'മുസ്‌ലിം ഉമ്മ', ' മുസ്‌ലിം പാർട്ടി' എന്നീ രണ്ട് പദങ്ങളുടെയും അർഥഭേദങ്ങളെപ്പറ്റി മൗലാനാ മൗദൂദിക്ക് വേണ്ടതിലധികം അറിയാം. അദ്ദേഹത്തിന്റെ മറ്റൊരു പുസ്തകത്തിൽ പറയുന്നു:

**'പാർട്ടി എന്നതിനു ഖുർആൻ ഉപയോഗിച്ച മറ്റൊരു പദമാണ് 'ഉമ്മ' എന്ന്** [13]

മുസ്‌ലിംകളെ ഒരു രാഷ്ട്രീയപ്പാർട്ടിയായി പരാവർത്തനം ചെയ്യുന്ന മൗലാനാ മൗദൂദി ഉപബോധ മനസ്സിന്റെ പ്രേരണകൊണ്ടോ അല്ലെങ്കിൽ കരുതിക്കൂട്ടിയോ തിരുനബി(സ)യെ ഒരു രാഷ്ട്രീയ നേതാവായി ചിത്രീകരിക്കുകയാണ്. രാഷ്ട്രീയക്കാരന്റെ ധാർമ്മിക നീതിയാണ് അദ്ദേഹം പ്രവാചകനിൽ ആരോപിക്കുന്നത്. മൗലാനക്കല്ലാതെ ഇങ്ങനെയൊരു വാചകം തിരുമേനി(സ)യെപ്പറ്റി എഴുതാൻ മറ്റാർക്കാണു കഴിയുക?

**“ഇതിനുശേഷം പ്രവാചകൻ ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ട് എല്ലാ അയൽ നാടുകളിലേക്കും സന്ദേശമയച്ചു. പക്ഷേ, ഈ സന്ദേശം സ്വീകരിച്ചുവോ അതല്ല തിരസ്കരിച്ചുവോ എന്നറിയാൻ അദ്ദേഹം കാത്തുനിന്നില്ല. ഉടനെ അദ്ദേഹം ശക്തി സംഭരിച്ച് റോമാ സാമ്രാജ്യത്തിനെതിരെ ആഞ്ഞടിച്ചു.”**

ഹിറ്റ്ലറെപ്പോലെ അയൽ നാടുകളിലേക്ക് പട നയിച്ച് അധിനിവേശം നടത്തിയ ഒരു കുറ്റവാളിയായിരുന്നു പ്രവാചകനെന്ന് [14] (നഊദുബില്ലാഹ്) വരുത്തിക്കൂട്ടുന്ന പരാമർശങ്ങൾ ഒരു മുസ്ലിം പണ്ഡിതൻ ഉന്നയിക്കുക എന്നത് അത്ഭുതകരമായിരിക്കുന്നു. പ്രവാചകൻ സമാധാനത്തിന്റെ രാജകുമാരനായിരുന്നു. അദ്ദേഹം ഒരിക്കലും ഒരു പടയോട്ടക്കാരനായിരുന്നില്ല. മൗലാനാ മൗദൂദി അധികാര രാഷ്ട്രീയത്തോട് അഗാധമായി അഭിനിവേശം കാണിച്ച ഒരു പണ്ഡിതനാണ്. അദ്ദേഹത്തിന്റെ അപ്രതിരോധ്യമായ രാഷ്ട്രീയ തൽപരതകാരണം ഇസ്ലാമിന്റെ ചരിത്ര വ്യാഖ്യാനങ്ങൾക്ക് അദ്ദേഹം രാഷ്ട്രീയത്തിന്റെ നിറം നല്കി. എന്നാൽ, ഇസ്ലാമിന് നിലനില്ക്കാൻ രാഷ്ട്രീയ സംവിധാനങ്ങളുടെ ആവശ്യമില്ല എന്നതാണ് യാഥാർത്ഥ്യം.

ഇന്ന് ബംഗ്ലാദേശ് എന്നറിയപ്പെടുന്ന വംഗനാടിന്റെ ചരിത്രം നോക്കൂ. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് മുഗളൻമാരിൽ നിന്നു ബ്രിട്ടീഷുകാർ ബംഗാളിന്റെ ഭരണം കൈയ്യേല്ക്കുന്നത്. അക്കാലത്ത് അവിടെ മുസ്ലിംകൾ അംഗുലീപരിമിതമായ ന്യൂനപക്ഷമായിരുന്നു. 1947 ൽ ബംഗാൾ സ്വതന്ത്രമായപ്പോൾ അവിടുത്തെ ജനസംഖ്യ മുസ്ലിം ഭൂരിപക്ഷമായി മാറുകയുണ്ടായി. ഈ പ്രദേശങ്ങൾ ഒരിക്കലും മുസ്ലിംകളുടെ രാഷ്ട്രീയ നിയന്ത്രണത്തിനു കീഴിൽ വന്നിട്ടില്ലായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് വടക്കേ ഇന്ത്യയിൽ നിന്നു ബംഗാളിലേക്ക് കുടിയേറ്റമുണ്ടാവുകയും ചെയ്തിട്ടില്ല. ഇസ്ലാമിലേക്കുള്ള ശാന്തമായ ഈ പരിവർത്തനത്തിനു കാരണം വംഗഭൂമിയിലൂടെ നടന്നു നീങ്ങിയ മുസ്ലിം പരിവ്രാജക (സൂഫികളുടെ) രുടെ ആത്മീയ പ്രഭാവമായിരുന്നു. കൂടാതെ ബംഗാളിന്റെ വിദൂരസ്ഥമായ കുഗ്രാമങ്ങളിൽ ഇസ്ലാമിന്റെ സന്ദേശവുമായി അലഞ്ഞു നടന്ന നിസ്വാർത്ഥരായ മതപ്രബോധകരും ഗ്രാമങ്ങളിൽ സേവനമനുഷ്ഠിച്ച പള്ളി ഇമാമുകളുമാണ് ഈ പരിവർത്തനത്തെ ത്വരിതപ്പെടുത്തിയത്.



ഈ വിഷയത്തിൽ സർ തോമസ് ആൾനോഡിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. അദ്ദേഹം എഴുതി:

**ഇസ്ലാം ഏറ്റവും മഹനീയവും ചിരസ്ഥായിയുമായ പ്രബോധനമുന്നേറ്റം നടത്തിയത്, അതിന്റെ രാഷ്ട്രീയബലം ഏറ്റവും ദുർബലമായ കാലങ്ങളിലും ദേശങ്ങളിലുമാണ്.** [15]

വംഗനാട്ടിലും മലേഷ്യയിലും ഇന്തോനേഷ്യയിലും ഇസ്ലാം പ്രചരിപ്പിക്കപ്പെട്ടതിന്റെ ചരിത്രം മൗലാനാ മൗദൂദി പഠിച്ചിട്ടില്ല. തുർക്കി- അഫ്ഘാനികളുടേയും, മുഗളരുടേയും പടയോട്ട ചരിത്രങ്ങളിൽ സംത്രാസം കൊണ്ട അദ്ദേഹത്തിനു ലോകത്തിലെ ഏറ്റവും വലിയ മുസ്ലിം രാജ്യമായ ഇന്തോനേഷ്യയിലേക്ക് സുന്ദരമായ ഒരു മന്ദമാരുതനെപ്പോലെ ഇസ്ലാം കടന്നു വന്നതിനെപ്പറ്റി പഠിക്കാൻ നേരം ലഭിച്ചിട്ടുണ്ടാവില്ല. ഇന്തോനേഷ്യയിലേക്ക് ഒരു മുസ്ലിം പടയോട്ടക്കാരനും കടന്നു വന്നില്ല. അവിടെ ഒരിക്കലും സംഘട്ടനമോ കലാപമോ ഇസ്ലാമിന്റെ പേരിൽ ഉണ്ടായിട്ടില്ല. ഇത് തന്നെയാണ് മലേഷ്യയുടെയും ചരിത്രം.

നിഷ്കളങ്കതയുടെ നിരുപമവ്യക്തിത്വമായിരുന്നു തിരുമേനി(സ). പീഢനത്തിന്റെ അറ്റം കണ്ട പ്രവാചക പുംഗവൻ(സ) മനുഷ്യസാധ്യമായ സഹനീയതയുടെ അത്ഭുത ദൃഷ്ടാന്തമായിരുന്നു. പൊറുമയുടെ എല്ലാ അതിരുകളും അവസാനിച്ചപ്പോൾ കാരുണ്യനിധിയായ പ്രവാചകൻ സ്വയം പ്രതിരോധത്തിനു വേണ്ടി മാത്രമാണ് വാളെടുത്തത്. ഈ വിഷയകമായി ഒരു സിക്കുകാരൻ നടത്തിയ വസ്തുനിഷ്ഠമായ നിരീക്ഷണം ശ്രദ്ധിക്കുക.

**“തുടക്കം മുതൽ തന്നെ പ്രവാചകന്റെയും അനുചരൻമാരുടെയും ജീവിതം ശത്രുക്കൾ ദുസ്സഹമാക്കി മാറ്റി. പ്രവാചകൻ തന്റെ സഹചരരോട് സ്വഗേഹം വിട്ടിറങ്ങി മദീനയിലേക്ക് പലായനം ചെയ്യാൻ അരുളുകയുണ്ടായി. പോരിനേക്കാൾ പലായനമായിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടത്. മർദ്ദനം സഹനീയതയുടെ എല്ലാ അതിരുകളും ഭേദിച്ചപ്പോൾ മാത്രമാണ് അദ്ദേഹം സ്വയം പ്രതിരോധിക്കാൻ വാൾ കൈയ്യിലെടുത്തത്. മതം പ്രചരിപ്പിക്കാൻ വാൾ ഉപയോഗിച്ചുവെന്ന് കരുതുന്നവർ ശുദ്ധ വിഡ്ഢികളാണ്. അവർക്ക് മതത്തിന്റെ വഴിയുമറിയില്ല, ലോകത്തിന്റെ വഴിയുമറിയില്ല. സത്യത്തിൽ നിന്നു സഹസ്രകാതം അകലെ കിടക്കുന്ന അവർ തങ്ങളുടെ മൂഢവിശ്വാസത്തിൽ അഹങ്കരിക്കുകയും ചെയ്യുന്നു.”** [16]

ഇപ്പോൾ ആർക്കാണ് ഇസ്‌ലാമിനെപ്പറ്റി കൂടുതൽ ജ്ഞാനം. ഈ സിക്കു പത്രപ്രവർത്തകനോ അതല്ല - മിസാജെ ശഹനാസെ നുബുവ്വത്ത്-എന്ന് സ്വയം കരുതുന്ന പണ്ഡിതനോ?

---

## കുറിപ്പുകൾ

*A **മൗലാനാ അബുൽ അഅ്‌ലാ മൗദൂദി:** ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ. അവിഭക്ത ഇന്ത്യയിലെ നാട്ടു രാജ്യമായ ഹൈദരാബാദിലായിരുന്നു മൗദൂദിയുടെ ബാല്യകാലം. അദ്ദേഹത്തിന്റെ പിതാവിന്റെ മരണം കാരണം യുവാവായ മൗദൂദിക്ക് സെക്കണ്ടറി സ്ക്കൂൾ വിദ്യാഭ്യാസം നിറുത്തേണ്ടി വന്നു. കുറച്ചു കാലം ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന് കീഴിലുള്ള 'അൽജമീയ്യ' ദിനപത്രത്തിൽ പത്രാധിപരായി ജോലി നോക്കി. 1928ൽ അദ്ദേഹം അതിന്റെ പത്രാധിപ സ്ഥാനം രാജിവെച്ചു. പിന്നീട് ദേവ്ബന്ദ് പണ്ഡിതന്മാരുടെ കൂടെ ദീർഘകാലം പ്രവർത്തിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ അദ്ദേഹം ഇസ്‌ലാമിക ദൈവശാസ്ത്രം പഠിക്കാൻ സ്വയം സമർപ്പിതനായി. സ്വയംതന്നെ മതവിജ്ഞാനീയവും അറബിയും ഇംഗ്ലീഷും പഠിച്ചു. ഈ പഠനത്തിനു പുറമെ ഉർദു ഭാഷയിൽ അസാമാന്യവും ശക്തവുമായ ഒരു ഭാഷാ ശൈലിക്കുടമയുമായിരുന്നു അദ്ദേഹം. ഈ ഘടകങ്ങളെല്ലാം കൂടി അദ്ദേഹത്തെ ഒരു പണ്ഡിതനാക്കി മാറ്റി. മുസ്‌ലിം നാട്ടു രാജ്യമായ ഹൈദരാബാദിൽ നഷ്ടപ്രതാപങ്ങളുടെ നടുവിൽ ബാല്യകാലം പിന്നിട്ട മൗദൂദിക്ക് അത് തിരിച്ചുപിടിക്കാനുള്ള പുനരുജ്ജീവന സ്വപ്നങ്ങൾ തന്റെ ബാല മനസ്സിനെ മദിച്ചിട്ടുണ്ടാവണം. രാഷ്ട്രീയ പ്രബുദ്ധമായ മനസ്സുള്ള യുവാവായ മൗദൂദി ചിന്തിച്ചു തുടങ്ങിയ കാലത്താണ് കടുത്ത ദേശീയ രാഷ്ട്രവാദവുമായി ജർമ്മനിയിൽ നാസിസവും ഇറ്റലിയിൽ ഫാഷിസവും ആവേശകരമായ അരങ്ങേറ്റം കുറിച്ചത്. മറ്റൊരു ആശയാധിഷ്ഠിത രാഷ്ട്രമായ കമ്യൂണിസ്റ്റ് റഷ്യ അപ്രതിരോധ്യമായ ഒരു ശക്തിയായി നിലകൊണ്ടതും. ഇതെല്ലാം മൗലാനാ മൗദൂദിയുടെ ചിന്തകളെ സ്വാധീനിച്ചിട്ടുണ്ട് എന്ന് സ്പഷ്ടമാണ്. ദൈവത്തിനുപകരമായി രാഷ്ട്രത്തെ കാണുന്ന ഫാഷിസത്തിന്റെ രാഷ്ട്രവാദവും, കമ്യൂണിസത്തിന്റെ വിപ്ലവദാഹവും, മറ്റ് യൂറോപ്യൻ രാഷ്ട്രീയചിന്തകന്മാരുടെ തത്ത്വങ്ങളും മൗദൂദിയുടെ ഇസ്‌ലാമിക ദർശനത്തിന്റെ അവിഭാജ്യഘടകമായിത്തീർന്നതിന്റെ കാരണവും മറ്റൊന്നല്ല. 1941 ആഗസ്തിൽ മൗദൂദി ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കുകയും അതിന്റെ നേതൃസ്ഥാനത്ത് അവരോധിതനാവുകയും ചെയ്തു. ദേശീയവാദികളുമായുള്ള ഒത്തുതീർപ്പ് സിദ്ധാന്തത്തിന്റെ പേരിൽ അദ്ദേഹം ജംഇയ്യത്തുൽ ഉലമായെ ഹിന്ദിനെതിരെ നിശിതമായ വിമർശനം നടത്തി. അത്തരം ബാന്ധവമുണ്ടാക്കുന്ന അപകടകരമായ മത-സംസ്കാരിക സ്വാംശീകരണം ഹിന്ദുയിസത്തിലേക്കായിരിക്കും നയിക്കുക എന്നദ്ദേഹം വാദിച്ചു. അതേ സമയം ഖായിദെ അഅ്‌സം മുഹമ്മദലി ജിന്നയുടെ പാകിസ്താൻ വാദത്തേയും മുസ്‌ലിം ലീഗിനെയും അദ്ദേഹം എതിർത്തു. 1957ൽ ചില ആരോപണങ്ങളെത്തുടർന്ന് അബുൽ അഅ്‌ലാ മൗദൂദി സാഹിബ്



ജമാഅത്തെ ഇസ്‌ലാമി അമീർ സ്ഥാനം രാജിവെക്കുകയുണ്ടായി. പാകിസ്താൻ വാദത്തെ എതിർത്ത മൗദൂദി സാഹിബ് ഇന്ത്യാപാക് വിഭജനകാലത്ത് പാകിസ്താനിൽ പോകാതെ അതിർത്തി ജില്ലയായ ഗുരുദാസ്പൂരിൽ 'ദാറുൽ ഇസ്‌ലാം' എന്ന പേരിൽ ഒരു സ്വയംഭരണ പ്രദേശമുണ്ടാക്കി പിടിച്ചു നില്ക്കാൻ നോക്കി. പക്ഷേ, അതിർത്തി നിർണ്ണയത്തിനുശേഷം ഗുരുദാസ്പൂർ ഇന്ത്യയിൽ പെട്ടതാണെന്ന പ്രഖ്യാപനമുണ്ടാവുകയും ഇന്ത്യൻ സൈന്യം അവിടെ ആധിപത്യമുറപ്പിക്കുകയും മൗദൂദിയുടെ ദാറുൽ ഇസ്‌ലാം ഗ്രാമം പിടിച്ചെടുക്കുകയും ചെയ്തു. മൗദൂദി സാഹിബ് പ്രാണരക്ഷാർത്ഥം പാകിസ്താനിലേക്ക് ഓടിപ്പോയി. പിന്നീട് പാകിസ്താനിൽ അസ്വസ്ഥതകളും അരക്ഷിതാവസ്ഥയും സൃഷ്ടിക്കാൻ അദ്ദേഹം പല തവണ ശ്രമിക്കുകയുണ്ടായി. 1953ൽ പാകിസ്താനിൽ അരങ്ങേറിയ രക്തരൂഷിതമായ അഹ്മദിയ്യാ വിരുദ്ധ കലാപത്തിന് നേതൃത്വം നല്കിയത് മൗലാനാ മൗദൂദിയായിരുന്നു. ഈ കലാപത്തിന്റെ പേരിൽ പട്ടാളക്കോടതി അദ്ദേഹത്തെ വധശിക്ഷക്ക് വിധിക്കുകയുണ്ടായെങ്കിലും പിന്നീട് വിട്ടയക്കുകയാണുണ്ടായത്. 1979 സെപ്തംബർ 22ന് അദ്ദേഹം അമേരിക്കയിൽ വെച്ച് മരിച്ചു. (വിവ:).

അദ്ധ്യായം 3

# മൗദൂദിയൻ തത്ത്വശാസ്ത്രത്തിന് ഒരു ഖണ്ഡനം

തൊള്ളായിരത്തി ഇരുപതുകളിൽ ഹിന്ദു-മുസ്‌ലിം സംയുക്ത ഖിലാഫത്ത് പ്രസ്ഥാനം പരാജയപ്പെട്ടതിനു ശേഷം ഹിന്ദു നവോത്ഥാന പ്രസ്ഥാനങ്ങൾ ആക്രമണോത്സുകമായ പരിണതിയിലേക്ക് വഴിമാറിപ്പോയി. 1914ൽ പണ്ഡിറ്റ് മദനമോഹനമാളവ്യ (1861-1946) ഹരിദ്വാറിൽ ഹിന്ദു മഹാസഭ സ്ഥാപിക്കുകയും ആര്യസമാജത്തിന്റെ*A ശുദ്ധിപ്രസ്ഥാനത്തിൽ (മുസ്‌ലിംകളായി മാറിയ ഹിന്ദുക്കളെ ഹിന്ദുമതത്തിലേക്ക് പുനഃപരിവർത്തനം ചെയ്യിക്കൽ) അംഗമായിച്ചേരുകയും ചെയ്തു. പഞ്ചാബിൽ ആരംഭിച്ച ശുദ്ധി പ്രസ്ഥാനം യുണൈറ്റ്ഡ് പ്രൊവിൻസിലും (ഇന്നത്തെ യു.പി) ഡക്കാനിലും മാത്രമല്ല ഇന്ത്യയിലെ പല ഭാഗങ്ങളിലേക്കും പടർന്നു കയറി. മുസ്‌ലിംകളെ അവരുടെ അശുദ്ധി കഴുകിക്കളയാൻ നദികളിലും ജലസംഭരണികളിലും നിമഞ്ജനം ചെയ്യാൻ ഹിന്ദുക്കൾ നിർബന്ധം ചെലുത്തിക്കൊണ്ട് വർഗ്ഗീയ കലാപങ്ങൾക്ക് വഴിമരുന്നിടുകയും ചെയ്തു. 1920നും 22നും ഇടയിൽ ഇരുന്നൂറ് വർഗ്ഗീയകലാപങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ലിഖിതരൂപത്തിലും വാചികമായും ഇസ്‌ലാമിനും പരിശുദ്ധ പ്രവാചകർ(സ)ക്കെതിരെയും അതിനിന്ദ്യമായ വിമർശനങ്ങൾ വ്യാപകമായി. വിനാശകരമായ മതവൈകാരികതയുടെ ഈ തരംഗമുന്നേറ്റത്തിൽ എഴുതപ്പെട്ട ശുദ്ധി സാഹിത്യങ്ങളിൽ പ്രവാചകനെതിരെയുള്ള ഹീനമായ ആക്രമണങ്ങൾ നിറഞ്ഞു നിന്നു. ആര്യസമാജ നേതാവായിരുന്ന പണ്ഡിറ്റ് കാളിചന്ദ്ര ശർമ എന്നയാൾ തിരുനബി(സ)യുടെ വൈവാഹിക ജീവിതത്തിലൂന്നിയുള്ള ഒരു വിമർശനഗ്രന്ഥം എഴുതി. 'വിചിത്രജീവൻ' എന്ന ഈ ക്ഷുദ്രകൃതിയിൽ ഇസ്‌ലാം വാൾകൊണ്ട് പ്രചരിച്ച മതമാണെന്ന് സമർത്ഥിച്ചിരുന്നു. പണ്ഡിറ്റ് ശർമ്മയുടെ അഭിപ്രായ പ്രകാരം എല്ലാ മുസ്‌ലിംകളും കൊള്ളക്കാരും, കൊള്ളിവെപ്പിനും, ബലാൽസംഘ



ത്തിനും പ്രവണതയുള്ളവരുമാണ്. 1924 ൽ ലാഹോറിലെ രാജ്പാൽ എന്ന പുസ്തക വ്യാപാരി, ഗ്രന്ഥകാരന്റെ പേരില്ലാതെ ഒരു ഉർദു ലഘുലേഖ അച്ചടിച്ചു പ്രചരിപ്പിക്കുകയുണ്ടായി. 'റംഗീലാ റസൂൽ' (സ്ത്രീജിതനായ റസൂൽ) എന്നായിരുന്നു ഈ നികൃഷ്ട കൃതിയുടെ പേര്. ആ കൃതിയിൽ ലോകത്തുള്ള എല്ലാ മതാചാര്യൻമാരും ഒരു കൂട്ടം ആശയങ്ങളും പ്രതീകങ്ങളുമായി ബന്ധപ്പെട്ടവരാണെന്ന് സ്ഥാപിച്ചിരുന്നു. ഉദാഹരണത്തിന് ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി ബ്രഹ്മചര്യം ജീവിതാദർശമായി സ്വീകരിക്കുകയും വേദങ്ങളുടെ പരിഷ്കരണ സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. അദ്ദേഹത്തെ ഈ വിധത്തിലാണ് തിരിച്ചറിയപ്പെടുന്നത്. അതുപോലെ പ്രവാചകന്റെ ജീവിതവും വിശ്വാസവും സ്ത്രീകളുമായി ബന്ധപ്പെട്ടതാണെന്ന് രാജ്പാൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ആരോപിച്ചിരിക്കുന്നു. രാജ്പാലിനെ പിന്നീട് രണ്ട് മുസ്‌ലിം യുവാക്കൾ വധിക്കുകയും വമ്പിച്ച ഹിന്ദു മുസ്‌ലിം കലാപം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. മറ്റൊരു ഹിന്ദു എഴുത്തുകാരൻ ' റിസാലെ വർത്തമാൻ' എന്ന പ്രസിദ്ധീകരണത്തിൽ ' നരകത്തിലേക്കൊരു യാത്ര ' എന്ന ഒരു ലേഖനമെഴുതുകയുണ്ടായി. പ്രവാചകൻ (സ) നരകത്തിൽ അനുഭവിക്കുന്ന യാതനകളും പാപകൃത്യങ്ങളുടെ വിശദീകരണങ്ങളുമാണതിൽ പ്രതിപാദിച്ചിരിക്കുന്നത്. (നഊദുബില്ലാഹ്- അല്ലാഹുവിൽ അഭയം തേടുന്നു.)

അവിഭക്ത ഇന്ത്യയിലെ അഹ്മദികൾ പരിവർത്തിത മുസ്‌ലിംകളെ ഹിന്ദുക്കളാക്കി പുനഃപരിവർത്തനം ചെയ്യിക്കുന്ന നടപടി അവരുടെ പ്രബോധന പ്രചാരണങ്ങളിലൂടെ തടയുകയുണ്ടായി. മാത്രമല്ല, അന്നത്തെ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമായ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)* മറ്റൊരു നിർമാണാത്മകമായ നടപടി കൂടി എടുക്കുകയുണ്ടായി. മതങ്ങൾക്കിടയിൽ നിലനില്ക്കുന്ന അജ്ഞതയുടെയും മുൻവിധിയുടെയും ഭിത്തികൾ തകർക്കാനും മതങ്ങൾ പരസ്പരം മനസ്സിലാക്കാനും വേണ്ടി ഒരു സർവ്വമത സമ്മേളനം വിളിച്ചു കൂട്ടുവാൻ തീരുമാനിച്ചു. വിവിധ മതസ്ഥരായ പണ്ഡിതന്മാർ അന്യമത ഗുരുക്കൻമാരെപ്പറ്റി പഠിച്ചു പ്രസംഗിക്കുക എന്നതായിരുന്നു മതാചാര്യർ ദിനാചരണത്തിന്റെ (യൗമെ പേശ്വായാനെ മദ്ഹബ്) രീതി. അന്നത്തെ ദിവസം ഒരു മുസ്‌ലിം, ശ്രീകൃഷ്ണനെയോ(അ) ശ്രീബുദ്ധനെയോ(അ) കുറിച്ച് സംസാരിക്കണം. അതുപോലെ ഹിന്ദു സഹോദരൻ നബിതിരുമേനി(സ)യെക്കുറിച്ചും

സംസാരിക്കണം. തത്പരകക്ഷികൾ പ്രചരിപ്പിച്ച തെറ്റുദ്ധാരണകൾ ഇങ്ങനെ അവസാനിക്കുന്നതാണ്. ഇസ്ലാമിനോടുള്ള വിദ്വേഷവും വിരോധവും കത്തിനിന്ന ദൗർഭാഗ്യകരമായ ആ നാളുകൾ തിരുനബി(സ) ലോകത്തിനു നല്കിയ ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശം അമുസ്ലിംകളിൽ പ്രചരിപ്പിക്കലാണ് പരിഹാരമെന്ന് അഹ്മദികൾ വിശ്വസിച്ചു. ആരോപണങ്ങളും വിഭാഗീയവും വിഷലിപ്തവുമായ പ്രചാരണങ്ങളും ഒരിക്കലും മതപ്രബോധന സംരംഭങ്ങളെ വിജയിപ്പിക്കില്ല. മത പ്രബോധകൻ തന്റെ മതത്തിന്റെ നൻമ നിറഞ്ഞ ഭാഗങ്ങളിലായിരിക്കണം ഊന്നൽ നല്കേണ്ടത്. മത ഗുരുക്കൻമാരുടെ സൽക്കീർത്തി സംരക്ഷിക്കാൻ നിയമനിർമാണം നടത്തണമെന്ന് ബ്രിട്ടീഷ് ഗവൺമെന്റിനോട് അഹ്മദിയ്യാ ജമാഅത്തിന്റെ അന്നത്തെ ഇമാം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ആവശ്യപ്പെടുകയുണ്ടായി. ഇതേത്തുടർന്ന് പഞ്ചാബ് ഗവർണ്ണറായിരുന്ന വില്യം ഹെയ്ലി അഹ്മദിയ്യാ ഇമാം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ(റ) നിർദ്ദേശങ്ങൾ കേട്ടതിനു ശേഷം മതഗുരുക്കൻമാരെ അത്യധികമായി നിന്ദിക്കുന്ന സാഹിത്യങ്ങൾ നിരോധിക്കുന്ന നിയമനിർമ്മാണം നടത്തുവാൻ ശിപാർശ ചെയ്തു. [1] അതിന്റെയടിസ്ഥാനത്തിൽ ഇന്ത്യൻ പീനൽകോഡിൽ മതനിന്ദ കുറ്റകരമാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് 295A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. 1927ൽ ആ വകുപ്പ് ബില്ലാക്കി നിയനിർമ്മാണ സഭയിൽ പാസ്സാക്കിയെടുക്കുകയും ചെയ്തു.

ഇന്ത്യൻ മുസ്ലിംകൾ ധാർമ്മികരോഷത്താൽ വിജൃംഭിതരായി. തിരുപ്രവാചകന്മാരെ(സ) നിന്ദിച്ച ശുദ്ധി പ്രസ്ഥാന നേതാവായ സ്വാമി ശ്രദ്ധാനന്ദയെ അബ്ദുർറശീദ് എന്ന എഴുത്തു കലാവിദഗ്ദൻ വധിക്കുകയുണ്ടായി. അബ്ദുർറശീദിനെ വിചാരണ ചെയ്ത് തൂക്കിക്കൊന്നു. ഡൽഹിയിലെ ആയിരക്കണക്കിനു മുസ്ലിംകൾ ജില്ലാജയിലിലെത്തി അബ്ദുർറശീദിന്റെ മൃതദേഹം ഏറ്റുവാങ്ങുകയും ഒരു രക്തസാക്ഷിയുടെ ബഹുമതികളോടെ അദ്ദേഹത്തെ മറമാടുകയും ചെയ്തു. ഹിന്ദുവിനെ വധിച്ച ഘാതകനെ മുസ്ലിംകൾ വാഴ്ത്തിയത് ഹിന്ദുക്കളെ പ്രകോപിപ്പിക്കുകയുണ്ടായി. ഇസ്ലാം ധാർമ്മികതയുടെയും യുക്തിയുടെയും നിരാകരണവും ജിഹാദിലധിഷ്ഠിതമായ ബലപ്രയോഗത്തിന്റെയും കലാപത്തിന്റെയും മതവുമാണെന്ന് അവർ ആക്ഷേപിച്ചു. [2] ആ സമയത്ത് യുവ പത്രപ്രവർത്തകനായ മൗലാനാ മൗദൂദി 'ജംഇയ്യത്തുൽ ഉലമായെ ഹിന്ദി'ന്റെ മുഖപത്രമായ 'അൽ ജംഇയ്യത്ത്'ൽ ഈ ആക്ഷേപങ്ങൾക്ക് ഒരു ലേഖന പരമ്പരയിലൂടെ മറുപടി എഴുതുകയുണ്ടായി. ഈ ലേഖനങ്ങൾ പിന്നീട് 'അൽജിഹാദു ഫിൽ ഇസ്ലാം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് നബി തിരുമേനി(സ) നടത്തിയ യുദ്ധങ്ങൾ പ്രതിരോധത്തിനു വേണ്ടിയുള്ളതായിരുന്നുവെന്ന് മൗലാനാ മൗദൂദി വായനക്കാരനു ബോദ്ധ്യമാവും വിധം വിവരിച്ചിരിക്കുന്നു. മനസ്സാക്ഷി സ്വാതന്ത്ര്യത്തിനു വേണ്ടിയും ഇസ്ലാംമതത്തിന്റെ സമാധാനപരമായ പ്രബോധനത്തിനു തടസ്സം നിന്ന ശക്തികൾക്കെതിരെയും നബിതിരുമേനി(സ) പോരാടിയതായി അദ്ദേഹം സമർത്ഥിക്കുന്നു. ഇസ്ലാം മനസ്സാക്ഷി സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചുവെന്ന് വായനക്കാരന് സംശയലേശമെന്യേ ബോധ്യപ്പെടുത്തിയതിനുശേഷം മൗലാനാ തന്റെ സ്വന്തം വാദത്തിനുമേൽതന്നെ സംശയത്തിന്റെ നിഴൽ പരത്തുന്ന ഒരു അനുബന്ധം എഴുതിച്ചേർക്കുന്നത് കാണുക:

> **ആ മനസ്സാക്ഷി സ്വാതന്ത്ര്യം വിശ്വാസത്തിലും മതത്തിലും മാത്രം പരിമിതപ്പെട്ടതാണ്. അതിന്റെയർത്ഥം ജനങ്ങൾക്ക് തിന്മ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട് എന്നല്ല. ഇസ്ലാം, വിശ്വാസ പരിവർത്തനത്തിന് ബലം പ്രയോഗിക്കുന്നില്ല. പക്ഷേ, ജനങ്ങൾ തെറ്റ് ചെയ്യുന്നതിനെതിരെ ശക്തി പ്രയോഗിക്കാം; എന്നു മാത്രമല്ല ജനങ്ങൾ തെറ്റിലേക്ക് നീങ്ങുമ്പോൾ അത് തടയാൻ വേണ്ടി ശക്തി പ്രയോഗിക്കൽ നിർബന്ധവുമാണ്. അമുസ്ലിം രാഷ്ട്രങ്ങളേയും സംസ്കാരങ്ങളേയും അധാർമിക പ്രവർത്തനങ്ങൾ നടത്താൻ അനുവദിച്ചുകൂടാ. ഈ രാഷ്ട്രങ്ങളെ തിന്മയിൽ നിന്നും മോചിപ്പിക്കുവാൻ ഉപയോഗിക്കപ്പെടുന്ന ശക്തി ജനങ്ങളെ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യിക്കാൻ ഉപയോഗിക്കപ്പെടുന്ന ശക്തിയിൽ നിന്നും തികച്ചും വിഭിന്നമാണ്.**

മൗലാന തന്റെ ഇത്തരം വാദഗതികൾ ന്യായീകരിക്കാൻ വക്രമായ ഒരു രീതിയാണ് അവലംബിക്കുന്നത്. ശക്തി പ്രയോഗിക്കുന്നതിനെ സംബന്ധിച്ച് മൗലാനാ മൗദൂദി കുറച്ചുകൂടി ആഴത്തിലേക്കിറങ്ങി. വിശുദ്ധ ഖുർആനിലെ 9-ാം അദ്ധ്യായത്തിലെ 29-ാം വചനം സന്ദർഭത്തിൽ നിന്നു അടർത്തിയെടുത്ത് അസ്ഥാനത്തുദ്ധരിച്ചു കൊണ്ട് എഴുതുന്നു:

**ജിസ്യ കൊടുക്കുന്നതുവരെ' എന്ന വാക്കുകൾ പൂർണ്ണമായും യുദ്ധത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നു. (തിന്മ തടയൽ). ഈ വാക്കുകൾക്ക് പകരം ഇസ്‌ലാം സ്വീകരിക്കുന്നതുവരെ എന്നെഴുതിയിരുന്നുവെങ്കിൽ ഇസ്‌ലാം മതപ്രചാരണത്തിന് ശക്തി ഉപയോഗിക്കുന്നു എന്നൊരാൾക്ക് അധിക്ഷേപിക്കാമായിരുന്നു. പക്ഷേ 'ജിസ്യ കൊടുക്കുന്നതുവരെ' എന്നതിന്റെ അർത്ഥം ജിസ്യ കൊടുക്കാൻ സമ്മതിച്ചാൽ യുദ്ധം അവസാനിപ്പിക്കണം എന്നാണ്. അതിനുശേഷം അമുസ്‌ലിംകളുടെ ജീവനും സ്വത്തും സുരക്ഷിതമായിരിക്കും. അവർ ഇസ്‌ലാം സ്വീകരിച്ചാലും ഇല്ലെങ്കിലും!**

മൗലാന മൗദൂദി ഈ പുസ്തകം എഴുതിത്തുടങ്ങുമ്പോൾ ഇസ്‌ലാം പരിപൂർണ്ണ മനസാക്ഷി സ്വാതന്ത്ര്യം അനുവദിക്കുന്നുവെന്നും ഈ സ്വാതന്ത്ര്യം നിഷേധിച്ചതിനാലാണ് പ്രവാചകൻ യുദ്ധം ചെയ്തതെന്നും സമർത്ഥിക്കുകയായിരുന്നു. അമുസ്‌ലിംകളുടെ രണ്ട് ആക്ഷേപങ്ങൾക്ക് മറുപടിയായിക്കൊണ്ടാണ് മൗലാനാ ഇതെഴുതിയത്. ഇസ്‌ലാം നന്മചെയ്യാൻ വേണ്ടി ആളുകളെ നിർബന്ധിക്കുന്നു. അതുപോലെ തിന്മ തടയാനും ശക്തി പ്രയോഗിക്കുന്നു. ഇതായിരുന്നു ആ രണ്ടു ആക്ഷേപങ്ങൾ. വാസ്തവത്തിൽ നന്മ ചെയ്യാൻ നിർബന്ധിക്കുക എന്നതുതന്നെ മനുഷ്യന്റെ മനസ്സാക്ഷി സ്വാതന്ത്ര്യത്തിനെതിരായിരുന്നു. ഇസ്‌ലാം തീർച്ചയായും അതിൽ നിന്ന് വിട്ടുനില്ക്കുന്നു. അമുസ്‌ലിംകൾ 'ജിസ്യ' കൊടുക്കാൻ സമ്മതിച്ചെങ്കിൽ മുസ്‌ലിംകൾ യുദ്ധം നിറുത്തണം എന്ന് ഖുർആൻ ഉദ്ധരിച്ചുകൊണ്ട് എഴുതിയത് മൗലാനാ ഇവിടെ സൗകര്യപൂർവ്വം മറക്കുന്നു. തിന്മ തടയണം എന്ന ഉദ്ദേശത്തോടെ മാത്രം ആരംഭിച്ച യുദ്ധം തിന്മ ചെയ്യില്ല എന്ന ഉറപ്പിന്മേലല്ലാതെ ശത്രു 'ജിസ്യ' നല്കാമെന്ന് സമ്മതിച്ചാൽ എങ്ങനെയാണ് ജയിക്കുക? ഇവിടെ മൗലാനയുടെ ഉദ്ദേശ്യം ഒരു പോൾ ടാക്സ് ചുമത്തലാണ്. അത് വസൂലാക്കാനുള്ള കരാർ അംഗീകരിച്ചാൽ പിന്നെ ഇസ്‌ലാമിന്റെ രണ്ടാമത്തെ സിദ്ധാന്തമായ തിന്മയെ വിപാടനം ചെയ്യുക എന്ന കാര്യം സൗകര്യപൂർവ്വം മറന്നു കളയുകയും ചെയ്യുന്നു. ഈ തർക്കശാസ്ത്രത്തിന്റെ അവസാനഭാഗം മൗലാനാ മൗദൂദിയുടെ ഗ്രന്ഥരചനയുടെ ഉദ്ദേശ്യത്തെത്തന്നെ നിഷ്ഫലമാക്കുന്നു. അദ്ദേഹം എഴുതുകയാണ്.



**അനുനയത്തിന്റെ എല്ലാ മാർഗ്ഗങ്ങളും പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കയ്യിലേന്തി. വാൾ, അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും അതിന്റെ കളങ്കങ്ങളേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനു ശമനമുണ്ടായി. ഉദ്ദണ്ഡ ശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു.**

**അറേബ്യയിലെപ്പോലെ മറ്റു രാജ്യങ്ങളിലും ഇസ്‌ലാം അതിശീഘ്രം മുന്നേറി. ഒരു നൂറ്റാണ്ടിനുള്ളിൽ ലോകത്തിലെ വലിയൊരു ഭാഗം ഇസ്‌ലാമിന്റെ കാൽക്കീഴിലായി. ഈ പരിവർത്തനം സാധിതമാക്കിയത് ഇസ്‌ലാമിന്റെ ഖഡ്ഗം മനുഷ്യരുടെ ഹൃദയങ്ങളെ ആവരണം ചെയ്ത മറകളെ നീക്കിയത് കൊണ്ടാണ്.** [3]

ഇസ്‌ലാം മനസ്സാക്ഷി സ്വാതന്ത്ര്യം സ്ഥാപിക്കുന്നു എന്ന് മൗലാനാ മൗദൂദി പറയുന്നുണ്ടെങ്കിലും മൗലാനയുടെ യുക്തിന്യായങ്ങളുടെ ഈ ഭാഗം അദ്ദേഹം ഇസ്‌ലാമിന്റെ പേരിൽ നല്കിയ വാഗ്ദാനങ്ങളെ തകർത്തു കളയുന്നു. ഇസ്‌ലാമിന്റെ ചൈതന്യത്തിന് കടകവിരുദ്ധമാണ് അദ്ദേഹം പറയുന്ന കാര്യങ്ങൾ. ഒരു തെറ്റ് മറ്റൊരു തെറ്റിലേക്ക് നയിക്കുകയാണ്. അവസാനം നൂറ്റിമുപ്പത്തേഴ് പേജുകളിൽ വ്യാപിച്ചു കിടക്കുന്ന വിതണ്ഡ വാദങ്ങൾക്കും കുതർക്കങ്ങൾക്കും ശേഷം മൗലാനയുടെ പ്രഖ്യാപനം നോക്കുക:

**വാളാൽ ഇസ്‌ലാം പരിവർത്തനം നടത്തി എന്ന് പറയുന്നത് തെറ്റാണെങ്കിൽ മതപരിവർത്തന കാര്യത്തിൽ വാൾ യാതൊരു സ്വാധീനവും ചെലുത്തിയില്ല എന്ന് പറയുന്നതും തെറ്റായിരിക്കും.** [4]

മൗലാനാ മൗദൂദി തന്റെ കൃതിയുടെ പ്രഖ്യാപിത ഉദ്ദേശ്യമായിക്കണ്ടത് പ്രവാചകൻ(സ) നടത്തിയ യുദ്ധങ്ങൾ പ്രതിരോധാത്മകം എന്ന് തെളിയിക്കലായിരുന്നു. പക്ഷേ, കൃതിയുടെ അവസാനമാവുമ്പോഴേക്ക് മൗലാനാ ഇസ്‌ലാമിന്റെ ശത്രുക്കളുമായി കൈകോർക്കുന്നതായിട്ടാണ് കാണുക. അദ്ദേഹത്തിന്റെ ഈ നിലപാടു കാരണം ഓറിയന്റലിസ്റ്റുകൾക്ക് ഇസ്‌ലാമിനെ ആക്രമിക്കാനുള്ള വാതിൽ തുറന്നിടപ്പെടുകയാണ് ചെയ്യുന്നത്. പാശ്ചാത്യ വിദ്യാഭ്യാസം സ്വായത്തമാക്കി ഒച്ചവെച്ചു കൊണ്ടിരിക്കുന്ന ഒരു ചെറു ന്യൂനപക്ഷം മൗലാനക്കൊപ്പമുണ്ട്. 'ഇസ്‌ലാംമത പ്രബോധനത്തിൽ വാൾ അതിന്റേതായ പങ്കുവഹിച്ചു'. എന്ന മൗലാനയുടെ കണ്ടെത്തൽ 'ജിഹാദി'നെ

അടിസ്ഥാനമാക്കി ഇസ്‌ലാമിനെ വിമർശിക്കുന്ന ഓറിയന്റലിസ്റ്റു കൾക്ക് സഹായകമായിത്തീരുന്നു.

മക്കയിൽ നിന്നു മദീനയിലേക്കുള്ള നബിതിരുമേനി(സ)യുടെ പാലായനത്തിന് രണ്ടു വർഷത്തിനുള്ളിൽ ആയിരം മക്കക്കാരുമായി അദ്ദേഹത്തിന്റെ അനുചരൻമാർക്ക് ഏറ്റുമുട്ടേണ്ടി വന്നു. ഇസ്‌ലാ മിനെ ഭൂമുഖത്തു നിന്ന് നിശ്ശേഷം നശിപ്പിക്കുവാൻ പ്രതിജ്ഞയെടു ത്തവരായിരുന്നു മക്കക്കാർ.(ഏ.ഡി.623 മാർച്ച് 17. ഹി.വ: 2 റമദാൻ 17) ഒരു വെള്ളിയാഴ്ച പ്രഭാതത്തിലായിരുന്നു അത് സംഭവിച്ചത്. എഴുന്നൂറ് ഒട്ടകവും നൂറ് കുതിരപ്പട്ടാളക്കാരുമായി 'അക്വൻകൽ' മല ഞ്ചെരുവിൽ നിന്നു മദീനക്ക് തെക്ക് ഭാഗത്ത് ഇരുപത് മൈൽ അക ലെയുള്ള ബദർ താഴ്‌വാരത്തേക്ക് അവർ ഇറങ്ങി വന്നു. അവിടെ ശത്രുക്കളെ പ്രതിരോധിക്കാൻ മുസ്‌ലിംകളുടെ ഭാഗത്ത് 313 പേർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. യുദ്ധവേളയിൽ മുറിഞ്ഞുപോയ ഉകാ സയുടെ വാളിനു പകരമായി പ്രവാചകൻ(സ) മരത്തിന്റെ ഒരു ഗദ യാണ് ഉപയോഗിച്ചത്. മുസ്‌ലിംകളുടെ ഈ ദൈന്യത നിറഞ്ഞ നിസ്സ ഹായാവസ്ഥയിൽ നബി തിരുമേനി(സ) ഉത്കണ്ഠാകുലനും ആർദ്ര ചിത്തനുമായി. പ്രവാചകൻ(സ) ദൈവത്തിന്റെ സവിധത്തിൽ കണ്ണു നീർ വാർത്തുകൊണ്ട് പ്രാർത്ഥിച്ചു:

**ഓ നാഥാ, ഈ കൊച്ചു സംഘം ഭൂമുഖത്ത് നിന്നു തുടച്ചു നീക്കപ്പെട്ടാൽ പിന്നെ നിന്നെ ആരാധിക്കാൻ ആരും തന്നെ ഇവിടെ അവശേഷിക്കുന്നവരായുണ്ടാവില്ല.**

മോൺഡ് ഗോമറി വാട്ട് അഭിപ്രായപ്പെട്ടതുപോലെ

**'മുഹമ്മദിനെ എന്നെന്നേക്കുമായി അവസാനിപ്പിക്കാമെന്ന് അബൂജഹൽ വ്യാമോഹിച്ചു.'**[5]

വിൽഡ്യൂറന്റ്, ഗോമറിവാട്ടിന്റെ അഭിപ്രായത്തെ അംഗീകരിച്ചു കൊണ്ട് എഴുതുകയാണ്.

**'മുഹമ്മദ് പരാജയപ്പെട്ടുവെങ്കിൽ അദ്ദേഹത്തിന്റെ ദൗത്യം എന്നെന്നേക്കുമായി തിരോഭവിച്ചേനെ'** [6]

അബൂജഹലിന്റെ ആഗ്രഹങ്ങൾ പൂവണിഞ്ഞില്ല. ആയുധപാണി കളും നിപുണരുമായ മക്കൻ സേനയെ മുസ്‌ലിംകൾ വിജയകരമായി പ്രതിരോധിച്ചു.

ബദർ താഴ്‌വരയിൽ വെച്ച് ഇസ്‌ലാമിനെ സംരക്ഷിച്ച പ്രവാച കന്റെ ആ മുന്നൂറ്റിപ്പതിമൂന്ന് അനുയായികളെ ഇസ്‌ലാമിക ചരിത്രം



അനശ്വരാത്മാക്കളാക്കി സംരക്ഷിക്കുന്നു. ഈ വീരപോരാളികൾ ഇസ്‌ലാമിലേക്ക് ആകൃഷ്ടരായതിനു പിന്നിൽ വാളിനുള്ള പങ്കെ ന്താണ്? പ്രവാചകനു(സ) ശേഷം ഖലീഫാ പദമലങ്കരിച്ച അബൂബ ക്കർ, ഉമർ, ഉസ്മാൻ, അലി(റ) എന്നിവരെല്ലാം അക്കൂട്ടത്തിലുണ്ടാ യിരുന്നു. വാളായിരുന്നോ അവരുടെ ഹൃദയങ്ങളിലുള്ള കളങ്കങ്ങളെ ഇല്ലാതാക്കി തിരുനബി(സ)യുടെ അനുയായികളാക്കി മാറ്റിയത്? ആ ദിനത്തിൽ ഔഫ് ഇബ്നു ഹാരിസ്, ഉമർ ഇബ്നു സലീമ, മുആ വിദ് മുതലായ പല ധീരാത്മാക്കളും രക്ഷസാക്ഷിത്വം വരിച്ചു. ഇസ്‌ലാമിലേക്ക് അവർ ആകൃഷ്ടരായതിന്റെ സൂക്ഷ്മമായ വിവര ങ്ങൾ ചരിത്രത്തിലില്ല. എന്നാൽ, ആർക്കെങ്കിലും അവരുടെ ഹൃദയ ത്തിലെ മാലിന്യങ്ങൾ വാളാണ് കഴുകിക്കളഞ്ഞതെന്ന് വാദിക്കാനാ വുമോ?

ഇസ്‌ലാമിനു വേണ്ടി പിന്നീട് ഐതിഹാസികമായി പോരാടിയ മൂന്ന് ധീരസഹാബികളായിരുന്നു സഅദ്ബിൻ അബീവഖാസ്, അബൂ ഉബൈദ്ബിൻ ജർറാഹ്, ഖാലിദ്ബിൻ വലീദ് എന്നിവർ. ഇവരാരും തന്നെ ബലപ്രയോഗത്തിനു വഴങ്ങിയല്ല ഇസ്‌ലാംമതം സ്വീകരിച്ച ത്. നൂറ്റുക്കണക്കിന് മുഹാജിറുകളും ആയിരക്കണക്കിന് അൻസാ റുകളും ഇസ്‌ലാം സ്വീകരിക്കുകയും പീഡിതനായ തിരുനബി(സ)ക്ക് അഭയം നല്കുകയും ചെയ്തു. അവരുടെ വിശ്വാസ പരിവർത്തന ത്തിൽ വാൾ ഒരു സ്വാധീനവും ചെലുത്തിയിട്ടില്ല. ഇസ്‌ലാമിന്റെ വീര സന്താനങ്ങളായ ഈ വിശ്വാസ രത്നങ്ങൾ മാനവരാശിയുടെ അഭി മാന ഭാജനങ്ങളാണ്. സത്യപാതയിലെ വിളക്ക് മാടങ്ങളായി പരില സിച്ച അവരുടെ തിരുഹൃദയങ്ങൾ വാൾ പ്രയോഗത്തിലൂടെയാണ് ശുദ്ധീകരിച്ചെടുത്തതെന്ന് പറയുന്നതിനേക്കാൾ, അല്ലെങ്കിൽ അവ രുടെ പരിവർത്തനത്തിൽ വാൾ ഒരു പങ്കും വഹിച്ചിട്ടില്ല എന്ന് പറ യുന്നത് തെറ്റാണ് എന്ന് വാദിക്കുന്നതിനേക്കാൾ അപമാനകരമായി മറ്റെന്തുണ്ട്?

ഇസ്‌ലാമിന്റെ ആഗമനത്തിനു മുമ്പേ ഈ ജനതയുടെ അവസ്ഥ എന്തായിരുന്നു? അന്നത്തെ അറേബ്യയുടെ അസ്തിത്വം രാഷ്ട്രീയ മായി ഒരു കൂട്ടായ്മയായി മാത്രം നിലനിന്നു. പ്രഗത്ഭ ചരിത്രകാര നായ വിൽ ഡ്യൂറന്റിന്റെ നിരീക്ഷണം ശ്രദ്ധിക്കുക: 'ഗ്രീക്കുകാർ അറേ ബ്യൻ ഉപഭൂഖണ്ഡത്തിലെ ജനതയെ മുഴുവൻ വിശേഷിപ്പിക്കാൻ വളരെ അശ്രദ്ധമായി സാരസൻസ് (Sarakenoi-Saracens ) എന്ന് വിളി

ക്കുമായിരുന്നു. അറബിയിലെ Sharquin: 'ശർഖിയ' 'കിഴക്ക് വസിക്കുന്നവർ' എന്ന പദത്തിന്റെ തദ്ഭവമാണത്. [7]

വളരെ മുമ്പേ തന്നെ അവർ Scenite Arabs (ഷിനൈറ്റ് അറബികൾ) എന്നാണ് വിളിക്കപ്പെട്ടിരുന്നത്. അറബികൾ തമ്പുകളിലാണ് നിവസിച്ചിരുന്നത്. (ഗ്രീക്ക് ഭാഷയിൽ തമ്പിന് Skene എന്നാണ് പറയാറ്. അതിൽ നിന്നാണ് Scenite എന്ന പദം നിഷ്പന്നമായത്) വിനിമയ ബന്ധങ്ങളില്ലാത്ത ഊഷര ഭൂമികളിലായിരുന്നു അവർ വസിച്ചിരുന്നത്. ഒരു തരത്തിലുള്ള ഗോത്രവർഗ്ഗ സ്വയം പര്യാപ്തതയും അവരിൽ നിലനിന്നിരുന്നു. ബി.സി. രണ്ടായിരം മുതൽ അവർ ഒട്ടകങ്ങളെ വളർത്താൻ തുടങ്ങി. ഒട്ടകം മരുഭൂമിയിലെ അധിവാസത്തിന് ഏറ്റവും അനുയോജ്യമായ ഒരു മൃഗമായിരുന്നു. അതിന്റെ പാൽ പാനീയമായും മാംസം ഭക്ഷണമായും മൂത്രം ഔഷധമായും അവർ ഉപയോഗിച്ചു. ഒട്ടകത്തിന്റെ മാസം രുചികരമാണ്. തോലും രോമവും വസ്ത്രനിർമാണത്തിനും കൂടാരം പണിയാനും ഉപയോഗിച്ചു. അതിന്റെ വിസർജ്യങ്ങൾ പോലും ഇന്ധനമായുപയോഗിക്കാറുണ്ടായിരുന്നു. തണുപ്പു കാലത്ത് 25 ദിവസവും ഉഷ്ണകാലത്ത് 5 ദിവസവും ഒട്ടകത്തിന് വെള്ളം കുടിക്കാതെ ജീവിക്കാൻ കഴിയുമായിരുന്നു. നാടോടികളായ ചെറുസംഘങ്ങൾ ഒട്ടകത്തിന്റെ നിഴലിലായിരുന്നു ജീവിതം കഴിച്ചു വന്നത്. മരുഭൂമിയിലെ മരുക്കപ്പലായ ആ മൃഗമായിരുന്നു അവരുടെ ജീവിതസ്രോതസ്സ്. ഒട്ടകങ്ങളുമായുള്ള അറബികളുടെ വിധേയത്വവും സഹവർത്തിത്തവും പ്രകടമാക്കാൻ അലോയ് സ്പ്രെൻജർ എഴുതുകയുണ്ടായി. അറബികൾ 'ഒട്ടകത്തിന്റെ പരാദങ്ങളെപ്പോലെയാകുന്നു.' (Arabs as the camel's parasites).

> **അറബികൾക്ക് അവരുടെ ഗോത്രമല്ലാത്ത മറ്റാരോടും കൂറോ കടപ്പാടുകളോ ഇല്ലായിരുന്നു. അതേസമയം സ്വന്തം ഗോത്രത്തോട് അതിരുകവിഞ്ഞ സമർപ്പണ മനോഭാവമായിരുന്നു അവർക്കുണ്ടായിരുന്നത്. നാഗരിക സമൂഹങ്ങൾ അവരുടെ രാഷ്ട്രം, മതം, വർഗ്ഗം എന്നീ സ്ഥാപനങ്ങളോടു കാണിക്കുന്ന കൂറും സ്നേഹവും അറബികൾ മനസ്സാക്ഷിയുടെ ബലത്താൽ സ്വന്തം ഗോത്രത്തോട് കാണിച്ചിരുന്നു..... കൊല്ലും കൊലയും കൊള്ളിവെപ്പും എല്ലാം ഗോത്രത്തിനു വേണ്ടി മാത്രം.** [8]

വ്യവസ്ഥാപിതമായ ഒരു നിയമസംവിധാനത്തോടും അവർക്ക് വിധേയത്വമില്ലായിരുന്നു. ലോകത്ത് ഒരു അധികാരസ്ഥാപനവും അവർക്കുമേൽ ഒരു നിയമവും അടിച്ചേല്പ്പിക്കാനുണ്ടായിരുന്നില്ല.



സ്ത്രീകളുടെ ജനനം അറബികളിൽ അപമാനബോധം ജനിപ്പിച്ചു. പെൺകുഞ്ഞ് ജനിച്ചാൽ അവരുടെ മുഖം ലജ്ജ കൊണ്ട് വിവർണ്ണമാകുമായിരുന്നു. ചിലപ്പോൾ പെൺശിശുക്കളെ ജനനസമയത്തുതന്നെ അവർ വധിക്കുമായിരുന്നു. സ്ത്രീജനം അതിജീവിക്കുകയാണെങ്കിൽ അവളുടെ ആകർഷണീയതക്കനുസരിച്ച് കാമുകൻമാരുടെയും ഭർത്താക്കൻമാരുടെയും സ്നേഹം ഏതാനും വർഷത്തേക്ക് അവർ കവർന്നെടുക്കുമായിരുന്നു. പുരുഷൻമാരാകട്ടെ സ്ത്രീകളുടെ ബഹുമാനം കാക്കാൻ ഭൂമിയുടെ കോണുകളോളം സഞ്ചരിക്കാൻ സന്നദ്ധരുമായിരുന്നു. എങ്കിലും സ്ത്രീകൾ അവരുടെ സ്വത്തിന്റെ അംശമായി മാത്രമാണ് കണക്കാക്കപ്പെട്ടിരുന്നത്. പിതാക്കൻമാരുടെയോ ഭർത്താക്കൻമാരുടെയോ ആൺസന്താനങ്ങളുടെയോ സ്വത്തിന്റെ ഭാഗമായിരുന്നു അവർ. സ്ത്രീകൾ അടിമകൾ കൂടിയായിരുന്നു. വിരളമായി അവർ പിതാവിന്റെയോ ഭർത്താവിന്റെയോ സഹോദരൻമാരുടെയോ സ്നേഹിതകളുമായിരുന്നു.

മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള അവരുടെ ചിന്ത വളരെ ദുർബലവും അന്ധവിശ്വാസജടിലവുമായിരുന്നു. ശിലാപൂജയും നരബലിയും അവരുടെ ആരാധനാ സമ്പ്രദായത്തിൽപെട്ടതാണ്. ബിംബാരാധനയുടെ കേന്ദ്രം മക്കയായിരുന്നു. ഇസ്‌ലാംമതം ആവിർഭവിക്കുന്നതിന് മുമ്പേ കഅ്ബയിൽ അനേകം വിഗ്രഹങ്ങളുണ്ടായിരുന്നു. ഓരോ ദൈവത്തെയും പ്രതിനിധാനം ചെയ്തുള്ളതായിരുന്നു ഓരോ ബിംബവും. മക്കയിലെ ഏറ്റവും വലിയ ദൈവം അരുണശിലയിൽ പണിത 'ഹുബൽ' ആയിരുന്നു. ഹിജാസിൽ പൊതുവെ മൂന്ന് ദേവതകളെയാണ് ആരാധിച്ചിരുന്നത്. ദൈവത്തിന്റെ പുത്രിമാർ എന്ന് അവർ കരുതപ്പെട്ടു. ലാത്ത, ഉസ്സ, മനാത്ത എന്നീ ദേവതകളായിരുന്നു അവ. ഈ ദേവതകളുടെ അധിവാസകേന്ദ്രം എന്ന നിലക്ക് ഹിജാസിനെക്കുറിച്ച് അവർ അഭിമാനിച്ചിരുന്നു.

ആരോഗദൃഢഗാത്രരായ അറബികൾക്ക് ഒരല്പം ഈത്തപ്പഴവും ഒട്ടകത്തിന്റെ പാലും കൊണ്ട് മാത്രം ജീവിക്കാൻ കഴിയുമായിരുന്നു. ഈത്തപ്പഴച്ചാറിൽ നിന്നെടുക്കുന്ന ഒരു തരം വീഞ്ഞ് സേവിച്ച് കാല്പനിക പ്രണയത്തിന്റെ കാവ്യഭാവനകളിൽ അവർ അഭിരമിച്ചു. പ്രണയത്തിന്റെയും യുദ്ധത്തിന്റെയും ഭാവഭേദങ്ങളിലേക്കുള്ള ദ്രുത ചഞ്ചല ചടുലങ്ങളായിരുന്നു അവരുടെ ജീവിതം. തീവ്രമായ ഗോത്രാഭിമാനം പുലർത്തിയിരുന്ന അറബികൾ തങ്ങൾക്കും ഗോത്രത്തിനും

ഏല്ക്കുന്ന അപമാനത്തിനോ, ക്ഷതങ്ങൾക്കോ മുമ്പിൽ പ്രതികാര മൂർത്തികളായിത്തീരുമായിരുന്നു.

കണ്ണിനു കണ്ണ്, പല്ലിനു പല്ല് എന്നതായിരുന്നു അവരുടെ നീതി ശാസ്ത്രം. ശത്രുവിനെ വകവരുത്താതെ അവരുടെ പ്രതികാരദാഹ ത്തിനു പൊറുതി ലഭിക്കുമായിരുന്നില്ല. അറബിയിൽ 'താർ' എന്ന് വിളിക്കപ്പെടുന്ന ഗോത്രശാത്രവത്തിന്റെ ശമനത്തിനു വേണ്ടി അവ രുടെ ജീവിതത്തിന്റെ വലിയൊരു ഭാഗം ചെലവഴിക്കപ്പെട്ടു. ഇസ്ലാമിനു മുമ്പേയുള്ള അറബികളുടെ ചരിത്രത്തിൽ 'അയ്യാമുൽ അറബ്'(അറബികളുടെ കാലം) എന്നത് അറബികൾ തമ്മിൽ പോരാ ടിയ യുദ്ധങ്ങളുടെ പേരായിരുന്നു. ഉദാഹരണത്തിന്, ബുഅത്ത് ദിനം അഥവാ ഫിജാർദിനങ്ങൾ മുതലായവ. ഗോത്രങ്ങൾ തമ്മിലുള്ള ഈ ശത്രുത കന്നുകാലികൾ, ഭൂമി, ജലസ്രോതസ്സുകൾ എന്നിവയുടെ പേരിലായിരുന്നു. ഏറ്റവും പ്രധാനമായ യുദ്ധം ബനൂബക്കറും ബനൂ തഗ്ലിബും തമ്മിൽ നടന്ന ഒരു യുദ്ധമായിരുന്നു. ബനൂബക്കറിലെ ഒരു കിഴവിയുടെ പെണ്ണൊട്ടകത്തെ തഗ്ലിബ് ഗോത്രത്തലവൻ മുറി വേല്പ്പിച്ചതായിരുന്നു കാരണം. തുടർന്ന് നടന്ന ഘോരയുദ്ധം നാൽപ്പത് സംവത്സരം നീണ്ടു നിന്നു! രണ്ട് ഗോത്രങ്ങളും പരസ്പരം ഉൻമൂലനാശം വന്നതിന് ശേഷമാണ് യുദ്ധം നിലച്ചത്. മറ്റൊരു യുദ്ധം അറിയപ്പെടുന്നത് 'ദായിസ് അൽഗബ്റാ' ദിനങ്ങൾ എന്നാണ്. ദായിസ്, അൽഗബ്റാ എന്നീ രണ്ടു കുതിരകൾ തമ്മിൽ നടന്ന ഓട്ട പന്തയത്തിനിടയിൽ രണ്ട് അറബി ഗോത്രത്തലവൻമാർ തമ്മിലു ണ്ടായ അസ്വാരസ്യങ്ങളാണ് ദശാബ്ദങ്ങളോളം നീണ്ടു നിന്ന യുദ്ധ ത്തിന് തുടക്കം കുറിച്ചത്.

മുഹമ്മദ് നബി(സ) വളർന്നു വന്ന സാമൂഹിക ഭൂമിക ഇതായി രുന്നു. ഈ ജനതയ്ക്കായിരുന്നു പീഡിതനായ മുഹമ്മദ് നബി(സ) യുടെ മതം സ്വീകരിക്കാനുള്ള പ്രഥമാവസരം ദൈവം നല്കിയത്.

യുദ്ധഭേരിക്ക് കാതോർത്തു നില്ക്കുകയും ക്ഷണമാത്രയിൽ അങ്കം കുറിക്കുകയും ചെയ്യുന്ന കലഹ പ്രിയരായ ജനതയെ ബലം പ്രയോഗിച്ച് നവ വിശ്വാസത്തിലേക്ക് പരിവർത്തിപ്പിക്കുക എന്നത് ചരിത്ര വസ്തുതകൾക്ക് വിരുദ്ധമാണ്. അതിനേക്കാളുപരി തങ്ങ ളുടെ വിശ്വാസ സംരക്ഷണാർത്ഥം ബദർ രണാങ്കണത്തിൽ വെച്ച് ഇസ്ലാമിനെ പ്രതിരോധിക്കാൻ ജീവൻ സമർപ്പിച്ച് യുദ്ധം ചെയ്ത ഇസ്ലാമിന്റെ പരിശുദ്ധരായ പൂർവ്വഗാമികളുടെ വിശ്വാസത്തെ അവ ഹേളിക്കലുമാണത്.



ഉസയ്യാദ്ബിൻ ഹുദയ്ർ, സഅദ്ബിൻ ഖയിത്തമ, അസദ്ബിൻ സുറാഹ, അബ്ദുല്ലാഹ്ബിൻ റവാഹ, സഅദ്ബിൻ ഉബാദ, മുൻദിർബിൻ ആമിർ, ബറാഅ്ബിൻ മറൂറ, ഉബാദ ബിൻ അസ്സ്വാമി, റാഫിബിൻ മാലിക് എന്നീ അൻസാരികൾ മദീനയിൽ നിന്നു മക്ക ത്തേക്ക് ദീർഘദൂരയാത്ര ചെയ്താണ് ഇസ്ലാം മതം സ്വീകരിച്ചത്. വാളിന്റെ ഭീഷണികൊണ്ടാണ് അവർ ഇസ്ലാം മതം സ്വീകരിക്കാൻ ദീർഘദൂരം സഞ്ചരിച്ച് മക്കയിലേക്ക് വന്നത് എന്നത് വസ്തുത കൾക്ക് നിരക്കുന്നതല്ല.

ക്രിസ്തീയ ചരിത്രത്തിൽ മതം വാളിനെ കലപ്പയുടെ ഇരുമ്പു കൊഴുക്കളാക്കി മാറ്റിയപ്പോൾ [9] മൗലാനാ മൗദൂദിയുടെ ഇസ്ലാമിക ചരിത്രം നമ്മോട് പറയുന്നതു വാളുകൊണ്ട് ഉഴുതു മറിച്ച നില ത്താണ് മതവിശ്വാസത്തിന്റെ വിത്ത് വിതച്ചതെന്നാണ്. [10] തിരുനബി (സ)യുടെ വാളോ അതോ ഏതാനും ഖുർആനിക സൂക്തങ്ങളോ ഏതായിരുന്നു തിരുമേനിയുടെ കൊടിയ ശത്രുവായ ഹദ്റത്ത് ഉമ റിനെ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യിക്കുകയും അതിന്റെ നിതാന്ത സേവകനാക്കി മാറ്റുകയും ചെയ്തത്?

നബി തിരുമേനി(സ)യുടെ പീഡനത്തിന്റെ ആദ്യകാലങ്ങളിലാ യിരുന്നു ആ സംഭവം! ഖുറൈശികളിൽ ഭീന്നിപ്പിന്റെ തുടക്കം കുറിച്ച മുഹമ്മദി(സ)നെ ഗളച്ഛേദം ചെയ്യാൻ ഇരുപത്തിയാറു വയസ്സ് പ്രായ മുള്ള യുവകേസരിയും അചഞ്ചലചിത്തനുമായ ഖത്താബിന്റെ മകൻ ഉമർ നിശ്ചയിച്ചുറച്ചു. പ്രവാചകന്റെ (സ) വസതിയിലേക്ക് ദൃഢനി ശ്ചയത്തോടെ ശീഘ്രഗതിയിൽ നടന്നു നീങ്ങിയ ഉമറിനെ നുഅയിംബിൻ അബ്ദുല്ലാഹ് കണ്ടുമുട്ടി. ഉമറിന്റെ ദുരുദ്ദേശ്യം ഗ്രഹിച്ച നുഅയിം അദ്ദേഹത്തോടു ചോദിച്ചു: 'ഓ ഉമർ, താങ്കൾ വീട്ടിലേക്ക് പോവുക. താങ്കളുടെ സഹോദരി ഫാത്തിമയും സഹോ ദരീ ഭർത്താവ് സയീദും മുഹമ്മദിന്റെ മതം സ്വീകരിച്ചിരിക്കുന്നു.' ഒന്നുമുരിയാടാതെ ഉമർ സഹോദരിയുടെ വസതിയിലേക്ക് തിരിച്ചു. അവിടെ തിരുനബി(സ)യുടെ അനുചരൻ ഖബ്ബാബ് വിശുദ്ധ ഖുർ ആനിലെ സൂറത്വാഹ (20-ാം അദ്ധ്യായം) യിലെ പ്രാരംഭവചനങ്ങൾ പാരായണം ചെയ്യുകയായിരുന്നു. ഉമർ അവിടെ സമാഗതനായി. ഖബ്ബാബ് ഒരു മൂലയിലേക്ക് പതുങ്ങി. ഉമറിന്റെ സഹോദരി ഫാത്തിമ ഖുർആനെഴുതിയ പത്രിക തന്റെ വസ്ത്രത്തിനടിയിൽ ഒളിപ്പിച്ചു. ഉമർ വരുന്ന വഴി ആ പാരായണം ഒന്ന് കേട്ടിരുന്നു. അദ്ദേഹം ഫാത്തി

മയുടെയും സയീദിന്റെയും നേരെ കുതിക്കുകയും അവരെ പ്രഹരിക്കുകയും ചെയ്തു. പ്രഹരമേറ്റ സഹോദരി രക്തത്തിൽ കുളിച്ചു. രക്തത്തിൽ കുതിർന്ന പെങ്ങളെക്കണ്ടപ്പോൾ ഉമറിന്റെ ഹൃദയകോണുകളിൽ സഹതാപത്തിന്റെ തരംഗങ്ങളുയർന്നു. ഉമർ തന്റെ സഹോദരിയോട് ഖുർആൻ വചനങ്ങൾ കാണിച്ചു കൊടുക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം ആ വിശുദ്ധ വചനങ്ങൾ പാരായണം ചെയ്തു. സിംഹ ഹൃദയനായ ആ പോരാളിയുടെ ഹൃദയതന്ത്രികളിൽ ആത്മീയതയുടെ രാഗധ്വനികൾ ഉയർന്നുപൊങ്ങി. അദ്ദേഹം പറഞ്ഞു: ഈ വചനങ്ങൾ എന്തു മാത്രം മനോഹരം! എത്ര ഉദാത്തം. വിശുദ്ധമായ ആത്മീയഘാതമേറ്റ് അൽഭുതപരതന്ത്രനായ ഉമർ, പ്രവാചകൻ അനുചരസമേതം താമസിക്കുന്ന അർഖമിന്റെ വീട്ടിലേക്ക് ഉടൻതന്നെ ഓടിപ്പോയി. പ്രവാചക സവിധം പൂകിയ മഹാനായ ഉമർ ആർത്തനാദത്തോടെ പ്രഖ്യാപിച്ചു: 'ഓ അല്ലാഹുവിന്റെ ദൂതരേ, ഞാനിതാ വന്നിരിക്കുന്നു. അല്ലാഹുവിലും അവനിലയക്കപ്പെട്ടതിലുമുള്ള എന്റെ വിശ്വാസം പ്രഖ്യാപിക്കാൻ ഇതാ വന്നിരിക്കുന്നു.'

എന്തുകൊണ്ടാണ് ഇസ്‌ലാം ഒരു കലാപസന്ദേശമാണെന്ന് വരുത്തിക്കൂട്ടാൻ മൗലാനാ മൗദൂദി ബദ്ധശ്രദ്ധനായിരിക്കുന്നത്? എന്തുകൊണ്ട് അദ്ദേഹത്തിന്റെ ജിഹാദ് സിദ്ധാന്തത്തിൽ വൈരുദ്ധ്യങ്ങളുണ്ടായി?'അൽ ജിഹാദു ഫിൽ ഇസ്‌ലാം' എന്ന കൃതി എഴുതുവാനുണ്ടായ സാഹചര്യങ്ങളെസ്സംബന്ധിച്ചും അദ്ദേഹത്തിന്റെ ജീവിത പശ്ചാത്തലത്തെക്കുറിച്ചും ഒരു വിഹഗവീക്ഷണം നടത്തുന്നത് മേൽ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ നമ്മെ സഹായിക്കും.

സയ്യിദ് അബുൽ അഅ്ലാ മൗദൂദി തന്റെ കൗമാരവും യൗവ്വനാരംഭവും നിസാം ഭരിച്ചിരുന്ന ഹൈദരാബാദിലായിരുന്നു കഴിച്ചു കൂട്ടിയത്. [11] പോയകാലത്തെ മുഗിള പ്രതാപത്തെ പുനരുജ്ജീവിപ്പിച്ചു കൊണ്ടായിരുന്നു നിസാം ഹൈദരാബാദ് ഭരിച്ചിരുന്നത്. അദ്ദേഹത്തിന്റെ പ്രധാനമന്ത്രിമാർ ഹിന്ദുക്കളായിരുന്നു. അവരാകട്ടെ നബി തിരുമേനി(സ)യെക്കുറിച്ച് സ്തുതിഗീതങ്ങൾ രചിച്ചിരുന്നു. 'ഭാരതത്തിൽ പ്രവിശാലമായിരുന്ന മുഗൾ സംസ്കാരത്തിന്റെ അവസാന ഭൂമികയായിരുന്നു, ഹൈദരാബാദ്. ഹിന്ദു ഭൂരിപക്ഷമുള്ള (80%) ഈ നാട്ടു രാജ്യത്ത് മുസ്‌ലിം ജനസംഖ്യ നിസ്സാരമായിരുന്നു (10%). ബലഹീനമായ അധികാര ശക്തിയുണ്ടായിരുന്ന നിസാം ഗതകാല സ്മൃതികളുടെ തടവുകാരനായിരുന്നു. അതൊരു അയഥാർത്ഥ ലോകമായിരുന്നു. അദ്ദേഹത്തിന്റെ ഗംഭീരങ്ങളായ രാജധാനികളും പ്രഭുക്കൻമാരും അരമനപാലകരും കൊട്ടാരസൈന്യവും ചിത്രവേല ചെയ്ത പരവതാനികളും ഷെർവാണികളും അലംകൃതമായ തലപ്പാവുകളും വെള്ളിക്കൊലുസുകളും ആഡംബരത്തമുള്ള ആഭരണങ്ങളും 1739 ൽ നാദിർഷാ തകർത്തു തരിപ്പണമാക്കുന്നതിന് മുമ്പുള്ള ഡൽഹി രാജധാനിയെ ഓർമ്മിപ്പിച്ചു. അലംകൃതമായ കരവാളും നീണ്ട കുഴലുള്ള തോക്കും മറ്റ് ആധുനിക യുദ്ധക്കോപ്പുകളുമണിഞ്ഞ അറബി കൂലിപ്പട്ടാളത്തിന്റെ സാന്നിധ്യം അവിടെയുണ്ടായിരുന്നു. ബ്രിട്ടീഷിന്ത്യയിലെ ഹിന്ദുനാട്ടു രാജാക്കൻമാരേക്കാൾ വിസ്തൃതമായ രാജ്യം ഭരിച്ചിരുന്ന രാജാക്കൻമാരും മഹാരാജാക്കൻമാരും നിസാം ഭരണകൂടത്തിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചു. അങ്ങനെ മുസ്‌ലിം സഹിഷ്ണുതയുടെയും ഹിന്ദുരാജഭക്തിയുടെയും സ്വപ്ന സമാനമുള്ള ഒരു സങ്കലന വേദിയായിരുന്നു നിസാമിന്റെ രാജധാനി.



ഹൈദരാബാദിന്റെ സംസ്കാരം ഇന്ത്യൻ വ്യക്തിത്വത്തിലായിരുന്നു അറിയപ്പെട്ടിരുന്നത്. അത് രൂപത്തിൽ വലിയൊരളവോളം മുസ്‌ലിമിന്റേതായിരുന്നു. സാമൂഹികസ്ഥാനങ്ങൾ ഫ്യൂഡൽഘടന ഉൾക്കൊണ്ടിരുന്നുവെങ്കിലും യാതൊരർത്ഥത്തിലും പ്രാകൃതമല്ലായിരുന്നു. ഉന്നതമായ ആചാര സവിശേഷതകളാൽ സംസ്കാര സുരഭിലമായിരുന്നു ഹൈദരാബാദ് രാജധാനി. അതിനേക്കാളുപരി നാം ചെവിയോർക്കുകയാണെങ്കിൽ പരസ്പര ബഹുമാനത്തിന്റെയും സഹിഷ്ണുതയുടെയും നിരവധി കഥകൾ അതിനു പറയാനുണ്ടാവും.[12]

ആ ഹൈദരാബാദിലായിരുന്നു യുവാവായ മൗദൂദിയുടെ വ്യക്തിത്വം രൂപപ്പെട്ടത്. [13] സംവേദനക്ഷമതയോടെ ആകർഷണീയമായി എഴുതുവാൻ കഴിവുണ്ടായിരുന്ന മൗദൂദി 1918ൽ ബിജ്നൂറിലെ മദീനയുടെ പത്രപ്രവർത്തക സമിതിയിൽ അംഗമായി. ജബൽപൂരിലെ 'താജ്' പത്രത്തിന്റെ എഡിറ്ററായി ജോലി നോക്കിയ അദ്ദേഹം 1928ൽ ഡൽഹിയിലെ 'അൽ ജംഇയ്യത്തി'ന്റെ പത്രാധിപരായി. ശുദ്ധിപ്രസ്ഥാനത്തെപ്പറ്റി മുമ്പ് പ്രതിപാദിച്ചിരുന്നുവല്ലോ. പ്രസ്ഥാനം കൊടുമ്പിരിക്കൊണ്ടിരുന്ന ആ നാളുകളിൽ 'ജംഇയ്യത്തി'ന്റെ യുവപത്രാധിപർ അദ്ദേഹത്തിന്റെ ലേഖനങ്ങൾ എഴുതാൻ ആരംഭിച്ചു. അതെല്ലാം എഴുതിയത് അദ്ദേഹത്തിന്റെ ദൈനംദിന ജോലി എന്ന നിലക്കുള്ള സമ്മർദ്ദത്താലായിരുന്നു. ആറുമാസം

കൊണ്ട് അദ്ദേഹം അത് പൂർത്തിയാക്കി.[14] മതവർഗ്ഗീയവാദി എന്ന തിനേക്കാൾ ദേശീയവാദി എന്ന നിലക്കാണ് അദ്ദേഹം ഇക്കാലത്ത് ലേഖനങ്ങളെഴുതിയത്. പിന്നീട് അദ്ദേഹം കൂടുതലായി ഇസ്‌ലാമിക സാഹിത്യങ്ങൾ പഠിച്ചു. ഇസ്‌ലാമിക പാഠശാലകളുടെ സഹായമോ ഗുരുനാഥന്മാരുടെ സാന്നിധ്യമോ ഇല്ലാതെ ആറുമാസം കൊണ്ട് ഇസ്‌ലാമിക സാഹിത്യങ്ങൾ വായിച്ചു മനസ്സിലാക്കി. അങ്ങനെയാണ് അദ്ദേഹം ഒരു മതപുനരുദ്ധാരകനായി രംഗപ്രവേശം ചെയ്യുന്നത്.[15] 'അൽജിഹാദു ഫിൽ ഇസ്‌ലാമി'ലെ ലേഖനങ്ങളും അദ്ദേഹ ത്തിന്റെ ചിന്തകളും സമാധാന പ്രിയങ്ങളായിരുന്നു. ദേശീയവാദി എന്ന നിലക്കാണ് അദ്ദേഹം എഴുതിത്തുടങ്ങിയത്.[16] ആ ഗ്രന്ഥ രചനക്കുള്ള അദ്ദേഹത്തിന്റെ പ്രേരണ ഹിന്ദുക്കൾക്ക് പ്രത്യേകിച്ച് ഗാന്ധിജിക്ക് ഇസ്‌ലാം കലാപത്തിന്റെ മതമല്ലെന്ന് തെളിയിച്ചു കൊടു ക്കലായിരുന്നു. ഇന്ത്യൻ മുസ്‌ലിംകളുടെ മഹാനായ നേതാവ് മൗലാനാ മുഹമ്മദലി ജൗഹർ ഡൽഹി ജുമുഅമസ്ജിദിൽ വെച്ച് ഒരു പ്രസംഗമദ്ധ്യേ ഇസ്‌ലാമിന് കലാപങ്ങളുമായി യാതൊരു ബന്ധ വുമില്ല എന്ന് സമർത്ഥിക്കുന്ന ഒരു പുസ്തകം ഏതെങ്കിലും ഒരു മുസ്‌ലിം എഴുതിയിരുന്നുവെങ്കിൽ എന്ന് ആഗ്രഹം പ്രകടിപ്പിക്കുക യുണ്ടായി. സദസ്സിലുണ്ടായിരുന്ന യുവാവായ മൗദൂദി ഈ ഉദ്യമം ഏറ്റെടുക്കാൻ നിശ്ചയിച്ചുറച്ചു.[17] അതുകൊണ്ട് ഭൂരിപക്ഷീയരായ ഹിന്ദുക്കൾക്ക് വേണ്ടി ഇസ്‌ലാം വാളിന്റെ മതമല്ല എന്ന് ലേഖന ങ്ങളിലൂടെ ആദ്യ ഭാഗങ്ങളിൽ വിശദീകരിച്ചു. പക്ഷേ, നമ്മുടെ കഥാ പുരുഷൻ ഹിന്ദുഭൂരിപക്ഷത്തെ ഭരിച്ച മുസ്‌ലിം ഭരണാധികാരമുള്ള ഒരു നാട്ടുരാജ്യത്തായിരുന്നു ജനിച്ചു വളർന്നത്.

ഹൈദരാബാദിന്റെ ചരിത്രത്തെക്കുറിച്ച് രണ്ട് ഗ്രന്ഥങ്ങളെഴുതിയ ഗ്രന്ഥകാരൻ[18] പൊടുന്നനെ അധികാര രാഷ്ട്രീയത്തെക്കുറിച്ചുള്ള രചനകളിലേക്ക് വഴിമാറി. വാൾകൊണ്ടുള്ള ജിഹാദിനെതിരിലുള്ള തന്റെ സിദ്ധാന്തത്തോട് തന്റെ രചനകളിൽ തന്നെ ചില സ്ഥലങ്ങ ളിൽ അദ്ദേഹം വിയോജിക്കുകയും ചെയ്യുന്നുണ്ട്. ഈ ഹൈദരബാദീ മുസ്‌ലിം എഴുത്തുകാരൻ ഇസ്‌ലാമിലേക്കുള്ള മതപരിവർത്തന സംരംഭങ്ങളിൽ വാളിന് യാതൊരു പങ്കുമില്ലായിരുന്നു എന്ന് പറയു ന്നത് തെറ്റാണ് എന്ന് തറപ്പിച്ചു പറഞ്ഞു. വാസ്തവത്തിൽ യുവപ്ര വർത്തകനായ മൗദൂദി ഒരു ചരിത്രകാരനോ മതപണ്ഡിതനോ ആയി രുന്നില്ല. ഡക്കാനിൽ അറുനൂറ് വർഷം മുസ്‌ലിം ഭരണമുണ്ടായിട്ടും മഹാഭൂരിപക്ഷം ജനങ്ങളും ഹിന്ദുക്കളായി നിലകൊണ്ടു എന്ന



കാര്യം അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിച്ചില്ല. മുസ്‌ലിംകളുടെ രാഷ്ട്രീയാധികാരം ഒരിക്കലും ഇസ്‌ലാമിലേക്ക് ആളെ മാർഗ്ഗം ചേർക്കാൻ അവർ ഉപയോഗിച്ചിട്ടില്ല. അൽ ജിഹാദു ഫിൽ ഇസ്‌ലാമി'ന്റെ കർത്താവ് 24 വയസ്സുള്ള കേവലമൊരു യുവാവായി രുന്നു. മൗലാനക്ക് വയസ്സ് 65 ആയിട്ടും സംഗതിയുടെ ഉപരിതലങ്ങ ളിലല്ലാതെ അഗാധതലങ്ങളിലേക്ക് ചുഴിഞ്ഞുനോക്കാൻ അദ്ദേഹ ത്തിനായില്ല. പ്രൊഫ: ഫസലുർ റഹ്മാന്റെ നിരീക്ഷണം ശ്രദ്ധേയ മാണ്:

> **മൗദൂദി ഒരിക്കലും ഒരു പണ്ഡിതനായി(ആലിം)രുന്നില്ലെ ങ്കിലും അസാമാന്യ ബുദ്ധിയും മതിയായ വിവരവുമുള്ള അദ്ദേഹം സ്വയം തന്നെയാണ് കാര്യങ്ങൾ പഠിച്ചത്... അദ്ദേഹം അഗാധ പണ്ഡിതനോ സൂക്ഷ്മജ്ഞാനിയോ അല്ല. പരമ്പരാ ഗത മദ്രസ്സാ വിദ്യാഭ്യാസത്തിന്റെ ശ്വാസം മുട്ടിക്കുന്ന അന്തരീ ക്ഷത്തിൽ അദ്ദേഹത്തിന്റെ ചിന്തകൾ ഒരു പുതിയ വായു പ്രവാഹം പോലെ അനുഭവപ്പെട്ടു... ലോകത്ത് ഇസ്‌ലാമിന്റെ പങ്കിനെസ്സംബന്ധിച്ചുള്ള അവഗാഢമായ ഒരു ദർശനം അദ്ദേഹം ഒരിടത്തും പ്രകടിപ്പിച്ചതായി കണ്ടില്ല. ഗൗരവചി ന്തകളുള്ള ഒരു പണ്ഡിതനേക്കാളുപരി പത്രപ്രവർത്തകനായ അദ്ദേഹം ഉപരിപ്ലവമാറ്റങ്ങൾ ലക്ഷ്യം വെച്ച് തന്റെ യുവവാ യനക്കാരെ തൃപ്തിപ്പെടുത്താൻ അതീശ്രീഘ്രം ഇടതടവി ല്ലാതെ എഴുതിക്കൂട്ടി..... മൗദൂദിയുടെ അനുയായി വൃന്ദത്തിൽ ഒരാൾ പോലും ഇസ്‌ലാമിനെപ്പറ്റി ഗൗരവപൂർവ്വം പഠനം നട ത്തിയവർ ഉണ്ടാവില്ല. ഇതിന്റെ ഫലമായി മൗദൂദിയുടെ ആരാ ധകർക്ക് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഇസ്‌ലാമിനെ സംബന്ധിച്ചുള്ള അവസാനവാക്കായിത്തീർന്നു. രാഷ്ട്രീയ സിദ്ധാന്തം, സാമ്പത്തിക നയങ്ങൾ മുതലായ അടിസ്ഥാനപ്ര ശ്നങ്ങളെസ്സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പലപ്പോഴും പരസ്പരവിരുദ്ധങ്ങളായിരുന്നു. പക്ഷേ, അദ്ദേ ഹത്തിന്റെ അനുയായികളെസ്സംബന്ധിച്ചിടത്തോളം അതൊന്നു മൊരു പ്രശ്നമല്ലായിരുന്നു.**[19]

ഡൽഹിയിലെ മുഫ്ത്തിയായിരുന്ന കിഫായത്തുല്ലായുടെ അഭി പ്രായം നോക്കൂ:

> **എനിക്ക് മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയെപ്പറ്റി നന്നാ യറിയാം. അദ്ദേഹം ഇരുത്തം വന്ന ഒരു ഗുരുവിൽ നിന്ന് പഠി ക്കുകയോ ശിക്ഷിതനാവുകയോ ചെയ്തിട്ടില്ല. അദ്ദേഹം**

**ധാരാളം വായിച്ചിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ മതപരമായ ജ്ഞാനം തുലോം ശുഷ്കമായിരുന്നു.** [20]

ദിവംഗതനായ മൗലാനാ ഹുസൈൻ അഹ്മദ് മദനി ഈ അപകടം വളരെ വ്യക്തമായി മുൻകൂട്ടി ദർശിക്കുകയുണ്ടായി. അദ്ദേഹം പറയുകയുണ്ടായി:

**മതചിഹ്നങ്ങളുടെ ബാഹ്യാവരണത്തോടെ അദ്ദേഹം എഴുതുന്ന ലഘുലേഖകളുടെയും പുസ്തകങ്ങളുടെയും ഉള്ളടക്കം മതവിരുദ്ധവും മതനിന്ദാപരവുമാണ്. മതസാങ്കേതിക പദങ്ങളുപയോഗിച്ചുള്ള ഈ കെണി സാധാരണ വായനക്കാർക്ക് കാണാൻ കഴിയില്ല. ഇതിന്റെ ഫലം ഉമ്മത്തെ മുഹമ്മദിയ്യ കഴിഞ്ഞ ആയിരത്തിമുന്നൂറ്റി അൻപത് വർഷമായി പിന്തുടരുന്ന തിരുനബിയുടെ ഇസ്ലാമിനോട് വിപ്രതിപത്തി ജനിക്കുക മാത്രമാണ്.** [21]

മൗലാനാ ഖാരി മുഹമ്മദ് ത്വയ്യിബ് അദ്ദേഹത്തിന്റെ ഒരു കത്തിൽ എഴുതുകയാണ്:

**മൗദൂദി സാഹിബിന്റെ രചനകൾ വായിച്ചതിനുശേഷം എനിക്കുണ്ടായ ചിന്ത അദ്ദേഹത്തിനു മുസ്ലിം നിയമശാസ്ത്രത്തെപ്പറ്റിയോ ഇസ്ലാമിലെ സൂഫി ചിന്തയെപ്പറ്റിയോ യാതൊരു വിവരവുമില്ല എന്നാണ്. അദ്ദേഹത്തിന് അതിനെസ്സംബന്ധിച്ച് യാതൊന്നും ആധികാരികമായി എഴുതുവാൻ സാധ്യമല്ല.** [22]

പരേതനായ മൗലാനാ അഹ്മദ് അലി ലാഹോരിയും ഇതേ അഭിപ്രായം എഴുതുകയുണ്ടായി:

**മൗലാനാ മൗദൂദി സാഹിബ് മുസ്ലിംകൾക്ക് ഒരു പുതിയ ഇസ്ലാം കാഴ്ചവെക്കാനാഗ്രഹിച്ചു. കഴിഞ്ഞ ആയിരത്തിമുന്നൂറ്റി അൻപതു കൊല്ലമായി മുസ്ലിംകൾ തുടർന്നു വന്ന പഴയ ഇസ്ലാം ഇവിടെ നശിക്കുകയോ അല്ലെങ്കിൽ അത് അപ്രസക്തമോ അപ്രായോഗികമോ ആണെന്ന് തെളിയിക്കപ്പെടുകയോ ചെയ്യാതെ മുസ്ലിംകൾ പുതിയ ഇസ്ലാമിനെ സ്വീകരിക്കില്ല.** [23]

മൗലാനാ മൗദൂദി ഒരു മതപണ്ഡിതനോ ചരിത്രകാരനോ ആയിരുന്നില്ല എന്ന് നാം കാണുകയുണ്ടായി. അദ്ദേഹം അടിസ്ഥാനപരമായി ഒരു പത്രപ്രവർത്തകനായിരുന്നു. ഒരു പത്രപ്രവർത്തകന് വേണ്ട രണ്ട് പ്രധാനഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഉർദു ഭാഷയിലുള്ള അവഗാഹവും അതിവേഗത്തിൽ എഴുതുവാനുള്ള



സിദ്ധിയുമായിരുന്നു അത്. 'അൽജംഇയ്യത്ത് 'അക്കാലത്ത് ഒരു ദ്വൈവാരികയായിരുന്നു. അതിന്റെ എഡിറ്റോറിയൽ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കെത്തന്നെ രണ്ടോ മൂന്നോ ദിവസങ്ങൾ കൊണ്ട് അദ്ദേഹം 'ജിഹാദ്' എന്ന കോളവും എഴുതുമായിരുന്നു.

അദ്ദേഹത്തിന് സൂക്ഷ്മവും വിശദവുമായ വൈജ്ഞാനിക ഗവേഷണങ്ങൾ നടത്താനുള്ള സാഹചര്യമില്ലായിരുന്നു. അതിനുള്ള സമയവും അദ്ദേഹം കണ്ടെത്തിയില്ല. അതുമൂലം അദ്ദേഹത്തിന് തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. മക്കാവിജയത്തിനു(ജനുവരി -11-630) ശേഷം നടന്ന ഹുനൈൻ യുദ്ധം (ജനുവരി-30-630) ഇസ്ലാമിക ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നുവെന്ന് അദ്ദേഹം തെറ്റിദ്ധരിച്ചു. ഹുനൈനിൽ വെച്ച് മുസ്ലിം ഭടൻമാർ ശത്രുക്കളെ പരാജയപ്പെടുത്തിയപ്പോൾ ആർജ്ജിച്ച അധികാര ശക്തി കൊണ്ടാണ് മുഴുവൻ അറേബ്യയേയും ഇസ്ലാമിലേക്ക് പരിവർത്തിപ്പിച്ചതെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. മൗലാനാ മൗദൂദി തനിച്ചല്ല ഈ നിഗമനത്തിലെത്തിച്ചേർന്നത്. ഇസ്ലാമികാദ്ധ്യാപനങ്ങളിലെ ധാർമികമോ ആദ്ധ്യാത്മികമോ ആയ ശക്തി പ്രഭാവങ്ങളും തിരുനബി(സ) കാണിച്ച അത്ഭുതങ്ങളും ഗ്രഹിക്കാൻ ശേഷിയില്ലാത്ത ഓറിയന്റലിസ്റ്റുകളും ഇസ്ലാമിന് വികസനമുണ്ടായത് ശക്തിയിലൂടെയാണെന്നാണ് വിശ്വസിക്കുന്നത്. ഓറിയന്റലിസ്റ്റുകൾ തിരുനബി(സ) യുടെ ജീവിതത്തെ രണ്ടായി വിഭജിക്കാറുണ്ട്. മക്കയിലെ മർദ്ദിത കാലവും മദീനയിലേക്കുള്ള പലായനത്തിനു ശേഷമുള്ള പിടിച്ചടക്കലുകളുടെ കാലവും! ഇസ്ലാമിക ചരിത്രത്തെക്കുറിച്ച് ബഹിർഭാഗസ്ഥമായ അറിവുമാത്രമുള്ള നമ്മുടെ യുവപത്രപ്രവർത്തകനായ മൗദൂദിയും വളരെ ലളിതമെങ്കിലും സമർത്ഥമായ ഈ വിഭജനം അപ്പാടെ സ്വീകരിക്കുകയാണ് ചെയതത്.

സായുധകലാപങ്ങളും യുദ്ധങ്ങളും യുദ്ധഭീഷണികളും പ്രവാചകനെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. തിരുനബി(സ) മദീനയിൽ എത്തിച്ചേർന്നതിനു ശേഷം അവിടുത്തെ ജൂതൻമാരും മദീനയിലെ ഖുറൈശികളും കപട വിശ്വാസികളുടെ പ്രേരണയാൽ ഇസ്ലാമിനെതിരെ തിരക്കിട്ട ഗൂഢാലോചനയിൽ ഏർപ്പെട്ടിരുന്നു. അവർ മുസ്ലിംകൾക്കെതിരെ വിദ്വേഷം പരത്തുകയും വിശ്വസിച്ചിട്ടില്ലാത്ത അറബികൾക്കിടയിൽ പ്രവർത്തിച്ച് അവരെ വെറുപ്പിന്റെ ഉച്ചസ്ഥായിലെത്തിക്കാൻ കിണഞ്ഞ് പരിശ്രമിക്കുകയും ചെയ്തു. ഇതിനെതിരെയുള്ള മുസ്ലിംകളുടെ എല്ലാ പ്രതിരോധ യത്നങ്ങളും

പ്രവാചകന്റെ അടിസ്ഥാന ദൗത്യമായ വിശ്വാസ പ്രചാരണത്തെ തട സ്സപ്പെടുത്തി. മുസ്‌ലിംകൾക്ക് അവരുടെ വിശ്വാസ പ്രചാരണത്തിന് സമാധാനമായിരുന്നു ആവശ്യം. ഇസ്‌ലാമിന്റെ വിരോധികൾ വിശ്വാസ പ്രചാരണം തടയാൻ വേണ്ടി കരുതിക്കൂട്ടി സമാധാനഭം ഗമുണ്ടാക്കി. ഈ വസ്തുത നമ്മുടെ പരിശോധനയിൽ നിന്നു കാണാ വുന്നതാണ്.

1. ഇസ്‌ലാമിന്റെ ശത്രുക്കൾ അവരുടെ എല്ലാ ആശയവിനിമയ മാധ്യമങ്ങളിലൂടെയും ഇസ്‌ലാമിനോടുള്ള ശാത്രവത്തെ ജ്വലിപ്പിച്ചു കൊണ്ടിരുന്നു. അറബികളെസ്സംബന്ധിച്ചിടത്തോളം കവികളും ചരി ത്രകാരൻമാരും വംശവിജ്ഞാനികളും ആക്ഷേപഹാസ്യകാരൻമാരും ധർമ്മ ശാസ്ത്രജ്ഞാനികളും വിജ്ഞാന സ്രോതസ്സുകളായിരുന്നു.[24] കവികളായിരുന്നു യുദ്ധങ്ങൾക്ക് തിരികൊളുത്തിയിരുന്നത്.[25] അവ രായിരുന്നു അക്കാലത്തെ ജേർണലിസ്റ്റുകൾ.[26] പരദേശിയായ ഒരാൾക്ക് സകലവും സമർപ്പിച്ച് സ്വന്തം അഭിമാനത്തെ കളങ്കപ്പെ ടുത്തി എന്ന് മദീനാവാസികളായ മുസ്‌ലിംകളെ (അൻസാർ) അധി ക്ഷേപിച്ചു. അസ്മാബിൻത് മർഹൻ മദീനാ മുസ്‌ലിംകളെ അധിക്ഷേ പിച്ചെഴുതിയ കവിതയിതാ:

*മലിക്കിന്റെയും നബിത്തിന്റെയും ഭീതിപൂണ്ട കാതരരേ,*
*ഔഫിന്റെയും ഖസ്‌റജിന്റെയും ഭോഷന്മാരായ ഭീരുക്കളേ,*
*മുറാദുമല്ലവൻ മദ്ഹിജുമല്ലവൻ* [28]
*നിങ്ങൾ തൻ ഗോത്രജനല്ലിവൻ ഭിന്നനു, ചിത്താനുവർത്തനം ചെയ്‌വതെന്ത്?*
*ഗോത്രമുഖ്യൻമാരിവർ ഗളച്ഛേദിതരായി കുലം മുടിഞ്ഞപ്പോൾ*
*നിങ്ങൾതൻ ആശയും അവനിലായി.*
*പശിതൻ കഠോരത്താൽ ആർത്താനുദൃഷ്ടിയാൽ*
*ഭക്ഷണ താലത്തിൽ നോക്കുമ്പോലെ.*
*കാവലറ്റ നിമിഷത്തിന്റെ ആനുകൂല്യം*
*കൈക്കലാക്കി ആ വിഡ്ഢിതൻ തലയറുക്കാൻ*
*ആൺപിറന്ന ഒരുവനും*
*നിങ്ങളുടെ കൂട്ടത്തിലില്ലേ?* [29]

**ശതാഭിഷിക്തനായ ഖസ്‌റജ് ഗോത്രക്കാരനായ അബു അഫക്ക് മദീനക്കാരെ അഭിശംസിച്ചു കൊണ്ട് എഴുതിയ കവിത:**



*ദീർഘായുഷ്മാൻ ഞാൻ കണ്ടില്ലിതുവരെ*
*ഗാഢാനുരാഗബദ്ധമീ ഗോത്രജനത്തെ,*
*ഖായ്‌ല*[30] *യുടെ സന്തതികളിവർതൻ ഒരുമയെ*
*വെല്ലുന്ന മറ്റൊരു ഗോത്രവും പാരിതിൽ.*
*പർവ്വതങ്ങളുടെ ദൃഢത പോലും അതിനുമുമ്പിൽ ചിഹ്ന-ഭിന്നമാകുമായിരുന്നു.*
*എങ്കിലിതാ ഒരു പരദേശി വന്ന് അവരെ പിളർത്തിയിരിക്കുന്നു.*
*സകല വസ്തുക്കളിലും ഇതരുതെന്നും അതാവാമെന്നും*
*അവൻ വചിക്കുന്നു.*
*നിങ്ങൾക്ക് ശക്തിയിലും പ്രതാപത്തിലും വിശ്വാസമില്ലേ.*
*എന്തുകൊണ്ട് നിങ്ങൾ 'തുബ്ബയെ' പിന്തുടർന്നില്ല?* [31]

' തുബ്ബ്' മാർ ദക്ഷിണ അറേബ്യയിലെ വിജിഗീഷുക്കളായ രാജാ ക്കൻമാരായിരുന്നു. അബൂഅഫക്ക് എന്ന കവി അൻസാറുകളോടു ചോദിക്കുന്നത്, നിങ്ങൾ ഒരിക്കൽ തുബ്ബയെ പ്രതിരോധിച്ചിരുന്നു, ഇപ്പോൾ ഒരു മക്കൻ അഭയാർത്ഥിയുടെ അവകാശവാദങ്ങൾ അംഗീ കരിക്കാൻ നിങ്ങൾക്ക് എന്ത് പറ്റിപ്പോയി? എന്താണ് അസ്മയും അബൂഅഫക്കും അൻസാറുകളെ പരിഹസിക്കുകയായിരുന്നു. ജൂത കവി കഅബ് അൽ അശ്റഫ് [32] ബദറിൽ മുസ്‌ലിംകൾക്കുണ്ടായ വിജയത്തിൽ രോഷാകുലനായി. അദ്ദേഹം മക്കയിലേക്ക് കുതിച്ചു ഖുറൈശികളെ തിരുനബി(സ)ക്കെതിരെ പ്രകോപിതരാക്കി. പ്രതി കാരം ചെയ്യുക എന്ന അറബികളുടെ ദൗർബല്യം അദ്ദേഹം ശരിക്കും മുതലെടുക്കുകയായിരുന്നു. അദ്ദേഹം എഴുതി:

ബദർ രണാങ്കണം അതിന്റെ മക്കളുടെ നിണം തൂവി.
ബദർ സംഭവം പോവുള്ളവയിൽ
നിങ്ങൾ വിതുമ്പുകയും കരയുകയും വേണം.
യോഗ്യൻമാർ അവരുടെ കിണവട്ടത്തിൽ മരിച്ചു വീണു.
രാജകുമാരൻമാർ മരിച്ചുവീണു
അത് വിചിത്രമായി കരുതേണ്ട.
എത്രയെത്ര മാന്യന്മാർ കോമളാംഗദർ
ഗേഹമില്ലാത്ത അഭയാർത്ഥികളാൽ വധിക്കപ്പെട്ടു.[33]

2. കുടിപ്പക എന്നത് ഇസ്‌ലാമിനു മുമ്പേയുള്ള അറബ് സമൂഹ ത്തിന്റെ നെടും തൂണുകളിലൊന്നായിരുന്നുവെന്ന് നാം കണ്ടു. അവി ശ്വാസികളായ മക്കക്കാരിലാരെങ്കിലുമൊരാൾ മുസ്‌ലിംകളുമായുള്ള

സായുധ സംഘട്ടനത്തിൽ കൊല്ലപ്പെട്ടാൽ അവരുടെ അനന്തരാവ കാശികൾ പകരം ചോദിക്കാൻ പ്രതിജ്ഞയെടുക്കുകയും കൊല്ല പ്പെട്ടതിന്റെ പേരിൽ ഗോത്രം മുഴുവൻ ഇസ്‌ലാമിനെ കുറ്റപ്പെടുത്തു കയും ചെയ്യുമായിരുന്നു. കുഴപ്പം തുടങ്ങിവെച്ചത് അവിശ്വാസിക ളായ മക്കക്കാരാണെന്ന കാര്യം അവർ സൗകര്യപൂർവ്വം വിസ്മരി ക്കുകയും ചെയ്യുന്നു.

3. തിരുനബി(സ)യുടെ ദൗത്യം, പൊതുവായ ശത്രുത കാരണം അറേബ്യയിലെ ഒരു കൊച്ചു പ്രദേശത്ത് മാത്രം പരിമിതപ്പെട്ടു നിന്നു. പ്രബോധകൻമാർക്ക് അറേബ്യൻ ഉപഭൂഖണ്ഡത്തിൽ മുഴുവൻ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ സാധിച്ചിരുന്നില്ല.

4. ധാരാളം അറബികൾ ഇസ്‌ലാംമതം സ്വീകരിച്ചെങ്കിലും യുദ്ധം ഭയന്ന് അവരത് പ്രഖ്യാപിച്ചില്ല.

5. ജീവനും അന്തസ്സിനും ഭീഷണികളില്ലാത്തപ്പോൾ പോലും പുതിയ മതത്തിലേക്കുള്ള പരിവർത്തനം അസാമാന്യ പ്രതിബദ്ധ തയും ധീരതയും ആവശ്യപ്പെട്ടിരുന്നു. ഇവിടെ ഒരു പുതിയ മതസ മൂഹത്തിലേക്ക് പ്രവേശിക്കുക എന്നതിൽ കവിഞ്ഞ് അതിനർത്ഥം മതവിശ്വാസത്തെ പ്രതിരോധിക്കാൻ വേണ്ടി ആയുധമെടുക്കുക എന്നതായിരുന്നു. ഈ അവസരത്തിൽ മുസ്‌ലിംകൾ നിരായുധരും ദുർബലരുമാണെന്നിരിക്കെ ഇസ്‌ലാമിലേക്ക് മാർഗ്ഗം ചേരുക എന്നത് തികച്ചും ആത്മഹത്യാപരമായിരുന്നു.

6. പ്രതിരോധ ശ്രദ്ധ മുസ്‌ലിംകളെ കൂടുതൽ കാര്യവ്യഗ്രരാക്കി. ബാക്കി കിട്ടുന്ന കുറഞ്ഞ സമയം മാത്രമെ വിശ്വാസ പ്രചാരണത്തിന് വിനിയോഗിക്കാൻ അവർക്ക് സാധ്യമായുള്ളൂ.

നാം അവതരിപ്പിച്ച ഈ വാദമുഖങ്ങൾ ശരിയാണെങ്കിൽ ശത്രുത അവസാനിച്ചപ്പോൾ ഇസ്‌ലാമിന്റെ പ്രചാരണത്തിന് ആക്കം കൂട്ടേ ണ്ടിയിരുന്നു. വാസ്തവത്തിൽ അതുതന്നെയാണ് സംഭവിച്ചതെന്നു നമുക്ക് കാണാവുന്നതാണ്. ഏ.ഡി 630 ജനുവരിയിൽ മക്കാ വിജയ മുണ്ടായി. ഓറിയന്റലിസ്റ്റുകളുടെയും മുസ്‌ലിം വിമർശകരുടെയും അഭിപ്രായത്തിൽ ഇസ്‌ലാമിന്റെ വ്യാപനത്തിൽ ഈ സംഭവം ഒരു വഴിത്തിരിവായിരുന്നു. അത് സത്യമായിരുന്നെങ്കിൽ ഇസ്‌ലാമിക ചരി ത്രത്തിൽ വാൾ ഒരു പ്രധാന പങ്ക് വഹിച്ചു എന്ന് പറയേണ്ടി വരും. പക്ഷേ, ചരിത്രം മറ്റൊരു കഥയാണ് പറയുന്നത്. മുസ്‌ലിംകളും അവി ശ്വാസികളും തമ്മിലുള്ള ശത്രുത ഏ.ഡി 628 മാർച്ച് മാസത്തിൽ



നടന്ന 'ഹുദൈബിയാ സന്ധി'യോടെ അവസാനിച്ചിരുന്നു. [34] സന്ധി യിലെ ഉപാധികൾ പ്രത്യക്ഷത്തിൽ മുസ്‌ലിംകൾക്ക് അപമാനകര മായിരുന്നു. ഉമറി(റ)നു പോലും അത് അംഗീകരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പ്രവാചകരോട് ചോദിച്ചു: ഇത്തരം നിന്ദാകരമായ ഒരു കരാറിനു മുമ്പിൽ നമ്മുടെ മതാഭിമാനം അടിയറവെക്കുന്നതെന്തി നാണ്? മക്കക്കാർ അതൊരു വിജയമാണെന്ന് കരുതി. പക്ഷേ, പ്രവാ ചകനെസ്സംബന്ധിച്ചിടത്തോളം അനുസ്യൂതമായ സായുധ സംഘട്ട നത്തിൽ നിന്നുള്ള വിരാമമായിരുന്നു ആ കരാർ. അദ്ദേഹത്തിന് ഇസ്‌ലാംമത പ്രചാരണത്തിനു കൂടുതൽ സമയം ലഭിക്കുകയുണ്ടാ യി. ഈ വിജയത്തിന്റെ വ്യാപ്തി കണക്കാക്കണമെങ്കിൽ 630 ജനു വരിയിൽ മക്കയിലേക്ക് മാർച്ച് ചെയ്ത മുസ്‌ലിംകളുടെ എണ്ണം നോക്കിയാൽ മതി. അതിന് മുമ്പേ അവിശ്വാസികളായ 10,000 അറ ബികൾ മദീനയെ ഉപരോധിച്ചപ്പോൾ തിരുമേനി(സ)യുടെ സൈന്യ ത്തിൽ 3000 പേരെ ഉണ്ടായിരുന്നുള്ളൂ. [35] ഹുദൈബിയ്യാ സന്ധിക്ക് ശേഷം രണ്ട് വർഷത്തിനുള്ളിൽ 7000 പേർ ഇസ്‌ലാമിലേക്ക് പ്രവേ ശിക്കുകയുണ്ടായി. ഉംറുൽഖൈസ്, ഖാലിദുബ്നു വലീദ് മുതലായ വർ ഇസ്‌ലാമിലേക്ക് പ്രവേശിച്ചത് ഈ സന്ദർഭത്തിലാണ്. സമാധാ നത്തിന്റെ പശ്ചാത്തലത്തിൽ തുളച്ചുകയറിയ ഇസ്‌ലാമിക സന്ദേശ ത്തിന്റെ മാസ്മരശക്തി ചരിത്രത്തിൽ ഇന്നും ഒരു പ്രഹേളികയാ ണ്. അമേയമായ അതിന്റെ അൽഭുതകൃത്യം മൊണ്ട്ഗോമെറി വാറ്റ് നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്:

> ***മുഹമ്മദിന്റെ വിജയത്തിനുള്ള കാരണങ്ങൾ വിലയിരുത്തു മ്പോൾ അതിൽ ഏറ്റവും പ്രധാനമായുള്ളത്, ഒരു മതം എന്ന നിലക്കും സാമൂഹിക ക്രമം എന്ന നിലക്കും ഇസ്‌ലാമിന്റെ പ്രസക്തിയും അതിന്റെ ചേതോഹാരിതയും അറബികളുടെ മതപരവും സാമൂഹികവുമായ ആവശ്യങ്ങൾ കൂടിയായിരുന്നു എന്നതാണ്.*** [36]

മൗലാനാ മൗദൂദിയെ അഭിസംബോധന ചെയ്തുകൊണ്ടെന്ന മട്ടിൽ അദ്ദേഹം വീണ്ടും എഴുതുകയാണ്:

> **ഇസ്‌ലാമിന്റെ ആശയശക്തികൊണ്ട് മുഹമ്മദിന് മുസ്‌ലിംകൾ ക്കിടയിലുള്ള സ്വാധീനവും ശക്തിയും നിലനിറുത്താൻ സാധ്യമായിരുന്നില്ലെങ്കിലോ പുതുവിശ്വാസികളെ ആകർഷി ക്കാൻ അദ്ദേഹത്തിന് സാധ്യമായിരുന്നില്ലെങ്കിലോ ഹുദൈബി യായിലെ കരാർ അദ്ദേഹത്തിന് അനുഗുണമായി വർത്തിക്കു**

**മായിരുന്നില്ല. ഭൗതിക വാദത്തിന്റെ പക്ഷപാതിത്വങ്ങളില്ലാത്ത ഏതൊരു ചരിത്രകാരനും മുഹമ്മദിന് ഖുർആനിക സന്ദേശ ത്തിലുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസത്തെ പരമപ്രധാ നമായ ഒരു ഘടകമായി ഗണിക്കേണ്ടതാണ്. അതുപോലെ മതപരവും രാഷ്ട്രീയവുമായ ഒരു വ്യവസ്ഥിതി എന്ന നിലക്ക് ഇസ്ലാമിന്റെ ഘടനയിലുള്ള വിശ്വാസവും ദൈവനിയോഗം എന്ന് താൻ ആത്മാർത്ഥമായി ഉൾക്കൊണ്ടിട്ടുള്ള ദൗത്യത്തി ലുള്ള കരയറ്റ വിശ്വാസവും പരമപ്രധാനമായ ഘടകങ്ങളാ ണ്.... ഈ ദൗത്യയാത്രയും കരാറും മുഹമ്മദിന്റെ ഭാഗത്തു നിന്നുള്ള ഒരു പുതിയ കാല്വെപ്പുമായിരുന്നു.** [37]

ഒരു ഓറിയന്റലിസ്റ്റ്, തിരുമേനി(സ)യുടെ അത്യുജ്ജ്വല വിജയം അദ്ദേഹം സമർപ്പിച്ച തത്ത്വസംഹിതയുടെ സ്വാധീനഫലമാണെന്ന് പറയുമ്പോൾ ഒരു മുസ്ലിം പണ്ഡിതനായ മൗലാനാ മൗദൂദി ഹുനൈൻ യുദ്ധത്തിനുശേഷം ആയിരക്കണക്കിന് അറബികളുടെ ഇസ്ലാമികാശ്ലേഷമുണ്ടായത് വാളിന്റെ ബലം കൊണ്ടാണെന്ന് സമർത്ഥിക്കുന്നത് വ്യസനകരം തന്നെ. ഈ മനുഷ്യാത്മാക്കളുടെ ഹൃദയം വാൾത്തല കൊണ്ടാണ് ശുദ്ധീകരിക്കപ്പെട്ടതെങ്കിൽ ഈ ജനങ്ങൾ തന്നെയാണ് തിരുമേനി(സ)യുടെ വിയോഗത്തിനു ശേഷം കലാപങ്ങൾ അഴിച്ചു വിട്ടത്. ഈ ന്യായം മൗലാനയുടെ വാദത്തി നുള്ള ഉദാഹരണമായി പറയുകയാണെങ്കിൽ പോലും അതൊന്നും തന്നെ കലാപങ്ങളുടെ വിശദീകരണങ്ങളാകുന്നില്ല എന്നതാണ് സത്യം.

പൗരാണിക കാലത്ത് സഞ്ചാരം വളരെ ദുഷ്ക്കരമായിരുന്നു. സുഗമ സഞ്ചാരത്തിന് യോഗ്യമായ റോഡുകളില്ലാത്തത് കാരണം യാത്രാസുരക്ഷിതത്വം ഉറപ്പില്ലായിരുന്നു. അതുകൊണ്ട് വിദൂര ദിക്കു കളിലുള്ള അറബികളെല്ലാം മതപഠനത്തിന് വേണ്ടി പ്രവാചക സവി ധത്തിലേക്ക് വരിക എന്നതും ഗുരുമുഖത്ത് നിന്നും പഠിക്കുക എന്നതും തികച്ചും അസാധ്യമായിരുന്നു. അതുപോലെ പ്രവാചകൻ വിദൂരദേശങ്ങളിൽ സഞ്ചരിക്കുക എന്നതും അസാധ്യമായിരുന്നു. അറബി ആചാരമനുസരിച്ച് ഒരു ഗോത്ര പ്രതിനിധി സംഘം പ്രവാ ചകന്റെ സന്നിധാനത്തിലേക്ക് വരികയോ അതുപോലെ ഒരു ഇസ്ലാമിക പ്രതിനിധി സംഘത്തെ ഗോത്രത്തലവൻമാരുടെ അടു ത്തേക്ക് അയക്കുകയോ ആണ് പതിവ്. ഈ വിധത്തിലായിരുന്നു ഇസ്ലാം പ്രചരിപ്പിച്ചിരുന്നത്. അപ്പോൾ അവിടെ സംവാദങ്ങളും ചർച്ചകളും ഉണ്ടാകുമായിരുന്നു. ചോദ്യോത്തരങ്ങൾക്ക് ശേഷം



ഗോത്ര പ്രതിനിധികൾക്കോ അല്ലെങ്കിൽ ഗോത്രമുഖ്യൻമാർക്കോ ഇസ്ലാം ബോദ്ധ്യമായെങ്കിൽ ഗോത്രം മുഴുവനും ഇസ്ലാംമതം സ്വീകരിക്കുന്ന സമ്പ്രദായമായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് വലിയൊരു വിഭാഗത്തിന് പ്രവാചകന്റെ തിരുമുഖത്ത് നിന്ന് ഇസ്ലാമികാദ്ധ്യാപനങ്ങൾ ഗ്രഹിക്കാൻ സാധ്യമായില്ലെന്ന് മാത്രമല്ല അവരിൽ പലർക്കും നബിതിരുമേനി(സ)യെ ദർശിക്കാൻ പോലും അവസരമുണ്ടായിട്ടില്ല. എന്തിനധികം, പ്രവാചകന്റെ അനുചരൻമാ രോടൊപ്പം സമയം ചെലവിടാൻ പോലും അവർക്ക് സാധ്യമായി ട്ടില്ല. മതം എന്നത് ആത്മീയ പ്രഭാവമുള്ള വ്യക്തികളുടെ ജീവിത സഹവാസത്തിലൂടെ ഉണ്ടാകുന്ന അനുഭവങ്ങളും അതുവഴി ലഭി ക്കുന്ന ആത്മസംസ്കരണവുമാണല്ലോ. ഈ സൗകര്യം പിന്നീട് ഇസ്ലാമിലേക്ക് പ്രവേശിച്ച നവ മുസ്ലിംകൾക്ക് ലഭിച്ചിട്ടില്ല. അവ രുടെ ഇസ്ലാം മതത്തിലേക്കുള്ള പരിവർത്തനത്തിന് തൊട്ട് പിറ കെയാണ് തിരുനബി(സ)യുടെ ദേഹവിയോഗമുണ്ടായത്. അതോടെ അറബ് ചക്രവാളത്തിൽ ഏറെക്കുറെ അന്ധകാരത്തിന്റെ നിഴൽ പര ന്നു. ആ കാലഘട്ടത്തിലെ ചരിത്രത്തിൽ നിന്നു നമുക്ക് ധാരാളം പഠിക്കാനുണ്ട്. ജനങ്ങൾ അവരുടെ കാലഘട്ടത്തിലെ പ്രവാചകനെ നിഷേധിക്കുകയും ആ ദിവ്യ പ്രകാശത്തെ ശക്തി മുഖേന അണ യ്ക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അതിന്റെ പേരിൽ അവർ കഠി നമായി ദൈവശിക്ഷയ്ക്ക് വിധേയമാകുന്നു.

അതിന്റെ അനന്തരഫലങ്ങളിലൊന്ന്, കൂടുതൽ ആളുകൾക്ക് സത്യവിശ്വാസത്തിന്റെ (ഈമാൻ) ദിവ്യപ്രഭ ദർശിക്കുമാറായി എന്ന താണ്. അപ്പോഴേക്കും ആ ദിവ്യജ്യോതി തിരോഭവിച്ചിരുന്നു. പല പ്പോഴും ജനങ്ങൾ ദൈവദൂതനെ അദ്ദേഹത്തിന്റെ വിയോഗാനന്തര മാണ് തിരിച്ചറിയുക. എന്തൊരു വിചിത്രമായ ശിക്ഷ! അദ്ദേഹം ജീവി ച്ചിരിക്കുമ്പോൾ കഠിനമായി പീഡിപ്പിക്കപ്പെടുന്നു. മരണാനന്തരം ആദരപൂർവ്വം സ്വീകരിക്കപ്പെടുകയും ചെയ്യുന്നു.

ഇസ്ലാമിന്റെ പ്രചാരണത്തിൽ വാൾ നിർണായകമായ സ്ഥാനം വഹിച്ചു എന്ന് പറഞ്ഞു കൊണ്ട് ഇസ്ലാമിന്റെ കൊടിയ ശത്രുക്ക ളുടെ പക്ഷം നിലയുറപ്പിക്കുന്ന മൗലാനാ മൗദൂദിയുടെ അഭിപ്രായം മുൻനിറുത്തി നമുക്ക് വീണ്ടും പ്രവാചകന്റെ (സ) ചരിത്രം പരിശോ ധിക്കാം. തിരുനബി(സ)യുടെ ജീവിതവേളയിൽ ഏതെങ്കിലുമൊര വസരത്തിൽ ജനങ്ങൾ സ്വന്തം ഇച്ഛക്കെതിരായി ഇസ്ലാംമതം വിശ്വ സിക്കേണ്ടി വന്നിട്ടുണ്ടോ എന്ന് നമുക്ക് നോക്കാം.

പ്രവാചകന്റെ (സ) ജീവിതത്തെ മക്കാ കാലഘട്ടമെന്നും മദീനാ കാലഘട്ടമെന്നും വിഭജിക്കുന്നത് പ്രത്യക്ഷത്തിൽ യുക്തിസഹമാണെന്ന് തോന്നുമെങ്കിലും അത് സംഗതികളുടെ അമിത ലളിതവത്കരണമാണ്. ഹിജ്റക്കു ശേഷം പ്രവാചകനും അനുചരൻമാരും കടുത്ത പീഡനങ്ങളിൽനിന്നു രക്ഷപ്പെട്ടുവെങ്കിലും അതിജീവനത്തിനു വേണ്ടിയുള്ള സമരം അവസാനിച്ചിട്ടുണ്ടായിരുന്നില്ല. നബി തിരുമേനി(സ)യുടെ ജീവിതത്തെ മൂന്ന് ഭാഗങ്ങളായി വിഭജിക്കുകയാണ് ഏറ്റവും ഉചിതമായിട്ടുള്ളത്. ഒന്നാം ഘട്ടം മദീനയിലേക്കുള്ള പാലായനം വരേയുള്ളത്. രണ്ടാമത്തേത് പാലായനം മുതൽ മക്കാ വിജയം വരെയുള്ള ഘട്ടം. മുസ്‌ലിംകൾ തിരിച്ച് യുദ്ധം ചെയ്യാൻ കല്പിക്കപ്പെട്ടിരുന്നുവെങ്കിലും മക്കാ ഖുറൈശികളുമായി താരതമ്യം ചെയ്യുമ്പോൾ അവരുടെ നില തുലോം തുച്ഛമായിരുന്നു. മദീന മാത്രമായിരുന്നു മുസ്‌ലിംകൾ താമസിച്ചിരുന്ന ഒരേയൊരു നഗരം. പട്ടണത്തിന്റെ നിയന്ത്രണാധികാരം അവർക്കില്ലായിരുന്നു. മൂന്ന് യഹൂദ ഗോത്രങ്ങളും ഔസ്, ഖസ്റജ് ഗോത്രത്തിലെ ഇസ്‌ലാംമതം സ്വീകരിക്കാത്തവരുമായിരുന്നു പട്ടണത്തിൽ പ്രാബല്യം നേടിയിരുന്നത്. ബദറിലെ ശത്രുസൈന്യത്തിന്റെ വലിപ്പം അവരുടെ യഥാർത്ഥ ശക്തി വ്യക്തമാക്കുന്നു. അതുകൊണ്ട് മദീനയിലെ ജീവിതവും മക്കയിലെ പീഡനത്തിന്റെ ഒരു തുടർഘട്ടമായേ കണക്കാക്കാൻ കഴിയൂ. മൂന്നാം ഘട്ടം ഹുദൈബിയ്യാ സന്ധിമുതൽ ആരംഭിക്കുകയും മക്കാ വിജയത്തോടെ അവസാനിക്കുകയും ചെയ്യുന്നു. അത് സമാധാനത്തിന്റെ കാലഘട്ടമായിരുന്നു. മക്കയിലെ ബഹുദൈവ വിശ്വാസികൾ മുസ്‌ലിംകളെ ആക്രമിച്ചില്ല. എങ്കിലും കരാറുകൾ ലംഘിച്ച ചില യഹൂദഗോത്രങ്ങളോടും അറബി ഗോത്രങ്ങളോടും അൽപം ചില സംഘർഷങ്ങൾ ഇല്ലാതിരുന്നില്ല.

ഒന്നാമത്തെ പീഡനകാലം 13 വർഷം നീണ്ടു നിന്നു. ആ കാലഘട്ടത്തിൽ ശക്തി ഉപയോഗിച്ച് ഇസ്‌ലാമിലേക്ക് ആളെച്ചേർത്തു എന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. ഓറിയന്റലിസ്റ്റുകൾ പോലും ഈ വസ്തുത അംഗീകരിക്കുന്നു. മക്കയിലെ ഈ കൊടും പീഡനത്തിന്റെ നടുവിലും ജനങ്ങൾ ഇസ്‌ലാം മതം സ്വീകരിച്ചു പോന്നു എന്നതാണ് വസ്തുത. അങ്ങനെ ഇസ്‌ലാംമതം സ്വീകരിച്ച ആളുകളായിരുന്നു മുഹാജിറുകൾ (പാലായനം ചെയ്തവർ). ഒരൊറ്റ മുഹാജിറും നിർബന്ധപൂർവ്വം മതപരിവർത്തനം ചെയ്യപ്പെട്ടിട്ടില്ല എന്നത് ചരിത്രവസ്തുതയാണ്.



പീഡനത്തിന്റെ രണ്ടാം ഘട്ടത്തിൽ മുസ്‌ലിംകൾ സായുധ പ്രതിരോധം നടത്തുകയുണ്ടായി. ഈ സായുധ സംഘട്ടനത്തിന്റെ കാലത്ത് ആരെങ്കിലും ശക്തിക്ക് വഴങ്ങി ഇസ്‌ലാം മതം വിശ്വസിച്ചിട്ടുണ്ടാകാം എന്നാണ് വിമർശകൻമാർ കരുതുന്നത്. പക്ഷേ, ആ കാലഘട്ടത്തിലുള്ള ചരിത്രം പൂർണമായും രേഖപ്പെടുത്തപ്പെട്ടതാണ്. മദീനയിൽ ഇസ്‌ലാംമതം വിശ്വസിച്ചവരിൽ ബഹുഭൂരിപക്ഷവും ഔസ്, ഖസ്റജ് എന്നീ ഗോത്രങ്ങളിൽ നിന്നുള്ളവരായിരുന്നു. മദീനയിലെ ഈ വിശ്വാസികളായിരുന്നു നബിതിരുമേനി(സ)യെ മദീനയിലേക്ക് ക്ഷണിച്ചത്. അഖ്ബയിൽ വെച്ച് തിരുനബി(സ)യുമായി സന്ധിച്ച മദീനാനിവാസികളോട് അവിടന്ന് പറഞ്ഞു:

'ഞാൻ നിങ്ങളുമായി ഇതാ കരാറുണ്ടാക്കുന്നു. മദീനയിൽ ആരെങ്കിലും എന്നെ എതിർത്താൽ നിങ്ങളുടെ സ്ത്രീകളെയും കുഞ്ഞുങ്ങളേയും സംരക്ഷിക്കുന്നതുപോലെ നിങ്ങൾ എന്റെ സംരക്ഷണവും ഏറ്റെടുക്കണം.'

തിരുനബി(സ)യുടെ ഈ അർത്ഥന കേട്ടമാത്രയിൽ ഖസ്റജ് ഗോത്ര നേതാവ് ബറാ ഇബ്നു മഅ്‌വൂർ എഴുന്നേറ്റ് നബി(സ)യുടെ തിരുകരം ഗ്രഹിച്ചു. അദ്ദേഹം പ്രതിവചിച്ചു:

**അങ്ങയെ സത്യസമേതം അയച്ച ആ ഒരുവനാണ. ഞങ്ങൾ അവരെ സംരക്ഷിക്കുന്നത് പോലെ അങ്ങയേയും സംരക്ഷിക്കും. അങ്ങ് ഞങ്ങളുടെ ഈ പ്രതിജ്ഞ സ്വീകരിച്ചാലും. ഓ ദൈവത്തിന്റെ ദൂതരേ, ഞങ്ങൾ സമരയോദ്ധാക്കളാണ്. ഞങ്ങളുടെ പിതാക്കൻമാർ കൈമാറിയ ആയുധ ങ്ങൾക്കുടമകളുമാണ്.**

ഈ ആളുകളായിരുന്നു യഥ്‌രിബിൽ(മദീന) നിന്നു മക്കയിലേക്കുള്ള യാത്രയിലുടനീളം തിരുമേനി(സ)യെ ആയുധപാണികളായി അനുധാവനം ചെയ്തത്. അവരാണ് അൻസാറുകൾ(സഹായികൾ) എന്നറിയപ്പെടുന്നവർ.

മദീനയിലെ ഏതാനും യഹൂദരും വിദൂരദേശത്തുള്ള കുറച്ച് അറബികളും മുസ്‌ലിംകളായി. അവരാരും ഇസ്‌ലാം മതം ആശ്ലേഷിച്ചത് നിർബന്ധ സാഹചര്യത്തിലോ സായുധസംഘട്ടനം കൊണ്ടോ അല്ല. ഈ കാലഘട്ടത്തിൽ മക്കയിൽ ഇസ്‌ലാം മതപ്രചാരണം ഗതിവേഗം കൊള്ളുകയായിരുന്നു. പീഡനങ്ങൾക്ക് നടുവിൽ മക്കയിലെ അറബികൾ ഇസ്‌ലാം മതം വിശ്വസിച്ചു കൊണ്ടിരുന്നു. ഇവിടെയും ബലപ്രയോഗം കടന്നു വന്നില്ല.

യുദ്ധത്തടവുകാരുടെ ഇസ്‌ലാം മതാശ്ലേഷമാണ് നിർബന്ധ മത പരിവർത്തനമായി വ്യാഖ്യാനിക്കപ്പെടാൻ വിദൂര സാധ്യതകളുള്ള ഒരു കാര്യം. നാം അക്കാര്യം ചർച്ച ചെയ്യുന്നതിന് മുമ്പേ ഒരു തെറ്റു ധാരണ നീക്കേണ്ടതുണ്ട്. ഇവിടെ 'ഗസ്‌വഃ', 'സരിയ്യഃ' എന്നീ അറബി പദങ്ങൾ 'യുദ്ധം' എന്ന അർത്ഥത്തിലല്ല ഉപയോഗിക്കുന്നത്. സായു ധസംഘട്ടനം എന്ന് പോലും അതിന് അർത്ഥം കല്പിക്കാൻ സാധ്യ മല്ല. അതിന്റെയർത്ഥം ദൗത്യയാത്ര (Expedition) എന്നു മാത്രമാ ണ്. ശത്രുവിനെക്കുറിച്ചുള്ള വിവരം ശേഖരിക്കാനുള്ള യാത്ര, റോന്തു ചുറ്റൽ, ദൗത്യസേന, രക്ഷാപ്രവർത്തനം, രാജപാതയിലൂടെയുള്ള അനുധാവനം എന്നെല്ലാം ഈ പദങ്ങൾക്ക് അർത്ഥം പറയാം. എന്തി നധികം ഒരാൾ മാത്രം നയിക്കുന്ന മതപ്രബോധന യാത്രകൾക്ക് വരെ ഈ പദം പ്രയോഗിക്കാം. ഇത്തരം യാത്രകളാണ് 'സരിയ്യഃ' എന്ന് അറിയപ്പെടുന്നത്. പ്രവാചകൻ സ്വയം തന്നെ അത്തരം യാത്ര നയിക്കുകയാണെങ്കിൽ അത് 'ഗസ്‌വഃ' എന്നറിയപ്പെടുന്നു. ഉദാഹ രണത്തിന് പ്രവാചകൻ നയിച്ച ആദ്യത്തെ ദൗത്യയാത്ര(ഗസ്‌വഃ) തന്റെ മാതാവിന്റെ കബറിടമായ 'അൽ അബ്‌വ' യിലേക്കായിരു ന്നു. അദ്ദേഹത്തെ അറുപതു മുഹാജിറുകൾ അനുധാവനം ചെയ്തി രുന്നു. തിരുപ്രവാചകർ(സ) അവിടെ ഏതാനും ദിവസം താമസി ക്കുകയും അവിടുത്തെ ബനൂദമ്റ ഗോത്രനേതാവുമായി ഒരു സൗഹൃ ദക്കരാറിൽ ഒപ്പുവെക്കുകയും ചെയ്തു. അതിനെത്തുടർന്ന് കുർസ് അൽഫിഹ്‌രി എന്ന കൊള്ളക്കാരനെത്തേടി യാത്ര തിരിച്ചു. വാട്ട് ചൂണ്ടിക്കാട്ടിയതുപോലെ അത് മദീനക്കാരുടെ ഒട്ടകങ്ങളെ കവർച്ച ചെയ്ത് കൊണ്ടു പോകുന്ന ഒരു കൊള്ളക്കാരനെ നേരിടാനായിരു ന്നു.[39]

വാട്ടിനെത്തന്നെ വീണ്ടും ഉദ്ധരിക്കാം:

> 'സദാസമയവും കാവൽ വലയത്തിലായിരുന്ന അദ്ദേഹം [തിരു നബി(സ)] അപകടങ്ങളുടെ നടുവിലായിരുന്നുവെന്ന് വ്യക്തമാ കുന്നു.[40]

ഹിജ്റക്കും ഹുദൈബിയ്യാ സന്ധിക്കുമിടയിൽ അത്തരത്തിലുള്ള അമ്പത് 'ദൗത്യയാത്രകൾ' തിരുനബി(സ) നടത്തിയിരുന്നു. അതിൽ മൂന്നെണ്ണം മാത്രമെ യുദ്ധമായി പരിണമിച്ചുള്ളൂ; ബദ്ർ, ഉഹ്ദ്, അഹ്സാബ്. അതിൽ ഒന്ന് ബനൂ മുസ്ത്വലിഖുമായുള്ള സായുധ സംഘട്ടനമായിരുന്നു. 100 പേരെ യുദ്ധത്തടവുകാരായിപ്പിടിച്ചെങ്കിലും അവരെയെല്ലാം മോചനദ്രവ്യം വാങ്ങാതെയാണ് മുസ്‌ലിംകൾ സ്വത



ന്ത്രരാക്കിയത്. ചില ചെറിയ ദൗത്യയാത്രകളിൽ രണ്ടോ മൂന്നോ ആളുകളെ യുദ്ധത്തടവുകാരായിപ്പിടിക്കേണ്ടി വന്നു. അവരെയെല്ലാം നിരുപാധികം വിട്ടയക്കുകയാണുണ്ടായത്. ബദ്റിൽ വെച്ച് 72 യുദ്ധ ത്തടവുകാരെ മുസ്‌ലിംകൾ ബന്ധനസ്ഥരാക്കി. അവരിൽ രണ്ടു പേരെ മുൻകാലത്ത് നടത്തിയ ഹീനമായ കുറ്റകൃത്യങ്ങളുടെ പേരിൽ വധിച്ചു. ബാക്കിയുള്ള തടവുകാരെ തുച്ഛമായ മോചനദ്രവ്യം വാങ്ങി വിട്ടയച്ചു. അൻസാറുകളുടെ മക്കൾക്ക് എഴുത്തും വായനയും പഠി പ്പിക്കുക എന്നതായിരുന്നു ചില തടവുകാരുടെ മോചനദ്രവ്യമായി കണക്കാക്കിയിരുന്നത്.

മൂന്നാം ഘട്ടം ആരംഭിക്കുന്നത് ഹുദൈബിയ്യാ സന്ധി മുതൽ മക്കാ വിജയം വരെയാണ്. ഇരുപത്തി രണ്ട് ദൗത്യയാത്രകൾ ഈ ഘട്ടത്തിൽ പ്രവാചകൻ(സ) നടത്തുകയുണ്ടായി. അതിൽ മൂന്നെ ണ്ണത്തിലാണ് യുദ്ധത്തടവുകാർ പിടിക്കപ്പെട്ടത്. തിരുനബി(സ) റോമാ ചക്രവർത്തിക്കരികിലേക്ക് ദിഹ്‌യാബിൻ ഖലീഫ അൽ ഖൽബി എന്ന സഹാബിയെ ഒരു ദൂതനായി അയക്കുകയുണ്ടായി. തിരുനബി(സ) സൈദുബ്നു ഹാരിസിന്റെ നേതൃത്വത്തിൽ ഒരു ദൗത്യസേനയെ അൽഹുനൈ ദിനേയും സംഘത്തേയും ശിക്ഷി ക്കാൻ വേണ്ടി അയച്ചു. സംഘട്ടനത്തിന് ശേഷം കവർച്ചക്കാരെ തട വുകാരാക്കിപ്പിടിച്ചു. അവർ പശ്ചാത്താപം പ്രകടിപ്പിച്ചതിനാൽ എല്ലാ വരെയും വിട്ടയച്ചു. ബശീറുബ്നു സഅ്ദിന്റെ നേതൃത്വത്തിൽ ഗഫ്ഫാൻ ഗോത്രത്തിനെതിരെ വിജയകരമായ ഒരു ദൗത്യ യാത്ര നടത്തുകയുണ്ടായി. ആ ഗോത്രത്തിനു മദീനയിലെ ജൂതൻമാരു മായും മക്കത്തെ അവിശ്വാസികളുമായും രഹസ്യബന്ധമുണ്ടായിരു ന്നു. ഒരു ചെറുസംഘം ആളുകളെ യുദ്ധത്തടവുകാരായിപ്പിടിച്ചു. പക്ഷേ, അവർക്ക് പിന്നീട് എന്തു സംഭവിച്ചു എന്നതിനെപ്പറ്റി ചരി ത്രത്തിൽ ഒന്നും കാണുന്നില്ല. അതുപോലെത്തന്നെ ബനീകിലാ ബിനു നേരെയും നബിതിരുമേനി(സ) ഒരു ദൗത്യസംഘത്തെ അയ ക്കുകയുണ്ടായി. ബനൂകിലാബ് എന്ന ഈ ഗോത്രത്തിന്റെ ഭാഗമാ യിരുന്ന ബനൂഉറൈന മദീനയിൽ വരികയും ഇസ്‌ലാം മതം വിശ്വസിക്കുകയും ചെയ്തു. അവർ മദീനയിൽ വരുമ്പോൾ പനി പിടിച്ചിരുന്നു. നല്ല ഭക്ഷണവും പാലും നല്കാൻ പ്രവാചകൻ അവരെ തന്റെ കാലികൾ മേയുന്ന സ്ഥലത്തേക്ക് കൊണ്ടു പോയി താമസി പ്പിച്ചു. ആരോഗ്യം വീണ്ടെടുത്ത അവർ ആട്ടിടയൻമാരെ കൊലപ്പെ

ടുത്തുകയും 15 ഒട്ടകത്തെ കവർന്നു കൊണ്ടു പോകുകയും ചെയ്തു. അവർ ശിക്ഷിക്കപ്പെടുകയുണ്ടായി. അവരിൽ ചെറിയൊരു വിഭാഗം തടവുകാരായി പിടിക്കപ്പെട്ടു. അവർക്കും പിന്നീട് എന്ത് സംഭവിച്ചുവെന്ന് വ്യക്തമല്ല.

ഏറെക്കുറെ വിശദവും സൂക്ഷ്മവുമായ ഈ പരിശോധനയിൽ നിന്ന് പാലായനം (ഹിജ്റ) മുതൽ മക്കാ വിജയം വരെയുള്ള ഘട്ടത്തിൽ ഒരു വ്യക്തി പോലും ബലപ്രയോഗത്താൽ മതം മാറ്റപ്പെട്ടിട്ടില്ല എന്നു കാണാം. വാൾമുന കൊണ്ട് വിശ്വാസികളുടെ ഹൃദയകഉങ്ങൾ ശുദ്ധീകരിച്ചു എന്ന വാദത്തിലേക്ക് ഒരു തെളിവുപോലും സമർപ്പിക്കാൻ സാധ്യമല്ല. മറിച്ച്, അവിശ്വാസികളെ അവരുടെ മതങ്ങളിലേക്ക് തിരിച്ചു പോകാനാണ് അനുവദിച്ചത്.

തിരുമേനി(സ)യുടെ പുണ്യജീവിതത്തിന്റെ അവസാനഘട്ടം ആരംഭിക്കുന്നത് മക്കാവിജയത്തോടെയാണ്. അഥവാ ഹൃദയങ്ങളെ അതിജയിച്ച ആ സുദിനത്തോടെയാണ്. ഇസ്ലാമിക വിജയം അസന്ദിഗ്ദ്ധമായി തെളിയിക്കുന്നത് ഇസ്ലാംമത പ്രചാരണത്തിനു കലാപങ്ങളുമായി വിദൂരബന്ധം പോലുമില്ല എന്നാണ്. ഒരു വ്യക്തിക്കു മേൽ പോലും ബലപ്രയോഗത്തിന്റെ നേരിയ ലാഞ്ചന പോലുമുണ്ടായിട്ടില്ല.

ഇസ്ലാമിന്റെ പ്രഖ്യാപിത ശത്രുവായിരുന്ന അബൂസുഫ്യാൻ മക്കാ വിജയത്തിനു തലേനാളാണ് ഇസ്ലാമിലേക്ക് പ്രവേശിച്ചത്. മക്കാ പട്ടണത്തിനരികെ ദൂരക്കാഴ്ചക്ക് പറ്റിയ ഒരു സ്ഥലത്ത് നിന്നു കൊണ്ട് അബൂസുഫ്യാൻ തിരുമേനിയുടെ മക്കാ പ്രവേശം നിരീക്ഷിക്കുകയായിരുന്നു. പ്രവാചക(അ)ന്റെ പിതൃവ്യൻ അബ്ബാസ്(റ) അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അബൂസുഫ്യാന്റെ ആ രംഗനിരീക്ഷണം മാർട്ടിൻ ലിംഗ്സ് വിവരിക്കുന്നത് കാണുക:

**'കൂട്ടം കൂട്ടമായി മക്കാപട്ടണത്തിലേക്ക് അവർ വന്നു. ഓരോ സംഘം ആഗതരാകുമ്പോഴും തദാഗതർ ആരാണെന്ന് അന്വേഷിച്ചു കൊണ്ട് അബൂസുഫ്യാൻ അത്ഭുതം കൂറുകയായിരുന്നു. അത് ആ ഗോത്രങ്ങൾ ഖുറൈശികളുടെ സ്വാധീനവലയത്തിൽ നിന്നു ദൂരസ്ഥരായിരുന്നത് കൊണ്ടായിരിക്കാം. അല്ലെങ്കിൽ അവർ പ്രവാചകനോട് സമീപകാലം വരെ ശത്രുത പുലർത്തിയവരായിരുന്നു എന്നത് കൊണ്ടായിരിക്കാം അബൂസുഫ്യാൻ വിസ്മയം കൊള്ളുന്നത്. അശ്ജായിലെ ഗത്താഫൻ ഗോത്രം തിരുനബിയുമായി സമീപകാലം വരെ**



**ശത്രുതയിലായിരുന്നു. അവരിൽപെട്ട നുഐം എന്നയാൾ അദ്ദേഹത്തിന്റെയും സുഹൈലിന്റെയും പഴയ സ്നേഹിതനായിരുന്നു. അയാളാണ് ആ ഗോത്രത്തിന്റെ ചിഹ്നം വഹിച്ചു കൊണ്ട് കടന്നുവന്നത്.**

**അബൂസുഫ്യാൻ വിസ്മയഭരിതനായിപ്പറഞ്ഞു: അറബികളിൽ വെച്ച് മുഹമ്മദിന്റെ കഠിനശത്രുക്കൾ ഇവരായിരുന്നു. അടുത്തുണ്ടായിരുന്ന അബ്ബാസ് പ്രതിവചിച്ചു. ദൈവം അവരുടെ ഹൃത്തടങ്ങളിലേക്ക് ഇസ്ലാമിനെ കൊണ്ടു വന്നു. എല്ലാം ദൈവകൃപ കൊണ്ടുമാത്രം.** [41]

വാളായിരുന്നോ അവരുടെ പരിവർത്തനത്തിനു കാരണമായത്? പ്രവാചകൻ(സ) പതിനായിരം പേരോടൊപ്പമായിരുന്നു മക്കയിലേക്ക് പ്രവേശിച്ചത്. പതിമൂന്ന് വർഷം അവർണനീയമാം വിധം തന്നെ പീഡിപ്പിച്ച ജനതയോട് തിരുനബി(സ) പ്രതികാരം ചെയ്തുവോ? പഴയ മർദ്ദനങ്ങളുടെ കണക്കു തീർക്കുമെന്ന ഭീതി ചിലരുടെ മനസ്സിലെങ്കിലും ഉണ്ടായിരുന്നു. സഅ്ദ്ബിൻ ഉബാദ അബൂസുഫ്യാനെ കണ്ടപ്പോൾ പറഞ്ഞു: ഓ അബൂസുഫ്യാൻ, ഈ ദിനം കൂട്ടക്കുരുതിയുടെ ദിനമാണ്. അതിലംഘിക്കപ്പെടാത്തത് ലംഘനീയമാകും. ഖുറൈശികളുടെ അഭിമാനം പിച്ചിച്ചീന്തിയെറിയപ്പെടുന്ന ദുർദിനമാണിന്ന്. സഅ്ദ് പറഞ്ഞകാര്യം പ്രവാചകരുടെ (സ) സവിധത്തിൽ അബൂസുഫ്യാൻ ആവർത്തിച്ചു പറഞ്ഞപ്പോൾ തിരുദൂതരുടെ അധരങ്ങൾ മൊഴിഞ്ഞു, ഈ ദിനം കാരുണ്യത്തിന്റെ ദിനമാണ്. ഖുറൈശികളുടെ പദവി ദൈവം ഉയർത്തിയ സുദിനമാണിന്ന്. പ്രവാചകൻ പൊതുമാപ്പ് പ്രഖ്യാപിച്ചു. വി: ഖുർആൻ നിവേദനം ചെയ്ത യൂസുഫ് നബി(അ)യുടെ വചനങ്ങൾ ഉദ്ധരിച്ചു കൊണ്ട് നബിതിരുമേനി(സ) പറഞ്ഞു:

**ഇന്ന് നിങ്ങളുടെ പേരിൽ ഒരു കുറ്റാരോപണവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരട്ടെ. അവൻ കാരുണ്യവാൻമാരിൽ വെച്ച് ഏറ്റവുമധികം കരുണ ചെയ്യുന്നവനാണ്. (വി.ഖുർആൻ 12.93)**

വാഷിംങ്ടൺ ഇർവിൻ ഒരർത്ഥത്തിലും ഇസ്ലാമിനോട് അനുഭാവം പുലർത്തിയ ചരിത്രകാരനല്ല. മക്കയിലേക്കുള്ള തിരുദൂതരുടെ(സ) പ്രവേശത്തെ അദ്ദേഹം വിവരിക്കുന്നത് കാണുക:

**അദ്ദേഹത്തിന്റെ ജൻമഗേഹത്തിന്റെ പടിവാതിൽക്കലെത്തിയപ്പോൾ സൂര്യബിംബം ചക്രവാളം വിട്ട് ഉയരുകയായിരുന്നു.**

**ഒരു വിജിഗീഷുവിന്റെ പ്രതാപത്തോടെയും തീർത്ഥാടകന്റെ വേഷവിധാനത്തോടെയും വിനയാന്വിതനായിക്കൊണ്ട് അദ്ദേഹം ആഗതനായി. മദീനയിൽ വെളിപ്പെട്ട പ്രവചനാത്മ കമായ വിശുദ്ധ ഗ്രന്ഥത്തിലെ വചനങ്ങൾ അദ്ദേഹം ഉരുവിടുന്നുണ്ടായിരുന്നു. ഒരു യോദ്ധാവിനെപ്പോലെയല്ല. നിറഞ്ഞ ഭക്തനെപ്പോലെ ഹർഷോന്മാദത്തോടെ അദ്ദേഹം കടന്നു വന്നു.**[42]

നബി തിരുമേനി(സ)യെ എതിർത്തിരുന്ന മക്കയിലെ നേതാക്കൻമാർക്ക് അത്യുൽക്കൃഷ്ടമായ രീതിയിൽ മാപ്പ് നല്കപ്പെട്ടു വെന്നു മാത്രമല്ല, മൊണ്ട് ഗോമറി വാട്ട് പോലും അഭിപ്രായപ്പെട്ടത് പോലെ:

**മുസ്ലിംകളാവാൻ ഒരിക്കലും ശക്തി പ്രയോഗിക്കപ്പെട്ടിട്ടില്ലെന്ന് സംശയലേശമന്യേ പറയാൻ സാധിക്കും. അൽജിറാനാ താഴ്വാരം വരെ അനേകം മക്കക്കാർ അമുസ്ലിംകളായി അവ ശേഷിച്ചു.** [43]

മാക്സ് റോഡിങ്ങ്സൺ വാട്ടിനോട് യോജിക്കുന്നു:

**ഇസ്ലാംമതം സ്വീകരിക്കാൻ ഒരു മനുഷ്യനേയും നിർബന്ധിച്ചതായി കാണാൻ കഴിയുന്നില്ല.** [44]

ഇസ്ലാം മതത്തിലേക്കുള്ള വിശ്വാസ പരിവർത്തനത്തിന് ആരെങ്കിലും എന്തെങ്കിലും വിധത്തിലുള്ള സമ്മർദ്ദം ചെലുത്തിയതായി ഇസ്ലാമിന്റെ പ്രഥമ സ്രോതസ്സിൽപ്പെട്ട ഹദീസിൽ നിന്നോ, ചരിത്രങ്ങളിൽ നിന്നോ നേരിയ സൂചനപോലും ലഭ്യമല്ല. അങ്ങനെ ലഭ്യമായിരുന്നുവെങ്കിൽ ഇസ്ലാമിക വിമർശകൻമാർ അത് വിജയമായിക്കൊണ്ടാടുമായിരുന്നു. ഇർവിംങ്ങ്, വാട്ട്, റോഡിൻസൺ എന്നിവരുടെ അഭിപ്രായങ്ങളുമായി മൗലാനാ മൗദൂദി സാഹിബിന്റെ വീക്ഷണം ഒന്നുകൂടി നമുക്ക് താരതമ്യം ചെയ്തു നോക്കാം:

**അനുനയത്തിന്റെ എല്ലാ മാർഗ്ഗങ്ങളും പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ ഖഡ്ഗം കൈയ്യിലേന്തി. ഖഡ്ഗം, അത് എല്ലാ തിന്മകളേയും അക്രമത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കങ്ങളേയും വിപാടനം ചെയ്തു.**

മക്ക പ്രവാചകനെ സ്വീകരിച്ച ആ ദിനം ചരിത്രത്തിന്റെ താളുകളിൽ എക്കാലത്തേക്കുമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മൗലാനാ മൗദൂദി ആരോപിക്കുന്ന എല്ലാ കുറ്റങ്ങളിൽ നിന്നും മാനവരാശിക്ക് അനുഗ്രഹമായവതരിച്ച കാരുണ്യസാഗരമായ പ്രവാച



കരെ(സ) ആ സുദിനം വിമുക്തമാക്കിക്കൊണ്ടിരിക്കും. ഒരു അമുസ്ലിം ഓറിയന്റലിസ്റ്റായ സ്റ്റാലി ലെയ്ൻ പൂൾ എഴുതുകയാണ്:

**മുഹമ്മദിന് അദ്ദേഹത്തിന്റെ ശത്രുക്കളുടെ മേലുള്ള വിജയം അദ്ദേഹത്തിന്റെ സ്വന്തം ആത്മാവിനു മേലുള്ള വിജയം കൂടിയായിരുന്നു. ഖുറൈശികൾ അദ്ദേഹത്തിന് സമ്മാനിച്ച ദുഃഖവും ക്രൂരമായ പീഡനങ്ങളുമെല്ലാം അദ്ദേഹം നിരുപാധികം പൊറുത്തു കൊടുത്തു. മക്കാജനതക്ക് പൊതുമാപ്പ് അനുവദിക്കുകയും ചെയ്തു.** [45]

പ്രവാചകന്റെ(സ) ജീവിതത്തിലെ അവസാനഘട്ടം മക്കാവിജയത്തോടെ ആരംഭിക്കുകയും അദ്ദേഹത്തിന്റെ ദേഹവിയോഗത്തോടെ അവസാനിക്കുകയുമാണ് ചെയ്യുന്നത്. ഈ കാലഘട്ടത്തിൽ ഏഴ് ദൗത്യയാത്രകൾ നടത്തുകയുണ്ടായി. അതിൽ മൂന്നെണ്ണത്തിലും സംഘട്ടനമോ യുദ്ധത്തടവുകാരോ ഉണ്ടായില്ല. ബാക്കി നാലെണ്ണത്തിൽ ആറായിരിത്തിലധികം യുദ്ധത്തടവുകാരെ മുസ്ലിംകൾ ബന്ധനസ്ഥരാക്കി. അതിനുശേഷം ഇവർക്ക് എന്ത് സംഭവിച്ചു? മൗദൂദിയുടെ ന്യായപ്രകാരം യുദ്ധത്തടവുകാരുടെ ആത്മാവിന്റെ കളങ്കം തീർത്ത് ഇസ്ലാമിലേക്ക് അവരെ മാർഗ്ഗം കൂട്ടാൻ പറ്റിയ സുവർണ്ണാവസരമായിരുന്നു ഇത്. പക്ഷേ, ചരിത്രം മറ്റൊരു കഥയാണ് നമ്മോട് പറയുന്നത്.

ഹുനൈൻ യുദ്ധത്തിൽ ആറായിരം യുദ്ധത്തടവുകാരെ ബന്ധനസ്ഥരാക്കി. യുദ്ധത്തടവുകാരായിപ്പിടിക്കപ്പെട്ട ഗോത്രങ്ങളിലൊന്നിലെ ഒരു കുടുംബത്തിലായിരുന്നു നബി തിരുമേനി(സ)യുടെ ശൈശവം ചെലവഴിച്ചത്. അവരുടെ വളർത്തു പുത്രനായാണ് നബി തിരുമേനി(സ) വളർന്നത്. തടവുകാരായിപ്പിടിക്കപ്പെട്ട മുസ്ലിം യോദ്ധാവിനോട് ആ ഗോത്രത്തിൽപ്പെട്ട ഒരു വൃദ്ധസ്ത്രീ തട്ടിക്കയറി. അവർ പറഞ്ഞു: ദൈവം തന്നെയാണെ സത്യം ഞാൻ നിങ്ങളുടെ നേതാവിന്റെ സഹോദരിയാണ്. ആ സ്ത്രീ പ്രവാചകന്റെ സവിധത്തിൽ ഹാജരാക്കപ്പെട്ടു. തിരുദൂതൻ(സ) തന്റെ കുട്ടിക്കാലത്തെ വളർത്തു സഹോദരി ശൈമയെ ഉടൻ തന്നെ തിരിച്ചറിഞ്ഞു. പ്രവാചകൻ ഒരു വിരിപ്പ് വിരിച്ചു. തന്റെ വളർത്തു സഹോദരിയെ അതിൽ പിടിച്ചിരുത്തി. നബിതിരുമേനി(സ)യുടെ കവിളുകളിലൂടെ കണ്ണുനീരൊഴുകി. ദൈവദൂതൻ(സ) തന്റെ വളർത്തമ്മയായ ഹലീമയെക്കുറിച്ച് അവരോട് ചോദിച്ചു. അവരെ വേദനിപ്പിക്കുന്ന ഒരക്ഷരവും തിരുമേനി ഉരുയാടിയില്ല. തങ്ങളുടെ വളർത്തു പുത്രനെതിരെ യുദ്ധത്തിനു

പുറപ്പെടുമ്പോൾ എന്തുകൊണ്ട് ഒരു വട്ടം ചിന്തിച്ചില്ല എന്ന് പ്രവാചകൻ അവരോട് ചോദിച്ചില്ല. പകരം പ്രവാചകൻ അവരോട് പറഞ്ഞു: ഇതുവരെ എനിക്കും അബ്ദുൽ മുത്തലിബിന്റെ സന്തതികൾക്കും ലഭിച്ച യുദ്ധത്തടവുകാരെ ഞാൻ നിങ്ങൾക്ക് വിട്ടു തന്നിരിക്കുന്നു. നിങ്ങൾക്ക് വേണ്ടി ഞാൻ മറ്റു മുസ്ലിംകളോടും അഭ്യർത്ഥിക്കുന്നു. ദൈവദൂതൻ പറഞ്ഞത് കേട്ട മുസ്ലിംകൾ പ്രത്യുത്തരം നല്കി: അല്ലയോ പ്രവാചകരേ, ഞങ്ങൾക്ക് എന്തെല്ലാമുണ്ടോ അതെല്ലാം അങ്ങയുടേതാണ്. അവർ തങ്ങൾക്ക് ലഭിച്ച യുദ്ധത്തടവുകാരെയെല്ലാം പ്രവാചകനു സമ്മാനിച്ചു. അങ്ങനെ ആറായിരം യുദ്ധത്തടവുകാരും സ്വതന്ത്രരാക്കപ്പെട്ടു. ഈ സംഭവത്തിൽ വാളിന് ഒരു പങ്കും ഇല്ല. നബിതിരുമേനി (സ) തന്റെ വളർത്തു സഹോദരിക്ക് സമ്മാനമായി ഒട്ടകങ്ങളും ചെമ്മരിയാടുകളും കോലാടുകളും നല്കി. നബി തിരുമേനി(സ)യുടെ വളർത്തു പിതാവിന്റെ സഹോദരൻ ഹാരിസ് അദ്ദേഹത്തിന്റെ ഹവാസിൻ എന്ന ഗോത്രത്തെ മുഴുവനും ചാർച്ചക്കാരായി കരുതണമെന്ന് പ്രവാചകനോട് അഭ്യർത്ഥിച്ചു. അവരുടെ ഗോത്രനേതാവ് മലിക്ക് ത്വായിഫിലേക്ക് ഓടിപ്പോയിരുന്നു. അദ്ദേഹത്തെ തിരുനബി(സ) തിരിച്ചു വിളിക്കുകയും നൂറ് ഒട്ടകം സമ്മാനമായി നല്കുകയും ഹവാസിൻ ഗോത്രത്തിലെ വർദ്ധിച്ചു വരുന്ന മുസ്ലിംകളുടെ നേതാവായി നിയോഗിക്കുകയും ചെയ്തു. മറ്റു നിരവധി പേർക്കും സമ്മാനങ്ങൾ നല്കപ്പെട്ടു.

ഇതിനുപുറമെ ഉയയ്നത്ത്ബിൻ ഹസ്വിൻ ദൗത്യ യാത്രയിൽ തമീം ഗോദ്രത്തിലെ 62 പേരെ തടവുകാരായി പിടിച്ചിരുന്നു. അവർ കരുണക്ക് വേണ്ടി അഭ്യർത്ഥിച്ചു. അവരെ സ്വതന്ത്രമാക്കുകയും ചെയ്തു. വിഗ്രഹാരാധകരുടെ കേന്ദ്രമായ 'ഫുൽസി' ലേക്കുള്ള ദൗത്യയാത്രയിൽ 'ത്വായീ 'എന്ന ശത്രു ഗോത്രത്തിലെ നേതാവായ ആദി എന്നയാൾ ഓടിരക്ഷപ്പെടുകയുണ്ടായി. പക്ഷേ, അദ്ദേഹത്തിന്റെ സഹോദരികളിലൊരുവളെ മുസ്ലിംകൾ പിടികൂടി. അവൾ പ്രവാചകന്റെ മുന്നിൽ സമർപ്പിക്കപ്പെട്ടു. തനിക്ക് മാപ്പു നല്കണമെന്ന് അവൾ തിരുമേനി(സ)യോട് യാചിച്ചു. അവൾ പറഞ്ഞു: ''എന്റെ പിതാവ് തടവുകാരെ മോചിപ്പിച്ചിരുന്നു. ആതിഥ്യമര്യാദ പാലിച്ചിരുന്നു. വിശക്കുന്നവന് ഭക്ഷണം നല്കിയിരുന്നു. ബുദ്ധിമുട്ടുന്നവനെ ആശ്വസിപ്പിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെയടുക്കൽ തടവുകാരാരെങ്കിലും അഭയയാചനകളുമായി വന്നാൽ അവർക്ക് അഭയമരുളിയിരുന്നു. ആ ഹാതിമിന്റെ മകളാണ് ഞാൻ.''



പ്രവാചകൻ(സ) അവളോട് അത്യധികം കാരുണ്യപൂർവ്വം പെരുമാറുകയും അവളെ മോചിപ്പിക്കുകയും ചെയ്തു. ആ അവസരത്തിൽ തിരുമേനി അരുളി: അവളുടെ പിതാവ് ഉത്തമമായ വഴികൾ ഇഷ്ടപ്പെട്ടു. അല്ലാഹുവും അതുപോലെ അവരെ ഇഷ്ടപ്പെടുന്നു. നബി തിരുമേനി(സ) അവൾക്കു വിശിഷ്ട വസ്ത്രങ്ങളും ഒരു ഒട്ടകവും സമ്മാനമായി നല്കി. എങ്കിലും അവൾ ഒറ്റക്ക് വിമോചിതയാവാൻ ഇഷ്ടപ്പെട്ടില്ല. ആയതിനാൽ അവളോടൊപ്പം മറ്റെല്ലാ തടവുകാരും മോചിപ്പിക്കപ്പെട്ടു. ഇതെല്ലാം സംഭവിച്ചത് അവൾ പ്രഗത്ഭനായ ഒരു കവിയുടെ മകളായത് കൊണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിശാലമനസ്കതയിലും ആതിഥ്യമാര്യദയിലും അറബികൾ അഭിമാനം കൊണ്ടിരുന്നു. ത്വായീ ഗോത്രത്തലവനായ ആദി തന്റെ സഹോദരിയോടുള്ള പ്രവാചകന്റെ പെരുമാറ്റം അറിയാൻ ഇടയായി. അദ്ദേഹം ഇസ്ലാം മതം സ്വീകരിക്കുകയും ത്വായീ ഗോത്രത്തിന്റെ തലവനായി പ്രവാചകൻ അദ്ദേഹത്തെ അംഗീകരിക്കുകയും ചെയ്തു.

ഇസ്ലാമിന്റെ അഭിവന്ദ്യ പ്രവാചകരായ മുഹമ്മദ് നബി(സ)യെക്കുറിച്ച് ഓറിയന്റലിസ്റ്റുകൾ നടത്തിയ പരസ്പര വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ നിരീക്ഷിച്ചു കൊണ്ട് മാക്സിം റോഡിൻസൺ എഴുതുകയാണ്.

> **എല്ലാവരും താന്താങ്ങളുടെ മനോവിലാസങ്ങൾക്കും ആശയങ്ങൾക്കും ഭാവനകൾക്കുമനുസരിച്ച് അദ്ദേഹത്തെ രൂപപ്പെടുത്തി.**[46]

ഈ പ്രസ്താവന അമുസ്ലിംകളായ ഓറിയന്റലിസ്റ്റുകളേക്കാൾ കൂടുതൽ യോജിക്കുക മുസ്ലിമായ മൗദൂദിയെ സംബന്ധിച്ചാണ്. ഭൂതകാല പ്രതാപത്തിന്റെ നിറം മങ്ങിയ ഹൈദരാബാദിൽ ബാല്യകാലം പിന്നിട്ട മൗലാനാ മൗദൂദിക്ക് രാഷ്ട്രീയാധികാരം തിരിച്ച് പിടിച്ച് ശക്തി നേടാനുള്ള അദമ്യമായ ആഗ്രഹമുളവാകുകയും അദ്ദേഹത്തിന്റെ യൗവനദശയിൽ സംഭവിച്ച രൂക്ഷമായ രാഷ്ട്രീയ അതിജീവന സമരങ്ങൾ ആ ആഗ്രഹത്തെ ശക്തിപ്പെടുത്തുകയുണ്ടായി. ആദ്യം അബുൽ അഅ്ലാ മൗദൂദി ഗാന്ധിജിയുടെ ആരാധകനായിരുന്നു. പിന്നീട് ഹിന്ദു വർഗ്ഗീയ വാദത്തിന്റെ വിമർശകനായി മാറിയപ്പോഴും അദ്ദേഹത്തിന്റെ മനസ്സിനെ മർദിച്ചത് ഈയൊരു ചിന്തയായിരുന്നു. മൗലാനാ മൗദൂദിയുടെ മനസ്സിൽ പ്രാബല്യം നേടിയിരുന്ന നിഗൂഢ മോഹങ്ങളുമായിട്ടായിരുന്നു അദ്ദേഹം തിരുപ്രവാചകനെ

(സ) സമീപിച്ചത്. അതിനനുസരിച്ചാണ് അവിടത്തെ ജീവിതത്തെ രൂപപ്പെടുത്തിയെടുത്തതും. അങ്ങനെയാണ് മാനവകുലത്തിനാക മാനം അനുഗ്രഹവുമായവതരിച്ച പുണ്യനബി(സ)യെ ഖഡ്ഗപാണി യായ യുദ്ധപ്പോരാളിയും ഖഡ്ഗബലത്താൽ ലോകഗതി മാറ്റിയ ഒരു പടയാളിയുമാക്കി അദ്ദേഹം മാറ്റിയത്.

---

## കുറിപ്പുകൾ

*A **ആര്യസമാജം:** ഹിന്ദുമതത്തെ സമുദ്ധരിക്കാൻ സ്വാമി ദയാനന്ദ സരസ്വതി (1824–1883) 1875ൽ ബോംബയിൽ സ്ഥാപിച്ച ഹൈന്ദവ നവീകരണ പ്രസ്ഥാനം. ഭാരതീയരും വൈദേശികളുമായ സംസ്കൃത പണ്ഡിതൻമാർ ആരും അംഗീകരി ക്കാത്ത വ്യാഖ്യാനവും സ്ഥാനവും അദ്ദേഹം വേദങ്ങൾക്ക് നല്കി. അപൗരുഷേ യമായ വേദങ്ങൾ സമസ്തശാസ്ത്രങ്ങളുടെയും അധിഷ്ഠാനമാണെന്ന് അദ്ദേഹം കരുതി. അതുകൊണ്ട് ആധുനിക ശാസ്ത്രങ്ങളുടെ പ്രാഗ്രൂപം വേദങ്ങളിൽ തിര യണമെന്ന മൗലികവാദം ആര്യസമാജികർ ഉയർത്തുന്നു. ഹിന്ദുമതത്തിലേക്ക് മത പരിവർത്തനം നടത്താൻ ആര്യസമാജം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു. അന്യമതസ്ഥരോടുള്ള കടുത്ത അസഹിഷ്ണുതയാണ് ആര്യസമാജത്തിന്റെ മുഖ മുദ്ര. ആര്യസമാജം അതിന്റെ അടിസ്ഥാന തത്ത്വങ്ങളായി സ്വീകരിച്ച 10 വൈദിക തത്ത്വം പ്രമാണ ദശകം എന്ന പേരിലറിയപ്പെടുന്നു. 'സത്യാർത്ഥ പ്രകാശം' എന്ന കൃതിയിൽ സ്വാമി ദയാനന്ദൻ ഈ പ്രമാണങ്ങളെ വിശദീകരിച്ചിട്ടുണ്ട്. സാമൂഹിക ജീവിതത്തിലും ചില വിചിത്ര തത്ത്വങ്ങൾ ആര്യസമാജം വെച്ചു പുലർത്തി. അതി ലൊന്നാണ് 'നിയോഗം'. നിയോഗ തത്ത്വമനുസരിച്ച് ചില പ്രത്യേക സാഹചര്യ ങ്ങളിൽ വിവാഹിതർക്കും അന്യ സ്ത്രീ പുരുഷൻമാരുമായി ലൈംഗികബന്ധം പുലർത്താവുന്നതാണ്. ഇസ്ലാമിനെതിരെ ആര്യസമാജം ഉയർത്തിയ ആരോപ ണങ്ങൾ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ്(അ) വിജയക രമായി നേരിടുകയുണ്ടായി. 1883 ഒക്ടോബർ 30ന് യാഥാസ്ഥിതിക ഹിന്ദുക്കൾ സ്വാമി ദയാനന്ദനെ വിഷം കൊടുത്തു കൊല്ലുകയുണ്ടായി. (വിവ:)

### അദ്ധ്യായം 4

# പ്രവാചകൻമാരും പടയാളികളും

**അതിനാൽ നീ ഉപദേശിക്കുക; നിശ്ചയമായും നീ ഒരു ഉദ്ബോ ധകൻ മാത്രമാണ്. നീ അവരുടെമേൽ അധികാരം നടത്തുന്ന വനല്ല. [1] (വിശുദ്ധ ഖുർആൻ 88:22,23)**

**അത് (ജമാഅത്തെ ഇസ്ലാമി) ഒരു പ്രചാരണ പ്രസ്ഥാനമല്ല; പ്രബോധകരുടെയോ സുവിശേഷകരുടെയോ ഒരു സംഘട നയുമല്ല. എന്നാൽ, അല്ലാഹുവിന്റെ പടയാളികളുടെ സംഘ മാണ്.1 – മൗലാനാ അബുൽ അഅ്ലാ മൗദൂദി**

പത്തൊമ്പതാം നൂറ്റാണ്ടിലെ ഓറിയന്റലിസ്റ്റുകൾ ഇസ്ലാമിന്റെ വിശുദ്ധ പ്രവാചകരായ മുഹമ്മദ് നബി(സ)യുടെ ചിത്രം വരച്ചുകാട്ടി യത് എങ്ങനെയാണെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ നാം പരിശോ ധിച്ചു. ഊരിപ്പിടിച്ച ഖഡ്ഗം ഒരു കൈയ്യിലും മറുകൈയ്യിൽ ഖുർആ നുമായി അറേബ്യൻ മരുസ്ഥലികളിലൂടെ പടയോട്ടം നടത്തി നിസ്സ ഹായരായ ജനതയോട് രണ്ടിലേതെങ്കിലുമൊന്ന് തിരഞ്ഞെടുക്കു വാൻ കല്പിച്ച മതഭ്രാന്തനായ പടയാളിയുടെ ചിത്രമാണത്. എഡ്വേർഡ് ഗിബ്ബൺ [2] പ്രചാരപ്പെടുത്തിയ ഘോരമായ ഈ ചിത്ര ത്തിന് ആധുനിക ഓറിയന്റലിസ്റ്റുകൾ തീക്ഷ്ണമായ നിറങ്ങൾ നല്കി. എന്നാൽ, സുപ്രസിദ്ധ ജൂതപണ്ഡിതൻ ബെർനാഡ് ലൂയി സിന് പോലും അദ്ദേഹത്തിന്റെ ശുഷ്ക്കമായ ബ്രിട്ടീഷ് നർമ്മോക്തി ഉപയോഗിച്ച് ആ ചിത്രത്തെ ഇങ്ങനെ വിലയിരുത്തേണ്ടി വന്നു.

**വാൾ ഇടത് കൈയ്യിൽ പിടിക്കുന്ന ഒരു പടയാളി സമൂഹം! ഇത് നമുക്ക് സങ്കല്പിക്കാൻ കഴിയുന്നില്ലെങ്കിൽ അത് അസത്യം എന്ന് മാത്രമല്ല, അസാധ്യം കൂടിയാണ്. മുസ്ലിം ആചാരപ്രകാരം ഇടതുകൈ അവിശുദ്ധ കർമ്മങ്ങൾ ചെയ്യാ നാണ് ഉപയോഗിക്കുക. ആത്മാഭിമാനിയായ ഒരു മുസ്ലിമും ഒരിക്കലും ഖുർആൻ പൊക്കിപ്പിടിക്കാൻ ഇടതുകൈ ഉപയോ ഗിക്കില്ല. [3]**

പക്ഷേ, ഇതാ ഇവിടെ ഒരു ആത്മാഭിമാനിയായ മുസ്ലിം,

മൗലാനാ മൗദൂദി, അദ്ദേഹത്തിന്റെ വലം കൈയ്യിൽ ഊരിപ്പിടിച്ച വാളുമായി നില്ക്കുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിലും തിരുനബി(സ)യുടെ ചര്യയിലും അതിനു യാതൊരു പ്രസക്തിയുമില്ലെങ്കിലും മൗലാനാ വാൾ ഉയർത്തിപ്പിടിച്ചുതന്നെ നില്ക്കുകയാണ്.

തിരുനബി(സ)യുടെ ഏറ്റവും കൂറുള്ള അനുയായിയാണ് താനെന്ന് അവകാശപ്പെടുന്ന മൗലാന തന്റെ യജമാനനെക്കുറിച്ച് ഏറ്റവും ഭക്ത്യാദരപൂർവ്വം സംസാരിക്കുമെന്നാണ് ഒരാൾ ന്യായമായും പ്രതീക്ഷിക്കുക. സൗന്ദര്യം എന്നത് ദൃഷ്ടാവിന്റെ വീക്ഷണമനുസരിച്ചായിരിക്കുമല്ലോ. പക്ഷേ ഇസ്‌ലാമിന്റെ ആധുനിക വിമർശകർ പോലും നിരാകരിച്ച, തിരുമേനി(സ)യെക്കുറിച്ചുള്ള ദുരാരോപണങ്ങൾ മാത്രം മൗലാന ദർശിക്കുന്നതെന്തുകൊണ്ടാണ്? ഈ ചോദ്യത്തിന് മൂന്നുത്തരങ്ങളാണുള്ളത്.

1. ഇസ്‌ലാമിനോട് കൂറുള്ള അനുയായി എന്ന മൗലാനാ മൗദൂദിയുടെ അവകാശവാദം വ്യാജമാണ്. 'അൽ ജിഹാദു ഫിൽ ഇസ്‌ലാം' എന്ന കൃതിയിലെ ഉള്ളടക്കവും അദ്ദേഹത്തിന്റെ മറ്റു രചനകളും വായിക്കുന്ന ഒരാൾ തിരുനബി(സ)യുടെ അദ്ധ്യാപനങ്ങളുമായി അവക്ക് വിദൂരബന്ധം പോലുമില്ലെന്ന യുക്തിപൂർണ്ണമായ നിഗമനത്തിലായിരിക്കും എത്തിച്ചേരുക. അതുകൊണ്ട് തിരുനബി(സ)യുടെ കൂറുള്ള അനുയായിയാണ് താനെന്നുള്ള അദ്ദേഹത്തിന്റെ അവകാശവാദം ശുദ്ധ നുണയാണ്. ഒരുപക്ഷേ, മൗദൂദിയെപ്പറ്റി അതൊരു ഘോരമായ ആരോപണമായിരിക്കും. മുഹമ്മദ് നബി(സ)യെ അവമതിക്കുന്നു എന്ന് ഈ ഗ്രന്ഥകർത്താവ് ഉൾക്കൊള്ളുന്ന ഒരു വിഭാഗത്തിനെതിരെ ദുരാരോപണം നിലവിലുണ്ട്. മൗലാനാ മൗദൂദിക്ക് തിരുനബി(സ)യോടുള്ള കൂറിനെ സംശയിക്കുന്ന അവസാനത്തെ ആളായിരിക്കണമല്ലോ ഞാൻ.

2. മൂല്യങ്ങളെപ്പറ്റിയുള്ള മൗലാനയുടെ ധാരണ തലതിരിഞ്ഞതും അവ്യക്തവുമാണ്. വർണാന്ധത ബാധിച്ച ഒരാൾ പച്ചയിൽ നിന്നു ചെമപ്പിനെ വേർതിരിച്ചറിയാൻ ബുദ്ധിമുട്ടുന്നതുപോലെ തിന്മയിൽ നിന്നു നന്മ വിവേചിച്ചറിയാൻ മൗലാനാ മൗദൂദി പാടുപെടുന്നു.

3. മൗലാനാ മൗദൂദിക്ക് മനോഗ്രസ്തി(Obsession) പിടികൂടിയിരിക്കുകയാണ്. രാഷ്ട്രീയാധികാരം പിടിച്ചു പറ്റാനുള്ള അദ്ദേഹത്തിന്റെ ഒടുങ്ങാത്ത ദുര ഒരു ഒഴിയാബാധയായി അദ്ദേഹത്തെ പിടികൂടുന്നു. 'മനോഗ്രസ്തി' എന്ന രോഗം നിർവചിക്കപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്: ഒരു ആശയം നിശ്ചയദാർഢ്യത്തോടും നിരന്തരമായും സാധാരണഗതിയിൽ അത്യന്തം വികാരവായ്പോടും പ്രാവർത്തികമാക്കാൻ എന്തെങ്കിലും ചെയ്യണമെന്ന കഠിനമായ ആഗ്രഹം. ഈ മാനസികാവസ്ഥയുടെ സാകല്യം മനോഗ്രസ്തി എന്ന രോഗവുമായി ബന്ധപ്പെട്ടതാണ്. [4]



പിയറി ജാനെറ്റ് വിലയിരുത്തുന്നത്, 'മനോഗ്രസ്തി' ബാധിച്ച രോഗികൾ തീവ്രവാദികളായ സന്മാർഗ്ഗ വാദികളായിരിക്കും. സദാസമയവും കഠിനമായ ധർമ്മ ചിന്തയാൽ ആകുലചിത്തനും താൻ യോഗ്യനല്ല എന്ന ചിന്തയാൽ അസ്വസ്ഥനുമായിരിക്കും [5]

ജാനെറ്റിന്റെ ആശയങ്ങളെ സംഗ്രഹിച്ചു കൊണ്ടും തന്റെ സ്വന്തം മാനദണ്ഡങ്ങൾ വെച്ചും എൽട്ടൺ മേയോ 'മനോഗ്രസ്തി' ബാധിച്ചവരെ വിലയിരുത്തുന്നതു കാണുക: സ്പഷ്ടമായ കാര്യങ്ങളെക്കുറിച്ച് അത്യദ്ധ്വാനം ചെയ്ത് പുനർവിചിന്തനം നടത്തുന്നതിൽ ഇവർ വിദഗ്ദ്ധരായിരിക്കും. ഊതിപ്പെരുപ്പിച്ച സൂക്ഷ്മതയോടെ അവർ ചെറിയ കാര്യങ്ങൾ വിവരിക്കുന്നു. എന്നിട്ട് വലിയ കാര്യങ്ങൾക്ക് അവ പകരം വെക്കുന്നു. ആ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ താൻ സ്വയം പര്യാപ്തനല്ല എന്ന ബോധവും അവർക്കുണ്ട്. [6]

ഹൈദരാബാദിലെ മൗലാനാ മൗദൂദിയുടെ ബാല്യകാല സ്മൃതികളും യൗവനകാലത്തെ അനുഭവങ്ങളും നാം നേരത്തെ കാണുകയുണ്ടായി. തന്റെ സ്വാഭാവ രൂപീകരണത്തിനും രാഷ്ട്രീയാധികാരത്തെപ്പറ്റി ചിന്തിക്കാനും ഈ കാലഘട്ടം വഴിയൊരുക്കി. കുർട്ട് ലെവിൻ എന്ന മനശ്ശാസ്ത്രജ്ഞന്റെ നിരീക്ഷണപ്രകാരം, ഒരു വ്യക്തിയുടെ സ്വഭാവം മനസ്സിലാക്കണമെങ്കിൽ അത് അദ്ദേഹത്തിന്റെ ജീവിതകാല പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കണം. ചിലർ അത് പ്രത്യേക കാലഘട്ടവുമായും ഒരു പ്രത്യേക സന്ദർഭവുമായും ബന്ധപ്പെടുത്തിക്കാണുന്നു. ലെവിന് താൽപര്യമുള്ള മേഖല 'വ്യക്തിയും അയാളുടെ മാനസിക പരിസ്ഥിതിയും അടങ്ങുന്ന ജീവിത സാകല്യമാണ്.' [7] വുഡ്സ്‌വർത്തും ഷീഹനും ലെവിന്റെ സിദ്ധാന്തം കൂടുതൽ വിശദമാക്കുന്നത് കാണുക:

മനശ്ശാസ്ത്രപരമായ (Psychological) അല്ലെങ്കിൽ പെരുമാറ്റ ശാസ്ത്രപരമായ (Behavioural) പരിസ്ഥിതി (environment)തീർച്ചയായും ഒരു വ്യക്തിക്ക് അനുഭവപ്പെട്ടതും ബോധ്യപ്പെട്ടതുമായ പരി

സ്ഥിതിയാണ്. അതിനേക്കാളുപരിയായി ആ വ്യക്തിയുടെ വർത്തമാനകാല ആവശ്യങ്ങളും അർദ്ധ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതു കൂടിയാണ്. അദ്ദേഹത്തിന് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന പല വസ്തുതകൾക്കും വർത്തമാനകാല പ്രസക്തിയില്ലാത്തതാണ്. അത് അദ്ദേഹത്തിന്റെ മാനസിക പരിസ്ഥിതിയിൽ (Psychological environment) മാത്രം നില നില്ക്കുന്നതാണ്. മറ്റു ചില വസ്തുതകൾ പോസിറ്റീവോ നെഗറ്റീവോ ആയ സംയോജകങ്ങളാണ് (Valence). പോസിറ്റീവാണെങ്കിൽ അവ അയാളുടെ വർത്തമാനകാല ആവശ്യങ്ങളെ നിറവേറ്റുന്നു. നെഗറ്റീവ് ആണെങ്കിൽ തകർത്ത് തരിപ്പണമാക്കുമെന്ന് അവ ഭീഷണിപ്പെടുത്തുന്നു. പോസിറ്റീവ് സംയോജകങ്ങൾ അയാളെ ആകർഷിക്കുന്നു. നെഗറ്റീവ് സംയോജകങ്ങൾ അയാളുമായി വികർഷിക്കുന്നു. [8]

മനശ്ശാസ്ത്രം(Psychology) ഒരു ശുദ്ധ ശാസ്ത്രമല്ല. അത് വികസ്വരമായിക്കൊണ്ടിരിക്കുന്ന ഒരു ശാസ്ത്രമാണ്. പക്ഷേ മൗലാനാ മൗദൂദിയുടെ 'മനോഗ്രസ്തി' ക്ക് ഈ വിശകലനം വളരെ അനുയോജ്യമാണ്. അദ്ദേഹത്തിന്റെ ഈ ഒഴിയാബാധക്ക് മറ്റു വിശദീകരണങ്ങളൊന്നുമില്ല. മറ്റെന്തെങ്കിലും വിശദീകരണങ്ങളുണ്ടെങ്കിൽത്തന്നെ മൗലാനയുടെ ദർശനങ്ങളെ ഈ ഒഴിയാബാധ പിടികൂടിയിരിക്കുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ദൈവത്തിന്റെ ശത്രുക്കൾ ഇതിനുമുമ്പേ നടന്നു നീങ്ങിയ വഴികളിലൂടെ ഇടറിയ കാല്വെപ്പുകളുമായി മൗലാന ധിറുതിയിൽ നടന്നു നീങ്ങുകയും തപ്പിത്തടഞ്ഞു വീഴുകയുമാണ്. ഈ മാനസിക ബാധകൊണ്ടാണ് മതം പരിത്യജിക്കുന്നവനെ വധിക്കണം എന്ന സിദ്ധാന്തം ആവിഷ്ക്കരിക്കാൻ അദ്ദേഹം തയ്യാറായത്. [9]

തങ്ങളുടെ പാരമ്പര്യ മതത്തിൽ നിന്നു മാറിയതിന്റെ പേരിൽ പ്രവാചകൻമാർക്കും അവരുടെ അനുയായികൾക്കും ശത്രുക്കൾ എപ്പോഴും ആവശ്യപ്പെട്ടിരുന്ന ശിക്ഷയാണത്. നേരത്തെ പറഞ്ഞ അതേ 'മനോഗ്രസ്തി' തന്നെയാണ് പ്രവാചകന്റെ തിരുകരങ്ങളിൽ ഖഡ്ഗം ചാർത്താൻ അദ്ദേഹത്തെ ധൃഷ്ടനാക്കിയത്. മൗലാന ഇങ്ങനെ ചെയ്തതു മൂലം മുഹമ്മദ് നബി(സ)യെ രക്തദാഹിയായ പ്രവാചകനായി ചിത്രീകരിക്കുന്ന ശത്രുക്കൾക്ക് കൂട്ടു നില്ക്കുകയാണ് ചെയ്യുന്നത്. അനുനയവും ബലപ്രയോഗവും പരസ്പരം യോജിച്ചു പോകുവാൻ സാധ്യമല്ലാത്ത വിരുദ്ധ മാർഗ്ഗങ്ങളാണെങ്കിൽ



സംസ്ക്കരണത്തിനു വേണ്ടി മൗലാന വാൾ കൈയ്യിലെടുക്കുകയും മതപരിവർത്തനത്തിന് യുക്തിപരമായ അന്വേഷണത്തെ നിരാകരിക്കുകയുമാണ് ചെയ്യുന്നത്. അനുനയവും ബുദ്ധിപരമായ അന്വേഷണവും തനിക്ക് യോജ്യമല്ലാത്ത ദുഷ്ക്കരമായ മാർഗ്ഗങ്ങളാണെന്ന് അദ്ദേഹം വിചാരിക്കുന്നു. മക്കാ ജീവിതകാലത്ത് കഠിനമായ എതിർപ്പുകൾക്ക് മുമ്പിൽ പ്രവാചകൻ കാഴ്ചവെച്ചത് പോലെ ദൈർഘ്യമേറിയ ത്യാഗങ്ങളും ക്ഷമാപൂർവ്വമുള്ള സഹനങ്ങളും അത് ആവശ്യപ്പെടുന്നു. അതുകൊണ്ട് അതൊരു നെഗറ്റീവ് സംയോജകമാണെന്ന് കരുതി മൗലാന തള്ളിക്കളയുന്നു. രാഷ്ട്രീയാധികാരത്തിലൂടെ ലഭിക്കുന്ന ശക്തി അദ്ദേഹത്തിന്റെ വർത്തമാനകാല ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതായിക്കാണുന്നു. അതുകൊണ്ട് അദ്ദേഹം അതിനെ സ്വീകരിക്കുകയും അതിസാഹസികമായിച്ചിന്തിച്ചുകൊണ്ട് തിരുമേനി(സ) യുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

മൗദൂദിയുടെ ' മനോഗ്രസ്തി' യെ ക്കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹത്തെ ഇകഴ്ത്തുവാൻ ഞാനുദ്ദേശിച്ചിട്ടില്ല. മറിച്ച്, എന്റെ യജമാനനും ഗുരുവുമായ മുഹമ്മദ് നബി(സ)യുടെ തൃക്കരങ്ങളിൽ വാൾ അണിയിക്കുക വഴി മൗദൂദിയാണ് തിരുനബി(സ)യെ ഇകഴ്ത്തിയത്. എല്ലായ്പ്പോഴും അദ്ദേഹം അതിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. ഇസ്രായേൽ ഷേൻകറുടെ 'Coat of many Colors' എന്ന ജൂതായിസത്തെപ്പറ്റിയുള്ള പുസ്തകം അവലോകനം ചെയതുകൊണ്ട് ഹഗ് നിസ്സെൻഡെൻ പറയുന്നു: 'മിസ്റ്റർ ഷേൻകർ അദ്ദേഹത്തിന്റെ മനോഗ്രസ്തി നാടകീയമാക്കുകയുണ്ടായി. അതായത് അദ്ദേഹം തന്റെ ജനതയുടെ ചരിത്രം രചിക്കുകയും അത് എല്ലാവർക്കും പ്രാപ്യമാക്കിത്തീർക്കുകയും എല്ലാവരെയും പ്രഭാവിതരാക്കിത്തീർക്കുകയും ചെയ്തു. [10] മൗലാനയെ പിടികൂടിയ ഈ മനോബാധ നല്ലകാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോകുന്നു. അദ്ദേഹം ശക്തി പ്രയോഗിക്കുന്നതിനെ നിയമാനുസൃതമെന്ന് ന്യായീകരിക്കുക മാത്രമല്ല ചെയ്യുന്നത്, പരിഷ്ക്കരണത്തിന് അത് അനിവാര്യം കൂടിയാണെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു:

**''യുക്തിചിന്തക്കും ഉദ്ബോധനങ്ങൾക്കും മുമ്പിൽ അവർ (ഇസ്ലാമിന്റെ ശത്രുക്കൾ) തങ്ങളുടെ താൽപര്യങ്ങൾ ബലി കഴിക്കുമെന്ന് കരുതുന്നത് അസംഭാവ്യമാണ്. ആകെക്കൂടി ഒരാൾക്ക് ചെയ്യാൻ കഴിയുക രാഷ്ട്രീയാധികാരവും**

**ശക്തിയും ആർജ്ജിച്ചു കൊണ്ട്** [11] **അവരെ തിന്മയിൽ നിന്നു ബലം പ്രയോഗിച്ച് തടഞ്ഞു നിറുത്തുക മാത്രമാണ്.** [12]

പരിഹാസത്തിന്റെയും നിഷേധത്തിന്റെയും നീരസത്തിന്റെയും അപമാനത്തിന്റെയും മുന്നിൽ സഹനവും സ്ഥിരചിത്തതയും പാലിച്ചു കൊണ്ടുള്ള അനുനയത്തിന്റെ മാർഗ്ഗം പ്രയാസകരം തന്നെയാണ്. മൗദൂദി സാഹിബിന്റെ വാളിന്റെ പരിഷ്ക്കരണ മാർഗ്ഗമാകട്ടെ കൂടുതൽ എളുപ്പമാണ്. ജനങ്ങളെ ശക്തി ഉപയോഗിച്ച് മാറ്റിയെടുക്കാൻ അനായാസം കഴിയുന്നു. ഈ രണ്ടു മാർഗ്ഗങ്ങൾ തമ്മിൽ ഒരു താരതമ്യവും സാധ്യമല്ല. ഒന്ന് എളുപ്പവും ക്ഷിപ്രസാധ്യവുമാണ്. മറ്റേത് അതീവ പ്രയാസകരവും ദീർഘസമയം ആവശ്യമുള്ളതുമാണ്. അയ്യൂബ് നബി(അ)യുടെ സഹനമാണ് ഇതിന് ആവശ്യം. എല്ലാ പരിഷ്ക്കർത്താക്കളും പരിഹാസത്തിനും നിഷേധത്തിനും പാത്രമായിട്ടുണ്ട്. വിശുദ്ധ ഖുർആൻ ആ ചരിത്രം ഇങ്ങനെ വിവരിക്കുന്നു:

**"കുറ്റവാളികളായ ആളുകൾ സത്യവിശ്വാസികളെ പരിഹസിക്കുകയായിരുന്നു. അവരുടെ അടുത്തുകൂടെ ഇവർ (സത്യവിശ്വാസികൾ) കടന്നു പോകുമ്പോൾ അവർ പരസ്പരം പരിഹാസഭാവത്തിൽ നയനവിക്ഷേപം ചെയ്യുമായിരുന്നു. അവർ(അവിശ്വാസികൾ) ഇവരെക്കണ്ടാൽ തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാണെന്ന് പരസ്പരം പറയുമായിരുന്നു. വാസ്തവത്തിൽ അവർ ഇവരുടെമേൽ പാറാവുകാരായി അയക്കപ്പെട്ടിരുന്നില്ല" (വി. ഖുർആൻ 83:30-34)**

ദൈവം അയച്ച പരിഷ്ക്കർത്താക്കളുടെ മാർഗ്ഗം എന്തുകൊണ്ട് മൗലാന തിരഞ്ഞെടുത്തില്ല എന്നു മുകളിലുദ്ധരിച്ച ഖുർആനിക വചനം വ്യക്തമാക്കുന്നു. ജനങ്ങൾ പരിഷ്ക്കർത്താക്കളെ പരിഹസിച്ചു കൊണ്ടു പറയുന്നു: നോക്കൂ, ഈ ജനതയുടെ ഒരേയൊരായുധം ഉപദേശമാകുന്നു. അവരാകട്ടെ വളരെ ബലഹീനരും. നാം ആഗ്രഹിക്കുന്ന ഏതവസരത്തിലും നമുക്കവരെ തകർത്ത് തരിപ്പണമാക്കാവുന്നതേയുള്ളൂ. എന്നിട്ടും അവർ തങ്ങളുടെ ഉപദേശം കൊണ്ടും യുക്തി സംവാദം കൊണ്ടും ജനങ്ങളെ അതിജയിക്കുമെന്ന് അവകാശപ്പെടുന്നു. അതുകൊണ്ട് മൗലാന സമാധാന പൂർണ്ണമായ വാദമുഖങ്ങളെല്ലാം നിരാകരിക്കുന്നു. അതിനു പകരമായി അദ്ദേഹത്തിന്റെ വാദമിങ്ങനെയാണ്:

**ഭൂമുഖത്തു നിന്നു തിന്മയും അക്രമവും ഉന്മൂലനം ചെയ്യുവാനും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന**



**ഒരാൾക്ക് വെറും സുവിശേഷ പ്രചാരണം കൊണ്ടും ധർമ്മോപദേശങ്ങൾ നല്കിയും അത് സാക്ഷാത്ക്കരിക്കാൻ സാധ്യമല്ല. അത് വ്യർഥയത്നമാണ്. അയാൾ തെറ്റായ തത്ത്വസംഹിതയിൽ പടുത്തുയർത്തപ്പെട്ട ഭരണകൂടത്തിനെതിരെ ഉയർന്നു വരണം. അയാൾ ഭരണം പിടിച്ചെടുക്കണം. തിൻമ പ്രവർത്തിക്കുന്നവരെ അധികാരത്തിൽ നിന്നു നിഷ്കാസനം ചെയ്യണം. പിന്നീട് ശക്തമായ തത്ത്വങ്ങളിലധിഷ്ഠിതമായ നീതിനിഷ്ഠമായ ഒരു ഭരണക്രമം സ്ഥാപിക്കണം.** [13]

മാർക്സിസത്തെ ഉപജീവിച്ചു കൊണ്ടുള്ളതാണ് മൗദൂദിയുടെ ഈ പരിഷ്ക്കരണ സംരംഭം. അത് മനുഷ്യവംശത്തെ രക്ഷിക്കുന്ന ദൈവിക മാർഗ്ഗമല്ല. ദൈവിക മാർഗ്ഗത്തിൽ ഉപദേശം എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. പൊതുവായി അധാർമികത കൊടുമ കൊള്ളുന്ന കാലഘട്ടങ്ങളിൽ പോലും **'സത്യം സ്വീകരിക്കാനും സ്ഥിരചിത്തത കൈക്കൊള്ളാനും പരസ്പരം ഉപദേശിക്കുന്ന'** (103:4) സത്യവിശ്വാസികളായിരിക്കും വിജയികളായിത്തീരുക. ആത്മീയവും ധാർമ്മികവുമായ എല്ലാ വിപ്ലവപരിവർത്തനങ്ങൾക്കും വേണ്ടി സത്യവും സഹനവും മുറുകെപ്പിടിച്ച് ജനങ്ങളെ അതിജയിക്കാനാണ് ദൈവം തന്റെ ദാസൻമാരോട് ആജ്ഞാപിച്ചതെന്ന് ബഹിർഭാഗസ്ഥമായ ചരിത്രവീക്ഷണമുള്ളയാൾക്ക് പോലും കാണാൻ കഴിയും. സഹനവും പ്രാർത്ഥനയും മതാത്മക വിപ്ലവങ്ങളുടെ അവിഭാജ്യ ഘടകങ്ങളാണ്. ദൈവനിയുക്തവാദികൾ ദൈവിക വാഗ്ദാനങ്ങൾ സാക്ഷാത്ക്കരിക്കും. **'സത്യവിശ്വാസികൾക്കാണ് ശുഭപര്യവസാനം'** എന്നാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. (7:129)

എല്ലാ ദൈവദൂതൻമാരും മതപുനരുജ്ജീവനത്തിന് ഈയൊരു സമ്പ്രദായമാണ് സ്വീകരിച്ചത്. മാർക്സിയൻ രീതിയിലുള്ള ബലപ്രയോഗത്തെ അവരെല്ലാവരും വെറുത്തിരുന്നു. വിശുദ്ധ ഖുർആൻ അത്തരത്തിലുള്ള ധാരാളം പ്രവാചകൻമാരുടെയും സുവിശേഷകൻമാരുടെയും ചരിത്രം പറയുന്നു. ഈ ദിവ്യ ചരിത്രങ്ങളിൽ നൂഹ് നബി(അ)യുടെ വിപ്ലവായുധം അനുനയവും ഉദ്ബോധനവുമായിരുന്നതായിക്കാണാം. ഇബ്റാഹിം(അ), ശുഅയ്ബ്(അ), സ്വാലിഹ് (അ) എന്നീ ദൈവദൂതൻമാരുടെ പരിഷ്ക്കരണ മാർഗ്ഗവും ഇതു തന്നെയായിരുന്നു. ലൂത്ത് നബി(അ), മൂസാ നബി(അ) എന്നിവർ അവരുടെ ജനങ്ങൾക്ക് ഉപദേശകന്മാരായിട്ടായിരുന്നു അയക്കപ്പെട്ടിരുന്നത്. ഈസാനബി(അ) അദ്ദേഹത്തിന്റെ സുവിശേഷം മുഖേന

യായിരുന്നു വിപ്ലവം സൃഷ്ടിച്ചത്. എല്ലാറ്റിനുമുപരിയായി സാർവ ലൗകിക ആദ്ധ്യാത്മിക വിപ്ലവ ദൗത്യവുമായി അയക്കപ്പെട്ട എക്കാലത്തെയും പരിഷ്ക്കർത്താക്കളുടെ നായകനായ നമ്മുടെ യജമാനൻ മുഹമ്മദ് മുസ്തഫാ(സ)യുടെ പരിഷ്ക്കരണോപാധിയും അനുനയവും ഉദ്ബോധനവും യുക്തി ചിന്തയുമല്ലാതെ മറ്റൊന്നുമായിരുന്നില്ല. മൗലാന വിശുദ്ധരായ ഈ ദൈവ ദൂതൻമാരുടെ പരമ്പരാഗത മാർഗ്ഗം അവഗണിക്കുക മാത്രമല്ല, അതിന് കടകവിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്. അദ്ദേഹം പറയുന്നത്, ഭൂമുഖത്തു നിന്നും തിന്മയും അക്രമവും ഉൻമൂലനം ചെയ്യാനും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് വെറും സുവിശേഷ പ്രചാരണം കൊണ്ടും ധർമ്മോപദേശങ്ങൾ നല്കിയും അത് സാക്ഷാത്ക്കരിക്കാൻ സാധ്യമല്ല, അതൊരു വ്യഥാ യത്നമാണ് എന്നാണ്.

മൗലാനാ മൗദൂദിയുടെ ഈ ആശയപ്രമാണങ്ങളെ ദൈവദൂതൻമാർ അനുവർത്തിച്ചു വരുന്ന അഖണ്ഡ പാരമ്പര്യവുമായി നമുക്കൊന്ന് താരതമ്യം ചെയ്തു നോക്കാം. സ്പഷ്ടമായ മാർഗ്ഗഭ്രംശം നൂഹ് നബി(അ) പ്രചരിപ്പിക്കുന്നു എന്ന് അദ്ദേഹത്തിന്റെ ജനത ആരോപിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു:

> **എന്റെ ജനമേ, എന്നിൽ യാതൊരു മാർഗ്ഗഭ്രംശവുമില്ല. എന്നാൽ, ഞാൻ സർവ്വ ലോകപരിപാലകനിൽ നിന്നുള്ള ഒരു ദൂതനാകുന്നു. എന്റെ നാഥന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചു തരുന്നു. ഞാൻ നിങ്ങൾക്ക് സദുപദേശം നല്കുന്നു. അല്ലാഹുവിൽ നിന്ന് നിങ്ങൾ അറിയാത്തത് ഞാൻ അറിയുകയും ചെയ്യുന്നു. (വി. ഖുർആൻ 7:62,63)**

ഇതായിരുന്നു നൂഹി(അ)ന്റെ ദൈവ ദൗത്യത്തിന്റെ ചരിത്രം. എന്നാൽ, മൗലാനാ മൗദൂദിയുടെ രീതി അനുസരിച്ച് നൂഹ് നബി(അ) ഇങ്ങനെ പറയണമായിരുന്നു.

> **ഞാൻ ദൈവത്തിന്റെ ദൂതനാകുന്നു. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി എന്നെ നിങ്ങളിലേക്ക് ചുമതലപ്പെടുത്തിയിരിക്കുന്നു. സത്യവിശ്വാസികളുടെ ഒരു സംഘം നിങ്ങളുടെ മേലുള്ള അധികാരം അടുത്ത് തന്നെ കൈയ്യേല്ക്കുന്നതാണ്.**

ആദ് ജനത ഹൂദ് നബി(അ)യോട് അദ്ദേഹം വിഡ്ഢിത്തത്തിൽപ്പെട്ടു പോയി എന്നു പറഞ്ഞപ്പോൾ എന്റെ നിരുപദ്രവമായ ഉപദേശം കേട്ട് നിങ്ങൾ വഞ്ചിതരാകേണ്ട. നിങ്ങൾ എന്നെ ഒരു വിഡ്ഢിയായി ഗണിക്കേണ്ടതുമില്ല. നിങ്ങൾ എന്റെ യാഥാർത്ഥ്യം



ദർശിച്ചിട്ടില്ല. ഞാൻ വാസ്തവത്തിൽ ഒരു മതഭക്തനാണ്. ഒരു ദിവസം ഞാൻ ദൈവത്തിനെതിരെ നില്ക്കുന്ന ജനതയിൽ നിന്ന് അധികാരം പിടിച്ചെടുക്കും. എന്നിട്ട് എന്റെ സച്ചരിതരായ ജനതയ്ക്ക് അത് നല്കും എന്ന് അദ്ദേഹം തീർച്ചയായും പറഞ്ഞില്ല. അതിനുപകരം അദ്ദേഹം പ്രവാചകൻമാരുടെ പാരമ്പര്യമനുസരിച്ച് പ്രതികരിക്കുകയാണുണ്ടായത്. അദ്ദേഹം പറഞ്ഞു:

> **എന്റെ ജനമേ, എന്നിൽ ഒരു വിഡ്ഢിത്തവും ഇല്ല. സർവ്വലോകനാഥനിൽ നിന്നുള്ള ഒരു ദൂതനാണ് ഞാൻ. എന്റെ നാഥന്റെ സന്ദേശം നിങ്ങൾക്കെത്തിക്കുന്നു. ഞാൻ നിങ്ങളുടെ ആത്മാർത്ഥതയും വിശ്വസ്തതയുമുള്ള ഒരു ഉപദേശകനാണ്. (വി. ഖുർആൻ 7:68,69)**

സമൂദ് സമുദായം ആദ് സമുദായത്തെപ്പോലെ സ്വാലിഹിനെ നിഷേധിച്ചു. പല ആരോപണങ്ങളും നടത്തി. നൂഹിനെയും ഹൂദിനെയും പോലെ അദ്ദേഹവും പറഞ്ഞു:

> **എന്റെ ജനമേ, എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർത്ഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ, നിങ്ങൾ ആത്മാർത്ഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല (വി. ഖുർആൻ 7:80)**

പിന്നീട് ദൈവം ലൂത്ത് നബി(അ)യെ അയച്ചു. അദ്ദേഹത്തിന്റെ അനുയായികളാരും പിഴച്ച ജനതയിൽ നിന്ന് അധികാരം പിടിച്ചു പറ്റാനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല. അവർക്കുമേൽ ദൈവ ശിക്ഷ വന്നു പതിക്കുന്നതുവരെ അവരുമായി നൂഹ് നബി(അ) യുക്തിപൂർണ്ണമായ ഉദ്ബോധനങ്ങൾ തുടർന്നു കൊണ്ടിരുന്നു. ലൂത്തിന്റെ ജനതക്ക് ദൈവകോപം വന്നുഭവിക്കുന്നതിനു മുമ്പേ അദ്ദേഹം തന്റെ അനുയായികളുമായി ദൈവാനുമതിയോടെ അവരുടെ ഭവനങ്ങൾ വിട്ടിറങ്ങി. മർദ്ദകരെ സദാസമയവും ജാഗ്രതപ്പെടുത്തിയിരുന്ന ആ പ്രഭാതം വന്നണഞ്ഞു:

> **എന്നാൽ അത് (ശിക്ഷ) അവരുടെ അങ്കണത്തിൽ വന്നിറങ്ങുമ്പോൾ മുന്നറിയിപ്പ് നല്കപ്പെട്ടവരുടെ പുലരി വളരെ ചീത്തയായിരിക്കും (വി. ഖുർആൻ 37: 178)**

വിശുദ്ധ ഖുർആൻ 7-ാം അദ്ധ്യായത്തിലും വഴിപിഴച്ച ജനതയെ സൽപന്ഥാവിലേക്ക് പ്രത്യാനയിക്കാൻ അവതീർണരായ പ്രവാചകൻമാരുടെ വൃത്താന്തങ്ങൾ തുടരുന്നു. ലൂത്തിന്റെ ചരിത്ര കഥനം നടത്തിയതിനു ശേഷം ശുഅയ്ബ് നബി(അ) അവരിൽ നിന്നു മുഖം തിരിച്ചു കൊണ്ട് പറഞ്ഞു:

**എന്റെ ജനമേ, ഞാൻ നിങ്ങൾക്ക് എന്റെ നാഥന്റെ സന്ദേശങ്ങൾ എത്തിച്ചിട്ടുണ്ട്. ഞാൻ നിങ്ങൾക്ക് സദുപദേശങ്ങൾ നല്കുകയും ചെയ്തു. എന്നിരിക്കെ, സത്യനിഷേധികളായ ജനങ്ങളെസ്സംബന്ധിച്ച് ഞാൻ എങ്ങനെ വ്യസനിക്കും? (വി. ഖുർആൻ 7:94)**

വിശുദ്ധ ഖുർആൻ മൗലാനാ മൗദൂദിക്കും മറ്റ് സർവ്വ മുസ്‌ലിംകൾക്കും ദൈവത്തിന്റെ വചനമാണല്ലോ. ദൈവദൂതൻമാർ തങ്ങളുടെ ഉപദേശങ്ങളും ഉദ്ബോധനങ്ങളും തിരസ്കരിക്കപ്പെട്ടപ്പോൾ ദൈവത്തിനു മുന്നിൽ കണ്ണുനീർ വാർക്കുകയും അവനോട് ഹൃദയപൂർവ്വമായ പ്രാർത്ഥനകൾ നടത്തുകയുമാണ് ചെയ്തത് എന്ന് വി.ഖുർആൻ നമ്മോട് പറയുന്നു. പ്രവാചകൻമാർക്ക് അവരുടെ സന്ദേശത്തിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. അവരുടെ ശത്രുക്കളുടെ കരങ്ങളിൽ നിന്നു ഭരണാധികാരം പിടിച്ചെടുക്കുന്നതിന് പകരം അവർ സ്നേഹവും കാരുണ്യവുമാണ് നിരന്തരം പകർന്ന് നല്കിയത്. അവർ വളരെ മാന്യമായി യുക്തി സംവാദങ്ങളിലേർപ്പെട്ടു. വിനയാന്വിതരായി തങ്ങളുടെ സദുപദേശം തുടരുകയും അന്തിമഫലം ദൈവത്തിൽ അർപ്പിക്കുകയും ചെയ്തു. ദൈവം, ഏകനായ അവൻ ഒരുവൻമാത്രമാണ്. അവൻ ഇച്ഛിക്കുന്നവർക്കാണ് അവന്റെ ഭൂമി നല്കുന്നത്. എല്ലാ പ്രവാചകൻമാരുടെയും ആഗ്രഹങ്ങൾ മൂസാ നബി (അ)യുടെ ഈ വചനത്തിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

**അല്ലയോ നാഥാ, നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ! അനുസരണയുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ (വി. ഖുർആൻ 7:127)**

മൂസാനബി(അ) അദ്ദേഹത്തിന്റെ ജനതയോട് ചെയ്ത ഉപദേശം

**നിങ്ങൾ അല്ലാഹുവിനോട് സഹായം അർത്ഥിക്കുകയും സഹനവും സ്ഥരചിത്തതയും കൈക്കൊള്ളുകയും ചെയ്യുക (വി. ഖുർആൻ 7:129)** എന്നായിരുന്നു.

അവരോട് അദ്ദേഹം പറഞ്ഞു:

**ഭൂമി അല്ലാഹുവിന്റെതാണ്. അവന്റെ അടിമകളിൽ താൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് അനന്തരാവകാശമായി നല്കുന്നു. (വി. ഖുർആൻ 7:129)**

ബലപ്രയോഗം മുഖേന അധികാരം പിടിച്ചെടുക്കുക എന്നത് സത്യവിശ്വാസികൾക്ക് ചേർന്നതല്ല. നമുക്കറിയാവുന്നതുപോലെ,



ശുഭപര്യാവസാനം ദോഷബാധയെ സൂക്ഷിക്കുന്നവർക്കാണ് (വി. ഖുർആൻ 7:129)

മൂസാ നബിക്ക് (അ) ശേഷം ഈസാ നബി(അ) വന്നു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും സുവിശേഷങ്ങളിലും ഉദ്ബോധനങ്ങളിലും കഴിച്ചു കൂട്ടി. അദ്ദേഹം ഒരിക്കലും അധികാരം കൈയ്യാളാൻ യത്നിച്ചില്ല. എല്ലാറ്റിനുമുപരിയായി പ്രവാചക പ്രഭുവായ മുഹമ്മദ് നബി(സ) ഒരു ഉദ്ബോധകനും ഉപദേശകനുമായാണ് ജനങ്ങളെ സൻമാർഗ്ഗത്തിലേക്ക് ക്ഷണിക്കുവാൻ അയക്കപ്പെട്ടത്. ഒരു പോലീസുകാരനായോ പട്ടാളക്കാരനായോ അല്ല. അല്ലാഹു അദ്ദേഹത്തിന് താക്കീതുകാരൻ എന്ന പേരു നല്കിക്കൊണ്ട് പറഞ്ഞു:

**നീ ഉപദേശിക്കുക, നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. അവരുടെമേൽ നിർബന്ധം ചെലുത്താൻ നിനക്കധികാരമില്ല. (വി.ഖുർആൻ 89:22,25)**

പക്ഷേ മൗലാന ഊന്നുന്നത് അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും മത പ്രബോധകരുടെയോ സുവിശേഷകരുടെയോ ഒരു സംഘമല്ല എന്ന വസ്തുതയിലാണ്. 'മറിച്ച് അവർ ദൈവത്തിന്റെ പോരാളികളാ'ണെന്നാണ്. കാരണം, 'അവർ മനുഷ്യരാശിക്കെതിരെ ഒരു സാക്ഷിയായേക്കാവുന്നതാണ്.' (വി. ഖുർആൻ 2:144) ഈ പടയാളികളുടെ ദൗത്യം ശക്തി ഉപയോഗിച്ച് അനീതിയും തിന്മയും അരാജകത്വവും അനുസരണമില്ലായ്മയും ചൂഷണവും ലോകത്ത് നിന്ന് ഇല്ലായ്മ ചെയ്യലാണ്. [14]

ദൈവം അവന്റെ ഏറ്റവും മഹാനായ പ്രവാചകനോട് പറഞ്ഞത്

**നാം നിന്നെ അവരുടെമേൽ കാവൽക്കാരനാക്കിയിട്ടുമില്ല നീ അവരുടെ കാര്യനിർവ്വാഹകനുമല്ല (വി. ഖുർആൻ 6:108)** എന്നാണ്.

പക്ഷേ, മൗലാനാ മൗദൂദി തനിക്കും തന്റെ അനുയായികൾക്കും പോലീസുകാരന്റെ സ്ഥാനം മാത്രമല്ല നല്കുന്നത്. ഒരു ന്യായാധിപന്റെ അധികാരം കൂടി സംവരണം ചെയ്യുന്നു. ദൈവം അവന്റെ ഏറ്റവും മഹാനായ പരിഷ്ക്കർത്താവിന് അവിശ്വാസികളുടെ ഹൃദയത്തിനുമേൽ ഭൗതികാധികാരം നല്കിയിട്ടില്ല. അതിനുപകരം മൗദൂദിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കുമാണ് ദൈവം ഈ അധികാരങ്ങൾ നല്കിയത് എന്നത് അത്ഭുതകരമായിരിക്കുന്നു. കാരുണ്യത്തിന്റെയും വിനയത്തിന്റെയും മൂർത്തിമദ്ഭാവമായിരുന്ന തിരു

നബി(സ) ലോകത്തിനാകമാനം സൽപന്ഥാവ് കാണിച്ചു കൊടുക്കാൻ താൻ നിമിത്തമായിത്തീരേണമേ എന്ന് തീവ്രമായി പ്രാർത്ഥിക്കുകയുണ്ടായി. എന്നാൽ, ദൈവം പ്രതിവചിച്ചു:

**ആളുകൾ വിശ്വാസികളായിത്തീരുന്നതിനായി നീ നിർബന്ധിക്കുകയോ? (വി. ഖുർആൻ 10:00)**

വിശ്വാസികളെസ്സംബന്ധിച്ചിടത്തോളം ദൈവം അവന്റെ പരിശുദ്ധ ദൂതരോട് (സ) പറഞ്ഞത്:

**അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ അവർ അല്ലാഹുവിന് കൂട്ടുകാരെ സങ്കല്പിക്കുമായിരുന്നില്ല. നാം നിന്നെ അവരുടെമേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല.(വി. ഖുർആൻ 6:108) എന്നാണ്.**

വിശുദ്ധ ഖുർആനിൽ പേരെടുത്തു പറഞ്ഞതും അല്ലാത്തതുമായ പ്രവാചകൻമാരുടെ സുസ്ഥാപിതമായ പെരുമാറ്റ സമ്പ്രദായത്തിന് വിരുദ്ധമായി മൗലാനാ മൗദൂദി ദൈവത്തിന്റെ അടിയാറുകളെ നിർബന്ധിക്കാനും മർദ്ദിക്കാനുമുള്ള അധികാരം സ്വയം കയ്യേല്ക്കുന്നു. അങ്ങനെ ജമാഅത്തെ ഇസ്‌ലാമി അനീതിയും അരാജകത്വവും തിന്മയും അനുസരണക്കേടും ഭൂമുഖത്തു നിന്നു വിപാടനം ചെയ്യും പോലും![15]

അധികാരത്തോടുള്ള മൗലാനയുടെ അദമ്യമായ അഭിനിവേശത്തിന് അറ്റമില്ല. അത് പ്രാപിക്കാൻ അദ്ദേഹം ഏതറ്റം വരെയും പോകാൻ സന്നദ്ധനാണ്. രാഷ്ട്രീയാധികാരം ലഭിക്കാനുള്ള പാരവശ്യത്താൽ മദോന്മത്തനായ മൗലാന ലോകഭരണം നടത്താനുള്ള അധികാരം, ബലം പ്രയോഗിച്ച് പിടിച്ചെടുക്കാനുള്ള പരിശീലനത്തിനു വേണ്ടി ദൈവം ശിപാർശ ചെയ്തതാണ് നിസ്കാരം (ആരാധന) എന്ന് കരുതുന്നു. അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം നിസ്കാരം(ആരാധന) യാതൊരു ആത്മീയോദ്ദേശ്യത്തിനും വേണ്ടിയുള്ളതായിരുന്നില്ല. അത് മനുഷ്യനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള ആത്മീയോന്മുഖമായ അഭിമുഖീകരണത്തിലൂടെ ലഭിക്കുന്ന ഒരു മതാനുഭൂതിയുമല്ല. സ്വയം ശിക്ഷണത്തിനായുള്ള ഒരു അനുഷ്ഠാനം മാത്രമായാണ് അദ്ദേഹം നിസ്കാരത്തെക്കാണുന്നത്.

എന്നാൽ ദൈവം പറയുന്നു:

**എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടില്ല (വി. ഖുർആൻ 51:57)**



പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് ദൈവാരാധനക്ക് വേണ്ടിയായിരുന്നു. ആരാധന മറ്റ് യാതൊരു ആവശ്യത്തിനു വേണ്ടിയുമായിരുന്നില്ല നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പക്ഷേ, മൗലാനയുടെ നിർബന്ധം നോക്കുക:

**പ്രാർത്ഥന (നിസ്കാരം) ഉപവാസം (നോമ്പ്) ദാനം (സകാത്ത്) തീർത്ഥാടനം (ഹജ്ജ്) എന്നീ കൃത്യങ്ങൾ നമുക്ക് നിർബന്ധമാക്കിയിരിക്കുന്നത് ഈ ആവശ്യത്തിനു (ജിഹാദ് =യുദ്ധം)ള്ള പരിശീലനത്തിനു വേണ്ടിയാണ്. ലോകത്തുള്ള എല്ലാ ഭരണകൂടങ്ങളും അവരുടെ പട്ടാളത്തിനു ചില പ്രത്യേകവും സവിശേഷവുമായ പരിശീലനങ്ങൾ നല്കാറുണ്ട്. അവരുടെ പോലീസിനും ഉദ്യോഗസ്ഥൻമാർക്കുംകൂടി അവരത് നല്കുന്നു. അതേ രീതിയിൽ ഇസ്‌ലാം അതിന്റെ സേവനത്തിലേർപ്പെട്ടവർക്കും ഈ പരിശീലനം നല്കുന്നു. എന്നിട്ട് ദൈവത്തിന്റെ ഭരണകൂടം സ്ഥാപിക്കാൻ ജിഹാദിനുവേണ്ടി പോവാൻ ആഹ്വാനം ചെയ്യുന്നു.**[16]

ലോകത്തിലുള്ള ഒരു മതവും ആരാധനെയെക്കുറിച്ച് ഇത്രമാത്രം നഗ്നമായ ഭൗതികോന്മുഖ സങ്കല്പം അവതരിപ്പിച്ചിട്ടില്ല. ദൈവത്തോടുള്ള ആരാധന പോലും ഒരു പട്ടാള ഡ്രില്ലിൽ കവിഞ്ഞ് മറ്റൊന്നുമല്ല എന്ന് പറയാൻ 'മനോഗ്രസ്തി' ബാധിച്ച ഒരു മനോരോഗിക്കല്ലാതെ മറ്റാർക്കും സാധ്യമല്ല.

അധികാരദുര എന്നത് അത്യാസക്തിയായിട്ടാണ് നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. പക്ഷേ, അധികാരത്തോടുള്ള ഏത് മുഴുത്ത ഭ്രാന്തിനും അല്പം സാവകാശം ആവശ്യമാണ്. അതുകൊണ്ട് മൗലാന നേർവഴി അവലംബിക്കുന്നില്ല. നേർവഴി അദ്ദേഹത്തെ സ്സംബന്ധിച്ചിടത്തോളം ദൈർഘ്യമേറിയതും ഇടുങ്ങിയതുമാണ്. മർദ്ദിതനെ മോചിപ്പിക്കാൻ ജനാധിപത്യത്തിലെ ദീർഘവും കഠിനവുമായ വഴി മാർക്സിസവും സ്വീകരിക്കുന്നില്ലല്ലോ. അതിനു പകരം വ്യവസ്ഥാപിത രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള ഭരണകൂടങ്ങൾക്കെതിരെ കലാപവും വിപ്ലവവും അഴിച്ചു വിടുന്നു. മൗലാനയുടെ പരിഷ്ക്കരണരീതി മാർക്സിസത്തിന്റെ കലാപ വിപ്ലവ സമര സിദ്ധാന്തത്തിൽ നിന്ന് ഒട്ടും വിഭിന്നമല്ല. മൗലാന പറയുന്നു:

**സർവ്വസന്നദ്ധരായി എഴുന്നേല്ക്കുക. നിങ്ങളെക്കൊണ്ടാവും വിധം ജനങ്ങളെ പരിഷ്ക്കരിപ്പിക്കുക. തെറ്റായ ആദർശങ്ങൾക്കുപകരം നന്മ സ്ഥാപിക്കുക. ദൈവഭയമില്ലാത്തവരുടെ**

**കൈകളിൽ നിന്നും നിയമനിർമ്മാണാധികാരവും കാര്യനിർവ്വ ഹണാധികാരവും പിടിച്ചെടുക്കുകയും ചെയ്യുക.** [17]

കാരണങ്ങളെന്തുതന്നെയായാലും ശക്തി പ്രയോഗിച്ച് ഗവൺ മെന്റിനെ അട്ടിമറിക്കാൻ പാടില്ല എന്ന തത്ത്വം ദീർഘകാല രാഷ്ട്രീ യാനുഭവമുള്ള പത്രപ്രവർത്തകനായ മൗലാനാ മൗദൂദി മനസ്സിലാ ക്കാതെ പോയത് അത്ഭുതകരമാണ്. ഈ അടിസ്ഥാനപരമായ നിയമം ലംഘിക്കുക എന്നുവെച്ചാൽ ക്രമസമാധാനം തകർക്കുക എന്നാണർത്ഥം. സമൂഹത്തിന്റെ ഘടനാസംവിധാനമാകെ ആഭ്യന്തര യുദ്ധത്തിന്റെ അഗ്നിയിൽ എരിഞ്ഞുപോകുകയും ചെയ്യും.

ഒന്നാമതായി, തങ്ങളുടെ ഉദ്ദേശ്യമാണ് യഥാർത്ഥത്തിൽ ശരി എന്ന് തീരുമാനിക്കാൻ ഒരു കക്ഷിക്കും സാധ്യമല്ല. രണ്ടാമതായി അവരുടെ ഉദ്ദേശ്യം ശരിയാണെങ്കിൽതന്നെ എതിർകക്ഷികളെ പെട്ടെന്ന് കുറ്റപ്പെടുത്താനുമാവില്ല. എതിർ കക്ഷിയുൾപ്പെട്ട എല്ലാ അംഗങ്ങളും ക്രൂരൻമാരും നീതിയില്ലാത്തവരും പാപികളുമാണെന്നും ദൈവത്തിന്റെ പാർട്ടിയിലെ പട്ടാളക്കാരായവരെല്ലാം സാത്വികളും ദൈവഭയമുള്ളവരും ആർത്തിയില്ലാത്തവരുമാണെന്ന വാദം ഗ്രഹി ക്കാൻ ബുദ്ധിമുട്ടുണ്ട്. വാസ്തവത്തിൽ വമ്പിച്ച വീരവാദങ്ങൾ മുഴക്കി പരിഷ്ക്കരണത്തിനുവേണ്ടി ഇറങ്ങിപ്പുറപ്പെട്ട കക്ഷികൾ താമസി യാതെ അധികാരത്തിനുവേണ്ടി അത്യാർത്തിയുള്ളവരായിത്തീരുന്നു. അവരുടെ എല്ലാ സദുപദേശങ്ങളും ആർത്തിയുടെ ഈ നരകാഗ്നി യിൽപെട്ട് വെന്തെരിയുന്നു. ഈ അധികാര ദുര എത്ര നിയന്ത്രാ ണാതീതമാണെന്ന് മൗലാന തന്നെ വിവരിക്കുന്നു:

> **എല്ലാവർക്കും അറിയുന്നതുപോലെ, അധികാരശക്തി എന്നത് അപകടകരമായ പിശാചാണ്. അതിനോടുള്ള അത്യാ സക്തിയുടെ പിന്നാലെ സകലതും ദഹിപ്പിക്കുന്ന അത്യാഗ്ര ഹവും ഉടലെടുക്കുന്നു. മനുഷ്യൻ അത്യാഗ്രഹത്തോടെ ഭൗതിക വിഭവങ്ങൾ കയ്യടക്കാൻ വെമ്പൽ കൊള്ളുകയും തന്റെ സഹജീവിയെ നിയന്ത്രിക്കാൻ തുനിയുകയും അങ്ങനെ മനുഷ്യൻ അവരുടെമേൽ അധികാരം പ്രയോഗിക്കുകയും ചെയ്യുന്നു.**[18]

അപ്രതിരോധ്യവും അനിയന്ത്രിതവുമായ തന്റെ വാഗ്ധോരണി യിൽപ്പെട്ട് തന്റെ രചനയിലെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ തന്നെ അദ്ദേഹം മറന്നുപോകുന്നു. അധികാരത്തെക്കുറിച്ചുള്ള ചെറുചിന്ത പോലും ഹൃദയത്തിൽ വമ്പിച്ച മാറ്റം വരുത്തും എന്നാണെങ്കിൽ ജമാ



അത്തെ ഇസ്ലാമിയുടെ പരിശുദ്ധ മെംബർമാർ മാത്രം അധികാരം കൊണ്ട് ദുഷിക്കില്ല എന്നതിന് എന്താണൊരുറപ്പ്? ജമാഅത്തെ ഇസ്ലാമിക്കാരായ ഈ പരിശുദ്ധാത്മാക്കൾ തീർച്ചയായും ദൈവം അനുശാസിച്ച വിധത്തിലുള്ള സിവിൽ സർവ്വീസ് പരിശീലനങ്ങളിൽ (നിസ്കാരം, നോമ്പ്, സകാത്ത് മുതലായവ) ഏർപ്പെട്ടവരാണ് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഈ സിവിൽ സർവ്വീസ് പരിശീ ലനങ്ങൾ ജമാഅത്തെ ഇസ്ലാമിക്ക് മാത്രം പരിമിതമല്ലല്ലോ. മൗലാനാ മൗദൂദിയുടെ അഭിപ്രായ പ്രകാരം അഹ്മദികളുടെ ആരാ ധന ഇസ്ലാമികാരാധനകളായി സ്വീകരിക്കപ്പെടില്ല. പക്ഷേ, ബറേൽവികളേയും, ദയൂബന്ദികളേയും സംബന്ധിച്ച് അദ്ദേഹം എന്തു പറയും? ശിയാക്കൾ നടത്തുന്ന ആരാധന ഇസ്ലാമികമല്ലേ? അഹ്ലെ ഖുർആനികൾ നിർവഹിക്കുന്ന ആരാധനകൾ ഇസ്ലാമി കമല്ലെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ഇവരുടെയെല്ലാം ആരാധനാ ക്രമങ്ങൾ ഇസ്ലാം ശരിവെക്കുന്നുവെങ്കിൽ എന്തു കൊണ്ട് തെറ്റായ ആദർശത്തിനുമേൽ പടുത്തുയർത്തിയ ഭരണകൂ ടങ്ങൾക്കെതിരെ ഇവരാരും കലാപക്കൊടി ഉയർത്തുകയോ, അധി കാരം പിടിച്ചെടുക്കുകയോ, പൈശാചികവും തിന്മ നിറഞ്ഞതുമായ ഭരണകൂടങ്ങൾക്ക് പകരം നീതിയും സത്യവും നിറഞ്ഞ ഭരണക്രമം സ്ഥാപിക്കാൻ ഉദ്യമിക്കുകയോ ചെയ്യുന്നില്ല? തെറ്റ്, തിന്മ, സത്യം, നീതി എന്നീ പദങ്ങളുടെ അർത്ഥങ്ങൾ ആപേക്ഷികമാണ്. ജമാ അത്തെ ഇസ്ലാമിക്ക് തെറ്റായത് ദയൂബന്ദികൾക്ക് തെറ്റാകണമെ ന്നില്ല. ദയൂബന്ദികൾക്ക് സത്യവും നീതിയുമായിരിക്കുന്നത് ബറേൽവികൾക്ക് അങ്ങനെയായിരിക്കണമെന്നുമില്ല. പിന്നെ അമുസ്ലിംകളെസ്സംബന്ധിച്ചിടത്തോളം ഈ തെറ്റും ശരിയും എങ്ങ നെയായിരിക്കും? ശരിയും തെറ്റും സംബന്ധിച്ച് അവർക്ക് അവരു ടെതായ വീക്ഷണങ്ങളുണ്ടാവാം. എല്ലാ കാര്യത്തിലും അവർ മുസ്ലിംകളുമായി യോജിക്കുന്നുവെങ്കിൽ ഇസ്ലാമിൽ ചേരാൻ അവർ ക്യൂ നില്ക്കുമായിരുന്നു. അവർക്കും നിലവിലുള്ള ഭരണകൂ ടങ്ങളെ തുടച്ചു നീക്കാനും തച്ചുടക്കാനും അവകാശമുണ്ടായിരിക്കേ ണ്ടതല്ലേ?

ഏതെങ്കിലും ഒരു കക്ഷിക്ക് സദുദ്ദേശ്യമുള്ളത് കൊണ്ടോ പരി ഷ്കരണ സംരംഭങ്ങൾ മുന്നോട്ട് വെച്ചത് കൊണ്ടോ നിലവിലുള്ള ഒരു ഭരണകൂടത്തെ തൂത്തെറിയാൻ യാതൊരു ന്യായവുമില്ല. ശരി യേത് എന്നതിനെസ്സംബന്ധിച്ച നിരവധി വ്യത്യസ്തങ്ങളായ നിർവ

ചനങ്ങൾ രാഷ്ട്രീയ പാർട്ടികൾ വെച്ചു പുലർത്തുന്നു. ഈ എല്ലാ വൈജാത്യങ്ങളും അംഗീകരിക്കുയാണെങ്കിൽ ഒരു പാർട്ടിയും ശരിയായ പാർട്ടിയാണെന്ന് അംഗീകരിക്കാൻ സാധ്യമല്ല. ഉദാഹരണത്തിന്, മൗലാനയുടെ അഭിപ്രായപ്രകാരം അഹ്മദികൾക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. മുസ്‌ലിംകളെ ജിഹാദിൽ നിന്ന് പിന്തിരിപ്പിക്കാനും അവരുടെ ശക്തി ക്ഷയിപ്പിക്കാനും ബ്രിട്ടീഷുകാർ മുസ്‌ലിം സമൂഹത്തെ (ഉമ്മത്തിനെ) പിളർത്തുവാൻ വേണ്ടി സൃഷ്ടിച്ചതാണ് അഹ്മദിയ്യാ ജമാഅത്ത് എന്നാണ് മൗലാനയുടെ നിലപാട്. മുസ്‌ലിം സമൂഹത്തെ ഉള്ളിൽ നിന്ന് തന്നെ നശിപ്പിക്കാൻ ബ്രിട്ടീഷുകാർ സൃഷ്ടിച്ച അഞ്ചാം പത്തിയാണ് അഹ്മദിയ്യാ പ്രസ്ഥാനം എന്നാണ് അദ്ദേഹത്തിന്റെ ആരോപണം.

പക്ഷേ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രതിച്ഛായ ജമാഅത്തെ ഇസ്‌ലാമിയിൽ നിന്ന് തികച്ചും ഭിന്നമാണ്. ഇസ്‌ലാമിനെ ലോകത്ത് വിജയിപ്പിക്കുവാനും മുസ്‌ലിം സമൂഹത്തെ പുനരുജ്ജീവിപ്പിക്കാനും വേണ്ടി സ്ഥാപിക്കപ്പെട്ടതാണ് അഹ്മദിയ്യാ പ്രസ്ഥാനം. അത് ബ്രിട്ടീഷുകാരുടെ സൃഷ്ടിയല്ല. ദൈവത്തിന്റെ സൃഷ്ടിയാണ്. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ)യോട് അല്ലാഹു നല്കിയ വാഗ്ദാന പ്രകാരം അല്ലാഹുവിന്റെ കരങ്ങൾ കൊണ്ട് ബീജാവാപം ചെയ്യപ്പെട്ടതാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. മുസ്‌ലിം സമുദായത്തെ പുനരുജ്ജീവിപ്പിക്കാൻ 'മഹ്ദി' എന്ന പരിഷ്ക്കർത്താവിനെ ഉയിർത്തെഴുന്നേല്പ്പിക്കുമെന്നും അദ്ദേഹം അനിഷേധ്യമായ യുക്തി സംവാദത്തിലൂടെ കുരിശിനെ തകർക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തതാണ്; ക്രിസ്തുവിനെ പീഡിപ്പിച്ച അതേ കുരിശുതന്നെ. ആ മഹ്ദിയും മസീഹുമാണ്, മാനവകുലത്തെ സേവിക്കുന്നതിൽ ബദ്ധശ്രദ്ധരായി നിലകൊള്ളുന്ന അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ. ഒരു വശത്ത് അഹ്മദിയ്യാ സമൂഹം വിനയാന്വിതരായിക്കൊണ്ട് ജനങ്ങളെ സ്വയം നന്നാവാൻ ഉപദേശിക്കുന്നു. മറുവശത്ത് ക്രിസ്ത്യാനികളുടെ എല്ലാ വാദമുഖങ്ങളേയും സകലവേദികളിലും വെച്ച് എതിർത്തു തോല്പ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു പ്രസ്ഥാനത്തെ എങ്ങനെയാണ് ബ്രിട്ടീഷുകാർക്ക് സൃഷ്ടിക്കുവാൻ കഴിയുക? ബ്രിട്ടീഷുകാരാകട്ടെ, സ്വയം ക്രിസ്ത്യാനികളുമാണ്. ക്രിസ്ത്യാനികളുടെ ത്രിയേകത്വവാദം പിഴുതെറിഞ്ഞ് പകരം ഏകദൈവത്വം സ്ഥാപിക്കാൻ സമർപ്പിതമായ ഒരു പ്രസ്ഥാനത്തെ ബ്രിട്ടീഷുകാർ സൃഷ്ടിക്കുന്നത് പോകട്ടെ, എങ്ങനെ



പിന്തുണയ്ക്കും? അഹ്മദികൾ എങ്ങോട്ട് തിരിഞ്ഞാലും അവിടെയുള്ള ത്രിയേകത്വവാദത്തിന്റെ പാഴ്മരം മൂലനാശം വന്ന് കൊഴിഞ്ഞുപോകുകയും പകരം ദൈവത്തിന്റെ ഏകത്വ(തൗഹീദ്) ത്തിന്റെ കല്പതാരു നടുകയും നറുമണം പൊഴിക്കുന്ന മലരുകളും രുചികരമായ കനികളും അത് പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഈ ഫലങ്ങൾ കായ്ക്കുന്ന വൃക്ഷം ബ്രിട്ടീഷുകാർ നട്ടതാണോ? അങ്ങനെയാണെങ്കിൽ അവർ ഇത്തരത്തിലുള്ള കൂടുതൽ ചെടികൾ നടട്ടെയെന്ന് ഏതൊരുവനും ആഗ്രഹിച്ചു പോകും. കാരണം, ഇസ്‌ലാമിന്റെ വളർച്ചയുടെ ത്വരണത്തിനും ക്രിസ്തീയതയുടെ മരണത്തിനും ഗതിവേഗം സിദ്ധിക്കുമല്ലോ.

മൗലാനയുടെ അഭിപ്രായത്തിന്നു കടകവിരുദ്ധമായ ഒരു വീക്ഷണമാണ് അഹ്മദികൾക്ക് അവരെസ്സംബന്ധിച്ച് സ്വയം ഉള്ളത്. അഹ്മദികളെസ്സംബന്ധിച്ചിടത്തോളം അവരുടെ പ്രസ്ഥാന സ്ഥാപകർ മുഹമ്മദ് നബി(സ)യോടുള്ള അഗാധ സ്നേഹത്തിൽ നിമഗ്നനായിരുന്നു. മുഹമ്മദ് നബി(സ)യോട് അദ്ദേഹത്തിനുണ്ടായിരുന്ന ഗാഢമായ അനുരക്തിയുടെ ഉന്മത്തതയും അവിടത്തോട് ആ മഹാത്മാവിനുണ്ടായിരുന്ന നിതാന്ത ഭക്തിയും താഴെക്കാണുന്ന കവിതാശകലത്തിൽ ദർശിക്കാം.

**"ദൈവം കഴിഞ്ഞാൽ മുഹമ്മദിനോട്**
**ഞാൻ ഉന്മാദത്തോളം പോന്ന**
**അനുരക്തിയിൽ ആമഗ്നമാണ്.**
**അതൊരു അവിശ്വാസ (കുഫ്റ്)മാണെങ്കിൽ**
**ദൈവത്താണെ ഞാനൊരു**
**കൊടിയ അവിശ്വാസി(കാഫിർ)യാണ്.'' – ദുർറെ സമീൻ**

അഹ്മദികൾക്ക് അവരുടെ വിശ്വാസത്തിന്റെ മൂലതന്തു പ്രവാചകന്മാരുടെ മുദ്രയായ മുഹമ്മദ് നബി(സ)യിൽ ബന്ധിതമാണ്. പക്ഷേ, മൗലാനാ മൗദൂദി അവകാശപ്പെടുന്നത്, അഹ്മദിയ്യത്തിന്റെ വേരുകൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മണ്ണിലാണ് ഇറങ്ങിയിട്ടുള്ളതെന്നാണ്. ഈ രണ്ടു വീക്ഷണവും പരസ്പരം വിരുദ്ധമാണ്.

നമുക്ക് ഇതിനെ വിപരീത ദിശയിൽ ഒന്നു പരിശോധിക്കാം. ഇസ്‌ലാമിക ആരാധനയിലധിഷ്ഠിതമായ ദീർഘശിക്ഷണങ്ങളിലൂടെ സത്യവിശ്വാസികളുടെ ഒരു സംഘടന രൂപവത്ക്കരിക്കാനാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപനം കൊണ്ടുള്ള ഉദ്ദേശ്യമെന്ന് മൗലാനാ വാദിക്കുന്നു. ഈ കൂട്ടർ സ്വയം എത്തിച്ചേരുന്ന നിഗമന

മെന്തെന്നാൽ ഇസ്‌ലാം അവരോട് പറയുന്നതു പോലും നിങ്ങളാണ് ഭൂമിയിൽ ദൈവത്തിന്റെ ഏറ്റവും സച്ചരിതരായ യഥാർത്ഥ ദാസൻമാരെന്നാണ്. മാത്രമല്ല, മുസ്‌ലിം പട്ടാളക്കാരായ നിങ്ങൾ മാർച്ച് ചെയ്ത് മുന്നോട്ട് വന്ന് അല്ലാഹുവിനെതിരായ ദുശ്ശക്തികൾക്കെതിരെ പോരാടി അധികാരത്തിൽ നിന്നും അവരെ പുറത്താക്കി നിങ്ങൾ അത് കൈയ്യേല്ക്കുവിൻ എന്ന്. മൗലാനക്ക് നന്ദി... കാരണം അത്തരം സച്ചരിതരായ യഥാർത്ഥ ദൈവദാസൻമാരുടെ സംഘം നിലവിലുള്ള ഭരണകൂടങ്ങളെ പിഴുതുമാറ്റി ഭരണം കൈയ്യേല്ക്കാൻ തയ്യാറായി ജാഗ്രതയോടെ നില്ക്കുന്നല്ലോ.

സച്ചരിതരായ ഈ യഥാർത്ഥ ദൈവദാസൻമാരുടെ സംഘടന മാനവരാശിയെ സംസ്ക്കരിക്കാനും ഇസ്‌ലാമിന്റെ കൊടി ലോകത്ത് ഉയർത്തിപ്പിടിക്കാനും സ്ഥാപിക്കപ്പെട്ടതാണെന്ന് മൗലാനാ മൗദൂദി ആത്മാർത്ഥമായും വിശ്വസിക്കുന്നു. ദൈവേതരമായതെല്ലാം നശിപ്പിച്ച് നാമാവശേഷമാക്കി മനുഷ്യ ഹൃദയങ്ങളിൽ വാളുകൊണ്ട് അവർ അല്ലാഹുവിന്റെ നാമം കോറിയിടും പോലും. ജമാഅത്തെ ഇസ്‌ലാമി അംഗങ്ങളാണ് ഭുമിയിൽ ദൈവത്തിന്റെ സച്ചരിതരായ ദൈവദാസൻമാർ എന്ന അവകാശവാദം അഹ്മദികളെസ്സംബന്ധിച്ചിടത്തോളം ശുദ്ധ അസംബന്ധമാണ്. ആശയപരമായി ഓരോ വ്യക്തിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും സത്യപാതയിലാണെന്ന് സ്വയം കരുതാൻ അവകാശമുണ്ട്. സത്യവിശ്വാസിയാവുക എന്നതിനെ അപേക്ഷിച്ച് യഥാർത്ഥ വിശ്വാസിയാവുക എന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു കാര്യമാണ്. യഥാർത്ഥ സത്യവിശ്വാസികളും, സച്ചരിതരും ഞങ്ങളാണെന്ന് അവകാശപ്പെടാൻ ഞങ്ങൾക്ക് സാധ്യമല്ല. മനുഷ്യൻ ആത്മവഞ്ചനയിലും അപഥമാർഗ്ഗങ്ങളിലും മിഥ്യാഭ്രമങ്ങളുടെ കാപട്യം നിറഞ്ഞ വഴികളിലും സഞ്ചരിക്കുന്നു. അതുകൊണ്ട് മനുഷ്യന് സ്വയം സൂക്ഷ്മമായി ഒരു വിധി തീർപ്പ് നടത്തുക പ്രയാസകരമാണ്. ദൈവത്തിനല്ലാതെ ആർക്കാണ് മനുഷ്യ ഹൃദയത്തിലെ രഹസ്യങ്ങളും പ്രലോഭനങ്ങളും നിഗൂഢ നിനവുകളുമറിയുക? അവൻ ഒരുവൻ മാത്രമാണ് ആരാണ് പാപി എന്നും ആരാണ് നല്ലവൻ എന്നും അറിയുന്നത്. ഇതിന് ഒരുപക്ഷേ, അപവാദങ്ങളുണ്ടായേക്കാം. ചിലയാളുകളുടെ ബാഹ്യ പെരുമാറ്റങ്ങളിൽ നിന്ന് അവരുടെ സത്യവിശ്വാസത്തിന്റെ ചിഹ്നങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയും എന്ന കാര്യം വളരെ ശരിയാണ്. കാരണം, ദൈവസ്നേഹത്തിന്റെ സ്പഷ്ടമായ തെളിവുകൾ അവരുടെ സ്വഭാ



വങ്ങളിൽ ദർശിക്കാം. സച്ചരിതരായ ദൈവദാസൻമാരോട് ദൈവം പണ്ടു കാലത്ത് ഭാഷണം നടത്തിയിരുന്നതുപോലെ ഇപ്പോഴും അവൻ അവരോടു ഭാഷണം നടത്തും. ഉമ്മത്തിലെ സൂഫികളിലും ആത്മീയ പ്രതിഭകളിലും ദൈവത്തിന്റെ പ്രകാശം വിളങ്ങിയിരുന്നതു പോലെ ഇപ്പോഴും അത് പ്രകാശിക്കുന്നതു കാണാൻ നമുക്ക് കഴിയും. അവന്റെ പിന്തുണയും സഹായവും അവരുടെ വാക്കിലും പ്രവൃത്തിയിലും പ്രകടമാവുകയും ചെയ്യും.

അതുകൊണ്ട് ദൈവത്തിന്റെ കൊടി പിടിക്കാൻ പടച്ചുണ്ടാക്കിയ സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി എന്ന മൗലാനാ മൗദൂദിയുടെ അവകാശവാദം അഹ്മദികൾ നിശ്ശേഷം തള്ളിക്കളയുന്നു. വാസ്തവത്തിൽ അദ്ദേഹം പ്രചരിപ്പിക്കാനുദ്ദേശിക്കുന്ന മതം അവമതിപ്പും നിന്ദയുമാണ് ഉണ്ടാക്കുക. മൗലാനാ മൗദൂദിയുടെ അനുയായികൾക്ക് സൗദി അറേബ്യ, പാകിസ്താൻ മുതലായ മുസ്‌ലിം രാഷ്ട്രങ്ങളിൽ, ആ രാഷ്ട്രങ്ങളുടെ സുരക്ഷയെ അലോസരപ്പെടുത്താത്ത വിധത്തിൽ അവരുടെ വാദഗതികൾ അവതരിപ്പിക്കാം. പക്ഷേ, ശക്തി ഉപയോഗിച്ച് ഇസ്‌ലാം പ്രചരിപ്പിക്കുക എന്ന സിദ്ധാന്തം മറ്റെവിടെയെങ്ങാനും കൊണ്ടുചെന്നാൽ എന്ത് സ്വീകരണമായിരിക്കും അവർക്ക് ലഭിക്കുക? ക്രിസ്തു കുരിശിൽ മരിച്ചതിനു ശേഷം ആകാശത്തേക്ക് ആരോഹണം ചെയ്തു എന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികളെ ജമാഅത്തെ ഇസ്‌ലാമിയുടെ ബലപ്രയോഗ സിദ്ധാന്തം ഉപയോഗിച്ച് ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യിക്കാൻ കഴിയുമോ? മൗദൂദിയൻ സിദ്ധാന്തം മുറുകെപ്പിടിച്ചുകൊണ്ട് ആർക്കെങ്കിലും ഇസ്‌ലാമിന്റെ പതാക ഉയർത്താൻ സാധിക്കുമോ?

അഹ്മദികളെസ്സംബന്ധിച്ചിടത്തോളം മൗലാനാ മൗദൂദിയുടെ അദ്ധ്യാപനങ്ങൾ ഇസ്‌ലാമിനെപ്പറ്റി അവജ്ഞയുണ്ടാക്കുന്നതും പരിഹാസത്തിന് പാത്രമാക്കുന്നതുമാണ്. ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിന്റെ മിത്രമല്ലെന്ന് മാത്രമല്ല കമ്മ്യൂണിസത്തിന്റെ ഒരു രൂപാന്തരവുമാണ്. ആത്മീയ മൂല്യങ്ങളുടെ അന്തസ്സാരശൂന്യതയും അധികാരത്തോടുള്ള അത്യാസക്തിയും ഉള്ള ആ സംഘടനയെ മക്കയല്ല പ്രചോദിപ്പിക്കുന്നത് മറിച്ച് മോസ്കോയാണ്.

ചുരുക്കത്തിൽ ജമാഅത്തെ ഇസ്‌ലാമി അഹ്മദികളെ എത്രത്തോളം കഠിനമായി ശകാരിക്കുകയും നിന്ദിക്കുകയും ചെയ്യുന്നുവോ അതേ അളവിൽ അഹ്മദികൾക്ക് ജമാഅത്തെ ഇസ്‌ലാമിയെയും എതിർക്കുവാനുള്ള അവകാശമുണ്ട്. ഈ വിരുദ്ധ വീക്ഷണങ്ങളെ

മുസ്‌ലിംകളിലെ മറ്റു കക്ഷികളിലേക്കും ഗ്രൂപ്പുകളിലേക്കും പെരുക്കുക. അപ്പോൾ നിങ്ങൾക്ക് കാണാൻ കഴിയും ഓരോ വിഭാഗവും സച്ചരിതരായ ദാസൻമാരാണ് തങ്ങളെന്ന അവകാശവാദത്തെ പരസ്പരം കടിച്ചു കീറുന്നത്. അങ്ങനെ വരുമ്പോൾ ആരാണ് ജനങ്ങളുടെ പരിഷ്ക്കരണത്തിനുവേണ്ടി സർവ്വ സന്നാഹത്തോടുകൂടി എഴുന്നേറ്റ് നിന്ന് ദൈവഭയമില്ലാത്ത ജനങ്ങളിൽനിന്ന് അവരുടെ നിയമനിർമ്മാണാധികാരവും നിർവ്വഹണാധികാരവും തട്ടിപ്പറിക്കുക?

അധികാരത്തോടുള്ള ഒടുങ്ങാത്ത ദുരയാണ് മൗലാനാ മൗദൂദിയുടെ പരിഷ്ക്കരണ സങ്കല്പത്തിലെ കേന്ദ്രഭാഗം. പ്രവാചകന്റെ(സ) ജീവിതത്തെ അദ്ദേഹം രാഷ്ട്രീയ സങ്കേതങ്ങളിലൂടെ നോക്കിക്കാണുകയും പട്ടാള ഭാഷയിൽ ഇസ്‌ലാമികാരാധനയെ വിശദീകരിക്കുകയും ഖുർആനെ ശുദ്ധമായ ശക്തി രാഷ്ട്രീയമായി കണക്കാക്കുകയും ചെയ്യുന്നു. ധാർമ്മികോദ്ബോധനങ്ങൾ കൊണ്ടും സഹനവും വിനയവും മുറുകെപിടിച്ചു കൊണ്ടുമുള്ള പരിഷ്ക്കരണങ്ങൾക്ക് താൻ അശക്തനാണെന്ന് മൗലാനക്കറിയാം. അതുകൊണ്ട് അദ്ദേഹം കലാപത്തിന്റെയും അരാജകത്വത്തിന്റെയും ഒരു പോളിസി മുന്നോട്ടു വെക്കുന്നു. മൗലാനാ മൗദൂദിയുടെ ലക്ഷ്യത്തെക്കുറിച്ചുള്ള വിശാലമായ ഭാഷ്യം പറയുന്നത് അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങൾ നല്ലതായിരുന്നു എന്നാണ്. പക്ഷേ, ഈ സദുദ്ദേശ്യം കൊണ്ട് അദ്ദേഹം നരകത്തിലേക്കുള്ള പാത പണിയുകയായിരുന്നു. ഖുർആന്റെ വിധിതീർപ്പ് എത്ര സുവ്യക്തം!

> **'നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്നവർ പറയും. അറിയുക 'തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. പക്ഷേ, അവർ ഗ്രഹിക്കുന്നില്ല' (വി. ഖു: 2:12,13).**

### അദ്ധ്യായം 5

# മതപരിത്യാഗത്തെസ്സംബന്ധിച്ച മൗദൂദിയൻ നിയമം

> **'ഇത് ഒരനുസ്മരണ സന്ദേശമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്നുവെങ്കിൽ തന്റെ നാഥനിലേക്ക് അവൻ ഒരു മാർഗ്ഗം സ്വീകരിച്ചു കൊള്ളട്ടെ.' – വിശുദ്ധ ഖുർആൻ. 76:30**

> **'നമ്മുടെ അധികാരപരിധിയിൽ നാം യാതൊരു മുസൽമാനും അവന്റെ മതം മാറ്റുവാനോ മറ്റു മതങ്ങൾക്ക് പ്രചാരണം നടത്തുവാനോ അനുവദിക്കുന്നതല്ല.' – മൗലാനാ മൗദൂദി[1]**

മൗലാനാ മൗദൂദിയുടെ രാഷ്ട്രീയാധികാര ദുരക്ക് അതിരുകളില്ല. അദ്ദേഹം ആവിഷ്ക്കരിച്ച മതപരിത്യാഗത്തെസ്സംബന്ധിച്ച (മതമുപേക്ഷിക്കുന്നവനുള്ള )നിയമങ്ങൾ മൗദൂദിയുടെ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്ന ഒടുങ്ങാത്ത അധികാര ഭ്രാന്തിന്റെയും അസഹിഷ്ണുതയുടെയും ഒരു വിപുലീകരണം മാത്രമാണ്. ഇസ്‌ലാമുമായി അതിന് യാതൊരു ബന്ധവുമില്ല. മൗലാനാ മൗദൂദിയുടെ വളരെ അടുത്ത സഹപ്രവർത്തകനായിരുന്ന ഡോ. ഇസ്റാർ അഹ്മദ് പറയുകയുണ്ടായി: *മൗലാനാ മൗദൂദി തന്റെ ആശയങ്ങൾ മൗലാനാ അബുൽ കലാം ആസാദിൽ നിന്നും അലി സഹോദരൻമാരിൽനിന്നും കടം വാങ്ങിയതാണ്. അദ്ദേഹത്തിന്റെ അവതരണ ശൈലി നിയാസ് ഫത്തഹ്പുരിയുടേതാണ്. പക്ഷേ, ഗർവിഷ്ഠനായ മൗദൂദി അദ്ദേഹത്തിന്റെ ആശയങ്ങൾ മറ്റുള്ളവരിൽ നിന്ന് പകർന്നു കിട്ടിയതാണെന്ന് ഒരിക്കലും വെളിപ്പെടുത്തിയിരുന്നില്ല. മറിച്ച്, അതെല്ലാം തന്റെ സ്വയം കൃതികളാണെന്നാണ് അദ്ദേഹം അറിയിച്ചത്.*[2]

അതുപോലെ മതപരിത്യാഗത്തെസ്സംബന്ധിച്ച മൗലാനയുടെ ആശയങ്ങൾ മദ്ധ്യകാല ക്രിസ്തുമത ചിന്തയിലധിഷ്ഠിതമായ മുസ്‌ലിം കർമശാസ്ത്ര (ഫിഖ്ഹ്) പണ്ഡിതൻമാരുടെ വ്യാഖ്യാന

വൈകല്യങ്ങളിൽ നിന്ന് ഉത്ഭൂതമായതാണ്. ഒരു വശത്ത് ദേശീയ വാദികളായ കോൺഗ്രസ്സുകാരുമൊത്ത് സഹകരിക്കുകയും മറുവ ശത്ത് ശുദ്ധി പ്രസ്ഥാനത്തിനെതിരെ പടയൊരുക്കം നടത്തുകയും ചെയ്ത ദയൂബന്ദ് [3] ചിന്താ പ്രസ്ഥാനമായിരുന്നു മൗദൂദിയുടെ ഈവിഷയകമായ ചിന്തകളെ ഭാഷപ്പെടുത്തിയത്. മൗലാന യുവപ്രവർത്തകനായിരിക്കുമ്പോൾ വായിച്ച മാർക്സിയൻ രചനക ളുടെ സ്വാധീനം അദ്ദേഹത്തിന്റെ ചിന്തകളിലുടനീളം പ്രകടമായിരു ന്നു. മദ്ധ്യകാല ക്രിസ്തീയാചാരങ്ങളുടെയും ദയൂബന്ദ് വഹാബി അസഹിഷ്ണുതയുടെയും, മാർക്സിയൻ കലാപ വാസനകളുടെയും ഒരു വിചിത്ര സങ്കലനമായിരുന്നു അദ്ദേഹത്തിന്റെ ജമാഅത്തെ ഇസ്‌ലാമി.

ഈ പുസ്തകത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ കണ്ടതുപോലെ മതസ്വാതന്ത്ര്യം എന്നത് പരിണാമാത്മകമോ രേഖീയമോ ആയ ഒന്ന ല്ല. അത് ഒരു ചാക്രിക പ്രതിഭാസമാകുന്നു. ദൈവത്തിന്റെ ഒരു പ്രവാ ചകനോ മത പുനരുദ്ധാരകനോ അവതരിക്കുമ്പോൾ അദ്ദേഹം എതിർക്കപ്പെടുന്നു. അദ്ദേഹം സമുദായത്തെ ഭിന്നിപ്പിക്കുന്നുവെന്നും പാരമ്പര്യ സുഭദ്രത ശിഥിലമാക്കുന്നുവെന്നും ആരോപിക്കപ്പെടുന്നു. അദ്ദേഹത്തെ മതപരിത്യാഗിയെപ്പോലെ ചിത്രവധത്തിന് വിധേയമാ ക്കുന്നു. അവസാനം ആ പ്രവാചകൻ മതസ്വാതന്ത്ര്യം സ്ഥാപിക്കു ന്നതിൽ വിജയശ്രീലാളിതനായിത്തീരുന്നു. പ്രവാചകൻമാരുടെ ഈ സ്വാതന്ത്ര്യം മുഖേന പ്രചരിപ്പിക്കപ്പെട്ട യഥാർത്ഥ വിശ്വാസം ക്രമേണ വിയോജിക്കാനുള്ള അവകാശം നിഷേധിക്കുകയും സ്ഥാപനവ ത്കൃത മതസിദ്ധാന്ത (Dogma )ത്തിന്റെ സങ്കുചിതത്വത്തിലേക്ക് കഠി നതരമായി പോകുകയും ചെയ്യുന്നു.

ദേവാലയത്തിലെ അവസാന സന്ദർശനത്തിൽ ക്രിസ്തു പറ യുകയുണ്ടായി: 'സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ' (മാർക്കോസ് 12:17). ഈ പ്രസ്താവന മതവിശ്വാസത്തെ രാഷ്ട്രീയാധികാരത്തിൽനിന്ന് വളരെ വ്യക്ത മായും വേർതിരിക്കുന്നു. എന്നിരിക്കിലും, രാഷ്ട്രീയാധികാരം ലഭിച്ച് ഒരു വർഷം കഴിഞ്ഞ് (ഏ.ഡി. 312) ക്രിസ്തീയ സഭ മത ഭിന്നത യാൽ (ശീശ്മ:Schism)[*A] പിളരുകയുണ്ടായി. ആദിമ ക്രിസ്ത്യാനി കൾ മൂന്നൂറുവർഷത്തിലധികം പീഡിപ്പിക്കപ്പെടുകയുണ്ടായി. എന്നിട്ടും കോൺസ്റ്റന്റയിൻ ചക്രവർത്തി [*B] ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തതിന് ശേഷം അവർ ക്രിസ്തു സഭ സന്യാസി



മഠപ്രസ്ഥാനം [*C] (Monastic Secession) ഡൊണാസ്റ്റിസ്റ്റ് ശീശ്മ [*D] (Donastic Schism) ആരിയൂസ് പാഷാണ്ഡത[*E] (Arian Heresy = ആരിയൂസ് മതനിന്ദ) എന്നീ ചിന്താപ്രസ്ഥാനങ്ങളോട് ഏറ്റുമുട്ടുക യുണ്ടായി. ക്രിസ്തുസഭയുടെ ചരിത്രത്തിലുടനീളം പാഷാണ്ഡത[*F] (Heresy = മതനിന്ദ, പാഷാണ്ഡത)യും യാഥാസ്ഥിതികത്വത്തിൽ നിന്നുള്ള വിയോജിപ്പും ഉത്കണ്ഠയുളവാക്കുന്ന ഒരു വിഷയമായി രുന്നു. അത് ക്രിസ്തുവിന്റെ ദൈവികത്വസങ്കല്പങ്ങളുമായി അഭേ ദ്യമായി ബന്ധപ്പെട്ടതായിരുന്നു.

> **'ദൈവത്തിൽ നിന്നു വ്യത്യസ്തമായി യേശു കേവലാർത്ഥ ത്തിൽ ദൈവമാണെങ്കിൽ ഇവിടെ രണ്ട് ദൈവങ്ങളുണ്ടാവണം. ക്രിസ്തുമതം ഏകദൈവ വിശ്വാസത്തിന്റേതല്ലെന്നും ദ്വിദൈവ വാദത്തിന്റെ ഒരു വകഭേദമാണെന്നും വരുന്നു. മറ്റൊരു രീതി യിൽ പിതൃബന്ധം വാച്യാർത്ഥത്തിൽ വ്യഖ്യാനിക്കുകയാണെ ങ്കിൽ പിതൃദൈവം പുത്രദൈവത്തിന്റെ പിതാവായി മാറും. ഈ ബന്ധത്തിന്റെ യുക്തിപരമായ അർത്ഥം ദ്യോതിപ്പിക്കു ന്നത് ക്രിസ്തു പൂർണ്ണമായും ദൈവമല്ല എന്നാണ്. കാരണം, പുത്രദൈവമായ യേശു ഇല്ലാതെ പിതാവിന്റെ അസ്തിത്വം മാത്രം ഉണ്ടായിരുന്ന ഒരു സമയം ഉണ്ടായിരിക്കേണ്ട താണ്'** [4]

യാഥാസ്ഥിതിക ക്രിസ്ത്യാനികൾ ക്രിസ്തു, പിതാവായ ദൈവ ത്തിന്റെ ഏകസാരാംശമാണെന്ന് (Homousinous) കരുതി. അതേ സമയം ആരിയൂസ് (ക്രി. വ. 256–336) ക്രിസ്തുവിനെ സാരാംശത്തിൽ ദൈവത്തെ പോലെയുള്ളവൻ (Homoiousios) എന്ന വാദവും മുന്നോട്ടുവെച്ചു. അപ്പോൾ അദ്ദേഹത്തിന്റെ മാതാവിനെസ്സംബന്ധി ച്ചുള്ള വാദം ഉയർന്നുവന്നു. നെസ്റ്റോറിയസ് [*G] ക്രിസ്തു മനുഷ്യ ന്റെയും ദൈവത്തിന്റെയും വ്യക്തിത്വമുള്ള ഒരാളെന്നും മറിയം മനു ഷ്യനായ ക്രിസ്തുവിന്റെ മാതാവാണെന്നും, ദൈവമായ ക്രിസ്തു വിന്റേതല്ലെന്നും വാദിച്ചു. മറിയത്തെ ക്രിസ്തുവിന്റെ മാതാവ് എന്ന് വിളിക്കുന്നതാണ് ഉത്തമമെന്നും അദ്ദേഹം പറഞ്ഞു. യാഥാസ്ഥിതി കരുടെ മേരിസിദ്ധാന്തമനുസരിച്ച് മറിയം യഥാർത്ഥ മാതാവാണ്. സ്വയം ദൈവമല്ലെങ്കിലും ക്രിസ്തു(അ)വിന്റെ, ദൈവത്തിന്റെയും മനു ഷ്യന്റെയും ഭാവമുൾക്കൊണ്ട ദൈവവചനം (Legos ) ആണ് മറിയം എന്ന് അവർ സിദ്ധാന്തിക്കുന്നു. [5]

ക്രിസ്തുസഭയുടെ ആദ്യത്തെ എക്യുമെനിക്കൽ [*H] (സഭാഐക്യം) സമ്മേളനം ക്രി.വ.325 ൽ ബിത്തിനിയൻ നിഖ്യായിൽ ചേരുകയും ത്രിത്വത്തിന്റെ പ്രഹേളികക്ക് ഒരു പ്രമാണം പുറപ്പെടുവിക്കുകയും ചെയ്തു. മാപ്പു ചോദിക്കാത്ത ആരിയൂസിനെ നിഖ്യാ കൗൺസിൽ സ്ഥാനഭ്രഷ്ടനാക്കുകയും കോൻസ്റ്റന്റയിൻ ചക്രവർത്തി അദ്ദേഹത്തെ നാടുകടത്തുകയുമുണ്ടായി. ആരിയൂസിന്റെ ഗ്രന്ഥങ്ങൾ ചുട്ടുകരിക്കാനും അവ കൈവശം വെക്കുന്നവർക്ക് വധ ശിക്ഷ നല്കാനും ചക്രവർത്തി ഉത്തരവിട്ടു.

ജസ്റ്റീനിയൻ [*I] (ക്രി.വ. 483-565) മതപരിത്യാഗത്തിന് വധ ശിക്ഷ ശിപാർശ ചെയ്തതോടെ നസ്രേത്തിലെ ക്രിസ്തു(അ) വിനാൽ തുടക്കം കുറിക്കപ്പെട്ട മതസ്വാതന്ത്ര്യം ഒരുപരിവൃത്തി പൂർത്തിയാക്കുകയുണ്ടായി. ക്രി.വ.523 ൽ റോമൻ നിയമസംഹിതയുടെ ഭാഗം എന്ന നിലക്കാണ് ഈ ശിക്ഷ ശിപാർശ ചെയ്തത്.

വിധിയുടെ ദുരന്ത പൂർണ്ണമായ വ്യതിയാനം എന്നേ പറയേണ്ടൂ, റോമൻ ക്രിസ്ത്യാനികൾ മനസ്സാക്ഷി സ്വാതന്ത്ര്യം കവർന്നെടുക്കുകയായിരുന്നു. ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്ത അവരുടെ പൂർവ്വ പിതാക്കൻമാരെ നീറോ ചക്രവർത്തി[*J] തന്റെ വിനോദത്തിനും ക്രൂരതക്കും വേണ്ടി ആളിക്കത്തുന്ന തീയ്യിലേക്ക് വലിച്ചെറിഞ്ഞിരുന്നു (ക്രി.വ.64). അക്രൈസ്തവരായ അധികാരികളാൽ പീഡിപ്പിക്കപ്പെട്ടപ്പോഴെല്ലാം ക്രിസ്ത്യൻ എഴുത്തുകാർ മതസ്വാതന്ത്ര്യത്തിന്റെ വക്താക്കളായി നിലകൊണ്ടു. പക്ഷേ, പിന്നീട് ക്രിസ്തുമതം ചക്രവർത്തിമാരുടെ സിംഹാസനം പൂകിയപ്പോൾ 'ഒരു രാഷ്ട്രം അതിനെതിരെയുള്ള വിഘടന വാദത്തോടും കലാപ മനസ്ഥിതിയോടും കാട്ടുന്ന അതേ ശത്രുതാ മനോഭാവത്തോടെ വ്യക്തി സ്വാതന്ത്ര്യത്തെ (Individualism) അവർ നോക്കിക്കണ്ടു.'[6] അഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തോടെ സ്ഥിതി അങ്ങനെ തുടരുകയും ദൈവത്തിന്റെ പകരക്കാരനായി സീസറിനെ കണക്കാക്കുകയും ചെയ്തു. രാഷ്ട്രീയാധികാരം സഭയുടെ വലംകൈയ്യായി മാറി. ഡോണാറ്റിസ്റ്റു (Donatists) കൾക്കെതിരെയുള്ള പ്രചാരണത്തിന്റെ ഭാഗമായി സെന്റ് അഗസ്റ്റിൻ [*K] (ഏ.ഡി. 354-430) ഇങ്ങനെ വാദിച്ചു: ''ദൈവ ഭക്തിയില്ലായ്മക്കെതിരെ സുകൃതങ്ങളായ പീഡനങ്ങൾ സഭ നടപ്പാക്കുന്നു. സഭ സ്നേഹത്തിന്റെ ചൈതന്യത്താലാണ് പീഡിപ്പിക്കുന്നത്. അതായത് സഭ അവരെ ശരിയാക്കിയേക്കാം... സഭക്ക് തെറ്റിൽ നിന്ന്



അവരെ വിടുതൽ ചെയ്യിക്കാനായേക്കാം.. അവരുടെ നന്മക്ക് വേണ്ടിയുള്ള നടപടികളും അവരുടെ മോക്ഷം ഉറപ്പു വരുത്താനും വേണ്ടിയാണിത്.[7]

ക്രി.വ 385 ൽ പ്രിസ്ലിയൻ എന്ന സ്പാനിഷ് ബിഷപ്പ് മാനിക്കേയിസവും[*L] (Manichaeism) സാർവ്വ ജനീന ബ്രഹ്മചര്യവും പ്രബോധിച്ചു എന്ന് ആരോപിക്കപ്പെട്ടു. അദ്ദേഹം തനിക്കെതിരെയുള്ള ആരോപണങ്ങൾ നിഷേധിക്കുകയുണ്ടായി. വിചാരണക്ക് ശേഷം അദ്ദേഹം ശപ്തനാക്കപ്പെടുകയും അനുയായികളോടൊപ്പം ജീവനോടെ ദഹിപ്പിക്കപ്പെടുകയുമുണ്ടായി.

ജർമ്മനിയിലെ പ്രൊട്ടസ്റ്റന്റ് പരിഷ്ക്കരണ നേതാവായിരുന്ന മാർട്ടിൻ ലൂഥർ[*M] (ക്രി.വ 1483-1546) അദ്ദേഹത്തിന്റെ മുൻഗാമിയായ റോമൻ കത്തോലിക്കക്കാരനായ അഗസ്റ്റിനുമായി യോജിച്ചുകൊണ്ട് പറയുകയുണ്ടായി: *'മത പുരോഹിതൻമാർക്ക് മനസ്സാക്ഷിക്കുമേൽ അധികാരമുണ്ടായിരുന്നു. ഏറ്റവും വലിയ ശിക്ഷയായ നിയമ സംരക്ഷണത്തിൽ നിന്നു വ്യക്തിയെ ഒഴിവാക്കുക എന്ന ശിക്ഷാവിധി നടത്താൻ അവർക്ക് രാഷ്ട്രത്തിന്റെ പിന്തുണയുണ്ടായിരുന്നു എന്ന് കരുതേണ്ടിയിരിക്കുന്നു. അതായത് തെറ്റ് ഉൻമൂലനം ചെയ്യാൻ വേണ്ടിയായിരുന്നു അത്. അതേസമയം പാപം തീർത്തും വിപാടനം ചെയ്യാൻ അസാധ്യവുമായിരുന്നു.'*[8]

ഫ്രഞ്ച് പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ ജോൺ കാൽവിൻ[*N] (ക്രി.വ 1509-64) ആയിരുന്നു മൗലാനാ മൗദൂദിയുടെ യഥാർത്ഥ പ്രചോദന കേന്ദ്രം.

> **അദ്ദേഹം (കാൽവിൻ) മതം വാൾകൊണ്ട് പ്രചരിപ്പിക്കാനാഗ്രഹിക്കുകയും മതപരിത്യാഗിക്ക് വധ ശിക്ഷ സംവരണം ചെയ്യുകയും ചെയ്തു. രാജ്യദ്രോഹത്തിന് നല്കുന്ന അതേ ശിക്ഷ തന്നെ ഇത്തരം കുറ്റം ചെയ്യുന്ന കത്തോലിക്കർക്കും നല്കണം. സിംഹാസനത്തിലിരിക്കുന്ന രാജാവ് എന്ന പോലെ ദൈവത്തിന്റെ രാജപ്രൗഡി പ്രതികാരാഗ്നിയുടെ തീക്ഷ്ണതയിൽ വിജ്രംഭിതമാവണം.**[9]

മൗലാനാ മൗദൂദിക്ക് കാൽവിനിൽ നിന്ന് ഈ പ്രചോദനം ലഭിച്ചത് ബ്രിട്ടീഷ് ചിന്തകനായ തോമസ് ഹോബ്സിന്റെ [*O]ലെവിയാതൻ'(Leviathan)എന്ന ഗ്രന്ഥത്തിൽ നിന്നാണ്. അത്ഭുതങ്ങൾ കാണിക്കുക എന്നത് ഒരു സത്യപ്രവാചകന്റെ അടയാളമാണ്.

ഹോബ്സിന്റെ അഭിപ്രായ പ്രകാരം അത്ഭുതങ്ങൾ കാണിക്കുന്ന ദിനങ്ങൾ നിലച്ചുപോയി. ആയതിനാൽ ദൈവിക പ്രചോദനത്താലോ ഒരു പ്രവാചകൻ മുഖേനയോ സൻമാർഗ്ഗത്തിലേക്ക് വഴിനടത്താനുള്ള സാധ്യത തീരെ ഇല്ലാതായി. പിന്നീട് ജനകീയമോ മതത്തിന്റെയോ ആയ പരമാധികാരം മാത്രമാണ് അവശേഷിക്കുന്നത്. ആ ഒരു പരമാധികാരം മാത്രമാണ് നിയമം സൃഷ്ടിക്കുന്നത്. നിയമനിർമ്മാണത്തിന് നിയമപരമായ അധികാരം ആർക്കുണ്ടായിരിക്കുന്നുവോ ആ അധികാര കേന്ദ്രത്തിനുതന്നെ അതിന്റെ വ്യാഖ്യാനം അംഗീകരിക്കാനും അംഗീകരിക്കാതിരിക്കാനും കഴിവുണ്ടായിരുന്നു.[10]

ഹോബ്സിന്റെ അഭിപ്രായപ്രകാരം 'മതനിന്ദ' എന്നത് പരമാധികാരിയുടെ അംഗീകാരമുള്ള ജനകീയ വിശ്വാസങ്ങൾക്കെതിരെ വ്യക്തിയുടെ അഭിപ്രായങ്ങളും നടപടികളും എന്നതാകുന്നു.

> **വ്യക്തിയുടെ സ്വകാര്യ അഭിപ്രായങ്ങളിൽ അടങ്ങിയ തെറ്റല്ല പാഷാണ്ഡതയെ ശിക്ഷാർഹമാക്കുന്നത്. മറിച്ച്, അത് അധികാര ശക്തികൾക്കെതിരെയുള്ള സ്വകാര്യ കലാപം എന്ന നിലക്കാണ്.മനസ്സാക്ഷിയോട് നീതി പുലർത്താൻ, തങ്ങളുടെ രാജാക്കൻമാരുടെ ആജ്ഞകൾ,ശരിയാവട്ടെ തെറ്റാവട്ടെ ലംഘിക്കാൻ എല്ലാ സ്വകാര്യവ്യക്തികൾക്കും ചിലപ്പോൾ ഭരണതത്ത്വങ്ങൾ അനുമതി നല്കാറുണ്ട്. ഇത് മതം പരിപാലിക്കാൻ വേണ്ടിയാണ്.[11]**

ഹോബ്സിന്റെ അഭിപ്രായത്തിൽ ഇത് വിധ്വംസനാത്മകമാണ്.

മതപരിത്യാഗമില്ലാതെ (Apostacy) മതനിന്ദ(Heresy) യില്ല. മത സിദ്ധാന്തമില്ലാതെ(Dogma) മതനിന്ദയുമില്ല. അതനാസിയൻ *P (Athanasian) പ്രമാണങ്ങൾക്കനുസരിച്ച് അതിസൂക്ഷ്മമായി ആവിഷ്ക്കരിച്ചിട്ടുള്ള റോമൻ കത്തോലിക്കാ നിയമങ്ങൾ പറയുന്നത്: *ഞങ്ങൾ ഏക ദൈവത്തെ ത്രിത്വത്തിൽ ആരാധിക്കുന്നു. ത്രിത്വത്തെ ദൈവത്തിന്റെ ഏകത്വത്തിലും ആരാധിക്കുന്നു. അത് ദൈവത്തിന്റെ ആളത്വത്തെ പരസ്പരം തിരിച്ചറിയാത്തതാക്കുന്നില്ല. ദൈവസത്തയെ അംശീകരിക്കുന്നുമില്ല.*

മധ്യകാല ക്രിസ്തു സഭയുടെ ഈ പാരമ്പര്യത്തിലാണ് അബുൽ കലാം ആസാദിന്റെയും അലി സഹോദരൻമാരുടെയും ഹുക്കൂമത്തെ ഇലാഹിയ്യ[12] (ദൈവത്തിന്റെ രാജ്യം) എന്ന ആശയം മൗലാനാ മൗദൂദി വികസിപ്പിച്ചെടുത്തത്. അല്ലാതെ ഇസ്‌ലാമിക പാരമ്പര്യത്തിലല്ല.



സെന്റ് അഗസ്റ്റിനും, മാർട്ടിൻ ലൂഥറും, ജോൺ കാൽവിനും, തോമസ് ഹോബ്സുമാണ് മൗലാനാ മൗദൂദിക്ക് യാഥാസ്ഥിതികത്വത്തിന്റെയും സ്ഥാപനവത്കൃത സിദ്ധാന്തത്തിന്റെയും (Dogma) പാഷാണ്ഡത(വേദവിപരീതം = Heresy)യുടെയും കടുത്ത അസഹിഷ്ണുതയുടെയും ഈ അനിസ്‌ലാമിക സങ്കല്പങ്ങൾ നല്കിയത്.

ഇസ്‌ലാമിനെതിരെ വിമർശനം നടത്താൻ ഒരവസരവും പാഴാക്കാത്ത ഓറിയന്റലിസ്റ്റുകൾപോലും ഇസ്‌ലാമിൽ ഡോഗ്മയും പാഷാണ്ഡതയും ഇല്ലെന്ന കാര്യത്തിൽ യോജിക്കുന്നു. ഗോൾസിയർ എന്ന ഓറിയന്റ്ലിസ്റ്റ് പറയുന്നു:

> **''സ്ഥാപനവത്കൃത സിദ്ധാന്തത്തിന് (Dogma) ക്രിസ്തുമത ജീവിതത്തിലുള്ള പങ്ക് ഇസ്‌ലാമുമായി താരതമ്യപ്പെടുത്താനാവില്ല. സംവാദങ്ങൾക്കും വിവാദങ്ങൾക്കും ശേഷം ഇനിമേൽ ഒരു ഫോർമൂലയുടെ അടിസ്ഥാനത്തിൽ മാത്രമെ യഥാർത്ഥ വിശ്വാസം സ്വീകരിക്കപ്പെടുകയുള്ളു എന്നു കരുതുന്ന സുന്നഹദോസുകളും കൗൺസിലുകളും*Q ഇസ്‌ലാമില്ല. യാഥാസ്ഥിതികത്വത്തെ സേവിക്കുന്ന സഭ എന്ന സ്ഥാപനമോ (Ecclesiastical) സഭയുടെ പാഠഭേദം മാത്രം ഉൾക്കൊള്ളുന്ന ഒരേയൊരു വേദപുസ്തക വ്യാഖ്യാനമോ ഇസ്‌ലാമിലില്ല. മതപരമായ ആചാരങ്ങളുടെ അഭിപ്രായം രൂപീകരിക്കുന്ന പരമാധികാര കേന്ദ്രം വളരെ അയവുള്ളതാണ്. അതിലെ നിയമപ്രശ്നങ്ങളാകട്ടെ ചില അർത്ഥങ്ങളിൽ തികച്ചും വ്യാഖ്യാനാർഹവും അതിന്റെ സങ്കൽപങ്ങൾ വിവിധ രീതികളിൽ വിവരിക്കപ്പെട്ടതുമാണ്. ഏകാഭിപ്രായമുള്ള ഒരു പ്രത്യേക സംഗതി ഒരു കൂട്ടർ ഐക്യകണ്ഠ്യേന അംഗീകരിക്കുന്നതാണെങ്കിൽ മറ്റൊരു കൂട്ടർ അത് വേറൊരു രീതിയിലാണ് സ്വീകരിച്ചിട്ടുള്ളത്.''[13]**

ബർണാഡ് ലൂയിസ് എന്ന സമകാലീനനായ ജൂത ഓറിയന്റലിസ്റ്റ് ഇസ്‌ലാമിനോട് അനുകൂല പക്ഷപാതിത്വമുള്ള ആളായി വിശേഷിപ്പിക്കപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ നിരീക്ഷണം ഇങ്ങനെയാണ്:

> **'ദൈവം ഏകനാണെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നുമുള്ള അടിസ്ഥാനത്തിൽ മാത്രം ജനങ്ങൾക്ക് അവരുടെ പാര**

**മ്പര്യ ആചാരത്തേക്കാൾ (Orthopraxy) വിശ്വാസം യാഥാസ്ഥിതികമായാലും (Orthodoxy) അവർക്ക് ഇഷ്ടമുള്ളത് വിശ്വസിക്കാൻ സാമൂഹിക നിയമങ്ങൾ മുസ്ലിംകളെ അനുവദിക്കുന്നു.'** [14]

യഥാർത്ഥ ഇസ്ലാം മൗദൂദിയെ സംബന്ധിച്ചിടത്തോളം പ്രചോദനശക്തിയില്ലാത്തതായിത്തീർന്നിരിക്കുന്നു. മത വിരുദ്ധത അഥവാ പാഷാണ്ഡതയുടെയും (Heresy) മതപരിത്യാഗത്തിന്റെയും (Apostacy) സങ്കല്പങ്ങൾ മൗദൂദിക്ക് പരിചയപ്പെടുത്തിയ കാൽവിയൻ താർക്കിക യുക്തിശാസ്ത്രത്തിന്റെ സ്വാധീനത്തിൽ നിന്ന് അദ്ദേഹത്തിന് രക്ഷപ്പെടാനായില്ല. കാൽവിൻ ആയിരുന്നു മതപരിത്യാഗത്തിന് വധശിക്ഷ നിർദ്ദേശിച്ച ചിന്തകൻ. പക്ഷേ, തന്റെ ശിക്ഷയുടെ ആധികാരികത നബി തിരുമേനി(സ)യിൽ ആരോപിക്കാൻ മൗലാനധിക്കാരം കാണിക്കുകയുണ്ടായി. കലാപകാരികളായ ഒരു ഗോത്ര സമൂഹത്തോട് അബൂബക്കർ(റ) നടത്തിയ കൂറേ സൈനിക നടപടികൾ മതപരിത്യാഗത്തിന് വധശിക്ഷ എന്നതിന്റെ തെളിവായി അദ്ദേഹം ഉദ്ധരിക്കുന്നു. ഈ വിഷയകമായി മൗലാന ഉത്തമ വിശ്വാസത്തോടെ ഒരു ലഘുലേഖ എഴുതിയിട്ടുണ്ട്. അതിൽ എഴുതിച്ചേർത്തതാണ് ഇക്കാര്യം. ഇത് ചർച്ച ചെയ്യുന്നതിന് മുമ്പേ ഈ ക്രിസ്ത്യൻ മാതൃകകൾ മൗലാനയെ എത്രത്തോളം സ്വാധീനിച്ചിരുന്നു എന്നതിന് അദ്ദേഹത്തിന്റെ രചനകൾ തന്നെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു.

ഒന്നാമതായി മധ്യകാല യൂറോപ്പിലെ ക്രിസ്തീയ സഭാപിതാക്കൾ ക്രിസ്തുമതം ഉപേക്ഷിക്കൽ വധശിക്ഷയർഹിക്കുന്ന്*R കുറ്റമായി കണക്കാക്കി. ക്രിസ്തുമതത്തെസ്സംബന്ധിച്ച ഒരേയൊരു അംഗീകൃത ഔദ്യോഗിക ഭാഷ്യം സഭാപിതാക്കൻമാരുടെതുമായിരുന്നു. അതുപോലെ മതം ഉപേക്ഷിച്ചവന് ഇസ്ലാമിലെ ശിക്ഷ വധശിക്ഷയാണെന്നും ഇസ്ലാംമതത്തിന്റെ ഒരേയൊരു അംഗീകൃത ഭാഷ്യം മൗലാനാ മൗദൂദിയുടെതും അദ്ദേഹത്തിന്റെ അനുയായികളുടെതും മാത്രമാണെന്നും വരുന്നു. മൗദൂദിയൻ ഭരണത്തിനു കീഴിൽ ആരൊക്കെയാണ് മുസ്ലിംകൾ എന്നും ആരൊക്കെയാണ് അമുസ്ലിംകൾ എന്നും അവർ വ്യക്തമായി തീരുമാനിക്കും. എന്ത് തരത്തിലുള്ള തീരുമാനമായിരിക്കുമത്?! മൗലാനയുടെ എഴുത്ത് വളരെ വ്യക്തമാണ്.

മൗലാനയുടെ അഭിപ്രായ പ്രകാരം അഹ്മദികൾ* S മതപരിത്യാഗികളും അമുസ്ലിം ന്യൂനപക്ഷവുമാണ്. പക്ഷേ, അഹ്മദികൾ മാത്രമല്ല ഈ മതവിരുദ്ധർ. പർവേഴ്സ് ചിന്താധാരയിൽപ്പെട്ട 'അഹ്ലെ ഖുർആനികളും' മതവിരുദ്ധരാണ്. അവർ കാഫിറുകളും മതപരിത്യാഗികളുമാണ്. മൗദൂദിയുടെ അഭിപ്രായ പ്രകാരം യഥാർത്ഥത്തിൽ അവരുടെ മത വിരുദ്ധത ഖാദിയാനികളേക്കാൾ ഗുരുതരമായതാണ്. മൗദൂദിയുടെ അദ്ധ്യാപനങ്ങളിൽ ഇപ്പോഴും ഉറച്ചു നില്ക്കുന്നയാളും മൗദൂദിയുടെ വലം കൈയായി അറിയപ്പെടുകയും ചെയ്യുന്ന മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹി ജമാഅത്തെ ഇസ്ലാമിയുടെ ഔദ്യോഗിക മുഖപത്രമായ തസ്നീമിൽ കൊടുത്ത ബഹിഷ്ക്കരണാജ്ഞയാണ് താഴെ കൊടുക്കുന്നത്.



**'ചിലയാളുകൾ ഇസ്ലാമിക ശരീഅത്തിലുള്ള വ്യത്യാസങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഈ നാട്ടിൽ ഇസ്ലാമിക ശരീഅത്ത് നടപ്പിൽ വരുത്താൻ സാധ്യമല്ല എന്ന് പറയുന്നു. അതുകൊണ്ട് ഖുർആൻ നിർദ്ദേശിക്കുന്ന മാർഗ്ഗ തത്ത്വങ്ങളനുസരിച്ച് മാത്രം ഈ നാട്ടിൽ (പാകിസ്താനിൽ) ഭരണകൂടം സ്ഥാപിക്കുക എന്ന് അവർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം പ്രകടിപ്പിക്കുന്നവരുടെ ഉദ്ദേശ്യം ഖുർആനിലുള്ളത് മാത്രമാണ് ശരീഅത്തെന്നും ബാക്കിയുള്ളതൊന്നും ശരീഅത്താകുന്നില്ല എന്നുമാണ്. ഈ നിലപാട് വ്യക്തമായ 'കുഫ്ർ' ആണ്. ഈ 'കുഫ്ർ' ഖാദിയാനികളുടെത് പോലെയുള്ളതാണ്; അല്ല അതിനേക്കാൾ ഗുരുതരമാണ്!'** [15]

മൗലാനയുടെ ഈ വിധി പ്രസ്താവം വ്യക്തമായും അഹ്മദികൾക്കും അഹ്ലെ ഖുർആനികൾക്കും എതിരെയുള്ളതാണ്. ഈ രണ്ട് മതനിന്ദയും തുടർന്നുള്ള മതപരിത്യാഗവും ഈ രണ്ട് ഗ്രൂപ്പുകളിൽ മാത്രം പരിമിതമാണോ എന്ന് കണ്ടെത്താൻ കൂടുതൽ അടുത്ത് നിന്ന് നോക്കേണ്ടതുണ്ട്.

മൗദൂദിയെ സംബന്ധിച്ചിടത്തോളം മൗദൂദിസമൊഴിച്ചുള്ളതെല്ലാം മതവിരുദ്ധമാണ്. അതനാസിയൻ (Athanasian) പ്രമാണം പോലെ മൗദൂദിയൻ അദ്ധ്യാപനത്തിൽ നിന്നുമുള്ള വ്യതിചലനമെല്ലാം 'കുഫ്ർ' ആണ്. മൗലാന പറയുന്നു:

**"മുസ്ലിം സമുദായം എന്നു പറയുന്ന ഈ വൻ സമൂഹത്തിന്റെ സ്ഥിതിയാണെങ്കിൽ, അതിലെ ആയിരത്തിൽ 999 പേരും ഇസ്ലാമിനെക്കുറിച്ചുള്ള ജ്ഞാനമുള്ളവരോ സത്യവും അസത്യവും തമ്മിൽ വിവേചിച്ചറിയാൻ സാധിക്കുന്നവരോ അല്ല. പിതാവിൽ നിന്ന് പുത്രനും പുത്രനിൽ നിന്നു പൗത്രനും**

**മുസൽമാൻ എന്നപേരു ലഭിച്ചതുകൊണ്ട് മാത്രം ആണ് മുസൽമാൻ ആയത്. അവർ സത്യത്തെ സത്യമെന്നു കരുതി സ്വീകരിക്കുകയോ അസത്യത്തെ അസത്യമെന്ന് കരുതി തിരസ്കരിക്കുകയോ ചെയ്യുന്നവരല്ല. അവരുടെ ഭൂരിപക്ഷാഭിപ്രായക്കാരുടെ കൈയിൽ കടിഞ്ഞാൺ കൊടുത്തു കൊണ്ട് വണ്ടി ഇസ്ലാമിന്റെ പാതയിൽ സഞ്ചരിക്കുകയാണെന്ന് കരുതുകയാണെങ്കിൽ അത് വെറും വ്യാമോഹമാണ്.** [16]

അദ്ദേഹം തുടരുന്നു:

**"ജനായത്ത തിരഞ്ഞെടുപ്പ് പ്രക്രിയകൾ പാലിൽ നിന്നു വെണ്ണ കടഞ്ഞെടുക്കുന്നതു പോലെയാണ്. വിഷമയമായ പാലാണ് കടയുന്നതെങ്കിൽ വെണ്ണയും വിഷലിപ്തമായിരിക്കും. ആളുകൾ ധരിക്കുന്നത് ഭൂരിപക്ഷം ഹിന്ദുക്കളുടെ കൈയിൽ നിന്ന് മുസ്ലിം പ്രദേശം വിമോചിപ്പിച്ചാൽ അവിടെ സ്വയമേവ ദൈവിക ഭരണം (ഹുക്കൂമത്തെ ഇലാഹി) വരുമെന്നാണ്. ഇത് തെറ്റാകുന്നു. വാസ്തവത്തിൽ ഇതിന്റെ ഫലമായുണ്ടാകുന്നത് മുസ്ലിംകളുടെ 'കുഫ്ർ' ഭരണകൂടമായിരിക്കും.** [17]

ഈ പുസ്തകത്തിന്റെ താഴെ ഖണ്ഡികയിൽ മൗലാന കൂറേക്കൂടി വ്യക്തമായി കാര്യങ്ങൾ പറയുന്നു.

**'മുസ്ലിംകൾ എന്നു പറയുന്നവരുടെ രാജ്യങ്ങൾ എല്ലാതരം അസംബന്ധങ്ങളും കൊണ്ട് പടുത്തുയർത്തിയതാണ്. അവിശ്വാസികളിൽ കാണുന്ന എല്ലാവിധ ദുസ്വഭാവങ്ങളും ഇവിടെയും ദൃശ്യമാണ്. നിയമക്കോടതികളിൽ കള്ളം പറയുന്ന മുസ്ലിംകളുടെ എണ്ണം മറ്റുള്ളവരുടെതിൽ നിന്ന് ഒട്ടും കുറവല്ല. കൈക്കൂലി. കളവ്, വ്യഭിചാരം, വ്യാജം ചുരുക്കത്തിൽ അവരുടെ ധാർമികാധഃപതനം അവിശ്വാസികളെക്കാൾ (കുഫ്ഫാർ) ഒട്ടും പിന്നിലല്ല.** [18]

മൗദൂദിയുടെ ശാസനയും ആജ്ഞയും സമഗ്രമാണ്. മൗലാന പുറപ്പെടുവിച്ച ഈ ഉത്തരവ് പ്രകാരമുള്ള 'കുഫ്രി' യത്തിനടിമപ്പെട്ട 99.9 ശതമാനം മുസ്ലിംകൾ സാധാരണക്കാരാണെന്നും മുസ്ലിം ഉലമാക്കൻമാരും മതനേതൃത്വവും ഇതിൽ നിന്ന് ഒഴിവാണെന്നും ചില ആളുകൾ ധരിച്ചിട്ടുണ്ടായിരിക്കും. എന്നാൽ, മുസ്ലിം നേതൃത്വവും ഉലമാക്കന്മാരും മൗദൂദിസം സ്വീകരിക്കാത്തിടത്തോളം വഴി പിഴച്ച പാപികളാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മൗലാന തുടരുന്നു:



**'പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച രാഷ്ട്രീയ നേതാക്കൻമാർ, ഉലമാക്കൾ, മുസ്ലിം നിയമശാസ്ത്ര വിശാരദൻമാർ ഈ നേതാക്കൻമാരോരുത്തരും മാർഗ്ഗത്തിലും ലക്ഷ്യത്തിലും അത്യന്തം വഴിപിഴച്ചവരാണ്. അവർക്ക് സത്യത്തിന്റെ പാത വിനഷ്ടമായിരിക്കുന്നു. അവർ ഇരുളിൽ അന്ധരായിക്കൊണ്ട് അലയുകയാണ്. അവർക്കാർക്കും തന്നെ ഒരു ഇസ്ലാമിക വീക്ഷണ കോണില്ല.'** [19]

അതായത് മൗലാനയെ സംബന്ധിച്ചിടത്തോളം 99.9 ശതമാനം മുസ്ലിം ജനസാമാന്യമോ അവരുടെ മത-ഭൗതിക നേതൃത്വമോ സത്യപാതയിലല്ല. അവരെല്ലാം വഴിപിഴച്ചിരിക്കുന്നു. അവരുടെ വീക്ഷണ കോൺ മുസ്ലിമിന്റെതല്ല. കുഫ്ഫാറുകളിൽ കാണുന്നയത്ര വിവിധ തരത്തിലുള്ള കുറ്റവാളികൾ മുസ്ലിംകളിലും കാണുന്നു. ഒരാൾ ഉമ്മത്തിനെ മുഴുവൻ മതമുപേക്ഷിച്ചവരുടെ അഥവാ മതപരിത്യാഗികളുടെ ഒരു കൂട്ടമാണെന്ന് പറയുകയാണെങ്കിൽ 'അതെ താങ്കൾ സത്യം പറഞ്ഞു' എന്ന് മൗലാന പ്രതിവചിക്കുമായിരുന്നു. മൗലാന തന്റെ വാക്കുകൾ മയപ്പെടുത്തുന്ന കൂട്ടത്തിലല്ല. ജമാഅത്തെ ഇസ്ലാമി വിട്ടു പോയവരെപ്പറ്റി പരാമർശിക്കവെ അദ്ദേഹം പറഞ്ഞു:

**'ഈ പാതയിൽ നിന്നു പിൻമാറാൻ സാധ്യമല്ല. പിൻമാറുക എന്നതിന്റെ അർത്ഥം മതം ഉപേക്ഷിക്കുക എന്നാണ്.'** [20]

ജമാഅത്തെ ഇസ്ലാമിയിൽ നിന്നു വിട്ടു പോയി മറ്റു വല്ല മുസ്ലിം കക്ഷികളിലും ചേരുക എന്നത് മതമുപേക്ഷിക്കലാണ്. മറ്റു സംഘടനകൾ സ്വയമേവ കാഫിറുകളാണ്. മഹാത്മാക്കളുടെ കബറിടങ്ങളിൽ പോയി പ്രാർത്ഥിക്കുന്ന മുസ്ലിംകളും, ആദ്യത്തെ മൂന്നു ഖലീഫമാരും അപഹർത്താക്കളാണെന്ന് കരുതുന്ന ശിയാക്കളും അപ്രകാരം തന്നെ. മൗലാനാ മൗദൂദിയുടെ അഭിപ്രായത്തിൽ അഹ്ലുസ്സുന്നത്ത് വൽജമാഅത്ത് മുഖ്യധാരയിൽപ്പെട്ട ഇന്ത്യയിലെയും പാകിസ്താനിലെയും ബറേൽവികളെന്നറിയപ്പെടുന്ന മുസ്ലിംകളെല്ലാം കാഫിറാണെന്ന് കരുതുന്നു. ദയൂബന്ദി ഉലമാക്കന്മാരും മൗലാനയുടെ ഈ അഭിപ്രായത്തെ പിന്തുണക്കുന്നുണ്ട്.

ഇപ്പോൾ ഫലത്തിൽ മൗദൂദികളല്ലാത്ത എല്ലാവരും മതപരിത്യാഗികളാണെന്നാണ് മൗലാന പ്രഖ്യാപിക്കുന്നത്.*T ജന്മനാ മുസ്ലിംകളായുള്ളവരുടെ കാര്യത്തിൽ ഈ വിഷയം മൗലാന വളരെ സൂക്ഷ്മ

മായി വിശദീകരിക്കുന്നു. അതാകട്ടെ മൗദൂദിയുടെ ഏറ്റവും വിഷമകരമായ ഒരു വാദഖണ്ഡനമാണുതാനും. അദ്ദേഹത്തിന്റെ സ്വന്തം ഇസ്‌ലാമിനെപ്പറ്റി ചർച്ച ചെയ്തു കൊണ്ട് മൗലാന പറയുകയാണ്.

> **'ഞാൻ പാരമ്പര്യ ഇസ്‌ലാമിനെ ഗളഹസ്തം ചെയ്തിരിക്കുന്നു. ഞങ്ങൾ ഖുർആൻ വായിച്ചു. മുഹമ്മദ് നബി(സ)യുടെ ജീവിതം വായിച്ചു.. ഞാൻ ഇപ്പോൾ ഒരു നവമുസ്‌ലിമാണ്.'**

ഇതേ അടിസ്ഥാനത്തിൽ അദ്ദേഹം മറ്റു മുസ്‌ലിംകളെ പുനഃപരിവർത്തനം ചെയ്യാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചു. അദ്ദേഹം താഴെ എഴുതിയ വാചകങ്ങളിൽ തന്റെ പദ്ധതി അനാവരണം ചെയ്യുന്നു:

> **ഏതൊരു നാട്ടിലാണോ ഇസ്‌ലാമിക വിപ്ലവം ഉണ്ടാകുന്നത് അവിടെയുള്ള മുസ്‌ലിം ജനതക്ക് ഒരു നോട്ടീസ് നല്കപ്പെടും. അതായത്, ആരാണോ ഇസ്‌ലാമിൽ നിന്നും വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളിൽ നിന്നും വിട്ടുനില്ക്കാനാഗ്രഹിക്കുന്നത് എന്നാരാഞ്ഞുകൊണ്ടുള്ളതാണ് ആ നോട്ടീസ്. ഈ വിളംബരത്തിനു ശേഷം ഒരു വർഷത്തിനകം അമുസ്‌ലിമാകാൻ ആഗ്രഹിക്കുന്നവർ അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് മുസ്‌ലിം സൊസൈറ്റിയിൽ നിന്ന് പുറത്തു പോകേണ്ടതാണ്. ഈ കാല പരിധിക്ക് ശേഷം ജന്മനാ മുസ്‌ലിംങ്ങളെല്ലാം മുസ്‌ലിംകളായി കണക്കാക്കപ്പെടും. ഇസ്‌ലാമിന്റെ എല്ലാ നിയമങ്ങളും അവരിൽ പ്രാവർത്തികമാക്കപ്പെടുന്നതാണ്. ഇസ്‌ലാമിലെ എല്ലാ നിർബന്ധകാര്യങ്ങളും ബാധ്യതകളും നടപ്പാക്കാൻ അവർ നിർബന്ധിതരായിത്തീരുന്നതാണ്. ഇതിനുശേഷം ആരെങ്കിലും ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്തുപോകാൻ ആഗ്രഹിച്ചാൽ അവർ വധിക്കപ്പെടുന്നതാണ്. കുഫ്റിന്റെ മടിത്തട്ടിൽ വീഴാൻ പോവുന്ന ധാരാളം സ്ത്രീ പുരുഷൻമാരെ ഈ വിധം രക്ഷപ്പെടുത്താൻ ശ്രമിക്കും. അതായത് ഒരു വിധത്തിലും രക്ഷപ്പെടുത്താൻ സാധിക്കാത്തവർ നമ്മുടെ സൊസൈറ്റിയിൽ നിന്ന് വിച്ഛേദിച്ചെറിയപ്പെടും (വധിക്കപ്പെടും). ഈ ശുദ്ധീകരണത്തിനു ശേഷം സ്വമനസ്സാലെ മുസ്‌ലിമായി കഴിയാൻ ആഗ്രഹിക്കുന്നവരെക്കൊണ്ട് പുതിയൊരു ഇസ്‌ലാമിക സൊസൈറ്റിയുടെ ആരംഭം കുറിക്കുന്നതാണ്.'** [21]

'മതപരിത്യാഗി വധിക്കപ്പെടണമെന്ന മൗലാനയുടെ ഈ നിയമം അയവുള്ളതാക്കിയിരിക്കുന്നത് ഏത് 'ഇജ്തിഹാദിന്റെ' (മതഗവേഷണം) അടിസ്ഥാനത്തിലാണെന്ന് മൗലാന നമ്മോട് പറയുന്നില്ല.[*a]



എപ്പോഴെങ്കിലുമൊരിക്കൽ ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വരുന്ന സമയത്ത് മാത്രമാണ് ഈ സൗജന്യമനുവദിച്ചിട്ടുള്ളത്. ദയാപൂർവ്വം അനുവദിക്കുന്ന ഈ കാലയളവിനു(ഒരു വർഷത്തിനു) ശേഷം ജന്മനാ കാഫിറുകളായ മുസ്‌ലിംകൾ ഉൻമൂലനം ചെയ്യപ്പെടും. ഈ നിർഭാഗ്യവാൻമാർക്ക് യാതൊരുവിധ ഇളവും അനുവദിക്കാതിരിക്കാനുള്ള കാരണം മൗലാന വിശദീകരിക്കുന്നു. അദ്ദേഹം പറയുന്നു:

> **'മതപരിത്യാഗിയെ വധിക്കുന്നതിനെക്കുറിച്ച് പലരുടെയും മസ്തിഷ്കത്തിൽ അസ്വസ്ഥതയുണ്ടാക്കുന്ന അവസാനത്തെ ഒരു പ്രശ്നമുണ്ട്. അമുസ്‌ലിമായിരുന്ന ഒരാൾ ഇസ്‌ലാം മതം ആശ്ലേഷിക്കുന്നു. പിന്നീട് വീണ്ടും അയാൾ കുഫ്റിലേക്ക് തിരിച്ചു പോകുന്നു. അത് അയാൾ മനപൂർവ്വം ചെയ്ത തെറ്റാണെന്ന് പറയാം. അയാൾക്ക് ഒരു ദിമ്മിയായി ജീവിക്കാമായിരുന്നു. അതായത് ഒരു കൂട്ടുത്തരവാദിത്വമുള്ളതും പുറത്തുകടക്കാനുള്ള കവാടം അടഞ്ഞതുമായ ഒരു മതത്തിലേക്ക് എന്തിനയാൾ കടന്നു വന്നു? എന്നാൽ, മുസ്‌ലിം മാതാപിതാക്കന്മാർക്ക് ജനിക്കുകയും ഇസ്‌ലാം മതം വിശ്വസിക്കുകയും ചെയ്യാത്ത ഒരാളെപ്പറ്റിയുള്ള വിധി എന്തായിരിക്കും? അയാൾ ജന്മംകൊണ്ട് മുസ്‌ലിമാണ്. പ്രായപൂർത്തിയായപ്പോഴാണ് ഇസ്‌ലാം മതവിശ്വാസം ത്യജിക്കുന്നത്. നിങ്ങൾ അയാളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും അയാൾ ഇസ്‌ലാമിൽ തന്നെ തുടരുകയും ചെയ്യുന്നത് തികച്ചും അനീതിയായിരിക്കും. ഇത് മുസ്‌ലിം സൊസൈറ്റിയിൽ ജന്മനാ കപട വിശ്വാസികളായി തീരുന്നവരുടെ സംഖ്യ വർദ്ധിപ്പിക്കാൻ സഹായകരമാവും. ഈയൊരു പ്രശ്നത്തിനു പ്രയോഗികവും താത്വികവുമായ രണ്ടുതരത്തിലുള്ള പരിഹാരമുണ്ട്. മറ്റൊരു മതത്തിൽ നിന്നും മാറി വന്ന് ഒരു മതത്തിലെ വിശ്വാസം സ്വീകരിച്ച ഒരാളും ആ മതത്തിൽ തന്നെ ജനിച്ചുവളർന്ന ഒരാളും തമ്മിൽ താത്വികമായി യാതൊരു വ്യത്യാസവുമില്ല. ഒരു മതവും അങ്ങനെ വ്യത്യാസം കാണിക്കുന്നില്ല. മതം മാറി വന്ന പരിവർത്തിതർക്കും ജന്മനാ വിശ്വാസികൾക്കും ഒരേ വിധത്തിലുള്ള കല്പനകൾ (വിധി വിലക്കുകൾ) ആണുള്ളത്. ഒരു മതത്തിലെ (രാഷ്ട്രീയകാര്യങ്ങളിൽ ഒരാളുടെ പൗരത്വം) കുട്ടികളെ പ്രായപൂർത്തി എത്തുന്നതുവരെ കാഫിറുകളോ പരദേശികളോ ആയി കണക്കാക്കുകയും, പിന്നീട് അവർ പ്രായപൂർത്തിയെത്തിയാൽ അയാൾ ജനിച്ചമതം സ്വീകരിക്കുകയോ ത്യജിക്കുകയോ ചെയ്യുക എന്നത് അസാധ്യവും യുക്തിപരമായി അസംബന്ധവുമാണ്. ലോകത്ത് കൂട്ടുത്തര**

**വാദിത്വമുള്ള ഒരു സമൂഹത്തിനും അതിന്റെ കാര്യങ്ങൾ ഈ വിധത്തിൽ നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ല.** [22]

ഇസ്‌ലാം മതപരിത്യാഗത്തിന് വധശിക്ഷ വിധിക്കുന്നുവെന്നും ജമാഅത്തെ ഇസ്‌ലാമി ഒഴിച്ച് ബാക്കി മുഴുവൻ മുസ്‌ലിംകളും കാഫിറാണെന്നുമുള്ള മൗദൂദിയൻ നിയമം നാം അംഗീകരിച്ചാൽ തന്നെ മൗദൂദികളല്ലാത്ത മുസ്‌ലിംകളെല്ലാം മതപരിത്യാഗികളാണെന്ന് മൗദൂദിയൻ യുക്തി ശാസ്ത്രമുപയോഗിച്ച് പോലും നമുക്ക് കണക്കാക്കാൻ സാധ്യമല്ല. കാരണം അവരെല്ലാം ജന്മനാ കാഫിറാണല്ലോ. മൗലാന താൻ ചുട്ട അപ്പം താൻ തന്നെ തിന്നുന്നതിലേക്ക് വരുന്നു! ഈ മൗദൂദിയൻ സങ്കല്പ പ്രകാരമുള്ള ഇസ്‌ലാമുമായി വിയോജിക്കുന്ന മുസ്‌ലിംകളെ ആദ്യമായി ജന്മനാ മുസ്‌ലിംകളെന്നും ജന്മനാ കാഫിറുകളെന്നും രണ്ടു വിധത്തിൽ വിവരിച്ചിരിക്കുന്നു. കാരണം അവർ (ജന്മനാ കാഫിർ) തങ്ങളുടെ മാതാപിതാക്കൻമാരാൽ കുഫ്‌രിയത്തിന്റെ അന്തരീക്ഷത്തിൽ വളർത്തപ്പെട്ടവരാണ്. അവരെ മത പരിത്യാഗികളാണെന്ന് വിളിക്കുന്നതിന് കാരണം അവർ പ്രായപൂർത്തിയെത്തിയ സന്ദർഭത്തിൽ മൗദൂദിയൻ സങ്കല്പ പ്രകാരമുള്ള ഇസ്‌ലാം സ്വീകരിക്കുന്നതിനുപകരം മാതാപിതാക്കൻമാരുടെ കുഫ്‌രിയത്തിനെ നിഷേധിക്കാതെ തുടരുകയാണ് ചെയ്തത് എന്നതാണ്. ഒരു അമുസ്‌ലിം ഇസ്‌ലാമതം സ്വീകരിക്കുകയും പിന്നീട് അത് ഉപേക്ഷിക്കുകയും ചെയ്താൽ അയാൾ വധിക്കപ്പെടേണ്ടതാണ്. കാരണം ഇസ്‌ലാമിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ രക്ഷപ്പെടാൻ സാധ്യമല്ല എന്ന് അറിഞ്ഞു കൊണ്ടാണ് അയാൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നത്. അതുപോലെ ജന്മനാ മൗദൂദി മുസ്‌ലിമല്ലാത്ത ഒരാളെയും മതപരിത്യാഗിയായി കണക്കാക്കാം. അയാൾ പ്രായപൂർത്തിയായതിനുശേഷം ഇസ്‌ലാമിന്റെ മൗദൂദിയൻ സങ്കല്പങ്ങൾ സ്വീകരിച്ചിട്ടില്ല എന്നതാണ് കാരണം. ഈ വാദഗതികൾ വ്യക്തമായും മൗലാനയുടെ ഏകാധിപത്യപരവും കൃത്രിമവും അസഹിഷ്ണുതയും നിറഞ്ഞ വ്യക്തിത്വമാണ് കാണിക്കുന്നത്. ജന്മനാ മുസ്‌ലിമാവട്ടെ മതം സ്വീകരിച്ച മുസ്‌ലിമാവട്ടെ ഒരു മുസ്‌ലിം മൗലാനയുടെ പരിധിക്കപ്പുറമില്ല. അതായത് മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല എന്ന ഖുർആനിക വചനം താഴെ എഴുതിയ രീതിയിലാണ് മൗലാനാ മൗദൂദി വിവരിച്ചിരിക്കുന്നത്:

**'ലാഇക്റാഹഫിദ്ദീൻ (മതത്തിൽ ബലാൽക്കാരമില്ല) എന്ന ആയത്തിന്റെ അർത്ഥം ഞങ്ങളുടെ മതം സ്വീകരിക്കാൻ**



**ആരെയും ഞങ്ങൾ നിർബന്ധിക്കുന്നില്ല എന്നാണ്. ഞങ്ങളുടെ നിലപാടിതാണ്. എന്നാൽ, വന്നിട്ട് തിരിച്ചു പോകാനാണ് ഭാവമെങ്കിൽ ഈ വാതിൽ സ്വതന്ത്രമായ ഗതാഗതത്തിനു വേണ്ടി തുറന്നിടപ്പെട്ടിട്ടുള്ളതല്ല എന്ന് ആദ്യം തന്നെയങ്ങ് മുന്നറിയിപ്പ് നല്കുകയാണ്. അതുകൊണ്ട് ഈ മതത്തിലേക്ക് വരുന്നുവെങ്കിൽ തിരിച്ചുപോകാൻ പാടുള്ളതല്ല. അല്ലെങ്കിൽ നിങ്ങൾ വരാതിരിക്കുന്നതാണ് നല്ലത്.'**

മൗലാനാ മൗദൂദിയുടെ ഈ ഖുർആൻ വ്യാഖ്യാനത്തിന് പ്രമുഖ അഹ്‌ലെ ഖുർആൻ പണ്ഡിതനായ ഗുലാം അഹ്മദ് പർവേസിന്റെ പരാമർശം ഇങ്ങനെയാണ്:

**'മൗദൂദി സാഹിബിന്റെ ഇസ്‌ലാം ഒരു എലിക്കെണി പോലെയാണ്. എലിക്ക് അതിൽ വന്നുപെടാം. പക്ഷേ പിന്നീടൊരിക്കലും രക്ഷപ്പെടാൻ സാധ്യമല്ല.'**

മൗലാനയുടെ വാദത്തിന്റെ കേന്ദ്രബിന്ദു ഇതാകുന്നു. അതായത് എല്ലാ മതങ്ങളും ആ മതത്തിന്റെ അനുയായികളുടെ സന്തതി പരമ്പരകളെയും അതാത് മതത്തിന്റെ അനുയായികളായി കണക്കാക്കുന്നു എന്നാണ്. അതുകൊണ്ട് മുസ്‌ലിം മാതാപിതാക്കൻമാർ അവർ കാഫിറായിരുന്നാൽ പോലും അവരുടെ സന്തതികൾ മുസ്‌ലിം സമ്പത്തായി കണക്കാക്കപ്പെടും. ഈ കുഞ്ഞുങ്ങളുടെമേൽ മുസ്‌ലിം സൊസൈറ്റി സ്വത്താവകാശം സ്ഥാപിച്ചു കഴിഞ്ഞാൽ പ്രായപൂർത്തിയായതിനുശേഷം അവർക്ക് മറ്റൊരു മതം എങ്ങനെ സ്വീകരിക്കാൻ കഴിയും? ഈ കാര്യങ്ങൾ വിശദീകരിക്കാൻ മൗലാന പ്രവാചകന്റെ (സ) താഴെ പറയുന്ന വചനങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു:

**'ഓരോ ശിശുവും ഒരു മുസ്‌ലിമായിക്കൊണ്ടുള്ള അവസ്ഥയിലാണ് ജനിക്കുന്നത്. പക്ഷേ, അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനും ക്രൈസ്തവനും സൊറോസ്ട്രിയനും ആക്കിത്തീർക്കുന്നത്.'** [23]

മുസ്‌ലിം കുഞ്ഞുങ്ങൾ മുസ്‌ലിംകളുടെ പൊതു സ്വത്താണെന്ന മൗലാനയുടെ വാദത്തിന്റെ കേന്ദ്രബിന്ദു ശരിയാണെങ്കിൽ അത് മുസ്‌ലിം സന്തതികളിൽ മാത്രമെന്തിനു ഒതുക്കി നിറുത്തുന്നു? എന്തുകൊണ്ട് അമുസ്‌ലിം സന്തതികൾക്കു കൂടി അത് ബാധകമാക്കുന്നില്ല? ഹദീസ് പ്രകാരം അമുസ്‌ലിം കുഞ്ഞുങ്ങൾ ജന്മനാ മുസ്‌ലിം എന്ന നിലക്ക് മുസ്‌ലിം സൊസൈറ്റിക്ക് അവകാശപ്പെട്ടതല്ലേ? ഇത് എല്ലാ അമുസ്‌ലിം സന്തതികളുടെയും പൂർണ്ണ നിയ

ന്ത്രണം മൗദൂദിയൻ ഭരണകൂടത്തിന്റെ കൈയിൽ ഏല്പിച്ചു കൊടുക്കുന്നു. ഇതുപ്രകാരം ഒരു സന്തതിക്കും മൗദൂദിയൻ പരിധിയിൽ പെട്ടതാകട്ടെ അല്ലാത്തതാവട്ടെ യാതൊരു വ്യത്യാസവും കല്പിക്കപ്പെട്ടിട്ടില്ല. അവരെല്ലാം മൗദൂദിയുടെ കരവലയത്തിലൊതുങ്ങുന്നു. മേലുദ്ധരിച്ച ഹദീസ് മൗലാന അവഗണിക്കുമ്പോൾ അദ്ദേഹത്തിന്റെ തർക്കശാസ്ത്രത്തിന്റെ ബലം അദ്ദേഹത്തെ ഇത്തരം വിഡ്ഢിത്തത്തിലേക്കു നയിക്കുന്നു.

വാസ്തവത്തിൽ മധ്യകാല ക്രിസ്തുസഭയുടെ സിദ്ധാന്തങ്ങൾ പദാനുപദം ജമാഅത്തെ ഇസ്ലാമി പ്രസ്ഥാനത്തിലൂടെ പുനരാവിഷ്ക്കരിക്കയാണ് മൗലാനാ മൗദൂദി ചെയ്യുന്നത്. മധ്യകാലഘട്ടത്തിലെ കഠോരമായ അസഹിഷ്ണുതയെ വിവരിച്ചു കൊണ്ട് എലിസബത്ത് ലാബ്രോസസ് എന്ന മധ്യകാല ക്രിസ്തീയ ചരിത്രകാരി നിരീക്ഷിക്കുന്നത് ശ്രദ്ധിക്കുക:

**'വ്യക്തിപരമായ നിലയിൽ അത് രക്തസാക്ഷികളേയും കപട വിശ്വാസികളേയും സൃഷ്ടിക്കുന്നു.'** [24]

ഇപ്പോൾ ലാബ്രോസസിന്റെ നിരീക്ഷണങ്ങൾ മൗദൂദിയുടെ 'മത പരിത്യാഗത്തിന് ഇസ്ലാമിലെ ശിക്ഷ' എന്ന പുസ്തകത്തിലെ ഒരു ഖണ്ഡികയുമായി താരതമ്യപ്പെടുത്താം.

**മതപരിത്യാഗിയെ വധിക്കുക എന്നതിന് ഈ അർത്ഥം കൊടുക്കുന്നതും തെറ്റാണ്. അതായത് ഒരാൾക്ക് മരണഭയം നല്കിക്കൊണ്ട് കപടത സ്വായത്തമാക്കാൻ നിർബന്ധിക്കുക എന്നാണ് ഇതിനർത്ഥം. വസ്തുത നേരെ മറിച്ചാണ്. ഞങ്ങൾ അത്തരത്തിലുള്ളവരുടെ നേരെ ഞങ്ങളുടെ ജമാഅത്തിലേക്ക് കയറാനുള്ള വാതിൽ കൊട്ടിയടക്കാനാണാഗ്രഹിക്കുന്നത്. അവർ പല വിധത്തിലുള്ള രോഗങ്ങൾക്കടിമകളാണ്. അവരുടെ വിശ്വാസം ഇടക്കിടെ മാറ്റുക എന്നത് അവർക്കൊരു തമാശപോലെയാണ്. അതുകൊണ്ട് ഈ ജമാഅത്തിനകത്ത് കയറുവാൻ ആഗ്രഹിക്കുന്നവരോട് നാം ആദ്യമേ തന്നെ താക്കീതായി പറയുന്നത് ഇവിടുന്ന് തിരിച്ചുപോകുന്നതിനുള്ള ശിക്ഷ മരണമാകുന്നു. അങ്ങനെ ഇതിൽ പ്രവേശിക്കുന്നതിനു മുമ്പേ ഒരു നൂറുപ്രാവശ്യം ചിന്തിക്കട്ടെ ഈ ജമാഅത്തിൽ പ്രവേശിക്കണോ വേണ്ടയോ എന്ന്. എന്നാൽ, മാത്രമേ ഇനിയൊരിക്കലും തിരിച്ച് പോകുന്നതല്ല എന്ന ഉറപ്പോടെ ഇതിൽ വരാൻ അവർക്ക് സാധിക്കുകയുള്ളു.** [25]



മൗലാന മൗദൂദിയുടെ മത സങ്കല്പമാണ് മോക്ഷത്തിനുള്ള ഏക മാർഗ്ഗമെന്നതിനാൽ മൗലാന ആ അവകാശം മറ്റു മതങ്ങളുടെ അനുയായികൾക്ക് വകവെച്ചു കൊടുക്കുന്നുമില്ല. അന്യമതസ്ഥരുടെ പ്രചാരണ പ്രവർത്തനങ്ങൾ മൗദൂദിയൻ രാഷ്ട്രത്തിൽ അനുവദനീയമല്ല. മൗലാന പറയുന്നു:

**മതപരിത്യാഗത്തിന് വധശിക്ഷയാണെന്ന് തീരുമാനിക്കപ്പെട്ടു കഴിഞ്ഞതോടെ പ്രശ്നം പരിഹരിച്ചു. ഒരു മുസ്ലിമിനെയും അന്യമതം സ്വീകരിക്കാൻ നാം അനുവദിക്കുന്നില്ല എന്നു വരുമ്പോൾ നമ്മുടെ അധികാര പരിധിയിൽ അന്യമതസ്ഥർക്ക് പ്രചാരണം നടത്തുക എന്ന പ്രശ്നം തന്നെ ഉത്ഭവിക്കുന്നില്ല. നാം ഒരിക്കലും അത് സഹിക്കുകയില്ല.** [26]

പക്ഷേ, ഒരു കാഫിറിന് മറ്റു കാഫിറുകൾക്കിടയിൽ മതപ്രചാരണം നടത്തുവാൻ അനുവാദമുണ്ടോ? ഉദാഹരണത്തിന് ഒരു ക്രിസ്ത്യാനിക്ക് ജൂതൻമാരുടെ ഇടയിലോ ഹിന്ദുക്കളുടെ ഇടയിലോ പ്രചാരണം നടത്തുവാൻ സാധിക്കുമോ? ബിംബങ്ങളെ ആരാധിക്കാത്തവരും ഏകദൈവത്തെ ആരാധിക്കുന്നവരുമായ ആര്യസമാജികൾക്ക് സർവ്വേശ്വര വാദികളായ സനാതന ധർമ്മികൾക്കിടയിൽ പ്രചാരണം നടത്താൻ സാധിക്കുമോ? മൗലാന പറയുന്നു:

**'അത്തരം വ്യാജ മതങ്ങൾ ലോകത്ത് പ്രചരിപ്പിക്കാൻ ഇസ്ലാം ഒരിക്കലും അനുവദിക്കുന്നില്ല. വ്യാജമതങ്ങളുടെ പ്രബോധകർക്ക് അത് ലോകത്ത് പ്രചരിപ്പിക്കാനും മറ്റുള്ളവരെ അഗ്നിയിലേക്ക് ആകർഷിക്കാനും അനുമതി കൊടുക്കാമോ? അവർ സ്വയം തന്നെ അഗ്നിയിലേക്ക് പാഞ്ഞടുക്കുകയാണ്.'** [27]

മൗദൂദി തന്നെ, ക്രിസ്ത്യാനികളും ജൂതൻമാരും ഗ്രന്ഥാനുസാരികളാണെന്നാണ് (അഹ്ലുൽ കിതാബ്) വിശ്വസിക്കുന്നത്. വിഗ്രഹാരാധകരോ, ബഹുദൈവാരാധകരോ മൂസ്സാ(അ) യുടെയും ഈസാ(അ)യുടെയും ഏക ദൈവാരാധനയിലേക്ക് പരിവർത്തനം ചെയ്യുകയാണെങ്കിൽ അവർക്ക് ഇസ്ലാമുമായി അത്രയധികം അടുക്കാൻ കഴിയുന്നു. പക്ഷേ അവർ തടയപ്പെടുകയാണ്.

ചുരുക്കത്തിൽ ഒരു ജന്മനാ കാഫിർ അവൻ മുസ്ലിമാവുന്നില്ലെങ്കിൽ അവനെ കൊല്ലേണ്ട എന്ന കാര്യം മൗലാന സമ്മതിക്കുന്നു. പക്ഷേ, ഇങ്ങനെയാണെങ്കിൽ മതമുപേക്ഷിച്ച പുതിയ കാഫിറിനെ മാത്രം എന്തുകൊണ്ടു കൊല്ലുന്നു? പുതിയ കാഫിർ ശിക്ഷാർഹനാണെങ്കിൽ എന്തുകൊണ്ട് ഏറ്റവും വലിയ ശിക്ഷയായ

വധശിക്ഷ മാത്രം കൊടുക്കുന്നു? എന്തുകൊണ്ട് നാടുകടത്തുകയോ ജീവപര്യന്തം തടവ് ശിക്ഷ നല്കുകയോ ചെയ്തുകൂടാ? അങ്ങനെയാണെങ്കിലും മുസ്‌ലിം സൊസൈറ്റിയിൽ പ്രശ്നങ്ങളുണ്ടാവാൻ സാധ്യതയില്ലല്ലോ? ഇവിടെ സെന്റ്അഗസ്റ്റിന്റെ ന്യായയുക്തിയെയാണ് കൈക്കൊള്ളുന്നത്. അതായത് മതപരിത്യാഗി അയാളുടെ തന്നെ നന്മക്ക് വേണ്ടിയാണ് വധിക്കപ്പെടുന്നത് എന്ന് മൗദൂദി വിശദീകരിക്കുന്നു. അദ്ദേഹം പറയുന്നു.

> **ഇതിനുള്ള പ്രതിവിധി രണ്ടു വിധമാണ്. ഒന്നുകിൽ അയാളെ സ്റ്റേറ്റിൽ എല്ലാ വിധ പൗരാവകാശങ്ങളും ത്യജിക്കപ്പെട്ട നിലയിൽ ജീവിക്കാനനുവദിക്കുക. അല്ലെങ്കിൽ അയാളുടെ ജീവിതം അവസാനിപ്പിക്കുക. ആദ്യത്തെ രീതി രണ്ടാമത്തെ രീതിയേക്കാൾ കഠിനതരമായ ശിക്ഷയായിരിക്കും. കാരണം അതിന്റെ അർത്ഥം 'ലായമൂത്തു ഫീഹാ വലായഹ്‌യാ' എന്ന അവസ്ഥയിൽ അതായത് ജീവച്ഛവം പോലെ ആവുക എന്നതാണ്.[28] അതുകൊണ്ട് ശ്രേഷ്ഠമായ കാര്യം അയാൾക്ക് മരണശിക്ഷ നല്കുക എന്നതാണ്. അത് അദ്ദേഹത്തിനും സൊസൈറ്റിക്കുമുള്ള എല്ലാ പ്രയാസങ്ങളും തൽക്ഷണം അവസാനിപ്പിക്കുന്നതാണ്.[29]**

മൗലാന മതമുപേക്ഷിക്കുന്നവനെ കൊല്ലാൻ കൊണ്ടുപോകുന്നത് വാസ്തവത്തിൽ സെന്റ് അഗസ്റ്റിൻ പറയുന്നത് പോലെ സ്നേഹത്തിന്റെ പ്രചോദനത്തിലുള്ള (Spirit of Love) പീഡനമായിട്ടല്ല. ഏതായാലും മരണത്തിനുശേഷം ഒരു ജീവിതമുണ്ടല്ലോ. മതപരിത്യാഗിയെ കൊല്ലുന്നതിലൂടെ മൗലാന അയാളെ നേരിട്ട് നരകാഗ്നിയിലേക്ക് തള്ളിയിടുകയാണ്. സമൂഹത്തിൽ നിന്ന് ബഹിഷ്കൃതനായ മതപരിത്യാഗി താൽക്കാലികമായ പീഡനം സഹിക്കേണ്ടി വരുന്നു. രക്ഷിക്കാൻ വേണ്ടി മതപരിത്യാഗിക്ക് പാശ്ചാത്തപിച്ചു മടങ്ങാനും അതുവഴി ആത്മീയ മോചനത്തിനുള്ള എല്ലാ അവസരങ്ങളും മൗലാന എടുത്തു കളയുന്നു. ഒരു കാഫിറിന് ജീവിതത്തിലേതെങ്കിലുമൊരവസരത്തിൽ നന്നായിത്തീരാനുള്ള അവസരമുണ്ട്. എന്നാൽ, മതപരിത്യാഗിക്ക് ഒരിക്കലും ഇസ്‌ലാമിലേക്ക് മടങ്ങി വരാനോ ദൈവത്തിന്റെ ഏറ്റവും വലിയ പൊറുത്തു കൊടുക്കുന്നുവൻ (അൽഗഫ്ഫാർ) പശ്ചാത്താപം സ്വീകരിക്കുന്നവൻ(അത്തവ്വാബ്) എന്നീ ഗുണങ്ങളുടെ ആനുകൂല്യം അനുഭവിക്കാനോ സാധിക്കുന്നില്ല.



മൗലാനയുടെ അസംബന്ധജടിലമായ താർക്കിക യുക്തി സംഗ്രഹിച്ചു കൊണ്ട് ഒരാൾക്ക് ഇങ്ങനെ ചോദിക്കാം: വളരെ ലാഘവബുദ്ധിയോടെ വിശ്വാസം മാറി നമ്മുടെ സൊസൈറ്റിയിലേക്ക് വരുന്നവരെ നിരുത്സാഹപ്പെടുത്തലാണ് വധശിക്ഷ നല്കുന്നത് കൊണ്ടു ഉദ്ദേശിക്കുന്നതെന്ന് താങ്കൾ പറയുന്നു. എന്നാൽ, മുസ്‌ലിം ഗൃഹങ്ങളിൽത്തന്നെ വിശ്വാസത്തിൽ സംശയാലുക്കളായി പിറക്കുന്നവരെ തടഞ്ഞു നിറുത്താൻ എന്ത് പദ്ധതിയാണ് നിങ്ങൾക്കുള്ളത്?

ഈ പൈശാചികമായ നയവും ബലപ്രയോഗവും കിരാതമായ അസഹിഷ്ണുതയും മൗദൂദിയൻ രാഷ്ട്രത്തിൽ മാത്രം പരിമിതപ്പെടുന്നില്ല. ആ രാഷ്ട്രത്തിന്റെ വിദേശ നയവും ബലപ്രയോഗത്തിലും അസഹിഷ്ണുതയിലുമധിഷ്ഠിതമാണ്. മൗലാന പറയുന്നു:

> ഇസ്‌ലാം ഒരു രാഷ്ട്രത്തിലോ അല്പം ചില രാജ്യങ്ങളിലോ മാത്രമല്ല ഈ പരിവർത്തനം വരുത്താനാഗ്രഹിക്കുന്നത്. ഭൂഗോളം മുഴുവൻ അത് വ്യാപിക്കണം. ഈ വിപ്ലവം ആദ്യം സ്വന്തം രാജ്യത്ത് നടത്തുക എന്നത് മുസ്‌ലിം പാർട്ടിയുടെ കർത്തവ്യമാണ്. അതിന്റെ അന്തിമ ലക്ഷ്യം ആഗോള വിപ്ലവമാണ്.[30]

തീർച്ചയായും ഇസ്‌ലാമിന്റെ അന്തിമലക്ഷ്യം ആഗോള വിപ്ലവമാണ്. പക്ഷേ ഇസ്‌ലാം ആഗ്രഹിക്കുന്നത് ഒരു ആത്മീയ വിപ്ലവമാണ്. കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ നിന്നു മൗലാന കടം വാങ്ങിയ കമ്യൂണിസ്റ്റ് വിപ്ലവമല്ല. മൗദൂദിയുടെ ഖണ്ഡന മണ്ഡനങ്ങൾ കമ്യൂണിസ്റ്റ് വാദഗതികളുടെ അനുകരണം മാത്രമാണെന്നത് വെറും യാദൃച്ഛികമല്ല. കമ്യൂണിസ്റ്റ് പാർട്ടി എന്ന പദം പകരം വെക്കുകയാണെങ്കിൽ മാർക്സിന്റെ പ്രതിധ്വനികൾ മൗലാനയുടെ എഴുത്തിൽ നിങ്ങൾക്ക് ശ്രവിക്കാൻ സാധിക്കും. മൗദൂദിയൻ വിപ്ലവം നീതിയിൽ (അദ്ൽ) അധിഷ്ഠിതമല്ല. മറിച്ച് ഭൗതികതത്വത്തിലും തുടർന്നുള്ള സ്വേച്ഛാധിപത്യത്തിലും അതിഷ്ഠിതമാണ്. അയൽ രാജ്യങ്ങളെക്കുറിച്ചുള്ള മൗദൂദിയൻ നയവും കമ്യൂണിസ്റ്റ് വിദേശനയവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. മൗലാനാ മൗദൂദി എഴുതുന്നു:

> **മനുഷ്യബന്ധങ്ങൾ അത്യധികം പരസ്പരം ബന്ധിതമാണ്. ഒരു രാഷ്ട്രത്തിനും തങ്ങളുടെ അയൽ രാജ്യങ്ങളുടെ അതേ ആദർശങ്ങൾ ബലത്തിൽ വരാത്തിടത്തോളം കാലം പൂർണ്ണമായും പ്രവർത്തന സ്വാതന്ത്ര്യമുണ്ടായിരിക്കയില്ല. ആയതിനാൽ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ സുരക്ഷക്കും പൊതുവായ**

> **പരിഷ്ക്കരണത്തിനും വേണ്ടി മുസ്ലിം പാർട്ടി ഒരു പ്രദേശത്ത് മാത്രം ഇസ്ലാമിക രാഷ്ട്രം സ്ഥാപിച്ചു കൊണ്ട് സംതൃപ്ത രായിരിക്കാൻ പാടില്ല. ഇസ്ലാം രാഷ്ട്രത്തെ നാനാഭാഗങ്ങ ളിലേക്കും വ്യാപിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. മോക്ഷദായ കമായ ഏകമതം എന്ന നിലക്ക് ഒരു വശത്ത് അതിന്റെ തത്ത്വ ശാസ്ത്രം പ്രചരിപ്പിക്കുകയും മറുവശത്ത് ലോകജനതയെ അതിന്റെ വിശ്വാസത്തിലേക്ക് വരുവാൻ ക്ഷണിക്കുകയും ചെയ്യേണ്ടതാണ്. ഈ ഇസ്ലാമിക രാഷ്ട്രത്തിന് ശക്തിയും വിഭവവുമുണ്ടെങ്കിൽ അതു അനിസ്ലാമിക ഭരണകൂടങ്ങളെ യുദ്ധം ചെയ്ത് നശിപ്പിക്കുകയും അതിന്റെ സ്ഥാനത്ത് ഇസ്ലാമിക രാഷ്ട്രങ്ങൾ സ്ഥാപിക്കുകയും വേണം.**[*U]

മേൽക്കൊടുത്ത ഖണ്ഡിക യഥാർത്ഥത്തിൽ ആവശ്യാനുസ രണം തിരുത്തിക്കുറിച്ച കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ[*V] പകർപ്പ് മാത്രമാണ്.

മൗലാന തന്റെ ആക്രമണോത്സുകനയം തിരുനബി(സ)യിൽ പോലും ആരോപിക്കാൻ മടിക്കുന്നില്ല. അദ്ദേഹം പറയുകയാണ്:

> **ഇതായിരുന്നു പ്രവാചകനും അദ്ദേഹത്തിന്റെ സച്ചരിതരായ ഖലീഫമാരും അനുവർത്തിച്ച നയം. മുസ്ലിം പാർട്ടി ആദ്യ മായി പിറന്ന അറേബ്യൻ ഭൂമി ആദ്യം തന്നെ മുസ്ലിം പാർട്ടിക്ക് കീഴടങ്ങുകയുണ്ടായി. അതിനുശേഷം ഇസ്ലാമി ലേക്ക് ക്ഷണിച്ചുകൊണ്ട് അയൽനാടുകളിൽ പ്രവാചകൻ ദൗത്യസംഘങ്ങളെ അയക്കുകയുണ്ടായി. പക്ഷേ, അവർ അത് സ്വീകരിക്കുമോ അതല്ല തിരസ്കരിക്കുമോ എന്നറിയാൻ അദ്ദേഹം കാത്തുനിന്നില്ല. അധികാരശക്തി ലഭിച്ചപ്പോൾ റോമാ സാമ്രാജ്യവുമായി യുദ്ധമാരംഭിച്ചു. പ്രവാചകനുശേഷം അബൂബക്കർ മുസ്ലിം പാർട്ടിയുടെ നേതാവായി. അദ്ദേഹം റോമാ പേർസ്യൻ സാമ്രാജ്യങ്ങൾക്കെതിരെ ആക്രമണമാരം ഭിച്ചു. അവസാനം ഉമർ ആ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു.**[31]

ഇതാണ് അയൽ അമുസ്ലിം രാജ്യങ്ങളോടുള്ള പൊതുവായ യുദ്ധപ്രഖ്യാപനം. മൗദൂദിയൻ രാഷ്ട്രം ബലഹീനമായിരിക്കുമ്പോൾ മാത്രമാണ് അയൽ നാടുകളായ അമുസ്ലിം രാഷ്ട്രങ്ങൾക്ക് സുര ക്ഷയുണ്ടാവുക. മൗദൂദിയൻ രാഷ്ട്രം വന്ന ഉടൻ തന്നെ മുസ്ലിമായി പിറന്ന എല്ലാ പൗരന്മാർക്കും ഒരു വർഷത്തിനുള്ളിൽ മൗദൂദിയൻ ഇസ്ലാമാവുകയോ അതല്ലെങ്കിൽ രാജ്യത്തെ ആഭ്യന്തര പ്രതിപക്ഷ



ത്തിൽ ചേരുകയോ ചെയ്യാനുള്ള അവസരം ഒരു നോട്ടീസ് മുഖേന നല്കപ്പെടുന്നു. പിന്നീട് അയൽ പ്രദേശത്തുള്ള അമുസ്ലിം രാഷ്ട്ര ങ്ങളുമായി യുദ്ധത്തിലേർപ്പെടുകയും ചെയ്യും. ശക്തമായ ക്രിസ്തീ യ, സൊരാഷ്ട്ര്യൻ സാമ്രാജ്യങ്ങൾ ഇസ്ലാമിനെ തകർക്കാൻ വേണ്ടി നബി തിരുമേനി(സ)യുടെയും അബൂബക്കർ, ഉമർ എന്നിവരുടെയും മേൽ അടിച്ചേല്പ്പിച്ചതായിരുന്നു യുദ്ധമെന്നും പരിമിതമായ വിഭവ ങ്ങൾ മാത്രം ഉണ്ടായിരുന്ന അവർക്ക് ആത്മരക്ഷാർത്ഥമാണ് യുദ്ധം ചെയ്യേണ്ടി വന്നതെന്നുമുള്ള മുസ്ലിം പൊതുവീക്ഷണം മൗദൂദി അംഗീകരിക്കുന്നില്ല.

---

## കുറിപ്പുകൾ

*** A** **(ശീശ്മ: Schism)** സിസെം അഥവാ ശീശ്മ എന്നതിനർത്ഥം മതഭിന്നത, വേദവിപരീതം എന്നൊക്കെയാണ്. ഗ്രീക്ക് ഭാഷയിലെ സക്കിസ്മ എന്ന ശബ്ദ ത്തിൽ നിന്നും നിഷ്പന്നമായതാണ് ശീശ്മ. തുണിയിൽ ഉണ്ടാകുന്ന തുളയാണ് സക്കിസ്മ. ക്രിസ്തു സഭയുടെ ഔദ്യോഗിക നിലപാടുകൾക്കെതിരെയുള്ള സിദ്ധാ ന്തങ്ങൾക്ക് ശീശ്മ ആരോപിക്കൽ പിന്നീട് പതിവായിരുന്നു. (വിവ:).

*** B**
**കോൺസ്റ്റന്റയിൻ:** (ഏ.ഡി.280–327) ക്രിസ്ത്യാനികൾക്ക് മത സ്വാതന്ത്ര്യമ നുവദിക്കുകയും മരണശയ്യയിൽ വെച്ച് ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്ത ആദ്യത്തെ റോമൻ രാജാവ്. അദ്ദേഹം പുറപ്പെടുവിച്ച മിലാൻ ശാസനം (Milan Edict) പ്രകാരം ക്രിസ്തുമതം രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായി അംഗീകരി ക്കപ്പെട്ടു. മതപരമായ അഭിപ്രായ വ്യത്യാസം പരിഹരിക്കാൻ ഏ.ഡി. 325 ൽ നിക്കേ യിൽ കൂടിയ സഭാ കൗൺസിലിൽ ചക്രവർത്തി പ്രസംഗിച്ചുവെങ്കിലും ഭിന്നിപ്പ് പരിഹൃതമായില്ല. അമിതമായ വിശ്രമ വേളകളും താത്വികമായ ചിന്താപ്രേമവു മാണ് അഭിപ്രായ വ്യത്യാസങ്ങൾക്ക് പ്രേരകമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. റോമ ക്കാരുടെ പൗരാണിക മത പ്രകടനങ്ങളിൽ പങ്കെടുക്കാൻ അദ്ദേഹം മടി കാണി ച്ചു. തന്റെ പുത്രനേയും പുത്രന്റെ ചിറ്റമ്മയേയും റോമക്കാർ കൊലപ്പെടുത്തി. കോൺസ്റ്റന്റയിൻ പിന്നീടൊരിക്കലും റോമിലേക്ക് പോയില്ല. പുരാതന റോമിന്റെ ഭാഗമായിരുന്ന ഇന്നത്തെ തുർക്കിയിലെ ഇസ്താംബൂളിൽ കോൺസ്റ്റാന്റിനോപ്പിൾ എന്ന നഗരം പുതുക്കിപ്പണിതു. സാമ്രാജ്യ തലസ്ഥാനം അവിടെയാക്കി. മരിക്കു ന്നതിന് ദിവസങ്ങൾക്ക് മുമ്പേ മാത്രമാണ് അദ്ദേഹം മാമോദീസ കർമ്മം നടത്തി ക്രിസ്ത്യാനിയായത്. (വിവ:)

*** C**
**സന്യാസിമഠപ്രസ്ഥാനം :** ക്രിസ്തുസഭയുടെ ഭൗതികോന്മുഖമായ ദുർമാർഗ്ഗ ജീവിതത്തോടുള്ള പ്രതിഷേധം എന്ന നിലക്ക് ക്രിസ്ത്യാനികളിൽ ഉടലെടുത്ത പരിവ്രാജക ജീവിതം. ലൗകിക ജീവിതത്തോടുള്ള വിരക്തിയാണ് ഇതിന് അടി സ്ഥാനം. പിൽക്കാലത്ത് സന്യാസിമഠപ്രസ്ഥാനവും അതിന്റെ ഉദ്ദേശ്യത്തിൽ നിന്നു തെറ്റിപ്പോയതായിട്ടാണ് കാണുന്നത്. (വിവ:)

*D **ഡോണാസ്റ്റിസം:** റോമൻ സഭയിൽ നിന്നു പിരിഞ്ഞ ഒരു ആഫ്രിക്കൻ വിഭാഗ ത്തിന്റെ വേദശാസ്ത്രമാണ് ഡോണാസ്റ്റിസം. ഈ അഭിപ്രായഭിന്നതയിൽ നിന്നാണ് കോൺസ്റ്റയിന്റെ ക്രിസ്തുമതവിശ്വാസം ഉടലെടുക്കുന്നത്. ഡോണാസ് റ്റിസം ഇപ്പോൾ നിലവിലില്ല (വിവ:)

* E **ആരിയൂസ്** (ഏ.ഡി.256-336) ആരിയനിസം (Arianism) എന്നറിയപ്പെടുന്ന ക്രിസ്തുസഭയുടെ ഔദ്യോഗിക വിശ്വാസ പ്രമാണങ്ങൾക്കെതിരെ ക്രിസ്തു ദൈവ മല്ല എന്ന് വാദിക്കുന്ന ഒരു സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. ലിബിയൻ വംശജ നായ ആരിയൂസ് ഏ.ഡി. നാലാം നൂറ്റാണ്ടിൽ ഈജിപ്തിലെ അലക്സാണ്ട്രിയയി ലായിരുന്നു ജീവിച്ചത്. ദൈവം ഏകനാണ്, അദ്വിതീയനാണ്, അജാതനാണ്, അനാ ദ്യനാണ്, നിർവികല്പനാണ് എന്നെല്ലാമുള്ള ദാർശനിക അടിസ്ഥാനമാണ് ആരി യൂസ് സിദ്ധാന്തത്തിന്റെ കാതൽ. ദൈവപുത്രനും ദൈവ വചനവുമായ (Legos) യേശുക്രിസ്തു ഇല്ലായ്മയിൽ നിന്ന് ഉണ്മയിലേക്ക് വന്നവനാണ്. ആകയാൽ യേശു സൃഷ്ടിയാണെന്നും യഥാർത്ഥ ദൈവമാകാൻ സാധ്യമല്ല എന്നും അദ്ദേഹം സിദ്ധാ ന്തിച്ചു. വചനം സർവ്വ യുഗങ്ങൾക്കും മുമ്പേയുള്ളതാണെന്നാണ് ആരിയൂസ് പറ യുന്നതെങ്കിലും യേശുവിനെ ദൈവത്തിന്റെ അതുല്യപുത്രനായി പങ്കിടാവുന്നതല്ല എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. അജാതനായ പിതാവ് മാത്രമാണ് ദൈവം എന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. (വിവ:)

* F **പാഷാണ്ഡത:** (Heresy) ഗ്രീക്കുപദമായ ഹെർസിയുടെ മൂലാർത്ഥം അഭിപ്രായം എന്നായിരുന്നു. ഒരു ദാർശനിക സരണി എന്നു മാത്രമേ ക്രിസ്തീയ സാഹിത്യത്തിലും ഇതിന് അർത്ഥമുണ്ടായിരുന്നുള്ളൂ. പരീശരേയും സദൂക്യരേയും ബൈബിളിൽ വിവരിക്കുമ്പോൾ ഈ പദം ഉപയോഗിച്ചിരുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം അംഗീകൃത വിശ്വാസത്തിൽ നിന്നു വ്യതിചലിക്കുന്ന വരിലെല്ലാം പാഷാണ്ഡത ആരോപിക്കുകയും കടുത്ത ശിക്ഷകൾ നൽകി അത്തരം വിയോജിപ്പുകളെ ഭീകരമായി നേരിടുകയും ചെയ്തു. അതിനുശേഷം വേദവിപ രീതമായ ചിന്ത, മതനിന്ദ എന്നെല്ലാമുള്ള അർത്ഥത്തിലാണ് ഹെർസി (പാഷാ ണ്ഡത) ഉപയോഗിച്ചു വരുന്നത് (വിവ:)

* G **നെസ്റ്റോറിയസ് കുസ്തന്തിനോസ്** (മരണം ഏ.ഡി 451) കോൺസ്റ്റാന്റി നോപ്പിളിൽ പാത്രിയാർക്കീസായിരുന്ന പണ്ഡിതൻ. മറിയം ദൈവജനനി (തിയോ ട്ടോക്കോസ്) അല്ല എന്നായിരുന്നു നെസ്റ്റോറിയസ്സിന്റെ വിശ്വാസം. ക്രിസ്തുവിൽ ദൈവത്വം പിന്നീട് ആരോപിക്കപ്പെട്ടതാണെന്നും അദ്ദേഹം സിദ്ധാന്തിച്ചു. യേശു വിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവുമുണ്ട്. യേശു ക്രൂശിതനായത് മനുഷ്യ സ്വഭാവത്തിലാണെന്നും നെസ്റ്റോറിയൻ വിശ്വസിച്ചു. നൂറ്റാണ്ടുകളോളം ക്രിസ്ത്യാ നികളിൽ ഒരു സഭയായി നിലകൊണ്ടിരുന്ന നെസ്റ്റോറിയൻ വിശ്വാസക്കാരെ റോമൻ സഭയുടെ അധികാരവും സമ്പത്തും ഉപയോഗിച്ച് നശിപ്പിക്കുകയാണുണ്ടായത്. ലോകത്ത് ഇപ്പോൾ അറിയപ്പെടുന്ന നെസ്റ്റോറിയൻ സഭകളിൽ ഒന്നാണ് കേരള ത്തിലെ തൃശ്ശൂർ ആസ്ഥാനമായുള്ള കൽദായ സഭ (വിവ:)

* H **എക്യുമെനിസം:** വിവിധ ക്രൈസ്തവ സഭകൾ തമ്മിൽ നടത്തുന്ന എല്ലാ



സംവാദങ്ങൾക്കും ഒരുമിച്ചുള്ള പ്രവർത്തനങ്ങൾക്കുമാണ് എക്യുമെനിസം കൊണ്ടർത്ഥമാക്കുന്നത്. സഭകൾ തമ്മിൽ കഴിയുന്നതും ഐക്യപ്പെടലാണ് ഇതിന്റെ ലക്ഷ്യം (വിവ:)

* I **ജസ്റ്റീനിയൻ:** ഏ.ഡി.527 മുതൽ ബൈസന്റയിൻ ഭരിച്ചിരുന്ന ചക്രവർത്തി. വൻഡാലുകളിൽ നിന്ന് വടക്കൻ ആഫ്രിക്കയും വിസിഗോത്തുകളിൽ നിന്ന് തെക്ക് കിഴക്കൻ സ്പെയിനും മോചിപ്പിച്ച് അദ്ദേഹം തന്റെ സാമ്രാജ്യത്തിൽ ലയിപ്പിച്ചു. അദ്ദേഹത്തിന്റെ ശക്തനായ പട്ടാള ജനറൽ ബെലിസാരിയസ് ആണ് ഇത് നിർവ്വ ഹിച്ചത്. യൂറോപ്പിനെ പിൽക്കാലത്ത് വമ്പിച്ച തോതിൽ സ്വാധീനിച്ച റോമൻ നിയ മങ്ങൾ ക്രോഡീകരിച്ചത് ഇദ്ദേഹമാണ്. (വിവ:)

* J **നീറോ:** ക്രൂരനായ ഒരു റോമൻ ചക്രവർത്തി - പൗലോസ് അപ്പോസ്തലൻ റോമിൽ അഭയം തേടിയപ്പോൾ നീറോ ആയിരുന്നു ഭരണാധികാരി. റോമാ നഗര ത്തിന് സ്വയം തീവെച്ച നീറോ ആ കൃത്യം ചെയ്തത് ക്രിസ്ത്യാനികളാണെന്ന് പറഞ്ഞു പരത്തി അവരെ ദ്രോഹിച്ചു (വിവ:)

* K **സെന്റ് അഗസ്റ്റിൻ:** (ഏ.ഡി. 354-430) പ്രാചീന ക്രൈസ്തവ പണ്ഡിതനും ചിന്തകനും ഗ്രന്ഥകാരനുമായ വൈദികൻ. പുതിയ നിയമത്തിലെ വിശ്വാസ സിദ്ധാ ന്തങ്ങളും യവനതത്ത്വ മീമാംസയുടെ കാതലായ ഭാഗങ്ങളും ഉരുകിച്ചേർന്ന ഒരു ധർമ്മസംഹിതയുടെ പ്രചാരകനാണ് സെന്റ് അഗസ്റ്റിൻ. ആഫ്രിക്കയിലെ അൾജീ രിയയിലാണ് ജനിച്ചതെങ്കിലും അഗസ്റ്റിൻ പിൽക്കാലത്തെ പാശ്ചാത്യ ക്രൈസ്തവ ചരിത്രത്തിന്റെ പ്രവാഹഗതിയെ നിയമനം ചെയ്യുകയും പാശ്ചാത്യ വേദശാസ്ത്ര ത്തിന്റെ പിതാവായി അറിയപ്പെടുകയും ചെയ്തു. പൗരസ്ത്യ, പാശ്ചാത്യ ക്രൈസ്തവ സഭകളുടെ വേർതിരിവിന്റെ ഉപജ്ഞാതാവുകൂടിയാണ് അദ്ദേഹം. ഏ.ഡി 387ൽ മാനസാന്തരപ്പെട്ട് ജ്ഞാനസ്നാനം ചെയ്യുന്നതുവരെ വെപ്പാട്ടിക ളോടൊത്ത് ജീവിക്കുകയും വേശ്യകളോടൊപ്പം ഇരവുകൾ ചെലവഴിക്കുകയുമാണ് അദ്ദേഹം ചെയ്തത്. (വിവ:)

* L **മാനിക്കേയിസം** (Manichaeism) മൂന്നാം നൂറ്റാണ്ടിൽ ബാബിലോണിയയിൽ ജീവിച്ച മനിക്കേയൂസ് ആണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. ഇതനുസ രിച്ച് പ്രകാശം, അന്ധകാരം എന്നീ സാമ്രാജ്യങ്ങളുടെ പരസ്പര സംഘട്ടനമാണ് ലോകം. പ്രകാശത്തിൽ ദൈവവും അന്ധകാരത്തിൽ പിശാചും വാഴുന്നു. അന്ധ കാരത്തിൽ നിന്നു പ്രകാശത്തെ വേർതിരിക്കലാണ് മനുഷ്യധർമ്മമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. ഇതിനായി കടുത്ത വിരക്ത ജീവിതമാണ് മാനിക്കേയിസം ശിപാർശ ചെയ്യുന്നത്. (വിവ:)

* M **മാർട്ടിൻ ലൂഥർ** (ക്രി.വ 1483-1546) ക്രിസ്തുമത സന്യാസിയും ജർമ്മൻകാര നുമായ മതനവീകരണവാദി. പോപ്പിന്റെ പാപമോചന സർട്ടിഫിക്കറ്റുകൾ വില്ക്കു ന്നതിനെതിരെ ആഞ്ഞടിച്ചു. റോമിനെതിരെ കലാപം സംഘടിപ്പിക്കുകയും ചെയ്തു. ഡെൻമാർക്ക്, സ്വീഡൻ, നോർവെ മുതലായ സ്കാൻഡിനേവിയൻ രാജ്യ ങ്ങളും ഇംഗ്ലണ്ടും ജർമ്മനിയും കത്തോലിക്കർക്കെതിരെ ലൂഥറുടെ പ്രൊട്ടസ്റ്റന്റ് മതം സ്വീകരിച്ചു. പിന്നീട് ഈ രാജ്യങ്ങളിലെ ഭരണാധികാരികൾ ജനങ്ങളെ അടി

ച്ചമർത്തുമ്പോൾ ലൂഥർ ഭരണാധികാരികളുടെ പക്ഷം ചേരുകയാണുണ്ടായത് (വിവ:)

* N **ജോൺ കാൽവിൻ:** (ക്രി. വ. 1509-64) ഫ്രഞ്ചുകാരനായ സ്വിസ് പ്രൊട്ടസ്റ്റന്റ് പരിഷ്കർത്താവ്- ലൂഥറിന്റെ മതനവീകരണ പ്രസ്ഥാനത്തിന് നിയമരൂപം നല്കിയതിൽ പ്രധാനിയാണ് കാൽവിൻ. ക്രിസ്തുമത പ്രസ്ഥാനങ്ങൾ.(Institutes of Christian Religion)എന്ന തന്റെ പുസ്തകത്തിൽ ക്രിസ്തുസഭയുടെ ആത്മീയ ദൗത്യത്തിന് അതിന്റെ സ്വഭാവത്തിനിണങ്ങിയ ഒരു ഗവൺമെന്റ് സമ്പ്രദായവും വേണ്ട ശിക്ഷണവും വേണമെന്ന് ശക്തമായി വാദിക്കുന്നു. രാജാവ് ഈശ്വരന്റെ ദൈവദത്തമായ പ്രതിനിധിയാണെന്നും അദ്ദേഹത്തെ കലവറയില്ലാതെ പിന്തുണക്കണമെന്നും അദ്ദേഹം വാദിച്ചു. അദ്ദേഹം ജനീവയിൽ പ്രസ്ബിറ്റേറിയനിസം(Presbyterianism) എന്ന സുശക്തമായ മതസമൂഹം സ്ഥാപിച്ചിരുന്നു (വിവ:)

* O **തോമസ് ഹോബ്സ്:** (ക്രി.വ.1585-1670) ഒരു ഇംഗ്ലീഷ് രാഷ്ട്രീയ തത്ത്വശാസ്ത്രജ്ഞൻ. അരിസ്റ്റോട്ടിലിന് ശേഷം മനുഷ്യന്റെ പെരുമാറ്റങ്ങളെ ഉൾപ്പെടുത്തി സമഗ്രമായ ഒരു സിദ്ധാന്തം രൂപപ്പെടുത്താൻ അദ്ദേഹം ശ്രമിക്കുകയുണ്ടായി. ജ്ഞാനം ഇന്ദ്രിയാധിഷ്ഠിതമാണെന്ന് വിശ്വസിച്ച കടുത്ത ഭൗതികവാദിയായ ഹോബ്സ് പരമാധികാരിയാണ് പരമോന്നത ആത്മീയോപദേശകൻ എന്നും പരമാധികാരം ഈശ്വരനിൽ നിന്ന് ലബ്ധമാണെന്നും വാദിച്ചു. ഓരോ മനുഷ്യന്റെയും കൈ എല്ലാവർക്കുമെതിരാണ്. ഭയപ്പെടുത്തി വെച്ചു കൊണ്ടിരിക്കാൻ പൊതുവായ ഒരു മേലാളില്ലാത്തിടത്തോളം ഓരോ മനുഷ്യനും ഓരോ മനുഷ്യന്റെയും ശത്രുവാണെന്ന് അദ്ദേഹം കരുതുന്നു. മനുഷ്യൻ തമ്മിലുള്ള ബന്ധം സംഘട്ടനാത്മകാമാണെന്നും അതിനുപകരം സമാധാനം സ്ഥാപിക്കലാണ് നിയമത്തിന്റെ കർത്തവ്യമെന്നും അദ്ദേഹം വിശ്വസിച്ചു. മനുഷ്യ പ്രവൃത്തിയുടെയും ധാർമ്മികതയുടെയും അടിസ്ഥാനം സ്വാർത്ഥമാണെന്നും അദ്ദേഹം കണ്ടെത്തി. അതായത് തനിക്ക് ലഭിക്കുന്ന സുഖത്തിനുപകരമായി ചെയ്യുന്നതാണ് ധാർമ്മികത എന്നാണ് ഹോബ്സിന്റെ വാദം. മതാധികാരിയായ പരമാധികാരിയുടെ കോയ്മ സമ്പൂർണ്ണമാണെന്നാണ് ഹോബ്സിന്റെ വാദം. അദ്ദേഹം എഴുതിയ ലെവിയാതൻ (Leviathan) ഡിസിവൈ (Decive) എന്നീ ഗ്രന്ഥങ്ങളിൽ ഈ സിദ്ധാന്തമെല്ലാം സംക്ഷേപിച്ചിട്ടുണ്ട്. (വിവ:)

* P **അതന്യേഷ്യസ്** (ക്രി.വ. 296-373) നിഖ്യാ കൗൺസിലിൽ ക്രിസ്തുവിന്റെ ദൈവത്വം സ്ഥാപിച്ചെടുക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച അലക്സാൻഡ്രിയൻ ബിഷപ്പ്. ആരിയൂസിന്റെ ക്രിസ്തുവിനെസ്സംബന്ധിച്ച ഉന്നത സൃഷ്ടി മാത്രമാണെന്ന വാദം നിഖ്യയിൽ പരാജയപ്പെടുത്തുകയും പകരം ക്രിസ്തുവിന്റെ ദൈവമഹത്വത്തിൽ ഊന്നൽ നല്കുകയും ചെയ്തു. റോമിൽ രാഷ്ട്രീയമായി ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതിലും ത്രിത്വവാദം ആവിഷ്ക്കരിക്കുന്നതിലും പങ്കുണ്ടായിരുന്ന അതനേഷ്യസ് കടുത്ത യാഥാസ്ഥിതികനായിരുന്നു. (വിവ:)

* Q **സുന്നഹദോസ്:** വിശ്വാസം, ആചാരങ്ങൾ, ധാർമ്മികത, അച്ചടക്കം മതുലായ വിഷയങ്ങളെസ്സംബന്ധിച്ച് ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും ലോകത്തുള്ള ബിഷപ്പുമാർ പോപ്പിന്റെ അധ്യക്ഷതയിൽ ചേരുന്ന സഭായോഗം. പിന്നീട് അവ ചോദ്യം ചെയ്യപ്പെടാത്ത ഒന്നായി ക്രൈസ്തവ സഭ കണക്കാക്കുന്നു. (വിവ:)



* R **വധശിക്ഷ :** ഇൻക്വിസിഷൻ കോടതികൾ മതനിന്ദ ആരോപിച്ച് മതപരിത്യാഗിയായി പ്രഖ്യാപിച്ച ആളുകളെ വധിക്കുന്നതിനെയാണ് ഓട്ടോ ഡ ഫേ (Auto Da-Fe) എന്നു പറയുന്നത്. 1491നും 1808നുമിടക്ക് 3,40,000 ആളുകൾ ഇൻക്വിസിഷന്റെ ഭാഗമായി ഓട്ടോ ഡ ഫേക്ക് വിധേയരായി. അതിൽ 32,000 പേർ ചുട്ടുകരിക്കപ്പെട്ടു. തോമസ് ഡി തൊർക്കുമാഡ എന്ന സ്പാനിഷ് ക്രിസ്തീയ പുരോഹിതനാണ് ഓട്ടോ ഡ ഫേ ആരംഭിച്ചത്. (വിവ:)

* S **അഹ്മദികളും അമുസ്ലിം ന്യൂനപക്ഷവും:** 1974 സെപ്തംബർ 7-ാം തിയ്യതി പാകിസ്താൻ നാഷണൽ അസംബ്ലിയാണ് അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം പാസാക്കിയത്. ലോകത്താദ്യമായി ഒരു പാർലമെന്റ് ഒരു വിഭാഗം മതവിശ്വാസികളെ അവരുടെ മതത്തിൽ നിന്നു പുറത്താക്കിയതായി പ്രഖ്യാപിച്ച സംഭവമാണിത്. ഇതുപ്രകാരം പാകിസ്താൻ പീനൽകോഡിലും ദേശീയ രജിസ്ട്രേഷൻ നിയമത്തിലും തിരഞ്ഞെടുപ്പ് ചട്ടങ്ങളിലും മാറ്റം വരുത്തുകയുണ്ടായി(വിവ:)

* T **മതപരിത്യാഗി വധാർഹൻ:** ഇൗജിപ്തിലെ അറിയപ്പെടുന്ന പണ്ഡിതനും മൗലാനാ മൗദൂദിയുടെ അനുയായിയും മതരാഷ്ട്രവാദത്തിന്റെ വക്താവുമായ ശൈഖ് മുഹമ്മദുൽ ഗസ്സാലിയുടെ ഒരു പ്രസ്താവന ഇങ്ങനെയാണ് മാധ്യമം പത്രം റിപ്പോർട്ട് ചെയ്യുന്നത്. ''ശരീഅത്ത് നിയമങ്ങൾ (ഹുക്കൂമത്തെ ഇലാഹി)നടപ്പിലാക്കേണ്ട കാര്യമില്ലെന്ന് വാദിക്കുന്ന മുസ്ലിംകൾ മതപരിത്യാഗികളാണെന്നും അത്തരക്കാർ വധശിക്ഷ അർഹിക്കുന്നുവെന്നുമുള്ള വിഖ്യാത ഈജിപ്ഷ്യൻ പണ്ഡിതനായ മുഹമ്മദ് ഗസ്സാലിയുടെ അഭിപ്രായപ്രകടനം ഈജിപ്തിൽ വിവാദങ്ങൾക്ക് തീകൊളുത്തി. ചില സംഘടനകൾ ഈ പരമാർശം പിൻവലിക്കണമെന്നാവശ്യപ്പെട്ടു മുറവിളി കൂട്ടുന്നു. തന്റെ ഈ അഭിപ്രായപ്രകടനം വിവാദം സൃഷ്ടിച്ചതിൽ അദ്ദേഹം വിസ്മയംകൂറുന്നു. ഖുർആനിനും, തിരുചര്യക്കും, ഇജ്മാഇന്നും (അഭിപ്രായ സമന്വയം) അനുരൂപമാണ് തന്റെ അഭിപ്രായമെന്ന് അദ്ദേഹം വാദിക്കുന്നു.'' (മാധ്യമം ദിനപത്രം 26 ജൂലായ് 93) (വിവ:)

* U **'മതപരിത്യാഗി വധാർഹൻ':** കേരള ജമാഅത്തെ ഇസ്ലാമി നേതാവ്: കേരളത്തിലെ ജമാഅത്തെ ഇസ്ലാമി നേതാവും മാധ്യമം പത്രത്തിന്റെ പത്രാധിപരുമായ ഓ. അബ്ദു റഹ്മാൻ എഴുതിയ 'യുക്തിവാദികളും ഇസ്ലാമും' എന്ന പുസ്തകത്തിൽ ഇസ്ലാം മതത്തിൽ നിന്നു പുറത്തു പോകുന്നവനെ വധിച്ചു കളയണം എന്ന അത്യന്തം ഭീകരമായ മൗദൂദിയൻ ഫാസിസ്റ്റ് സിദ്ധാന്തത്തെ ന്യായീകരിച്ചിരിക്കുന്നു. കാരണം ദീൻ അഥവാ മതം എന്നാൽ രാഷ്ട്രമാണെന്നും അതിൽ നിന്ന് പുറത്ത് പോകുന്നവനെ രാഷ്ട്രത്തെ ഒറ്റിക്കൊടുക്കുന്നവനെപ്പോലെയോ, രാജ്യദ്രോഹിയെപ്പോലെയോ കണക്കാക്കി ശിക്ഷിക്കണമെന്നുമാണ് ജമാഅത്തെ ഇസ്ലാമി സിദ്ധാന്തം. ഓ. അബ്ദുറഹ്മാൻ എഴുതുന്നു: ''ഇപ്രകാരം ഇസ്ലാം സ്വീകരിക്കാതിരിക്കാനും പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കെ അത് സത്യമാണെന്ന് മനസ്സിലാക്കി സ്വമേധയാ അതിൽ പ്രവേശിച്ചവൻ പിന്നീടതുപേക്ഷിച്ചു പോകു

ന്നുവെങ്കിൽ തികഞ്ഞ വഞ്ചനയും മുസ്‌ലിം സൊസൈറ്റിയെ ശിഥിലമാക്കാനുള്ള കപടതന്ത്രവുമായിട്ടാണ് ഇസ്‌ലാം ആ നടപടിയെ വീക്ഷിക്കുന്നത്. അവരെ പിടി കൂടാനോ ശിക്ഷിക്കുവാനോ വ്യക്തികൾക്ക് അധികാരമില്ലെങ്കിലും ഇസ്‌ലാമിക സ്റ്റേറ്റിന്റെ ഭദ്രത നിലനിറുത്താൻ ദ്രോഹകാരികളായ ഇത്തരം ആളുകളെ ഇസ്‌ലാമിക കോടതി വിചാരണ ചെയ്യും. കുറ്റം തെളിഞ്ഞാൽ തെറ്റു തിരുത്താൻ അവസരം നല്കും. തിരുത്താനും തയ്യാറല്ലെങ്കിൽ മാത്രം വധശിക്ഷക്ക് വിധിക്കും. (ഇസ്‌ലാമും യുക്തിവാദികളും പേജ്.163)

മതപരിത്യാഗിയെ വധിക്കാൻ പാടില്ലെന്നും വിശുദ്ധ ഖുർആനിലോ ഹദീസു കളിലോ മതപരിത്യാഗിയുടെ ശിക്ഷയെക്കുറിച്ച് ഒന്നും പറയാത്തതുകൊണ്ട് മതം ത്യജിക്കുന്നയാളെ കൊല്ലാൻ പാടില്ലെന്നും ജമാൽ എന്ന പണ്ഡിതൻ റൂഹുൽ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ എഴുതിയതിനെ ഖണ്ഡിച്ചു കൊണ്ട് മതപരിത്യാ ഗിയെ വധിക്കണമെന്ന് ഓ. അബ്ദുറഹ്മാൻ അതേ പുസ്തകത്തിൽ ശക്തിയായി ന്യായീകരിക്കുന്നത് കാണുക.: 'ഇസ്‌ലാമിന്റെ മേൻമയും സത്യാവസ്ഥയും ബോധ്യ പ്പെട്ട ശേഷം അതിൽ പ്രവേശിക്കാൻ തീരുമാനിക്കുന്ന ഏതൊരാളും പിന്നീട് താൻ രാജിവെക്കണമെന്നാഗ്രഹിച്ചാൽ അത് അനുവദിക്കപ്പെടാൻ പോവില്ലെന്ന് കൂടി നന്നായിയറിഞ്ഞ ശേഷമായിരിക്കും സ്വഭാവികമായും മുസ്‌ലിമാവുന്നത്. അതി നാൽ ആത്മാർത്ഥതയോടെ ഇസ്‌ലാം അവലംബിച്ച യാതൊരാളും അതിനെ ഉപേ ക്ഷിക്കുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല.(യുക്തിവാദികളും ഇസ്‌ലാമും പേജ്.165)ഹിന്ദു തീവ്രവാദികളായ സംഘ്പരിവാർ മതം മാറ്റം, നിയമം മൂലം തടയണമെന്നാണ് പറയുന്നത്. എന്നാൽ, മതം മാറുന്നവനെ വധിക്കണമെന്നാണ് ജമാഅത്തെ ഇസ്‌ലാമി നേതാവും പത്രപ്രവർത്തകനും മനുഷ്യാവകാശ പ്രവർത്തകനുമായ ഓ. അബ്ദുറഹ്മാൻ പറയുന്നത്. (വിവ:)

*V **കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ:** ശാസ്ത്രീയ സോഷ്യലിസത്തിന്റെ ഉപജ്ഞാ താക്കളായ കാറൽ മാർക്സും, ഫെഡറിക് ഏംഗൽസും ചേർന്ന് 1848 ജനുവരി യിൽ ജർമ്മൻ ഭാഷയിലെഴുതിയ ലഘുഗ്രന്ഥം. തൊഴിലാളികളെ ഒരു വർഗ്ഗമായി സംഘടിപ്പിക്കുക, ബൂർഷ്വാ മേൽക്കോയ്മയെ മറിച്ചിടുക, തൊഴിലാളി വർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചു പറ്റുക (പേജ് 68) എന്നീ വിപ്ലവാശയങ്ങൾ കമ്യൂ ണിസ്റ്റ് മാനിഫെസ്റ്റോയിൽ കാണാം. സ്വാഭിപ്രായങ്ങളും ലക്ഷ്യങ്ങളും മൂടിവെ ക്കുന്നതിനെ കമ്യൂണിസ്റ്റുകാരൻ വെറുക്കുന്നു. നിലവിലുള്ള സാമൂഹ്യോപാധിക ളെയാകെ ബലം പ്രയോഗിച്ച് മറിച്ചിട്ടാൽ മാത്രമേ തങ്ങളുടെ ലക്ഷ്യങ്ങൾ നേടാ നാവൂ എന്ന് അവർ പരസ്യമായി പ്രഖ്യാപിക്കുന്നു. കമ്യൂണിസ്റ്റ് വിപ്ലവത്തെ ഓർത്ത് ഭരണാധികാരി വർഗ്ഗം കിടിലം കൊള്ളട്ടെ. (പേജ്.104) എന്നും ഇതിൽ കാണാം (വിവ:)

**അദ്ധ്യായം 6**

# മതപരിത്യാഗം ഇസ്‌ലാമിൽ

**സ്വയം മുസ്‌ലിമാണെന്ന് പറയുന്ന ഏവരുടെയും പേര് എനിക്കുവേണ്ടി എഴുതുക.**

**മുഹമ്മദ്നബി (സ)**

മദ്ധ്യകാല ക്രിസ്തുമതത്തിൽ നിലനിന്നതും മൗദൂദിയുടെ വ്യാഖ്യാനപ്രകാരമുള്ളതുമായ മതപരിത്യാഗം അഥവാ മതമുപേ ക്ഷിക്കൽ ഇസ്‌ലാമിന് തികച്ചും അന്യമാണ്. അത്തരത്തിലുള്ള മത പരിത്യാഗം സൂചിപ്പിക്കുന്ന ഒരു പദം പോലും അറബി ഭാഷയിലില്ല. ചില പൂർവ്വകാല മുസ്‌ലിം കർമ്മശാസ്ത്ര പണ്ഡിതൻമാർ മതം വിട്ടു പോകുന്നത് വധശിക്ഷ നല്കാവുന്ന കുറ്റമാണെന്ന് അഭിപ്രായപ്പെ ട്ടിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, അവരുടെ മുസ്‌ലിം എന്ന നിർവചനം അതിവിശാലമായിരുന്നു. അതായത് സ്വയം മുസ്‌ലിമാണെന്ന് പറയുന്ന ഒരാളെ ഇസ്‌ലാമിൽ നിന്നു പുറത്ത് പോയവൻ എന്ന് പറയുവാൻ സാധ്യമല്ലായിരുന്നു. മദീനയിലെ ആദ്യത്തെ സെൻസസ് വേളയിൽ ആരാണ് മുസ്‌ലിം എന്നതിനെ സംബന്ധിച്ച് രണ്ട് നിർവ്വചനങ്ങൾ നബിതിരുമേനി(സ) നല്കുക യുണ്ടായി. പ്രവാചകൻ പറഞ്ഞു:

**സ്വയം മുസ്‌ലിമാണെന്ന് പറയുന്ന ഏവരുടെയും പേര് എനിക്ക് വേണ്ടി എഴുതുക.** [1]

മറ്റൊരവസരത്തിൽ പ്രവാചകൻ അരുളി:

**നാം നിസ്കരിക്കുന്നത് പോലെ നിസ്കരിക്കുകയും നമ്മുടെ ഖിബ്ലയുടെ നേരെ തിരിയുകയും നാം അറുത്തത് ഭക്ഷി ക്കുകയും ചെയ്യുന്നവനാരോ അയാൾ മുസ്‌ലിംമാകുന്നു. അയാൾ ദിമ്മത്തുല്ലയും ദിമ്മത്തുർ റസൂലും ആണ്. അതു കൊണ്ട് അല്ലാഹുവിന്റെ ദിമ്മത്ത് (സംരക്ഷണോത്തരവാദി ത്തം) ഉല്ലംഘിക്കാതിരിക്കുക.** [2]

പക്ഷേ, മുസ്‌ലിം രാജ്യങ്ങളിൽ സമഗ്രാധിപത്യത്തേയും സ്വേച്ഛാധിപത്യത്തെയും പിന്തുണക്കുന്ന മൗലാനാ മൗദൂദിയും ഉലമാക്കളും ഒരു മുസ്‌ലിമിനെപ്പറ്റി പ്രവാചകൻ(സ) പറഞ്ഞ ലളിത സുന്ദരമായ നിർവ്വചനങ്ങൾക്ക് പലവിധ ഉപാധികളും കൂട്ടിച്ചേർക്കുകയുണ്ടായി. ഇമാം ഗസ്സാലിയുടെ* A വാക്കുകളിൽ പറഞ്ഞാൽ

**സ്വർഗ്ഗം പണിയുന്ന ദൈവത്തിന്റെ വിശാലമായ കാരുണ്യത്തെ സങ്കുചിത മനസ്കരായ കുറച്ചു മതപണ്ഡിതന്മാർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.** [3]

ഉലമാക്കളുടെ ഈ യത്നത്തിന്റെ ഫലം സംഗ്രഹിച്ചു കൊണ്ട് 1953ലെ പഞ്ചാബ് (പാകിസ്താൻ) കലാപന്വേഷണക്കോടതി*B അദ്ധ്യക്ഷനും മുൻ പാകിസ്താൻ ചീഫ് ജസ്റ്റിസുമായിരുന്ന മുഹമ്മദ് മുനീർ ഇപ്രകാരം പറയുന്നു:

**'ഉലമാക്കൻമാർ നല്കിയ വിവിധ നിർവ്വചനങ്ങൾ മുന്നിൽ കണ്ടുകൊണ്ട്, രണ്ട് ഉലമാക്കൻമാർ ചേർന്നാൽ അടിസ്ഥാന പരമായി ഇക്കാര്യത്തിൽ യോജിക്കാൻ കഴിയില്ല എന്നല്ലാതെ മറ്റെന്തെങ്കിലും നിരൂപണം ഇക്കാര്യത്തിൽ നടത്തേണ്ടതുണ്ടോ? മഹാ പണ്ഡിതന്മാരായ ഉലമാക്കൻമാർ ചെയ്യുന്ന പോലെ നാം നമ്മുടെതായ ഒരു നിർവ്വചനത്തിന് ശ്രമിക്കുകയാണെങ്കിൽ ആ നിർവ്വചനം മറ്റെല്ലാ നിർവ്വചനങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കും. മറ്റുള്ളവരെയെല്ലാം ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്താക്കിക്കൊണ്ടുള്ളതുമായിരിക്കുമത്. ഇനി നാം ഏതെങ്കിലും ഒരു ആലിമിന്റെ നിർവ്വചനം സ്വീകരിക്കുകയാണെങ്കിൽ ആ ആലിമിന്റെ നിർവ്വചന പ്രകാരം നാം മുസ്‌ലിമായിരിക്കും. എന്നാൽ, മറ്റുള്ളവരുടെ നിർവ്വചനപ്രകാരം നാം കാഫിറുമായിരിക്കും.'** [4]

ജസ്റ്റിസ് മുനീറിന്റെ ഈ നിരീക്ഷണം ഉസാമബിൻ സൈദിനെ നബി(സ) ശാസിച്ച സംഭവവുമായി ചേർത്ത് വായിക്കേണ്ടതുണ്ട്. ഇബ്നു ഇസ്ഹാഖ് റിപ്പോർട്ട് ചെയ്ത സംഭവം ഇങ്ങനെ വായിക്കാം: ഉസാമ ബിൻ സൈദും മറ്റൊരാളും കൂടി ഗാലിബ് ഇബ്നു അബ്ദുല്ലാ അൽഖൽബി എന്നയാളുമായി യുദ്ധം ചെയ്തു കൊണ്ടിരിക്കുമ്പോൾ അബ്ദുല്ലാ അൽഖൽബിയെ ഉസാമ വധിച്ചു കളയുകയുണ്ടായി.

ഈ സംഭവം റിപ്പോർട്ട് ചെയ്തുകൊണ്ട് ഉസാമബിൻ സൈദ് പറഞ്ഞു:



ഞാനും അൻസാറുകളിൽപ്പെട്ട ഒരാളും ചേർന്ന് അദ്ദേഹത്തെ കീഴ്പ്പെടുത്തുകയുണ്ടായി. അദ്ദേഹത്തെ ഞങ്ങളുടെ ആയുധങ്ങൾകൊണ്ട് ആക്രമിച്ചപ്പോൾ അദ്ദേഹം ശഹാദത്ത് കലിമ ഉരുവിട്ടു. പക്ഷേ, ഞങ്ങളുടെ കൈ വെറുതെ നിന്നില്ല. ഉടൻ തന്നെ അദ്ദേഹത്തെ വധിച്ചു കളഞ്ഞു. ഞങ്ങൾ പ്രവാചകന്റെ അടുത്തുവന്ന് അവിടത്തോട് നടന്ന സംഭവങ്ങളെല്ലാം പറഞ്ഞു. തിരുമേനി(സ) പറഞ്ഞു: 'അല്ലയോ ഉസാമാ, ഒരാളുടെ വിശ്വാസപ്രഖ്യാപനം നീ അവഗണിച്ചതിനാൽ നിനക്ക് ആരാണ് മാപ്പു തരിക? അവിടത്തോട് ഞാൻ പറഞ്ഞു: അതായത് മരണത്തിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി മാത്രമായിരുന്നു അയാൾ കലിമ ചൊല്ലിയത്. പക്ഷേ പ്രവാചകൻ തന്റെ ചോദ്യം ആവർത്തിച്ചു കൊണ്ടിരുന്നു. ആ ദിവസം വരെ ഞാനൊരു മുസ്‌ലിമല്ലാതിരുന്നെങ്കിൽ എന്നും അദ്ദേഹത്തെ വധിക്കേണ്ടതില്ലായിരുന്നുവെന്നും ആഗ്രഹിച്ചു പോകുന്നതുവരെ പ്രവാചകൻ (സ) ആ ചോദ്യം ആവർത്തിച്ചു കൊണ്ടിരുന്നു. ഞാൻ തിരുദൂതരോട്(സ) എനിക്ക് പൊറുത്തു തരുവാൻ അപേക്ഷിക്കുകയും ശഹാദത്ത് കലിമ ചൊല്ലിയ ഒരു മനുഷ്യനെയും വധിക്കുകയില്ലെന്നു ഏറ്റു പറയുകയും ചെയ്തു. തിരുമേനി(സ) ചോദിച്ചു: 'ഉസാമാ, നീ എന്റെ മരണത്തിനു ശേഷവും ഇങ്ങനെ തന്നെ പറയുമോ?' അപ്പോൾ ഞാൻ പറഞ്ഞു: അതേ [5]

ശഹദാത്തു കലിമ ഉച്ചരിച്ച മുസ്‌ലിംകളുടെ ജീവനെപ്പറ്റി പ്രവാചകൻ ഉത്കണ്ഠാകുലനായിരുന്നെങ്കിലും ഇസ്‌ലാമിന്റെ പേരിൽ വഴിപിഴച്ചവരുടെ കൈകളാൽ അവർ ഇപ്പോഴും വധിക്കപ്പെടുമെന്ന് നബി(സ)ക്ക് അറിയാമായിരുന്നു. അഹ്മദ് ഹംബലിന്റെ * C റിപ്പോർട്ട് പ്രകാരം പ്രവാചകൻ ഉസാമയോട്, 'കൊല്ലപ്പെട്ടയാളുടെ വിശ്വാസം പരിശോധിക്കാൻ നീ അയാളുടെ ഹൃദയം കീറിനോക്കിയിരുന്നുവോ?' [6] എന്നു കൂടി ചോദിച്ചിരുന്നു എന്നു കാണാം. എന്നിട്ടും അധികാര ദുര മൂത്ത രാഷ്ട്രീയ ലക്ഷ്യമുള്ള മുസ്‌ലിം പുരോഹിതൻമാർ നിരപരാധികളായ സഹോദരൻമാരെ കൊന്നൊടുക്കുവാൻ ഉത്സാഹം കൂട്ടുന്നു. നേരിയ അഭിപ്രായ വ്യത്യാസമുള്ളവരെ ഹൃദയം കീറിമുറിച്ച് പരിശോധിച്ച് അവരുടെ വിശ്വാസം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടത് പോലെയാണ് ഉലമാക്കൻമാർ അവരെ വകവരുത്താൻ വെമ്പൽ കാട്ടുന്നത്.

മതമുപേക്ഷിക്കുന്നവനെ പരാമർശിക്കാൻ ഖുർആൻ 'ഇർത്തദ്'

എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അത് അർത്ഥമാക്കുന്നത് ഒരു മുസ്‌ലിമിനും മറ്റൊരു മുസ്‌ലിമിനെ 'മുർത്തദ്ദ്' എന്ന് പ്രഖ്യാപിക്കാൻ അവകാശമില്ല എന്നാണ്. ഇമാം റാഗിബ് ഇസ്ഫഹാനി[7] 'ഇർത്തിദാദ്' എന്ന പദത്തിന് അർത്ഥം കൊടുത്തത് 'ഒരാൾ വന്ന സ്ഥലത്തേക്ക് അയാളുടെ കാല്പാടുകളെ പുനരനുധാവനം ചെയ്യുക' എന്നാണ്. ഈ പദം മതം ഉപേക്ഷിക്കുന്നതിനെക്കുറിച്ച് സവിശേഷ രീതിയിൽ ബന്ധപ്പെട്ടു കിടക്കുന്നു. അതായത് ഇസ്‌ലാമിൽ നിന്നും കുഫ്റി(അന്ധവിശ്വാസം)ലേക്കുള്ള മടക്കം എന്നാണ് അർത്ഥം.

**ഉദാ: തങ്ങൾക്ക് സന്മാർഗ്ഗം സ്പഷ്ടമായി മനസ്സിലാക്കിയതിന് ശേഷം പിന്തിരിഞ്ഞു പോകുന്നവരാരോ (47:26) "വിശ്വസിച്ചവരേ, നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതം വിട്ട് പുറത്തേക്ക് പോകുന്നതായാൽ"(വി. ഖുർആൻ 5:55).**

'റിദ്ദ്' എന്നത് ഒരു അകർമ്മക ക്രിയയാകുന്നു. 'റിദ്' എന്ന അതിന്റെ ധാതുവിന് സകർമ്മക രൂപമില്ല. അതായത് ഒരാൾക്ക് മതം ഉപേക്ഷിച്ച് പുറത്തേക്ക് പോകാം. പക്ഷേ, മറ്റൊരാൾക്ക് അയാളെ മതമുപേക്ഷിക്കുന്നവനാക്കാൻ സാധ്യമല്ല. അത് സ്വമനസ്സാലെയുള്ള ഒരു പ്രവർത്തനമാണ്. പുറത്ത് നിന്ന് ഒരു ഏജൻസിക്ക് അതിൽ യാതൊരു പങ്കുമില്ല. കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചർച്ച ചെയ്ത ക്രിസ്തീയ- മൗദൂദിയൻ മതപരിത്യാഗ സങ്കല്പത്തിൽനിന്ന് 'ഇർത്തിദാദ്' എന്ന പദത്തെ വ്യത്യസ്തമാക്കി നിറുത്തുന്നത് ഇച്ഛാ സ്വാതന്ത്ര്യത്തിന്റെ ഈ സവിശേഷതയാണ്. മതപരിത്യാഗത്തിനും അതിന്റെ ശിക്ഷക്കും ചർച്ചോ രാഷ്ട്രമോ പോലുള്ള ഒരു പുറം ഏജൻസിയുടെ അധികാര സ്ഥാപനം ആവശ്യമാണ്. അത് കൊലപാതകമോ വധശിക്ഷയോ പോലുള്ള ഒന്നാണ്. എന്നാൽ, ഇർത്തിദാദ് ആത്മഹത്യപോലെയാണ്. ഒരാൾക്ക് മറ്റൊരാളെ വധശിക്ഷയ്ക്ക് വിധേയനാക്കാനോ കൊല്ലാനോ സാധിക്കും. പക്ഷേ, മറ്റൊരാളെ ആത്മഹത്യ ചെയ്യാനാവില്ല.

റസൂലുല്ലി (സ)യുടെ ദൗത്യത്തിന്റെ ആദ്യകാലത്ത് അവതരിച്ച സൂറ (ഖുർആൻ അദ്ധ്യായം:109) 'അൽ കാഫിറൂൻ' മനസ്സാക്ഷി സ്വാതന്ത്ര്യത്തിനുനേരെ പാലിക്കേണ്ട തുറന്ന നയസമീപനം വ്യക്തമാക്കുന്നു. പ്രവാചകന്റെ ജീവിത സമ്പ്രദായവും അവിശ്വാസികളുടെ ജീവിത സമ്പ്രദായവുമായി ഒത്തു ചേരുന്ന യാതൊരു സംഗമ ബിന്ദുവുമില്ലായിരുന്നു എന്ന് അവിശ്വാസികളോട് പറയുവാൻ പ്രവാചകൻ ആജ്ഞാപിക്കപ്പെടുകയുണ്ടായി. മതത്തിന്റെ അടിസ്ഥാന സങ്കല്പങ്ങളിൽ മാത്രമല്ല സൂക്ഷ്മമായ സകല വശങ്ങളിലും അവർ തമ്മിൽ യാതൊരു അനുരഞ്ജനത്തിനും സാധ്യമല്ലായിരുന്നു അതുകൊണ്ട്,



**നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം (109:6)**

മാത്രമല്ല, പ്രവാചകനോട് ആവർത്തിച്ചു പറയപ്പെട്ട സംഗതി അവിശ്വാസികൾ അദ്ദേഹത്തിന്റെ സന്ദേശം സ്വീകരിച്ചിട്ടില്ലെങ്കിൽ അതുകാരണം അസ്വസ്ഥനാകേണ്ടതില്ല എന്നാണ്. അദ്ദേഹം അവരുടെ വക്കീൽ (രക്ഷാധികാരി) ആയിരുന്നില്ല. ദൈവം പറയുന്നു: നാം നിന്നിലൂടെ അവതരിപ്പിച്ച സന്ദേശം നിന്റെ ജനം നിരാകരിച്ചു. എങ്കിലും ഇതാകുന്നു സത്യം. പറയുക,

**'ഞാൻ നിങ്ങളുടെ മേൽ ഒരു വക്കീൽ (രക്ഷാധികാരം ഏല്പ്പിക്കപ്പെട്ട ആൾ)അല്ല'** [8]

ഈ പ്രസ്താവന മക്കാ കാലഘട്ടത്തിൽ പ്രവാചകനും(സ) തന്റെ അനുയായികളും ക്രൂരമായി മർദ്ദിക്കപ്പെട്ട സന്ദർഭത്തിൽ അവതരിച്ചതാണ്. പ്രവാചകൻ മദീനയിൽ എത്തിയപ്പോഴും ഈ പ്രസ്താവനക്ക് യാതൊരു മാറ്റവുമുണ്ടായില്ല. തിരുനബി(സ) അപ്പോൾ അധികാരശക്തിയും കൈയ്യാളിയിരുന്നു. വാസ്തവത്തിൽ ആ അവസരത്തിൽ ഇക്കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കപ്പെടുകയാണുണ്ടായത്.

മനസ്സാക്ഷി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിഷയം ചർച്ച ചെയ്യപ്പെട്ട മദീനയിലവതരിച്ച ആദ്യ സൂറ അൽ ബഖറയായിരുന്നു. അൽ ബഖറയിലെ 256 -ാമത് വചനം മനസ്സാക്ഷി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അസന്ദിഗ്ദ്ധമായ പ്രഖ്യാപനം ഉൾക്കൊള്ളുന്നു.

**'മതത്തിൽ ഒരു വിധത്തിലുള്ള ബല പ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആർ ദുശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞു പോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാണ്' (വി. ഖുർആൻ 2:56)**

തനിക്ക് പരമാധികാരമുള്ള ഒരു പട്ടണത്തിൽ മുസ്‌ലിം ഉമ്മത്തിനെ സംഘടിപ്പിച്ച പ്രവാചകന്റെ വിശ്വസ്തപൂർണ്ണമായ പ്രഖ്യാ

പനമാണിത്. ജിഹാദ് എന്ന വിഷയം തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുണ്ട്. അതുകൊണ്ട് യഥാർത്ഥ മതഭക്തി സൽക്കർമ്മങ്ങളിലും സദ്‌വിശ്വാസത്തിലുമാണെന്ന് മുസ്‌ലിംകളോട് പറയപ്പെട്ടിരിക്കുന്നു. (വി. ഖുർആൻ 2:168-242) ഖുർആനിലെ സിംഹാസനത്തിന്റെ വചനങ്ങളിൽ ദൈവത്തിന്റെ രാജപ്രതാപത്തെ അനുസ്മരിപ്പിക്കുന്നുണ്ട്(വി. ഖുർആൻ 2:225). മതത്തിൽ യാതൊരു ബലപ്രയോഗവുമില്ല എന്നു ആജ്ഞാപിച്ച വചനം സിംഹാസന വചനങ്ങൾക്ക് (ആയത്തുൽ കുർസിയ്യ്) തൊട്ട് ശേഷമുള്ളതാണ്. ഖുർആന്റെ വായനക്കാരൻ ഇസ്‌ലാം ലോകത്ത് പ്രചരിപ്പിക്കേണ്ടത് ബലപ്രയോഗം കൊണ്ടാണെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന് ധരിച്ചേക്കാനിടയുണ്ട്. കാരണം, മുസ്‌ലിം ഉമ്മത്തിന്റെ ശത്രുക്കളോട് പൊരുതാനും അല്ലാഹുവിനു വേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കാനും അത് ആഹ്വാനം ചെയ്യുന്നു. അത്കൊണ്ട് ഈ വചനം യാതൊരു അവ്യക്തതക്കും ഇടനല്കാത്തവിധം മുസ്‌ലിംകളോടു പറയുന്നു, മതപരിവർത്തനത്തിന്റെ പേരിൽ അക്രമം അവലംബിക്കാൻ പാടുള്ളതല്ല എന്ന്. ഈ വചനത്തിന്റെ പ്രാധാന്യം തിർമിദിയുടെ 'ജാമി'യിൽ ഉദ്ധരിച്ച ഒരു ഹദീസിൽ നിന്നു വ്യക്തമാവുന്നു. തിരുമേനി(സ) അരുളി: 'അൽബഖറ' ഖുർആന്റെ കൊടുമുടിയാകുന്നു. ഈ അദ്ധ്യായത്തിലെ പത്ത് വചനങ്ങൾ ഓതുകയാണെങ്കിൽ പാരായണം ചെയ്യുന്ന ഗൃഹത്തിലേക്ക് പിശാച് പ്രവേശിക്കുന്നതല്ല. (ആദ്യത്തെ നാല് വചനം, സിംഹാസന വചനങ്ങൾ, അതിനെ തുടർന്നുള്ള രണ്ട് വചനങ്ങളും (വി. ഖുർആൻ 2: 256-257) പിന്നീടുള്ള മൂന്നു വചനങ്ങളും)

ബലപ്രയോഗമില്ലായ്മയുടെ ഈ തത്ത്വങ്ങൾ ബദർ വിജയത്തിനു ശേഷം വീണ്ടും ആവർത്തിക്കുകയുണ്ടായി.(വി.ഖുർആൻ 3:21). അവസാനമായവതരിച്ച സൂറ മാഇദയിൽ ഇത് വീണ്ടും ആവർത്തിക്കുന്നു. ഈ സമയത്ത് മദീനയിൽ മാത്രമല്ല മക്കത്തും നബി തിരുമേനി(സ)യുടെ അധികാരം സ്ഥാപിക്കപ്പെട്ടിരുന്നു. അപ്പോഴും പ്രവാചകന്റെ ദൗത്യത്തിൽ ജീവത്തായ ഊന്നൽ നല്കിയത് ദൈവിക വചനങ്ങൾ ജനങ്ങളെ അറിയിക്കുക എന്ന കാര്യത്തിലാണ്.

**'നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; ഈ ദൂതനെയും അനുസരിക്കുവിൻ; നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞു കളയുന്ന പക്ഷം അറിഞ്ഞു കൊള്ളുക, നമ്മുടെ ദൂതന്റെ കർത്തവ്യം വ്യക്തമായ നിലയിൽ(സന്ദേശം) എത്തിക്കുക മാത്രമാണ്' (വി. ഖുർആൻ 5:93).** അവസാനമായി: **'സന്ദേശം എത്തിക്കുകയെന്ന ചുമതല മാത്രമേ ഈ ദൈവദൂതനുള്ളൂ. നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചു വെക്കുന്നതും അല്ലാഹു അറിയുന്നു.' (വി. ഖുർആൻ 5:100)**



മതവിശ്വാസം എന്നത് തികച്ചും വ്യക്തിപരമായ കാര്യമാണ്. അല്ലാഹുവിനു മാത്രമെ അതിന്റെ സത്യാവസ്ഥ അറിയൂ. മതാധികാരികൾക്കോ രാഷ്ട്രത്തിനോ അതറിയാൻ സാധ്യമല്ല. ഒരാൾ മറച്ചുവെക്കുന്നതും വെളിപ്പെടുത്തുന്നതും അല്ലാഹുവിനേ അറിയൂ.

ഈ വചനം നമ്മെ കപടവിശ്വാസികളെ (മുനാഫിഖൂൻ) സംബന്ധിച്ച വിഷയത്തിലേക്ക് ആനയിക്കുന്നു 'മുനാഫിഖൂൻ' എന്ന പദം കൊണ്ട് ബഹിർഭാഗസ്ഥമായി മാത്രം ഇസ്‌ലാം സ്വീകരിച്ച മദീനാവാസികളെക്കുറിച്ചു വിവരിക്കുന്നു. മദീനയിലെ കപടവിശ്വാസികളെ സംശയിക്കാൻ പല കാരണങ്ങളുമുണ്ടായിരുന്നു. വിശുദ്ധ ഖുർആനിൽ അവരെപ്പറ്റി പല പരാമർശങ്ങളുണ്ട്. എന്നാൽ, നാല് സ്ഥലങ്ങളിൽ അവരെപ്പറ്റി മുർത്തദ്ദ് (മതപരിത്യാഗി) എന്നാണ് വിവക്ഷിച്ചിട്ടുള്ളത്. ആദ്യത്തെ പരാമർശം മുഹമ്മദ് എന്ന അദ്ധ്യായത്തിലാണ്. ഈ സൂറത്ത് (അദ്ധ്യായം) മദീനയിൽ അവതരിച്ചതാണ്. ഈ സൂറത്തിൽ ഇസ്‌ലാമിക അദ്ധ്യാപനമനുസരിച്ച് യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനു വേണ്ടി യുദ്ധം ചെയ്യാനുള്ള വെളിപാടുകളിലൂടെയുള്ള ആഹ്വാനം വിശ്വാസികൾ സന്തോഷപൂർവ്വം സ്വാഗതം ചെയ്തപ്പോൾ മുനാഫിഖുകൾക്ക് അത് തങ്ങളെ കശാപ്പിനു കൊണ്ടു പോകുന്നതായിട്ടാണ് അനുഭവപ്പെട്ടത്. ഈ വിധത്തിലാണ് യഥാർത്ഥ വിശ്വാസികളും വ്യാജവിശ്വാസികളും പരസ്പരം വേർതിരിക്കപ്പെടുന്നത്. ഖുർആൻ തുടരുന്നു:

**'തങ്ങൾക്ക് സൻമാർഗ്ഗം സ്പഷ്ടമായി മനസ്സിലായതിനു ശേഷം പിന്തിരിഞ്ഞു പോകുന്നവരാരോ അവർക്ക് (അവരുടെ അകൃത്യങ്ങളെ) പിശാച് അലംകൃതമായി കാണിച്ചു കൊടുക്കുകയും അവർക്ക് വ്യാമോഹങ്ങൾ നീട്ടിക്കൊടുക്കുകയും ചെയ്യുന്നു. അതിനു കാരണം അല്ലാഹു ഇറക്കിയതിനെ വെറുക്കുന്നവരോട് (നിഷേധികളായ ശത്രുക്കളോട്) ചില കാര്യങ്ങളിൽ ഞങ്ങൾ നിങ്ങളെ അനുസരിക്കുന്നതാണ് എന്ന് അവർ(കപടവിശ്വാസികൾ) പറഞ്ഞു എന്നുള്ളതാണ്. അല്ലാഹു അവരുടെ രഹസ്യഭാഷണങ്ങൾ അറിയുന്നു' (വി. ഖുർആൻ 47:26,27)**

മേൽ ഉദ്ധരിച്ച വചനങ്ങളിൽ ഇക്കൂട്ടർക്ക് എന്തെങ്കിലും ശിക്ഷ യുള്ളതായി സൂചനയില്ല.

മുനാഫിഖുകളെപ്പറ്റി അടുത്ത പരാമർശമുള്ളത് സൂറ അൽ-മു നാഫിഖൂനിലാണ്. ഈ സൂറത്ത് ഹി: 6/ക്രി.വ 628 ലാണ് അവതരി ച്ചത്. ഈ അദ്ധ്യായത്തിൽ മുനാഫിഖുകളുടെ കൂറില്ലായ്മയും സത്യ സന്ധതയില്ലായ്മയും തുറന്നു കാട്ടുകയും അവരുടെ വിശ്വാസ നാട്യത്തെ വ്യാജവും വഞ്ചനയുമാണെന്ന് പറഞ്ഞ് അപലപിക്കു കയും ചെയ്യുന്നു. ഇതൊരു തുറന്ന ശാസനയായിരുന്നു:

**'കപടവിശ്വാസികൾ കളവ് പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അവർ തങ്ങളുടെ ശപഥ ങ്ങളെ ഒരു കവചമാക്കി വച്ചിരിക്കുകയാണ്. അങ്ങനെ അല്ലാ ഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവർ (മനുഷ്യരെ) തടയുന്നു. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് വളരെ ചീത്തയായത് തന്നെ. കാരണം, അവർ വിശ്വസിക്കുകയും പിന്നീട് നിഷേ ധിക്കുകയും ചെയ്തുവെന്നതാണ്. തന്നിമിത്തം അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെക്കപ്പെട്ടിരിക്കുന്നു. അവർ ഗ്രാഹ്യ ശേഷി ഇല്ലാത്തവരാണ്.'**

**......... 'അവർ ശത്രുക്കൾ തന്നെയാണ്. അതുകൊണ്ട് അവരെ സൂക്ഷിക്കൂ'....... നീ അവർക്കുവേണ്ടി പാപമോചനത്തിനു പ്രാർത്ഥിക്കുന്നതും പ്രാർത്ഥിക്കാതിരിക്കുന്നതും അവർക്ക് സമമാണ്. അല്ലാഹു അവർക്ക് ഒരിക്കലും പൊറുത്തു കൊടു ക്കുകയില്ല. തീർച്ചയായും അല്ലാഹു അധർമ്മികളായ ജന ങ്ങളെ നേർമാർഗത്തിൽ നയിക്കുകയില്ല' (വി. ഖുർആൻ 63:2-7)**

മുനാഫിഖുകളെക്കുറിച്ചുള്ള അവസാനത്തെ രണ്ട് പരാമർശ ങ്ങൾ ഖുർആന്റെ അവസാനത്തെ അദ്ധ്യായങ്ങളിലൊന്നായ അത്തൗ ബയിലാണുള്ളത്.

**'ഒഴിവുകഴിവുകളൊന്നും നിങ്ങൾ പറയേണ്ട. തീർച്ചയായും വിശ്വാസം കൈക്കൊണ്ടതിനുശേഷം നിങ്ങൾ അവിശ്വസിച്ചി രിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിനു നാം മാപ്പു കൊടു ക്കുന്നതായാൽ മറ്റൊരു വിഭാഗത്തെ അവർ കുറ്റവാളികളാ യിരുന്നുവെന്ന കാരണത്താൽ നാം ശിക്ഷിക്കുന്നതാണ്. (വി. ഖുർആൻ 9:66)'**

പശ്ചാത്തപിക്കുകയും ആത്മാർത്ഥരായ മുസ്‌ലിംകളായിത്തീരു കയും ചെയ്ത മുനാഫിഖുകളാണ് മാപ്പ് നല്കപ്പെടേണ്ടവർ. ശിക്ഷി



ക്കപ്പെടേണ്ട മറ്റൊരു കൂട്ടരെ പരാമർശിച്ചു കൊണ്ടു പറയുന്നു:

**'കപടവിശ്വാസികളായ പുരുഷൻമാർക്കും സ്ത്രീകൾക്കും അവിശ്വാസികൾക്കും അല്ലാഹു നരകാഗ്നി വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ ചിരകാലം പാർക്കുന്നവ രായിരിക്കും. അതവർക്ക് മതിയായതാണ്. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. അവർക്ക് നിലനില്ക്കുന്ന ശിക്ഷയുണ്ട് (വി. ഖുർആൻ 9:68) അവസാനമായി തങ്ങൾ (അഹിതമായൊന്നും) പറഞ്ഞിട്ടില്ലെന്ന് അല്ലാഹുവിനെ മുൻനിറുത്തി അവർ സത്യം ചെയ്യുന്നു. പക്ഷേ, അവർ അവിശ്വാസത്തിന്റെ വാക്ക് പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അവർ ഇസ്‌ലാം മതം സ്വീകരിച്ച തിനു ശേഷം അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു.... അതിനാൽ അവർ പശ്ചാത്തപിച്ചു മടങ്ങുന്നതായാൽ അതവർക്ക് ഗുണകരമായിരിക്കും. ഇനി അവർ പിന്തിരിഞ്ഞു പോകുന്നതായാൽ അല്ലാഹു അവർക്ക് ഇഹത്തിലും പര ത്തിലും വേദനാ ജനകമായ ശിക്ഷ നല്കുന്നതാണ്. ഭൂമിയിൽ അവർക്ക് ഒരു സുഹൃത്തോ ഒരു സഹായിയോ ഉണ്ടായിരി ക്കുന്നതല്ല'[9] (വി. ഖുർആൻ 9:74)**

അബ്ദുല്ലാഹ്ബിൻ ഉബയ്യ്ബിൻ സലൂൽ മുനാഫിഖുകളുടെ നേതാവാണെന്ന് തിരുനബി(സ)ക്ക് അറിയാമായിരുന്നു. പക്ഷേ, തിരു നബി(സ) അയാൾക്കെതിരെ ഒരു നടപടിയും എടുക്കുകയുണ്ടായി ല്ല. മറിച്ച്, അയാൾ മരിച്ചപ്പോൾ തിരുനബി(സ) അയാൾക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്തത്. ഉമറുബ്നു ഖത്താബ് പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു:

"നബിതിരുമേനി(സ) അബ്ദുല്ലാഹ്ബിൻ ഉബയ്യിന്റെ മൃതദേഹ ത്തിനരികെ വന്നു നിന്നു പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ ഞാൻ ചോദിച്ചു:'' താങ്കൾ ദൈവത്തിന്റെ ശത്രുവിനുവേണ്ടി പ്രാർത്ഥിക്കാൻ പോകുകയാണോ? പ്രവാചകൻ മന്ദസ്മിതം തൂകിക്കൊണ്ട് പറഞ്ഞു: "ഉമർ, താങ്കൾ എന്റെ പിന്നിൽ വന്ന് നില്ക്കുക. എനിക്ക് തിരഞ്ഞെ ടുക്കാൻ ഒരവസരം നല്കപ്പെട്ടിരിക്കുന്നു. ഞാൻ അതിൽ ഒന്ന് തിര ഞ്ഞെടുത്തു. അതായത് അവർക്കുവേണ്ടി മാപ്പ് ചോദിക്കുക. അല്ലെ ങ്കിൽ ചോദിക്കാതിരിക്കുക എന്നതായിരുന്നു ആ രണ്ട് കാര്യങ്ങൾ. 'താങ്കൾ അവർക്കുവേണ്ടി എഴുപത് വട്ടം പാപപൊറുതിക്ക് വേണ്ടി പ്രാർത്ഥിച്ചാലും ദൈവം അത് സ്വീകരിക്കില്ല എന്നും എഴുപത് തവ ണയിലധികം ഒരാൾ പാപപൊറുതിക്ക് വേണ്ടി പ്രാർത്ഥിച്ചാൽ അത് സ്വീകരിക്കപ്പെടും എന്ന് ഞാനറിഞ്ഞെങ്കിലോ, ഞാനത് ചെയ്യുന്ന

താണ്.' പിന്നീട് നബി തിരുമേനി(സ) അബ്ദുല്ലാഹ്ബിൻ ഉബയ്ബിൻ സലൂലിനു വേണ്ടി പ്രാർത്ഥിച്ചു. മൃതദേഹത്തെ അനുഗമിക്കുകയും കബറടക്കുന്നതുവരെ അവിടെ നില്ക്കുകയും ചെയ്തു.[10]

മതത്തിൽ ബലാൽക്കാരമില്ല എന്ന പ്രമാണത്തിന്റെ ആസിഡ്ടെസ്റ്റാണ് മതപരിവർത്തനത്തിനുള്ള സ്വാതന്ത്ര്യം. അതൊരിക്കലും ഒരു ഏകപക്ഷീയ സ്വാതന്ത്ര്യമാകാൻ പാടുള്ളതല്ല. അതായത്, ഇസ്‌ലാമിലേക്ക് പ്രവേശിക്കാൻ സ്വാതന്ത്ര്യമുണ്ട്; പക്ഷേ അത് ഉപേക്ഷിക്കാൻ സ്വാതന്ത്ര്യമില്ല! ഖുർആനിൽ മതപരിത്യാഗത്തെസ്സംബന്ധിച്ച് വ്യക്തമായ പത്ത് പരാമർശങ്ങളുണ്ട്. ഒന്ന് മക്കത്ത് അവതരിച്ച 'നഹ്ൽ' എന്ന സൂറത്തിലും ബാക്കി ഒൻപതെണ്ണം മദീനയിലവതരിച്ച സൂറത്തുകളിലുമാണ്. ഈ വചനങ്ങളിലൊന്നിലും മതമുപേക്ഷിക്കുന്നവന് വധശിക്ഷയാണെന്നതിനെപ്പറ്റി നേരിയ സൂചന പോലുമില്ല.

മതപരിത്യാഗത്തെക്കുറിച്ച് ഏറ്റവും വ്യക്തമായ പരാമർശമുള്ളത് സൂറബഖറയിലെ 143 –ാമത് വചനത്തിലാണ്. ഖിബ്‌ല ജെറുസലേമിൽ നിന്നും കഅ്ബയിലേക്ക് മാറ്റിയത് ഹിജ്റ രണ്ടാം വർഷത്തിലാണ്. ഇബ്നു ഇസ്ഹാഖ് റിപ്പോർട്ട് ചെയ്യുന്നു:

സിറിയയിൽ നിന്ന് ഖിബ്‌ല കഅ്ബയിലേക്ക് മാറ്റിയപ്പോൾ റിഫാബിൻ കയ്യാസ്, ഖർദം ബിൻ അംറ്, കഅ്ബ്ബിൻ അശ്റഫ്, റാഫിബ് അബുറാഫി, അൽ ഹജ്ജാജ് ബിൻ അംറ്, കഅ്ബിന്റെ ഒരു കൂട്ടുകാരൻ, അൽ റാബി ബിൻ അൽറാബി ബിൻ അബുൽ ഹുഖയിഖ് എന്നിവർ പ്രവാചകനെ സമീപിച്ചു കൊണ്ട് ചോദിച്ചു:

> **'ഇബ്റാഹീമിന്റെ മതം പിന്തുടരുമെന്ന് വാദിച്ചു കൊണ്ട് താങ്കൾ അഭിമുഖീകരിച്ചിരുന്ന ഖിബ്‌ലയിൽ നിന്നു മുഖം തിരിച്ചു കളഞ്ഞതെന്താണ്? താങ്കൾ വീണ്ടും ഖിബ്‌ല ജെറുസലേമിലേക്ക് മാറ്റുകയാണെങ്കിൽ ഞങ്ങൾ താങ്കളെ പിൻപറ്റുകയും താങ്കൾ സത്യവാദിയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യും.'**

അവരുടെ ഏകലക്ഷ്യം തിരുനബി(സ)യെ മതത്തിൽ നിന്നും പിന്തിരിപ്പിക്കുക എന്നതായിരുന്നു. അതുകൊണ്ട് അല്ലാഹു പറഞ്ഞു:

> **'താങ്കൾക്ക് ആദ്യം ഖിബ്‌ല നിശ്ചയിച്ചത് നാമാണ്. ആരാണ് പ്രവാചകനെ അനുധാവനം ചെയ്യുന്നതെന്നും ആർ ചെയ്യുന്നില്ലെന്നും തിരിച്ചറിയാൻ വേണ്ടിയാണ് നാമത് ചെയ്തത്. (ഖിബ്‌ലമാറ്റിയത്) അതായത് അവരെ പരീക്ഷിച്ചു വേർതിരിക്കാൻ വേണ്ടി. വാസ്തവത്തിൽ അല്ലാഹുവിൽ നിന്ന് സൻമാർഗ്ഗം സിദ്ധിച്ചവർക്കൊഴികെ അത് ഏറ്റവും കഠിനമായ ഒരു പരീക്ഷണമായിരുന്നു.'** [11]



ഖുർആൻ ഈ മതപരിത്യാഗികൾക്ക് യാതൊരു ശിക്ഷയും വിധിച്ചിട്ടില്ല. ഖിബ്‌ല മാറ്റത്തിനു ശേഷം മതമുപേക്ഷിച്ചവർക്ക് യാതൊരു ശിക്ഷയും നല്കിയതായി ചരിത്രത്തിൽ കാണുന്നില്ല.

ബദ്ർ വിജയത്തിനു ശേഷം അവതരിച്ച (ഹി.വ:2/ക്രി.വ. 624)സൂറ: ആലു ഇംറാനിൽ മതമുപേക്ഷിച്ച മദീനയിലെ ചില ജൂതൻമാരെപ്പറ്റിയുള്ള പരാമർശമുണ്ട്.

> **'അല്ലയോ ഗ്രന്ഥാനുസാരികളേ, നിങ്ങൾ എന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടിക്കലർത്തുകയും അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യുന്നത്?' (3:72). ഗ്രന്ഥാനുസാരികളിൽ ഒരു വിഭാഗം പറയുന്നു: 'പകലിന്റെ ആരംഭത്തിൽ വിശ്വാസം പ്രഖ്യാപിക്കുകയും അതിന്റെ അവസാനത്തിൽ നിഷേധിക്കുകയും ചെയ്യുക'. അവർ മടങ്ങിയേക്കാം. (വി. ഖുർആൻ 3:73)**

ഈ ഗൂഢാലോചന നടത്തിയവരുടെ പേരുകൾ ഇബ്നു ഇസ്ഹാഖ് നല്കിയിരിക്കുന്നു.

അബ്ദുല്ലാ ബിൻ സയ്ഫ്, അദിയ്യ് ബിൻ സൈദ്, അൽ ഹാരിസ് ബിൻ ഔഫ് എന്നിവർ ഒരിക്കൽ പ്രവാചകന്റെ സന്ദേശത്തിലും അവിടത്തെ സഹാബാക്കളിലും വിശ്വസിക്കാനും പിന്നീടൊരിക്കൽ വിശ്വാസം ത്യജിച്ചുകൊണ്ട് ആശയക്കുഴപ്പമുണ്ടാക്കാനും തീരുമാനിച്ചു. ഇതിന്റെ ലക്ഷ്യം തങ്ങളുടെ മാതൃക സ്വീകരിച്ച് മറ്റുള്ളവർ മതമുപേക്ഷിക്കാനുമായിരുന്നു.[12] ഈ മൂന്ന് യഹൂദികളിലാരും ശിക്ഷിക്കപ്പെട്ടില്ല.

മറ്റൊരു പരാമർശം സൂറ ' നിസാ' യിലേതാണ്.

> **വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും പിന്നെയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്തവരാരോ അല്ലാഹു ഒരിക്കലും അവർക്കു പൊറുത്തു കൊടുക്കയില്ല. അവർക്ക് അവൻ മോക്ഷമാർഗ്ഗം കാണിച്ചു കൊടുക്കുകയുമില്ല. (വി. ഖുർആൻ 4:138)**

മതപരിത്യാഗിക്ക് കൊലയാണ് ശിക്ഷയെങ്കിൽ അയാൾക്ക് ആവർത്തിച്ചു കൊണ്ട് വിശ്വസിക്കാനും, അവിശ്വസിക്കാനുമുള്ള

അവസരം ഒരിക്കലും ലഭിക്കില്ല. കൊല്ലപ്പെട്ട മനുഷ്യന് ഒരിക്കലും വിശ്വസിക്കാനും അതിൽ നിന്നു മാറി അവിശ്വസിക്കാനും അവസരം ലഭിക്കില്ലല്ലോ

ദൈവിക പ്രചോദനത്താലുള്ള തിരുനബി(സ)യുടെ നടപടി ക്രമങ്ങളെയാണ് 'സുന്നത്ത്' എന്ന് പറയുന്നത്. ഇസ്‌ലാമിക ശരീഅത്തിലെ രണ്ടാമത്തെ സ്രോതസ്സാണ് സുന്നത്ത്. മതപരിവർത്തനത്തിന് സുന്നത്തിലും യാതൊരു ശിക്ഷയുമില്ല. നബി(സ)യാൽ വധിക്കപ്പെട്ടവരുടെ പേരുകൾ സീറയിലും(ചരിത്രം) ഹദീസിലും രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ തിരുമേനി(സ)യുടെ ജീവിതകാലത്ത് മതം ഉപേക്ഷിച്ചവരുടെയും നിഷേധിച്ചവരുടെയും പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ബദ്‌വി അറബി റസൂൽ തിരുമേനി(സ) മുഖേന ഇസ്‌ലാംമതം ആശ്ലേഷിച്ചു. ഉടൻ തന്നെ മദീനയിൽ വെച്ചു അദ്ദേഹത്തിനു പനി പിടിപെടുകയും ചെയ്തു. ഇസ്‌ലാം മതം സ്വീകരിച്ച തന്നെ പ്രതിജ്ഞയിൽ നിന്ന് ഒഴിവാക്കിത്തരാൻ തിരുദൂതരോട്(സ) അഭ്യർത്ഥിച്ചു. തിരുമേനി(സ)യോട് മൂന്ന് തവണ അദ്ദേഹം ഈ അഭ്യർത്ഥന നടത്തിയെങ്കിലും മൂന്ന് തവണയും നിരാകരിക്കുകയുണ്ടായി. പിന്നീട് അദ്ദേഹം വളരെ സ്വതന്ത്രനായി മദീന വിട്ടു പോയി. ആ നവ മുസ്‌ലിമിന്റെ വിടുതൽ ശ്രവിച്ച പ്രവാചകൻ ഇപ്രകാരം മൊഴിഞ്ഞു:

> **'മദീന ഒരു ചൂള പോലെയാണ്. അത് കരടിൽ നിന്നു സത്തയെ വേർതിരിക്കുന്നു.'** [13]

ഇബ്നു ഇസ്ഹാഖിൽ നിന്നു നിവേദനം: പ്രവാചകൻ(സ) തന്റെ അനുചരനേതാക്കന്മാരോട് പ്രത്യേകം നിർദ്ദേശിച്ചത് മക്കക്കാരിൽ എതിർക്കുന്നവരോട് മാത്രമേ യുദ്ധം ചെയ്യാൻ പാടുള്ളൂ എന്നാണ്. ചില കുറ്റവാളികൾക്ക് ഇത് ബാധകമായിരുന്നില്ല. അവർ കഅ്ബയുടെ തിരശ്ശീലക്ക് പിന്നിൽ ഒളിച്ചിരുന്നാലും അവരെ പിടികൂടി വധിക്കണമെന്ന് തിരുമേനി ആജ്ഞാപിച്ചിരുന്നു. [14]

അവർ ഇവരായിരുന്നു.

1. അബ്ദുല്ലാ ബിൻ സഅ്ദ് ബിൻ അബിസാറ

2.3.4 അബ്ദുല്ലാ ബിൻ ഖത്തൽ ബിൻ തയ്യം ബിൻ ഗാലിബും അയാളുടെ രണ്ട് നർത്തകികളുമാണ്. ഇസ്‌ലാമിനെതിരെ കഠിനമായ ആക്ഷേപഗാനങ്ങൾ പാടിയിരുന്നവളായിരുന്നു. ഫർത്താനുയായിരുന്നു അവരിൽ ഒരുവൾ. മറ്റെ സ്ത്രീയുടെ പേർ രേഖപ്പെടുത്തിയിട്ടില്ല.



5. അൽ ഹുവൈരിത് ബിൻ നുഖയ്ദ ബിൻ വഹ്ബ് ബിൻ അബ്ദ് ബിൻ ഖുസയ്യ്

6. മിഖ്യാസ് ബിൻ സുബാബ

7. സറാഹ്, അബ്ദുൽ മുത്തലിബിന്റെ ഒരു മകന്റെ സ്വതന്ത്രയാക്കപ്പെട്ട അടിമ.

8. ഇക്‌രിമ ബിൻ അബൂജഹ്ൽ [15]

അബുല്ലാഹ്ബിൻ സഅ്ദ് റസൂൽ തിരുമേനി(സ)യുടെ മദീനയിലെ എഴുത്തുകാരിലൊളായിരുന്നു. അദ്ദേഹം ഇസ്‌ലാം വിട്ടു പോകുകയും മക്കാ അവിശ്വാസികളുടെ കൂടെ ചേരുകയും ചെയ്തു. അബ്ദുല്ലാഹ്ബിൻ സഅ്ദ് നബി തിരുമേനി(സ)യുടെ വെളിപാടുകൾ എഴുതിയിരുന്നപ്പോൾ വിശ്വസ്തതയുടെ ഒരു സ്ഥാനം അലങ്കരിച്ചിരുന്നു. ഇബ്നു സഅ്ദിന്റെ ഇസ്‌ലാം മതമുപേക്ഷിക്കൽ മക്കയിലെ ഖുറൈശികൾക്കിടയിൽ വെളിപാടുകളുടെ ആധികാരികതയെ സംബന്ധിച്ച് ആശങ്കകൾ ഉണ്ടാക്കാൻ കാരണമായി. മക്കയിൽ സമാധാനം തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന്റെ വളർത്തു സഹോദരൻ ഉസ്മാൻബിൻ അഫ്ഫാൻ, അബ്ദുല്ലാഹ്ബിൻ സഅ്ദിനു വേണ്ടി ശിപാർശ പറയുകയും അദ്ദേഹത്തിന് മാപ്പ് അനുവദിക്കുകയും ചെയ്തു[16] ഖുർആനിൽ മതപരിത്യാഗത്തിന് ശിക്ഷ ഉണ്ടായിരുന്നെങ്കിൽ റസൂൽ തിരുമേനി(സ) ഒരിക്കലും അദ്ദേഹത്തിനു മാപ്പ് നല്കുകയില്ലായിരുന്നു. മറ്റൊന്ന് ശിപാർശകരോടുള്ള തിരുമേനി(സ)യുടെ സമീപനം അപഹരണക്കുറ്റത്തിനു വിധേയമായ ഒരു മക്തൂമി വനിതയുടെ ഹദ്ദടി ശിക്ഷ നടപ്പാക്കിയതിൽ നിന്നു വ്യക്തമാണ്. ഉസാമ ബിൻ സൈദ് പ്രവാചകനോട് (സ) അവൾക്കു വേണ്ടി ശിപാർശ നടത്തി. പ്രവാചകൻ (സ) അദ്ദേഹത്തെ താക്കീത് ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു:

> **'താങ്കൾ അല്ലാഹു കല്പിച്ച ഒരു ശിക്ഷയിൽ ഇടപെടുകയാണോ? ഇതിനു സാക്ഷ്യം വഹിച്ചു കൊള്ളുക. മുഹമ്മദിന്റെ മകൾ ഫാത്തിമ തന്നെയാണ് കളവ് നടത്തിയതെങ്കിൽ തീർച്ചയായും അവളുടെ കരം ഞാൻ ഛേദിക്കുന്നതാണ്.'**

അബ്ദുല്ലാഹ്ബിൻ ഖത്തലിനെ സകാത്ത് ശേഖരണത്തിനു വേണ്ടി തിരുമേനി(സ) അയക്കുകയുണ്ടായി. അദ്ദേഹത്തെ സേവിക്കാൻ ഒരു അൻസാർ സഹോദരനെയും കൂടെ അയച്ചിരുന്നു. അവർ യാത്ര അവസാനിപ്പിച്ച് ഉറങ്ങുന്നതിനു മുമ്പേത്തന്നെ ഒരു ആടിനെ

അറുത്ത് ഭക്ഷണം പാകം ചെയ്യാൻ തന്റെ സേവകനോട് കല്പിക്കുകയുണ്ടായി. അബ്ദുല്ലാഹ്ബിൻ ഖത്തൽ ഉറക്കമുണർന്നു നോക്കിയപ്പോൾ സേവകൻ യാതൊന്നും ചെയ്തിരുന്നില്ല. കോപാന്ധനായ ഇബ്നു ഖത്തൽ തന്റെ സേവകനെ കൊലപ്പെടുത്തുകയും മക്കയിലെ ഖുറൈശികളുടെ കൂട്ടത്തിലേക്ക് കൂറുമാറുകയും ചെയ്തു.[17] അൻസാരി മുസ്ലിമിനെ കൊലപ്പെടുത്തിയ കാരണത്താൽ അബ്ദുല്ലാഹ്ബിൻ ഖത്തലിനെ സൈദ്ബിൻ ഹുറായത്തുൽ മഖ്സൂമിയും അബൂ ബർദ് അൽ അസ്ലമിയും ചേർന്ന് വധിക്കുകയുണ്ടായി.[18]

ഇബ്നു ഖത്തലിന്റെ രണ്ട് പാട്ടുകാരികളായ സ്ത്രീകൾ സമൂഹത്തിൽ വൻ കുഴപ്പങ്ങളുണ്ടാക്കുന്ന രീതിയിൽ അധിക്ഷേപ ഗാനങ്ങൾ പാടിക്കൊണ്ടിരുന്നു. അവരിൽ ഒരുവളെ വധിക്കുകയും മറ്റവൾക്ക് മാപ്പ് അനുവദിക്കുകയും ചെയ്തു.[19]

പ്രവാചക പുത്രി സൈനബ്(റ) ഒരിക്കൽ മക്കയിൽ നിന്നു മദീനയിലേക്ക് സഞ്ചരിക്കുകയായിരുന്നു. ആ അവസരത്തിൽ ഹബാർബിൻ അൽ അസ്വദ്ബിൻ അൽ മുത്തലിബ്ബിൻ അസദിന്റെ പാർട്ടിയിൽ പെട്ട അൽ ഹുവൈരിയ ബിൻ നുഖൈദ്, സൈനബിന്റെ ഒട്ടകത്തിനടുത്തേക്ക് പാഞ്ഞടുത്തു മുൾവടി കൊണ്ടടിച്ചു പരിക്കേല്പ്പിച്ചു. ഈ അക്രമത്തിൽ ഗർഭിണിയായ സൈനബി(റ)ന്റെ ഗർഭം അലസിപ്പോവുകയും മക്കയിലേക്കുതന്നെ തിരിച്ചു പോകുകയും ചെയ്തു. ഈ ക്രൂരകൃത്യം ചെയ്ത അബ്ബാസ് ബിൻ അൽ അസ്വദിനേയോ അൽ ഹുവൈരിയ്യയേയോ കണ്ടാൽ അവരെ വധിക്കാൻ വേണ്ടി പ്രവാചകൻ(സ) ചില ആളുകളെ ഏല്പ്പിക്കുകയുണ്ടായി. [20] പക്ഷേ, അൽ ഹുവൈരിയ്യ രക്ഷപ്പെടുകയുണ്ടായി. ഹിശാമിന്റെ മറ്റൊരു നിവേദനത്തിൽ അൽ അബ്ബാസ് ബിൻ അൽ മുത്തലിബ് നബിതിരുമേനി(സ)യുടെ പുത്രിമാരായ ഫാത്തിമയേയും ഉമ്മുകുൽസുവിനേയും ഒരു ഒട്ടകപുറത്തിരുത്തി മക്കയിൽ നിന്നു മദീനയിലേക്ക് യാത്ര ചെയ്യുകയായിരുന്നു. അൽ ഹുവൈരിയ ഒട്ടകത്തെ മുൾവടികൊണ്ടാക്രമിക്കുകയും രണ്ടു പ്രവാചക പുത്രിമാരും ഒട്ടകപ്പുറത്ത് നിന്ന് തെറിച്ചു വീഴുകയുമുണ്ടായി.[21] അവസാനം അലി(റ) അയാളെ മക്കത്ത് വെച്ച് വധിക്കുകയുണ്ടായി.[22]

മക്കയിൽ നിന്ന് മദീനയിലേക്ക് വന്ന മഖീസ് ബിൻസുബാബ പറയുന്നു: 'യാതൊരു അപരാധവും ചെയ്യാതെ വധിക്കപ്പെട്ട എന്റെ



സഹോദരന്റെ ജീവന് നഷ്ടപരിഹാരം ചോദിക്കാൻ വേണ്ടി ഞാനിതാ ഒരു മുസ്ലിമായിക്കൊണ്ട് വന്നിരിക്കുന്നു. പ്രവാചകൻ (സ) അദ്ദേഹത്തിന്റെ സഹോദരൻ ഹിശാം വധിക്കപ്പെട്ടതിന് നഷ്ടപരിഹാരം നല്കാൻ ഉത്തരവിടുകയുണ്ടായി. നഷ്ടപരിഹാരം ലഭിച്ച മഖീസ് കുറച്ചു നേരം പ്രവാചകനോടൊപ്പം തങ്ങുകയുണ്ടായി. ഉടൻ തന്നെ അദ്ദേഹത്തിന് അവസരം ലഭിച്ചപ്പോൾ തന്റെ സഹോദരന്റെ ഘാതകനെ വധിച്ചു. അതിനുശേഷം ഇസ്ലാം മതമുപേക്ഷിച്ച് മഖീസ് മക്കയിൽ നിന്ന് പുറത്തേക്ക് പോയി. [23] മഖീസിനെ നുമൈലഹ് ബിൻ അബ്ദുല്ലാഹ് പിന്നീട് വധിക്കുകയുണ്ടായി. അതായത് മഖീസ് തന്റെ സഹോദരൻ വധിക്കപ്പെട്ടതിന്റെ പേരിൽ നഷ്ടപരിഹാരത്തുക വാങ്ങിയിട്ടും അൻസാർ സഹോദരനെ കൊന്നതിന്റെ പേരിലാണ് അയാൾ വധിക്കപ്പെട്ടത്. [24]

കുഴപ്പങ്ങളുണ്ടാക്കുന്നു എന്ന് ആരോപിക്കപ്പെട്ട സറാഅ പ്രവാചകന്റെ ജീവിതകാലത്ത് വധിക്കപ്പെട്ടിട്ടില്ലായിരുന്നു.

ഇക്രിമ ബിൻ അബൂജഹൽ യമനിലേക്ക് പലായനം ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു ഹക്കിം മുസ്ലിമായിത്തീരുകയും ഭർത്താവിനുവേണ്ടി തിരുമേനിയോട് മാപ്പ് ചോദിക്കുകയും മാപ്പ് അനുവദിക്കുകയുമുണ്ടായി. [25]

ഇതെല്ലാം പ്രത്യക്ഷമായി കാണിക്കുന്നത് ഇസ്ലാംമതം ഉപേക്ഷിച്ചതിന്റെ പേരിൽ പ്രവാചകൻ ആരെയെങ്കിലും ശിക്ഷിച്ചതിന് യാതൊരു തെളിവുമില്ല എന്നാണ്.

ശൈശവ ദശയിലായിരുന്ന മുസ്ലിം ഭരണകൂടത്തെ പ്രവാചകന്റെ (സ) മരണം (ഹി.വ:11/ക്രി.വ:632) വമ്പിച്ച പ്രതിസന്ധിയിലകപ്പെടുത്തുകയുണ്ടായി. ഉപഭൂഖണ്ഡത്തിന്റെ നാനാഭാഗത്തും കുഴപ്പങ്ങൾ ഉടലെടുത്തു. പല ഗോത്രങ്ങളും സകാത്ത് കൊടുക്കാൻ വിസമ്മതിച്ചു കൊണ്ട് മദീനയിൽ നിന്നു വിഘടിച്ചു പോയി. വിഘടിച്ചു പോകുന്ന ഈ പ്രസ്ഥാന വിശേഷം 'റിദ്ദ' എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രവാചകന്റെ പിൻഗാമിയായ ഹദ്റത്ത് അബൂബക്കറിനു നേരിടേണ്ടിവന്ന മുഖ്യ വെല്ലുവിളി ഈ കുഴപ്പങ്ങൾക്ക് അറുതി വരുത്തുക എന്നതായിരുന്നു. തിരുനബി(സ) ദിവംഗതനാകുന്നതിന് മുമ്പേ ഇത്തരം പ്രശ്നങ്ങൾ ഇല്ലാതാക്കാൻ ഒരു ദൗത്യസംഘത്തെ അയക്കാൻ നല്കിയ ഉത്തരവ് പ്രാവർത്തികമാക്കുകയാണ് ഹദ്റത്ത് അബൂബക്കർ ആദ്യമായി ചെയതത്. അദ്ദേഹം ഖലീ

ഫയായി തിരഞ്ഞെടുക്കപ്പെട്ട് രണ്ടു ദിവസം കഴിഞ്ഞതിനു ശേഷം സിറിയൻ അതിർത്തിയിലേക്ക് ഉസാമാ ബിൻ സൈദ്ബിൻ ഹാരിസിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയക്കുകയാണുണ്ടായത്. ഉസാമയും അദ്ദേഹത്തിന്റെ സൈന്യവും പുറപ്പെട്ടപ്പോൾത്തന്നെ ധാരാളം ഗോത്രങ്ങൾ മദീനയിൽ നിന്നു പലായനം ചെയ്യുകയുണ്ടായി. മക്കയും മദീനയും ചുറ്റുപാടുമുള്ള പ്രദേശങ്ങളും മാത്രമെ കേന്ദ്ര മുസ്‌ലിം ഭരണവുമായി കൂറു പുലർത്തിയിരുന്നുള്ളൂ. കലാപകാരികളായ ഗോത്രങ്ങളിലേക്കെല്ലാം നബിതിരുമേനി(സ) ഓരോ പ്രതിനിധിയെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. തിരുമേനി(സ)യുടെ ദേഹവിയോഗത്തിനു മുമ്പേ അവരെല്ലാം ആ സ്ഥാനങ്ങളിൽ നിന്നു വിട്ടുപോകാൻ നിർബന്ധിതരാവുകയും മദീനയിലേക്ക് മടങ്ങുകയും ചെയ്തു. പൂർണ്ണാർത്ഥത്തിൽത്തന്നെ അതൊരു തികഞ്ഞ കലാപമായിരുന്നു.

കലാപകാരികളോട് പൊരുതാൻ തീരുമാനിച്ച ഹദ്റത്ത് അബൂബക്കർ(റ) കൂറുപുലർത്തിയ ഗോത്രങ്ങളോട് തന്നെ സഹായിക്കാൻ വേണ്ടി ആഹ്വാനം ചെയ്യുകയുണ്ടായി. അദ്ദേഹം ഭരണകൂടത്തെ കൂടുതൽ ശക്തിപ്പെടുത്താൻ ഒരുങ്ങിയിരിക്കുമ്പോൾ ഖർജാഹ് ഗോത്രം ഇബ്നുഹിസ്മ, ഉനൈന ബിൻ ഹിസ്മ് അൽ ഫസാരി, അൽ അഖ്റ ബിൻ ഹബിസ് അൽ തമീമി എന്നിവരുടെ നേതൃത്വത്തിൽ മുസ്‌ലിംകൾക്കെതിരെ ഒരു മിന്നലാക്രമണം നടത്തി. മുസ്‌ലിംകൾ പെട്ടെന്ന് ആശയക്കുഴപ്പത്തിലായി. പക്ഷേ, അവർ വീണ്ടും പുനസ്സംഘടിപ്പിക്കപ്പെടുകയും ഖർജാഹ് ഗോത്രത്തെ പ്രത്യാക്രമിച്ച് പരാജയപ്പെടുത്തുകയുമുണ്ടായി.

ദു-അൽ ഖസ്സാ എന്ന ഗോത്രവുമായുള്ള സംഘർഷത്തിനു മുമ്പേ സകാത്തിന്റെ പേരിൽ ഉത്ഭവിച്ച പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കാൻ അവരുടെ ഗോത്രപ്രതിനിധികൾ അബൂബക്കറിനെ(റ) കാണാൻ മദീനയിലേക്ക് വരികയുണ്ടായി. പക്ഷേ, ഹദ്റത്ത് അബൂബക്കർ(റ) അത് നിരസിച്ചു. സകാത്ത് തരാത്തവരോട് യുദ്ധം ചെയ്യണമെന്ന ഹദ്റത്ത് അബൂബക്കറിന്റെ തീരുമാനത്തോടു സമുന്നതാരയ ചില മുഹാജിറുകൾ വിയോജിക്കുകയുണ്ടായി. കൂടിയാലോചനക്കും ചർച്ചക്കും വേണ്ടി ഈ ഗോത്രം ആകാംക്ഷ കാണിച്ചത് മനസ്സിലാക്കിത്തരുന്നത് അവർ മതം ഉപേക്ഷിച്ചവരായിരുന്നില്ല എന്നാണ്. അവർ മദീനയുമായുള്ള ബന്ധം വിച്ഛേദിക്കുവാൻ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, മദീനയുടെ നേതൃത്വം അംഗീകരിക്കാൻ അവർ



തയ്യാറായിരുന്നില്ല. പ്രശ്നം അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുക എന്നതായിരുന്നില്ല. സകാത്ത് (നികുതി) കൊടുക്കുന്നത് സംബന്ധിച്ചായിരുന്നു. ഹദ്റത്ത് ഉമറി(റ)ന്റെ നേതൃത്വത്തിൽ ഒരു സൗഹൃദസംഘം ഹദ്റത്ത് അബൂബക്കറി(റ)നെ സന്ദർശിക്കുകയും കലാപകാരികൾക്കെതിരെയുള്ള യുദ്ധ നീക്കത്തെ എതിർക്കുകയും ചെയ്തു. ഉമർ(റ) അബൂബക്കർ(റ)യോട് ചോദിക്കുകയുണ്ടായി, ഈ ജനതക്കെതിരെ യുദ്ധം ചെയ്യാൻ താങ്കൾക്ക് എന്ത് അവകാശമാണുള്ളത്? എന്ന്.

> **പ്രവാചകൻ പറഞ്ഞിട്ടുണ്ട്: 'അല്ലാഹു ഏകനാണെന്നും അവനല്ലാതെ ആരാധ്യനില്ലെന്നും പറയുന്നത് വരെ അവരുമായി യുദ്ധം ചെയ്യാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്ന്. അവർ ഇത് പറയുകയാണെങ്കിൽ അവരുടെ ജീവനും സ്വത്തും എന്നിൽ നിന്നു സുരക്ഷിതമായി'.** [26]

മദീനയിൽ നിന്നു പ്രതിനിധി സംഘം പുറപ്പെട്ടതിനു ശേഷം മദീനയിലെ മുസ്‌ലിംകളെ അബൂബക്കർ(റ) വിളിച്ചു കൂട്ടി അഭിസംബോധന ചെയ്തു:

> **'ഈ പ്രതിനിധി സംഘം നിങ്ങൾ മദീനയിൽ എത്രമാത്രം ചെറിയ സംഘമാണെന്ന് നിരീക്ഷിച്ചറിഞ്ഞിരിക്കുന്നു. അവർ രാത്രിയോ പകലോ എപ്പോഴാണ് നിങ്ങളെ ആക്രമിക്കുകയെന്ന് നിങ്ങൾക്കറിയില്ല. അവരുടെ സൈന്യത്തിന്റെ മുന്നണിപ്പോരാളികൾ മദീനയിൽ നിന്നു കല്ലെറിയുന്ന ദൂരത്ത് എത്തി നില്ക്കുകയാണ്. അവരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് ഒരൊത്തുതീർപ്പുണ്ടാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. പക്ഷേ, നാം അവരുടെ അഭ്യർത്ഥന നിരസിച്ചു. അതുകൊണ്ട് അവരുടെ ആക്രമണത്തെ കരുതിയിരുന്നു കൊള്ളുക.'**

മൂന്ന് ദിവസത്തിനുള്ളിൽ അവർ മദീനയെ ആക്രമിക്കുകയുണ്ടായി.[27] 'റിദ്ദ'യുടെ പേരിലുള്ള യുദ്ധം ധാരാളം രക്തച്ചൊരിച്ചിലുകളുണ്ടാക്കി. പിൽക്കാലത്തെ അറേബ്യൻ രാജ്യങ്ങളുടെ ചരിത്രകാരൻമാരെസ്സംബന്ധിച്ചിടത്തോളം പ്രവാചകന്റെ വിയോഗാനന്തരം അറേബ്യൻ മണ്ണിൽ വെച്ച് ധാരാളം യുദ്ധങ്ങൾ നടക്കേണ്ടത് ആവശ്യമായിരുന്നു. അവർ ഈ യുദ്ധങ്ങളെല്ലാം ഇസ്‌ലാമിനെതിരെയുള്ള ഒരു മത പ്രസ്ഥാനം[28] എന്ന നിലക്ക് 'റിദ്ദ' യുടെ കണക്കിൽപ്പെടുത്തുകയുണ്ടായി.

ഖുർആനിലോ തിരുനബി(സ)യുടെ നടപടിക്രമങ്ങളിലോ കാഫി

റെന്ന് ആരോപിക്കപ്പെട്ട, മുസ്‌ലിംകളെ വധിച്ചതിനോ മുസ്‌ലിം ഭരണത്തിനെ എതിർത്തവർക്കെതിരിൽ യുദ്ധം ചെയ്തതിനോ ആധികാരികമായ എന്തെങ്കിലും തെളിവ് കാണുന്നതിൽ പരാജയപ്പെട്ട വിധികർത്താക്കൾ കൂടുതൽ ആലോചിക്കാതെ ഒരു വിധി തീർപ്പിലെത്തുകയായിരുന്നു.

മുസ്‌ലിം കലാപകാരികൾക്കെതിരെ അബൂബക്കർ (റ) നടത്തിയ യുദ്ധത്തിന്റെ നിയമവശങ്ങൾ ചർച്ച ചെയ്തു കൊണ്ട് ഇമാം അൽശാഫി(റഹ്)പറയുകയുണ്ടായി: 'റിദ്ദ' എന്നത് മുമ്പേ സ്വീകരിച്ച മതത്തിൽ നിന്ന് അവിശ്വാസത്തിലേക്കുള്ള പിന്മാറലും മുൻകൂട്ടി സ്വീകരിച്ച ഉത്തരവാദിത്തം നിറവേറ്റാൻ വിസമ്മതിക്കുകയും ചെയ്യലാണ്. മതമുപേക്ഷിച്ചാൽ മാത്രം പോര. കരാർ ലംഘിച്ചു കൊണ്ട് അത് കൂടുതൽ ഗുരുതരമാവുകയും വേണം. വ്യത്യസ്തമായ ഒരു ചിന്താ പ്രസ്ഥാനത്തിൽപ്പെട്ട പണ്ഡിതനായ ഇബ്നു അബി അൽ ഹമീദ് തന്റെ 'തഹ്ജ് അൽ ബലാഗാ' എന്ന വ്യാഖ്യാനത്തിൽ ഈ വിഷയം വിശദീകരിച്ചു കൊണ്ട് പറഞ്ഞു:

**സകാത്ത് കൊടുക്കാൻ വിസമ്മതിച്ചവർ മതപരിത്യാഗികൾ (മുർത്തദ്ദ്) അല്ല. അവരെ സഹാബാക്കൾ അങ്ങനെ വിളിക്കുന്നത് ആലങ്കാരികമായി മാത്രമാണ്.** [30]

വെൽഹൂസൻ എന്ന ഓറിയന്റലിസ്റ്റിനെ സംബന്ധിച്ചിടത്തോളം 'റിദ്ദ' എന്നത് മദീനയുമായുള്ള ഭരണബന്ധം അവസാനിപ്പിക്കലായിരുന്നു. ഇസ്‌ലാമുമായുള്ള ബന്ധമവസാനിപ്പിക്കലല്ല. നികുതി കൊടുക്കാതെ ബഹുഭൂരിപക്ഷം ഗോത്രങ്ങളും അല്ലാഹുവിനെ ആരാധിച്ചു കൊണ്ടിരുന്നു. ഖയ്ത്താനി എന്ന ചരിത്രകാരൻ വെൽഹൂസിനോട് യോജിക്കുന്നു. ഖയ്ത്താനി പറയുന്നു 'റിദ്ദ' എന്നത് ഒരു മതപരിത്യാഗ പ്രസ്ഥാനമല്ല. ഈ യുദ്ധങ്ങൾ തികച്ചും രാഷ്ട്രീയപരമായിരുന്നു. ബെക്കർ എന്ന ചരിത്രകാരനും വെൽഹൂസനേയും ഖെയ്ത്താനിയേയും പിന്തുടർന്നു കൊണ്ട് ഉപസംഹരിക്കുന്നു:

**'മുഹമ്മദിന്റെ പെട്ടെന്നുള്ള വിയോഗം ഒരു പുതിയ അപകേന്ദ്രീകരണ പ്രവണതക്ക് പ്രചോദനമേകി. ചരിത്രത്തിന്റെ പഠന നിരീക്ഷണത്തിനു വിധേയമായ ഈ പ്രസ്ഥാനത്തിന്റെ സ്വഭാവവും അതിന്റെ ശക്തിധാരയെസ്സംബന്ധിച്ചുള്ള അറിവും സമകാലീന ചരിത്രകാരൻമാരിൽ നിന്നു തീർച്ചയായും മറഞ്ഞിരിക്കുകയാണ്. അറേബ്യ നിരവധി സവിശേഷതകളിൽ മുങ്ങി നില്ക്കുകയായിരിക്കണം. 'റിദ്ദ' കാരണം വിഘടനത്തിന്റെ ആവശ്യകത ഉണ്ടായെങ്കിൽ അത് മദീനയിൽ വികാസം കൊണ്ടതല്ല. അതിന്റെ ഊർജ്ജം അതിനു മുമ്പേ സംഭരിക്കപ്പെട്ടതാണ്. റിദ്ദക്കെതിരായ യുദ്ധം മതം ത്യജിച്ചവർക്കെതിരായ യുദ്ധമായിരുന്നില്ല. അത് ഇസ്‌ലാമിന്നെതിരായ ഒരെതിർപ്പുമായിരുന്നില്ല. മദീനക്കു നേരെ കാട്ടേണ്ടിയിരുന്ന ബഹുമാനാദരങ്ങളോടുള്ള എതിർപ്പായിരുന്നു അത്. യുദ്ധം അറേബ്യയുടെ രാഷ്ട്രീയ മേധാവിത്വത്തിന് വേണ്ടിയുള്ളതായിരുന്നു.'** [31]



ബർണാഡ് ലൂയിസ് അത് വ്യക്തമാക്കുന്നു: 'റിദ്ദ' യഥാർത്ഥ വസ്തുതകൾക്ക് ദൈവശാസ്ത്രപരമായ നിറം നല്കിക്കൊണ്ട് പിൽക്കാല ചരിത്രകാരൻമാർ വികലമാക്കിയതാണ്. അദ്ദേഹം പറയുന്നു:

**'ഗോത്രങ്ങൾ അബൂബക്കറിന്റെ പിന്തുടർച്ച അംഗീകരിക്കാത്തത് ഫലത്തിൽ അവരുടെ പഴയ മതത്തിലേക്കുള്ള തിരിച്ചുപോക്കായിരുന്നില്ല. മറിച്ച്, അത് രണ്ട് കക്ഷി തമ്മിലുള്ള രാഷ്ട്രീയ ഉടമ്പടിയിൽ ഒരു കക്ഷിയുടെ മരണത്തിനുശേഷം സ്വയം റദ്ദായിപ്പോയതായിരുന്നു. മദീനക്ക് അടുത്തുള്ള ഗോത്രങ്ങൾ യ ഥാർത്ഥത്തിൽ പരിവർത്തനം ചെയ്യപ്പെടുകയും അവരുടെ ഗോത്ര താൽപര്യങ്ങൾ മുസ്‌ലിം സമൂഹവുമായി വളരെ താദാത്മ്യം പ്രാപിച്ചതുമായിരുന്നു. അവരുടെ വ്യത്യസ്തമായ ചരിത്രം പോലും രേഖപ്പെടുത്തപ്പെട്ടിരുന്നില്ല. മറ്റുള്ളവർക്ക് മുഹമ്മദിന്റെ മരണം മദീനയുമായുള്ള ബന്ധം വിച്ഛേദിക്കാൻ സ്വാഭാവികമായും കാരണമായി. കരാറിലേർപ്പെട്ട കക്ഷികൾ കരാർ റദ്ദായതിനു ശേഷം അവരുടെ സ്വതന്ത്രമായ വഴികൾ തേടിപ്പോയി. അബൂബക്കറിന്റെ തിരഞ്ഞെടുപ്പിൽ യാതൊരു പ്രാതിനിധ്യവുമില്ലാത്ത ഗോത്രങ്ങൾ അവരുടെ ഉടമ്പടി ബന്ധങ്ങളും വിധേയത്വവും ഒരുവേള അവസാനിപ്പിച്ചു. അബൂബക്കറിനു മദീനയുടെ ആധിപത്യം പുനഃസ്ഥാപിക്കാൻ വീണ്ടും പുതിയ ഉടമ്പടിയുണ്ടാക്കേണ്ടതുണ്ടായിരുന്നു.'** [32]

ക്രി. വ 661 ൽ അലി വധിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തോട് കൂടിയാണ് മുസ്‌ലിം ഭരണകർത്താക്കൾ ഓരേസമയം രാഷ്ട്രത്തിന്റെയും മതത്തിന്റെയും തലവൻമാരാണെന്ന സങ്കല്പം ഉടലെടുത്തത്. ഇസ്‌ലാമിലെ രാഷ്ട്രീയ ഭരണ കർത്താക്കളും പാരമ്പര്യ ഭരണാധികാരികളുമായ ഉമയ്യാദുകളുടെ *D ഭരണം (661–750) മുആ

വിയയോടു കൂടി ആരംഭിച്ചു. അവർക്കാർക്കും തന്നെ സച്ചരിതരായ മുൻ ഖലീഫമാരെപ്പോലെ മതപരമായ വീക്ഷണമില്ലായിരുന്നു. അവരെല്ലാം ഏറെക്കുറെ ഭൗതിക ഭരണാധികാരികളായിരുന്നു. ശരീഅത്തിന്റെ സംരക്ഷകർ എന്ന നിലക്ക് ഉലമാക്കന്മാരുടെ സ്ഥാനം കോൺസ്റ്റന്റയിൻ പരിവർത്തനം ചെയ്ത കാലത്ത് പുരോഹിതർക്കുണ്ടായിരുന്നത് പോലുള്ളതായിരുന്നു. മധ്യകാല യൂറോപ്പിലെ പുരോഹിതന്മാരെപ്പോലെ ഉലമാക്കൻമാർ അവരുടെ പാണ്ഡിത്യത്തിലും ഭക്തിയിലും ആദരിക്കപ്പെടുകയുണ്ടായി. മർദ്ദകരും ജനവിരുദ്ധരുമായ ഭരണാധികാരികളുടെ രാഷ്ട്രീയാധികാരത്തിന് നിയപരമായ അംഗീകാരം നേടാൻ അവർ ഉലമാക്കൻമാരുടെ പിന്തുണ തേടി. അവർ പ്രതിപക്ഷനേതാക്കൻമാരുടെ ഭാഗവും കൈകാര്യം ചെയ്യുകയുണ്ടായിട്ടുണ്ട്. രാഷ്ട്രീയാധികാരം കൈയ്യാളുന്നതിനേക്കാൾ രാഷ്ട്രീയാധികാരത്തെ അവർ സ്വാധീനിക്കാനും ശ്രമിച്ചിരുന്നു.

രാഷ്ട്രീയവും സാമൂഹികവുമായ കലാപങ്ങൾ മതപരമായ അർത്ഥത്തിൽ ന്യായീകരിക്കപ്പെടുകയും അധികാരത്തിനു വേണ്ടിയുള്ള പാരമ്പര്യ ഭരണകൂടങ്ങളുടെ പോരുകൾ മതപരമായ ആദർശങ്ങളിൽ അഗാധമായ വിള്ളലുകൾ സൃഷ്ടിക്കുകയും ചെയ്തു. മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാൻ(റ)ന്റെ വധത്തോടെ (ക്രി.വ644) ഖലീഫയുടെ പിന്തുടർച്ചക്ക് വേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി 'ഖവാരിജിസം' 'ശീഇസം' എന്നീ രണ്ട് പ്രസ്ഥാന ദ്വയങ്ങൾ ഇസ്‌ലാം മുഖ്യധാരയിൽ നിന്നു വേർപ്പെട്ടു രൂപം കൊള്ളുകയുണ്ടായി. ഒരു കടുത്ത പാപി മുസ്‌ലിമായി തുടരാൻ പാടില്ല എന്ന നിർദ്ദേശം ആദ്യമായി ഉന്നയിച്ചവർ ഖവാരിജുകളായിരുന്നു. മുസ്‌ലിംകൾക്കെതിരായി ആദ്യമായി ജിഹാദ് പ്രഖ്യാപിച്ച മുസ്‌ലിം കക്ഷിയും ഖവാരിജുകൾ തന്നെ. ഖവാരിജുകളെസ്സംബന്ധിച്ചിടത്തോളം മറുകക്ഷി യഥാർത്ഥ വിശ്വാസികളായിരുന്നില്ല. അവർ അലിയുടെ പാർട്ടിയിൽ പെട്ടവരുമാണ്. ഉസ്മാ(റ)ന്റെ വധത്തെസ്സംബന്ധിച്ച് ഉയർന്നുവന്ന പ്രശ്നത്തെ ഒത്തുതീർപ്പാക്കാൻ വേണ്ടി മുആവിയായും അലി(റ)യും തമ്മിൽ ഉണ്ടാക്കിയ കരാറിലുണ്ടായ വിയോജിപ്പിനെത്തുടർന്ന് അവർ അലി(റ)യെ വിട്ടുപോവുകയാണുണ്ടായത്. ഖവാരിജുകൾ പറഞ്ഞു:

> **"അല്ലാഹുവിനു മാത്രമെ വിധി തീർപ്പിന്നധികാരമുള്ളൂ മനുഷ്യന്റെ കോടതിക്കതിന്നധികാരമില്ല''.**

ഇതായിരുന്നു ഖവാരിജുകളുടെ മുദ്രാവാക്യം. ഇസ്‌ലാമിൽ ഡോഗ്മ (സ്ഥാപനവല്ക്കരിക്കപ്പെട്ട മതസിദ്ധാന്തം) യുടെ ഉപജ്ഞാതാക്കൾ ഖവാരിജുകളായിരുന്നു. അവർ മുസ്‌ലിംകൾക്കുണ്ടാവേണ്ട സവിശേഷതകൾ എന്തൊക്കെയാണെന്നും സഹജീവികളായ മുസ്‌ലിംകളോടും അമുസ്‌ലിംകളോടും കാണിക്കേണ്ട സമീപനമെന്തൊക്കെയാണെന്നും സിദ്ധാന്തിച്ചു. ഇസ്‌ലാമിൽ പ്രത്യക്ഷപ്പെട്ട ആദ്യത്തെ വിഭാഗീയ കക്ഷി ഖവാരിജുകളായിരുന്നു. വിശ്വാസത്താൽ ന്യായീകരിക്കപ്പെടേണ്ട തത്ത്വങ്ങൾ ആദ്യമായി നിഷേധിച്ചതും അവർ തന്നെയായിരുന്നു. അവർ പുലർത്തിയിരുന്ന വിശ്വാസം പാപിയായ ഒരാൾക്ക് മുസ്‌ലിമായി നില്ക്കാനുള്ള അർഹതയില്ലെന്നും അയാൾക്ക് ഇസ്‌ലാം മതത്തിലേക്ക് വീണ്ടും വരുവാൻ സാധ്യമല്ലെന്നും അയാളെ കുടുംബസഹിതം വധിക്കണമെന്നുമായിരുന്നു. ഖവാരിജുകളല്ലാത്ത എല്ലാവരും അമുസ്‌ലിംകളാണെന്നും അവർക്ക് നിയമസംരക്ഷണം നല്കാൻ പാടില്ലെന്നുമായിരുന്നു അവർ ഗണിച്ചത്. നാം നേരത്തെ കണ്ടതുപോലെ പ്രവാചകന് മദീനയിലെ മുനാഫിഖുകളേയും (കപടവിശ്വാസികൾ) അവരുടെ നേതാവായ അബ്ദുല്ലാബിൻ ഉബയ്യ്ബിൻ സലൂലിനെക്കുറിച്ചും നന്നായി അറിയാമായിരുന്നു. എന്നിട്ടും അവിടന്ന് അയാൾക്കെതിരെ ഒരു നടപടിയും എടുത്തില്ല. ഒരു മുസ്‌ലിമിന്റെ വിശ്വാസത്തെസ്സംബന്ധിച്ച് വിധി പറയാൻ തിരുമേനി(സ) തയ്യാറായിരുന്നില്ല.



ഖവാരിജുകൾ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കും തിരുനബി(സ)യുടെ നടപടിക്രമങ്ങൾക്കു തികച്ചും വിരുദ്ധമായ നിലപാടാണ് സ്വീകരിച്ചത്. അവരുടെ പ്രഖ്യാപനപ്രകാരം അല്ലാഹുവിനു മാത്രമെ വിധി തീർപ്പിനുള്ള അധികാരമുള്ളൂ. അതായത് ***'ലാ ഹുക്മ ഇല്ലാ ലില്ലാഹി'*** [33] എന്നായിരുന്നു അവരുടെ സിദ്ധാന്തം. അതാകട്ടെ, തിരുനബി(സ)യുടെ നടപടി ക്രമങ്ങൾക്കെതിരായിരുന്നു. തിരുനബി(സ) ബനൂ ഖുറൈസ എന്ന ജൂതഗോത്രത്തിന്റെ വിധി നിർണ്ണയിക്കാൻ സഅ്ദ്ബിൻ മുഅദ്ദയെ 'ഹക്കമൻ' (വിധികർത്താവ്) ആയി നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശിക്ഷാവിധിയാണ് നടപ്പാലാക്കിയത്. [34]

സഅ്ദിന്റെ തീരുമാനത്തെക്കുറിച്ചുള്ള സഹീഹ് മുസ്‌ലിം റിപ്പോർട്ട് നിരൂപണം ചെയ്തു കൊണ്ട് ഇമാം നവവി(റ)[*E] പറയുന്നു: അവരുടെ തർക്കത്തിൽ മുസ്‌ലിംകൾ തഹ്കിം[*F] കൈക്കൊള്ളുവാൻ അനുവദിക്കപ്പെട്ടിരുന്നു. [35] വാസ്തവത്തിൽ രണ്ട് മുസ്‌ലിം വിഭാഗം തമ്മിൽ സംഘട്ടനമുണ്ടായാൽ അവർക്കിടയിൽ രഞ്ജിപ്പ്

ഉണ്ടാക്കുക എന്നത് മറ്റു മുസ്‌ലിംകളുടെ കർത്തവ്യമാണ്. ഖുർആൻ പറയുന്നു:

**സത്യവിശ്വാസികൾ സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരൻമാർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക.' നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. (വി. ഖുർആൻ 49:11)**

മുസ്‌ലിംകളെ അവിശ്വാസികളാണെന്ന് പ്രഖ്യാപിക്കുകയും പിന്നീട് അവരെ ശിക്ഷിക്കുകയും ചെയ്യുന്നത് മതാധികാരികളുടെ പരസ്പര വിഭിന്നങ്ങളായ നിലപാടുകളുള്ളതുകൊണ്ട് മാത്രമാണ്. 'തക്ഫീർ'* G എന്നത് ഇസ്‌ലാമിന് തികച്ചും അന്യമാണ്. പ്രവാചക(സ)ന്റെ പ്രവാചകത്വം അംഗീകരിക്കുന്നവരെല്ലാം മുസ്‌ലിമാണ്.[36] ഒരാൾ മുസ്‌ലിമാണെന്ന് തീർപ്പുകല്പ്പിക്കാൻ പറ്റിയ ഒരേയൊരു നിർവ്വചനം ഇത് മാത്രമാണ്. 'തക്ഫീർ'എന്ന വിഷയം ചർച്ച ചെയ്തുകൊണ്ട് ലൂയീസ് ബർണാഡ് പറയുന്നത് ശ്രദ്ധേയമാണ്:

**'തുറന്ന നിലയിലുള്ള കലാപം പോലും തക്ഫീറുമായി സ്വയം ബന്ധപ്പെട്ടു നില്ക്കുന്നില്ല. ദൈവത്തിന്റെയും പ്രവാചകന്റെയും നാമം തങ്ങളുടെ കത്തുകളിൽ എടുത്തു കാണിച്ചതിനാൽ ക്രി. വ 923ൽ മുഖ്യ ഖാസിയായ ഇബ്നു ബുഹാൽ, കാർമേത്ത്യൻ *H കലാപകാരികളെ അവിശ്വാസികളായി തള്ളാൻ കൂട്ടാക്കിയില്ല. വിഭാഗീയ ചിന്താഗതി പുലർത്തുന്നവനോ കലാപകാരിയോ ആയിക്കൊള്ളട്ടെ, അയാളെ മുസ്‌ലിമായി കാണണമെന്നാണ് ശാഫീ നിയമം അനുശാസിക്കുന്നത്. അതായത്, അയാളുടെ സമ്പത്തും കുടുംബവും ആദരണീയങ്ങളാണ്. അയാളെ ഉടനെ തന്നെ വധിക്കാനോ ഒരു തവണ തടവുകാരനായാൽ പോലും അടിമ**യായി വില്ക്കാനോ പാടില്ല.'[37]

എങ്ങനെയായിരുന്നാലും, ഖവാരിജ് വിധി കർത്താക്കൾ കണ്ടുപിടിച്ച തക്ഫീർ[38] അലി(റ)യെ തള്ളിപ്പറയാനുള്ള ഖവാരിജുകളുടെ ഒരു ന്യായീകരണമായിരുന്നു. പക്ഷേ, ഖവാരിജുകളുടെ ഈ കൃത്രിമസിദ്ധാന്തം സ്വായത്തമാക്കിയിട്ടും പണ്ഡിതൻമാർക്ക് ഒരു മുസ്‌ലിമിനെസ്സംബന്ധിച്ച് സുസമ്മതമായൊരു നിർവ്വചനത്തിൽ എത്തിച്ചേരാൻ സാധിച്ചില്ല.

ഇസ്‌ലാമിൽ നിന്നു പുറത്ത് പോയതിന്റെ കാരണത്താൽ വധിക്കപ്പെട്ട മുസ്‌ലിംകളുടെ എണ്ണം കണ്ടെത്താൻ 1400 വർഷത്തെ ഇസ്‌ലാം ചരിത്രം ചികഞ്ഞു നോക്കുന്നത് നിഷ്ഫലമായിരിക്കും. കൈറോവിൽ മൈമൊണൈഡുകളേയും [39] മെറോണൈറ്റ് അമീറായിരുന്ന ലബനോണിലെ യൂനുസിനെയും [40] തബ്രിസിലെ റശീദുദ്ദീനെയും[41] പീഡിപ്പിക്കാൻ വിഫലശ്രമങ്ങൾ നടന്നിരുന്നു. പക്ഷേ, ഇത്തരം ശ്രമങ്ങൾ വളരെ അപൂർവ്വമായിരുന്നു. മുഗൾ ഇന്ത്യയിൽ അത്തരത്തിലുള്ള ഒരു സംഭവം മാത്രമാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഒരു പോർട്ടുഗീസ് ക്രിസ്ത്യൻ ഭിക്ഷു ഇസ്‌ലാംമതം സ്വീകരിക്കുകയുണ്ടായി. [42] അതിനുശേഷം അദ്ദേഹം വീണ്ടും ക്രിസ്തുമതത്തിലേക്ക് മടങ്ങിപ്പോയി. അദ്ദേഹം ഔറംഗാബാദിൽ വെച്ച് വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വധത്തിനുള്ള കാരണങ്ങൾ രാഷ്ട്രീയപരമായിരുന്നു, മതപരമായിരുന്നില്ല. മതം മാറിയ ആ ഭിക്ഷു ഇസ്‌ലാം മതത്തിന്റെ മറവിൽ പോർട്ടുഗീസുകാർക്കു വേണ്ടി ചാരപ്രവർത്തനം നടത്തുകയാണെന്ന് ബലമായ സംശയമുണ്ടായിരുന്നു.

കൂഫയിലെ ഹിശാംബിൻ അബ്ദുൽ മലിക്കിന്റെയോ അല്ലെങ്കിൽ വാസിത്തിന്റെയോ ആജ്ഞപ്രകാരം ഹി.വ 124/125 ക്രി.വ 746 (അല്ലെങ്കിൽ ഹി.വ.125 (ക്രി.വ.747) ജാദ്ബിൻ ദിർഹം വധിക്കപ്പെടുകയുണ്ടായി. സ്വതന്ത്രേച്ഛയുടെയും സൃഷ്ടിക്കപ്പെട്ട ഖുർആന്റെയും മുഅ്തസിലി* I ആദർശങ്ങൾ മുന്നോട്ടു വെച്ചെന്നായിരുന്നു അദ്ദേഹത്തിനു മേൽ ആരോപിക്കപ്പെട്ട കുറ്റം. ഹി.167(68) ക്രി.വ 788ൽ ഇറാഖി കവി ബശീർബിൻ ബുർദയെ, സൻദക്ക*J ആരോപിച്ചു മർദ്ദിക്കുകയും ബാത്തിഹയിലെ ചതുപ്പു നിലത്തിൽ എറിയുകയും ചെയ്തു. അൽ ഹുസൈൻബിൻ അൽ ഹല്ലാജ് *K ഹി. 309/ ക്രി.വ. 930ൽ ദൈവനിന്ദ ആരോപിക്കപ്പെടുന്ന ഹുലൂൽ * L എന്ന വാദം പുറപ്പെടുവിച്ചു എന്ന് ആരോപിക്കപ്പെട്ടു വധിക്കപ്പെടുകയുണ്ടായി. ശിഹാബുദ്ദീൻ യഹ്യ അൽ സുഹ്‌ർവർദിയെ * M അൽമാലിക്ക് അൽ സഹീറിന്റെ (ഹി.വ.578/ക്രി.വ.1199) ആജ്ഞ പ്രകാരം വധിക്കുകയുണ്ടായി. എല്ലാ ജീവികളും അവയുടെ ചലനവും ഉൺമയും പരമസത്യം പോലെയാകുന്നു. പ്രകാശത്തിന്റെ പ്രതീകം എന്ന നിലക്കാണ് ദൈവത്തിന്റെ ഉണ്മക്കുള്ള തെളിവ് പോലും അദ്ദേഹം അടിസ്ഥാനമാക്കിയത്. ഇതായിരുന്നു അദ്ദേഹത്തിന്റെമേൽ ആരോപിക്കപ്പെട്ട കുറ്റം.

പതിനേഴാം നൂറ്റാണ്ടിലെ രക്തസാക്ഷിയായിരുന്നു മുഹമ്മദ്

സയിദ് സർമദ്. കഷാനയിലെ ജൂത ദമ്പതിമാർക്ക് പിറന്ന ഇദ്ദേഹം ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പേ ഒരു ജൂതപുരോഹിതനായിരുന്നു. മഹാനായ ഈ പേർഷ്യൻ കവി പദാർത്ഥത്തിന്റെ അസ്ഥിത്വം നിഷേധിച്ച അദ്വൈത വാദിയായിരുന്നു. ഔറംഗസീബിന്റെ ഭരണത്തിനു കീഴിൽ അദ്ദേഹം വധിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ മസാർ (കബറിടം) ഡൽഹി ജുമാമസ്ജിദിനു മുമ്പിൽ സ്ഥിതി ചെയ്യുന്നു. ധാരാളം ആളുകളെ ആ കബറിടം ആകർഷിക്കുകയും പുഷ്പങ്ങളും ഫാത്തിഹയും അവിടെ അർപ്പിക്കപ്പെടുകയും ചെയ്യുന്നു.

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)[*N] യുടെ വാദങ്ങൾ അംഗീകരിച്ചതിന്റെ പേരിൽ അഫ്ഗാൻ അമീർ ഹബീബുല്ലാഖാന്റെ കിരീടധാരണച്ചടങ്ങിന് കാർമ്മികത്വം വഹിച്ച സാഹിബ് സാദാ അബ്ദുല്ലത്തീഫിനെ[*O] 1903ലും, മൗലവി നിഅ്മത്തുള്ളയെ [*P] 1924ലും കല്ലെറിഞ്ഞു കൊല്ലുകയുണ്ടായി. അവർക്ക് രണ്ടു പേർക്കും ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)നെ തള്ളിപ്പറയാൻ അവസരം നല്കി. പക്ഷേ രണ്ടുപേരും അത് നിരസിക്കുകയാണ് ചെയ്തത്.

1985 ൽ സുഡാനിൽ മുഹമ്മദ് മഹ്മൂദ് ത്വാഹ വധിക്കപ്പെട്ടു. മദീനയിൽ അവതരിച്ച ഖുർആനിക നിയമങ്ങൾ ഇപ്പോൾ പ്രായോഗികമല്ല എന്ന് അദ്ദേഹം വിശ്വസിച്ചതായിരുന്നു കാരണം.

ശ്രദ്ധേയമായൊരു സംഗതി മുസ്‌ലിംകളുടെ മതസാമ്രാജ്യത്തിന്റെ തലവനും ഖലീഫയുമായിരുന്ന ഉസ്മാനിയ സുൽത്താൻ, ബഹാവുല്ലായെ (ക്രി.വ: 1619-92) മുർത്തദ്ദ് ആണെന്ന് പറഞ്ഞ് കൊല്ലാൻ ഉത്തരവിടുകയുണ്ടായില്ല എന്നതാണ്. ബഹാവുല്ല സ്വയം തന്നെ വാഗ്ദാനം ചെയ്യപ്പെട്ട ആളും ബാബിനാൽ[43] പ്രവചിക്കപ്പെട്ട വ്യക്തിയുമാണെന്ന് പറയുകയും ഒരു മതമെന്ന നിലക്ക് ബഹായിസം സ്ഥാപിക്കുകയും ചെയ്തു. ബഹായിസം ഇസ്‌ലാമിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. ബഹാവുല്ലയുടെ വരവോടുകൂടി ഖുർആനും മുഹമ്മദ് നബി(സ)യുടെ അദ്ധ്യാപനങ്ങളും ദുർബലപ്പെട്ടുപോയി എന്നദ്ദേഹം വാദിച്ചു. ബഹാവുല്ല ഫലസ്തീനിലെ ഹൈഫക്ക് അടുത്തുള്ള അക്ക (അക്രീ)യിലായിരുന്നു തടവുകാരനാക്കപ്പെട്ടത്. ഇപ്പോൾ അത് ഇസ്രായിലിലാണ്. എന്നാൽ, ഉസ്മാനിയ്യാ സാമ്രാജ്യത്തിലെ ശൈഖുൽ ഇസ്‌ലാം, മസീഹാണെന്ന് വാദിച്ച ജൂതയോഗി സബാത്തായി(ക്രി.വ:1827-76)യെ ക്രി.വ. 1648ൽ വധിക്കുവാൻ ഉത്തരവിടുകയുണ്ടായി. മരണത്തിൽ നിന്നു രക്ഷപ്പെടുവാൻ അദ്ദേഹം തന്റെ വാദം ഉപേക്ഷിക്കുകയും ഇസ്‌ലാംമതം സ്വീകരിക്കുകയുമുണ്ടായി. ബഹാവുല്ല ദൈവത്തിന്റെ പുതിയ അവതാരമാണെന്ന് വാദിക്കുകയും ഇസ്‌ലാംമതത്തിൽ നിന്ന് പുറത്ത് പോകുകയുമാണ് ചെയ്തത്. പക്ഷേ അദ്ദേഹം വധിക്കപ്പെട്ടില്ല. കാരണം ഉസ്മാനിയാ സാമ്രാജ്യത്തിന്റെ ക്രമസമാധാന പാലനത്തിന് അദ്ദേഹം ഒരു ഭീഷണിയായിരുന്നില്ല.



മതപരിത്യാഗം എന്ന സങ്കല്പം ഇസ്‌ലാമിന് തികച്ചും അന്യമാണ്. മതമുപേക്ഷിച്ചവന് ഈ ലോകത്ത് യാതൊരു ശിക്ഷയും ഇസ്‌ലാം നിർദ്ദേശിക്കുന്നില്ല. പക്ഷേ, 1953ലെ പഞ്ചാബ് കലാപത്തെക്കുറിച്ച് 1954ലെ ആക്ട് II പ്രകാരം രൂപവത്ക്കരിക്കപ്പെട്ട അന്വേഷണക്കോടതിക്കു മുമ്പിൽ ഹാജരായ ഉലമാക്കൻമാർ മതപരിത്യാഗം എന്നത് ഒരു ഇസ്‌ലാമിക രാഷ്ട്രത്തിൽ വധശിക്ഷ അർഹിക്കുന്ന കുറ്റമാണെന്ന് വാദിക്കുകയുണ്ടായി. ആ ഉലമാക്കൾ ഇവരാണ്:

മൗലാനാ അബുൽ ഹസ്നത്ത് സയ്യിദ് മുഹമ്മദ് അഹ്മദ് ഖാദിരി (പ്രസിഡണ്ട് ജംഇയ്യത്തുൽ ഉലമായെ പാകിസ്താൻ, പഞ്ചാബ്) മൗലാനാ അഹ്മദ് അലി (പ്രസിഡണ്ട് ജംഇയ്യത്തുൽ ഉലമായേ ഇസ്‌ലാം, പശ്ചിമ പാകിസ്താൻ) മൗലാനാ അബുൽ അഅ്ലാ മൗദൂദി (ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനും മുൻ പാകിസ്താൻ അമീറും) മുഫ്ത്തി മുഹമ്മദ് ഇദ്‌രീസ് (ജാമിഅ അശ്റഫിയ്യാ ലാഹോർ, മെംബർ ജംഇയ്യത്തുൽ ഉലമായെ പാകിസ്താൻ) മൗലാനാ അബുൽ ഹലീം ഖാസിമി (ജംഇയ്യത്തുൽ ഉലമായെ പാകിസ്താൻ) മൗലാനാ ദാവൂദ് ഗസ്നവി (പ്രസിഡണ്ട് ജമാഅത്തെ അഹ്‌ലെ ഹദീസ് പാകിസ്താൻ) മൗലാനാ അബുൽ ഹലീം ഖാസിമി (ജംഇയ്യത്തുൽ ഉലമായെ ഇസ്‌ലാം പഞ്ചാബ്) മിസ്റ്റർ ഇബ്റാഹീം അലി ചിശ്ത്തി [44]

അവരുടെ ഈ ദൃഢപ്രസ്താവനയെ സംബന്ധിച്ച് അന്വേഷണക്കോടതി നടത്തിയ പരാമർശം ഇങ്ങനെയാണ്:

**'ഈ സിദ്ധാന്ത പ്രകാരം ചൗദ്‌രി സഫറുല്ലാഹ്ഖാൻ [*Q] വധിക്കപ്പെടേണ്ടയാളാണ്. അദ്ദേഹം പാരമ്പര്യ മതവിശ്വാസത്തിനെതിരായി സ്വന്തം ഇച്ഛപ്രകാരം അഹ്മദിയ്യാ വിശ്വാസം തിരഞ്ഞെടുത്തത് കൊണ്ടാണ് അദ്ദേഹം വധാർഹനായിത്തീരുന്നത്. ഇതേ വിധി തന്നെയാണ് ദേവ് ബന്ദികൾക്കും, വഹാബികൾക്കും ഉണ്ടാവുക (പാകിസ്താൻ കോൺസ്റ്റിറ്റ്യൂവന്റ്**

അസംബ്ലിയുമായി ബന്ധപ്പെട്ട തഅ്ലീമുൽ ഇസ്ലാം ബോർഡ് അംഗം മൗലാനാ മുഹമ്മദ് ശാഫി ദേവ്ബന്ദിയും, മൗലാനാ ദാവൂദ് ഗസ്നവിയും ഇതിൽപെടുന്നു) ഫത്വയിൽ (Ex-DE-14) ഒപ്പു വെച്ചവരിൽപ്പെട്ട ഏതെങ്കിലും ഒരു ആലിം ഒരു ഇസ്ലാമിക സ്റ്റേറ്റിന്റെ തലവനായി വരികയാണെങ്കിലാണ് ദേവ് ബന്ദികൾക്കും വഹാബി[*R] കൾക്കും വധശിക്ഷ നല്കുക. മൗലാനാ ശാഫി ദേവ്ബന്ദി, ഇസ്ലാമിക രാഷ്ട്രത്തിന്റെ അധിപനായി വരികയാണെങ്കിൽ അദ്ദേഹം ഇസ്ലാമിൽ നിന്നു കാഫിറായവർ എന്ന ഗണത്തിൽ നിന്നു ദേവ്ബന്ദികളെയെല്ലാം ഒഴിവാക്കും. ബാക്കിയുള്ളവരെ തൂക്കിക്കൊല്ലേണ്ടി വരും. അതായത് അവരെല്ലാം പാരമ്പര്യ മതത്തിൽ ഉറച്ചു നില്ക്കാതെ വിശ്വാസം മാറി എന്ന 'മുർത്തദ്ദി'ന്റെ നിർവ്വചനത്തിന്റെ പരിധിയിൽ വരികയാണെങ്കിൽ അവരെയെല്ലാം കൊല്ലേണ്ടി വരും. ദേവ്ബന്ദികളുടെ ഫത്വയുടെ യഥാർത്ഥ നിലപാട് (Ex-OE-13) ഇസ്നാ അശരിയ്യ[*S] വിഭാഗത്തിൽപ്പെട്ട ശിയാക്കൾ കാഫിറുകളും മുർത്തദ്ദുകളുമാണെന്നാണ്. കോടതി ദേവ്ബന്ദി വിഭാഗത്തിൽപ്പെട്ടവരെ അന്വേഷണാവസരത്തിൽ ചോദ്യം ചെയ്യുകയുണ്ടായി. മൗലാനാ മുഹമ്മദ് ശാഫി ദേവ്ബന്ദിയിൽ നിന്നും നേരിട്ടുതന്നെ ആ വിഷയം ചോദ്യം ചെയ്ത് മനസ്സിലാക്കുകയുണ്ടായി. അദ്ദേഹത്തിന് ദേവ്ബന്ദികളുടെ ദാറുൽ ഉലൂമിലെ പഴയ രേഖകളിൽ നിന്നു ലഭിച്ച ഫത്വ നല്കപ്പെടുകയുണ്ടായി. ആ ഫത്വയിൽ ദാറുൽ ഉലൂമിലെ എല്ലാ അദ്ധ്യാപകരും ഒപ്പ് വെച്ചിരുന്നു. മൗലാനാ മുഹമ്മദ് ശാഫി അടക്കം അതിൽപ്പെട്ടിട്ടുണ്ട്. ആ രേഖ പറയുന്നത് ഹദ്റത്ത് സിദ്ദീഖുൽ അക്ബറി(റ)ന്റെ സഹാബിയത്തിൽ വിശ്വസിക്കാത്തവരും ഹദ്റത്ത് ആയിശാ(റ)യുടെ ഖാസിഫുമായവർ ഖുർആൻ തഹ്രീഫി[*T]ന്റെ കുറ്റക്കാരാണ്, അവർ കാഫിറുകളാണ് എന്നാണ്. ഈ വിഷയത്തെക്കുറിച്ച് പഠിക്കുകയും അറിയുകയും ചെയ്യുന്ന മിസ്റ്റർ ഇബ്റാഹിം അലി ചിശ്തി, ഇതേ അഭിപ്രായക്കാരനാണ്. ശിയാക്കൾ കാഫിറുകളാണെന്നാണ് അദ്ദേഹം കരുതുന്നത്. കാരണം നമ്മുടെ പുണ്യനബി (സ)യുടെ പ്രവാചകത്വത്തിൽ ഹദ്റത്ത് അലിക്ക് പങ്കുണ്ടെന്ന് അവർ വിശ്വസിക്കുന്നു. ശിഈ വിശ്വാസം കൈക്കൊണ്ട ഒരു സുന്നി, ഇർത്തിദാദ് (മതമുപേക്ഷിക്കൽ) എന്ന കുറ്റം ചെയ്തയാളും വധാർഹനുമാണോ എന്ന ചോദ്യത്തിൽ നിന്നും അദ്ദേഹം ഒഴിഞ്ഞു മാറി. ശിയാക്കളെസ്സംബന്ധിച്ചിടത്തോളം എല്ലാ



സുന്നികളും കാഫിറുകളാണ്. ഹദീസ് വിശ്വാസയോഗ്യമല്ലാത്തതുകാരണം അതിനോട് യാതൊരു പ്രതിബദ്ധതയും കാട്ടേണ്ടതില്ലെന്ന് പറയുന്ന അഹ്ലെ ഖുർആനികളും കാഫിറുകളാണ്. എല്ലാ സ്വതന്ത്ര ചിന്തകരും കാഫിറുകളാണ്. ഇതിന്റെയെല്ലാം അന്തിമഫലം, ശിയായോ സുന്നിയോ ദേവ്ബന്ദിയോ അഹ്ലെ ഹദീസോ, ബറേൽവികളോ ആരും തന്നെ മുസ്ലിമായിട്ട് നിലനില്ക്കുന്നില്ല എന്നായിരിക്കും. ഇതിൽ ഏതെങ്കിലും ഒരു കക്ഷി ഒരു ഭരണകൂടം കൈയ്യാളുകയാണെങ്കിൽ മറ്റു കക്ഷികൾ കാഫിറുകളായി കണക്കാക്കപ്പെടും. ഒരു കക്ഷിയുടെ വീക്ഷണത്തിൽ നിന്നു മറ്റു കക്ഷികളുടെ വീക്ഷണം അല്പം വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിൽ അത് വധശിക്ഷ അർഹിക്കുന്ന കുറ്റമായി മാറുകയും ചെയ്യും.

മുസ്ലിമിന് ഏകാഭിപ്രായത്തോടെ ഒരു നിർവ്വചനം നല്കാൻ ഏതെങ്കിലും രണ്ട് ആലിംസ് നമ്മുടെ മുമ്പിൽ സാധ്യമാവാതെ വന്നിരിക്കുന്നു. അപ്പോൾ ഈ സിദ്ധാന്തത്തിന്റെ പരിണതി എന്തായിരിക്കണമെന്നതിനെസ്സംബന്ധിച്ച് കൂടുതൽ ചിന്തിക്കേണ്ടതില്ല. അവരുടെ നിർവചനങ്ങളെല്ലാം ആകെയെടുത്താൽ ഒരാളെ മതപരിത്യാഗി എന്ന് കുറ്റം ചുമത്താവുന്ന കാരണങ്ങൾ എണ്ണമറ്റതായിരിക്കും.' [45]

## കുറിപ്പുകൾ

*A **ഇമാം ഗസ്സാലി:** (ഹി.വ: 450–550/ക്രി.വ 1058–1113) ഖുറാസാനിലെ തൂഫ് ജില്ലയിൽ ജനിച്ചു. മുഹമ്മദ് അഹ്മദ് എന്നാണ് പൂർണ്ണനാമം. പരമ്പരാഗതമായി നൂൽനൂൽപ്പിൽ ഏർപ്പെട്ട ഒരു കുടുംബമായതിനാലാണ് ഗസ്സാലി (നെയ്ത്തുകാരൻ) എന്ന പേരിൽ അറിയപ്പെടുന്നത്. ഇരുപത്തിനാലാം വയസ്സിൽ ബാഗ്ദാദിലെ നിസാമിയാ സർവ്വകലാശാലയുടെ മേധാവിയായ ഇമാം ഗസ്സാലി നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. ഇസ്ലാമിക ദർശനത്തിൽ ഗ്രീക്ക് തത്ത്വചിന്തയുടെ സ്വാധീനത്തെ അദ്ദേഹം എതിർത്തു. ഇഹ്യാ ഉലൂമുദ്ദീൻ, തഹാഫത്തുൽ ഫലാസീഫ, അത്തഫ് രിഖത്തു ബൈനൽ ഇസ്ലാമി വസൻദഖ, അൽഖിത് മിനദ് ദലാൽ എന്നീ ബൃഹദ് ഗ്രന്ഥങ്ങളടക്കം എൺപതോളം പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. പണ്ഡിതൻമാരുടെ കക്ഷിപ്പോരിൽ മനം മടുത്ത ഇമാം ഗസ്സാലി പിന്നീട് തസവ്വുഫിന്റെ മാർഗ്ഗത്തിലേക്ക് തിരിഞ്ഞെങ്കിലും സാമൂഹികരംഗത്ത് നിന്നുള്ള ഒളിച്ചോട്ടത്തിൽ അദ്ദേഹം വിശ്വസിച്ചില്ല. 55–ാം വയസ്സിൽ അദ്ദേഹം ദിവംഗതനായി. (വിവ:)

*B **പഞ്ചാബ് (പാകിസ്താൻ) കലാപാന്വേഷണക്കോടതി:** 1953 ൽ അഹ്മദി കൾക്കെതിരെ ആരംഭിച്ച ഭീകരമായ കലാപത്തെക്കുറിച്ചന്വേഷിക്കാൻ നിയുക്ത മായ കോടതി. പാകിസ്താൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന മുഹമ്മദ് മുനീർ ആയിരുന്നു അന്വേഷണക്കോടതിയുടെ ചെയർമാൻ. കറാച്ചിയിലും ലാഹോ റിലുമായിരുന്നു കലാപം കേന്ദ്രീകരിച്ചിരുന്നത്. കലാപകാരികളുടെ ആവശ്യങ്ങൾ 1. അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുക. 2. സർ സഫറു ല്ലാഹ്ഖാനെ പാക് വിദേശകാര്യമന്ത്രി സ്ഥാനത്ത് നിന്നു പുറത്താക്കുക. 3. അഹ്മദിയ്യാ കേന്ദ്രമായ റബ്‌വഃ നഗരം പിടിച്ചെടുക്കുക എന്നിവയായിരുന്നു. പ്രക്ഷോഭകാലത്ത് എരിതീയിൽ എണ്ണ ഒഴിക്കാനായി മൗലാനാ മൗദൂദി എഴുതിയ പുസ്തകമായിരുന്നു 'ഖാദിയാനീ മസ്അല'. അതുപോലെ അദ്ദേഹത്തിന്റെ മൂർത്തദ്ദിനെ (മതപരിത്യാഗിയെ) വധിക്കണമെന്ന സിദ്ധാന്തവും പ്രക്ഷോഭകാരി കളെ രക്തദാഹികളാക്കി മാറ്റി. രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്ന കലാപം പഞ്ചാ ബിലെ ക്രമസമാധാനാന്തരീക്ഷത്തെ തകർക്കുകയും ഗവർണ്ണർ ജനറൽ ഗുലാം മുഹമ്മദ് നിസാമുദ്ദീൻ, മന്ത്രിസഭ പിരിച്ചു വിടുകയും ചെയ്തു. കലാപത്തിന്റെയും അട്ടിമറിയുടെയും പ്രചോദന കേന്ദ്രമായി വർത്തിച്ച മൗലാനാ മൗദൂദിയെ പട്ടാള ക്കോടതി വധശിക്ഷക്കു വിധിച്ചു. പിന്നീട് ശിക്ഷ ലഘൂകരിക്കപ്പെടുകയുണ്ടായി. ഈ കലാപത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് മുനീർ, മുല്ലായിസത്തിന്റെ ഭീകര വാദങ്ങളും മനുഷ്യത്വ വിരുദ്ധമായ നിലപാടുകളും ഇസ്‌ലാമിനെസ്സംബന്ധിച്ചുള്ള അവരുടെ വികല സങ്കല്പങ്ങളും മതനേതാക്കൻമാരെ വിചാരണ ചെയ്ത് അനാ വരണം ചെയ്യുകയുണ്ടായി. ലോകപ്രശസ്തമായ മുനീർ കമ്മീഷൻ റിപ്പോർട്ട് അതാണ്. (വിവ:)

*C **ഇമാം അബുഹംബൽ** (ഹി. വ:1624-241/ക്രി.വ.780-855) ഹംബലി മദ്ഹബിന്റെ സ്ഥാപകൻ. ബാഗ്ദാദിലെ ശൈബാൻ ഗോത്രത്തിൽ ജനിച്ചു. ഹദീസുകളായി രുന്നു അദ്ദേഹത്തിന്റെ മുഖ്യപഠന വിഷയം. ഉപരിപഠനാർത്ഥം വിവിധ മുസ്‌ലിം നാടുകൾ സന്ദർശിച്ച അഹ്മദ് ഹംബൽ, ഇമാം ശാഫിയിൽ നിന്നാണ് വിദ്യ അഭ്യ സിച്ചത്. ഖുർആൻ സൃഷ്ടിയാണെന്ന് വാദിച്ച അക്കാലത്തെ കൊട്ടാരവാദികളെ എതിർത്തതിന് ഖലീഫാ മാമൂന്റെ കാലത്ത് ഇമാം അഹ്മദ് ഹംബൽ കഠിനമായ പീഡനങ്ങൾക്ക് വിധേയമായി. പീഡനകാലത്ത്തന്നെ ചങ്ങലയിൽ ബന്ധിതനാ യികൊണ്ടാണ് ഖലീഫാ മാമൂന്റെ മരണവാർത്ത അദ്ദേഹം ശ്രവിച്ചത്. അതിന് ശേഷം ഖലീഫയായ മുതവക്കിലിന്റെ കാലത്തും പീഡനം തുടർന്നു. പിൽക്കാ ലത്ത് അബ്ബാസിയ ഭരണകൂടത്തിൽ മാന്യനായ അതിഥിയായി അദ്ദേഹം സ്വീക രിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതിയാണ് മുസ്നദ്. 28,000ൽപരം ഹദീസുകൾ ഇതിൽ അടങ്ങിയിട്ടുണ്ട്. (വിവ:)

*D **ഉമയ്യാദുകൾ:** അബൂസുഫിയാന്റെ മകനായ മുആവിയായുടെ പേരിൽ അറി യപ്പെടുന്ന ഖിലാഫത്ത് ഭരണപരമ്പര. മക്കാ വിജയത്തിന് ശേഷമായിരുന്നു മുആ വിയ ഇസ്‌ലാം ആശ്ലേഷിച്ചത്. ഇസ്‌ലാമിലെ അഞ്ചാമത്തെ ഖലീഫയായി അറിയ പ്പെടുന്ന അദ്ദേഹം ജനക്ഷേമകരമായ പല ഭരണപരിഷ്ക്കാരങ്ങളും നടപ്പാക്കി. ഇസ്‌ലാമിൽ പാരമ്പര്യ രാജവാഴ്ച ആരംഭിച്ചത് അദ്ദേഹത്തിനു ശേഷമാണ്. ദമാ സ്കസ് ആയിരുന്നു അമവിയ്യാ ഖിലാഫത്തിന്റെ ആസ്ഥാനം. അമവിയ്യാ രാജാ ക്കൻമാരുടെ ഭരണത്തിനു കീഴിൽ ഇസ്‌ലാം വമ്പിച്ച പുരോഗതി കൈവരിച്ചു.



ഈ കാലഘട്ടത്തിൽ ഇസ്‌ലാം വടക്കൻ ആഫ്രിക്കയും, സ്പെയിനും കടന്ന് ഫ്രാൻസിന്റെ പടിവാതിൽക്കലെത്തി. ചൈന മുതൽ അറ്റ്‌ലാന്റിക് സമുദ്രം വരേയും വടക്കേ ഇന്ത്യയിലും തെക്കൻ ആഫ്രിക്കയിലും ഇസ്‌ലാം വ്യാപിച്ചു. അമവിയ്യാ കാലഘട്ടത്തിൽ സാഹിത്യം, കല, സമ്പദ് രംഗം മുതലായ മേഖലകളിൽ ഇസ്‌ലാം സുവർണ്ണ മുദ്ര പതിപ്പിക്കുകയുണ്ടായി(വിവ:)

*E **ഇമാം നവവി:** (ഹിവ:631-76/ക്രി.വ:1233-78) ശാഫി ചിന്താസരണിയിലെ അതി പ്രശസ്തനായ കർമ്മശാസ്ത്ര പണ്ഡിതൻ. സിറിയയിലെ ദമാസ്കസിൽ ജനിച്ച ധീരനും ഉജ്ജ്വല പണ്ഡിതനുമായ നവവിയെ സുൽത്താൻ ബൈബാൾ ദമാ സ്കസിൽ നിന്ന് പുറത്താക്കുകയുണ്ടായി. ഇമാം ബുഖാരി, അബൂദാവൂദ് എന്നി വരുടെ ഹദീസുകൾക്ക് വ്യാഖ്യാനം രചിച്ച ഇമാം നവവി ആധികാരിക ഫിഖ്ഹ് ഗ്രന്ഥങ്ങളുടെയും ജീവചരിത്രപരമായ രചനകളുടെയും കർത്താവാണ്. പ്രശസ്ത ഹദീസ് സമാഹാരമായ 'റിയാളുസാലിഹീൻ'ന്റെ കർത്താവ് ഇമാം നവവിയാണ്.( വിവ:).

*F **തഹ്കീം:** അല്ലാഹുവിനു മാത്രമെ വിധി തീർപ്പിനുള്ള അധികാരമുള്ളൂ എന്ന വാദം (വിവ:)

*G **തക്ഫീർ:** പരസ്പരം ഇസ്‌ലാമിക വിശ്വാസത്തിൽ നിന്ന് പുറത്താക്കനാള്ള മതവിധി.(വിവ:)

*H **കാർമേത്തിയൻ:** മജൂസികളുടെ (സോറോസ്റ്റ്റിയൻ) പിൻഗാമികളിൽ ബാത്തി നിയ്യ വിഭാഗത്തിൽപ്പെട്ട ഒരു ശാഖയിലെ അംഗങ്ങൾ. സ്ഥാപക നേതാവായ ഹംദാൻ കർമ്മത്തിൽ നിന്നാണ് സംഘത്തിന് ഈ പേർ വന്നത്. ഇവരുടെ സ്വന്തം തത്ത്വങ്ങളുമായി യോജിച്ചു പോവുന്ന ഖുർആൻ സൂക്തങ്ങൾ മാത്രമെ വിശ്വസി ച്ചിരുന്നുള്ളൂ. ഹിജ്റ 281 ൽ ഒരു പ്രബലശക്തിയായി മാറിയ കാർമേത്തിയൻമാർ ബഹറൈൻ കേന്ദ്രമായാണ് പ്രവർത്തിച്ചത്. ഹിജ്റ 317ൽ മക്കയിൽ പ്രവേശിച്ച് 3000 ആളുകളെ വധിച്ച ഇവർ ഹജ്റുൽ അസ്‌വദ്(കറുത്തകല്ല്) ഇളക്കിയെടുത്ത് ബഹറൈനിലേക്ക് കൊണ്ടുപോയി. ഹിജ്റ 329 ലാണ് അത് തിരിച്ചു കൊണ്ടുവ ന്നത്. (വിവ:)

*I **മുഅ്തസില:** യുക്തിക്കും ബുദ്ധിക്കും ഊന്നൽ നല്കിക്കൊണ്ട് ഇസ്‌ലാമിക ദൈവശാസ്ത്രത്തെ സമീപിച്ച ഒരു ചിന്താധാര. മുഅ്തസിലുകൾ വെളിപാടുകളെ നിഷേധിക്കുന്നില്ലെങ്കിലും യുക്തിയും ബുദ്ധിയും ഉപയോഗിച്ച് മാത്രമേ അവ പ്രയോഗിക്കാൻ സാധിക്കുകയുള്ളൂ എന്ന് ശക്തിയായി വാദിക്കുന്നു. മനുഷ്യന്റെ വിധി മനുഷ്യൻ തന്നെ നിശ്ചയിക്കുന്നു എന്ന് വാദിക്കുന്ന മുഅ്തലിസുകൾ 7 മുതൽ 9 വരെ നൂറ്റാണ്ടുകളിൽ യൂറോപ്പിലുണ്ടായ ധൈഷണിക പ്രസ്ഥാനം പോലെ യുള്ള ഒന്നായിരുന്നു. യൂറോപ്യൻ ധൈഷണിക പ്രസ്ഥാനം മതത്തിന്റെ അതിരു കൾ വിട്ട് മതവിരുദ്ധമായിത്തീരുകയാണുണ്ടായത്. മുഅ്തലിസുകളുടെ യുക്തി വാദ പ്രസ്ഥാനം ഖുർആന്റെ ഭൂഗുരുത്വത്തിന് വിധേയമായിരുന്നു. ഇമാം ഹസൻ ബസരിയുടെ വിജ്ഞാന സദസ്സിൽ നിന്നു തെറ്റിപ്പിരിഞ്ഞവരാണ് മുഅ്തസിലു കൾ (വിവ:).

*J **സൻദക്ക** = മതനിരാസം. (വിവ:)

*K **അൽഹല്ലാജ്:** (ഹി 244-309) സുപ്രസിദ്ധ പേർഷ്യൻ സൂഫി. സന്യാസ ജീവിതം ആരംഭിച്ച ഹല്ലാജ് അസാധാരണമായ പല സിദ്ധികളും പ്രകടിപ്പിച്ചിരുന്നു. പേർഷ്യ, തുർക്കി, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ അലഞ്ഞു നടന്ന ഹല്ലാജിനെ മുഅ്തലിസുകൾ ദുർമന്ത്രവാദിയായി കണക്കാക്കി. ഇമാമിയ വിഭാഗക്കാർ അദ്ദേഹത്തെ മതഭ്രഷ്ടനാക്കി. എന്നാൽ, ഖലീഫ മുഖ്തദിറിന്റെ മാതാവിനെപ്പോലെ ഉന്നത സ്ഥാനീയരും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുണ്ടായിരുന്നു. അനൽഹഖ് (ഞാനാണ് സത്യം) എന്ന അദ്ദേഹത്തിന്റെ വാദം തന്റെ അസ്തിത്വം മുഴുവനും ദൈവാനുരാഗത്തിൽ നശിപ്പിച്ചതിനു ശേഷം ദൈവാനുരാഗത്തിന്റെ തുരീയാവസ്ഥയെ സൂചിപ്പിക്കുന്നതായിരുന്നു. പണ്ഡിത വർഗ്ഗത്തിന് ഈ ആത്മീയ സാങ്കേതിക പ്രയോഗം മനസ്സിലാക്കാനായില്ല. ജയിലങ്കണത്തിൽ അംഗഛേദം വരുത്തിയതിന് ശേഷമാണ് ഹല്ലാജിനെ അബ്ബാസികൾ കൊലപ്പെടുത്തിയത്. അതിനു ശേഷം തലവെട്ടിയെടുത്ത് ചുട്ടു ചാമ്പലാക്കുകയും ചെയ്തു. ഹിജ്റ 5-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രഗത്ഭനായ ശൈഖ് മുഹിയുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി(ഖ:സി) ഹല്ലാജിനെ വധിച്ചവരെ അപലപിച്ചിട്ടുണ്ട്(വിവ:)

* L **ഹുലൂൽ:** സാധാരണക്കാർക്ക് ദുർജ്ഞേയമായ ഒരു സൂഫി സാങ്കേതിക പദം. അവതാരവാദത്തിനും ഹുലൂൽ എന്ന പദമാണ് ഉപയോഗിക്കുക. അവതരിക്കുക, ഇറങ്ങുക, കെട്ടഴിക്കുക, ചുരുൾ നിവർത്തുക, ഒരു സ്ഥലത്തു വന്നിറങ്ങുക എന്നൊക്കെ അർത്ഥമുള്ള ഹല്ല എന്ന ക്രിയയിൽ നിന്നു നിഷ്പന്നമായതാണ് ഹുലൂൽ. ആത്മീയമായി അഗാധമായ അർത്ഥധ്വനികളുള്ള ഹുലൂൽവാദം ഉയർത്തിയ ശിയാ-സുന്നി വിഭാഗത്തിൽപ്പെട്ട ആത്മീയ പുരുഷൻമാരെ അഖീദയിൽ പിഴച്ചവരാണെന്നും ഇസ്‌ലാമിനു പുറത്താണെന്നും ആരോപിച്ചു കൊണ്ട് ബാഹ്യമാത്ര ദൃഷ്ടികളായ പണ്ഡിതൻമാർ വിധി പുറപ്പെടുവിക്കുകയും ശിക്ഷണ നടപടികൾ എടുക്കുകയുമുണ്ടായിട്ടുണ്ട്. (വിവ:)

*M **ശിഹാബുദ്ദീൻ യഹ്‌യ അൽ സുഹ്റവർദി:** ഇറാനിലെ സുഹ്റ വർദിയിൽ ജനിച്ച ഇദ്ദേഹം തത്ത്വജ്ഞാനി ആയിരുന്നു. ശാഫി മദ്ഹബ്കാരനായതിനാൽ മുർത്തദ്ദായി പ്രഖ്യാപിക്കപ്പെട്ടു. പിന്നീട് വധിക്കപ്പെടുകയുണ്ടായി.(വിവ:)

* N **ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ):** (1835-1908) ഭാരതത്തിൽ പഞ്ചാബിലെ ഖാദിയാനിൽ ജനിച്ചു. ചെറുപ്പം മുതൽക്കേ അസാമാന്യ ഭക്തിയിലും, തപസ്യയിലും ആമഗ്നനായ ഹദ്റത്ത് അഹ്മദ് (അ) ഇസ്‌ലാമിന്റെയും മുഹമ്മദു നബി(സ)യുടെയും പ്രഭാവം പ്രകാശിതമാക്കുന്നതിനുവേണ്ടി അഹോരാത്രം പ്രവർത്തിച്ചു. ഇസ്‌ലാമിന്റെ നവോത്ഥാനത്തിനായി തിരുവചനങ്ങളിൽ പ്രവചനം ചെയ്യപ്പെട്ട വാഗ്ദത്തപരിഷ്ക്കർത്താവ് താനാണെന്ന് ദിവ്യവെളിപാടിലൂടെ ദൈവം തന്നെ അറിയിച്ചതായി അദ്ദേഹം ലോകത്തോട് പ്രഖ്യാപിച്ചു. ദിവ്യ പ്രചോദനം കൊണ്ട് അദ്ദേഹത്താൽ വിരചിതമായ ഗ്രന്ഥങ്ങൾ ആത്മീയജ്ഞാനത്തിന്റെയും ധൈഷണിക പ്രതിഭാവിലാസത്തിന്റെയും അന്യാദൃശമായ അത്ഭുതങ്ങളും ഇസ്‌ലാമിക വൈശിഷ്ട്യത്തിന്റെ വൈജയന്തികളുമാണ്. 1889 ൽ അദ്ദേഹം ദൈവ നിർദ്ദേശപ്രകാരം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് രൂപവത്കരിച്ചു. 1908ൽ ഹദ്റത്ത് അഹ്മദ്(അ) ദിവംഗതനായി. (വിവ:)



* O **സാഹിബ് സാദാ അബ്ദുല്ലത്തീഫ് (റ):** അഫ്ഗാനിസ്ഥാനിൽ വെച്ച് 1903 മാർച്ച് 4ന് രക്തസാക്ഷിത്വം വരിച്ച അഹ്മദി മുസ്‌ലിം. അഫ്ഗാനിസ്ഥാനിലെ കോസ്ത്ത് പ്രവശ്യയിൽ പ്രശസ്തനായ ഒരു മുസ്‌ലിം സിദ്ധന്റെ മകനായി ജനിച്ച അബ്ദുൽ ലത്തീഫ് അഗാധ പണ്ഡിതനും ദൈവത്തിൽ നിന്ന് ദിവ്യജ്ഞാനങ്ങൾ ലഭിച്ചു കൊണ്ടിരുന്ന തികഞ്ഞ ഭക്തനും അഫ്ഗാനിസ്ഥാനിലെ സമുന്നത മത നേതാവുമായിരുന്നു. അഫ്ഗാൻ രാജാവിന്റെ കിരീടധാരണത്തിന് കാർമ്മികത്വം വഹിച്ച സാഹിബ് സാദാ അബ്ദുൽല്ലത്തീഫ് അഫ്ഗാനിസ്ഥാനിലെ ചോദ്യം ചെയ്യപ്പെടാത്ത മതപണ്ഡിതനായിരുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദിനെ (അ)ക്കുറിച്ചറിയാനായി അബ്ദുൽല്ലത്തീഫ് ഖാദിയാനിൽ വരികയും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ഹദ്റത്ത് അഹ്മദ്(അ)ന്റെ എല്ലാ വാദങ്ങളിലും വിശ്വസിക്കുകയും ചെയ്തു. അഫ്ഗാനിസ്ഥാനിലേക്ക് മടങ്ങിച്ചെന്ന സാഹിബ് സാദാ അബ്ദുൽല്ലത്തീഫ് സാഹിബിനെ - വാഗ്ദത്ത മസീഹിനെ വിശ്വസിച്ചുവെന്നും, ജിഹാദിനെ നിഷേധിച്ചുവെന്നുമുള്ള കുറ്റം ചാർത്തി അഫ്ഗാൻ രാജാവ് വിചാരണ ചെയ്തു. തന്റെ വിശ്വാസത്തെ തള്ളിപ്പറയാൻ അവസരം നല്കിയെങ്കിലും അചഞ്ചലനായ ആ ഭക്തനെ മതപുരോഹിതൻമാരുടെ വിധിയുടെ അടിസ്ഥാനത്തിൽ അഫ്ഗാൻ അമീർ അമാനുല്ലാഖാൻ എറിഞ്ഞുകൊല്ലാൻ വിധിക്കുകയായിരുന്നു. തന്റെ ശിരസ്സിൽ കിരീടം ചാർത്തിയ ഭക്തരിൽ ഭക്തനായ ആ പുണ്യാത്മനെ എറിഞ്ഞു കൊല്ലാൻ അമീർ കല്പന പുറപ്പെടുവിച്ചു. ജനക്കൂട്ടത്തിന്റെ ശിലാവർഷത്തിൽ ആ മഹൽജ്ഞാനി രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. ബീഭത്സവും ക്രൂരവുമായ ഈ രക്തസാക്ഷിത്വത്തെസ്സംബന്ധിച്ച് ഹദ്റത്ത് അഹ്മദ്(അ) തന്റെ 'തദ്കിറത്തു ശ്ശഹാദത്തൈൻ' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുകയും അഫ്ഗാനിസ്ഥാന് സംഭവിക്കുന്ന നിർഭാഗ്യങ്ങളെ ക്കുറിച്ച് ദീർഘ ദർശനം ചെയ്യുകയും ചെയ്തിട്ടുണ്ട് (വിവ:)

* P **മൗലവി നിഅ്മത്തുല്ലാഹ്:** 1924ൽ രക്തസാക്ഷിത്വം വരിച്ച അഹ്മദി യുവാവ്. ഖാദിയാനിലെ ഇസ്‌ലാമിക് സെമിനാരിയിൽ വിദ്യാർത്ഥിയായിരുന്ന അഫ്ഗാൻകാരനായ നിഅ്മത്തുല്ലാഹ് സ്വദേശത്തേക്ക് മടങ്ങിച്ചെല്ലുകയുണ്ടായി. പത്തൊമ്പത് വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഭക്തനായ ആ യുവാവിനു മേൽ അഹ്മദിയ്യാ വിശ്വാസം ഉപേക്ഷിക്കാൻ വമ്പിച്ച സമ്മർദ്ദമുണ്ടായി. അചഞ്ചലനായ ആ വിശ്വാസരത്നം വധശിക്ഷ സസന്തോഷം ഏറ്റുവാങ്ങി. അഹ്മദിയ്യാ ഖലീഫ രണ്ടാമന്റെ ലണ്ടൻ പര്യടന വേളയിലായിരുന്നു ഈ ദാരുണ സംഭവം അഫ്ഗാനിസ്ഥാനിൽ അരങ്ങേറിയത് (വിവ:)

* Q **ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ:** വിശ്വപ്രസിദ്ധനായ ഖുർആൻ ഭാഷ്യകാരനും അതുല്യനായ നിയമപണ്ഡിതനും ലോകകോടതി ജഡ്ജിയും ഐക്യരാഷ്ട്ര അസംബ്ലി പ്രസിഡണ്ടുമായിരുന്ന പാകിസ്താൻ പൗരൻ. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത സഫറുല്ലാഹ് ഖാൻ സമുന്നതനായ ഒരു രാഷ്ട്രീയനേതാവുകൂടിയായിരുന്നു. അവിഭക്ത ഭാരതത്തിന്റെ വൈസ്രോയി ക്യാബിനറ്റിൽ അംഗവും സുപ്രീംകോടതി ജഡ്ജിയുമായിരുന്ന അദ്ദേഹം 1930 ൽ ഓൾ ഇന്ത്യാ മുസ്‌ലിം ലീഗിന്റെ പ്രസിഡണ്ടായിരുന്നു. സർ സഫറുല്ലാഹ്ഖാൻ പാകിസ്താന്റെ ആദ്യത്തെ വിദേശകാര്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. ഉയർന്ന ചിന്തകനും കിടയറ്റ വാഗ്മിയും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായിരുന്ന സഫ

റുല്ലാഹ് ഖാൻ 1985 സെപ്തംബർ 1-ാം തിയ്യതി പാകിസ്താനിൽ ദിവംഗതനായി.(വിവ:)

*R **വഹാബിസം:** മുഹമ്മദ്ബിൻ അബ്ദുൽവഹ്ഹാബ് (ക്രി.വ 1703-1792) സ്ഥാപിച്ച ഒരു വിപ്ലവമത നവീകരണ പ്രസ്ഥാനം. വഹാബി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ തീവ്രവാദപരമായിരുന്നു. അറേബ്യയിലെ ദർഇയയിൽ വെച്ച് സൗദി ഭരണാധികാരിയായിരുന്ന ഇബ്നുസഊദുമായി അബ്ദുൽവഹ്ഹാബ് ബന്ധപ്പെടുകയുണ്ടായി. ഇബ്നുസഊദ് രാജകുടുംബത്തിന് രാജവാഴ്ച പിടിച്ചെടുക്കാനും നിലനിറുത്താനും വഹാബിസം പിന്നീട് തുണയായിത്തീർന്നു. വഹാബിസം സഊദിയുടെ ഔദ്യോഗിക ആശയമായി. ഖത്തർ, സിറിയ, കുവൈറ്റ്, യു.എ.ഇ. എന്നീ രാജ്യങ്ങളിലേക്ക് വഹാബിപ്രസ്ഥാനം പ്രചരിച്ചതും സഊദി അറേബ്യയിൽ നിന്നാണ്. ഈ രാജ്യങ്ങളിലെ അറബികളുടെ ധനപരവും രാഷ്ട്രീയവുമായ ശക്തികൊണ്ട് വഹാബിസം ദരിദ്രരാജ്യങ്ങളിലും മുസ്ലിംകളിലും പ്രചരിച്ചുവരികയാണ്. (വിവ:).

*S **ഇസ്നാ അശരിയ്യ:** ഒരു ശിയാ വിഭാഗം. പന്ത്രണ്ടുകാർ എന്നാണ് ഇതിനർത്ഥം. അല്ലാഹു, നബിക്കുശേഷം ആത്മീയ ഭരണം നടത്താൻ പന്ത്രണ്ടു പേരെ നിശ്ചയിച്ചുവെന്നാണ് അവരുടെ വിശ്വാസം. പന്ത്രണ്ടാമത്തെ ഇമാം മുഹമ്മദ് ബിൻ ഹസൻ അൽ അസ്കരി ചെറുപ്രായത്തിൽ അബ്ബാസിയ ഭരണത്തിനു കീഴിൽ പീഡനം സഹിക്കവയ്യാതെ ഒരു കിണറ്റിൽ അന്തർധാനം ചെയ്തുവെന്ന് അവർ വിശ്വസിക്കുന്നു. മറഞ്ഞു നില്ക്കുന്ന ഇമാം അവസാനകാലം പ്രത്യക്ഷനായി സൽഭരണം കാഴ്ചവെക്കുമെന്നും അവർ കരുതുന്നു.(വിവ:)

*T **തഹ്രീഫ്:** തിരുത്തൽ (വിവ:)

### അദ്ധ്യായം 7

# മതപരിത്യാഗത്തിനുള്ള ശിക്ഷ

മുൻ അദ്ധ്യായങ്ങളിൽ ഖുർആനിൽ നിന്നും ഇസ്ലാമിക ചരിത്രത്തിൽ നിന്നും ഇസ്ലാംമതമുപേക്ഷിക്കുന്നവന് ഏതെങ്കിലും തരത്തിലുള്ള ഭൗതിക ശിക്ഷ ഇസ്ലാം മതം നിർദ്ദേശിക്കുന്നു എന്ന വാദത്തിലെ പൊള്ളത്തരങ്ങൾ നാം തുറന്നു കാട്ടുകയുണ്ടായി. മതപരിത്യാഗിയെ വധിക്കണമെന്ന് വാദിക്കുന്നവർ സാമാന്യമായി ഉന്നയിക്കുന്ന എല്ലാ വാദമുഖങ്ങളും നാം സുദീർഘമായി പരിശോധിക്കുകയും ചെയ്തു. ഇക്രിമയെസ്സംബന്ധിച്ച റിപ്പോർട്ടും അബൂബക്കറി(റ)ന്റെ കാലത്ത് സക്കാത്തിനോടനുബന്ധിച്ച് നടന്ന സംഭവങ്ങളും മറ്റുമാണ് പരിശോധനക്ക് വിധേയമാക്കിയത്. ഈ അദ്ധ്യായത്തിൽ മറ്റു ചില വാദങ്ങളാണ് നാം പരിശോധിക്കുന്നത്.

ഇസ്ലാമിലെ ഈ ബലപ്രയോഗ സങ്കല്പം ഇസ്ലാമിക ഭൂമികയിൽ നിന്നു തന്നെ രൂപം കൊണ്ടതാണോ അതല്ല ഓറിയന്റലിസ്റ്റുകളുടെ ഭാവനാ സൃഷ്ടി ഇസ്ലാമിന്റെ മടിത്തട്ടിലേക്ക് ചേക്കേറിയതാണോ എന്നൊന്നും വ്യക്തമായി പറയാൻ സാധ്യമല്ല. ഇസ്ലാമിക ചരിത്രത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഇത് പരിശോധിക്കുമ്പോൾ ഞാൻ സത്യസന്ധമായി വിശ്വസിക്കുന്നത്, ഈ ബലപ്രയോഗ സിദ്ധാന്തത്തിന്റെ അടിവേരുകൾ ഇസ്ലാമിക ലോകത്ത് തന്നെയാണ് നിലകൊള്ളുന്നത് എന്നാണ്. ഓറിയന്റിലിസ്റ്റുകളുടെ കണ്ടുപിടിത്തമാണ് ഇതെന്ന് പറഞ്ഞ് അവരെ കുറ്റപ്പെടുത്തുന്നത് നമ്മെ സംബന്ധിച്ചിടത്തോളം ശരിയല്ല. അവർ മുസ്ലിംകളിൽ നിന്നു തന്നെ ചികഞ്ഞെടുത്തതാണിത്. ഓറിയന്റലിസ്റ്റുകൾ എന്ന ഒരു വർഗ്ഗം ജനിക്കുന്നതിന് മുമ്പേ മധ്യകാല ഇസ്ലാമിക ചിന്തകളിൽ തന്നെ ഈ ആശയം കാണാമായിരുന്നു. അമവിയ്യാ ഭരണത്തിന് കീഴിലാണ് അത് ഉത്ഭവിച്ചത്. അബ്ബാസിയ്യാ കാലഘട്ടത്തിലുടനീളം ഈ സിദ്ധാന്തം തുടരുകയും പൂർണ്ണത പ്രാപിക്കുകയും കൂടുതൽ ശക്തിപ്പെടുകയും ചെയ്തു. കാരണം, അബ്ബാസിയ്യാ ഭരണകൂടത്തിന് പര

മാധികാരം നിലനിറുത്താൻ ശത്രുക്കൾക്കെതിരെ മാത്രമല്ല സ്വന്തം ജനതക്കെതിരിലും ശക്തിപ്രയോഗിക്കേണ്ടത് ആവശ്യമായി വന്നു. അവരുടെ സ്വാധീനത്തിലുള്ള പണ്ഡിതൻമാരിൽ നിന്ന് ഇതിനുള്ള ലൈസൻസ് തേടിക്കൊണ്ടിരുന്നു. ഈ സങ്കല്പം ആവിർഭവിച്ചത് ഖിലാഫത്തു റാശിദക്ക് [1] ശേഷമുണ്ടായ ബാഗ്ദാദിലെ ഭരണകൂടങ്ങളുടെ സമീപനങ്ങളിൽ നിന്നും നയങ്ങളിൽ നിന്നുമാണ്.

പുറമെ നിന്നു നോക്കുമ്പോൾ പാശ്ചാത്യ ചരിത്രകാരൻമാർ ഇതൊരു ഇസ്ലാമിക സിദ്ധാന്തമാണെന്ന് കരുതിയിരുന്നു. പക്ഷേ, യാഥാർത്ഥ്യം മറ്റൊന്നാണ്. അതൊരിക്കലും ഒരു ഇസ്ലാമിക സിദ്ധാന്തമായിരുന്നില്ല. ചില മുസ്ലിം ഭരണകൂടങ്ങളുടെ അടിസ്ഥാന സ്വഭാവം അതായിരുന്നു എന്നതാണ് വാസ്തവം. നാം മറ്റൊരു കാര്യം കൂടി ഓർക്കേണ്ടതുണ്ട്. അതായത്, ആശയ പ്രചാരണത്തിന് ബലപ്രയോഗം കൈക്കൊള്ളുന്നത് സാധാരണമായിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ഇസ്ലാമിക ഭരണകൂടങ്ങളുടെ ഈ സിദ്ധാന്തം ജന്മം കൊണ്ടത് എന്നതാണത്. ഇസ്ലാമിക ഭരണത്തിൽ മാത്രം ഇക്കാര്യം ഒഴിച്ചു നിറുത്താൻ സാധ്യമല്ല.

ഒരു കാര്യം വളരെ സ്പഷ്ടമാണ്. ഇസ്ലാം അതിന്റെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ബലപ്രയോഗം സ്വീകരിക്കുന്നു എന്ന ആരോപണം ഇസ്ലാമിക പ്രമാണങ്ങളുടെ പഠനങ്ങളിൽനിന്ന് ഉടലെടുക്കുന്നതല്ല. മറിച്ച്, അത് ചില മുസ്ലിം രാഷ്ട്രങ്ങളുടെ സ്വഭാവങ്ങളുടെ നിരീക്ഷണത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. എല്ലാ ഇസ്ലാമിക സാഹിത്യങ്ങളും തിരുനബി(സ)യുടെ നടപടി ക്രമങ്ങളും എല്ലാവർക്കും ലഭ്യമാകുന്ന പുതിയ യുഗം പൊട്ടിവിടർന്നിരിക്കുന്നു. വിശുദ്ധ ഖുർആൻ നിരവധി ഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. പാശ്ചാത്യ പണ്ഡിതൻമാർക്ക് ഇസ്ലാമിക സാഹിത്യ സ്രോതസ്സുകളിലേക്ക് നേരിട്ട് സ്വച്ഛന്ദം കടന്നു ചെല്ലാവുന്ന ഈ കാലഘട്ടത്തിലും പഴയ ആരോപണങ്ങളിൽ തന്നെ ഉറച്ചു നില്ക്കുന്നത് നീതീകരിക്കാനാവില്ല. അവർ ഇസ്ലാമിക പ്രമാണങ്ങളുടെ പ്രഭവ കേന്ദ്രങ്ങളിലേക്ക് പോവുകയും ഖുർആനും, ഹദീസും പ്രവാചകനായ മുഹമ്മദ് നബി(സ)യുടെ അദ്ധ്യാപനങ്ങളും പെരുമാറ്റ സമ്പ്രദായങ്ങളും നേരിട്ട് പഠിക്കുകയുമാണ് വേണ്ടത്.

ഈ വിഷയം പരിശോധിക്കാനുള്ള ഒരു ശ്രമമാണിത്. ചില കാലഘട്ടങ്ങളിൽ മുസ്ലിംകൾ എങ്ങനെ പെരുമാറി എന്നതിന്റെ വെളിച്ചത്തിലുള്ള ഒരു പരിശോധനയല്ല ഇവിടെ നിർവ്വഹിക്കുന്നത്. മറിച്ച്,



വിശുദ്ധ ഖുർആൻ ഈ വിഷയ സംബന്ധമായി നല്കിയ അടിസ്ഥാന അദ്ധ്യാപനങ്ങളും തിരുനബി(സ)യുടെ വചനങ്ങളും പ്രവർത്തനങ്ങളും നല്കിയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു പരിശോധനയാണ് ഇവിടെ നടത്തുന്നത്.

അനുയായികളുടെ പെരുമാറ്റങ്ങളെ ആധാരമാക്കി അദ്ധ്യാപനങ്ങളെ വിലയിരുത്തുന്ന പ്രവണത അതിന്റെ മൗലിക പ്രമാണങ്ങളെക്കുറിച്ചുള്ള തെറ്റുധാരണയിലേക്ക് നയിക്കുന്നു. എല്ലാ മതങ്ങൾക്കും കുറച്ച് കാലങ്ങൾക്കുശേഷം അതിന്റെ അനുയായികളുടെ മേൽ സ്വാധീനം നഷ്ടപ്പെടുന്നു എന്നത് സാർവ്വത്രികമായ ഒരു സത്യമാകുന്നു. ഇതിനെസ്സംബന്ധിച്ച് കൂടുതൽ വ്യക്തമായ ഒരു ചിത്രം ലഭിക്കാൻ ആദിമ ബുദ്ധമതക്കാരുടെയും സമകാലീന ബുദ്ധമതക്കാരുടെയും ജീവിത സമ്പ്രദായം ഒന്നു താരതമ്യം ചെയ്തു നോക്കിയാൽ മതി. അതുപോലെ പ്രാചീന ഹിന്ദു മതത്തെയും നവീന ഹിന്ദു മതത്തെയും ഒന്നു താരതമ്യം ചെയ്തു നോക്കുക. പലപ്പോഴും അതിന് യഥാർത്ഥ അദ്ധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല എന്ന് ബോധ്യമാവും. പ്രത്യേകിച്ച്, ഒരു കാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയത്തെ ഒരിക്കലും മതവുമായി കൂട്ടിക്കുഴക്കരുത്. ഒരു ജനതയുടെ രാഷ്ട്രീയമായ സ്വഭാവം ആ ജനത അവലംബിക്കുന്ന മതാദ്ധ്യാപനങ്ങളുടെ പ്രതിഫലനമായി ഒരിക്കലും കണക്കാക്കരുത്.

മതപരിത്യാഗത്തിന് വധശിക്ഷ വേണമെന്ന് വാദിക്കുന്നവരുടെ സാമ്പ്രദായിക വാദമുഖങ്ങൾക്ക് വിരുദ്ധമായൊരു പശ്ചാത്തലത്തിലാണ് ഇവിടെ നാം ഇത് പരിശോധിക്കുന്നത്.

## മതപരിത്യാഗിയുടെ നിർവചനം

> **'അവർക്ക് സാധിക്കുമെങ്കിൽ നിങ്ങളുടെ മതത്തിൽ നിന്നു നിങ്ങളെ പിന്തിരിപ്പിക്കുവോളം അവർ നിങ്ങളോടു യുദ്ധം ചെയ്തു കൊണ്ടേയിരിക്കും. നിങ്ങളിൽപ്പെട്ട ആരെങ്കിലും തന്റെ മതത്തിൽ നിന്നും പിന്തിരിഞ്ഞു പോവുകയും അങ്ങനെ അയാൾ അവിശ്വാസിയായും കൊണ്ട് മരിക്കുകയും ചെയ്യുന്നതായാൽ അത്തരക്കാരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിപ്പോവുന്നതാണ്. അവർ നരകാവകാശികളാകുന്നു. അവരതിൽ(ദീർഘകാലം) വസിക്കുന്നവരായിരിക്കും' (2:218)**

ഇത് അർത്ഥമാക്കുന്നതെന്തെന്നാൽ, ഇസ്ലാം മതം ഉപേക്ഷി

ക്കാൻ തീരുമാനിക്കുന്ന ഏതൊരാൾക്കും വാളിനെ (ശിക്ഷയുടെ കാഠിന്യത്തെ) ഒട്ടും പേടിക്കാതെത്തന്നെ അയാളുടെ മൗലികാവകാശമനുസരിച്ച് അപ്രകാരം ചെയ്യാവുന്നതാണ്. മറ്റൊരാൾക്കും അയാളെ മത പരിത്യാഗിയായി പ്രഖ്യാപിക്കാനുള്ള അവകാശമില്ല. താൻ സ്വയം ഒരു മതപരിത്യാഗി(മതമുപേക്ഷിച്ചവൻ)ആണെന്ന് പ്രഖ്യാപിക്കാനുള്ള അവകാശം മറ്റുള്ളവർക്ക് നല്കിയതായിക്കാണാൻ സാധ്യമല്ല. അതായത്, ഒരാൾക്ക് അയാളുടെ മതം ഉപേക്ഷിക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, മറ്റൊരാളെ മതത്തിൽ നിന്ന് പുറത്താക്കാനുള്ള സ്വാതന്ത്ര്യമില്ല. ഇസ്‌ലാമികാദ്ധ്യാപന പ്രകാരം മതപണ്ഡിതൻമാർക്കോ പുരോഹിതൻമാർക്കോ, അസഹിഷ്ണുവായ ഏതെങ്കിലും വ്യക്തിക്കോ ഭരണകൂടങ്ങൾക്കോ ഒരിക്കലും ഒരു മതപരിത്യാഗിയെ ഉൽപാദിപ്പിക്കാൻ സാധ്യമല്ല. അതായത് ആരെയും മതത്തിൽ നിന്നു ബഹിഷ്കൃതനാക്കാൻ സാധ്യമല്ല.

വിശുദ്ധ ഖുർആൻ പറയുന്നു:

**'തങ്ങൾക്ക് സൻമാർഗ്ഗം സ്പഷ്ടമായി മനസ്സിലായതിനു ശേഷം പിന്തിരിഞ്ഞു പോകുന്നവരാരോ അവർക്ക് (അവരുടെ അകൃത്യങ്ങളെ) പിശാച് അലംകൃതമായി കാണിച്ചു കൊടുക്കുകയും അവർക്ക് വ്യാമോഹങ്ങൾ നീട്ടിക്കൊടുക്കുകയും ചെയ്യുന്നതാണ്.' (വി.ഖുർആൻ 47:26)**

## മതപരിത്യാഗത്തെസ്സംബന്ധിച്ച ഖുർആനിക വചനങ്ങൾ

**'വിശ്വസിച്ചവരേ, നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതം വിട്ട് പുറത്ത് പോകുന്നതായാൽ അല്ലാഹു (മറ്റ്) ഒരു ജനതയെ പകരം കൊണ്ട് വരുന്നതാണ്. അവൻ അവരെ സ്നേഹിക്കും. അവർ അവനെയും സ്നേഹിക്കും. അവർ സത്യവിശ്വാസികളുടെ നേരെ വിനയവും കാരുണ്യവും ഉള്ളവരും അവിശ്വാസികൾക്കെതിരിൽ ദൃഢചിത്തരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യും. ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ അവർ ഭയപ്പെടില്ല. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. താൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നല്കുന്നു. അല്ലാഹു ഔദാര്യത്തിൽ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു' (വി. ഖുർആൻ 5-55)**

**'അല്ലാഹുവിൽ വിശ്വസിച്ചതിനു ശേഷം വല്ലവനും നിഷേധിക്കുന്നതായാൽ തന്റെ ഹൃദയം സത്യവിശ്വാസം കൊണ്ട് സമാധാനം പ്രാപിച്ചു ഉറച്ചിരിക്കേ നിർബന്ധിക്കപ്പെട്ട ഒരുവൻ ഇതിൽ നിന്ന് ഒഴിവാണ്- നേരെ മറിച്ച്, തുറന്ന ഹൃദയത്തോടുകൂടിത്തന്നെ അവൻ സത്യത്തെ നിഷേധിച്ചാൽ അവരുടെ മേൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കോപമുണ്ട്. അവർക്ക് കഠിനമായ ശിക്ഷയുമുണ്ടാകുന്നതാണ്' (വി.ഖുർആൻ 16:107)**



**'വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും പിന്നെയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർദ്ധിക്കുകയും ചെയ്തവരാരോ അല്ലാഹു അവർക്ക് ഒരിക്കലും പൊറുത്തു കൊടുക്കുകയില്ല. അവർക്ക് അവൻ (മോക്ഷമാർഗ്ഗം) കാണിച്ചു കൊടുക്കുകയുമില്ല' (4:138)**

**'മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതൻമാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൻമേൽ പിന്തിരിഞ്ഞു പോവുകയോ? ഏതൊരാൾ തന്റെ കുതികാലുകളിൻമേൽ പിന്തിരിഞ്ഞു പോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നു.' (വി.ഖുർആൻ 3:145)**

ഭാവന എത്രതന്നെ വലിച്ചു നീട്ടിയാലും വിശുദ്ധ ഖുർആന്റെ ഈ പരാമർശങ്ങളിൽ വധശിക്ഷയുടെ ലാഞ്ചന പോലും നമുക്ക് ദർശിക്കാൻ സാധ്യമല്ല.

## സൂറഃ അത്തൗബ

മതമുപേക്ഷിക്കുന്നവന് വധശിക്ഷ നല്കണം എന്ന് പറയുന്നവർ അവരുടെ വാദത്തിന്റെ പിന്തുണക്കായി ഒരു ഖുർആനിക വചനമെങ്കിലും സമർപ്പിക്കാൻ വേണ്ടിയുള്ള നിരാശാജനകമായ അന്വേഷണത്തിന്റെ അവസാനത്തിൽ ഖുർആനിലെ 9-ാം അദ്ധ്യായത്തിലെ(സൂറഃതൗബ) 12,13 വചനങ്ങളിൽ അഭയം കണ്ടെത്തുന്നു. നാം ആ സൂറത്തിലെ 3 മുതൽ 14 വരെയുള്ള വചനങ്ങൾ താഴെ ഉദ്ധരിക്കുന്നു. വിശുദ്ധ ഖുർആന്റെ ഈ വചനങ്ങൾ സ്വയംതന്നെ സംസാരിക്കുന്നു. ഈ വചനങ്ങൾ മറ്റൊരു രീതിയിൽ മനസ്സിലാക്കിയവ

രുടെ എല്ലാ ധാരണകളേയും അവ തകർക്കുകയും ചെയ്യുന്നു.

**9:3:** 'മഹത്തായ ഹജ്ജ് നാളിൽ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഭാഗത്തുനിന്ന് സകല ജനങ്ങൾക്കുമുള്ള ഒരു പ്രഖ്യാപനമാണിത്. തീർച്ചയായും അല്ലാഹുവും അവന്റെ റസൂലും ബഹുദൈവവിശ്വാസികളിൽ നിന്ന് (അവരുമായുള്ള ഉടമ്പടി ബാദ്ധ്യതകളിൽ നിന്ന്) വിമുക്തരാണ്. എന്നാൽ, നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുന്ന പക്ഷം നിങ്ങൾക്ക് അത് ഗുണകരമായിരിക്കും. നിങ്ങൾ പിന്മാറുന്നതായാൽ തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്താനാവില്ലെന്ന് അറിഞ്ഞു കൊള്ളുക. അവിശ്വാസികൾക്ക് വേദനാ ജനകമായ ശിക്ഷയുണ്ടായിരിക്കുമെന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്യുക.'

**9:4:** 'ബഹുദൈവ വിശ്വാസികളിൽ നിന്ന് നിങ്ങളോട് കരാർ ചെയ്യുകയും (എന്നിട്ട് അതിൽ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരിൽ ഒരാളെയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ (കരാറിന്റെ) കാലപരിധിവരെ നിങ്ങൾ തികച്ചും പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു.'

**9:5:** 'അങ്ങനെ (ആ നാലു) ആദരണീയ മാസങ്ങൾ കഴിഞ്ഞാൽ (പ്രസ്തുത) ബഹുദൈവ വിശ്വാസികളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കുക. അവരെ പിടികൂടുകയും അവരെ തടഞ്ഞു നിറുത്തുകയും എല്ലാ പതിതസ്ഥലങ്ങളിലും അവരെ നോക്കി തക്കം പാർത്തിരിക്കുകയും ചെയ്യുക. ഇനി അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുന്നതായാൽ അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. തീർച്ചയായും അല്ലാഹു സർവഥാ പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമാകുന്നു.'

**9:6:** 'ബഹുദൈവ വിശ്വാസികളിൽ നിന്ന് ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അല്ലാഹുവിന്റെ വചനം കേൾക്കുന്നതു വരെ അവന് അഭയം നല്കുക. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചു കൊടുക്കുക. ഇത് അവർ (കാര്യം) അറിയാത്ത ജനങ്ങളായതുകൊണ്ടാണ്.'

**9:7:** 'മസ്ജിദുൽ ഹറാമിനടുത്ത് വെച്ച് നിങ്ങളുമായി കരാർ ചെയ്തവരൊഴികെയുള്ള (മറ്റു) ബഹുദൈവ വിശ്വാസികൾക്ക് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അടുക്കൽ എങ്ങനെയാണ് ഒരു (സമാധാന) സന്ധി ഉണ്ടായിരിക്കുക? അതിനാൽ അവർ നിങ്ങളോട് നേരെ നില്ക്കുന്നിടത്തോളം നിങ്ങളും അവരുമായി നേരെ നില്ക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.'



**9:8:** '(ആ മുശ്രിക്കുകൾക്ക് ആനുകൂല്യം നൽകുക) എങ്ങനെ (സാധ്യമാകും?) അവർ നിങ്ങളുടെമേൽ വിജയം വരിക്കയാണെങ്കിൽ നിങ്ങളുമായുള്ള രക്തബന്ധമോ കരാറോ ഒന്നും പരിഗണിക്കുകയില്ല. അവർ തങ്ങളുടെ വായ കൊണ്ട് നിങ്ങളെ തൃപ്തിപ്പെടുത്താൻ (ശ്രമിക്കുന്നു). അവരുടെ ഹൃദയങ്ങൾ അത് വിസമ്മതിക്കുകയും ചെയ്യുന്നു. അവരിൽ അധികമാളുകളും ധിക്കാരികളാണ്.'

**9:9:** 'അല്ലാഹുവിന്റെ വചനങ്ങൾക്കു പകരം അവർ നിസ്സാര വില വാങ്ങിയിരുന്നു. എന്നിട്ട് അവന്റെ മാർഗ്ഗത്തിൽനിന്ന് അവർ (ജനങ്ങളെ) തടയുകയും ചെയ്തു. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് വളരെ ചീത്തയായ കാര്യം തന്നെയാണ്.'

**9:10:** 'ഒരു വിശ്വാസിയുടെ കാര്യത്തിലും രക്ത ബന്ധമോ ഉടമ്പടിയോ അവർ ഗൗനിക്കുന്നില്ല. അവർ തന്നെയാണ് അതിക്രമികൾ.'

**9:11:** 'ഇനി അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുന്നതായാൽ. മതത്തിൽ അവർ നിങ്ങളുടെ സഹോദരങ്ങളാണ്.(കാര്യങ്ങൾ) ഗ്രഹിക്കുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുന്നു.

**9:12:** 'അഥവാ അവർ കരാറിനു ശേഷം തങ്ങളുടെ പ്രതിജ്ഞകൾ ലംഘിക്കുകയും നിങ്ങളുടെ മതത്തെസ്സംബന്ധിച്ച് കുത്തുവാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നതായാൽ അവിശ്വാസത്തിന്റെ നേതാക്കളോട് നിങ്ങൾ യുദ്ധം ചെയ്യുക. തീർച്ചയായും അവരുടെ പ്രതിജ്ഞകൾക്ക് ഒരു വിലയുമില്ല. അവർ (ദ്രോഹകൃത്യങ്ങളിൽ നിന്ന്) വിരമിക്കുവാൻ വേണ്ടി.'

**9:13:** '(വിശ്വാസികളേ) തങ്ങളുടെ ശപഥങ്ങളെ ലംഘിക്കുകയും ദൈവദൂതനെ ബഹിഷ്കരിക്കാൻ തീരുമാനിക്കുകയും ചെയ്ത ഒരു ജനതയോട് നിങ്ങൾ യുദ്ധം ചെയ്യുകയില്ലേ? നിങ്ങളോട് ആദ്യം യുദ്ധം തുടങ്ങിയത് അവരാണുതാനും. നിങ്ങൾ അവരെ ഭയപ്പെടുകയോ? എന്നാൽ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ ഭയപ്പെ

ടാൻ ഏറ്റവും അർഹൻ അല്ലാഹുവാണ്.'

**9:14:** 'നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. നിങ്ങളുടെ കൈകൾ കൊണ്ട് അല്ലാഹു അവരെ ശിക്ഷിക്കുകയും അവരെ അപമാനിക്കുകയും അവരുടെമേൽ (വിജയം നേടാൻ) അവൻ നിങ്ങളെ സഹായിക്കുകയും ചെയ്യുന്നതാണ്. ഇത് മുഖേന വിശ്വാസികളായ ജനങ്ങളുടെ ഹൃദയങ്ങൾക്ക് അവൻ ആശ്വാസം നല്കും.'

സൂറ തൗബയിലെ 12ഉം 13ഉം വചനങ്ങൾ പ്രകാരം മതപരിത്യാഗത്തന് വധശിക്ഷയാണെന്ന് സമർത്ഥിക്കുന്നവർ ഇത്തരമൊരു അർത്ഥ കല്പന നല്കുമ്പോൾ മറ്റു നിരവധി ഖുർആനിക വചനങ്ങളിലെ അദ്ധ്യാപനങ്ങളുമായി അത് വൈരുദ്ധ്യമുണ്ടാക്കുന്നത് സംബന്ധിച്ച് യാതൊരു വിശദീകരണവും നല്കുന്നില്ല. ഈ വചനങ്ങൾ മക്കയിൽ നിന്നു തിരുനബി(സ) മദീനയിലേക്ക് പലായനം ചെയ്തതിന് ശേഷം അവതരിച്ചതാണ്. (മൂന്നാമത്തെ വചനം കാണുക) മക്കയിലെ ഖുറൈശികൾ ഇസ്‌ലാമിനെ ശക്തിയുപയോഗിച്ച് ഭൂമുഖത്ത് നിന്ന് വിപാടനം ചെയ്യാനുള്ള ഉദ്യമങ്ങൾ ആരംഭിച്ച കാലഘട്ടമായിരുന്നു അത്.

മതപരിത്യാഗത്തിന് വധശിക്ഷ വേണമെന്ന് പറയുന്നവർ ഓർത്തിരിക്കേണ്ട ഒരു സംഗതി ഈ വചനം ഉടമ്പടി ബന്ധം സ്ഥാപിച്ചതിനു ശേഷവും അത് ലംഘിക്കുകയും മതത്തെ പരിഹാസ പാത്രമാക്കുകയും ചെയ്ത ബിംബാരാധകരെക്കുറിച്ചുള്ളതാണ്. ഈ വചനത്തിൽ മതവിശ്വാസം ഉപേക്ഷിക്കുന്നവരെക്കുറിച്ച് യാതൊരു പരാമർശവുമില്ല. ഉടമ്പടിയിൽ ഉറച്ച പ്രതിബദ്ധത കാട്ടിയിരുന്ന അവർ പിന്നീട് അത് ലംഘിക്കുകയുണ്ടായി. അവരാണ് ഇസ്‌ലാമിനോടുള്ള ശത്രുതയ്ക്ക് ആദ്യമായി തുടക്കം കുറിച്ചത്. കരാറുകൾക്ക് വില കല്പിക്കാതിരിക്കുകയും അതിനെ വ്യാജമാക്കുകയും ചെയ്ത അവരോട് യുദ്ധം ചെയ്യുന്നത് നേതാക്കൻമാരോട് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. മുസ്‌ലിംകൾക്കെതിരെ ശത്രുതാ നടപടികൾ കൈക്കൊള്ളുന്നതിൽ നിന്നും അവരെ തടഞ്ഞുനിറുത്താനുള്ള അനുമതിയായിരുന്നു ഇവിടെ നല്കപ്പെട്ടത്.

വധശിക്ഷയുടെ വക്താക്കൾ വികലമാക്കിയ ഈ വചനത്തിന്റെ ശരിയായ അർത്ഥമാണിത്. മതവിശ്വാസം ഉപേക്ഷിച്ച ഒരു ജനതയെ ബലപ്രയോഗം നടത്തി വീണ്ടും മുസ്‌ലിമാക്കുന്നതിനെസ്സംബന്ധിച്ചുള്ള നേരിയ പരാമർശം പോലും ഈ വചനത്തിലില്ല. ഇതേ ആളുകളെസ്സംബന്ധിച്ച് ഖുർആൻ മറ്റൊരു സ്ഥലത്ത് പരാമർശിക്കുന്നു:



**'നിങ്ങൾക്കും അവരിൽ നിന്ന് നിങ്ങളേതൊരു കൂട്ടരുമായി ശത്രുതയിൽ വർത്തിക്കുന്നുണ്ടോ അവർക്കും തമ്മിൽ അല്ലാഹു (ഭാവിയിൽ) സ്നേഹമുണ്ടാക്കിയെന്നു വരാം. അല്ലാഹു സർവ്വശക്തനാണ്. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും, നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെ പ്പറ്റി നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതി പൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു' (വി. ഖുർആൻ 60:8-10)**

## താൽക്കാലികമായ വിശ്വാസം

വി.ഖുർആനിലെ മറ്റൊരു വചനം പറയുന്നു.

**''ഗ്രന്ഥാനുസാരികളിൽ ഒരു വിഭാഗം പറയുന്നു: വിശ്വസിച്ചവർക്ക് (മുസ്‌ലിംകൾക്ക്) അവതരിപ്പിക്കപ്പെട്ടതിൽ പകലിന്റെ ആരംഭത്തിൽ നിങ്ങൾ വിശ്വാസം പ്രഖ്യാപിക്കുകയും അതിന്റെ അവസാനത്തിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്യുക: (ഇതുമുഖേന) അവർ മടങ്ങിയേക്കാം.'' (3:73)**

ഈ വചനങ്ങളിൽ പരാമർശിക്കപ്പെട്ട ഗ്രന്ഥാനുസാരികളായ ജനത മദീനയിലെ ജൂതൻമാരാണ്. അവരുടേത് ഒരു ജൂതതന്ത്രമായിരുന്നു. മുസ്‌ലിംകൾക്കിടയിൽ കടന്നു കയറി ആശയക്കുഴപ്പമുണ്ടാക്കി അവരെ കബളിപ്പിക്കുകയും അതുവഴി ഇസ്‌ലാമിൽ നിന്നും അവരെ അടർത്തിയെടുക്കുകയും ചെയ്യാമെന്ന് അവർ വ്യാമോഹിച്ചു. മതമുപേക്ഷിക്കുന്നവനെ വധിക്കലായിരുന്നു ഇസ്‌ലാമിക നിയമമെങ്കിൽ ജൂതൻമാർക്ക് ഈ തന്ത്രം എങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കും? ആരെയെങ്കിലും ഇസ്‌ലാം മതമുപേക്ഷിച്ചു എന്ന കുറ്റത്തിന് വിധശിക്ഷക്ക് വിധേയമാക്കിയെങ്കിൽ അത് മതം ഉപേക്ഷിച്ചവരെ പിൻതുടരുന്ന പ്രവൃത്തിയിൽ നിന്നു മറ്റുള്ളവരെ തടയുമായിരുന്നു.

ജൂതൻമാർ ഒരിക്കലും പ്രയോഗത്തിൽ വരുത്തിയിട്ടില്ലാത്ത ഒരു തന്ത്രത്തെപ്പറ്റിയാണ് ഇവിടെ പരാമർശിക്കപ്പെട്ടതെന്ന് പറയാൻ വധശിക്ഷയുടെ വക്താക്കൾ തിടുക്കം കൂട്ടുന്നു. കേവലം ഒരു സിദ്ധാന്തമാണ് ഇവിടെ പരാമർശിക്കപ്പെട്ടതെന്ന് വന്നാൽ പോലും ഈ വചനങ്ങളിൽ നിന്നു ലഭിക്കുന്ന അർത്ഥം ഈ ലോകത്ത് മതപരി

ത്യാഗത്തിന് യാതൊരു ശിക്ഷയുമില്ലെന്നാണ്. കാരണം ജൂതൻമാർ ഇസ്‌ലാമിൽ അത്തരമൊരു ശിക്ഷയുണ്ടെന്ന് ധരിച്ചിട്ടില്ലെന്ന് വേണം മനസ്സിലാക്കാൻ. അതിലുപരിയായി ഇത് നടപ്പിൽ വരുത്തിയിട്ടില്ലാത്ത ഒരു ഭാവനാ സിദ്ധാന്തമാണെന്നു പറയുന്നത് ഒരിക്കലും ശരിയായിരിക്കില്ല. ഖൈബർ, ഉറൈന എന്നീ ജൂത ഗോത്രങ്ങളിലെ പന്ത്രണ്ട് മതപ്രമാണിമാരാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്ന് ഹദീസുകളിൽ പരാമർശിച്ചിരിക്കുന്നു." [2] **(പേജ് 163 കാണുക)**

ഈ അദ്ധ്യായം മക്കാവിജയത്തിനും തിരുനബി (സ)യുടെ ദേഹ വിയോഗത്തിനും ഇടയിൽ അവതരിച്ചതാണെന്ന് എല്ലാ ഖുർആൻ ഭാഷ്യകാരൻമാരും ഏകകണ്ഠമായി സമ്മതിക്കുന്നു. അറേബ്യയിൽ ഇസ്‌ലാം സുസ്ഥാപിതമായതിനു ശേഷമാണ് ജൂതൻമാർ അവരുടെ ഈ തന്ത്രം അവിടെ പ്രയോഗത്തിൽ വരുത്തിയത് എന്ന് ഇത് വ്യക്തമായി തെളിയിക്കുന്നു. മതം വിട്ടു പോകുന്നവന് വധശിക്ഷയാണ് നിയമമെങ്കിൽ എങ്ങനെയാണ് ജൂതൻമാർ അത്തരമൊരു ആത്മഹത്യാപരമായ ഭ്രാന്തൻ തന്ത്രം ആവിഷ്ക്കരിക്കുക? പകലിൽ തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുകയും പകലിന്റെ അവസാനം അത് ഉപേക്ഷിക്കുകയും ചെയ്താൽ തങ്ങളെ മുസ്‌ലിംകൾ വധിച്ചു കളയുമെന്ന് അറിയുന്ന ജൂതൻമാർക്ക് എങ്ങനെയാണ് തങ്ങളുടെ മതം വിട്ടുപോകുന്ന ഈ വഴി പിന്തുടരാൻ മുസ്‌ലിംകളെ പ്രോത്സാഹിപ്പിക്കാൻ കഴിയുക?

## ഹദീസുകൾ

മതപരിത്യാഗത്തിന് വധശിക്ഷ നല്കണമെന്ന് പറയുന്നവർ തിരുനബി(സ)യെസ്സംബന്ധിച്ച് വിവരിച്ചിട്ടുള്ള ഹദീസുകൾ അതിരുകവിഞ്ഞ നിലയിൽ ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. അവരുടെ സിദ്ധാന്തത്തിന് ഹദീസുകൾ ഒരു പിന്തുണയും നല്കുന്നില്ല. മറിച്ച്, ഈ ലോക ജീവിതത്തിൽ മതപരിത്യാഗത്തിന് ഒരു ശിക്ഷയുമില്ല എന്ന കാര്യം അസന്ദിഗ്ദ്ധമായി തെളിയുന്ന നിരവധി ഹദീസുകൾ ഉണ്ടുതാനും.

എന്നിരിക്കിലും മതമുപേക്ഷിക്കുന്നവനെ കൊല്ലണമെന്ന് പറയുന്നവർ സാധാരണയായി ഉദ്ധരിക്കുന്ന ഹദീസുകൾ പൂർണ്ണതക്ക് വേണ്ടി നാം ഇവിടെ വിശകലനം ചെയ്യുകയാണ്.

**a.** അനസി(റ)ൽ നിന്നും അബൂ ഖലബ റിപ്പോർട്ട് ചെയ്യുന്ന ഹദീസ് പ്രകാരം തിരുനബി(സ) അഖൽ അഥവാ ഉറൈനയിലെ



ജനങ്ങളോട് മദീനക്കപ്പുറത്ത് തന്റെ പെണ്ണൊട്ടകങ്ങളെ കെട്ടിയിട്ട സ്ഥലത്തുപോയി നില്ക്കുവാൻ കല്പിച്ചു. ഈ ജനത ഒട്ടകത്തിന് കാവൽ നിന്നയാളെ കൊലപ്പെടുത്തുകയും ഒട്ടകക്കൂട്ടങ്ങളെ കവർച്ച ചെയ്ത് കടന്നു കളയുകയും ചെയ്തു. ഈ ജനങ്ങൾ മതപരിത്യാഗികളാണെന്നതും സത്യമായിരുന്നു. അവർക്ക് ലഭിച്ച ശിക്ഷ അവർ മതം ഉപേക്ഷിച്ചു എന്ന കാരണത്താലല്ല. പെൺ ഒട്ടകങ്ങളുടെ കാവൽക്കാരനെ കൊലപ്പെടുത്തി എന്ന കാരണത്താലാണ്. **(പേജ് 98 കാണുക)**

**b.** മക്കാ വിജയത്തിനു ശേഷം വധിക്കപ്പെട്ട നാലുപേരിൽ ഒരാളായ ഇബ്നു കതൽ ഒരു മതപരിത്യാഗിയായിരുന്നു എന്ന് നിസ്സംശയം പറയാം. അയാൾ തന്റെ സഹയാത്രികനെ കൊല ചെയ്തു. ഒരു ഘാതകനായിരുന്നു എന്ന കുറ്റം കൊണ്ട് മാത്രമാണ് ഇബ്നു കതലിനെ വധിച്ചത് എന്ന കാര്യം വ്യക്തമാണ്. (പേജ് 166 കാണുക)

**c.** മറ്റൊരു സംഭവം സിക്കാർദ്ദ് ഗോത്രത്തിനെതിരെയുള്ള ഒരു പടപ്പുറപ്പാടിന്റെ അവസരത്തിൽ മഖീസ് ഇബ്നു സബാബ എന്നയാളുടെ സഹോദരൻ ഹിശാം അബദ്ധവശാൽ ഒരു അൻസാർ സഹോദരനാൽ കൊല്ലപ്പെടുകയുണ്ടായതാണ്. അതിനുള്ള പ്രതികാരമായി മഖീസ് ആ അൻസാർ സഹോദരനെയും കൊലപ്പെടുത്തി. മഖീസ് ഇസ്‌ലാം മതം ഉപേക്ഷിക്കുകയും ചെയ്തിരുന്നു. മഖീസ് വധിക്കപ്പെട്ടത് അൻസാറിനെ വധിച്ച സംഭവത്തോടനുബന്ധിച്ചാണ്. **(പേജ് 166 കാണുക).**

മുൻ വിവരിച്ച ഓരോ വധശിക്ഷയിലും ശിക്ഷിക്കപ്പെട്ടവർ കൊലപാതകികളായിരുന്നു. മൂന്നുപേരും ഇസ്‌ലാം മതമുപേക്ഷിച്ചതായി പ്രഖ്യാപിച്ചവരുമായിരുന്നു. എന്നിരിക്കെ, വധിക്കപ്പെട്ട അവർ ചെയ്ത ഹീനമായ കുറ്റത്തിനുനേരെ കണ്ണടയ്ക്കുകയും മതമുപേക്ഷിച്ചതിന്റെ പേരിലാണ് അവർ വധിക്കപ്പെട്ടതെന്ന് പറയുകയും ചെയ്യുന്നതെങ്ങനെ?

**d.** മതപരിത്യാഗത്തിന് വധശിക്ഷ നല്കണമെന്ന് പറയുന്ന ശാഠ്യക്കാർ ഒരു സ്ത്രീയെ വധശിക്ഷക്ക് വിധിച്ച സംഭവത്തിൽ അഭയം തേടാറുണ്ട്. ഈ ഹദീസ് തികച്ചും അവിശ്വസനീയമാണ്. തിരുനബി(സ), മതമുപേക്ഷിച്ച കുറ്റത്തിന് ഒരു സ്ത്രീയെ വധിക്കാൻ ഒരിക്കലും ആജ്ഞാപിച്ചിട്ടില്ല എന്നതാണ് സത്യം.

നിയമ ശാസ്ത്രത്തിലെ ഏറ്റവും പ്രസിദ്ധമായ 'ഹിദായ' എന്ന

ഗ്രന്ഥത്തിൽ ഈ സംഗതി ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു.

**മതപരിത്യാഗത്തിന്ന് സ്ത്രീകളെ വധിക്കുന്നത് തിരുദൂതർ(സ) നിരോധിച്ചിരിക്കുന്നു. കാരണം അത്തരം കുറ്റങ്ങൾക്കുള്ള ശിക്ഷ പരലോകവുമായി ബന്ധപ്പെട്ടതാണ്. ഒരു ശിക്ഷ എന്ന നിലക്ക് മതപരിത്യാഗിയെ ഈ ലോകത്ത് വെച്ച് തന്നെ ശിക്ഷിക്കുകയാണെങ്കിൽ അത് മതപരിത്യാഗത്തിന്റെ ഉദ്ദേശ്യത്തിന് വിപരീതമായി ഭവിക്കുന്നു. അതായത് ഇക്കാര്യത്തിലുള്ള വിചാരണ ദൈവവുമായി മാത്രം ബന്ധപ്പെട്ടതാണ്. കഠിനമായ ശത്രുത തുടർന്നു കൊണ്ടിരിക്കുന്ന (യുദ്ധാവസരത്തിൽ) വ്യക്തിയെ തടഞ്ഞു നിറുത്താൻ വേണ്ടി മാത്രമേ ഇത് നടപ്പാക്കിയിട്ടുള്ളൂ എന്ന് നാം വ്യവച്ഛേദിച്ചു മനസ്സിലാക്കണം. ഇവിടെ സ്ത്രീ എന്ന നിലക്ക് അവർ ഒരിക്കലും യുദ്ധം ചെയ്യാൻ പ്രാപ്തയല്ല. ഒരു കാരണവശാലും മതപരിത്യാഗിയായ സ്ത്രീ ശിക്ഷിക്കപ്പെടുന്നില്ല.'**

വിചിത്രമായ മറ്റൊരു കാര്യം, മൗദൂദിയെപ്പോലുള്ള പണ്ഡിതൻമാർക്ക് ഈ ഹദീസിന്റെ ദുർബലതയേയും വൈകല്യങ്ങളേയും പറ്റി നന്നായി അറിയാമായിരുന്നു എന്നതാണ്. എന്നിട്ടും പ്രമുഖരായ ഹദീസ് പണ്ഡിതൻമാർ നിരാകരിച്ച ഈ ഹദീസിൽ അവർ പിടിച്ചു തൂങ്ങുകയാണ്.

**e.** അബ്ദുല്ലാ ബിൻ സഅ്ദിന്റെ സംഭവം **പേജ് 137ൽ** ഉദ്ധരിച്ചിട്ടുണ്ട്. മതമുപേക്ഷിക്കുന്നവന് നല്കാൻ എന്തെങ്കിലും ശിക്ഷ ഖുർആനിൽ പറഞ്ഞിരുന്നുവെങ്കിൽ ദൈവത്തിന്റെ നിയമങ്ങൾ കർശനമായി പാലിക്കുന്ന കാര്യത്തിൽ ആരും തന്നെ അതീതരായിരിക്കുമായിരുന്നില്ല. മതമുപേക്ഷിക്കുന്നവന് മരണശിക്ഷയായിരുന്നു വിധിച്ചിരുന്നതെങ്കിൽ ദൈവത്തിന്റെ ആജ്ഞ എങ്ങനെയാണ് തിരുനബി (സ) അനുസരിക്കാതിരിക്കുക?

## തിരുനബി(സ)യുടെ സഖാക്കൾ

മതപരിത്യാഗത്തിന് വധശിക്ഷ നല്കണമെന്ന് പറയുന്നവരുടെ വാദം സ്ഥാപിക്കാൻ ഖുർആനിൽ നിന്നോ പ്രബലമായ ഏതെങ്കിലും ഹദീസിൽ നിന്നോ എന്തെങ്കിലുമൊരു തെളിവ് സമർപ്പിക്കുവാൻ സാധ്യമല്ല എന്ന് നാം കണ്ടു കഴിഞ്ഞു. പക്ഷേ, വധശിക്ഷയുടെ വക്താക്കൾ ചില ചെപ്പടി വിദ്യകൾ പ്രദർശിപ്പിക്കാറുണ്ട്. അവരുടെ തുടർന്നുള്ള വാദമുഖങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നു. അവരുടെ ഈ വാദങ്ങൾ പ്രവാചകന്റെ നേരിട്ടുള്ള വിധികളല്ല. മറിച്ച്, തിരുനബി(സ)യുടെ അനുചരന്മാരുടെ അഭിപ്രായങ്ങളെ ആധാരമാക്കിയുള്ളതാണ്. നബി തിരുമേനി(സ)യുടെ അനുചരൻമാരുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ഖുർആന്റെ വിധി വിലക്കുകളെപ്പോലെ കണക്കാക്കാൻ യാതൊരു ന്യായവുമില്ല. അതെല്ലാം ഖുർആന് അവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് നല്കിയ ഭാഷ്യങ്ങൾ മാത്രമാണ്. അതെല്ലാം അവരുടെ തന്നെ അഭിപ്രായങ്ങളായി പരിഗണിക്കുകയാണ് ഏറ്റവും അഭികാമ്യം.



**a.** സക്കാത്ത് നല്കുന്നത് സംബന്ധിച്ചുണ്ടായ വ്യാപകമായ മതപരിത്യാഗത്തെ കുറിച്ച് നാം ചർച്ച ചെയ്തു കഴിഞ്ഞു. **(പേജ് 170 മുതൽ 179 വരെ കാണുക)** അബ്സ്, സുബ്യാൻ എന്നീ ഗോത്രങ്ങൾ മദീനയെ ആക്രമിച്ചു കൊണ്ട് ശത്രുതക്ക് തുടക്കം കുറിച്ചവരാണ്. ഉസാമ യുദ്ധ ദൗത്യം കഴിഞ്ഞു വരുന്നതിന് മുമ്പേ ഹദ്റത്ത് അബൂബക്കർ(റ) അവരോട് യുദ്ധം പ്രഖ്യാപിച്ചു. മതമുപേക്ഷിച്ച അവർ അക്രമികളായിരുന്നു. അവർ സകാത്ത് നല്കുവാൻ വിസമ്മതിച്ചു എന്ന് മാത്രമല്ല, മുസ്ലിംകൾക്കെതിരായി ആയുധമെടുക്കുകയും ചെയ്തു. അങ്ങനെ അവർ ഇസ്ലാമിക രാഷ്ട്രത്തിനെതിരായി യുദ്ധം ചെയ്തു. മുസ്ലിംകളെ അവർ കൂട്ടക്കൊല ചെയ്തു. അതിൽ ചിലരെ അവർ ജീവനോടെ ദഹിപ്പിച്ചു കളഞ്ഞു. ചില മൃതദേഹങ്ങൾ അംഗവിച്ഛേദം നടത്തി വികൃതമാക്കി. [3] മതംവിട്ടു പോയവനെ കൊല്ലണമെന്ന് പറയുന്നവർ ഈ വസ്തുതകൾക്ക് നേരെ കരുതിക്കൂട്ടി കണ്ണടക്കുന്നു. എന്ന് മാത്രമല്ല, കലാപകാരികൾ കൊന്നൊടുക്കിയ നിരപരാധികളായ മുസ്ലിംകളിൽ നിന്നു ശ്രദ്ധ തിരിച്ചു വിടുകയും ചെയ്യുന്നു.

**b.** വധവാദക്കാരുടെ മറ്റൊരു ന്യായം മതമുപേക്ഷിക്കുന്നവന് ശിക്ഷയില്ലെങ്കിൽ എന്തുകൊണ്ട് വ്യാജവാദിയായ മുസൈലിമയെ വെറുതെ വിട്ടില്ല എന്നാണ്. വാസ്തവം മറ്റൊന്നാണ്. മുസൈലിമ അധികാര മോഹങ്ങളുള്ള ഒരാളായിരുന്നു. അബൂഹനീഫയോടൊപ്പം ആഗതനായ മുസൈലിമ തിരുനബി(സ)യോട് തന്നെ പിൻഗാമിയായി നിശ്ചയിക്കാമെങ്കിൽ താൻ കീഴടങ്ങാമെന്ന വാഗ്ദാനം അറിയിച്ചു. വിശുദ്ധ നബി(സ) മുസൈലിമയോടു ഈത്തപ്പനമരത്തിന്റെ ഉണങ്ങിയ ചുള്ളിക്കമ്പ് പോലും ഞാൻ തരികയില്ലെന്ന് പ്രതിവചിച്ചു. അതുകേട്ട് മുസൈലിമ മടങ്ങി. പിന്നീട് അറേബ്യയുടെ പകുതി ഭാഗം തന്റേതാണെന്ന് മുസൈലിമ പ്രഖ്യാപിച്ചു. അയാൾ തിരുദൂതന്(സ) ഒരു കത്തെഴുതുകയുണ്ടായി. താൻ തിരുനബിയുടെ അധി

കാരത്തിൽ പങ്കാളിയായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് ആ എഴുത്തിൽ അറിയിക്കുകയുണ്ടായി. തിരുനബി(സ) ഖുർആനിലെ 7-ാം അദ്ധ്യായത്തിലെ 129-ാം വചനം*A മുസൈലിമക്ക് മറുപടിയായി ഉദ്ധരിച്ചു.[4] മുസൈലിമ അയാളുടെ പ്രവാചക വാദത്തിന് ശേഷം പ്രവാചകന്റെ സഖാവായിരുന്ന ഹബീബ് ബിൻ സൈദിനെ തടവുകാരനായി പിടിച്ചു. അവയവങ്ങൾ ഓരോന്നോരോന്നായി ഛേദിക്കുകയും പിന്നീട് ദഹിപ്പിച്ചു കളയുകയും ചെയ്തു. മതം മാറിയവനെ കൊല്ലണമെന്ന് തിടുക്കം കൂട്ടുന്നവർ ഈ മനുഷ്യത്വഹീനമായ കൊലപാതകത്തെ അവഗണിക്കുകയും മതം മാറിയതാണ് ഏക കാരണമെന്ന് വരുത്തിത്തീർക്കുകയും ചെയ്യുന്നു. മുസൈലിമ കൊലപാതകം നടത്തിയിട്ടില്ലായിരുന്നുവെങ്കിൽ മതപരിത്യാഗം മാത്രം കാരണമായി വധിക്കപ്പെടുമായിരുന്നുവോ? കൊല നടത്തുകയും നാട്ടിൽ അരാജകത്വവും ഭീകരാവസ്ഥയും സൃഷ്ടിക്കുകയും ചെയ്ത മുസൈലിമയെ നീതിയുടെ മുമ്പിൽ കൊണ്ടു വന്നിട്ടില്ലായിരുന്നുവോ? തന്റെ പ്രവാചകത്വത്തെ നിഷേധിച്ചതിനാൽ തിരുനബി(സ) മുസൈലിമയെ കൊല്ലാൻ കല്പിക്കുകയോ അതിന് സഹാബാക്കളെ ഉപദേശിക്കുകയോ ചെയ്തതായി ഒരു തെളിവുപോലുമില്ല. തിരുമേനി(സ) പ്രത്യേകമായി മുസൈലിമയെ അപലപിച്ചതായി ഒരു തെളിവും കാണാതായപ്പോൾ തിരുനബി(സ) മരണവേളയിൽ മുസൈലിമയെ നിഷ്കാസനം ചെയ്യണം എന്ന് ആഗ്രഹിച്ചിരുന്നതായി പറയപ്പെടുന്ന സംഭവത്തിൽ മൗലാനാ മൗദൂദിക്ക് അഭയം തേടേണ്ടി വന്നു. തിരുനബി (സ)ക്ക് അങ്ങനെ വല്ല ആഗ്രഹവുമുണ്ടായിരുന്നുവെങ്കിൽ ഒന്നാം ഖലീഫയായ ഹദ്റത്ത് അബൂബക്കർ(റ) അത് അവഗണിച്ചുവെന്നും തിരുനബി(സ) ആഗ്രഹിച്ച പ്രകാരം ഒരു സൈന്യ വ്യൂഹത്തെ അക്കാര്യം നിർവ്വഹിക്കാൻ അയച്ചില്ല എന്നും കരുതുന്നതും അചിന്ത്യമാണ്. തിരുനബി(സ) അപ്രകാരം ആഗ്രഹിച്ചെങ്കിൽ മുസൈലിമ മുസ്ലിംകൾക്കെതിരായി ഒരു ആക്രമണം നടത്തുകയും തുറന്ന കലാപം സംഘടിപ്പിക്കുകയും ചെയ്യുന്നതുവരെ ഹദ്റത്ത് അബൂബക്കർ(റ) എന്തുകൊണ്ട് കാത്തിരുന്നു? ഖാലിദ്ബിൻ വലീദുമായുള്ള യുദ്ധത്തിൽ മുസൈലിമ ബനൂഹനീഫയിൽ നിന്നു മാത്രമായി 40000 ഭടൻമാരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു സൈന്യത്തെ സംഘടിപ്പിക്കുകയുണ്ടായി. മുസൈലിമയാണ് ശത്രുതാപരമായ ആക്രമണത്തിന് ആരംഭം കുറിച്ചത്. മുസൈലിമയുടെ ഈ പടപ്പുറപ്പാടിനും ഹബീബ്ബിൻ സൈദിന്റെ വധ



ത്തിനും ശേഷം മാത്രമാണ് ഹദ്റത്ത് അബൂബക്കർ(റ) മുസൈലിമക്കെതിരെ മാർച്ച് ചെയ്യാൻ ഉത്തരവ് നല്കിയത്. [5]

**c.** വ്യാജ പ്രവാചകത്വം വാദിച്ച തുലൈഹയുമായി ബന്ധപ്പെട്ടതാണ് മറ്റൊരു സംഭവം. അദ്ദേഹം വെറുമൊരു വ്യാജ പ്രവാചകൻ മാത്രമായിരുന്നില്ല. ഉകാസ്ബിൻ മുഹ്സിൻ, താബിത്തബിൻ അക്റം എന്നിവരുടെ ഘാതകൻ കൂടിയായിരുന്നു. ഖാലിദ്ബിൻ വലീദ് തുലൈഹയുമായി യുദ്ധം ചെയ്യുന്നതിന് മുമ്പേ, രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ അയാളുടെ അടുത്തേക്ക് ഒരു ദൂതനെ അയക്കുകയുണ്ടായി. മതപരിത്യാഗിയെ കൊന്നു കളയുകയാണ് ശിക്ഷയെങ്കിൽ തുലൈഹക്ക് മാപ്പ് വാഗ്ദാനം ചെയ്തു കൊണ്ട് ഒരു പ്രതിനിധി സംഘത്തെ അയക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല [6] എന്ന വസ്തുത വധശിക്ഷയുടെ വക്താക്കൾ അവഗണിക്കുകയാണ്.

**d.** ഇത്പോലെയുള്ള മറ്റൊരു സംഭവം തന്നെയായിരുന്നു അസ്വദുൽ അൻസിയുടെത്. അദ്ദേഹം മതമുപേക്ഷിച്ച് മുസ്ലിംകൾക്കെതിരായി കലാപക്കൊടിയുയർത്തി. യമനിലെ മുസ്ലിം ഗവർണ്ണറായിരുന്ന ശഹ്റാർ ബിൻബസാനെ അസവദ്ൻ അൻസി വധിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ വിധവയെ ബലാൽക്കാരമായി വിവാഹം കഴിക്കുകയും യമനിലെ ഭരണാധികാരിയായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. തിരുനബി(സ) അയാളുടെ കലാപങ്ങളെപ്പറ്റിയറിഞ്ഞപ്പോൾ മുആദ്ബിൻ ജബലിന് ഒരു കത്തയക്കുകയും അസ്വദുൻ അൻസിയെ എതിർക്കുവാൻ മുസ്ലിംകളോട് ആവശ്യപ്പെടുകയും ചെയ്തു. മുസ്ലിംകളുമായുള്ള സംഘട്ടനത്തിൽ പിന്നീട് അയാൾ കൊല്ലപ്പെട്ടു. അയാളുടെ മരണവാർത്ത റസൂൽ തിരുമേനി(സ) ദിവംഗതനായതിന് പിറ്റേന്നാണ് അറിഞ്ഞത്. [7]

**e.** അതുപോലെ ലഖ്ബീത്ത്ബിൻ മാലിക്ക് അസ്ദി ഇസ്ലാം മതമുപേക്ഷിക്കുകയും പ്രവാചകനാണെന്ന് വാദിക്കുകയും ചെയ്തു. ഒമാനിൽ ഉദ്യോഗസ്ഥനായിരുന്ന ജഅ്ഫറിനേയും ആബാദിനേയും അയാൾ പുറത്താക്കുകയുണ്ടായി.[8] ഇപ്പറഞ്ഞ എല്ലാ വ്യാജവാദികളെയും പോലെ മതവുമായി യാതൊരു ബന്ധവുമില്ലാത്തയാളായിരുന്നു ലഖ്ബീത്ത്. അയാൾക്ക് അയാളുടെതായ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്നു. ലഖ്ബീത്തിന്റെ രാഷ്ട്രീയ മേധാവിത്വത്തിന് വേണ്ടിയുള്ള ശ്രമം നടത്തിയത് അയാൾ ജീവിച്ച ഇസ്ലാമിക രാഷ്ട്രത്തിനെതിരായുള്ള തുറന്ന സംഘട്ടനത്തിലൂടെയായിരുന്നു. അതു

കൊണ്ട് മതപരിത്യാഗ പ്രശ്നം ഇവിടെ തികച്ചും അപ്രസക്തമാണ്. ഈ പറയപ്പെട്ട ആളുകളെല്ലാം മതവിശ്വാസം ഉപേക്ഷിക്കാതിരിക്കുകയും മുസ്‌ലിം രാഷ്ട്രത്തിനെതിരായി പോരാട്ടം നടത്തുകയും ചെയ്തു എന്ന് ഒരു നിമിഷത്തേക്ക് സങ്കല്പിക്കുക. എന്നാൽ, ഈ കലാപങ്ങളെ നേരിടാൻ രാഷ്ട്രം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. രാജ്യത്ത് അരാജകത്വം സൃഷ്ടിക്കുന്ന കുറ്റം ചെയ്യുന്ന വരെ വധശിക്ഷ നല്കി നേരിടാൻ വിശുദ്ധ ഖുർആൻ ശിപാർശ ചെയ്യുന്നു. ആ ശിക്ഷ മതം ഉപേക്ഷിച്ചു എന്ന കുറ്റത്തിനല്ല.

**f.** മതപരിത്യാഗത്തിന് വധശിക്ഷ വേണമെന്നു പറയുന്നവർ ഉമ്മു ഖുർഫയുടെ സംഭവം ഉദ്ധരിക്കാറുണ്ട്. അബൂബക്കറി(റ)ന്റെ കാലത്ത് ഇസ്‌ലാംമതം ഉപേക്ഷിച്ച ഒരു സ്ത്രീയായിരുന്നു ഉമ്മു ഖുർഫ. അവൾക്ക് മുപ്പത് പുത്രൻമാരുണ്ടായിരുന്നു. ഇവരെയെല്ലാം ഇസ്‌ലാമിനെതിരായി പോരാടാൻ ആ സ്ത്രീ നിരന്തരം പ്രേരിപ്പിച്ചു കൊണ്ടിരുന്നു. രാജ്യദ്രോഹം നടത്തിയും കൊലപാതകങ്ങളിൽ പങ്കു ചേർന്നുകൊണ്ടും ആ സ്ത്രീ നടത്തിയ കുറ്റകൃത്യങ്ങൾക്ക് തക്കതായ വില നല്കലായിരുന്നു അവരുടെ വധത്തിലൂടെ നടന്നത്. അല്ലാതെ അത് മതപരിത്യാഗത്തിന്റെ കണക്കിൽ ഒരിക്കലും ഉൾപ്പെടുത്താൻ പാടുള്ളതല്ല.[9]

**g.** ഹദ്റത്ത് അലി(റ) ഖവാരിജുകൾക്കെതിരായി നടത്തിയ യുദ്ധങ്ങൾ ഉദ്ധരിക്കാറുണ്ട്. ഖവാരിജുകൾ ചെയ്ത കുറ്റം രാജ്യത്ത് കുഴപ്പമുണ്ടാക്കുക എന്നതായിരുന്നു. അവർ മുസ്‌ലിം സഹോദരീ സഹോദരൻമാരെ കൊന്നൊടുക്കി. അലി നിയോഗിച്ച ഗവർണ്ണറെയും അദ്ദേഹത്തിന്റെ അടിമ സ്ത്രീയെയും ഹദ്റത്ത് അലി(റ)യുടെ ദൂതനെയും അവർ വധിച്ചു[10]. (ഈ സംഭവത്തെ സംബന്ധിച്ച്. **171, 172, 173–ാം** പേജുകളിൽ ചർച്ച ചെയ്തിട്ടുണ്ട്).

**h.** മുആദ്ബിൻജബൽ, അബൂമൂസ അശ്അരി എന്നിവരെ യമന്റെ പ്രാന്തപ്രദേശങ്ങളിൽ ഗവർണ്ണർമാരായി നിയമിച്ച സംഭവം അല്പം വിശദീകരിക്കേണ്ടിയിരിക്കുന്നു. അവർ പുറപ്പെടുമ്പോൾ ജനങ്ങൾക്ക് എളുപ്പം ഉണ്ടാക്കണമെന്നും അവർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കരുതെന്നും തിരുമേനി(സ) അവരോട് നിർദ്ദേശിക്കുകയുണ്ടായി. ജനങ്ങളോട് പ്രസന്നവദനരായി സംസാരിക്കണമെന്നും വെറുപ്പുളവാക്കുന്ന രീതിയിൽ സംസാരിക്കരുതെന്നും തിരുമേനി(സ) ഉപദേശിച്ചു. ഒരു ദിവസം മുആദ്, അബൂമൂസാ അശ്അരിയെ



കാണാൻ വന്നപ്പോൾ ഒരു മനുഷ്യൻ അവിടെ ബന്ധനസ്ഥനായ നിലയിൽ ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം കാര്യമന്വേഷിച്ചപ്പോൾ ആ മനുഷ്യൻ ഒരു ജൂതനാണെന്നും അയാൾ ഇസ്‌ലാം മതം സ്വീകരിച്ചിരിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്തതാണെന്നും ഒരാൾ വിവരിച്ചു പറഞ്ഞു. കഴിഞ്ഞ രണ്ടോ മൂന്നോ മാസമായി മുസ്‌ലിംകൾ അദ്ദേഹത്തെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി വീണ്ടും മുസ്‌ലിമാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. പക്ഷേ, അതുകൊണ്ട് യാതൊരു ഫലവും കണ്ടില്ല എന്ന് വിശദീകരണമുണ്ടായി. ''ഈ മനുഷ്യൻ വധിക്കപ്പെടുന്നതുവരെ ഞാൻ ഇവിടെ നിന്നും പോവില്ല'' എന്ന് മുആദ് പ്രഖ്യാപിച്ചു. ഈ വിധി അല്ലാഹുവിന്റെയും അല്ലാഹുവിന്റെ ദൂതരുടെതുമാണെന്നും അദ്ദേഹം പറയുകയുണ്ടായി. ഇതിൽ അവസാനത്തെ പ്രതിപാദനം സൂചിപ്പിക്കുന്നത് അല്ലാഹുവിന്റെയും പ്രവാചകന്റെയും ഉദ്ദേശ്യത്തെ സ്സംബന്ധിച്ച് അദ്ദേഹം മനസ്സിലാക്കിയ കാര്യങ്ങൾ തന്റെ സ്വന്തം അഭിപ്രായങ്ങളല്ലാതെ മറ്റൊന്നുമായിരുന്നില്ല എന്നാണ്. അത്തരത്തിലുള്ള അഭിപ്രായങ്ങൾ ആധികാരികമായി തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു ഉറപ്പു വരുത്തിയതിന് ശേഷമല്ലാതെ നിയമത്തിന്റെ നിലവാരത്തിൽ വരുന്നില്ല (ഈ തത്ത്വം ഈ അദ്ധ്യായത്തിൽ കൂടുതൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.)

നമുക്ക് ഈ ഹദീസിന്റെ വിശ്വാസ്യതയെസ്സംബന്ധിച്ച് പരിശോധിക്കാം. ജനങ്ങൾക്ക് എളുപ്പമുണ്ടാക്കണമെന്നും വെറുപ്പുണ്ടാക്കുന്ന രീതിയിൽ അവരോട് പെരുമാറരുതെന്നുമുള്ള തിരുനബി(സ)യുടെ ഉപദേശം മുആദിന്റെ ഈ പരമാർശങ്ങൾക്കും പെരുമാറ്റങ്ങൾക്കുമെതിരാണ്. ഇസ്‌ലാമിനെ കുറിച്ചുള്ള മുആദിന്റെ ധാരണകളെ സ്സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്താതെ മനുഷ്യാവകാശം ഉൾക്കൊള്ളുന്ന സുപ്രധാനമായ ഒരു പ്രശ്നത്തിൽ ഒരു ഹദീസിൽ മാത്രം വിശ്വാസമർപ്പിക്കുകയെന്നത് തികഞ്ഞ അസംബന്ധമാണ്.

ഈ ഹദീസിന്റെ നിവേദന പരമ്പരകളെക്കുറിച്ചും ആധികാരികതയെക്കുറിച്ചും ഗണ്യമായ സംശയങ്ങളുണ്ട്. എവിടെയെല്ലാം ഇത്തരത്തിലുള്ള തർക്കങ്ങൾ ഉയരുന്നുവോ അവിടെയെല്ലാം ഇത്തരത്തിലുള്ള ഹദീസുകൾ പാടെ തള്ളിക്കളയുകയാണ് പതിവ്. ഈ ഹദീസുകളെല്ലാം ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മൂന്നോ നാലോ ആറോ നൂറ്റാണ്ടുകൾക്ക് ശേഷം സമാഹരിക്കപ്പെട്ടതാണ് എന്ന് നാം ഓർക്കേണ്ടതുണ്ട്. സുദീർഘമായ കാലഘട്ടത്തിനുശേഷം ഓർമ്മ

ത്തെറ്റ് പറ്റാനിടയുണ്ട്. ഒരു ഹദീസിൽ "മുആദിന്റെ കല്പന പ്രകാരം ജൂതന്റെ ശിരച്ഛേദം നടത്തി"[11] എന്നും മറ്റൊരു ഹദീസിൽ മുആദ് സ്വന്തം തന്നെ ജൂതന്റെ ശിരച്ഛേദം നടത്തി എന്നുമാണ് കാണുന്നത്.[12] ഇത്തരം സുപ്രധാനമായ ഒരു സംഭവത്തിന് അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ടെങ്കിൽ അത്തരം ഹദീസുകളുടെ വിശ്വാസ്യത എങ്ങനെ സ്വീകരിക്കാനാവും? ഒരാൾ പറഞ്ഞുകേട്ടത് ആളുകൾ മറന്നിട്ടുണ്ടാവണം. എന്നാൽ, അവർ ഒരു സംഭവത്തിനു ദൃക്സാക്ഷികളാണെങ്കിൽ ചുരുങ്ങിയത് മതപരിത്യാഗിക്ക് ആത്യന്തികമായി എന്താണ് സംഭവിക്കുന്നത് എന്ന് അവർ ഓർക്കുമായിരുന്നു.

മത പരിത്യാഗിക്ക് വധശിക്ഷ കൊടുക്കണമെന്ന് ശഠിക്കുന്നവർ അതിശക്തമായ ഊന്നൽ നല്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ഒരു ഹദീസിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. വിഷയത്തിന്റെ സ്വച്ഛന്ദ പ്രവാഹത്തിന് തടസ്സമായേക്കാം എന്ന് കരുതി ഈ കാര്യം ഈ അദ്ധ്യായത്തിന്റെ അവസാന ഭാഗത്തേക്ക് നീക്കിവെക്കുകയാണ്.

ഈ ഹദീസ് വിശദമായി പരിശോധിക്കുന്നതിന് മുമ്പേ ഇസ്‌ലാമിക പണ്ഡിതൻമാർ കാലാകാലങ്ങളായി സ്വീകരിച്ച ചില സിദ്ധാന്തങ്ങളെപ്പറ്റി അല്പം പറയുന്നത് അസ്ഥാനത്താവില്ലെന്ന് കരുതുന്നു. ഈ സിദ്ധാന്തങ്ങൾ ഒരു ഭാഗത്ത് ഖുർആനും ഹദീസും തമ്മിലും കൂടാതെ ചില ഹദീസുകളും മറ്റു ചില ഹദീസുകളും തമ്മിലും കണ്ടു വരുന്ന പ്രകടമായ ചില വൈരുദ്ധ്യങ്ങളെസ്സംബന്ധിച്ച വിവാദങ്ങൾ പരിഹരിക്കാൻ നമ്മെ സഹായിക്കുന്നു.

1. **അല്ലാഹുവിന്റെ വചനങ്ങൾ ഏറ്റവും പരമോന്നത സ്ഥാനമർഹിക്കുന്നു.**
2. **തിരുനബി(സ)യുടെ ചര്യകൾക്ക് (സുന്നത്ത്) രണ്ടാം സ്ഥാനം.**
3. **നബി(സ)യുടെ വചനങ്ങൾ അഥവാ ഹദീസ് മൂന്നാം സ്ഥാനത്ത് നില്ക്കുന്നു.**

a. പ്രവാചകന്റെ വചനങ്ങൾ അനിഷേധ്യമായ നിലയിൽ ആധികാരികമാണെന്ന് സ്ഥാപിക്കപ്പെട്ടാൽ പ്രസ്തുത വചനങ്ങൾ സർവ്വശക്തനായ അല്ലാഹു പ്രവാചക(സ)ന്റെ തിരുവായിൽ വചനമായി നിക്ഷേപിച്ചതാണെന്ന് മനസ്സിലാക്കണം.

നബിതിരുമേനി(സ)യുടെ വചനങ്ങളായ ഹദീസും വിശുദ്ധ



ഖുർആനും തമ്മിൽ പ്രകടമായ വൈരുദ്ധ്യങ്ങളില്ലെങ്കിൽ ആ ഹദീസ് ആധികാരമാണെന്ന് കരുതി സ്വീകരിക്കാവുന്നതാണ്.

b. തിരുപ്രവാചക(സ)ന്റെതെന്ന് പറയപ്പെടുന്ന ഏതെങ്കിലും ഹദീസുകൾ വിശുദ്ധ ഖുർആന്റെ വ്യക്തമായ ഒരു വിധിക്കെതിരെയുള്ളതാണെങ്കിൽ ആ ഹദീസുകൾ വ്യാജമാണെന്ന് കണക്കാക്കി തള്ളിക്കളയണം. അത് പ്രവാചകന്റെ വചനമാമെന്ന് കരുതി സ്വീകരിക്കരുത്. അംഗീകൃതമായ ഈ കാര്യത്തിൽ രണ്ടഭിപ്രായമില്ല.

c. വിശുദ്ധ ഖുർആന്റെ വിധികളുമായി പ്രത്യക്ഷത്തിൽ വൈരുദ്ധ്യമില്ലാത്തതും ഖുർആനുമായി പൊരുത്തപ്പെടുത്താൻ കഴിയാത്തതുമായ ഹദീസുകൾ തള്ളുന്നതിന് മുമ്പേ അവ ഖുർആനുമായി അനുയോജ്യമായ അനുരഞ്ജനമുണ്ടാക്കാൻ ആശയപരമായി ശ്രമം നടത്തേണ്ടതാണ്.

d. നബിതിരുമേനി(സ)യുടെതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീസുകൾ വിശുദ്ധ ഖുർആനുമായി പൊരുത്തപ്പെടുത്താൻ ശ്രമിക്കുമ്പോഴും ഖുർആന്റെ വ്യക്തമായ അദ്ധ്യാപനങ്ങൾക്കെതിരായ ഹദീസുകളുമായി യാതൊരു അനുരഞ്ജനവും അനുവദനീയമല്ലെന്ന കാര്യം ഓർമ്മയിൽ വേണം. എന്നാൽ, ആ ഹദീസുകൾക്ക് വിശദീകരണം കണ്ടെത്താൻ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അതായത് സംശയത്തിന്റെ ലാഞ്ഛനയുള്ള എല്ലാ ഹദീസുകളും വിശുദ്ധ ഖുർആന്റെ മൂശയിലിട്ടു പരിശോധിച്ച് വിധി പറയേണ്ടതുണ്ട്.

e. വിശുദ്ധ ഖുർആനും ഹദീസും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലെങ്കിൽ അവയുടെ പാരസ്പര്യത്തിന്റെ ബലത്തിൽ ആ ഹദീസിന്റെ ഉറവിടവും നിവേദക പരമ്പരകളുടെ വിശ്വാസ്യതയും നിർണ്ണയിക്കപ്പെടുന്നു.

f. അത്തരം ഹദീസുകൾ വ്യാപകമായി സ്വീകരിക്കപ്പെട്ട മറ്റു ആധികാരിക ഹദീസുകളുമായി താരതമ്യം ചെയ്ത് പൊരുത്തക്കേടില്ല എന്ന് ഉറപ്പ് വരുത്തണം.

g. അവസാനമായി ഹദീസുകളുടെ പ്രബലത തെളിയിക്കുന്ന മറ്റൊരു ഗവേഷണ രീതി ഇപ്രകാരമാണ്. ഹദീസുകളുടെ ആഭ്യന്തര തെളിവുകൾ വിമർശനാത്മകമായി വിലയിരുത്തുക. ഹദീസുകളുടെ ഉള്ളടക്കം തിരുനബി(സ)യുടെ സ്വഭാവ പഠനങ്ങളിൽ നിന്നും ജീവിത സാകല്യത്തിന്റെ നിരീക്ഷണങ്ങളിൽ നിന്നും നമുക്ക് ലഭി

ക്കുന്ന പ്രതിച്ഛായക്ക് കളങ്കമേല്പ്പിക്കുന്നതാണെങ്കിൽ അത്തരം ഹദീസുകൾ തിരുനബി(സ)യുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റാരോപണങ്ങളാണെന്നോ അഥവാ സാമാന്യ ബോധത്തിനും യുക്തിക്കുമെതിരാണെന്നോ കരുതി തിരസ്ക്കരിക്കേണ്ടതാണ്.

മേൽപറഞ്ഞ തത്ത്വങ്ങളുടെ വെളിച്ചത്തിൽ നമുക്ക് ഈ ഹദീസ് പരിശോധിക്കാം. [13]

## ഹദീസ്

പ്രസ്തുത ഹദീസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഇക്രിമ അദ്ദേഹം കേട്ടതായി നിവേദനം ചെയ്തിരിക്കുന്നു. ചില സിന്തീഖുകളെ* B ഹസ്റത്ത് അലിയുടെ മുമ്പിൽ ഹാജരാക്കി. ഉടനെതന്നെ അവരെ ജീവനോടെ ദഹിപ്പിച്ചു കളയാൻ അദ്ദേഹം ആജ്ഞ നല്കി. ഇബ്നു അബ്ബാസ് പറയുകയുണ്ടായി. താനായിരുന്നുവെങ്കിൽ ഒരിക്കലും അങ്ങനെ ആജ്ഞാപിക്കുകയില്ലായിരുന്നു. കാരണം തിരുനബി(സ) അരുളുകയുണ്ടായി, അഗ്നികൊണ്ടുള്ള ശിക്ഷ അല്ലാഹുവിന്റെ അധികാരത്തിൽപ്പെട്ടതായിരിക്കുന്നതാണ്. പക്ഷേ ആർ മതം മാറുന്നുവോ അവനെ വധിക്കുക എന്നു കൂടി നബി തിരുമേനി(സ) പറയുകയുണ്ടായിട്ടുണ്ട്. [14]

ഈ ഹദീസ് ചില ഭേദഗതികളോടെ തിർമിദി, അബൂദാവൂദ്, അന്നിസായി, ഇബ്നു മാജ എന്നിവരുടെ ഹദീസു ഗ്രന്ഥങ്ങളിലും കാണാം.

## വിശുദ്ധ ഖുർആനുമായുള്ള വൈരുദ്ധ്യങ്ങൾ

വിശുദ്ധ ഖുർആനിലെ താഴെ കാണുന്ന വചനങ്ങളുമായി ഈ ഹദീസ് പൊരുത്തപ്പെടുന്നു എന്ന് സാമാന്യ ബുദ്ധിയുള്ള ആർക്കും പറയാൻ സാധ്യമല്ല.

2:57, 100, 109, 218, 257, 273; 3:21, 73, 86–92, 145; 4:83, 138, 139, 146 5:55, 62, 91–3, 99–100;

6:67, 105–8, 126; 7:124–9; 9:11–14; 10:100–9; 13:41; 15:10;16:83, 105–7,126

17:55; 18:30; 19:47; 20:72–4; 22:40; 24:55; 25:42–4; 26:117; 28: 57;29:19;

39: 30–42; 40: 26, 27; 42:7, 8, 48, 49; 47:26; 50:46; 51:57;

64:9–13; 66:7; 88: 22–3

ചില വചനങ്ങൾ ഇതിന് മുമ്പേ പ്രതിപാദിച്ചു കഴിഞ്ഞു. കൂടുതൽ വ്യക്തമാക്കാൻ താഴെ കാണുന്ന സൂക്തങ്ങൾ ഉദ്ധരിക്കുന്നു:



*"ഏതൊരാൾ ഇസ്ലാം അല്ലാതെ മറ്റു വല്ല മതവും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ അത് അയാളിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. പരലോകത്ത് അയാൾ നഷ്ടമനുഭവിക്കുന്നവരിൽ പെട്ടവനായിരിക്കും. സത്യവിശ്വാസം കൈക്കൊള്ളുകയും ഈ ദൈവദൂതൻ സത്യവാനാണെന്ന് സാക്ഷ്യം വഹിക്കുകയും തങ്ങൾക്ക് വ്യക്തമായ തെളിവുകൾ വന്നു കിട്ടുകയും ചെയ്തതിനു ശേഷം അവിശ്വസിച്ച ഒരു ജനതയെ അല്ലാഹു എങ്ങനെ നേർവഴിയിലാക്കും? അല്ലാഹു അധർമ്മികളായ ജനങ്ങളെ നേർമാർഗ്ഗത്തിലാക്കുകയില്ല. അക്കൂട്ടരാവട്ടെ, അവരുടെ മേൽ അല്ലാഹുവിന്റെയും മലക്കുകളുടെയും ജനങ്ങളുടെയുമെല്ലാം ശാപമുണ്ടെന്നുള്ളതാണ് അവരുടെ പ്രതിഫലം. അവർ അതിൽ ചിരകാലം പാർക്കുന്നവരായിരിക്കും. അവരിൽ നിന്നു ശിക്ഷ ലഘൂകരിക്കപ്പെടുകയില്ല. അവർക്ക് അവധി നല്കപ്പെടുന്നതുമല്ല, അതിനുശേഷം പശ്ചാത്തപിച്ചു മടങ്ങുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്തവരൊഴികെ. കാരണം അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അവിശ്വസിക്കുകയും പിന്നെ അവിശ്വാസത്തിൽ മുന്നേറുകയും ചെയ്തവർ, അവരുടെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർ വഴിപിഴച്ചവർ തന്നെയാണ്. അവിശ്വസിക്കുകയും അവിശ്വാസികളായി മരിക്കുകയും ചെയ്തവർ അവരിലൊരാൾ ഭൂമി നിറയെ സ്വർണ്ണം കൊണ്ട് പ്രായശ്ചിത്തം നല്കിയാലും അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർക്കാണ് വേദനാജനകമായ ശിക്ഷയുള്ളത്. അവർക്ക് സഹായികളാരും ഉണ്ടാവുകയുമില്ല. (വി.ഖുർആൻ 3:86 –92)*

മതമുപേക്ഷിച്ചതിന്റെ പേരിൽ ഒരു മനുഷ്യന് മറ്റൊരു മനുഷ്യനിൽ നിന്നു യാതൊരു ശിക്ഷയും ഈ ലോകത്ത് അനുഭവിക്കേണ്ടി വരികയില്ലെന്ന് ഈ വചനം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. 'അവരതിൽ ചിരകാലം പാർക്കുന്നവരായിരിക്കും' എന്ന ഭാഗം വ്യക്തമായും പരലോകശിക്ഷയെ സൂചിപ്പിക്കുന്നു. ഭാവന എത്ര തന്നെ വലിച്ചു നീട്ടിയാലും സ്ഥിരബുദ്ധിയുള്ള ഒരു മനുഷ്യന് 'അല്ലാഹുവിന്റെ ശാപം' എന്ന വാക്കിനെ മതം മാറിയവനെ കൊല്ലുവാനുള്ള ലൈസൻസായി വ്യാഖ്യാനിക്കാൻ സാധ്യമല്ല. ഇവിടെ വധശിക്ഷയെപ്പറ്റിയുള്ള യാതൊരു പ്രതിപാദനവുമില്ല. വധശിക്ഷയെ

സ്സംബന്ധിച്ചായിരുന്നു പറഞ്ഞിരുന്നതെങ്കിൽ നിയമത്തിന്റെ കണിശത ആവശ്യപ്പെടും പ്രകാരം മറ്റു 'ഹുദൂദുകൾ '(ഖുർആനിൽ വ്യക്തമാക്കപ്പെട്ട ശിക്ഷകൾ) പോലെ ആ ശിക്ഷയും വ്യക്തമായി നിർവ്വചിക്കപ്പെടുമായിരുന്നു. അതിനു വിപരീതമായി അത്തരം ആളുകളുടെ പശ്ചാത്താപത്തിനുള്ള സാധ്യതകളെയും, അല്ലാഹുവിന്റെ പൊറുത്തു കൊടുക്കലിനെയും സംബന്ധിച്ചാണ് ഖുർആൻ ഇവിടെ പറയുന്നത്. ഒരാൾ വധിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ അയാൾക്ക് പശ്ചാത്താപത്തിനും പാപപരിഹാരത്തിനും ഈ ലോകത്ത് എങ്ങനെ അവസരം ലഭിക്കും?

മേൽ ഹദീസ് ശരിയാണെന്ന് സങ്കല്പിച്ച് സ്വീകരിക്കുന്ന പക്ഷം ഖുർആനുമായി ഈ ഹദീസിനുള്ള വ്യക്തമായ വൈരുദ്ധ്യം എങ്ങനെയാണ് ദുരീകരിക്കുകയെന്ന് മതപരിത്യാഗിയെ വധിക്കണമെന്ന് ശഠിക്കുന്നവർ പ്രത്യേകം ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും അവർ മേൽ പ്രതിപാദിച്ച ഖുർആനിക വചനങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ നിലപാട് നിഷ്പക്ഷ മനസ്സോടെ പുനഃപരിശോധിക്കേണ്ടതാണ്. വിശുദ്ധ ഖുർആന്റെ വ്യക്തവും ശക്തവുമായ ആജ്ഞകളുണ്ടായിരിക്കെ ഇത്തരം ദുർബലമായ ഹദീസുകൾക്ക് മുൻതൂക്കം നല്കാൻ ഒരാൾക്ക് എങ്ങനെ സാധിക്കും?

ഖുർആൻ പറയുന്നു:

**'നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനേ എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിനായി നീ അവരെ നിർബന്ധിക്കുകയോ? അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഒരാൾക്കും വിശ്വസിക്കാനാവുകയില്ല. ബുദ്ധി ഉപയോഗിക്കാത്തവരുടെ മേൽ അവൻ കോപം ഇറക്കുന്നു.' (10:100, 101)**

ദൈവം സ്വയംതന്നെ ജനങ്ങൾ വിശ്വാസികളായിത്തീരാൻ ബലം പ്രയോഗിക്കുന്നില്ല എന്നിരിക്കെ വിശ്വാസിയാകാൻ അന്യന്റെ നേരെ ഖഡ്ഗമുയർത്താനും മൗദൂദിയൻ എലിക്കെണി ഒരുക്കാനും നമുക്കെന്ത് അധികാരം?

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധവും തിരുനബി(സ)ക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് സമാഹരിക്കപ്പെട്ടതുമായ ഹദീസുകളെ അക്ഷരാർത്ഥത്തിൽ വിശ്വസിക്കുക എന്ന സമസ്യയിലാണ് അവർ അകപ്പെട്ടിരിക്കുന്നത്.



**തിരുനബി(സ)യുടെ സുന്നത്തു (നടപടിക്രമങ്ങൾ) മായുള്ള വൈരുദ്ധ്യം**

ഇസ്ലാമിക നിയമത്തിന്റെ രണ്ടാം സ്രോതസ്സാണ് തിരുനബി (സ)യുടെ നടപടിക്രമങ്ങളും ജീവിതചര്യകളും. മതമുപേക്ഷിച്ചു എന്ന കുറ്റത്തിന് ശിക്ഷയായി ആളുകളെ വധിക്കുകയുണ്ടായി എന്ന വാദത്തിലെ പൊള്ളത്തരം നാം തെളിയിച്ചു കഴിഞ്ഞു.

എല്ലാറ്റിനുമുപരിയായി മക്കക്കാരോട് തിരുനബി(സ)യുടെ സമീപനമെന്തായിരുന്നു? ദൈവത്തിന്റെ സന്ദേശം സമാധാനപരമായി പ്രചരിപ്പിക്കാനും, ആചരിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കണമെന്നായിരുന്നു നബി തിരുമേനി(സ)യുടെ ആവശ്യം. മക്കക്കാർ അദ്ദേഹത്തിന് ഈ സ്വാതന്ത്ര്യം അനുവദിച്ചില്ലെന്ന് മാത്രമല്ല അദ്ദേഹത്തെ വിശ്വസിച്ചവരെ പീഢിപ്പിക്കുകയാണ് ചെയ്തത്. അതായത് മുഹമ്മദിന്റെ സന്ദേശത്തിൽ വിശ്വസിക്കുന്നവരെ ബിംബാരാധനയിലധിഷ്ഠിതമായ അവരുടെ മതത്തെ ഉപേക്ഷിച്ച മതപരിത്യാഗികളായി കണക്കാക്കി.

ഏതൊരു മനുഷ്യനും അവന് ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഈയൊരു അടിസ്ഥാനപരമായ മനുഷ്യാവകാശത്തിന്റെ സംരക്ഷണത്തിന് വേണ്ടിയായിരുന്നു ജീവിതാന്ത്യം വരെ തിരുനബി(സ) പടപൊരുതിയത്. ഒരാളും തന്നെ മറ്റൊരാളുടെ മതം ബലംപ്രയോഗിച്ച് മാറ്റാൻ പാടില്ല. ഒരാൾ വിശ്വസിക്കുന്ന മതം ഏതായാലും അത് മാറ്റാനുള്ള സ്വാതന്ത്ര്യവും അയാൾക്കുണ്ട്. വാസ്തവത്തിൽ മതങ്ങളുടെ ചരിത്രത്തിലുടനീളം ദൈവദൂതൻമാർ നടത്തിയ വിശുദ്ധ യുദ്ധങ്ങളുടെ സാരാംശമിതാണ്. പൂർവ്വ പ്രവാചകന്മാരുടെ ചരിത്രമുദ്ധരിച്ചു കൊണ്ട് വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് ഇത് വ്യക്തമാക്കുന്നു. താഴെ സൂചന നല്കിയ ഖുർആനിക വചനങ്ങൾ കാണുക. 2:5, 6:113, 21:42, 25:32, 36:8, 31,43:8 അത്തരം ദൈവദൂതൻമാരിൽ ചിലരുടെ പേരുകൾ ഖുർആനിൽ ഈ വചനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. ഇബ്റാഹിം (അ) (6:75-9, 19:47, 21:53,59,61,69,70; 37:89-91, 98) ഇൽയാസ് (അ) 37:126-127) ലൂത്ത് (അ) (26:166-68; 27:57; 15:71) നൂഹ് (അ) (7:60, 10:72, 11:26-7, 26:117; 71:2-21) മൂസ്സാ (അ) (7: 105-6, 124-7; 10:76-9; 17:102-3; 20:44-5, 50:3; 26:19-34) ഈസാ (അ) (3:52-6; 5:118; 19:37; 43:65) അവരുടെയെല്ലാം തീക്ഷ്ണമായ സമരം എന്തിനു വേണ്ടിയായിരുന്നു? ആ സമരങ്ങളെല്ലാം തന്നെ തങ്ങളുടെ സമകാലീനരായവരുടെ വിശ്വാസം

മാറ്റാൻ പ്രവാചകന്മാർക്ക് അവകാശമില്ല എന്ന് വാദിച്ച പ്രവാചക ശത്രുക്കളോടുള്ള പ്രതികരണങ്ങളായിരുന്നു. യഥാർത്ഥത്തിൽ ഒരാൾക്ക് താനിച്ഛിക്കുന്ന മതവിശ്വാസം തിരഞ്ഞെടുക്കാനവകാശ മുണ്ട്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം സമാ ധാനപരമായ മാർഗ്ഗങ്ങളിലൂടെ പ്രചരിപ്പിക്കുന്നിടത്തോളം കാലം ബലം പ്രയോഗിച്ച് തടയാൻ ആർക്കും അവകാശമില്ല. ഏറ്റവും മനു ഷ്യത്വപരവും യുക്തിസഹവുമായ ഈ നിലപാടിനെ പ്രവാചക ശത്രുക്കൾ പ്രത്യക്ഷത്തിൽ തന്നെ നിരാകരിക്കുകയും പ്രവാച കൻമാർക്ക് തങ്ങളുടെ ജനതയെ പരിവർത്തനം ചെയ്യുവാൻ യാതൊരു അവകാശവുമില്ല എന്ന നിലപാടിൽ ഉറച്ചു നില്ക്കുകയും ചെയ്തു. പ്രവാചകൻമാർ അവരുടെ ഈ പ്രവർത്തനങ്ങളിൽ നിന്നു പിൻമാറുന്നില്ലെങ്കിൽ അവർ മതപരിത്യാഗത്തിനുള്ള ശിക്ഷ (എ തിരാളികളുടെ വാദപ്രകാരം) അനുഭവിക്കാൻ തയ്യാറാകേണ്ടതായി രുന്നു. അതായത് വധിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്യ പ്പെടും.

നബിതിരുമേനി(സ) എതിരാളികളുമായി നടത്തിയ അതിജീ വനസമരം പൂർവ്വ സൂരികളായ പ്രവാചകൻമാരുടെ ചരിത്രത്തോട് സാദൃശ്യം ഉൾക്കൊള്ളുന്നതായിരുന്നു. ഈ അടിസ്ഥാനപരമായ ആദർശങ്ങൾക്കു വേണ്ടി പർവ്വതത്തെപ്പോലെ ഉറച്ച് നില്ക്കുകയും തിരുദൂതർ(സ)തന്റെ ജീവിതം ആയതിനുവേണ്ടി സമർപ്പിക്കുകയും ചെയ്ത കാര്യം സാമാന്യ ബുദ്ധിയുള്ള ഒരാൾക്ക് എങ്ങനെ നിഷേ ധിക്കാൻ സാധ്യമാവും? വിശുദ്ധ ഖുർആനും തിരുനബി ചര്യയും മറ്റു നബി വചനങ്ങളും പരാമർശ വിധേയമായ ഹദീസുമായി വമ്പിച്ച തോതിൽ വൈരുദ്ധ്യമുണ്ടാക്കുന്നു. ആയതിനാൽ തികച്ചും അടി സ്ഥാന രഹിതമായ ഈ ഹദീസിനുമേൽ ഊന്നൽ നല്കാൻ ആർക്കും സാധ്യമല്ല.

## ഹദീസിന്റെ പ്രബലതയും സമാഹർത്താക്കളുടെ വിശ്വാസ്യതയും

ഒറ്റനോട്ടത്തിൽ തന്നെ നിരാകരിക്കപ്പെടുന്ന ഈ ഹദീസ്, ഹദീസ് സമാഹർത്താക്കളിൽ പ്രമുഖരായ ബുഖാരി, തിർമിദി, അബൂ ദാവൂദ്, അന്നിസായി, ഇബ്നുമാജ എന്നിവർ രേഖപ്പെടുത്തിയിരി ക്കുന്നു. വ്യാപകമായി സ്വീകരിക്കപ്പെട്ട ആറ് ഹദീസ് ഗ്രന്ഥങ്ങളിൽ അഞ്ചെണ്ണത്തിലും ഈ ഹദീസ് രേഖപ്പെട്ടു കിടക്കുന്നു. ഈ ഹദീ



സിന്റെ ആധികാരികതയെക്കുറിച്ചുള്ള വാദം ഈ ഹദീസ് പ്രാമാ ണികമായ ഹദീസു ഗ്രന്ഥങ്ങളിൽപെട്ടു പോയി എന്ന വസ്തുത യിൽ മാത്രം ഒതുങ്ങുന്നതാണ്.

ഒരു ഹദീസ് പ്രബലമാണോ എന്ന് പ്രഖ്യാപിക്കാൻ അത് ഒരു പ്രമാണികമായ ഹദീസ് ഗ്രന്ഥത്തിൽ കാണപ്പെട്ടാൽ മാത്രം പോര. അതിന്റെ പ്രാബല്യം തെളിയിക്കാൻ എല്ലാ ഹദീസുകൾക്കും ബാധ കമായ ചില അംഗീകൃത മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ഈ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഹദീസ് റിപ്പോർട്ട് ചെയ്ത നിവേദക പരമ്പരയിലെ കണ്ണികളായവരുടെ സ്വഭാവവും ജീവിതവും ആഴത്തിലും പരപ്പിലും പരിശോധിക്കുക എന്നതാണ്.

ചില പണ്ഡിതൻമാർ അവരുടെ ജീവിതം മുഴുവനും ഹദീസ് നിവേദകൻമാരുടെ ജീവിതത്തെപ്പറ്റി പഠിക്കുവാൻ വിനിയോഗിക്കു കയുണ്ടായി. അവരുടെ യാതനാപൂർണ്ണവും സമഗ്രവുമായ ഇത്തരം ഗവേഷണങ്ങൾ മൂലം ഹദീസ് നിവേദക പരമ്പരയിലെ എല്ലാ കണ്ണി കളെക്കുറിച്ചും സൂക്ഷ്മമായ പരിശോധന നടത്താൻ നമുക്കിന്ന് സാധിക്കുന്നു. അതിന് അവരോട് നാം കടപ്പെട്ടവരാണ്. നമ്മുടെ പരിഗണനയിലുള്ള ഈ ഹദീസിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. ഈ ഹദീസ് ''അഹാദ് ഗരീബ്'' (ഏക റാവിയിൽ നിവേദനം ചെയ്യ പ്പെട്ട ഹദീസ്) ഇനത്തിൽപ്പെട്ടതാണ്. ഈ ഹദീസ് രേഖപ്പെടുത്തിയ അഞ്ചു ഗ്രന്ഥങ്ങളിലും ഇക്‌രിമ എന്ന ഏക വ്യക്തി മാത്രമാണ് നിവേ ദകനായിട്ടുള്ളത്.

ലക്നോയിലെ പരേതനായ മൗലാനാ അബുൽ ഹയ്യ്, ഇക്‌രിമ യെ പ്രത്യേകം പരാമർശിച്ചു കൊണ്ട് പറഞ്ഞത് ശ്രദ്ധേയമാണ്. ബുഖാരി അദ്ദേഹത്തെ തന്റെ ഹദീസു ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി യത് കൊണ്ട് മാത്രമാണ് മറ്റുള്ളവർ സ്വതന്ത്രമായ യാതൊരു ഗവേ ഷണവും നടത്താതെ അദ്ദേഹത്തെ സ്വീകരിച്ചത്.[15]

ഒരു ഹദീസ്, നിവേദകരുടെ ഒറ്റ ശൃംഖലയിൽ നിന്നു മാത്രം റിപ്പോർട്ടു ചെയ്യപ്പെട്ടതാണെങ്കിൽ പോലും അത് ആധികാരികവും പ്രാബല്യമുള്ളതുമായേക്കാം. എന്നിരുന്നാലും, അത്തരം ഹദീസു കൾക്ക് ഒന്നിൽ കൂടുതൽ നിവേദക പരമ്പരകളിലൂടെ റിപ്പോർട്ട് ചെയ്യ പ്പെട്ട ഹദീസുകളുടെയത്ര പ്രബലതയും വിശ്വസ്തതയും കല്പി ക്കാൻ സാധ്യമല്ല. 'ഏക റാവിയാൽ' നിവേദനം ചെയ്യപ്പെട്ട അത്തരം

ഹദീസുകൾ അവകാശം, ബാദ്ധ്യത, ശിക്ഷ പ്രത്യേകിച്ച് 'ഹുദൂദു' മായി ബന്ധപ്പെട്ട സംഗതികൾ എന്നിവയുടെ ഖണ്ഡിതമായ വിധികളെ സ്വാധീനിക്കാൻ അനുവദിക്കാറില്ല. 'ഹുദൂദ് എന്നാൽ ഖുർആനിൽ പറയപ്പെട്ടതും കണിശമായി പാലിക്കേണ്ടതുമായ ശിക്ഷാ വിധികളെപ്പറ്റിയുള്ള സാങ്കേതിക പദമാണ്. മതപരിത്യാഗത്തിന് വധ ശിക്ഷ വിധിക്കണമെന്ന് വാദിക്കുന്നവർ കരുതുന്നത്, ഹുദൂദിന്റെ നിലവാരത്തിൽപ്പെട്ട ഒരു ഖുർആനിക വിധിയെ ആധാരമാക്കിയാണ് ഈ നിയമം നടപ്പാക്കുന്നത് എന്നാണ്. വാസ്തവത്തിൽ ഈ വാദം തന്നെ നിരർത്ഥകമാണെന്ന് നാം നേരത്തെ തെളിയിച്ചതാണ്.

ഒരു കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. നാം ചർച്ച ചെയ്യുന്ന ഈ ഹദീസ് ഒരേയൊരു റാവിയുടെ നിവേദന പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ട ഹദീസാണ്. ഈ ഹദീസിനെ ചിലർ ശരിയാണെന്ന് ധരിച്ചാലും അതിന് നിയമനിർവ്വഹണത്തിനുള്ള അധികാരം സിദ്ധമാവുന്നില്ല. ഈ പശ്ചാത്തലത്തിൽ ഇക്രിമയെപ്പറ്റിയും അദ്ദേഹത്തിന്റെ ബഹുമാന്യതയെക്കുറിച്ചും കൂടുതൽ പഠനം നടത്തേണ്ടിയിരിക്കുന്നു.

## ഇക്‌രിമ * C

ഇക്‌രിമ[16] ഇബ്നു അബ്ബാസിന്റെ ഒരു അടിമയും അതേസമയം ശിഷ്യനുമായിരുന്നു. മഠയനായ വിദ്യാർത്ഥിയായതിനാൽ അദ്ദേഹം എപ്പോഴും ഒരു പിൻബഞ്ചുകാരനായിരുന്നു. പഠനകാര്യങ്ങളിലുള്ള താൽപര്യക്കുറവ് മൂലം തന്നോട് ഇബ്നു അബ്ബാസ് കോപിഷ്ഠനായിരുന്നുവെന്ന് ഇക്‌രിമ സ്വയം തന്നെ വെളിപ്പെടുത്തിയത് ഈ വസ്തുതക്ക് പിൻബലമേകുന്നു. പാഠശാലയിലേക്ക് പോകാൻ വിമുഖനായ അദ്ദേഹത്തെ കൈകാലുകൾ ബന്ധിച്ച് ബലം പ്രയോഗിച്ചിട്ടായിരുന്നു ഇബ്നു അബ്ബാസിന്റെ പ്രഭാഷണം കേൾക്കാൻ ഹാജരാക്കിയിരുന്നത്.[17]

ഇസ്ലാമിലെ നാലാം ഖലീഫയായിരുന്ന ഹദ്റത്ത് അലി(റ) യുടെ ശത്രുവായിരുന്നു ഇക്‌രിമ. ഹദ്റത്ത് അലിയും(റ) ഇബ്നു അബ്ബാസും(റ) ഇടഞ്ഞു നിന്ന സന്ദർഭങ്ങളിൽ ഇക്‌രിമ വ്യക്തമായും ഖവാരിജ് പക്ഷത്തേക്ക് ചായുകയുണ്ടായി. പിൽക്കാലത്ത് അബ്ബാസിയാ കാലഘട്ടത്തിൽ (രാഷ്ട്രീയ കാരണങ്ങളാൽ ഹദ്റത്ത് അലി(റ)യുടെ സന്താന പരമ്പരകളുമായി ഏതെങ്കിലും വിധത്തിൽ



ബന്ധമുള്ളവരോട് പോലും കഠിനശത്രുത പുലർത്തിയവരായിരുന്നു അബ്ബാസികൾ എന്ന കാര്യം നാം മറക്കരുത്) ഇക്‌രിമ ഒരു ബഹുമുഖ പ്രതിഭ എന്ന നിലക്ക് വമ്പിച്ച ആദരവും, പ്രശസ്തിയും നേടുകയുണ്ടായി. ഹദ്റത്ത് അലി(റ)യോടുള്ള പകയും ഖവാരിജുകളോടുള്ള ബന്ധവുമായിരുന്നു ഇതിന് കാരണം.[18]

ഇക്‌രിമ, ഒരു ഖവാരിജ് പക്ഷക്കാരനാണെന്നും അദ്ദേഹത്തിന്റെ ഹദീസുകൾ വിശ്വാസയോഗ്യമല്ലാത്തതും സംശയ ഗ്രസ്തവുമാണെന്നാണ് ദഹ്ബി* D പറയുന്നത്. മതപരിത്യാഗികളെ ശിക്ഷിക്കുന്ന വിഷയത്തിൽ വിദഗ്ദ്ധനായ ഇമാം അലി ബിൻ അൽ മെദയ്നിക്കും ഇതേ അഭിപ്രായം തന്നെയായിരുന്നു. യഹ്യാ ബിൻ ബെകീർ പറയാറുണ്ടായിരുന്നത്, ഈജിപ്ത്, മൊറോക്കോ, അൽജിയേഴ്സ് എന്നിവിടങ്ങളിലെ ഖവാരിജുകൾ ഇക്‌രിമയുമായി ഗാഢമായി ബന്ധമുള്ളവരാണെന്നാണ്.

ബസ്റ, കൂഫ,യമൻ എന്നീ നാടുകളിലെ നിർഭാഗ്യകരമായ സംഭവങ്ങളിൽ നിന്നാണ് മതപരിത്യാഗിക്ക് വധശിക്ഷ നല്കുന്ന സമ്പ്രദായം ഉടലെടുത്തതെന്ന് പൊതുവായി കണക്കാക്കപ്പെടുന്നു. ഹിജാസിലെ (മക്ക,മദീന) ജനതക്ക് ഈ സമ്പ്രദായവുമായി യാതൊരു പരിചയവുമുണ്ടായിരുന്നില്ല. നാം ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന, ഇക്‌രിമയിൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഈ ഹദീസ് ഒരു ഇറാഖി പാരമ്പര്യമായിട്ടാണ് അറിയപ്പെടുന്നത് എന്ന യാഥാർത്ഥ്യത്തിന് നേരെ കണ്ണടക്കാൻ ആർക്കും സാധ്യമല്ല. പ്രശസ്തനായിരുന്ന മക്കാ ഇമാം തൗസ് ബിൻ കയ്സാൻ ഇറാഖി പാരമ്പര്യം മുഴുവനും സംശയഗ്രസ്തമാണെന്ന് പറഞ്ഞ വസ്തുത ഇവിടെ അനുസ്മരിക്കാം.[19]

മഹാനായ പണ്ഡിതനായിരുന്ന യഹ്യ ബിൻ സയീദാ അൽ അൻസാരി ഇക്‌രിമയുടെ പൊതുവെയുള്ള വിശ്വാസയോഗ്യമില്ലായ്മയെക്കുറിച്ച് അധിക്ഷേപിക്കുക മാത്രമല്ല, അദ്ദേഹത്തെ 'കദ്ദാബ്' എന്ന് വിളിക്കാൻ വരെ തയ്യാറായി.[20] അതിനർത്ഥം പൂർണ്ണമായും കളവ് പറയുന്നവൻ എന്നാണ്.

അബ്ദുല്ലാ ബിൻ അൽഹാരിസ് രസകരമായ ഒരു സംഭവം ഉദ്ധരിക്കുന്നു. അദ്ദേഹം ഒരിക്കൽ അലി ബിൻ അബ്ദുല്ലാ ബിൻ അബ്ബാസിനെ സന്ദർശിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ അദ്ദേഹത്തെ

ഞെട്ടിപ്പിക്കുകയും വിസ്മയഭരിതനാക്കുകയും ചെയ്ത ഒരു രംഗത്തിന് ഇബ്നു ഹാരിസിനു സാക്ഷ്യം വഹിക്കേണ്ടി വന്നു. ഇക്രിമയെ അലി ബിൻ അബ്ദുല്ല തന്റെ വീടിനു പുറത്ത് ഒരു തൂണിൽ ബന്ധനസ്ഥനാക്കിയിരിക്കുന്നു. ഈ ക്രൂരത കണ്ട ഇബ്നു ഹാരിസ്, അലി ബിൻ അബ്ദുല്ലയോട് തന്റെ കോപം പ്രകടിപ്പിക്കുകയുണ്ടായി. ദൈവത്തെക്കുറിച്ചുള്ള എന്തെങ്കിലും ഭയം താങ്കൾക്കുണ്ടായിരുന്നില്ലേ? എന്ന് അദ്ദേഹം ചോദിക്കുകയും ചെയ്തു. ആദരണീയനും ഭക്തനുമാണെന്ന് ഇബ്നു ഹാരിസ് കരുതിയിരുന്ന ഇക്രിമ തന്റെ യജമാനന്റെ മകനായ അലി ബിൻ അബ്ബാസിന്റെ കരങ്ങളാൽ ഇത്രമാത്രം ക്രൂരതകൾക്ക് വിധേയമാകേണ്ടതില്ലായിരുന്നു എന്ന അർത്ഥത്തിലായിരുന്നു പ്രതികരിച്ചത്. ഇതിന് മറുപടിയായി ഇബ്നു അബ്ബാസിന്റെ മകനായ അലി ബിൻ അബ്ദുല്ല തന്റെ പ്രവൃത്തിയെ ന്യായീകരിക്കുകയും ഇക്രിമയെ ചൂണ്ടിക്കാണിച്ചുകൊണ്ട് തന്റെ മരിച്ചു പോയ പിതാവ് ഇബ്നു അബ്ബാസിന്റെ പേരിൽ തികച്ചും കളവായ കാര്യങ്ങൾ ആരോപിക്കാനുള്ള ധിക്കാരം ഇയാൾ കാണിച്ചുവെന്ന് പ്രതിവചിക്കുകയും ചെയ്തു.[21] ഇബ്നു അബ്ബാസിന്റെ മകനായ അലി ബിൻ അബ്ദുല്ലാ ബിൻ അബ്ബാസിനേക്കാൾ ഇക്രിമയെപ്പറ്റി വിധിപറയാൻ മറ്റാർക്കാണ് കഴിയുക? മുസ്ലിം ലോകത്ത് സമാദരണീയനും അതുല്യനുമായ ഹദീസ് സമാഹർത്താവും ഇസ്ലാമിക നിയമശാസ്ത്രത്തിന്റെ ഇമാമുമായ ഇമാം മാലിക് ബിൻ അനസ്(റ) (ഹി:95-179)ന്റെ നിലപാടിലും അത്ഭുതപ്പെടാനില്ല. ഇക്രിമയിൽ നിന്നും നിവേദനം ചെയ്യപ്പെട്ട ഹദീസുകളൊന്നും വിശ്വാസയോഗ്യമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ സമീപനം.[22]

ഇമാം യഹ്യ ബിൻ സയീദ് അൽ അൻസാരി, അലി ബിൻ അബ്ദില്ലാ ബിൻ അബ്ബാസ്, അത്വാ ബിൻ അബി റബായി എന്നീ ബഹുമാന്യരായ പണ്ഡിതൻമാർ ഇക്രിമക്ക് അതിശയോക്തി കലർത്തിപ്പറയാൻ സഹജമായ ഒരു പ്രവണതയുണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.[23]

യുഗാന്ത്യം വരെ മതവിശ്വാസം മാറുന്ന മനുഷ്യാത്മാക്കളുടെ ജീവനെപ്പറ്റി അതായത് അവർ തൂക്കിലേറ്റപ്പെടേണ്ടവരാണെന്നത് സംബന്ധിച്ച രേഖ സമർപ്പിച്ച ഒരേയൊരു വ്യക്തിയുടെ ചരിത്രമാണിത്.



## ഇബ്നു അബ്ബാസ് (റ)

ഹദീസ് നിവേദക പരമ്പരയുടെ തലപ്പത്ത് ഇബ്നു അബ്ബാസിന്റെ[24] പേരു കണ്ടാൽ മുസ്ലിം പണ്ഡിതൻമാരിൽ ബഹുഭൂരിഭാഗവും ബഹുമാനപുരസ്സരം ആ ഹദീസിന്റെ മുന്നിൽ തലകുനിക്കുന്നു. ഇബ്നു അബ്ബാസിനോടുള്ള ഈ അതുല്യമായ ആദരവ് കാരണം കള്ള ഹദീസ് നിർമ്മാതാക്കൾ അവരുടെ വ്യാജ നിവേദക പരമ്പര അദ്ദേഹത്തിനു പിന്നിൽ ഘടിപ്പിക്കുന്ന പ്രവണതയെപ്പറ്റി മുസ്ലിം പണ്ഡിതൻമാർ ഗൗനിക്കുന്നില്ല. അതുകൊണ്ട് ഇബ്നു അബ്ബാസിന്റെ പേരിൽ ആരംഭിക്കുന്ന എല്ലാ ഹദീസുകളും കണിശമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

അതിനേക്കാളുപരിയായി ഇബ്നു അബ്ബാസ് നിവേദനം ചെയ്ത ഹദീസ് സത്യസന്ധമായി റിപ്പോർട്ട് ചെയ്യപ്പെട്ടതാണെങ്കിൽ പോലും ഇബ്നു അബാസിന്റെ പേരിൽ ഇക്രിമ വരുത്തിവെച്ച മനുഷ്യസഹജമായ പ്രമാദങ്ങൾ നിഷേധിക്കാതിരിക്കാൻ വയ്യ. താഴെക്കൊടുക്കുന്ന ഹദീസ് ഈ സംഗതിയിലേക്ക് നല്ല ഒരു തെളിവ് നല്കുന്നു.

'മരിച്ചയാളിനെച്ചൊല്ലി കരയുന്ന കാരണത്താൽ ആ മയ്യിത്ത് ശിക്ഷക്ക് വിധേയമാകും' എന്നു റസൂൽ തിരുമേനി(സ) അരുൾ ചെയ്തതായി ഹ: ഉമർ(റ) പറഞ്ഞെന്ന് ഇബ്നു അബ്ബാസ് പറയാറുണ്ടായിരുന്നു. ഇബ്നു അബ്ബാസ്(റ) വീണ്ടും പറഞ്ഞു: ഉമറി(റ)ന്റെ മരണശേഷം ഈ ഹദീസിന്റെ നിവേദനം അദ്ദേഹം ആയിശാ(റ)യുമായി ബന്ധിപ്പിച്ചു പറയുകയുണ്ടായി, ആയിശാ(റ) പറഞ്ഞു: ഉമറി(റ)ന് അല്ലാഹു പൊറുത്തുകൊടുക്കട്ടെ. നബി തിരുമേനി(സ) ഈ വിധം യാതൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞത് അവിശ്വാസിയായി മരിച്ച ഒരാളുടെ ബന്ധുക്കൾ മയ്യിത്തിനെച്ചൊല്ലി കരഞ്ഞാൽ അവരുടെ പ്രവർത്തനം മരിച്ച അവിശ്വാസിയുടെ ശിക്ഷ വർദ്ധിപ്പിക്കും എന്നാണ്. ഇതിലേക്കുള്ള തെളിവിനായി ആയിശ(റ) ഇത് കൂടി പറഞ്ഞു: "ഭാരം വഹിക്കുന്ന ഒരാത്മാവും മറ്റൊരാത്മാവിന്റെ ഭാരം വഹിക്കുന്നില്ല". നമ്മെ സംബന്ധിച്ചിടത്തോളം ഈ ഖുർആനിലെ വചനം തന്നെ ഏറ്റവും മതിയായ തെളിവാണ്.[25]

ഉമറി(റ)നെപ്പോലെ സമ്പൂർണ്ണനും ഉന്നതസ്ഥാനീയനുമായ ഒരാൾക്ക് പോലും തിരുമേനി(സ) പറഞ്ഞത് സംബന്ധിച്ച് ധാരണ

പ്പിശക് സംഭവിക്കാവുന്നതാണ്. അത്തരത്തിലുള്ള ധാരണപ്പിശകുകൾ എത്രമാത്രം അപൂർവ്വമായി സംഭവിച്ചതായാൽ പോലും അത് ഇബ്നു അബ്ബാസി(റ)നെപ്പോലെ ഒരാൾ റിപ്പോർട്ടു ചെയ്യുമ്പോൾ സാധാരണക്കാരായ നിവേദകൻമാർ ഇത്തരം ഹദീസുകൾ എത്രമാത്രം തെറ്റിദ്ധരിച്ചിട്ടുണ്ടാവണം.

തിരുനബി(സ)യുടെ സന്ദേശങ്ങൾ മനസ്സിലാക്കുന്നതിൽ ഉണ്ടായേക്കാവുന്ന പാളിച്ചകൾക്കുള്ള സാധ്യതകൾ വളരെയധികമാണ്. എന്നിരിക്കെ, മനുഷ്യന്റെ ജീവിതവും, മരണവും, മനുഷ്യാവകാശവും പോലെയുള്ള ദൂരവ്യാപകവും സുപ്രധാനവുമായ വിഷയങ്ങളുമായി ബന്ധപ്പെട്ട സംഗതികളിൽ ഒരു തീരുമാനമെടുക്കാനുള്ള മുഴുവൻ ആധികാരികതക്കും വേണ്ടി എങ്ങനെയാണ് ഏക റാവിയാൽ നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിനെ മാത്രം ആശ്രയിക്കുക? സാമാന്യ ബുദ്ധിയുള്ള ഒരാൾക്കും ഇത് അംഗീകരിക്കാൻ സാധ്യമല്ല.

ഇബ്നു അബ്ബാസിന്റെ പേരിൽ ആരോപിക്കപ്പെട്ട ഈ ഹദീസ് ഇക്രിമയുടെ കല്പിത ഹദീസായിരിക്കാനാണ് സാധ്യത. അത് അദ്ദേഹത്തിന്റെ പതിവുമായിരുന്നു എന്നാണ് ഇബ്നു അബ്ബാസിന്റെ മകനായ അലി ബിൻ അബ്ബാസിന്റെ പക്ഷം.

## മറ്റു അഭ്യന്തരമാനദണ്ഡങ്ങൾ

നാം ചർച്ചക്കെടുത്ത ഈ ഹദീസിന്റെ വിഷയസാരം പരിശോധിക്കുമ്പോൾ അതിന്റെ ഉള്ളടക്കം പലവിധത്തിലും തെറ്റാണെന്ന് കണ്ടെത്താൻ കഴിയും.

**a.** അലി(റ)യെപ്പോലെ സമുന്നതനായ ഒരു വ്യക്തി ഇസ്ലാം പൂർണ്ണമായും നിരോധിച്ച അഗ്നി കൊണ്ടുള്ള ശിക്ഷയെസ്സംബന്ധിച്ചു ബോധവാനായിരുന്നില്ലെന്ന് അംഗീകരിക്കേണ്ടിവരും.

**b.** 'ആർ മതം മാറുന്നുവോ അവനെ വധിക്കണം' എന്ന ഈ ഹദീസിലെ പൊതുവായിപ്പറഞ്ഞ വാക്യങ്ങളെ പലവിധത്തിലും വ്യാഖ്യാനിക്കാം. അത് പുരുഷനും സ്ത്രീക്കും കുട്ടികൾക്കും ബാധകമാക്കാം. ഇമാം അബൂഹനീഫയുടെയും മറ്റു ചില പണ്ഡിതൻമാരുടെയും അഭിപ്രായ പ്രകാരം മതമുപേക്ഷിച്ച സ്ത്രീയെ ഒരിക്കലും വധിക്കാൻ പാടില്ല എന്നാണ്.

**c.** ഈ ഹദീസിൽ ഉപയോഗിച്ച ദീൻ(മതം) എന്ന അറബിപദം ഒരു പൊതുവായ പദമാകയാൽ ഇസ്ലാമിനെസ്സംബന്ധിക്കുന്നത്



മാത്രമല്ല, ബിംബാരാധകരുടെ മതത്തെപ്പോലും (ദീൻ) എന്ന പദം കൊണ്ടാണ് ഖുർആൻ വിശേഷിപ്പിച്ചത്(സൂറ. അൽ കാഫിറൂൻ)

ഈ ഹദീസിൽ ഉപയോഗിക്കപ്പെട്ട ഭാഷയുടെ പൊതുവായ സ്വഭാവത്തിന്റെ വെളിച്ചത്തിൽ ഈ ഹദീസിൽ പറഞ്ഞ ശിക്ഷ മതമുപേക്ഷിക്കുന്ന ഒരു മുസ്ലിമിൽ മാത്രം എങ്ങനെ പരിമിതപ്പെടുത്താൻ സാധിക്കും? കണിശമായ സാങ്കേതിക പദപ്രയോഗങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഹദീസ് പ്രകാരം ഏത് മതസ്ഥനായാലും ശരി അത് മാറുന്നവൻ വധിക്കപ്പെടേണ്ടതാണ്. ജൂതൻ ക്രിസ്ത്യാനിയായാലും ഈ ഹദീസ് പ്രകാരം വധിക്കണം. അതുപോലെ ക്രിസ്ത്യാനി മുസ്ലിമായാലും വധിക്കപ്പെടണം. വ്യവസ്ഥാപിത മതങ്ങളിൽ വിശ്വസിക്കാത്ത വിശ്വാസികൾ പുതിയ മതങ്ങൾ വിശ്വസിക്കുമ്പോൾ അവരെയും കൊല്ലണം. ആസ്ട്രേലിയയിലെ അബോറിജിനോ, ആഫ്രിക്കയിലെ പിഗ്മിയോ, ഇന്ത്യക്കാരനോ, തെക്കെ അമേരിക്കക്കാരനോ ആരായാലും അയാൾ തന്റെ പഴയ മതവിശ്വാസത്തിൽ നിന്നു മാറി മറ്റൊന്ന് സ്വീകരിച്ചാൽ വധിക്കപ്പെടേണ്ടതാണ്. അതാകട്ടെ, മുസ്ലിം രാഷ്ട്രങ്ങൾക്ക് പുറത്ത് ലോകത്തെവിടെയായിരുന്നാലും ശരി.

വിശ്വാസ പരിവർത്തനത്തിന് ഇസ്ലാം വമ്പിച്ച ഊന്നൽ നല്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ഒരു പ്രബോധകനായിരിക്കാൻ ഓരോ മുസ്ലിമിനും ബാധ്യതയുണ്ട്. ഇക്കാലത്തെ മുസ്ലിം പണ്ഡിതൻമാർ ഇസ്ലാമിലെ സമാധാനപരമായ യഥാർത്ഥ ജിഹാദിന്റെ ചൈതന്യം പാടെ നിരാകരിക്കുകയും, മതം മാറുന്നവനെ ഇസ്ലാം കൈകാര്യം ചെയ്യുമെന്നും അവനെ വധിക്കുമെന്നുമുള്ള അങ്ങേയറ്റം സങ്കുചിതമായ വാദം ഇസ്ലാമിന്റെ പേരിൽ ധിക്കാരപൂർവ്വം ഉന്നയിക്കുകയും ചെയ്യുന്നു. ഇക്കൂട്ടരുടെ അന്യമതസ്ഥരോടുള്ള സമീപനമെന്താണ്? ഉദാത്തമായ ലക്ഷ്യം വെച്ചുകൊണ്ട് മറ്റു മതസ്ഥരുമായി സൗഹൃദ സംവാദത്തിലൂടെ വിശ്വാസത്തിന്റെ വ്യത്യസ്തതകൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ നിരന്തരം യത്നിക്കണമെന്ന് ഇസ്ലാം മുസ്ലിംകളോട് ആഹ്വാനം ചെയ്യുന്നു. ഇതൊരു പ്രമുഖമായ ധർമ്മമാണെന്നും ഏതൊരു മുസ്ലിമും ഈ യത്നത്തിൽ അവസാനം വരെ നിലകൊള്ളണമെന്നും അനുശാസിക്കപ്പെടുന്നു.

**'തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃ**

**ഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്ന വനെസ്സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു.' (വി. ഖു: 16:126)**

ഈ വചനങ്ങളിലെ മതാന്തരീയവും അന്തർദേശീയവുമായ മാന വിക ബന്ധങ്ങളുടെ സൽഫലങ്ങൾ ദർശിക്കുവാനുള്ള ക്രാന്ത ദർശിത്വം മതം മാറുന്നവനെ വധിക്കണമെന്ന സങ്കുചിതവും മനു ഷ്യത്വഹീനവുമായ സിദ്ധാന്തത്തിന്റെ വക്താക്കൾക്ക് ഒരിക്കലും ഉണ്ടാവില്ല. അവരുടെ വീക്ഷണപ്രകാരമുള്ള ഇസ്‌ലാം അനുശാസി ക്കുന്നതുപോലെ അന്യമതസ്ഥർക്കും മതപരിവർത്തനം ചെയ്യിക്കാ നുള്ള മൗലികാവകാശങ്ങളുമുണ്ടെന്നും എന്നാൽ, അത് മുസ്‌ലിംകൾ ചെയ്യുന്നത് പോലെയല്ലെന്നും ഇക്കൂട്ടർക്ക് കാണാൻ കഴിയുന്നില്ലേ? അതുപോലെ ഇസ്‌ലാമിന് മറ്റുള്ളവരെ പരിവർത്തനം ചെയ്യിക്കാ നുള്ള വിശേഷാധികാരമുണ്ട്. അപ്രകാരം മറ്റു മതസ്ഥർക്ക് അവ രുടെ മതവിശ്വാസത്തിലേക്ക് മുസ്‌ലിംകളെ പരിവർത്തനം ചെയ്യി ക്കാനുള്ള അവകാശം തടയപ്പെടുകയും ചെയ്യുന്നു. ഈ വസ്തുത യിലെ വൈരുദ്ധ്യം അവർക്ക് കാണാൻ കഴിയുന്നില്ലേ? ഇസ്‌ലാമിക നീതിയെസ്സംബന്ധിച്ച് എന്തൊരു പതിതാപകരമായ ചിത്രമാണ് ഇത് കാഴ്ചവെക്കുന്നത്?

ഇത് ഉപസംഹരിക്കട്ടെ. മതപരിത്യാഗം എന്നത് ഒരാൾ ഔദ്യോ ഗികമായി അവലംബിച്ചിരുന്ന മതവിശ്വാസത്തിന്റെ വ്യക്തമായ തിര സ്ക്കാരമാണെന്നാണ് അർത്ഥമാക്കുന്നത്. മതത്തിനുള്ളിൽ തന്നെ യുള്ള ആദർശപരമായ വ്യത്യാസത്തെ, അത് എത്രതന്നെ ഗുരുതര മായിരുന്നാലും ശരി, മതപരിത്യാഗമായി ഗണിക്കുവാൻ സാധ്യമല്ല. മതമുപേക്ഷിക്കുക എന്ന കുറ്റത്തിന് ആ വ്യക്തിക്ക് നല്കുന്ന ശിക്ഷ ദൈവത്തിന്റെ കരങ്ങളിൽ മാത്രം നിക്ഷിപ്തമായിട്ടുള്ളതാണ്. മത പരിത്യാഗം എന്നത് മറ്റുള്ള കുറ്റം കൊണ്ട് പ്രകോപിപ്പിക്കപ്പെട്ടില്ലെ ങ്കിൽ ഈ ലോകത്ത് ശിക്ഷ അർഹിക്കുന്ന ഒരു കുറ്റമല്ല എന്നതാ കുന്നു ദൈവത്തിന്റെ അദ്ധ്യാപനം. ഇതായിരുന്നു മുഹമ്മദ് നബി(സ) യുടെ [illegible] ഇതുതന്നെ. ഫത്ഹുൽ ഖദീർ,[26] ചാൽപി,[27] ഹാഫിസ് ഇബ്നുഹജർ,[28] ഇബ്റാഹിം നഖ്ഈ, സുഫ്‌യാൻ സൗരി തുടങ്ങി പലരുടെയും അഭിപ്രായവും ഇതു തന്നെയാണ്. ഏകാഭിപ്രായമുണ്ടെന്ന് വാദിച്ച് സത്യമാണെന്ന് ജല്പ്പിച്ച് മൗദൂദികൾ ഉയർത്തിപ്പിടിക്കുന്ന ഈ ഹദീസ് ഒരു ശുദ്ധ കൃതിപ്പ് മാത്രമാകുന്നു.

## കുറിപ്പുകൾ

*A [illegible] ഉള്ളുകയും ചെയ്യുന്നു. തീർച്ചയായും ഭൂമി അല്ലാഹുവിന്റേതാണ്. അവന്റെ അടിമകളിൽ താൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് അനന്തരാവകാശമായി നല്കുന്നു. (ശുഭ) പര്യവസാനം ദോഷബാധയെ സൂക്ഷിക്കുന്നവർക്കാണ്. (വി. ഖുർആൻ 7:128)



*B സിന്തീക്കുകൾ - മതനിരാസകർ

*C **ഇക്‌രിമ:** ഉഹ്ദ് യുദ്ധത്തിൽ ഇസ്‌ലാമിനെതിരെ ഒരു സേനാവിഭാഗത്തെ നയി ക്കുകയും മക്കാ വിജയത്തിനു ശേഷം ഭയന്നോടാൻ ശ്രമിക്കുകയും പിന്നീട് ഇസ്‌ലാം മതം ആശ്ലേഷിക്കുകയും ഇസ്‌ലാമിന് വേണ്ടി സേവനങ്ങൾ അർപ്പിക്കു കയും ചെയ്ത അബൂജഹലിന്റെ മകൻ ഇക്‌രിമയല്ല ഇദ്ദേഹം. ഗവേഷണം നട ത്തിയ പണ്ഡിതനാണ്. (വിവ:)

*D **ദഹ്ബി :** മുഹമ്മദ് ബിൻ അഹ്മദ് ശംസുദ്ദീൻ എന്നാണ് പൂർണ്ണ നാമം. ചരി ത്രകാരനും പ്രമുഖ ഹദീസ് പണ്ഡിതനുമായ ഇദ്ദേഹം തുർക്കി വംശജനാണ്. ക്രി. വ. 1348ൽ അന്തരിച്ചു (വിവ:)

അദ്ധ്യായം 8

# പ്രപഞ്ചത്തിനാകെ കാരുണ്യം

**തിരുനബി (സ) യെപ്പറ്റിയുള്ള യഥാർത്ഥത്തിൽ ഉന്നയിച്ചതോ, കല്പിതമായി ആരോപിച്ചതോ ആയ ഏതൊരു നിന്ദയും മുസ്‌ലിംകളുടെ വികാരത്തെ മറ്റെന്തിനേക്കാളും ഉപരിയായി ആളിക്കത്തിക്കുമെന്ന യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള സാമർത്ഥ്യം അവർക്കു (മുസ്‌ലിം പണ്ഡിതൻമാർ)ണ്ടായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യം തിരുനബി(സ)യുടെ നുബുവ്വത്തിനെ (പ്രവാചകത്വം) സംരക്ഷിക്കാനും അദ്ദേഹത്തിന്റെ നാമൂസിനെ (ബഹുമതിയെ) തിരായ ആക്രമണങ്ങളെ ചെറുക്കാനുമാണെന്ന് പ്രഖ്യാപിക്കാൻ തുടങ്ങി. ഈ തന്ത്രം വിജയിക്കുകയും അവർക്ക് വമ്പിച്ച ജനക്കൂട്ടത്തെ ആകർഷിക്കാൻ സാധ്യമാവുകയും ചെയ്തു. ഈണത്തിനനുസരിച്ച് ഫലിതം കലർത്തി ഉപമയും അലങ്കാരോക്തിയും ഉപയോഗിച്ച് വാക്കുകൾ തിരഞ്ഞെടുക്കുന്നതിലും ഭാവങ്ങൾ പ്രകടിപ്പിക്കുന്നതിലും അഹ്‌രാറികളിലെ പ്രഭാഷകൻമാർ അതിവിദഗ്ധരായിരുന്നു. അവർക്ക് ഉടൻ തന്നെ വ്യാപകമായ പ്രചാരണം ലഭിച്ചു.**

**- ജസ്റ്റിസ് മുനീർ** [1]

ദൈവദൂതൻമാരെ നിന്ദിക്കുക എന്നതിന് പ്രവാചകത്വത്തോളം തന്നെ പഴക്കമുണ്ട്. മുഹമ്മദ് നബി(സ) പോലും അതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നില്ല. അദ്ദേഹം പരിഹസിക്കപ്പെട്ടു. അത് മക്കത്ത് മാത്രമായിരുന്നില്ല. അദ്ദേഹത്തിന് രക്ഷാശിക്ഷകൾക്ക് അധികാരമുണ്ടായിരുന്ന മദീനയിൽ പോലും അദ്ദേഹം പരിഹസിക്കപ്പെടുകയുണ്ടായി. മദീനയിലെ ജൂതൻമാർക്ക് മൂർച്ചയേറിയ നാക്കും രോഗാതുരമായ നർമ്മബോധവും ഉണ്ടായിരുന്നു. പ്രവാചകനെ പരിഹസിക്കാൻ കിട്ടിയ അവസരങ്ങളൊന്നും അവർ പാഴാക്കിയില്ല.

ഹിജ്റക്ക് ശേഷം മക്കയിലെ ഖുറൈശികൾ ഇസ്‌ലാമിന്റെ വളർച്ച തടയാൻ ഈ ജൂതൻമാരുമായി സഖ്യമുണ്ടാക്കി. അഞ്ചാം പത്തിയായി പ്രവർത്തിക്കാൻ അവിടെ കപടവിശ്വാസികളുമുണ്ടായിരുന്നു. ഗൂഢാലോചനകൾക്കും, യുദ്ധത്തിനും പുറമെ മുസ്‌ലിം വിരുദ്ധ പ്രചാരണത്തിന്റെ ഒരു ശൃംഖലാ പ്രവർത്തനവും അവർ നടത്തിയിരുന്നു. ഈ പ്രചാരകർ കവികളായിരുന്നു. മാർക്സിം റോഡിൻസൺ പറഞ്ഞതുപോലെ അക്കാലത്തെ പത്രപ്രവർത്തകരായിരുന്നു ഈ കവികൾ. കാർമിക്കേൽ അഭിപ്രായപ്പെട്ടത് ഇവർ 'യുദ്ധത്തിന്റെ തിരികൊളുത്തുകാരുമായിരുന്നു' എന്നാണ്.[2] ഒരു പരദേശിക്ക് തങ്ങളെ സ്വയം അടിയറവെച്ച മദീനക്കാർ അപമാനിതരായി എന്ന് പറഞ്ഞ് അബു അഫ്ക, ഖായ്‌ലയുടെ സന്തതികളെ (ഔസ്, ഖസ്റജ് ഗോത്രങ്ങളെ) പരിഹസിച്ചിരുന്നത് ഇങ്ങനെയായിരുന്നു:

**ദീർഘായുഷ്മാൻ ഞാൻ കണ്ടില്ലിതുവരെ**
**ഗാഢാനുരാഗബദ്ധമീ ഗോത്രജനത്തെ**
**ഖായ്‌ലയുടെ സന്തതികളിവർതൻ ഒരുമയെ**
**വെല്ലുന്ന മറ്റൊരു ഗോത്രവും പാരിതിൽ**
**പർവ്വതങ്ങളുടെ ദൃഢതപോലും അതിന് മുമ്പിൽ ഛിന്നഭിന്നമായിരുന്നു.**
**എങ്കിലിതാ ഒരു പരദേശി വന്ന് അവരെ പിളർത്തിയിരിക്കുന്നു.**
**സകല വസ്തുക്കളിലും ഇതരുതെന്നും അതാവാമെന്നും അവൻ വചിക്കുന്നു.**
**നിങ്ങൾക്ക് ശക്തിയിലും പ്രതാപത്തിലും വിശ്വാസമില്ലേ?**
**എന്തുകൊണ്ട് നിങ്ങൾ തുബ്ബക്കെതിരെ സ്വീകരിച്ച നടപടി പിൻതുടരുന്നില്ല?**[3]

അബു അഫ്ക പറഞ്ഞ തുബ്ബ എന്നത് അതിപ്രശസ്തമായ ഒരു തെക്കെ അറേബ്യൻ രാജാവായിരുന്നു. അദ്ദേഹത്തെപ്പോലും നിങ്ങൾ പ്രതിരോധിക്കുകയുണ്ടായി. ഇപ്പോൾ മക്കക്കാരനായ ഒരഭയാർത്ഥിയെ സ്വീകരിക്കാൻ നിങ്ങൾക്കെന്തുപറ്റി? ഈ സമയത്തിനിടക്ക് മാലിക് ബിൻ അൽ സെയ്ഫിനു പകരം കഅ്ബ് എന്നയാൾ ജൂതനേതാവായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി[4] അദ്ദേഹം ഖുറൈശികൾക്ക് ബദറിലുണ്ടായ[5] പരാജയത്തെക്കുറിച്ച് വിലപിച്ചിരുന്നു. ഒരു വിലാപഗീതത്തിൽ അദ്ദേഹം പറയുകയാണ്.

**'നിങ്ങൾ ആ വിഡ്ഢികളെ തുരത്തു.**
**സാരശൂന്യമായ അവരുടെ വീൺവാക്കുകളിൽ**
**നിന്നു രക്ഷ നേടുക.**

**ഞാൻ പൊഴിക്കുന്ന കണ്ണുനീർ പ്രതി**
**നിങ്ങളെന്നെ പരിഹസിച്ചേക്കാം.**
**എന്നെ കുറോടെ സ്നേഹിച്ച**
**ഒരു ജനതക്ക് വേണ്ടിയായിരുന്നു അതെല്ലാം.**
**കണ്ണുനീർ വാർത്തുകൊണ്ടെന്റെ ജീവിതാന്ത്യം ഞാൻ കാണും**
**മക്ക തൻ കീർത്തിയിൽ യോഗ്യത കണ്ട**
**ഒരു ജനതയായിരുന്നുവല്ലോ അവർ.** [6]

വൃത്തികെട്ടതും പ്രകോപനപരവുമായ പ്രചാരണത്തിന്റെ ലക്ഷ്യം ഒരു വശത്ത് മുഹാജിർ-അൻസാറുക്കൾക്കിടയിലും മറുവശത്ത് ഔസ്, ഖസ്റജ് ഗോത്രങ്ങൾക്കിടയിലും വിദ്വേഷമുണ്ടാക്കുക എന്നതായിരുന്നു. അവർ പണം നല്കിയിട്ടു പോലും ഈ പ്രചാരണം നടത്തിയിരുന്നു. ബനൂഖയ്നുഖാഅ് ഗോത്രത്തിൽപ്പെട്ട ശാസ് ബിൻ ഖയ്സ് എന്ന ഒരു ജൂതൻ മറ്റൊരു ജൂതയുവാവിന് പണം നല്കിക്കൊണ്ട് ബുആത്ത് യുദ്ധ മുഖത്ത് നിന്ന് രചിച്ച ഒരു കവിത ആലപിക്കാൻ ആജ്ഞ നല്കുകയുണ്ടായി. ഔസ്, ഖസ്റജ് ഗോത്രത്തിൽപ്പെട്ട മുസ്ലിംകൾ അടങ്ങിയ ആൾക്കൂട്ടത്തിൽ വെച്ച് അയാൾ കവിത ചൊല്ലിക്കേൾപ്പിച്ചു. ക്രമേണ ഇരുകൂട്ടരുടെയും വികാരം വിജ്രംഭിതമാവുകയും അവർ പരസ്പരം വെല്ലുവിളികളുമായി രംഗത്തിറങ്ങുകയും ചെയ്തു. ഒരു കൂട്ടർ പറഞ്ഞു:

**'നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഞങ്ങൾ വീണ്ടും അത് നിർവഹിക്കും.' അതിനു മറുപടിയായിക്കൊണ്ട് മറുപക്ഷം പറഞ്ഞു 'ഞങ്ങളും അത് ചെയ്യും! നിങ്ങളുടെ സംഗമസ്ഥാനം അകലെയായിരിക്കും. അത് അഗ്നിപർവ്വതങ്ങളുടെ രഥ്യയായിമാറും. ആയുധത്തോട് ആയുധം ഏറ്റുമുട്ടും.'** [7]

ഈ വാർത്ത കേട്ട ഉടനെ തിരുനബി(സ) മുഹാജിറുകളോടൊപ്പം അവിടേക്ക് ഓടിയെത്തി. ഔസ്, ഖസ്റജ് ഗോത്രത്തിൽപ്പെട്ട ആളുകളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു.

**"അല്ലയോ മുസ്ലിംകളേ, നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക. ഞാൻ നിങ്ങളിലുള്ളപ്പോൾ നിങ്ങൾ അജ്ഞാനികളെപ്പോലെ പെരുമാറുകയാണോ? നിങ്ങളെ ദൈവം ഇസ്ലാമിലേക്ക് നയിച്ചതിനുശേഷം ആദരിക്കുകയും കലഹപൂരിതമായ പ്രാകൃത ജീവിതത്തിൽ നിന്നു രക്ഷിക്കുകയും ചെയ്തില്ലേ? അവിശ്വാസത്തിൽ നിന്നു നിങ്ങളെ മോചിപ്പിച്ച് നിങ്ങളെ അവൻ മിത്രങ്ങളാക്കി. എന്നിട്ടും നിങ്ങൾ ഈ വിധം പ്രവർത്തിക്കുകയാണോ?"** [8]



താഴെ എഴുതിയ ഖുർആനിക വചനങ്ങൾ ആ അവസരത്തിൽ അവതരിക്കുകയുണ്ടായി. [9]

**വിശ്വസിച്ചവരേ, ഗ്രന്ഥം നല്കപ്പെട്ടവരിൽ ഏതെങ്കിലും ഒരു വിഭാഗത്തെ നിങ്ങൾ അനുസരിക്കുന്നതായാൽ നിങ്ങൾ സത്യവിശ്വാസം കൈക്കൊണ്ടശേഷം അവർ നിങ്ങളെ അവിശ്വാസികളാക്കി തിരിച്ചുവിടും. നിങ്ങൾക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതികേൾപ്പിക്കപ്പെടുന്ന അവന്റെ ദൂതൻ നിങ്ങളിൽ ഉണ്ടുതാനും. ആ സ്ഥിതിയിൽ നിങ്ങൾ എങ്ങനെ അവിശ്വസിക്കും? വല്ലവനും അല്ലാഹുവിനെ മുറുകെ പിടിക്കുന്നതായാൽ നിശ്ചയമായും അവൻ നേർമാർഗ്ഗത്തിൽ നയിക്കപ്പെട്ടു.**

**'വിശ്വസിച്ചവരേ, അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറയനുസരിച്ച് സൂക്ഷിക്കുക. പൂർണ്ണമായ അനുസരണം പുലർത്തുന്നവരായിക്കൊണ്ടല്ലാത്ത നിങ്ങൾ മരിക്കാനിടയാകരുത്. നിങ്ങളെല്ലാവരും ഒത്തു ചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്കു വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനു വേണ്ടി.' (3:102, 103,104)**

മദീനയിലെ കലാപകലുഷിതമായ അന്തരീക്ഷമിതായിരുന്നു. ഈ അവസരത്തിൽ കലാപ പ്രചാരണം നടത്തുന്ന കവികളുടെ പ്രചാരണത്തിന് വിരാമമിടാനായി തിരുനബി (സ) തന്റെ സഖാക്കളോട് അത്തരം ആളുകളെ വധിക്കണമെന്ന് പറയുകയുണ്ടായി. അവർ സമാധാനത്തിന് ഗുരുതരമായ ഭീഷണിയായിരുന്നു എന്ന കാര്യം വളരെ വ്യക്തമായിരുന്നു. പ്രവാചകനെ അവർ നിന്ദിച്ചത് കൊണ്ടും ശത്രുത പുലർത്തിയത് കൊണ്ടുമാണ് അവർ വധിക്കപ്പെട്ടതെന്ന് പറയുന്നത് ചരിത്രത്തെ വളച്ചൊടിക്കലാണ്. പിൽക്കാലത്ത് തിരുനബി(സ)യെ നിന്ദിക്കുന്നു എന്ന കാരണം പറഞ്ഞ് നടത്തിയ വധശിക്ഷക്ക് ആധാരമായ ഒരു പ്രാമാണിക സംഭവം എന്ന നിലക്ക് അതിനെ കാണുന്നത് കരുതിക്കൂട്ടിയുള്ള സത്യസന്ധതയില്ലായ്മയും ചരിത്രത്തെക്കുറിച്ചുള്ള അജ്ഞതയുമാണ്. പ്രവാചകനെ നിന്ദിക്കുക

എന്നത് സാങ്കേതികമായി 'സാബ്' എന്നാണ് അറിയപ്പെടുന്നത്. അത് ഒരു 'ഹദ്ദോ' അതായത് ഖുർആൻ പ്രകാരമുള്ള കുറ്റമോ സുന്നത്ത് പ്രകാരമുള്ള വധശിക്ഷയോ അല്ല. വാസ്തവത്തിൽ ആളി ക്കത്തിക്കുന്ന മറ്റു സാഹചര്യമൊന്നും ഉളവാക്കുന്നില്ലെങ്കിൽ പ്രവാ ചക നിന്ദ ശിക്ഷാവിധേയമായ ഒരു കുറ്റം പോലുമാവുന്നില്ല. മതമു പേക്ഷിക്കൽ എന്ന പോലെ പ്രവാചക നിന്ദക്കുള്ള ശിക്ഷയും അല്ലാ ഹുവിന്റെ കരത്തിൽ മാത്രം നിക്ഷിപ്തമാണ്. അല്ലാഹുവിന്റെയും പ്രവാചകന്റെയും മഹത്വം ഉയർത്തിപ്പിടിക്കാൻ സഹൃദയത്വമാണ് ഖുർആൻ ഉപയോഗിക്കുന്നത്; വാളല്ല. വിശുദ്ധ ഖുർആൻ പറയുന്നു:

> **'അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കു ന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേ ക്കാം. ഇപ്രകാരം എല്ലാ ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനത്തെ നാം അലങ്കാരമാക്കിക്കാണിച്ചു കൊടുത്തു. പിന്നീട് അവന്റെ നാഥന്റെയടുക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെസ്സംബ ന്ധിച്ച് അവർക്ക് അവൻ വിവരം നല്കുന്നതാണ്.' (6:109)**

ആരിലെങ്കിലും നാം അർപ്പിക്കുന്ന ബഹുമാനം, ആരാധന, സ്നേഹം, ആദരവ് എന്നിവ ഹൃദയത്തിന്റെ ഉള്ളിൽ നിന്നു വരുന്ന താണ്. ബലപ്രയോഗം കൊണ്ട് വായ മൂടിക്കെട്ടാനും ഭീകരത സൃഷ്ടിക്കാനും കഴിഞ്ഞേക്കാം. അതിന്റെ അന്തിമഫലം അനാദ രവും അവമതിപ്പും മാത്രമായിരിക്കും. വിശുദ്ധ ഖുർആൻ പറയുന്നു:

> **'അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങ ളാശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് അനുഗ്ര ഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർത്ഥിക്കുക. അല്ലാഹുവിനേയും അവന്റ ദൂതനേയും അപ കീർത്തിപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവനൊരുക്കി വെക്കുകയും ചെയ്തിട്ടുണ്ട്. സത്യവിശ്വാസികളേയും സത്യവിശ്വാസിനിക ളേയും അവർ ഒരു തെറ്റും ചെയ്തിട്ടില്ലാതിരിക്കെ, അപ കീർത്തിപ്പെടുത്തുന്നവർ തീർച്ചയായും നുണയും വ്യക്തമായ പാപവും ചുമന്നിരിക്കുന്നു. (33:57, 58,59)**



ഖുർആൻ 'സാബി'നെസ്സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞി രിക്കുന്നു. അവിശ്വാസികളുടെ വ്യാജദൈവങ്ങളെപ്പോലും നിന്ദിക്ക രുതെന്ന് പറഞ്ഞ ഖുർആൻ, പ്രവാചക നിന്ദക്ക് യാതൊരു വിധ ശിക്ഷയും മുന്നോട്ടു വെക്കുന്നില്ല. അവർക്ക് ദൈവംതന്നെ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്.

ഉത്തമ മാതൃകയായ തിരുനബി(സ) എങ്ങനെയായിരുന്നു തന്നെ ശകാരിച്ചവരോട് പെരുമാറിയത്? നമുക്ക് കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യയുടെ ചരിത്രത്തിലേക്ക് തന്നെ തിരിച്ചു പോകാം. മുസ്തലിക്ക യുദ്ധത്തിനു(ഹി.വ:6/ക്രി.വ 737) ശേഷം തിരുദൂതർ(സ) അൽ മുറൈസിയിലെ ഒരു ജലാശയ ത്തിനരികെ വിശ്രമിക്കുകയായിരുന്നു. ആ അവസരത്തിലാണ് അൻസാറുകൾക്കിടയിലും മുഹാജിറുകൾക്കിടയിലും അനഭിലഷണീ യമായ ഒരു തർക്കം ഉടലെടുത്തത്. ഉമറി(റ)ന്റെ ശമ്പളക്കാരനായ സേവകൻ ജഹ്ജ ബിൻ മസ്ഊദും അൻസാറുകളുടെ മിത്രമായ സിനാൻ ബിൻ വബാർ അൽ ജുഹാനിയും തമ്മിൽ ഒരു സംഘ ട്ടനം ആരംഭിച്ചു. ഇബ്നു ഇസ്ഹാഖ് അത് ഇപ്രകാരം വിവരിക്കുന്നു:

'അൻസാറുകളേ' എന്ന് ആക്രോശിച്ചു കൊണ്ട് ജുഹാനി പോരിന് വിളിച്ചു. ജഹ്ജയും പോരിനു വിളിച്ചു: 'മുഹാജിറുകളേ!' അബ്ദുല്ലാ ബിൻ സുലൂൽ കോ പാകുലനായി. അദ്ദേഹത്തോടൊപ്പം സൈദ് ബിൻ അർഖം എന്ന ബാലനടക്കം ചിലയാളുകളുമുണ്ടായി രുന്നു. അബ്ദുല്ലാ ബിൻ സലൂൽ പറഞ്ഞു: വാസ്തവത്തിൽ അവ രാണോ ഈ കൃത്യം ചെയ്തത്? അവർ നമ്മുടെ മുൻഗണ നയെസ്സംബന്ധിച്ച് കലഹിക്കുക മാത്രമാണ് ചെയ്തത്. ഈ രാജ്യത്ത് അക്കൂട്ടരുടെ (മുഹാജിറുകളുടെ) എണ്ണം നമ്മേക്കാൾ പെരുകിയി ട്ടുണ്ട്. നമ്മെസ്സംബന്ധിച്ചും അലഞ്ഞു നടക്കുന്ന ഖുറൈശി കളെസ്സംബന്ധിച്ചും ഏറ്റവും അനുയോജ്യമായ ഒരു പഴമൊഴിയു ണ്ട്. 'ഒരു പട്ടിയെ തീറ്റുക. അവസാനം അത് നിങ്ങളെ തന്നെ വിഴുങ്ങും. അല്ലാഹുവിനെ തന്നെയാണ, നാം മദീനയിൽ എത്തി ച്ചേർന്നാൽ ഏറ്റവും ബഹുമാന്യൻ ഏറ്റവും നിന്ദ്യനെ ആട്ടിപ്പുറത്താ ക്കും.' അതിനുശേഷം അബ്ദുല്ലാ ബിൻസലൂൽ തന്റെ ജനതയുടെ അരികിൽ ചെന്നു. 'ഇത് നിങ്ങളോട് തന്നെ ചെയ്ത പ്രവൃത്തിയാ ണ്. നിങ്ങൾ അവരെ നിങ്ങളുടെ നാട്ടിൽ പാർക്കാനനുവദിക്കുകയും നിങ്ങളുടെ സ്വത്ത് അവരുമായി പങ്കുവെക്കുകയും ചെയ്തു. നിങ്ങ

ളുടെ സ്വത്ത് അവർക്ക് നല്കാതെ നിങ്ങൾക്കുതന്നെ സൂക്ഷിക്കാമാ യിരുന്നില്ലേ? അവർ മറ്റെവിടെയെങ്കിലും പോകുമായിരുന്നു'. സയ്ദ് ബിൻ അക്രം ഇത് കേൾക്കുകയുണ്ടായി. അദ്ദേഹം ശത്രു (അബ്ദു ല്ലാഹ് ബിൻ സലൂൽ)വിന്റെ അരികിൽ നിന്നും മുക്തനായപ്പോൾ പ്രവാചകന്റെ അടുക്കൽ വരികയും വിവരങ്ങളെല്ലാം ധരിപ്പിക്കുകയും ചെയ്തു. അപ്പോൾ തിരുനബി(സ)യുടെ കൂടെയുണ്ടായിരുന്ന ഉമർ ഇങ്ങനെ പറയുകയുണ്ടായി: 'അബ്ബാദ് ബിൻ ബിശറിനോട് അവനെ പോയി കൊല്ലാൻ പറയൂ.' പ്രവാചകൻ മറുപടി പറഞ്ഞു: 'നിങ്ങളെ ന്താണ് പറയുന്നത്! മുഹമ്മദ് തന്റെ അനുചരൻമാരെ തന്നെ വധി ക്കുകയാണെന്ന് ജനങ്ങൾ പറയില്ലേ? അരുത്. യാത്ര തുടരാനുള്ള ആജ്ഞ അവർക്ക് നല്കുക' [10]

തീർച്ചയായും തിരുനബി(സ) ഈ സംഭവത്തിൽ അത്യധികം അസ്വസ്ഥചിത്തനായി. ജുഹാനി അൻസാറുകളോടും ജഹ്ജ മുഹാ ജിറുകളോടും നടത്തിയ ഗോത്രസ്മൃതികളുയർത്തുന്ന ആഹ്വാന ങ്ങൾ ബുആത്ത യുദ്ധ ദിനത്തെയും നാല് പതിറ്റാണ്ട് നീണ്ടു നിന്ന ബാസൂസ് യുദ്ധത്തിന്റെയും ഓർമ്മകൾ പ്രവാചകനിൽ ഉളവാക്കി. അബ്ദുല്ലാഹ് ബിൻ ഉബൈയ് ബിൻ സലുലിന്റെ തന്ത്രങ്ങൾ അൻസാറുകളിൽ വിജയിച്ചിരുന്നുവെങ്കിൽ മുഹാജിറുകൾ അവരുടെ പഴയ ഗോത്രയുദ്ധങ്ങളിലേക്ക് തിരിച്ചു പോവേണ്ടി വരുമായിരുന്നു. അതുണ്ടായില്ല. ഭിന്നിപ്പ് ഗ്രസിച്ച ഗോത്രസമുദായങ്ങളുടെ സ്പർദ്ധ എന്നെന്നേക്കുമായി അവസാനിപ്പിക്കുകയും അവരെ മഹിതപ്രതാ പികളായ അറബ് ദേശീയ സമൂഹമാക്കി പരിവർത്തിപ്പിക്കുകയും ചെയ്തതായിരുന്നു ഇസ്‌ലാമിന്റെ ഐക്യ സന്ദേശം. പ്രവാചകൻ (സ) അതീവ ഖിന്നനായി. യാത്ര തുടരാൻ അവർക്ക് ആജ്ഞ നല്കു കയും ചെയ്തു. ഇസ്ഹാഖ് ഇങ്ങനെ കൂടി റിപ്പോർട്ട് ചെയ്യുകയു ണ്ടായി: "ഇത്തരം സമയങ്ങളിൽ പ്രവാചകൻ ഒരിക്കലും യാത്ര ചെയ്യാറുണ്ടായിരുന്നില്ല."[11] ഈ സംഭവത്തെ പരാമർശിച്ചു കൊണ്ട് ഖുർആൻ പറയുകയുണ്ടായി:

> **'നാം മദീനയിലേക്ക് തിരിച്ചു ചെന്നാൽ ഏറ്റവും ബഹുമാന്യ നായ ഒരാൾ ഏറ്റവും നിന്ദ്യനായ ഒരാളെ അവിടെ നിന്നും പുറത്താക്കുക തന്നെ ചെയ്യുമെന്ന് അവർ പറയുന്നു. എന്നാൽ (സാക്ഷാൽ) ബഹുമതി അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമുള്ളതത്രെ. പക്ഷേ കപടവിശ്വാസി കൾ അതറിയുന്നില്ല.' (63:9)**



അബ്ദുല്ലാഹ്ബിൻ സലൂലിന്റെ പുത്രൻ അബ്ദുല്ല ഇക്കാര്യം കേൾക്കാനിടയായി. അദ്ദേഹം പ്രവാചകന്റെ(സ) അരികിൽ വന്നു കൊണ്ട് പറഞ്ഞു:

'അബ്ദുല്ലാഹ്ബിൻ സലൂലിനെപ്പറ്റി പറഞ്ഞു കേട്ടതിന്റെ അടി സ്ഥാനത്തിൽ അങ്ങ് അദ്ദേഹത്തെ വധിക്കാൻ ഉദ്ദേശിക്കുന്നതായി ഞാൻ കേൾക്കുകയുണ്ടായി. അങ്ങ് അങ്ങനെ ഉദ്ദേശിക്കുന്നുവെന്നത് ശരിയാണെങ്കിൽ ആ കൃത്യം നിർവഹിക്കാനുള്ള ആജ്ഞ എനിക്കു നല്കുക. ഞാൻ അദ്ദേഹത്തിന്റെ ശിരസ്സെടുത്ത് കൊണ്ടുവരും. ഖസ്റജ് ഗോത്രത്തിന്നറിയാം എന്റെ പിതാവിന് സേവനയോഗ്യ നായി എന്നെക്കാൾ അനുയോജ്യനായ മറ്റൊരാളില്ല. ആ കൃത്യം അങ്ങ് മറ്റൊരാളെ ഏല്പിക്കുകയാണെങ്കിൽ ആ വധ കൃത്യം നോക്കി നിന്ന് എനിക്ക് സഹിക്കാൻ പറ്റിയില്ല എന്ന് വന്നേക്കും. ആ കൃത്യം നിർവഹിച്ച വ്യക്തിയെ ഞാൻ വധിക്കുകയും ചെയ്തേക്കാം. അതു കൊണ്ട് ഒരു അവിശ്വാസി കാരണമായി ഒരു വിശ്വാസിയെ വധിച്ചേ ക്കാനിടയുണ്ട്. അങ്ങനെ തീർച്ചയായും ഞാൻ ശപ്തനാകുകയും ചെയ്തേക്കാം. പ്രവാചകൻ അരുളി ''അരുത്'' നമുക്ക് അദ്ദേഹത്തോട് (അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സലൂലിനോട്) കാരുണ്യപൂർവ്വം പെരുമാറണം. നമ്മുടെ കൂടെ ഉണ്ടായിരിക്കുന്ന കാലത്തോളം അദ്ദേ ഹവുമായി നമുക്ക് കൂടുതൽ സൗഹൃദമുണ്ടാക്കാം.[12]

തിരുനബി(സ) അബ്ദുല്ലാഹ് ബിൻ സലൂലിനോടും കപട വിശ്വാ സികളോടും എങ്ങനെയാണ് പെരുമാറിയതെന്ന് അറിയാമായിരുന്ന മുസ്‌ലിം ഭരണാധികാരികൾ പ്രവാചകന്റെ ബഹുമതി (നാമൂസെ റസൂൽ) സംരക്ഷിക്കാനുള്ള ഉദ്യമങ്ങളിൽ വ്യാജരക്തസാക്ഷികളെ സൃഷ്ടിക്കാൻ അങ്ങേയറ്റം വിമുഖത കാട്ടുകയുണ്ടായി. ക്രി.വ 850 നും 859 നുമിടക്ക് കോർഡോവയിൽ (മുസ്‌ലിം സ്പെയിനിന്റെ തല സ്ഥാനം) ഒരു സംഘം ക്രിസ്തീയ മതഭ്രാന്തൻമാർ യൂജാലീസിന്റെ നേതൃത്വത്തിൽ സംഘടിക്കുകയുണ്ടായി. ഈ സംഘത്തിലെ അംഗ ങ്ങൾ തിരുനബി(സ)യെ പരസ്യമായി നിന്ദിക്കാനും രക്തസാക്ഷിത്വം വരിക്കാനും തീരുമാനിച്ചു. വർഗ്ഗീയ ഭ്രാന്തൻമാരായ ക്രിസ്ത്യാനി കളുടെ ആത്മാഹുതി നടത്താനുള്ള അഭിവാഞ്ച കൊർഡോവയിലെ ഖാസിമാർ നിരാകരിക്കുകയും അവരെ തുറുങ്കിലടക്കുകയും ചെയ്തു. വിൽ ഡ്യൂറന്റ് അത്തരം ഒരു സംഭവം വിവരിക്കുന്നുണ്ട്.

'ഐസക്ക്, കോർഡോവയിലെ ഒരു ക്രിസ്തീയ സന്യാസിയാ യിരുന്നു. അദ്ദേഹം ഖാസിയുടെ അടുത്ത് വരികയും ഇസ്‌ലാം മതം

ആശ്ലേഷിക്കാനുള്ള തന്റെ ആഗ്രഹം അറിയിക്കുകയും ചെയ്തു. ഖാസി സന്തോഷവാനായി മുഹമ്മദനിസത്തിന്റെ വിശദീകരണം നല്കാൻ ആരംഭിച്ചു: സന്യാസി, ഖാസി പറയുന്നത് വ്യാഖ്യാനിക്കുകയുണ്ടായി. 'നിങ്ങളുടെ പ്രവാചകൻ...' അദ്ദേഹം പറയാനാരംഭിച്ചു: 'അയാൾ നിങ്ങളോടു കള്ളം പറയുകയും നിങ്ങളെ ചതിക്കുകയും ചെയ്തു. പ്രവാചകനിൽ ശാപമുണ്ടാവട്ടെ. ധാരാളം നിർഭാഗ്യവാൻമാരെ നരകത്തിലേക്ക് വലിച്ചിഴച്ചു കൊണ്ട് പോയ അവനിൽ ശാപമുണ്ടാവട്ടെ!' കുറ്റക്കാരനാണെന്ന് കണ്ട ക്രിസ്തീയ സന്യാസി മദ്യം കഴിച്ചിട്ടുണ്ടോ എന്ന് ഖാസി ആരാഞ്ഞു. സന്യാസി മറുപടി പറഞ്ഞു: ഞാൻ സുബോധത്തോടെയാണ് സംസാരിക്കുന്നത്. എനിക്ക് വധശിക്ഷ നല്കുക. ഖാസി അദ്ദേഹത്തെ ജയിലടക്കുകയാണ് ചെയ്തത്. ബുദ്ധി സ്ഥിരതയില്ലാത്തയാൾ എന്ന നിലക്ക് സന്യാസിയെ വിട്ടയക്കാൻ അബ്ദുർ റഹ്മാൻ IIനോട് അദ്ദേഹം അനുമതി ചോദിക്കുകയുണ്ടായി.[13]

പ്രതാപവാനായിരുന്ന സുൽത്താൻ സുലൈമാന്റെ കാലത്ത് ഉസ്മാനിയാ സാമ്രാജ്യത്തിൽ മുഖ്യ മുഫ്തി ശൈഖുൽ ഇസ്‌ലാം എബൂസൂദ് ഇഫെൻന്തി നബി നിന്ദക്ക് വധശിക്ഷ അനുവദിച്ചിരുന്നു. പക്ഷേ, മുഹമ്മദ് നബി(സ)യെ പരസ്യമായി നിന്ദിക്കുന്നത് സ്ഥിര സ്വഭാവമാക്കിയവർക്കാണ് വധശിക്ഷ നല്കിയത്. വധശിക്ഷ ലാഘവത്തോടെ വിധിക്കരുത് എന്ന നിർബന്ധത്തോടെ ശൈഖുൽ ഇസ്‌ലാം അദ്ദേഹത്തിന്റെ തീരുമാനത്തിൽ നിന്ന് മാറിയിരുന്നു. ദ്രോഹബുദ്ധിയോടെയും നിസ്സാരമായും വിചാരണ ചെയ്യുന്നത് ഒഴിവാക്കാൻ അദ്ദേഹം വ്യക്തമായും ആഗ്രഹിച്ചു. അതായത്, ഒന്നോ രണ്ടോ വ്യക്തികൾ പറഞ്ഞത് കൊണ്ട് മാത്രം കുറ്റക്കാരനെ സ്ഥിരം നബി നിന്ദ നടത്തുന്ന ആൾ എന്ന് കണക്കാക്കുന്ന സമ്പ്രദായം അദ്ദേഹം നിറുത്തി. സ്ഥിരമായി നബി നിന്ദ നടത്തുന്ന ആൾ എന്ന കുറ്റം നിഷ്പക്ഷമതികളായ മുസ്‌ലിംകൾ (ബെഗ്ഹരാസ്) തെളിയിക്കേണ്ടതുണ്ടായിരുന്നു. അവർക്കാകട്ടെ, യാതൊരു വിധ സ്വാർത്ഥ ലക്ഷ്യങ്ങളുമുണ്ടാകരുത്. പക്ഷേ, ഇതോടൊപ്പം തന്നെ ശൈഖുൽ ഇസ്‌ലാമിന്റെ പ്രധാനപ്പെട്ട ഒരു അനുബന്ധ വിധി പ്രസ്താവം കൂടിയുണ്ടായിരുന്നു. ശൈഖുൽ ഇസ്‌ലാം എബൂസൂദ് ഖുർആന്റെയും ഹദീസിന്റെയും സാക്ഷ്യമില്ലാതെയാണ് ഈ ഫത്‌വ പുറപ്പെടുവിച്ചതെന്ന് മനസ്സിലാവുന്നു. 'സാബ്' ന്റെ ശിക്ഷ ദൈവത്തിൽ മാത്രം നിക്ഷിപ്തമാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഈ ഫത്‌വ



പുറപ്പെടുവിച്ചത് മിക്കവാറും രാഷ്ട്രീയ സമ്മർദ്ദം കൊണ്ടായിരിക്കാനാണ് സാധ്യത. കാരണം അതിന്റെ നിയമ പ്രാബല്യം ഇല്ലാതാക്കുന്ന വിധം അദ്ദേഹം ഒരു പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. അതായത് 'അവിശ്വാസികൾ അവരുടെ അവിശ്വാസം സ്ഥാപിക്കാൻ വേണ്ടി മുഹമ്മദ് നബി(സ)യുടെ പ്രവാചക ദൗത്യം നിഷേധിച്ചു കൊണ്ട് നടത്തുന്ന പ്രസ്താവനകളുടെ പേരിൽ അവരെ കുറ്റക്കാരായിക്കാണാൻ പറ്റില്ല' എന്നായിരുന്നു ശൈഖുൽ ഇസ്‌ലാമിന്റെ അനുബന്ധ പ്രസ്താവന.

ഒരു മുസ്‌ലിമിന്റെ വിശ്വാസത്തിന്റെ ഗുണനിലവാരവും പ്രവാചക തിരുമേനി(സ)യോടുള്ള അയാളുടെ ആദരവും നിയമപരമായി വ്യാഖ്യാനിക്കാൻ സാധ്യമല്ല. അതുപോലെ തോക്കിൻ കുഴൽ ചൂണ്ടി ഇസ്‌ലാംമതം വിശ്വസിപ്പിക്കാനോ പ്രവാചകനോട് ബഹുമാനമുണ്ടാക്കാനോ സാധ്യമല്ല. ഇത് കൊണ്ടാണ് ദൈവം ഇർത്തിദാദിനും (മതപരിത്യാഗത്തിന്) സാബ് (ദൈവനിന്ദ)ന്നും ഈ ലോകത്ത് യാതൊരു ശിക്ഷയും ശിപാർശ ചെയ്യാത്തത്. അൽ മുറൈസിയിലെ ജല സ്രോതസ്സിനടുത്ത് വെച്ച് അബ്ദുല്ലാഹ്ബിൻ സലൂലിന്റെ നിന്ദാകരമായ വാക്കുകൾ കേട്ടിട്ടുപോലും തിരുനബി (സ) അദ്ദേഹത്തെ ശിക്ഷിക്കാഞ്ഞതിന്റെ കാരണമിതായിരുന്നു.

'ഈ രണ്ടു കുറ്റങ്ങൾക്കുമുള്ള ശിക്ഷാനിയമങ്ങൾ ഉപയോഗിച്ചു കൊണ്ട് രാഷ്ട്രീയ ലക്ഷ്യങ്ങളുള്ള ഉലമാക്കൾക്ക് എളുപ്പത്തിൽ ചൂഷണം ചെയ്യാവുന്നതാണ്. അവർ തങ്ങളുടെ ഭൗതികമായ ഉദ്ദേശ്യങ്ങൾ വെച്ചു കൊണ്ട് മതത്തിന്റെ അടിത്തറ തകർക്കുകയും അവരുടെ സ്വാർത്ഥതകൾക്കായി മതവിശ്വാസത്തെ ചൂഷണം ചെയ്യുകയും ചെയ്യുന്നു.' [14]

ദേവ്ബന്ദ്, അഹ്‌ലെ ഹദീസിൽപെട്ട ഉലമാക്കൾ അഹ്മദികൾ നബി തിരുമേനി(സ)യെ അവമതിക്കുന്നു എന്ന് ആക്ഷേപിക്കുന്നു. ഇത് പറയുന്ന അവസരത്തിൽ അവർ അവരുടെ സ്വയം നാശമാണ് ഇതുകൊണ്ട് വരുത്തിത്തീർക്കുന്നതെന്ന് അല്പം ചിന്തിച്ചാൽ ബോധ്യമാവും. ഈ ഉപഭൂഖണ്ഡത്തിലും തുർക്കിയിലും അതുപോലെ നിരവധി മുസ്‌ലിം രാജ്യങ്ങളിലും മുഖ്യധാരയിൽ വർത്തിക്കുന്ന സുന്നികളുമായി താരതമ്യം ചെയ്യുമ്പോൾ ദേവ്ബന്ദികളും അഹ്‌ലെ ഹദീസുകാരും, നജ്ദിലെ പരിഷ്കർത്താവായ അബ്ദുൽ വഹ്ഹാബിന്റെ അനുയായികളും മുസ്‌ലിം ലോകത്തുടനീളം ന്യൂനപക്ഷമാണ് [15] (നജ്ദിലൊഴിച്ച്). അവർ പ്രവാചകനെ(സ) വിലകു

റച്ചു കാണുന്നവരാണെന്ന് ആരോപിക്കപ്പെട്ടിട്ടുണ്ട്. ദേവ്ബന്ദി വഹ്ഹാ ബി ഉലമാക്കൾ കരുതുന്നത് മുഖ്യധാരയിൽപ്പെട്ട സുന്നികൾ കാഫിറാണെന്നാണ്. അവർ പ്രവാചകനിൽ ആരോപിക്കപ്പെടുന്ന ഗുണങ്ങൾ ബഹുദൈവാരാധനയുടേതാണ്. ഉദാഹരണത്തിന് പ്രകാശപൂരിതമായിരിക്കുന്നതിനാൽ പ്രവാചക(സ)ന്റെ ശരീരത്തിൽ നിഴലുണ്ടാവില്ല എന്നാണ് അവരുടെ വിശ്വാസം. തുർക്കിയിലുള്ള ബുസ്റയിലെ കവി സുലൈമാൻ ചെലാബി(1410)യാൽ പ്രചാരപ്പെട്ട 'മൗലൂദേ ശരീഫ്' ഉപസംഹരിക്കുന്നത് 'യാനബീ സലാം അലൈക്ക' (അല്ലയോ നബി അങ്ങേയ്ക്ക് ശാന്തി) എന്ന് ആലപിച്ചുകൊണ്ടാണ്. പ്രവാചക(സ)ന്റെ ആത്മാവ് ആ സന്ദർഭത്തിൽ അവിടെ ഹാജരാവുമെന്ന് വിശ്വസിക്കുന്ന അവർ തിരുനബി(സ)യോടുള്ള ബഹുമാനം പ്രകടിപ്പിക്കാൻ വേണ്ടി എഴുന്നേറ്റു നില്ക്കുന്നു. അതുപോലെ പ്രവാചകന്റെ(സ) കബറിടത്തിൽ പോയി പ്രാർത്ഥിക്കുകയും കബറിടത്തിനു ചുറ്റുമുള്ള കമ്പിവേലികളിൽ മുത്തമിടുകയും ചെയ്യുന്നു. സുന്നികളുടെയും ബറേൽവികളുടെയും ഇത്തരത്തിലുള്ള നിരവധി ആചാരങ്ങളും വിശ്വാസങ്ങളും ദേവ്ബന്ദികളെസ്സംബന്ധിച്ചിടത്തോളം ശിർക്കാണ്. 'ജന്നത്തുൽ ബഖീഅ് ' എന്ന ചരിത്രപ്രസിദ്ധമായ കബർസ്ഥാൻ ഇടിച്ചു നിരപ്പാക്കിയത് വഹ്ഹാബികളായിരുന്നു. അത് മാത്രമല്ല, പ്രവാചകന്റെ പള്ളിയുടെ (മസ്ജിദുന്നബ്‌വി) കുംഭഗോപുരം പൊളിച്ചു മാറ്റാൻ അവർ ആഗ്രഹിച്ചു. മുസ്‌ലിം ലോകത്തിന്റെ ശക്തമായ എതിർപ്പു കാരണം ആ നീക്കം തടയപ്പെട്ടു. കബർസ്ഥാനുകളും കബറിടങ്ങളും, കുംഭഗോപുരങ്ങളും പൊളിക്കുന്ന അവരുടെ പ്രവൃത്തി മൂലം ലോകം മുഴുവനുമുള്ള സുന്നികൾ വഹ്ഹാബികളെ പ്രവാചകനെ നിന്ദിക്കുന്നവരെന്നും, ചെറുതായിക്കാണുന്നവരെന്നും ആക്ഷേപിക്കാൻ കാരണമായി. ദേവ്ബന്ദി ഉലമാക്കളായിരുന്ന മൗലാനാ മുഹമ്മദ് ഖാസിം നാനൂത്തവി, മൗലാന അശ്റഫ് അലി ഥാനവി എന്നിവർ ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കാത്തവരാണെന്നാണ് ബറേൽവികൾ കരുതുന്നത്. 'ദയൂബന്ദി മൗലവിയോം കാ ഇമാം' എന്ന ലഘുലേഖയിൽ മൗലാനാ അബ്ദുൽ മുസ്തഫാ അബു യഹ്‌യാ മുഹമ്മദ് മുയ്നുദ്ദീൻ ശാഫി ഐ ഖാദിരി റിസ്‌വി തൻവി എഴുതുന്നു:

'ഓ മുസ്‌ലിംകളേ, നോക്കൂ. ഖത്തമുന്നുബുവ്വത്തിന്റെ അടിത്തറ തകർത്തു കളഞ്ഞ ഈ പൈശാചിക വാദം അവിശുദ്ധമാണ്. എങ്ങനെയാണ് ഇതിനെ അപലപിക്കേണ്ടത്... നോക്കൂ ഖാസിം നാനൂത്തവി എന്ന മൗലവി ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നില്ല. അതേ സമയം മൗലവി റശീദ് അഹ്മദ്, മൗലവി ഖലീൽ അഹ്മദ് തുടങ്ങി മറ്റു മൗലവിമാർ ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവർ കാഫിറാണെന്ന് പറയുകയും ചെയ്യുന്നു.[16]



മിതത്വത്തിന്റെ സർവ്വോത്തമ മാതൃകയായ നബി തിരുമേനി(സ)യെ സംരക്ഷിക്കാൻ വിവാദപ്രിയരായ ദയൂബന്ദി ബറേൽവി പണ്ഡിതൻമാർ നിസ്സാരമായ കാര്യങ്ങൾ പോലും വമ്പിച്ച കുറ്റമായിക്കാണുന്ന വൃത്തികേടുകളിലേക്ക് എത്തിച്ചേരുകയുണ്ടായി. ദയൂബന്ദി പണ്ഡിതസരണിയുടെ വക്താവായ ഗൗരിശ് കാശ്മീരി, അദ്ദേഹത്തിന്റെ ' കാഫിർ സാസ് മുല്ല' എന്ന ലഘുലേഖയിൽ പറയുകയുണ്ടായി: ദയൂബന്ദിയിലെ മഹാനായ നേതാവിനെ ആരെങ്കിലും കാഫിർ (അവിശ്വാസി) എന്ന് വിളിച്ചാൽ അയാളൊരു കള്ളനാണ്. ബറേൽവി ഉലമാക്കൻമാർ പ്രവാചകന്റെ മതവും ശരീഅത്തും ജീവിക്കാൻ വേണ്ടി വില്ക്കയാണെന്നും മുസ്‌ലിം ലീഗിന്റെയും ഖായിദെ അഅ്സമിന്റെയും ശത്രുക്കളായ അവർ ലോർഡ് ക്ലൈവിന്റെ വീട്ടിൽ ജനിച്ച അടിമകളാണെന്നും അതേ ലഘുലേഖയിൽ പറയുന്നു. ഈ വ്യക്തികൾ മൗലാനാ ഹുസൈൻ അഹ്മദിന്റെയും സയ്യിദ് അത്വാഉല്ലാ ശാഹ് ബുഖാരിയുടെയും കക്കൂസിലെ ഇഷ്ടികയേക്കാൾ താഴെയുള്ളവരാണെന്ന് പറയുന്നു.[17]

ഈ ഉപക്രോശത്തിന് ബറേൽവികളുടെ മറുപടി അരോചകമാണ്. അവർ പറയുന്നത്, തിരുനബി(സ) യെയും അവരെയും അധിക്ഷേപിക്കുന്ന ഈ മനുഷ്യൻ തന്റെ ജീവിതം മുഴുവൻ ചുവന്ന തെരുവുള്ള പ്രദേശങ്ങളിൽ അലയുകയായിരുന്നു. 'നെഹ്റുവിനെ പ്രവാചകനെന്ന് വിളിക്കുന്ന മനുഷ്യൻ, ഞങ്ങളെ പ്രവാചകന്റെ ശരീഅത്തിന്റെ വില്പനക്കാരാണെന്ന് പറയുന്നു.' അവർ വിളിച്ചു പറയുകയാണ്: 'എന്തുകൊണ്ട് മുഹമ്മദ് ഖാസിം നാനൂത്തവിയെ ഒരു കാഫിറാണെന്ന് വിളിച്ചു കൂടാ?' അശ്റഫ് അലി ഥാൻവി എങ്ങനെ ഒരു മുസ്‌ലിമാണെന്ന് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയും? പ്രവാചകത്വത്തിന്റെ വാതിൽ തുറന്ന് വെച്ചിരിക്കുന്നു എന്ന് പറയുന്നവരല്ലേ അവർ? അവർ ഖാദിയാനികൾക്ക് പാതയൊരുക്കുന്നവരല്ലേ? മുഹമ്മദ് മുസ്തഫയെ തരം താഴ്ത്താൻ നിങ്ങളെ ആരാണ് പഠിപ്പിച്ചത്? അവിശ്വാസം നിങ്ങൾക്ക് ആരാണ് പഠിപ്പിച്ചത്? നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങൾ എടുത്തു മാറ്റിയിരിക്കുന്നു. മിതത്വത്തിന്റെയും മാന്യതയുടെയും ബോധം നിങ്ങൾക്കില്ലേ? നിങ്ങൾ ഖത്തമെ നുബുവ്വ

ത്തിന്റെ പേരിൽ അരാജകത്വവും സമാധാനത്തിന്റെ പേരിൽ കുഴപ്പവും സൃഷ്ടിക്കുന്നു. നിങ്ങൾ നുബുവ്വത്തിന്റെ പേരു പറഞ്ഞ് പണം സമ്പാദിക്കുന്നു. പ്രവാചകന്റെ (സ) പേരിൽ യാചിക്കുകയും ചെയ്യുന്നു.

മറ്റൊരു കവി മുഹമ്മദ് തൻഹ പറയുന്നു:

നിങ്ങൾക്ക് എങ്ങനെയാണ് അഹ്മദ്റസയുടെ ഉന്നതപദവിയെ പ്രശംസിക്കാൻ കഴിയുക?

പോവുക. ഹിന്ദുക്കളുടെ അടിവസ്ത്രത്തിൽ
പോയി ഘ്രാണം പിടിക്കുക.

നിങ്ങളുടെ പ്രവാചകൻ സ്വർണ്ണമാണ്.
നിങ്ങളുടെ ദൈവവും സ്വർണ്ണമാണ്.

പക്ഷേ, നീ നാണയം കാട്ടി
പ്രലോഭിപ്പിക്കുന്നവരാരോ അതായി നിന്റെ പാർട്ടി.

നിങ്ങളുടെ ജീവിതം മുഴുവൻ
കുഫ്രിയത്തിൽ ചെലവഴിച്ചിരിക്കുന്നു.

ഒരു ക്ഷത്രിയനായ ഹിന്ദുവായ നീ
എങ്ങനെ മുസ്‌ലിം വൃന്ദത്തിലായി ഇസ്‌ലാമിൽ ചേരും?

അല്ലയോ നംറൂദേ, എങ്ങനെ നിനക്ക്
ദൈവത്തെ വാഴ്ത്താനാവും?

നിങ്ങളുടെ സ്ഥാനം ഹിന്ദുവിന്റെ ഇടയിലാണ്. അവിടെ പോയി സ്തോത്രം ചൊല്ലുക. അവിടെ നാമം ഹരി ഹരി എന്നാണ്.' [18]

ദയൂബന്ദികൾ ബറേൽവികളെ എതിർക്കാനുപയോഗിച്ച ഭാഷയിലെ ശൈലിയും ഉള്ളടക്കവും മനസ്സിൽ വെച്ചു കൊണ്ട് ദയൂബന്ദികളുടെ അഹ്മദികൾക്ക് നേരെയുള്ള എതിർപ്പുകൾ താരതമ്യം ചെയ്യുക.

1. അഹ്മദികൾ ഖത്തമുന്നുബുവ്വത്ത് നിഷേധിക്കുന്നു.
2. അഹ്മദികൾ പ്രവാചകനെ താഴ്ത്തിക്കെട്ടുന്നു.
3. അഹ്മദികൾ ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യം സ്ഥാപിച്ചു.
4. അഹ്മദികൾ പാകിസ്താൻ സൃഷ്ടിയെ എതിർത്തു.
5. അഹ്മദികൾ ജിഹാദിനെ എതിർത്തു.
6. അഹ്മദികൾ അമുസ്‌ലിംകളുമായി യോജിക്കുന്നു.



7. അഹ്മദികൾ മതത്തിന്റെ പേരിലുള്ള ഒരു നിഗൂഢ സംഘമാണ്.

അഹ്‌ലുസുന്നത്തി വൽ ജമാഅത്ത് (ബറേൽവി)കാരും ദയൂബന്ദി ഉലമാക്കൻമാരും തിരുദൂത(സ)രെ അപകീർത്തിപ്പെടുത്തുന്നു എന്ന് ആരോപിച്ചു പരസ്പരം കുറ്റപ്പെടുത്തുന്നു. അതുപോലെ അഹ്‌ലെ ഖുർആനികളെപ്പറ്റി അഹ്മദികളേക്കാൾ മോശപ്പെട്ടവരാണെന്ന ജമാഅത്തെ ഇസ്‌ലാമിയുടെ വിവരണവും നാം കാണുകയുണ്ടായി. ശിയാക്കളോടുള്ള സമീപനവും മറ്റൊരു വിധത്തിലല്ല. തിരുനബി(സ)യൊടൊപ്പം അലി(റ) പ്രവാചകത്വം പങ്കുവെച്ചു എന്ന് വാദിക്കുക മൂലം പ്രവാചകന്റെ സ്ഥാനത്തെ അപകീർത്തിപ്പെടുത്തി എന്നാണ് ശിയാക്കൾക്കെതിരെയുള്ള വാദം.

കനേഡിയൻ പണ്ഡിതനായ വിൽഫ്രെഡ് കാന്റ്‌വെൽ സ്മിത്ത് ഇന്ത്യൻ ഉപഭൂഖണ്ഡം സന്ദർശിക്കുകയും ഇന്ത്യയിലെയും പാകിസ്താനിലെയും മുസ്‌ലിംകളെ വളരെ അടുത്ത് നിന്ന് നോക്കി കാണുകയുമുണ്ടായി. അദ്ദേഹത്തിന്റെ 'Islam in Modern India' എന്ന പുസ്തകത്തിൽ മുസ്‌ലിംകളുടെ മതഭ്രാന്തിനെ കഠിനമായി അപലപിക്കുന്നത് കാണുക:

'മുസ്‌ലിംകൾ അല്ലാഹുവിനെ എതിർക്കാൻ അനുവദിക്കും. ഇവിടെ നിരീശ്വരവാദികളും അവരുടെ പ്രസിദ്ധീകരണങ്ങളും യുക്തിവാദി സംഘങ്ങളുമുണ്ട്. എന്നാൽ, മുഹമ്മദിനെ നിന്ദിക്കുന്നത് മുസ്‌ലിം സമുദായത്തിലെ ഉദാരമതികളിൽ പോലും മതഭ്രാന്തിന്റെ വികാരവിക്ഷുബ്ധത സംജാതമാക്കും.' [19]

മുസ്‌ലിം മനശ്ശാസ്ത്രത്തെക്കുറിച്ചുള്ള ഒരു തെറ്റായ വിലയിരുത്തലാണിത്. പ്രൊഫ. കാന്റ്‌വെൽ സ്മിത്ത് ഈ തെറ്റുധാരണ പൊതുവൽക്കരിക്കയാണ് ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ മത പണ്ഡിതന്മാരും രാഷ്ട്രീയ നേതൃത്വവും ഒരു സംഗതി തിരിച്ചറിഞ്ഞിരിക്കുന്നു. 'തിരുനബി (സ)ക്കെതിരെ യഥാർത്ഥത്തിൽ ഉന്നയിച്ചതോ, കല്പിതമായി ആരോപിച്ചതോ ആയ ഏതൊരു നിന്ദയും ഉളവാക്കുന്നതിനേക്കാൾ പ്രകോപനം മറ്റൊന്നും ഉണ്ടാക്കുന്നില്ല' എന്നതാണ് അത്. [20]

പണക്കാരനും പാവപ്പെട്ടവനും, ബുദ്ധിജീവിയും സാധാരണക്കാരനും ഭക്തനും ഭക്തിശൂന്യനും എല്ലാം തന്നെ റസൂൽ കരീം(സ)മിനോടുള്ള അനുരക്തിയിൽ ഏകോപിക്കുന്നു. തിരുനബി(സ)യോടുള്ള ഈ പ്രേമാധിക്യത്താൽ ഫനാ ഫിർറസൂൽ (പ്രവാചകനുവേ

ണ്ടിയുള്ള സമ്പൂർണ്ണ സമർപ്പണം) മതത്തിന്റെ ഏറ്റവും ഉന്നതമായ ആത്മീയാനുഭവമാണെന്ന് കരുതുകയും ചെയ്യുന്നു. പക്ഷേ, പ്രവാചകന്റെ (സ) ഏറ്റവും ഉന്നതമായ ആത്മീയാനുഭവം 'മിഅ്റാജ്' ആയിരുന്നു എന്ന കാര്യം എല്ലാ മുസ്ലിംകൾക്കും അറിയാവുന്നതാണ്. മാലാഖവൃന്ദങ്ങളുടെ പരിവാര സമേതം മലക്ക് ജിബ്രീലിനു പോലും അപ്രാപ്യമായ ദൈവസവിധത്തിലേക്ക് ഉയർന്നുപോയ സംഭവമായിരുന്നു മിഅ്റാജ് *A. അധികാരക്കൊതി പൂണ്ട മുസ്ലിം നേതൃത്വം മുഹമ്മദ്(സ) അല്ലാഹുവിന്റെ പ്രവാചകനാണെന്ന കാര്യം മുസ്ലിം വിശ്വാസ പ്രഖ്യാപനത്തിലെ രണ്ടാം ഭാഗമാണെന്ന കാര്യം മറന്നു പോകുന്നു. പ്രഥമഭാഗം അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി ആരുമില്ല എന്നാകുന്നു.

മുഹമ്മദ് നബി(സ)യോടുള്ള സ്നേഹപാരവശ്യം അളക്കാൻ യാതൊരു വഴിയുമില്ല. അവിടത്തോടുള്ള അനുരക്തിയിൽ ലയിച്ചവരും സൂഫികളും 'ദീവാന'കൾക്ക് പിറകെ ദീവാനകൾ എഴുതി. അവസാനം ഭാഷയിൽ ആവിഷ്ക്കരിക്കാൻ കഴിയാത്ത അവരുടെ വികാരം പ്രകടിപ്പിക്കാൻ വേണ്ടി ജീവിത സർവ്വസ്വവും തന്നെ സമർപ്പിക്കുകയുണ്ടായി. മുല്ലാക്കൾക്കും അവരുടെ പ്രേമഗീതികൾ ആലപിക്കാൻ കഴിയും. പക്ഷേ, അവർക്ക് അതിന്റെ ആന്തരാർത്ഥം മനസ്സിലാവില്ല. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായ ഗുലാം അഹ്മദിന് (അഹ്മദിന്റെ അഥവാ മുഹമ്മദിന്റെ അടിമ) ആ പേര് വന്നത് കേവലം യാദൃശ്ചികമല്ല. എന്തൊരു ബഹുമതിയാണത്! എന്തൊരു മഹത്വമാണത്! എന്തൊരു ഔന്നത്യം! താഴെക്കാണുന്ന മൂന്ന് ഈരടികൾ തിരുനബി(സ)യെ അദ്ദേഹം അധിക്ഷേപിക്കുന്നു എന്ന് ആക്ഷേപിക്കുന്നവർക്കും കാന്റ്വെൽ സ്മിത്തിനെപ്പോലെ അല്ലാഹുവിന്റെ ബഹുമതിയെ അവഗണിക്കുന്നു എന്ന് പറയുന്നവർക്കുമുള്ള മറുപടിയാണ്.

**അല്ലാഹുവിനോടുള്ള സ്നേഹത്തിനു ശേഷം**
**മുഹമ്മദിനോടുള്ള പ്രേമം**
**എന്റെ ഹൃദയത്തെ ഹരിച്ചിരിക്കുന്നു.**
**ഈ പ്രേമം ഒരു കുഫ്ർ ആണെങ്കിൽ**
**ദൈവത്താണ! ഞാനൊരു കൊടിയ കാഫിറാണ്** [21]
**നിന്റെ ഗുണസൗഷ്ഠവത്തിൽ നിന്നും**
**ഈ ദാസനിൽ കടാക്ഷമില്ലാതാവുമ്പോൾ**
**എന്റെ സ്നേഹഭാജനമേ, എന്റെ ദാദാവേ,**



**എന്റെ ജീവൻ അങ്ങയുടെ**
**മാർഗ്ഗത്തിൽ ത്യജിക്കാനനുവദിച്ചാലും** [22]
**നിൻ ഗോപുരനടയിൽ നിന്നിലനുരക്തന്റെ ശിരച്ഛേദമാണ് സമ്പ്രദായമെങ്കിൽ**
**അറിയുക ഞാനാണ് ആ പുരസ്കാരത്തിന്റെ**
**പ്രഥമ സ്വീകർത്താവ്** [23]

ഇസ്ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ തിരുനബി(സ)യുടെ ഖാത്തമുന്നബിയ്യീൻ എന്ന പരമോന്നത സ്ഥാനത്തെ സ്സംബന്ധിച്ച് പ്രഖ്യാപനം നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

**'നമ്മുടെ മതത്തിന്റെ അടിസ്ഥാനവും വിശ്വാസത്തിന്റെ അഖിലസാരവും അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നുമാണ്. ഇഹലോക ജീവിതത്തിൽ നാം ഈ വിശ്വാസമാണ് പിന്തുടരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മരണം വരെ നാം ആ വിശ്വാസത്തിൽ തന്നെയായിരിക്കും. നമ്മുടെ യജമാനനും രാജാവുമായ മുഹമ്മദ് (അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും അദ്ദേഹത്തിൽ വർഷിക്കട്ടെ), ആകുന്നു ഖാത്തമുന്നബിയ്യീൻ. നുബുവ്വത്ത് അഥവാ പ്രവാചകത്വം എന്നത് അതിമഹത്തായ അനുഗ്രഹമാകുന്നു. അത് മനുഷ്യനെ നേരിട്ട് ദൈവത്തിലേക്ക് പ്രത്യാനയിക്കുന്നു. ആ പ്രവാചകത്വം മറ്റൊന്നും കൂടി ചേർക്കേണ്ടതില്ലാത്ത വിധം പൂർണ്ണതയുടെ പാരമ്യം കണ്ടിരിക്കുന്നു.'** [24]

വീണ്ടും എഴുതുകയാണ്:

**'എല്ലാ നന്മകളും സമന്വയിച്ച അത്യുന്നതസ്ഥാനം നമ്മുടെ യജമാനനും പ്രഭുവും, പ്രവാചകൻമാരുടെ മുദ്രയുമായ മുഹമ്മദ് മുസ്തഫാ(സ)ക്കുള്ളതാകുന്നു. അതുല്യമായ ആ സ്ഥാനം അദ്ദേഹത്തിന് മാത്രമുള്ളതാണ്. അത് മറ്റുള്ളവർക്ക് അപ്രാപ്യവുമാകുന്നു.'** [25]

തിരുനബി(സ)യെക്കുറിച്ച് മുകളിലുള്ള നാലു ഉദ്ധരണികൾ എഴുതിയ ആൾ മിർസാ ഗുലാം അഹ്മദ്(അ) ആണ്. അദ്ദേഹത്തിന്റെ അനുയായികൾ അമുസ്ലിംകളാണെന്ന് പ്രഖ്യാപിച്ച മുസ്ലിംകളെ പ്പറ്റി സർ മുഹമ്മദ് ഇഖ്ബാൽ(1875-1935) താഴെ എഴുതിയ സുദീർഘമായ ഉർദു കവിതയിൽ വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

'ചേതനയറ്റ കരങ്ങൾ വന്ധ്യമായ്,
ഹൃദയമോ ഭക്തിശൂന്യം, അവിശ്വാസപൂരിതം.
അവരുടെ യജനാനന് ഈ സമുദായം,
ഹൃദയഭേദകവും ലജ്ജാകരവുമാണ്.
വിഗ്രഹഭഞ്ജകരെല്ലാം പോയ് മറഞ്ഞു,
ഇപ്പോൾ വിഗ്രഹനിർമ്മാതാക്കളാണവിടം.
അവരുടെ പിതാവ് ഇബ്റാഹീമായിരുന്നു
സന്തതികളാവട്ടെ ആസറുകളാണ്.
മദ്യാസക്തരുടെ വാദ്യഘോഷങ്ങൾ
പുതിയതും അപരിചിതവുമാണ്,
അവരുടെ മദ്യങ്ങൾ നൂതനവിചിത്രവും.
കഅ്ബക്ക് പകരം അവർക്കൊരു ശ്രീകോവിലുണ്ട്,
അതിൽ നവ്യവിചിത്രങ്ങളായ വിഗ്രഹങ്ങളും.
പ്രഭാതപ്രാർത്ഥനാ നിർവ്വഹണം,
നിങ്ങൾതൻ ആത്മാക്കൾക്ക് ദുർവ്വഹം.
എന്നെയാരാധിക്കാൻ ഉണരുന്നതിനേക്കാൾ,
നിങ്ങളിലെത്ര പേർ നിദ്രയെ പുണരുന്നു.
റമസാൻ നിങ്ങൾക്ക് പീഡനകാലമാണ്,
കടിഞ്ഞാണില്ലാത്ത നിങ്ങളുടെ വികാരങ്ങൾക്ക്.
ഇപ്പോൾ നിങ്ങൾ പറയുക,
കൂറിന്റെ കരാറിനെ നിങ്ങളാദരിക്കുമോ?
സമുദായം വിശ്വാസത്താൽ പിറക്കുന്നു.
വിശ്വാസം മരിച്ചാൽ സമുദായവും തിരോഭവിക്കും.
ആകർഷണം നിപതിക്കുമ്പോൾ,
താരസമൂഹങ്ങൾ പൊട്ടിച്ചിതറുന്നു.
സകലകലകളിലും നിങ്ങൾ പ്രതിഭാശൂന്യരായ്
വേദികയില്ലാത്ത സമുദായവും നിങ്ങൾതന്നെ
ഇടിത്തീ ഒഴിഞ്ഞു പോകാത്ത, പൊളിഞ്ഞ
കളപ്പുരപോലെയാകുന്നു നിങ്ങൾ,
പിതൃക്കളുടെ കബറിടങ്ങൾ വിക്രയം ചെയ്ത നിങ്ങൾ,
അതെല്ലാം ശരിയാണെന്നു പറയുന്നു.
മൃതകുടീരങ്ങൾ വിറ്റു വിത്തമാർജ്ജിച്ചവർ
എന്ന കീർത്തിമുദ്ര ലഭിച്ചവരാണ് നിങ്ങൾ.
ശിലാവിഗ്രഹങ്ങളിൽ ചിലത് ലഭ്യമാണെങ്കിൽ
എന്തുകൊണ്ട് നിങ്ങൾക്കവ വിപണനം ചെയ്തു കൂടാ?
മുസ്‌ലിംകൾ ദൃഷ്ടിയിൽ നിന്നും നിഷ്ക്രമിച്ചു.
എന്ന് കുതൂഹലം കൂട്ടുന്നു.



നമ്മുടെ പ്രതികരണമിതാണ്.

യഥാർത്ഥ മുസ്‌ലിം എവിടെയെങ്കിലുമുണ്ടായിരുന്നോ?
ക്രിസ്തീയതയാണ് നിങ്ങളുടെ ജീവിതശൈലി,
ഹിന്ദുത്വമാണ് നിങ്ങളുടെ സംസ്കാരം.
ജൂതൻ പോലും ലജ്ജിതനാവുന്ന, തരം മുസ്‌ലിമാണ് നിങ്ങൾ,
നിങ്ങൾക്ക് സയ്യിദുമാരും, മിർസമാരും–
അഫ്ഗാനികളും സർവ്വസ്വവും നിങ്ങൾ തന്നെ.
പറയൂ, നിങ്ങൾ മുസൽമാൻ തന്നെയാണോ? [27]

പ്രഗത്ഭനായ കവിയും തത്ത്വജ്ഞാനിയും രാഷ്ട്രീയ ചിന്തകനും എല്ലാറ്റിനുമുപരി ഇരുപതാം നൂറ്റാണ്ടിലെ അനുപമ വ്യക്തിത്വത്തിനുടമയുമായ ഒരാൾ ഇക്കാലത്തുള്ള മുസ്‌ലിംകളെപ്പറ്റി ജൂതൻമാർ പോലും ലജ്ജിച്ചു പോവുന്നവരെന്നും അവർ തങ്ങളുടെ പിതൃക്കളുടെ ശവകുടീരത്തിന്റെ കല്ലുകൾ പോലും വില്ക്കുന്നവരാണെന്നും പറഞ്ഞിരിക്കുന്നു.[28] ഈ വസ്തുത അഹ്മദികളേയും മറ്റു മുസ്‌ലിംകളെയും തിരിച്ചറിയാൻ ഒരു ഉപാധിയാക്കാം. എന്നാൽ, 1936 ൽ സർ മുഹമ്മദ് ഇഖ്ബാൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാവും പിന്നീട് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹറുവിന് ഒരു തുറന്ന കത്തെഴുതി.*B അതിൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കണമെന്ന ആവശ്യം അദ്ദേഹം ഉന്നയിക്കുകയുണ്ടായി. ഇന്ത്യയിലെ മതേതര ഭരണഘടന അദ്ദേഹത്തിന്റെ ഈ ആവശ്യം തീർച്ചയായും അവഗണിച്ചു. എന്നാൽ, ദയൂബന്ദി ഉലമാക്കൻമാർക്ക് അതൊരു ജീവന്മരണ പ്രശ്നമായിരുന്നു. ഹിന്ദു തീവ്രവാദികൾ അയോദ്ധ്യയിലെ ബാബറി മസ്ജിദ് തകർത്തു. അത് പോലീസ് സംരക്ഷണത്തോടെ രാമക്ഷേത്രമാക്കി മാറ്റി. ഹിന്ദുത്വവാദികൾ കാശിയിലേയും ബനാറസിലെയും പള്ളികൾ ക്ഷേത്രങ്ങളാക്കി മാറ്റണമെന്നും മുസ്‌ലിം വ്യക്തിനിയമം റദ്ദാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് സമരം നയിക്കുകയുമാണ്. ദൈവത്തിന്റെ പ്രവാചകനേയും സമാധാനകാംക്ഷികളായ ആളുകളേയും തിരസ്കരിച്ച ഒരു ജനതക്ക് വന്നുഭവിച്ച ഗതിയാണിത്. അനൈക്യത്തിൽ ഉറച്ചു നില്ക്കുന്ന അവർ സമാധാനത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ഇല്ലാതാക്കി. അവർ കലഹം അന്വേഷിച്ചിറങ്ങി. അവർ തന്നെ കലാപവും ഭീകരതയും വിളയിച്ചു.

## കുറിപ്പുകൾ

*A **മിഅ്റാജ്:** മുഹമ്മദ് നബി(സ)ക്കുണ്ടായ പരമോന്നതവും അത്യുജ്ജ്വലവുമായ ഒരു ആത്മീയദർശനം. വി.ഖുർആനിലും ഇത് സംബന്ധിച്ച് പരാമർശമുണ്ട്.

*B **അഹ്മദിയ്യാ പ്രശ്നം: മുഹമ്മദ് ഇഖ്ബാലിന് പണ്ഡിറ്റ് നെഹറുവിന്റെ മറുപടി:** അല്ലാമാ മുഹമ്മദ് ഇഖ്ബാൽ പഞ്ചാബിലെ സിയാൽക്കോട്ടിലെ ഒരു അഹ്മദി കുടുംബത്തിലെ അംഗമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ശേഖ് നൂർ മുഹമ്മദും മാതാവ് ഇമാം ബീവിയും ഹദ്റത്ത് അഹ്മദിന്റെ അനുയായികളായിരുന്നു. ഇഖ്ബാലിന്റെ മൂത്ത സഹോദരൻ ശേയ്ഖ് ത്വാഹാ ആദ്യകാല അഹ്മദിയായിരുന്നു. ഇഖ്ബാലും ബാല്യകാലത്ത് അഹ്മദിയും ഹദ്റത്ത് അഹ്മദി(അ)ന്റെ ആരാധകനുമായിരുന്നു. ഹദ്റത്ത് അഹ്മദി(അ)നെതിരെ എഴുതിയ ആക്ഷേപ കവിതകൾക്ക് അദ്ദേഹം മറുപടി എഴുതിയിട്ടുണ്ട്. രാഷ്ട്രീയവും വ്യക്തിപരവുമായ കാരണത്താൽ ഇഖ്ബാൽ പിന്നീട് അഹ്മദിയ്യത്തിൽ നിന്ന് പുറത്ത് പോവുകയും കടുത്ത വിമർശകനായി മാറുകയും ചെയ്തു.

അഹ്മദികൾക്കെതിരെ അഹ്റാരികൾ നടത്തിയ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ 1935ൽ ഇഖ്ബാൽ സ്റ്റേറ്റ്സ്മാൻ പത്രത്തിൽ അഹ്മദിയ്യത്തിനെ വിമർശിച്ചുകൊണ്ട് ഒരു ലേഖനമെഴുതുകയുണ്ടായി. അതിലെ ചില പരാമർശങ്ങൾക്ക് മറുപടിയായിക്കൊണ്ട് നെഹ്റു Solidarity of Islam, His highness Agakhanഎന്നീ ശീർഷകങ്ങളിൽ രണ്ട് ലേഖനങ്ങൾ എഴുതുകയുമുണ്ടായി. ഇതുകണ്ട് അത്ഭുതപ്പെട്ടുപോയ ഇഖ്ബാൽ നെഹറുവിന് ഒരു കത്തയച്ചു. നെഹ്റുവിന് എഴുതിയ കത്തിൽ ഇത്തരം ഇസ്ലാമിക വിഷയങ്ങളിൽ നെഹറുവിനുണ്ടായ സൂക്ഷ്മമായ അറിവിനെ ഇഖ്ബാൽ പുകഴ്ത്തുകയും, അഹ്മദികൾ ഇസ്ലാമിന്റെയും ഇന്ത്യയുടെയും വഞ്ചകരാണെന്ന തെറ്റുധാരണാജനകമായ ഒരു പരാമർശം എഴുതുകയുമുണ്ടായി. ഈ കാര്യത്തിൽ തനിക്ക് താൽപര്യമില്ലെന്നും സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് മാത്രം ചിലത് എഴുതിയെന്നേയുള്ളൂ എന്നും പറഞ്ഞു ഇഖ്ബാൽ നെഹ്റുവുമായുള്ള സംവാദത്തിൽ നിന്നും പിൻവാങ്ങുകയാണുണ്ടായത്. (വിവ:)

### അദ്ധ്യായം 9

# ഇസ്ലാമിക ഭീകരത?

എന്താണ് ഇസ്ലാമിക ഭീകരത? ഞാനത്ഭുതപ്പെടുന്നു. ഇരുളും വെളിച്ചവും പോലെ, ജീവിതവും മരണവും പോലെ, യുദ്ധവും സമാധാനവും പോലെ, ഇസ്ലാമും ഭീകരതയും തമ്മിൽ ബന്ധപ്പെട്ടു നില്ക്കുന്നു. തീർച്ചയായും അവ രണ്ടും പരസ്പരം കൂടിച്ചേർന്നു നിൽക്കുന്നുണ്ട്. പക്ഷേ, വിപരീത ദിശകളിലേക്ക് ബലം പ്രയോഗിക്കുന്ന ഒരു തന്തുവിൽ മാത്രമാണ് ആ സന്ധി. അവ പരസ്പരം കരങ്ങൾ കൊണ്ട് ബലാബലം പിടിക്കുന്നതായി കാണാം. പക്ഷേ, ഒരിക്കലും കൈകോർത്തു സന്തോഷപൂർവ്വം നടക്കാറില്ല.

പല അവസരങ്ങളിലും മുസ്ലിംകൾ ഭീകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു കാണാറുണ്ട് എന്നത് എങ്ങനെയാണ് നിഷേധിക്കാൻ കഴിയുക? മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിൽപ്പെട്ട ഗ്രൂപ്പുകളും രാഷ്ട്രങ്ങളും ഇതിന് നേതൃത്വവും നല്കാറുണ്ട്.

ലോകത്തുടനീളം മറ്റു ഗ്രൂപ്പുകളും ഭീകര പ്രവർത്തനങ്ങളും ഇതുപോലെ അട്ടിമറികളും നടത്താറില്ലേ? 'ഇസ്ലാമിക ഭീകരത' എന്ന സാങ്കേതിക സംജ്ഞ രൂപംകൊണ്ട അതേ തത്ത്വമുപയോഗിച്ച് ക്രൈസ്തവ ഭീകരത, സിക്ക് ഭീകരത, ഹിന്ദു ഭീകരത, ജൂത ഭീകരത, നാസ്തിക ഭീകരത, ബുദ്ധ ഭീകരത, അനിമിസ്റ്റ് ഭീകരത, പ്രാകൃത മത ഭീകരത എന്നീ പേരുകളിൽ എന്തുകൊണ്ട് ഇവർ നടത്തുന്ന ഭീകരപ്രവർത്തനങ്ങൾ അറിയപ്പെടുന്നില്ല?

നിർഭാഗ്യകരമെന്നു പറയട്ടെ, ലോകത്താകമാനം തഴച്ചു വളരുന്ന പല ബ്രാന്റുകളിലുള്ള ഭീകരതകൾക്ക് നേരെ കണ്ണടക്കാൻ ആർക്കും സാധ്യമല്ല. വാസ്തവത്തിൽ നിശ്ചിതമായ ഉദ്ദേശ്യങ്ങൾക്ക് വേണ്ടിയോ മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടിയോ പീഡനങ്ങളും, രക്തചൊരിച്ചിലും, കൊലപാതങ്ങളും ലോകത്ത് നടക്കുന്നത് കണ്ടില്ലെന്ന് വെക്കാൻ പലപ്പോഴും ഒരു നിരീക്ഷകന് സാധ്യമല്ല. ഭീകരവാദം എന്നത് ഒരു ആഗോള പ്രശ്നമാണ്. വിശാലമായ ഒരു പരി

പ്രേക്ഷ്യത്തിൽ ഇത് സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഭീകരപ്രവർത്തനങ്ങൾക്ക് പിന്നിൽ മറഞ്ഞിരിക്കുന്ന ശക്തികളെ സംബന്ധിച്ച് നമുക്ക് ധാരണയില്ലെങ്കിൽ ചില നിശ്ചിത ലക്ഷ്യങ്ങൾ പ്രാപിക്കാൻ എന്തുകൊണ്ട് പല മുസ്‌ലിം രാഷ്ട്രങ്ങളും ഗ്രൂപ്പുകളും ഭീകര പ്രവർത്തനങ്ങളിലേക്ക് തിരിയുന്നു എന്ന കാര്യം നമുക്കു മനസ്സിലാകാതെ വരുന്നു.

മതത്തിന്റെ പേരിൽ വിവിധ രൂപങ്ങളിൽ ലോകത്ത് നടന്നു വരുന്ന വർഗ്ഗീയ കലാപങ്ങളെക്കുറിച്ച് ഞാൻ പൂർണ്ണ ബോധവാനാണ്. അത്തരം കലാപങ്ങൾ എവിടെയായിരുന്നാലും ഏതുതരം വേഷപ്പകർച്ച സ്വീകരിച്ചാലും ശരി അടിസ്ഥാനപരമായി അതെല്ലാം രാഷ്ട്രീയ സ്വഭാവമുള്ളതാണ്. മതം ഒരിക്കലും ചൂഷകനല്ല. ആഭ്യന്തരവും വൈദേശികവുമായ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി മതം ചൂഷണം ചെയ്യപ്പെടുകയാണ്.

ഉദാഹരണത്തിന്, വർഗ്ഗീയതയുടെ പേരിലുള്ള ഭീകരത നാം കണ്ടതാണ്. അന്തിമ വിശകലനത്തിൽ അതും അടിസ്ഥാനപരമായി രാഷ്ട്രീയമാണ്. നിലവിലുള്ള സാമൂഹികഹൃവ്യവസ്ഥിതിക്കും സംസ്കാരത്തിനും എതിരെയുള്ള വിദ്വേഷത്തിൽ നിന്നും കലാപവാസനകളിൽ നിന്നും ഉരുവം കൊള്ളുന്ന ഭീകരതകളുടെ കൊച്ചു കൊച്ചു പ്രകടനങ്ങളും നമുക്ക് കാണാവുന്നതാണ്. ഈ പ്രവർത്തനങ്ങളെല്ലാം ഭ്രാന്തൻമാരുടെയും അരാജകവാദികളുടെയും പ്രവർത്തനങ്ങളായിട്ടാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. മറ്റൊരു വിശേഷ രീതിയിലുള്ള ഭീകരതയും നിലവിലുണ്ട്. അതായത് 'മാഫിയാ'*A സംഘങ്ങളുമായി ബന്ധപ്പെട്ടതാണ് ആ ഭീകരത. മേധാവിത്വത്തിന്നുവേണ്ടി പരസ്പരം പോരടിക്കുന്ന മാഫിയക്കുള്ളിൽ തന്നെയുള്ള സംഘങ്ങൾ സംഘടിപ്പിക്കുന്നതാണ് ഈ ഭീകരത എന്നത് വ്യക്തമായും അധികാരശക്തിക്കുവേണ്ടിയുള്ള പോരാട്ടമാണ്. അതുകൊണ്ടുതന്നെ അത് രാഷ്ട്രീയവുമാണ്.

'ഇസ്‌ലാമിക ഭീകരത്' എന്നറിയപ്പെടുന്ന ഈ പ്രതിഭാസത്തെപ്പറ്റി വിലയിരുത്തുമ്പോൾ ഇസ്‌ലാമിന്റെ മുഖംമൂടി ധരിച്ച രാഷ്ട്രീയ ശക്തികളെ നാം കണ്ടെത്തുന്നു. പലപ്പോഴും അതിന് പിന്നിൽ ചരടുവലിക്കുന്ന ചൂഷകർ മുസ്‌ലിംകൾ പോലുമാവണമെന്നില്ല. രോഗകാരണങ്ങൾ നിർണയിക്കാൻ ചില ഭീകരതകളുടെ പ്രത്യേകതരം സവിശേഷതകളിലേക്ക് ശ്രദ്ധ തിരിക്കാം. നമുക്ക് ഇറാനിൽ നിന്നും



ആരംഭിക്കാം. അവിടെ ഖുമൈനിസം എങ്ങനെയാണ് പിറവിയെടുത്തതെന്ന് നോക്കാം.

ശാ*B യുടെ കാലത്ത് ഇറാനിൽ വമ്പിച്ച പുരോഗതിയുണ്ടായിരുന്നു എന്നത് ഏവരും സമ്മതിക്കുന്നതാണ്. സാമ്പത്തികവും വ്യാവസായികവുമായ വമ്പിച്ച പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് ഇറാൻ, ഭാവി പദ്ധതികൾ തയ്യാറാക്കുകയുണ്ടായി. പക്ഷേ, മനുഷ്യന് അപ്പം കൊണ്ട് മാത്രം ജീവിക്കാൻ സാധ്യമാണോ? ശായുടെ സ്വേച്ഛാധിപത്യത്തിനു കീഴിൽ കഴിഞ്ഞിരുന്ന ഇറാൻ ജനതയുടെ ഈ ജനക്ഷേമ പ്രവർത്തനങ്ങളോടുള്ള പ്രതികരണം നിഷേധാത്മകമായിരുന്നു. അവരുടെ രാജ്യത്തിന്റെ ദൈനംദിന കാര്യങ്ങളിൽ അവരുടേതായ പങ്കാളിത്തം വേണമെന്ന് ഇറാൻ ജനത ആഗ്രഹിച്ചു. നിറവയറു കൊണ്ടുമാത്രം ദീർഘകാലം തൃപ്തിയടയുവാൻ അവർക്ക് സാധ്യമല്ലായിരുന്നു. സ്വാഭിമാനത്തിനും, അന്തസ്സിനും വേണ്ടിയുള്ള അവരുടെ അദമ്യമായ അഭിവാഞ്ചയും പട്ടാളച്ചിട്ടയിൽ അച്ചടക്കത്തിനു വിധേയമാക്കപ്പെട്ട വ്യവസ്ഥിതിയിൽ നിന്നുള്ള മോചനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ആഗ്രഹവും അവരെ കൂടുതൽ കൂടുതലായി അസ്വസ്ഥരും അശാന്തരുമാക്കി. അക്രമാസക്തവും രക്തരൂക്ഷിതവുമായ ഒരു വിപ്ലവത്തിന് പക്വമായ സാഹചര്യമായിരുന്നു അത്.

ആസന്നമായിരുന്ന ഈ വിപ്ലവത്തിന്റെ സ്വഭാവം ഇസ്‌ലാമികമല്ലായിരുന്നുവെങ്കിൽ ഇതിനേക്കാൾ രക്തച്ചൊരിച്ചിലും തീവ്രവാദപരവുമായ ഒരു കമ്യൂണിസ്റ്റ് വിപ്ലവം അവിടെ അരങ്ങേറുമായിരുന്നു. തെക്ക് മുതൽ വടക്ക് വരേയും പടിഞ്ഞാറു മുതൽ കിഴക്ക് വരെയും പിടിച്ചു കുലുക്കിയ കലാപ കലുഷിതമായ ഇറാനിലെ വിപ്ലവം ദീർഘമായ രാഷ്ട്രീയ അടിച്ചമർത്തലിന്റെയും മൗലികാവകാശ ധ്വംസനങ്ങളുടെയും മനുഷ്യാവകാശ നിഷേധങ്ങളുടെയും അനിവാര്യമായ അനന്തര ഫലമായിരുന്നു. മാത്രമല്ല, ഒരു പാശ്ചാത്യ വൈദേശിക ശക്തിയുടെ ചൂഷണങ്ങളുടേയും വിധ്വംസക പ്രവർത്തനങ്ങളുടേയും ഫലം കൂടിയായിരുന്നു ഈ വിപ്ലവം. ശായുടെ സ്വേച്ഛാഭരണം താങ്ങി നിറുത്തുന്നതിൽ അമേരിക്കയുടെ പങ്കിനെപ്പറ്റി ഇറാൻ ജനതക്ക് നല്ല പോലെ അറിയാമായിരുന്നു. ജനങ്ങളുടെ വിദ്വേഷവും പ്രതികാരാഗ്നിയും ശായുടെ ഭരണകൂടം നിലം പതിച്ചതുകൊണ്ടും രാജഭരണത്തെ നിലനിറുത്തിയിരുന്ന ആഭ്യന്തര ശക്തികളുടെ നശീകരണം കൊണ്ടും മാത്രം ശമനം കണ്ടില്ല.

അമേരിക്കൻ പിന്തുണയെക്കുറിച്ചുള്ള ധാരണകൾ ഇറാനിലെ ശായെ സ്വേച്ഛാ പ്രമത്തതയുടെ ഏറ്റവും താഴ്ന്ന വിതാനം വരെ കൊണ്ടെത്തിച്ചിരുന്നു. പതുക്കെപ്പതുക്കെ അദ്ദേഹത്തിൽ ഭയം നാമ്പിടാൻ തുടങ്ങി. ക്രമേണ ആ ഭയാശങ്കകൾ ഉഗ്രഭീതിയായി മാറി. വിപ്ലവത്തെക്കുറിച്ചുള്ള ആശങ്ക അദ്ദേഹത്തിന്റെ സമീപനങ്ങളെ കഠിനതരമാക്കി. കാലക്രമത്തിൽ അതുവർദ്ധിച്ചു വന്നു. അധികം താമസിയാതെ ഇറാൻ ഏറ്റവും നികൃഷ്ടമായ ഒരു പോലീസ് സ്റ്റേറ്റായി മാറി. ഈ പോലീസ് സ്റ്റേറ്റ് അമേരിക്കയുടെ വ്യക്തവും സമ്പൂർണവുമായ പിന്തുണയുള്ളതാണെന്നതിനെപ്പറ്റിയും ഇറാൻ ജനതക്ക് ബോദ്ധ്യം വന്നിരുന്നു. അമേരിക്കയുടെ സൂക്ഷ്മവും വിദഗ്ദ്ധവുമായ ചരടുവലികൾക്ക് വിധേയനായ ഒരു പാവ മാത്രമായിരുന്നു ശാ. മേൽ വിവരിക്കപ്പെട്ട ഈ സാഹചര്യമായിരുന്നു വിദ്വേഷാഗ്നികൊണ്ട് പാകമായ വിപ്ലവത്തിനു പ്രേരകമായിത്തീർന്നത്.

ഇറാനിലെ പ്രക്ഷുബ്ധമായ ഈ സാഹചര്യം ആയത്തുള്ള ഖുമൈനി സമർഥമായി മുതലെടുക്കുകയായിരുന്നു. താൻ മുന്നോട്ടുവെച്ച ആശയങ്ങൾക്ക് അദ്ദേഹം ശിയാ ഇസ്‌ലാമിന്റെ വർണവും വദനവും നല്കി. വാസ്തവത്തിൽ അത് അമേരിക്കക്കെതിരെ വിദ്വേഷം ജനിപ്പിച്ച ശിയാ ഇസ്‌ലാമിനോടുള്ള സ്നേഹമായിരുന്നുവോ? അല്ലെങ്കിൽ ഇസ്‌ലാം എന്ന നാമം ചില നിക്ഷിപ്ത താൽപര്യങ്ങൾ മറച്ചുവെക്കാനുള്ള ഒരു മുഖംമൂടി മാത്രമായിരുന്നുവോ? ഇറാൻ വിപ്ലവത്തിന് ഖുമൈനി ഇസ്‌ലാമിന്റെ ബാനർ ഉയർത്തിയില്ലായിരുന്നുവെങ്കിൽ ദേശീയത, ശാസ്ത്രീയ സോഷ്യലിസം പോലെയുള്ള മതേതര തത്ത്വശാസ്ത്രങ്ങൾ ഈ അവസരം ശരിക്കും ചൂഷണം ചെയ്യുമായിരുന്നില്ലേ?

വാസ്തവത്തിൽ ഇറാന്റെ അധികാരം കൈയ്യാളാൻ തന്റെ ചുവടുവെപ്പുകൾക്കൊപ്പം ശീഘ്രഗതിയിൽ പാഞ്ഞടുത്തുകൊണ്ടിരുന്ന ഇടതുപക്ഷ ശക്തികളെ ഖുമൈനി വേഗത്തിൽ മറികടക്കുകയാണ് ചെയ്തത്. നിശ്ചിത സമയത്തിന്നുള്ളിൽ ആ ശക്തികൾ ഖുമൈനി പ്രതിനിധാനം ചെയ്ത എല്ലാറ്റിനേയും അതിവർത്തിക്കുമായിരുന്നു. അതിനു കാരണം ഇറാനിലെ സ്ഥിതിഗതികൾ അത്രമാത്രം സങ്കീർണവും പ്രശ്നകലുഷിതവുമായിരുന്നതാണ്. വിപ്ലവത്തിന്റെ അടിസ്ഥാന ചോദനം കമ്യൂണിസത്തോടും ഇടതുപക്ഷത്തോടുമുള്ള വെറുപ്പായിരുന്നില്ല. മറിച്ച്, ശായേയും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളേയും ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരുന്നു. തന്നിൽ



നിന്ന് ഇടതുപക്ഷത്തേക്ക് വിപ്ലവത്തിന്റെ നേതൃത്വം വഴുതിപ്പോവുമെന്ന സംഭാവ്യത ഉള്ളതിനാൽ ഖുമൈനിക്ക് മൂന്ന് വേദിയിൽ വെച്ച് ഒരേ സമയം പോരാട്ടം നടത്തേണ്ടിയിരുന്നു. ശായെ നിഷ്കാസിതനാക്കിയശേഷം ശായുടെ പിണിയാളുകളെ ഉന്മൂലനം ചെയ്യുക. മറ്റൊന്ന് അമേരിക്കൻ സ്വാധീനമുണ്ടെന്ന് സംശയിക്കുന്നതിനെയെല്ലാം പിഴുതു മാറ്റുകയും ചെയ്യുക. അമേരിക്കക്കെതിരെയുള്ള ഈ ഉന്മൂലന പ്രക്രിയ സ്വയം തന്നെ ഇടതുപക്ഷ ചായ്‌വുള്ളതായിരുന്നു. അതിനെ വളരുവാൻ അനുവദിക്കുകയായിരുന്നെങ്കിൽ ഖുമൈനിയിൽ നിന്ന് അധികാരം വഴുതി മാറി, ഇസ്‌ലാമിക ആദർശത്തിനു പകരം മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തം നിലവിൽ വരുമായിരുന്നു.

ഭാഗ്യവശാൽ സമർത്ഥനും പ്രാപ്തനുമായ ആയത്തുള്ള ഖുമൈനിക്കു റഷ്യൻ ഇടതുപക്ഷത്തിനെതിരെയും അമേരിക്കൻ വലതുപക്ഷത്തിനെതിരെയും ഇരുതല മൂർച്ചയുള്ള ആയുധമായി ഇസ്‌ലാമിനെ ഉപയോഗിക്കാൻ അറിയാമായിരുന്നു.

പക്ഷേ, പറഞ്ഞതും ചെയ്തതുമെല്ലാം ഇസ്‌ലാമികമായിരുന്നെങ്കിലും നമുക്ക് വ്യക്തമായും മനസ്സിലാക്കാൻ സാധിക്കുന്നത് അവിടെ നടന്ന കാര്യങ്ങൾക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല എന്നാണ്. നിങ്ങൾക്ക് സമ്മതമാണെങ്കിൽ ഇറാനിൽ സംഭവിച്ചതിനെയും സംഭവിച്ചു കൊണ്ടിരിക്കുന്നതിനേയും ഖുമൈനിസം എന്ന് വിളിക്കുന്നതാണ് ഏറ്റവും നല്ലത്. അവിടെ വിഹരിക്കുന്ന യഥാർത്ഥ ശക്തികൾ സത്യസന്ധമായും അടിസ്ഥാനപരമായും മതസ്വഭാവമുള്ളതല്ല. രാഷ്ട്രീയ ശക്തികൾ ഇറാനികളുടെ ശാ വിരോധം തികച്ചും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുകയായിരുന്നു.

ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വിദേശ ശക്തികളാൽ ചൂഷണം ചെയ്യപ്പെടുകയും അടിമകളാക്കപ്പെടുകയും ചെയ്ത ഇറാന്റെ സുദീർഘമായ ചരിത്രത്തെസ്സംബന്ധിച്ച് ഇറാനിയൻ ജനതയുടെ മനസ്സാക്ഷി ഉണരുകയായിരുന്നു. ഇറാനിയൻ ജനത ബഹുഭൂരിപക്ഷവും മുസ്‌ലിംകളാണ്. എന്നിരുന്നാലും അറബികൾ തങ്ങളുടെ ജന്മഗേഹം കീഴടക്കിയ വസ്തുത ഇറാനികൾക്ക് മറക്കാനോ പൊറുക്കാനോ സാധിച്ചിരുന്നില്ല എന്ന കാര്യം ആർക്കും അവഗണിക്കാൻ സാധ്യമല്ല. ഈ വ്രണങ്ങളെല്ലാം വളരെ മുമ്പേ തന്നെ ഉണങ്ങിയതായി കാണപ്പെടുന്നു. അറബികളും ഇറാനികളും സ്വീകരിച്ച മതത്തിന്റെ ഏകത മറ്റു രാജ്യങ്ങളുമായുള്ള ഇരു കൂട്ടരുടെയും

പൊതു ശത്രുത എന്നീ ഘടകങ്ങൾ ഇറാനികളെ അറബികളുമായി ഒന്നിപ്പിച്ചു നിറുത്തുകയുണ്ടായി. എങ്കിലും കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി അറബികൾ ഇറാനിൽ തുടർന്നു വരുന്ന മേധാവിത്വത്തെ സ്സംബന്ധിച്ച് ഇറാനികൾ അസംതൃപ്തരായിരുന്നു എന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല. ഇസ്‌ലാമിക പൂർവ്വ കാലഘട്ടത്തിൽ ലോകത്തെങ്ങുമുള്ള മനുഷ്യസമൂഹത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ച പ്രതാപമുഗ്ദ്ധവും നിറപ്പകിട്ടാർന്നതുമായ ഒരു നാഗരികതക്കുടമകളായിരുന്നു തങ്ങളെന്നു ഇറാൻ ജനത അഭിമാനം കൊണ്ടിരുന്നു എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ ആവിർഭാവകാലത്ത് അറബികൾക്ക് രണ്ടേ രണ്ട് ലോകങ്ങളെക്കുറിച്ച് മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. പശ്ചിമ ദേശത്തുള്ള റോമാ സാമ്രാജ്യവും കിഴക്ക് കിസ്രാ ചക്രവർത്തിമാരുടെ ഇറാനുമായിരുന്നു അത്. ഇറാനികളുടെ വിദൂരമഹിതമായ ഗതകാല സ്മൃതികളെ ഇസ്‌ലാമിന്റെ ശക്തമായ സഹോദര്യം കീഴടക്കുകയുണ്ടായി. എന്നാൽ, ആ സ്മരണകൾ അവരുടെ മനസ്സിൽ നിന്നു നിശ്ശേഷം നിഷ്ക്രമിച്ചില്ല. ഇറാനിയൻ ബുദ്ധിജീവികളുടെ ഹൃദയാന്തരങ്ങളിൽ ഈ മഹത്തായ ഇറാനിയൻ നാഗരികതയുടെ പൗരാണികമായ നിഴൽപാടുകൾ കുടികൊണ്ടിരുന്നു.

അറബ്-ഇറാനിയൻ ശാത്രവത്തിന്റെ അതിദീർഘമായ ചരിത്രവും അറേബ്യയിലേക്കുള്ള ഇറാനിയൻ പടയോട്ടങ്ങളും അറബികളുടെ മനസ്സുകളിലും നീറിപ്പുകയുന്ന വ്രണമായി അവശേഷിച്ചിരുന്നു. ഏറ്റവും വലിയ ശമനകാരിയായ കാലത്തിനു പോലും അത് ഉണക്കിക്കളയാനായില്ല. ഇത് തികച്ചും മനുഷ്യസഹജമാണ്. ലോകത്തുള്ള പല ജനതകൾക്കും ഭൂതകാല ചരിത്രത്തിൽ നിന്നു വിമുക്തരാകുവാനും അവരുടെ ബഹുമതിക്കേറ്റ മുറിപ്പാടുകളും അപമാനങ്ങളും മറക്കാനും വിഷമമാണ്. ചരിത്രത്തിൽ രൂപപ്പെട്ട അത്തരം അദ്ധ്യായങ്ങൾ എന്നെന്നേക്കുമായി അടച്ചു കളയാൻ സാധ്യമല്ല. അവ വീണ്ടും വീണ്ടും തുറക്കപ്പെടുന്നു.

അറബ്-ഇറാനിയൻ വൈരത്തിന്റെ പുരാവൃത്തം മതിയാക്കി നമുക്ക് ഇനി കുറേക്കൂടി ആധുനിക കാലത്തേക്ക് വരാം. ഇറാൻ ജനത തങ്ങളുടെ ദുരിത കാരണത്തിന് കുറിമാനമാക്കിയിരുന്നത് അറബികളെ മാത്രമായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധ കാലത്ത് ബ്രിട്ടീഷ് ആധിപത്യത്തിന്റെ കീഴിൽ വളരെ മേശപ്പെട്ട രീതിയിലായിരുന്നു ബ്രിട്ടീഷുകാർ ഇറാൻകാരോട് പെരുമാറിയിരുന്നത്. അറബികളുടെ ഭരണത്തിനു കീഴിൽ ചുരുങ്ങിയത് ഇറാൻ ജനത അറബികളുമായുള്ള പൊതു സംസ്കാരവും മതവിശ്വാസവും പങ്കിട്ടിട്ടുണ്ടായിരുന്നു. എന്നാൽ, ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഭരണീയരും ഭരണകർത്താക്കളും തമ്മിലുള്ള ബന്ധം അടുക്കുന്നതിനേക്കാളുപരി അകൽച്ചയാണുണ്ടാക്കിയത്. ബ്രിട്ടീഷുകാരുമായി സാമൂഹികമോ, സാംസ്കാരികമോ മതപരമോ ആയ യാതൊരു സാമ്യതകളുമില്ലാത്തതിനാൽ ഇറാനികളുമായി അവർക്കുള്ള ഈ വിടവ് നികത്തുവാൻ സാധ്യമല്ലായിരുന്നു.

ബ്രിട്ടീഷ് ആധിപത്യത്തിന്റെ ശിഥിലീകരണത്തിനു ശേഷം വൻശക്തികൾ മൂന്നാം ലോക രാജ്യങ്ങളിൽ പാവ ഭരണകൂടങ്ങളേയും അഞ്ചാം പത്തികളേയും നിയോഗിച്ചു കൊണ്ടുള്ള പരോക്ഷമായ നിയന്ത്രണത്തിന്റെയും അടിമത്ത്വത്തിന്റെയും പുതിയ ഒരു കാലഘട്ടത്തിനു തുടക്കം കുറിക്കുകയുണ്ടായി. നവ സാമ്രാജ്യത്വത്തിന്റെ ഈ കാലഘട്ടത്തിൽ ഇറാനികളുടെ ആശ്രിതത്വം ബ്രിട്ടീഷ് മടിത്തട്ടിൽ നിന്ന് അമേരിക്കൻ വലയത്തിൽ വന്നു ചേർന്നു. അതോടെ ഇറാനിലെ ശാ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പ്രതീകമായി മാറി. അമേരിക്കയാകട്ടെ, പോളണ്ട്, നിക്കരാഗ്വേ, ഇസ്രായേൽ, സൗത്താഫ്രിക്ക എന്നിവിടങ്ങളിൽ ചെയ്യാറുള്ളത് പോലെ, ഇറാനിൽ സംഘർഷവും ആശയസമരങ്ങളും രൂപം കൊണ്ടപ്പോൾ ഒരു വിഭാഗത്തെ പിന്തുണക്കുകയും ചെയ്തു.

അമേരിക്കൻ അടിച്ചമർത്തലിനെതിരെയുള്ള ഖുമൈനിയൻ വിപ്ലവത്തിന്റെ രോഷാഗ്നിയുടെ ഇന്ധനം അന്തിമമായി അമേരിക്കക്കെതിരെ മാത്രമായിരുന്നില്ല സ്ഫുരിച്ചത്. ഭൂഗർഭത്തിൽ ശേഖരിക്കപ്പെട്ട ഇന്ധനവും വാതകവും പോലെ നൂറ്റാണ്ടുകളുടെ വിദ്വേഷാഗ്നിയുടെ ആളിക്കത്തലായിരുന്നു അത്. ഏറ്റവും പ്രധാനപ്പെട്ട സംഗതി ഈ വിപ്ലവം ഒരിക്കലും മതപരമായ തനിമയുള്ളതായിരുന്നില്ല എന്നതാണ്. ഈ വിദ്വേഷം ഇസ്‌ലാമിന്റെ പേരിൽ ഖുമൈനി ചൂഷണം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ സാമൂഹികനീതിയുടെ പേരിൽ കമ്മ്യൂണിസ്റ്റുകാർ അത് ചൂഷണം ചെയ്യുമായിരുന്നു. ഈ വിപ്ലവത്തെ മതപരമെന്നോ മതേതരമെന്നോ എന്ത് പേരിട്ട് വിളിച്ചാലും ഇതിന്റെ അന്തർധാരയായി വർത്തിച്ച ശക്തികളും ഘടകങ്ങളും ഒന്നുതന്നെയാണ്.

ഇറാൻ ജനതയുടെ അസംതൃപ്തിയുടെ പ്രകടനം എന്ന നിലക്ക് ഇസ്‌ലാമിന്റെ പേരിൽ തന്റെ ജനതയിലൊരു വിഭാഗത്തോട്

ഖുമൈനി നടത്തിയ അത്യാചാരങ്ങളും മറ്റു രാജ്യങ്ങളിൽ അവർ നിർവ്വഹിക്കുന്ന പ്രതികാര കൃത്യങ്ങളും ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല എന്ന് ഞാൻ പലതവണ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വാസ്തവം പറയുകയാണെങ്കിൽ പാശ്ചാത്യർ ഖുമൈനിയെ ശത്രുവായിട്ടല്ല മിത്രമായിട്ടാണ് കാണേണ്ടത്. തികച്ചും ഗുണകാംക്ഷയോടെ ചിന്തിക്കുന്ന ഒരാളായത് കൊണ്ടാണ് ഞാനിത് പറയാൻ കാരണം. ഖുമൈനി ഈ അവസരം ഇസ്‌ലാമിന്റെ മുഖം നല്കി മുസ്‌ലിം പുരോഹിത സമിതിയുടെ പിന്തുണ സംഘടിപ്പിച്ചു കൊണ്ട് ചൂഷണം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഈ സന്ദർഭം ഇടതുപക്ഷ ചായ്‌വുള്ള ഇറാൻ നേതാക്കൻമാർ മുതലെടുക്കുകയും സ്ഥിതി അപകടകരമായ പതനത്തിലെത്തിക്കുകയും ചെയ്യുമായിരുന്നു എന്ന കാര്യം തീർച്ചയാണ്. പച്ച നിറത്തിൽ ഇന്ന് നാം കാണുന്ന ഇറാന് പകരം ചെമപ്പ് നിറത്തിലുള്ള ഇറാൻ ഒരുപക്ഷേ പ്രത്യക്ഷപ്പെടുമായിരുന്നു.

ശായെ പുറത്താക്കിക്കൊണ്ട് ഇറാനിയൻ ചരിത്രത്തിലെ പരിവർത്തനാത്മകവും യുഗസംക്രമണത്തിന്റെ നാന്ദിക്കുറിച്ചുതുമായ ഖുമൈനിസ്റ്റ് വിപ്ലവത്തിന്റെ ചരിത്ര മുഹൂർത്തത്തിൽ ഡോ. മുസദ്ദിഖിന്റെ നേതൃത്വത്തിൽ രൂപവത്ക്കരിക്കുകയും പരിശീലിപ്പിച്ചെടുക്കുകയും ചെയ്ത കമ്യൂണിസ്റ്റ് നേതൃത്വം ദുർബലവും അശക്തവുമായിപ്പോയി എന്ന് കരുതുന്നത് തികഞ്ഞ മൗഢ്യമാണ്. യഥാർത്ഥത്തിൽ കമ്യൂണിസ്റ്റ് നേതൃത്വം സുശക്തമായ പിന്തുണയുള്ളതും അതിവിദഗ്ദ്ധമായി പരിശീലിക്കപ്പെട്ടതുമായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി ഭരണം പിടിച്ചു പറ്റാൻ സുസജ്ജരായി സന്ദർഭം നോക്കി പാർത്തിരിക്കുകയായിരുന്നു. തീവ്ര മാർക്സിസ്റ്റുകളുടെ കൈയിൽ വന്നു പതിക്കുന്നതിനു പകരം ഇറാൻ ഖുമൈനിയുടെ കൈയിൽ അമരുകയാണുണ്ടായത്. അങ്ങനെയൊന്ന് സംഭവിക്കുകയായിരുന്നുവെങ്കിൽ എണ്ണ സമൃദ്ധവും സൈനികമായി ദുർബലവുമായ പശ്ചിമേഷ്യയിൽ അത് ഗുരുതരമായ പരിണത ഫലങ്ങൾ ഉളവാക്കുമായിരുന്നു. പടിഞ്ഞാറിന് എത്രതന്നെ ഭീതിജനകവും ജുഗുപ്സയുളവാക്കുന്നതായാലും ശരി ഖുമൈനിയൻ ഇസ്‌ലാം പരോക്ഷമായി അവർക്ക് ഒരനുഗ്രഹമായിരുന്നു. ആയത്തുള്ള ഖുമൈനിയുടെ പങ്ക് ഈ പരിപ്രേക്ഷ്യത്തിൽ കാണേണ്ടതുണ്ട്.

ഈ വിഷയത്തിൽ ഇറാൻ ഇറാഖ് യുദ്ധം ഒരുപക്ഷേ പ്രസക്തമായി കണ്ടില്ലെന്നു വന്നേക്കാം. പക്ഷേ ഇസ്‌ലാമിക ലോകത്തിന്റെ



ഭാഗമായി മാറിക്കഴിഞ്ഞ സ്ഫോടനാത്മക സംഭവങ്ങളുടെ യാഥാർത്ഥ്യങ്ങളിലേക്ക് അത് വെളിച്ചം വീശുന്നു. ഇസ്‌ലാമികമാണെന്ന് അവകാശപ്പെടുന്ന ഇരുരാജ്യങ്ങളും ഇസ്‌ലാമിന്റെ പവിത്ര നാമത്തിൽ തന്നെയാണ് പരസ്പരം വെറുക്കാനും ആക്രമിക്കാനും ഉന്മൂലനാശം വരുത്താനുമുള്ള പ്രചോദനം തേടുന്നത്.

യുദ്ധത്തിൽ മരിച്ചു വീഴുന്ന ഇറാഖി ഭടൻമാരെല്ലാം ധീര രക്തസാക്ഷികളാണെന്നാണ് ഇറാഖ് മീഡിയ വാഴ്ത്തുന്നത്. ഇറാഖി ഭടൻമാരുടെ കൈകളാൽ കൊല്ലപ്പെടുന്ന ഇറാൻ പോരാളികളെല്ലാം അവിശ്വാസികളും നരകത്തിലേക്ക് നേരിട്ട് പോകുന്നവരുമാണെന്നു കൂടി ഇറാഖി മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. അതിർത്തിക്കിപ്പുറം ഇറാനിൽ ഇതിന്റെ വിപരീത കഥകളും ദിനേന ആവർത്തിക്കുന്നു. ഒരു ഇറാഖി ഭടൻ മരിച്ചു വീഴുമ്പോൾ യുദ്ധക്കളത്തിൽ വെച്ച് അല്ലാഹു അക്ബർ (അല്ലാഹു ഏറ്റവും വലിയവനാണ്) എന്ന മുദ്രാവാക്യം പ്രതിദ്ധ്വനിക്കുന്നു. അപ്പോൾ ഏത് ഭാഗത്താണ് അല്ലാഹു ഉള്ളത്? ഈ മുദ്രാവാക്യങ്ങളെല്ലാം തികച്ചും അസംബന്ധങ്ങളാണെന്നാണ് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നത്. അവരുടെ അവകാശവാദങ്ങളും അഭിശംസകളും കേട്ട് ഒരാൾ അത്ഭുതപ്പെട്ടേക്കാം.

സംശയാതീതമായി നമുക്ക് പറയാൻ കഴിയുന്ന ഒരു സംഗതി ഇറാഖിലെയും ഇറാനിലെയും പോരാളികൾ ഉദാത്തമാണെന്നു കരുതി അവരുടെ വിലപ്പെട്ട ജീവൻ ഹോമിക്കുകയാണ്. അവരുടെ നേതൃത്വം അവരെ വഞ്ചിച്ചിരിക്കുന്നു. ഇസ്‌ലാം ഇറാഖിന്റെ കൂടെയുമല്ല, ഇറാന്റെ കൂടെയുമല്ല.

വിശുദ്ധ ഖുർആൻ പറയുന്നു:

**'തീർച്ചയായും അല്ലാഹു വിശ്വസിച്ചവരെ (ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന്) രക്ഷിക്കുന്നതാണ്. വഞ്ചകനോ കൃതഘ്നനോ ആയ ഒരുവനേയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. യുദ്ധം അടിച്ചേല്പ്പിക്കപ്പെട്ടവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ ആക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്ന് അവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ**

**നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകി യില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും അല്ലാഹുവിന്റെ നാമം ധാരാള മായി സ്മരിക്കപ്പെടുന്ന മുസ്‌ലിം പള്ളികളും എല്ലാം തകർക്ക പ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹാ യിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശ ക്തനും പ്രതാപവാനുമാകുന്നു.' (22:39-141)**

**'അവർ യുദ്ധത്തിനുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനു വേണ്ടി അവർ ഓടി നടക്കുകയാണ്. അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല' (5:65)**

**'വിശ്വാസികളിൽപ്പെട്ട രണ്ട് വിഭാഗം തമ്മിൽ യുദ്ധത്തി ലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിലൊരു വിഭാഗം മറു വിഭാഗത്തെ ആക്രമിക്കു ന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹു വിന്റെ കല്പനയിലേക്ക് മടങ്ങുന്നതു വരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെയിടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതിപാലി ക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ അല്ലാഹു തീർച്ച യായും സ്നേഹിക്കുന്നു.' (49:10-11)**

യുദ്ധവേളയിൽ യുദ്ധത്തിലേർപ്പെട്ട രാജ്യങ്ങൾ ഖുർആന്റെ ഈ അദ്ധ്യാപനങ്ങൾ അവഗണിക്കുകയുണ്ടായി. മക്കയിൽ പരിശുദ്ധ ഹജ്ജ് നടക്കുന്ന സന്ദർഭത്തിൽ അവിടെ കൂടിയ തീർത്ഥാടകരിലൂടെ മുസ്‌ലിം രാജ്യങ്ങൾക്ക് ഖുമൈനിയൻ വിപ്ലവത്തിന്റെ സന്ദേശം നല്കാൻ ഇറാൻകാർ ശ്രമിക്കുകയുണ്ടായി. നിർഭാഗ്യകരമെന്ന് പറ യട്ടെ, ഇത്തരം ശ്രമങ്ങൾ ചിലപ്പോൾ വളരെ വൃത്തികെട്ട അവസ്ഥ സംജാതമാക്കുന്നു. മുസ്‌ലിംകൾക്ക് അത് അതിഹീനമായ അപമാനം വരുത്തിവെക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് 1987 ലെ മക്ക യിലെ ഹജ്ജ് തീർത്ഥാടനാവസരത്തിലുണ്ടായ സംഭവങ്ങളും അതി നെതിരെ സഊദി അറേബ്യ സ്വീകരിച്ച കഠിനമായ നടപടികളും പാശ്ചാത്യ മാധ്യമങ്ങളിൽ ധാരാളം ചർച്ച ചെയ്യപ്പെട്ടു. വിശുദ്ധ ഖുർ ആൻ മുസ്‌ലിംകളെ പഠിപ്പിക്കുന്നതെന്താണ്?

**'മസ്ജിദുൽ ഹറാമിന്റെ സമീപത്തു വെച്ച് അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്.**



**അവർ നിങ്ങളോട് യുദ്ധം ചെയ്യുന്നുവെങ്കിൽ നിങ്ങൾ അവരെ വധിക്കുക. ഇങ്ങനെത്തന്നെയാണ് ഈ അവിശ്വാസി കൾക്കുള്ള ശിക്ഷ' (2:192)**

എല്ലാ ശാക്തിക രാജ്യങ്ങൾക്കും (ഇസ്റായേലിനെ പ്രത്യക്ഷ മായും പരോക്ഷമായും സഹായിച്ചവർ) പ്രത്യേകിച്ച് അമേരിക്കക്ക്, ഖുമൈനിയേയും ഖുമൈനിസത്തെയും ഉപയോഗിച്ച് ആലേഖനം ചെയ്തെടുത്ത ഒരു രേഖാചിത്രം ലോകത്തിനു മുമ്പിൽ വരച്ച് കാട്ടാൻ സാധിച്ചു. അതായത് ഖുമൈനിക്ക് ഇറാൻ യുദ്ധം നീട്ടി ക്കൊണ്ട് പോകുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല എന്നതായി രുന്നു അത്. ഈ സംഭവ വികാസങ്ങൾ മുസ്‌ലിം ലോകത്തെ കുത്തി നോവിച്ചു കൊണ്ടിരുന്ന ഇസ്രായേലിൽ നിന്നും ശ്രദ്ധ മാറ്റുവാൻ സഹായകമായി. ഒരു മുസ്‌ലിമിനു മറ്റൊരു മുസ്‌ലിമിന്റെ നേരെയു ണ്ടായ അവിശ്വാസം കാരണം ബാഹ്യ ശത്രുവിനെസ്സംബന്ധിച്ചുള്ള ജാഗ്രത ഇല്ലാതെയായി.

മദ്ധ്യ പൗരസ്ത്യദേശം ശത്രുക്കളാൽ ഛിന്നഭിന്നമാക്കപ്പെട്ടിരി ക്കുകയാണ്. ഇസ്രായേലിനെപ്പറ്റിയുള്ള ഭീതി വളരെ നിസ്സാരമാക്ക പ്പെടുകയും അത് വിദൂരമായ ഒരു ലഘു ഭീഷണിയാണെന്നു വരുത്തി മറച്ചു പിടിച്ചിരിക്കുകയുമാണ്. മുസ്‌ലിംകളിൽ ഒരു വിഭാഗത്തെപ്പറ്റി മറു വിഭാഗത്തിനുള്ള ഭീതിക്ക് വമ്പിച്ച ഊന്നൽ നല്കപ്പെട്ടു. ബാഹ്യ ശത്രുവിന്റെ യഥാർത്ഥ ഭീഷണി വിസ്മൃതമാവുകയും ചെയ്തു. സാധാരണ പട്ടാളക്കാരെ വഞ്ചിക്കാൻ 'ഇസ്‌ലാം അപകടത്തിൽ' എന്ന മുദ്രാവാക്യം ഇടക്കിടെ ഇരുകൂട്ടരും മുഴക്കിയിരുന്നു. യഥാർത്ഥ ത്തിൽ അറബികളും ഇറാനിയൻ 'അജമി' (അനറബികൾ, വിദേശി കൾ) കളുമായുള്ള ചരിത്രപരമായ ശത്രുതയുടെയും അസൂയയു ടെയും പുനരുത്ഥാനമായിരുന്നു അവിടെ സംഭവിച്ചത്. ഇസ്‌ലാമിക മോ അനിസ്‌ലാമികമോ, അല്ലെങ്കിൽ സുന്നിസമോ ശിആയിസമോ തമ്മിലുള്ള പ്രശ്നമായിരുന്നില്ല അത്. സഹസ്രാബ്ദങ്ങൾക്ക് മുമ്പേ നിലനിന്നിരുന്ന ശാത്രവത്തിന്റെ ലളിതവും നേർക്കു നേരെയുള്ള തുമായ അഭിമുഖീകരണങ്ങളുടെ പ്രകടനങ്ങളുമായിരുന്നു അത്. അതുകൊണ്ടാണ് സഊദി അറേബ്യയുടെയും ഇറാഖിന്റെയും ഔപ ചാരിക വിമർശകരായ അറബികൾ പോലും ഈ ഇറാൻ ഇറാഖ് സംഘട്ടനത്തിൽ ഇറാഖിന്റെ പക്ഷം ചേരേണ്ടി വന്നത്. ലളിതമായി പ്പറഞ്ഞാൽ ഇറാന്റെ വളർന്നു വരുന്ന ഭീഷണിക്കെതിരെയുള്ള അറ ബികളുടെ അതിജീവന സമരത്തിന്റെ ഭാഗമായിരുന്നു അത്.

ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പേ നിസ്സാര കാര്യങ്ങൾക്ക് പോലും അതിദീർഘമായ കാലത്തേക്ക് ഗോത്രാന്തര വൈരാഗ്യം വെച്ചു പുലർത്തുന്ന സ്വഭാവക്കാരായിരുന്നു അറബികൾ. ഇസ്‌ലാം അതിനു വിരാമമിടുകയുണ്ടായി. ഇസ്‌ലാം മുസ്‌ലിംകളെ ഏക സഹോദര്യത്തിനു കീഴിൽ അണി നിരത്തി. വിദ്വേഷരഹിതവും എല്ലാ വിധ പക്ഷപാതിത്വങ്ങളിൽ നിന്നു വിമുക്തവുമായ സൗഹൃദസൗ ഭ്രാത്രമായിരുന്നു അത്. മുസ്‌ലിംകൾ ഇസ്‌ലാമികാദ്ധ്യാപനങ്ങളനു സരിച്ചുള്ള ജീവിതത്തിൽ നിന്നു പിൻവാങ്ങിയപ്പോൾ സഹോദര ങ്ങൾ ശത്രുക്കളായി മാറി. ഗോത്രവൈരം മുൻനിരയിലെത്തി. അതു കൊണ്ട് ഇസ്‌ലാമിക ലോകത്ത് കാണുന്നതെല്ലാം യഥാർത്ഥ ഇസ്‌ലാമല്ല. പഴയ ഫ്യൂഡലിസ്റ്റ് പ്രവണതയുടെ ഒരു തരത്തിലുള്ള പുനരുത്ഥാനം മാത്രമാണ്.

വൻ ശക്തികൾ യുദ്ധങ്ങൾ പൂർണ്ണമായി എതിർക്കുകയും ശത്രുത അവസാനിപ്പിക്കാൻ നിരന്തരം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. പക്ഷേ ഇറാഖിലേക്കും ഇറാനിലേക്കും ആയുധങ്ങൾ കയറ്റിയയക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദി അവരാണ്. എല്ലാറ്റിനുമുപരിയായി ഇരുകൂട്ടരും ഉപയോഗിക്കുന്ന യുദ്ധ വിമാനങ്ങൾ, റോക്കറ്റുകൾ, മിസൈലുകൾ പീരങ്കികൾ, ടാങ്കുകൾ, നശീകരണായുധങ്ങൾ മറ്റു യുദ്ധോപകരണങ്ങൾ എന്നിവ ഈ രണ്ടു രാജ്യങ്ങളും അവരുടെ മണ്ണിൽ വെച്ച് ഉൽപ്പാദിപ്പിക്കുന്നില്ല. പരസ്യമായും രഹസ്യമായും മദ്ധ്യപൗരസ്ത്യ ദേശത്തെ എണ്ണക്കുപകരം ആയുധം കൈമാറ്റം ചെയ്യപ്പെടുകയാണ്. അന്തിമ വിശകലനത്തിൽ ഇറാനും, ഇറാഖും ഉൽപ്പാദിപ്പിക്കുന്ന എണ്ണ പൗരസ്ത്യ അമുസ്‌ലിം ശക്തികൾ ആയുധങ്ങളാക്കി മാറ്റിക്കൊണ്ട് യുദ്ധാഗ്നിയിൽ എണ്ണ പകർന്ന് ആളിക്കത്തിക്കുകയാണ്. പാശ്ചാത്യർ മുൻക്കൂട്ടി കണ്ടതുപോലെ, ഇതൊരു മോശപ്പെട്ട വിലപേശലായിരുന്നില്ല. പഴകി പഴഞ്ചനായ ആയുധങ്ങൾക്കുപകരം മദ്ധ്യ പൗരസ്ത്യദേശത്തെ എണ്ണ കൈമാറ്റം ചെയ്യപ്പെടുകയാണ്. ഇതിനേക്കാൾ ലാഭകരമായ കച്ചവടത്തെപ്പറ്റി ആർക്കെങ്കിലും സ്വപ്നം കാണാൻ പോലും കഴിയുമോ?

നാം കണ്ടതുപോലെ, ഇസ്രായേൽ എന്ന ആജന്മ ശത്രുവിനെ പൂർണ്ണായും മറന്നു പോയിരിക്കുന്നു. മുസ്‌ലിം മുസ്‌ലിമിനെ കൊല്ലുകയാണ്. മുസ്‌ലിം രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർക്കാൻ മുസ്‌ലിം രാജ്യത്തെ ഇന്ധനം തന്നെ ഉപയോഗിക്കുകയാണ്. കഴിഞ്ഞ ദശാബ്ദങ്ങളിൽ യാതനാപൂർണ്ണമായ ത്യാഗങ്ങളിലൂടെ പടുത്തു



യർത്തിയ സാമ്പത്തിക നേട്ടങ്ങൾ എല്ലാം നിഷ്ഫലമായി. പുരോഗതിയും ക്ഷേമവും എത്രത്തോളം മുന്നോട്ടു പോകുമെന്ന് കരുതിയോ അതിനു പകരം ഇറാനും ഇറാഖും അത്രത്തോളം പിന്നാക്കം പോയി.

തീർച്ചയായും സകലയുദ്ധങ്ങളും സാമ്പത്തിക പുരോഗതിയുടെയും ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെയും സാംസ്കാരിക നേട്ടങ്ങളുടെയും വ്യവസായിക പുരോഗതിയുടെയും അന്തകനാണ്. വികസിത രാജ്യങ്ങളെസ്സംബന്ധിച്ചിടത്തോളം യുദ്ധങ്ങൾ മറ്റൊരു രൂപത്തിലാണ് അനുഭവപ്പെടുന്നത്. യുദ്ധാവസരങ്ങളിൽ അവർ യുദ്ധോപകരണ വ്യവസായത്തെ അവരുടെ സ്വന്തം വിഭവങ്ങളോ, സഖ്യരാജ്യങ്ങളുടെ വിഭവങ്ങളോ ഉപയോഗിച്ച് പിന്തുണക്കുന്നു. യുദ്ധത്തിന്റേതായ സമ്മർദ്ദങ്ങളും ആവശ്യങ്ങളും രൂക്ഷമായ അതിജീവനസമരവുമെല്ലാം തന്നെ അവരുടെ വിഭവത്തെ കേവലമായി ശോഷിപ്പിക്കുന്നില്ല. അത് അവരുടെ ശാസ്ത്രീയ ജ്ഞാനത്തെയും സാങ്കേതിക മികവിനെയും ചുരുങ്ങിയ കാലം കൊണ്ട് വമ്പിച്ച തോതിൽ പുഷ്ടിപ്പെടുത്തുന്നു. യുദ്ധ സമയത്ത് ലഭിക്കുന്ന ഈ വിജ്ഞാനങ്ങളും വൈദഗ്ദ്ധ്യവും യുദ്ധാനന്തരം അവരുടെ സമ്പദ് വ്യവസ്ഥയെ പുനഃസംവിധാനം ചെയ്യുന്നതിന് മാത്രമല്ല, അതിന് ഉജ്ജ്വലമായൊരു ഉത്തേജനം നല്കുന്നതിനും ഉപയോഗിക്കുന്നു. വിനാശകരമായ യുദ്ധങ്ങൾ നിർമാണാത്മകമായ അനേകം ആശയങ്ങൾക്ക് ജന്മം നല്കുകയും ശാസ്ത്രീയവും വ്യാവസായികവുമായ മുന്നേറ്റത്തിൽ ഒരു കുതിച്ചു ചാട്ടത്തിനു കാരണമാവുകയും ചെയ്യുന്നു. അതുകൊണ്ട് ദീർഘയുദ്ധം മൂലം അവരുടെ ഭൗതികവിഭവങ്ങൾ ശോഷിക്കപ്പെടുമെങ്കിലും പിന്നീട് അവർക്ക് അവരുടെ ഭാവിയെ ശോഭനമാക്കിത്തീർക്കുവാൻ സാധ്യമാവുന്നു.

ശാസ്ത്രീയമായും സാമ്പത്തികമായും പിന്നണിയിലുള്ള രാജ്യങ്ങൾ യുദ്ധത്തിന്റെ ആഡംബരതയിൽ മയങ്ങുന്നത് വികസിത രാജ്യങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു കാര്യമാണ്. അവരുടെ ഒരേയൊരു മാർഗ്ഗം സർവ്വതും വില്ക്കലാണ്. സാമ്പത്തികമായും ശാസ്ത്രീയമായും വികസിച്ച രാഷ്ട്രങ്ങളോട് യുദ്ധോപകരണങ്ങൾ വാങ്ങിക്കൂട്ടാൻ അവികസിത രാജ്യങ്ങൾ അവരുടെ ഭാവിപോലും പണയപ്പെടുത്താൻ തയ്യാറാവുന്നു. ഇതൊന്നും ചെയ്യാതെ മൂന്നാം ലോകരാജ്യങ്ങൾക്ക് ഒരു യുദ്ധം നീട്ടിക്കൊണ്ട് പോകാൻ സാധ്യമല്ല. അത് ആ രാജ്യങ്ങളിൽ ഭയാനകമായ പ്രത്യാഘാതങ്ങളുണ്ടാ

ക്കുന്നു. അതാണ് ഇറാഖ് ഇറാൻ യുദ്ധത്തിൽ സംഭവിച്ചത്. ഈ രാജ്യങ്ങൾ പരസ്പരവും ചിലപ്പോൾ മറ്റു രാജ്യങ്ങൾക്കെതിരായും ചെയ്തു കൂട്ടിയ അക്രമങ്ങളിൽ ഒരു പങ്ക് അവർക്ക് ആയുധങ്ങൾ വിതരണം ചെയ്തവർക്ക് കൂടി അവകാശപ്പെട്ടതാണ്.

എല്ലാറ്റിനും ശേഷം എല്ലാ കടങ്ങളുടെയും കണക്ക് തീർക്കുന്നു. അതിനു വേണ്ടി ചരക്കുകളാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. സംഭവഗതികളുടെ അന്ത്യത്തിൽ ഏറ്റവും പ്രസക്തമായി വരുന്ന ചോദ്യം, ആരാണ് ഈ ശത്രുത കൊണ്ട് നേട്ടമുണ്ടാക്കുന്നത് എന്നാണ്?

ഭീകരവാദത്തെ ഉയർത്തിപ്പിടിക്കുകയും വിദ്വേഷവും അസഹിഷ്ണുതയും പ്രബോധിക്കുകയും അനുയായികളെ രക്തദാഹികളാക്കി വിരുദ്ധ ചേരികളിൽ അണിനിരത്തുകയും ചെയ്യുന്നത് കിരാതമാണ് എന്നു പറഞ്ഞു കൊണ്ട് ഇസ്‌ലാം മതത്തെ നിന്ദ്യമായി അപലപിക്കുന്നത് നാം കാണുകയുണ്ടായി. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇതിന്റെയെല്ലാം ലാഭം കൊയ്യുന്നവർ ഗൂഢാലോചനക്കാരാണ്. തമ്മിൽ പൊരുതുന്ന ഏറ്റവും നിർഭാഗ്യവാന്മാരായ മുസ്‌ലിം ഉമ്മത്തിന് (സമൂഹത്തിന്) നശീകരണായുധങ്ങൾ നല്കിക്കൊണ്ട് അവർ പദ്ധതികൾ മെനയുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

സാന്ദർഭികമായി പറയട്ടെ, 'ഇസ്‌ലാമിക ഭീകരവാദം' എന്ന സംജ്ഞ കഴിഞ്ഞ ദശകങ്ങളിൽ പാശ്ചാത്യരാൽ നിഷ്പാദിക്കപ്പെട്ട മറ്റൊരു കൗതുകകരമായ പദപ്രയോഗത്തിനു കാരണമായിരിക്കുന്നു. ഇസ്‌ലാമിക് ന്യൂക്ലിയർ ബോംബ് എന്നതാണ് ആ പദം. പാകിസ്താന്റെ കൈയ്യിൽ ഇത്തരമൊന്നുണ്ട് എന്ന ആരോപണമുണ്ട്. ഇസ്‌ലാമിക ഭീകരവാദം പോലെ ഒന്നുണ്ടെങ്കിൽ തീർച്ചയായും ഇസ്‌ലാമിക ബോംബ് ഉണ്ടായിരിക്കണം. അതുപോലെ യുദ്ധതന്ത്രവുമായി ബന്ധപ്പെട്ട സംജ്ഞകളുടെ മുന്നിലെല്ലാം ഇസ്‌ലാം എന്ന ഉപസർഗ്ഗം വെക്കാവുന്നതാണ്. പക്ഷേ എന്തുകൊണ്ട് നാം ഒരു ക്രിസ്ത്യൻ ന്യൂക്ലിയർ ബോംബ്, ജൂത ന്യൂക്ലിയർ ബോംബ് ഹിന്ദു ന്യൂക്ലിയർ ബോംബ് എന്നിവയെപ്പറ്റിയൊന്നും കേൾക്കുന്നില്ല? ഇങ്ങനെ ആയിരക്കണക്കിന് മതങ്ങളുടെ പേര് ചേർത്ത് ബോംബിനെ വിശേഷിപ്പിക്കാൻ സാധ്യതകളുണ്ടായിരിക്കെ, പാശ്ചാത്യ മാധ്യമങ്ങൾ എന്തുകൊണ്ട് ഇസ്‌ലാമിക ബോംബ് മാത്രം തിരിച്ചറിയുകയും മറ്റുള്ളതിനെയെല്ലാം തമസ്ക്കരിക്കുകയും ചെയ്യുന്നു? ഇത് വിചിത്രമായ കാര്യമാണ്. ഇസ്‌ലാമിക് ന്യൂക്ലിയർ ബോംബിന്റെ അസ്തിത്വം തന്നെ സംശയത്തിലാണു താനും.



നേരത്തെ പറഞ്ഞതു പോലെ, ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ശക്തികൾ വാസ്തവത്തിൽ മതപരമല്ല. മുസ്‌ലിം രാജ്യങ്ങൾക്കിടയിലും ഗ്രൂപ്പുകൾക്കിടയിലും ഭീകരപ്രവർത്തനം നടക്കുമ്പോൾ എന്തുകൊണ്ടാണ് ഇക്കാലത്ത് 'ഇസ്‌ലാമിക്' എന്ന പദം ഉയർന്നു കേൾക്കുന്നത്? എണ്ണിയാലൊടുങ്ങാത്ത മനുഷ്യജീവനും സമ്പത്തും കവർന്നെടുക്കുകയും വിവരണാതീതമായ മനുഷ്യയാതനകൾ സൃഷ്ടിച്ചതുമായ ഇറാൻ ഇറാഖ് യുദ്ധം ഇത്രയും കാലം നീട്ടിക്കൊണ്ടു പോയതിന്റെ ഉത്തരവാദിത്തം യുദ്ധത്തിലേർപ്പെട്ടവർക്ക് നിരന്തരം ആയുധങ്ങൾ വിതരണം ചെയ്യുന്ന അതേ കക്ഷികൾക്ക് തന്നെയാണ്. ഒരിക്കലും അവർക്ക് ഈ ഉത്തരവാദിത്തത്തിൽ നിന്നു രക്ഷപ്പെടാൻ സാദ്ധ്യമല്ല. അവരുടെ അന്തിമലക്ഷ്യം എന്തു തന്നെയായിരുന്നാലും ശരി ഖുമൈനിസത്തെ നീണാൾ വാഴിക്കുവാൻ മാത്രമെ അത് ഉപകരിക്കുകയുള്ളൂ. പരസ്പരം പോരടിക്കുന്ന ഈ രാജ്യങ്ങളെ അവരുടെ തുച്ഛമായ വിഭവങ്ങളുമായി സ്വൈരജീവിതത്തിനനുവദിച്ചാൽതന്നെ ഖുമൈനിസത്തിന്റെ ശിഥിലീകരണം ആരംഭിച്ചേക്കാം.

മറ്റൊരു കാര്യം, ഈ യുദ്ധം ഇറാൻ ജനതയുടെ ശ്രദ്ധയെ അവരുടെ എല്ലാ ആഭ്യന്തര പ്രശ്നങ്ങളിൽ നിന്നും തിരിക്കുകയും ദേശീയ വികാരത്തെ ശക്തിപ്പെടുത്തുന്ന വിധം അത് ബാഹ്യശത്രുവിൽ കേന്ദ്രീകരിക്കുകയുമുണ്ടായി. മറ്റൊരു അത്ഭുതകരമായ കാര്യം ഇറാൻ ജനത വിപ്ലവത്തിന്റെ മിഥ്യാ സങ്കല്പത്തിൽ നിന്നു മോചിതരായിക്കൊണ്ട് ഖുമൈനിസത്തിനെതിരായ വെല്ലുവിളിയോ കലാപമോ ഉണ്ടാക്കിയില്ല എന്നതാണ്. ഇറാനിനകത്തു തന്നെ വിപ്ലവത്തിന്റെ മൂല്യങ്ങളെക്കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും കണക്കെടുപ്പുകൾ നടത്താനുള്ള ശക്തമായ പ്രവണതകൾ കാണുന്നുണ്ട്. ഒരു വലിയ വിഭാഗം പ്രവരവർഗ്ഗം അവിടെ നിന്നു തുടച്ചു നീക്കപ്പെടുകയുണ്ടായിട്ടുണ്ട്. അവശേഷിച്ച ബുദ്ധി ജീവികൾ ഖുമൈനിസ്റ്റ് വിപ്ലവാനന്തരം അവർക്കുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി വരുന്നു. ഒരു പുതിയ രാഷ്ട്രീയ ക്രമത്തിനു വേണ്ടിയുള്ള ഇറാന്റെ ശ്രമം ആസന്നമാണ്. യുദ്ധകാലത്ത് ഇറാൻജനതയുടെ മനോവീര്യമുയർത്താൻ യുദ്ധ സംഘടനകളുടെ ഉദ്വേഗജനകമായ വാർത്തകൾക്ക് കഴിഞ്ഞിരുന്നു. ഇറാന്റെ ഈ മനോവീര്യം പോയാൽ

ആ ദിനങ്ങൾ അരക്ഷിതത്വത്തിന്റേതായിരിക്കും. ഇപ്പോഴത്തെ ഭരണകൂടം മാറി ഇടത്പക്ഷമോ വലത് പക്ഷമോ ആർ മാറിവന്നാലും അവരുടെ പാത ഇടതോ മധ്യമാർഗ്ഗമോ ആയിരുന്നാലും അവരുടെ രാജ്യത്തിന്റെ പരമാധികാരം പിടിച്ചടക്കാൻ തീവ്രമായ മത്സരമുണ്ടാകുമെന്ന കാര്യം നിസ്തർക്കമാണ്. എല്ലാംതന്നെ വീണ്ടും തിളച്ച് മറിയുന്ന അവസ്ഥയിലേക്ക് തിരിച്ചു പോകും. ഭാവിയുടെ ഗർഭത്തിൽ ഇറാന് വേണ്ടി എന്താണ് സംഭരിച്ചിരിക്കുന്നതെന്ന് ആർക്കും അറിഞ്ഞുകൂടാ. അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ. നമുക്ക് ചെയ്യാൻ കഴിയുന്നത് ഇറാന് വേണ്ടി പ്രാർത്ഥിക്കുകയാണ്. അവരുടെ ദുരിതം നിറഞ്ഞ നാളുകൾ അവസാനം ശുഭപര്യാവസായിയായി കലാശിക്കട്ടെ. തീർച്ചയായും അവർ ധീരാത്മാക്കളും അനുഗൃഹീതവുമായ ഒരു ജനതയാകുന്നു. കഴിഞ്ഞ കാലങ്ങളിൽ ഏറെ ദുരിതങ്ങൾ അനുഭവിച്ച ഒരു ജനതയാകുന്നു ഇറാനികൾ. ഇറാനികളുടെയും ഇറാനികളല്ലാത്തവരുടെയും കൈകളാൽ ആ ജനത ധാരാളം അനുഭവിച്ചിട്ടുണ്ട്. വൈരുദ്ധ്യമെന്ന് പറയട്ടെ, ഈ വിലപേശലിൽ അവർക്ക് ചീത്തപ്പേരും വീണിരിക്കുന്നു. അല്ലാഹു അവരുടെ നേരെ കാരുണ്യം കാണിക്കട്ടെ. ഇന്നത്തെ അവസ്ഥയിൽ നിന്ന് അവരെ മോചിപ്പിക്കട്ടെ.

ഇറാനിലെ ഖുമൈനിയൻ വിപ്ലവത്തിന്റെ മറ്റൊരു വശം കൂടി നമുക്ക് പരിശോധിക്കാം. അധികാരത്തിൽ വന്നയുടനെ ആയത്തുള്ള ഖുമൈനി പ്രത്യക്ഷമായും പരോക്ഷമായും ഇറാനിലുള്ളവരുടെ പാശ്ചാത്യ ജീവിത ശൈലി മാറ്റിയെടുക്കാൻ മാത്രമല്ല ശ്രമിച്ചത്. അയൽ പ്രദേശത്തുള്ള മുസ്ലിം രാജ്യങ്ങളിൽകൂടി വിപ്ലവം കയറ്റുമതി ചെയ്യാൻ അദ്ദേഹം പദ്ധതികൾ ആസൂത്രണം ചെയ്തു. ഫലസ്തീൻ ജനതയുടെ ശക്തനായ സഹായിയും സിയോണിസത്തെ പരാജയപ്പെടുത്തുന്നയാളുമായി അറിയാൻ ഖുമൈനി ആഗ്രഹിച്ചു. മറ്റു മുസ്ലിം രാജ്യങ്ങളും ഇസ്രായേൽ രാഷ്ട്രവും ഇറാനിലെ വിപ്ലവദൂതൻമാരെ നിവർത്തിപ്പിടിച്ച ആയുധങ്ങളുമായാണ് വരവേല്ക്കാൻ തയ്യാറായത്. വിപ്ലവക്കയറ്റുമതി നിയമപരവും സമാധാന മാർഗ്ഗത്തിലും ഫലവത്താകുമായിരുന്നില്ല. വിപ്ലവച്ചരക്കുകൾ അയൽ മുസ്ലിം രാജ്യങ്ങളിൽ ഇറക്കുമതി ചെയ്യുന്നതിൽ ഇറാൻ പരാജയപ്പെടുകയുണ്ടായി. ഫലസ്തീൻ ഇസ്രായേൽ അതിർത്തിയിൽ അത് അല്പം വിജയം നേടുകയുണ്ടായി. ഞാൻ വിശദീകരിച്ചതുപോലെ, ഈ മേഖലയിൽ ഒരളവോളം വിജയമുണ്ടായിട്ടുണ്ട്. അതായത്,



ഇസ്രായേലിനെതിരെയും പാശ്ചാത്യ പ്രതിനിധികൾക്കെതിരെയുമുള്ള ഭീകരപ്രവർത്തനങ്ങളായിരുന്നു അവ. പക്ഷേ, അവരുടെ തത്വശാസ്ത്രം ഇസ്ലാമിന്റേതായിരുന്നില്ല. അത് പൂർണ്ണമായും ഇറാനിയൻ വിപ്ലവത്തിന്റെ സംഭാവന മാത്രമായിരുന്നു.

ഭീകര പ്രവർത്തനങ്ങളെപ്പറ്റിയും ബലപ്രയോഗത്തെപ്പറ്റിയും കേട്ടുകൊണ്ടിരിക്കുന്ന വ്യാപകമായ ചർച്ചകളെപ്പറ്റി നാം സൂക്ഷ്മമായി വിശകലനം ചെയ്തെങ്കിൽ മാത്രമെ ഈ വിചിത്രമായ പ്രതിഭാസത്തിന്റെ പൊരുളറിയുവാൻ സാധിക്കുകയുള്ളൂ. മുസ്ലിം രാജ്യങ്ങളിലെ പുരോഹിത വർഗ്ഗത്തിന്റെ അസഹിഷ്ണുതയും സങ്കുചിത മനോഭാവവും ഏറെ കുപ്രസിദ്ധമാണല്ലോ. സൗദിഅറേബ്യക്കാണ് ഇതിന്റെ മുഖ്യമായ ഉത്തരവാദിത്തം. ലോകമുസ്ലിംകളുടെ ഇസ്ലാമിനെക്കുറിച്ചുള്ള ഭാവനകളെ തൊട്ടറിഞ്ഞു കൊണ്ട് മതത്തിന്റെ മറവിൽ രാഷ്ട്രീയ സ്വാധീനം വികസിപ്പിക്കാൻ അവർ ദൃഢനിശ്ചയം ചെയ്തിരിക്കയാണ്. മക്കയിലേയും മദീനയിലേയും വിശുദ്ധ പള്ളികളുടെ രക്ഷാധികാരികളാണെന്ന സ്ഥാനം അലങ്കരിക്കുന്ന സൗദി അറേബ്യക്ക് തീർച്ചയായും ഈ സ്ഥാനം മുസ്ലിംകളെ ചൂഷണം ചെയ്യാനുള്ള നല്ല അവസരമൊരുക്കുകയാണ് ചെയ്യുന്നത്.

സൗദി അറേബ്യയുടെ മതതത്വശാസ്ത്രം രൂപം കൊണ്ടത് വഹാബിസത്തിൽ നിന്നാണ്. വഹാബിസമാകട്ടെ ആർദ്രപൂരിതവും പ്രബുദ്ധവുമായ തിരുപ്രവാചക(സ)ന്റെ കാലഘട്ടത്തിലുള്ള ഇസ്ലാമിനെക്കാളുപരി അസഹിഷ്ണുതയിലധിഷ്ഠിതമായ മധ്യകാല ഇസ്ലാമിൽ നിന്നുമായിരുന്നു പ്രചോദനം ഉൾക്കൊണ്ടത്. സൗദി അറേബ്യയുടെ സ്വാധീനം വർദ്ധിച്ചു വരുന്നത് അവരുടെ പെട്രോഡോളറിൽ നിന്നും ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന വൻബാങ്കുകളിലെ അവരുടെ അതിഭീമമായ ധനനിക്ഷേപങ്ങളിൽ നിന്നുമാണ്. സഊദി അറേബ്യയുടെ ഈ ഭീമാകാരമായ നിക്ഷേപങ്ങളിൽ നിന്നു ലഭിക്കുന്ന പലിശപ്പണം സൗദി സഹായധനമായി സാമാന്യം വലിയ ജനസംഖ്യയുള്ള മുസ്ലിം രാഷ്ട്രങ്ങളിലേക്കൊഴുകുന്നു. മിക്കപ്പോഴും ഈ പണം അവരുടെ ജീർണ്ണമായ സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കാനല്ല ഉപയോഗപ്പെടുത്തുന്നത്. മറിച്ച്, പള്ളികൾ നിർമ്മിക്കാനും സൗദി ബ്രാന്റിലുള്ള മുസ്ലിം പണ്ഡിതൻമാരെ പടച്ചു വിടുന്ന മതവിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കാനുമാണ് ഉപയോഗിക്കുന്നത്.

എവിടെയെല്ലാം സൗദി ധനം ഒഴുക്കുന്നുവോ, അവിടെയെല്ലാം

സങ്കുചിതത്വവും അസഹിഷ്ണുതയുമുള്ള മുസ്‌ലിം പണ്ഡിതൻമാരുടെ സമൂഹം അതിശ്രീഘ്രം ഉയർന്നു വരുന്നതായിക്കാണാം. ഇസ്‌ലാമേതര മൂല്യങ്ങൾക്കെതിരെയുള്ള അടച്ചാക്ഷേപങ്ങളും അമുസ്‌ലിം ഭരണകൂടങ്ങൾക്കെതിരെയുള്ള ഇക്കൂട്ടരുടെ ജിഹാദ് വിളികളും ക്രിസ്ത്യൻ ലോകവും ചെവിയോർക്കുന്നു. ഈ വിശുദ്ധ യുദ്ധത്തെക്കുറിച്ചുള്ള ചർച്ചകൾ ഒടുവിൽ സാർവത്രിക യുദ്ധത്തിലേക്ക് പരിണമിക്കപ്പെടുമെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. എന്നാൽ, സംഭവിക്കുന്നതെല്ലാം വാസ്തവത്തിൽ മറ്റൊന്നാണ്.

മുസ്‌ലിം പുരോഹിത വർഗ്ഗം വിശുദ്ധ യുദ്ധത്തെ (ജിഹാദ്) ക്കുറിച്ചും അമുസ്‌ലിം ശക്തികളെ അടിച്ചു തകർക്കുന്നതിനെക്കുറിച്ചും വലിയ വായിൽ സംസാരിക്കുന്നു. യഥാർത്ഥത്തിൽ അമുസ്‌ലിം ശക്തികളെന്ന് അവർ അർത്ഥമാക്കുന്നത് ക്രിസ്ത്യാനികളെയോ. യഹൂദികളെയോ, ബുദ്ധമതക്കാരെയോ നിരീശ്വരവാദികളെയോ അല്ല. ഈ മുസ്‌ലിം പണ്ഡിതൻമാരുടെ വീക്ഷണപ്രകാരം അവരുടെ സ്വന്തം കക്ഷിയൊഴികെയുള്ള എല്ലാ മുസ്‌ലിം കക്ഷികളും ഒന്നുകിൽ അമുസ്‌ലിംകളാണ് അല്ലെങ്കിൽ അല്ലാഹുവിന്റെയും അവന്റെ സച്ചരിതരായ ദാസൻമാരുടെയും കോപം ആളിക്കത്തിക്കാനുതകുന്ന ആദർശം സ്വീകരിച്ചവരാണ്.

ഇസ്‌ലാമിന്റെ യഥാർത്ഥ ശത്രുക്കളെ അവർ അവരിൽ നിന്നു തന്നെ കണ്ടെത്തുന്നു. അവർ കണ്ടെത്തിയ ശത്രുക്കളൊന്നും തന്നെ അമുസ്‌ലിംകളല്ല. മുസ്‌ലിം ലോകത്ത് നിന്നുതന്നെയുള്ള ഇതര വിഭാഗങ്ങളാണ്. ഇതുകൊണ്ടാണ് മതമുപേക്ഷിക്കുന്നവന് വധശിക്ഷ നല്കണം എന്ന കാര്യത്തിൽ അധികമായി ഊന്നൽ നല്കപ്പെടുന്നത്. ഒരു രാജ്യത്തെ ഭൂരിപക്ഷത്തിന്റെ മതവിശ്വാസത്തിൽ നിന്നു വ്യത്യസ്തത പുലർത്തുന്ന മുസ്‌ലിം വിഭാഗങ്ങൾക്കെതിരെ അവർ പ്രയോഗിക്കുന്ന ആയുധമാണ് ഈ വധശിക്ഷ. ഇങ്ങനെ, മതമുപേക്ഷിച്ചവരായി(മുർത്തദ്ദ്) പ്രഖ്യാപിക്കപ്പെടുന്നവർക്ക് രണ്ട് തരത്തിലുള്ള മാരകമായ ആഘാതമേല്ക്കേണ്ടി വരുന്നു. ആദ്യത്തേത്, അവരുടെ വിശ്വാസാദർശങ്ങൾ അനിസ്‌ലാമികമാണെന്ന് പ്രഖ്യാപിക്കപ്പെടുന്നു. ഇത് മതത്തിൽ നിന്ന് വിട്ടു പോയവരാണെന്ന(മുർത്തദ്ദ്) മുദ്ര അവർക്ക് ചാർത്തിക്കൊടുക്കുന്നു. രണ്ടാമതായി, മതമുപേക്ഷിച്ചവൻ എന്ന നിലക്ക് അയാൾ മരണശിക്ഷ നല്കാൻ അർഹതപ്പെട്ടവനാണെന്നും കണക്കാക്കപ്പെടുന്നു.

വളർന്നു വരുന്ന ഈ തീവ്രവാദം മുസ്‌ലിം സമൂഹത്തിൽ അരാ



ജകത്വം സൃഷ്ടിക്കുന്നുവെന്ന് ഏതൊരു നിഷ്പക്ഷ നിരീക്ഷകനും സമ്മതിക്കും. ഈ അരാജകത്വം ഒരു മുസ്‌ലിം വിഭാഗത്തിനെതിരെ മറ്റൊരു വിഭാഗത്തിന്റെ ഹൃദയത്തിൽ കഠിനമായ വിദ്വേഷം ജനപ്പിക്കാൻ കാരണമായിത്തീരുന്നു.

അമുസ്‌ലിം ശക്തികളെക്കുറിച്ച് പറയുമ്പോൾ, മുസ്‌ലിം ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന തീവ്രവാദങ്ങൾ എന്തുതന്നെയായാലും അവർ സുരക്ഷിതരാണ്. ഇത് തെളിയിക്കാൻ സൗദി അറേബ്യക്ക് പടിഞ്ഞാറുമായുള്ള ബന്ധം നോക്കിയാൽ മതി, പ്രത്യേകിച്ച് അമേരിക്കയുമായി. സൗദി അറേബ്യക്കോ അതിന്റെ സ്വാധീന വലയത്തിൽ കഴിയുന്ന രാജ്യങ്ങൾക്കോ, അമേരിക്കക്കും അവരുടെ സഖ്യ രാജ്യങ്ങൾക്കുമെതിരായി വാളെടുക്കുക എന്നത് സ്വപ്നത്തിൽ പോലും ചിന്തിക്കാൻ സാധ്യമല്ല. സൗദി ഭരണകൂടം അവരുടെ നിലനില്പ്പിനു വേണ്ടി നൂറുശതമാനവും അമേരിക്കയെയാണ് ആശ്രയിക്കുന്നത്. മിക്കവാറും രാജകുടുംബത്തിന്റെ സകല സമ്പത്തും അമേരിക്കയിലെയും പാശ്ചാത്യനാടുകളിലെയും ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. സൗദിയുടെ ആഭ്യന്തരവും വൈദേശികവുമായ സുരക്ഷ പടിഞ്ഞാറിനെയാണ് പൂർണ്ണമായും ആശ്രയിക്കുന്നതെന്ന കാര്യം ഒറ്റനോട്ടത്തിൽ തന്നെ സ്പഷ്ടമാണ്. ഇക്കാര്യം കൂടുതൽ വിസ്തരിച്ചു പറയേണ്ടതില്ല. ഈ രണ്ട് ഘടകങ്ങളും സൗദി അറേബ്യയോ അതിന്റെ ഉപജാപക രാജ്യങ്ങളോ അമുസ്‌ലിംകളായ പാശ്ചാത്യ ശക്തികൾക്കെതിരെ ഒരിക്കലും ഭീഷണിയാവില്ല എന്ന കാര്യത്തിൽ ഉറപ്പ് നല്കുന്നു. അതിനെക്കാളുപരി ഒരൊറ്റ മുസ്‌ലിം രാജ്യവും യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്നതിൽ സ്വയം പര്യാപ്തി നേടിയിട്ടില്ല. അവരുടെ പ്രതിരോധപരവും പ്രത്യാക്രമണപരവുമായ എല്ലാ ആവശ്യങ്ങൾക്കും വേണ്ടി പടിഞ്ഞാറിനെയോ കിഴക്കിനെയോ ആശ്രയിക്കേണ്ടി വരുന്നു. ഇത് ഒരിക്കൽ കൂടി അവരുടെ അമുസ്‌ലിം രാജ്യങ്ങളുമായുള്ള സമാധാനപൂർവ്വമായ സഹവർത്തിത്തത്തിന് ഉറപ്പ് നല്കുന്നു. ഇതേ തത്ത്വം തന്നെയാണ് ലിബിയക്കും സിറിയക്കും ബാധകമായിട്ടുള്ളത്. ഈ രാജ്യങ്ങൾ പടിഞ്ഞാറിനേക്കാൾ കിഴക്കുമായുള്ള ഗാഢബന്ധമാണ് അനുഭവിച്ചു രസിച്ചുകൊണ്ടിരിക്കുന്നത് എന്ന് മാത്രം.

ആധുനിക യുദ്ധ തന്ത്രത്തെക്കുറിച്ച് അല്പമെങ്കിലും ധാരണയുള്ള ഒരാൾക്ക് വളർന്നു വരുന്ന ഇസ്‌ലാമിക ഭീകരവാദത്തിന്റെ ഭീഷണിയെക്കുറിച്ച് സങ്കല്പിക്കാനാവും. തീർച്ചയായും ഈ

വർദ്ധിച്ചു വരുന്ന പ്രവണതകളിൽ അപകടങ്ങളുണ്ട്. ഇത് ആളുകളുടെ മനഃസ്വാസ്ഥ്യം ഇല്ലാതാക്കുന്നു. 'ഇസ്‌ലാമിക ഭീകരത'യിൽ നിന്നുള്ള ഭീഷണി മുസ്‌ലിം രാജ്യങ്ങൾക്ക് തന്നെയാണ്. മുസ്‌ലിംകളുടെ അകത്തളങ്ങളിലേക്ക് തുറിച്ചു നോക്കുന്ന ഈ ഭീഷണി എവിടെയുമുള്ള മുസ്‌ലിംകളുടെ സ്വൈര്യ ജീവിതം നശിപ്പിക്കുന്നതാണ്. മുസ്‌ലിം ലോകത്ത് നാം ഇന്നു കാണുന്ന അസഹിഷ്ണുതയും, സങ്കുചിതത്വവും, കുടിലമനസ്കതയും അവരുടെ തന്നെ സമാധാന ജീവിതത്തിന് കനത്ത നാശം വരുത്തിവെച്ചിരിക്കുകയാണ്. ഈയൊരു ഗതി വിപര്യയം അത്ഭുതകരം തന്നെ!

'ടെററിസം' (ഭീകരത) എന്നത് ഭീകരപ്രവർത്തനം, ബോംബ് സ്ഫോടന ശ്രമങ്ങൾ, അതുപോലെയുള്ള കൊടും കൃത്യങ്ങളെ സൂചിപ്പിക്കുന്ന ഒറ്റ വാക്കാണെന്നതിനെസ്സംബന്ധിച്ച് ഞാൻ പൂർണ്ണ ബോധവാനാണ്. പക്ഷേ, ഇത്തരത്തിലുള്ള ഭീകരകൃത്യങ്ങൾ മാത്രമെ ലോകം അനുഭവിക്കുന്നുള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നില്ല. സ്വന്തം രാജ്യത്തെ ജനതകളിൽ വിയോജിപ്പുള്ളവരുടെ ശബ്ദം നിശ്ചലമാക്കാൻ സ്വന്തം പൗരൻമാർക്കെതിരെ ഭരണകൂടങ്ങൾ കൈകൊള്ളുന്ന അടിച്ചമർത്തൽ നയവും 'ഭീകരത' എന്ന വാക്കിൽ ഉൾപ്പെടുത്തുകയും, ഭീകരവാദത്തിന്റെ മറ്റു പ്രവർത്തന രൂപങ്ങൾ പോലെ അത്തരം മർദ്ദനങ്ങളെ അപലപിക്കുകയും ചെയ്യേണ്ടതാണ്. അതായത്, ഭരണകൂടങ്ങൾ തങ്ങളുടെ രാജ്യത്ത് ഇടതുപക്ഷത്തിന്നെതിരായാലും വലതുപക്ഷത്തിന്നെതിരായാലും നടത്തുന്ന മർദ്ദന മുറകൾ ഏറ്റവും നികൃഷ്ടമായതാണെന്നാണ് ഞാൻ കരുതുന്നത്. ഒരു രാഷ്ട്രത്തിനെതിരെ മറ്റൊരു രാഷ്ട്രത്തിൽ നിന്നുണ്ടാവുന്ന ബോംബ് സ്ഫോടനങ്ങൾ, വിമാനം തട്ടിക്കൊണ്ടുപോകൽ മുതലായ ഭീകര കൃത്യങ്ങൾക്ക് വമ്പിച്ച പ്രചാരം ലഭിക്കുന്നു. അത്തരം കൊടും ഭീകരരുടെ അകൃത്യങ്ങൾക്ക് വിധേയമാകുന്നവർക്ക് ലോകത്തിന്റെ സഹതാപം വേണ്ടുവോളം ലഭിക്കുന്നു. തീർച്ചയായും അത് ആവശ്യം തന്നെയാണ്. അത്തരം ഭീകരകൃത്യങ്ങൾക്കെതിരെ ശബ്ദം ഉയർത്തിയാൽ മാത്രം പോരാ; ഭാവിയിൽ അവ വീണ്ടും ആവർത്തിക്കാതിരിക്കാനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുകയും വേണം. എന്നാൽ, സ്വന്തം ഭരണകൂടങ്ങളുടെ ബലിഷ്ഠമായ കരങ്ങൾ കൊണ്ടുള്ള നിർദയമായ കൊടിയ മർദ്ദനങ്ങൾ സഹിക്കേണ്ടി വരുന്ന നൂറായിരക്കണക്കിന് ആളുകളുടെ സ്ഥിതിയെന്താണ്? അവരുടെ ദൈന്യത നിറഞ്ഞ വിലാപങ്ങൾ



വളരെ അപൂർവ്വമായി മാത്രമേ പുറം ലോകം ശ്രവിക്കുന്നുള്ളൂ. കഠിനമായ പീഡനങ്ങളേല്ക്കുമ്പോഴുള്ള അവരുടെ ആർത്തനാദങ്ങൾ പുറം ലോകത്തെത്തുന്നത് ദുർലഭം സന്ദർഭങ്ങളിലാണ്. അവരുടെ പ്രതിഷേധങ്ങൾ ശക്തമായ തമസ്ക്കരണങ്ങൾക്ക് വിധേയമാക്കപ്പെടുന്നു. മനുഷ്യ സ്നേഹികളുടെ ഏജൻസിയായ അന്താരാഷ്ട്ര മനുഷ്യാവകാശ കമ്മീഷൻ പോലെയുള്ള സംഘടനകൾ പീഡനം, മർദ്ദനം, മനുഷ്യാവകാശ നിഷേധം പോലെയുള്ള ഹീനമായ ക്രൂരതകൾ ലോകത്തിനു മുമ്പിൽ കൊണ്ടു വന്നാൽത്തന്നെ വളരെ മൃദുസ്വരത്തിൽ ലോകഭരണകൂടങ്ങൾ അതിനെ അപലപിക്കുകയാണ് ചെയ്യുക. പലപ്പോഴും ഇതെല്ലാം ഓരോ രാജ്യത്തിന്റെയും ആഭ്യന്തര പ്രശ്നങ്ങളായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ഭരണകൂടങ്ങൾ നിർവ്വഹിക്കുന്ന ഈ ഭീകരപ്രവർത്തനങ്ങൾ തുറന്നു കാട്ടേണ്ടതിനു പകരം ഇത്തരം പ്രവർത്തനങ്ങൾ മുഖേന ഭീകരതയെ അടിച്ചമർത്തുകയാണെന്നും രാജ്യത്ത് ക്രമസമാധാനവും ശാന്തിയും സ്ഥാപിക്കാൻ ഭരണകൂടങ്ങൾ ശ്രമിക്കുകയാണെന്നുമാണ് വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നത്.

ഭരണകൂടങ്ങൾ സ്വന്തം ജനതക്കെതിരെ കൈക്കൊള്ളുന്ന ശിക്ഷാ നടപടികളും പ്രതിരോധ പ്രവർത്തനങ്ങളും അടിസ്ഥാനപരമായി ഒരു ജനകീയ പ്രസ്ഥാനത്തെ അടിച്ചമർത്താനോ അല്ലെങ്കിൽ തങ്ങൾ സംശയിക്കുന്ന പ്രതിപക്ഷത്തിനെതിരെ പ്രയോഗിക്കാനോ ആണ് ഉപയോഗിക്കുന്നത്. പലപ്പോഴും അത് നിയമത്തിന്റെയും നീതിയുടെയും അതിരുകൾ ലംഘിക്കുന്നു. തങ്ങളുടെ സ്വന്തം ജനതയിലെ അസംതൃപ്തരായ വിഭാഗങ്ങളിലെ ഭീകര പ്രവർത്തനങ്ങളെ അവസാനിപ്പിക്കാൻ ഭരണകൂടങ്ങൾ അതിനിഷ്ഠൂരവും മൃഗീയവുമായ മർദ്ദനമുറകൾ നടപ്പിലാക്കുകയും ചെയ്യുന്നു. അട്ടിമറി, തട്ടിക്കൊണ്ടുപോകൽ മുതലായ ഭീകരകൃത്യങ്ങളിൽ നിന്നു മാനവരാശി സഹിച്ചതിനേക്കാൾ എത്രയോ അധികം, രാഷ്ട്രങ്ങൾ നിർവ്വഹിക്കുന്ന ഭീകരപ്രവർത്തനങ്ങളിലൂടെ (state terrorism) മനുഷ്യവർഗ്ഗം സഹിച്ചിട്ടുണ്ട്. ഭീകര പ്രവർത്തനങ്ങളെയും അതിന്റെ എല്ലാ രൂപങ്ങളേയും ഇസ്‌ലാം എതിർക്കുന്നു. വ്യക്തികളോ ഗ്രൂപ്പുകളോ രാഷ്ട്രങ്ങളോ നടത്തുന്ന ഭീകരപ്രവർത്തനങ്ങളെ ഇസ്‌ലാം ഒരിക്കലും ന്യായീകരിക്കുകയോ വെള്ള പൂശാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല.

മുസ്‌ലിം ലോകത്ത് പല മേഖലകളും കലാപഗ്രസ്തമാണ്. ഗ്രൂപ്പുകളും സംഘടനകളും രാഷ്ട്രങ്ങൾ പോലും ഭീകര പ്രവർത്തനങ്ങ

ളിലും അട്ടിമറി പ്രവർത്തനങ്ങളിലും കലാപങ്ങളിലും ഏർപ്പെട്ടതായി കാണാം. ഫലസ്തീൻ, ലബനാൻ, ലിബിയ, സിറിയ മുതലായ രാജ്യങ്ങൾ ഇടക്കിടെ വാർത്തകളിൽ പ്രത്യക്ഷപ്പെടുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ബഹുഭൂരിപക്ഷവും ബന്ധപ്പെടുന്നത് മുസ്‌ലിംകളാണ്. ഇതിന് അപവാദങ്ങളുണ്ട്. ഉദാഹരണത്തിന്, ഫലസ്തീനികളിൽ ഇസ്രായേലിനെതിരെ ഭീകരപ്രവർത്തനം നടത്തുമെന്ന് പ്രതിജ്ഞയെടുക്കുന്ന നിരവധി ക്രിസ്ത്യാനികളുണ്ട്. ബോധപൂർവ്വമോ അറിവില്ലായ്മ കൊണ്ടോ പാശ്ചാത്യ മാധ്യമങ്ങൾ അതെല്ലാം ഇസ്‌ലാമിക തീവ്രവാദമായി പ്രചരിപ്പിക്കുന്നു. ലബനാനിൽ മുസ്‌ലിം ഭീകരവാദികളും ക്രിസ്ത്യൻ ഭീകരവാദികളുമുണ്ട്. അതുപോലെ ഇസ്രായേലി ഏജന്റുമാരും പട്ടാളക്കാരും പലപ്പോഴും കിടിലം കൊള്ളിക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നു. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ജൂതഭീകരതയെന്നും ക്രിസ്ത്യൻ ഭീകരതയെന്നും നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നില്ല. എല്ലാ തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും ഒന്നായി ഇസ്‌ലാമിക ടെററിസം എന്ന പേരിൽ കെട്ടിവെക്കുകയാണ്.

സൽമാൻ റുഷ്ദിയുടെ കാര്യമെടുക്കുക. ഖുർആനെസ്സംബന്ധിച്ച് യഥാർത്ഥ ജ്ഞാനമുള്ള ആരും തന്നെ ഏതെങ്കിലും ഇസ്‌ലാമിക പ്രമാണത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഇമാം ഖുമൈനി വധശിക്ഷ വിധിച്ചതെന്ന് പറയില്ല. ഖുർആനിലോ ഹദീസിലോ മതനിന്ദക്ക് ആ വിധത്തിലുള്ള ശിക്ഷയും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ദൈവ നിന്ദക്കെതിരെയുള്ള ഖുർആന്റെ പരാമർശമിങ്ങനെയാണ്:

**'അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും.' (6: 109)**

ദൈവ നിന്ദയുടെ പേരിൽ ആരെയും ശിക്ഷിക്കാനുള്ള അധികാരം ആർക്കും നല്കപ്പെട്ടിട്ടില്ല. ഈസാനബി(അ)യുടെ മാതാവായ മർയമിനെ(അ)സംബന്ധിച്ച് ജൂതൻമാർ നടത്തിയ നിന്ദയെപ്പറ്റി ഖുർആൻ പറയുന്നു:

**"അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദം ആരോപിക്കുന്ന കാരണത്താലും" (4:157)**



മതനിന്ദക്ക് ശിക്ഷവിധിക്കാൻ ദൈവത്തിനല്ലാതെ മറ്റാർക്കും പാടുള്ളതല്ല എന്ന് ഖുർആൻ വീണ്ടും വീണ്ടും ഉണർത്തുന്നു. ഇമാം ഖുമൈനിയുടെ അനവധാനത മൂലം ഇസ്‌ലാമിനെ പ്രതിരോധിക്കുന്നതിനു പകരം സ്വതന്ത്ര ലോകത്ത് ഇസ്‌ലാമിന് വമ്പിച്ച പേരുദോഷം വരുത്തുകയാണ് ചെയ്തത്. ഇത് ദുരന്തപൂരിതവും അപലപനീയവുമാണ്.

കൈറോവിലെ അൽഅസ്ഹർ ഗ്രാന്റ്മോസ്ക് ഇമാം ഖുമൈനിയുടെ ഫത്‌വയെ തള്ളിക്കളഞ്ഞിട്ടുണ്ട്. ശിയാ വിഭാഗത്തിൽപ്പെട്ട പല പണ്ഡിതൻമാരും ഖുമൈനിയുടെ ഈ വിധിയോട് വിയോജിക്കുമെന്നും എനിക്കുറപ്പുണ്ട്.

യഥാർത്ഥ പ്രശ്നത്തെ അവഗണിക്കുകയെന്നത് അനീതിയാണ്. ചില രാഷ്ട്രീയക്കാരും ബുദ്ധിജീവികളും ചെയ്തതുപോലെ, പ്രശ്നത്തിന്റെ യഥാർത്ഥ കാരണം അന്വേഷിക്കാതെ സൽമാൻ റുഷ്ദിയെ വിട്ടുകൊണ്ട് ഖുമൈനിയെ മാത്രം അപലപിക്കുന്നത് നീതിയല്ല എന്ന് ഞാൻ വിചാരിക്കുന്നു. ലോകത്തെങ്ങുമുള്ള കോടിക്കണക്കിന് മുസ്‌ലിംകളെ പ്രകോപിപ്പിക്കും വിധം കരുതിക്കൂട്ടി അങ്ങേയറ്റം നിന്ദാകരമായ ഭാഷയിൽ ഒരു പുസ്തകം അടിച്ചിറക്കിയിരിക്കുകയാണ് റുഷ്ദി. മാത്രമല്ല, ഈ പുസ്തകം മുസ്‌ലിംകളും ക്രിസ്ത്യാനികളും തമ്മിലുള്ള സൗഹൃദം തകർത്തിരിക്കുന്നു. ദേശീയ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട കത്തുകളിലെ നിരൂപണത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നം വിലയിരുത്തുകയാണെങ്കിൽ റുഷ്ദി സംഭവം വർഗ്ഗീയമായ അസഹിഷ്ണുതയുടെ ദുർഭൂതത്തെ തുറന്ന് വിട്ടിരിക്കുന്നതായി കാണാം. ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭീകരവാദം, അത് വർണ്ണം, മതം, വൈകാരികത, ലക്ഷ്യം മുതലായ എന്തൊന്നിനെ പ്രതിനിധാനം ചെയ്താലും അതിനെ ഞാനൊരിക്കലും ന്യായീകരിക്കുകയില്ല. ഇസ്‌ലാമാണ് ഞങ്ങളുടെ വിശ്വാസവും മതവും. ഇസ്‌ലാം ഒരിക്കലും അരാജകത്വം അംഗീകരിക്കുന്നില്ല. ഇസ്‌ലാം ഭീകരവാദത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്നു ബഹുദൂരം അകലെയാകുന്നു.

കേണൽ ഗദ്ദാഫി*C യുടെ എണ്ണപ്പണം കൊണ്ട് സംഘടിപ്പിക്കപ്പെടുകയും പിന്തുണക്കപ്പെടുകയും ചെയ്ത ഭീകരവാദത്തിന്റെ മതമെന്താണെന്ന് ആരെങ്കിലും ചോദിച്ചേക്കാം. കഴിഞ്ഞ കാലങ്ങളിൽ സിറിയ സംഘടിപ്പിച്ച ഭീകരപ്രവർത്തനങ്ങളെസ്സംബന്ധിച്ച്

താങ്കളുടെ അഭിപ്രായമെന്തെന്നും ചോദിക്കപ്പെട്ടേക്കാം, അതെല്ലാം ഇസ്‌ലാമാണോ എന്ന്? അതെല്ലാം ഇസ്‌ലാമാണെങ്കിൽ ശാസ്ത്രീയ സോഷ്യലിസവും ഇസ്‌ലാമും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? കേണൽ ഗദ്ദാഫിയുടെ പച്ചപ്പുസ്തകം (Green book) അതിന്റെ പുറം ചട്ടയുടെ നിറത്തിൽ മാത്രമെ 'പച്ച'യുള്ളൂ എന്നതല്ലേ യാഥാർത്ഥ്യം? ഈ പുസ്തകത്തിന്റെ ഉള്ളടക്കം അടിമുടി ചെമപ്പാണ്.

ഇറാനിലും ലിബിയയിലുമുള്ള മുസ്‌ലിം ഫണ്ടമെന്റലിസ്റ്റുകളുടെ പ്രവർത്തനങ്ങൾ ഇസ്‌ലാമിക ഭീകരവാദമാവുകയാണെങ്കിൽ അവരുടെ ഇസ്‌ലാമിന്റെ നിറം കടുംപച്ചയായിക്കാണപ്പെടും. ഇസ്‌ലാമിക സങ്കല്പങ്ങൾ ഒരേ സമയം അതിന്റെ അദ്ധ്യാപനങ്ങൾക്ക് തന്നെ കടക വിരുദ്ധമാവുന്നതെങ്ങനെ? ഒരേ സമയം അത് പച്ചയും ചെമപ്പും ആയിത്തീരുകയും ചെയ്യുന്നതെങ്ങനെ? ഒരാൾ ഇത് സംബന്ധിച്ച് അത്ഭുതപ്പെട്ടേക്കാം. ലിബിയ ഭീകരപ്രവർത്തനം നടത്തുന്നുവെങ്കിൽ ആ ഭീകര പ്രവർത്തനങ്ങൾ വേഷം മാറിയ ലിബിയൻ ദേശീയതയുടെ ഭീകരതയാണ്. ആനുഷംഗികമായി പറയട്ടെ, അത് ഫിഡൽ കാസ്ട്രോ[*D] യുടെ ക്യൂബയെ ഓർമ്മിപ്പിക്കുന്നു. അദ്ദേഹം ഭീകരതയുടെയും ക്രൂരതയുടെയും കാര്യത്തിൽ കേണൽ ഗദ്ദാഫിയേക്കാൾ വളരെ ദൂരം മുന്നോട്ടു പോയിട്ടുണ്ട്. എന്നിട്ടും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ആരും തന്നെ ഒരു ക്രിസ്തീയ ഭീകരതയായി ചിത്രീകരിക്കുന്നില്ല.

ഒരു കാര്യം സ്വാഭാവികമായും മറ്റൊന്നിലേക്ക് നയിക്കുന്നു. ഭീകരവാദത്തെക്കുറിച്ചുള്ള ചർച്ച ഒരാളുടെ ഭാവനക്ക് മുമ്പിൽ ചരിത്രത്തിന്റെ വിവിധ ഘടകങ്ങളെ കൊണ്ടു വരുന്നു. ക്രിസ്തു(അ)വിന്റെ മതത്തെ സേവിക്കുകയാണെന്ന് പറഞ്ഞു കൊണ്ട് പീഡനത്തിന്റെയും ഭീകരതയുടെയും വൃത്തികെട്ട പ്രവർത്തനങ്ങൾ ചില ക്രിസ്ത്യൻ രാജാക്കൻമാർ സംഘടിപ്പിക്കുകയുണ്ടായി. കറുത്ത മരണ[*E] ത്തിന്റെ (Black Death ) നാളുകളിൽ (ക്രി.വ.1348-49) നിരവധി ജൂതൻമാർ അവരുടെ ഗൃഹാന്തർഭാഗങ്ങളിൽ വെച്ച് ജീവനോടെ ചുട്ടെരിക്കപ്പെട്ടിട്ടില്ലായിരുന്നുവോ? നെടുനാളത്തെ സ്പാനിഷ് ഇൻക്വിസിഷന്റെ (മതപീഡനം) കാലത്ത് ചില ക്രിസ്ത്യൻ പാതിരിമാരുടെ നേതൃത്വത്തിൽ അതിഭീകരതയുടെ അഴിഞ്ഞാട്ടം നിലനിന്നിരുന്നു. നിസ്സഹായരായ നിരവധി സ്ത്രീകൾ മന്ത്രവാദിനികളാണെന്ന് ആരോപിക്കപ്പെട്ടുകൊണ്ട് വധിക്കപ്പെടുകയുണ്ടായി. മന്ത്ര



വാദത്തെ കൈകാര്യം ചെയ്യേണ്ടത് ഈ വിധമാണെന്ന വികലമായ ഒരു ധാരണയും ക്രിസ്ത്യാനികൾക്കുണ്ടായിരുന്നു.

ഇത്രയധികം നൃശംസതകൾ ക്രിസ്ത്യാനികളുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. മനുഷ്യത്വത്തോടു കാട്ടിയ ഈ കുറ്റകൃത്യങ്ങളെല്ലാം തന്നെ അജ്ഞാനം അധികാര പീഠത്തിലിരുന്ന് സ്വേച്ഛാഭരണം നടത്തിയ ഇരുണ്ട കാലഘട്ടത്തിന്റെ ഉൽപ്പന്നങ്ങളായിരുന്നു. ഒരു മതത്തിന്റെ അദ്ധ്യാപനങ്ങളും ആ മതത്തിന്റെ അനുയായികൾ ചെയ്തുകൂട്ടുന്ന അകൃത്യങ്ങളും തമ്മിലുള്ള അന്തരം എപ്പോഴാണ് മനുഷ്യൻ വേർതിരിച്ചു മനസ്സിലാക്കാൻ തുടങ്ങുക? ഒരു മതത്തെ അതിന്റെ അനുയായികളുടെ പെരുമാറ്റവുമായി കൂട്ടിക്കുഴച്ച് ആശയക്കുഴപ്പമുണ്ടാക്കി പഠിക്കാൻ ശ്രമിച്ചാൽ ധാരാളം സമസ്യകൾ ഉയർന്നു വരുന്നു. ഒരേ മതത്തിന്റെ അനുയായികളുടെ സ്വഭാവം രാജ്യങ്ങൾതോറും വിഭാഗങ്ങൾ തോറും കാലഘട്ടങ്ങൾ തോറും വ്യക്തികൾ തോറും വ്യത്യസ്തങ്ങളായിരിക്കും എന്നതാണ് വസ്തുത.

ക്രിസ്തുവിന്റെ അനുയായികളുടെ സ്വഭാവത്തിൽ നിന്ന് എത്ര ഭിന്നമാണ് ക്രിസ്തുവിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരെന്ന് അവകാശപ്പെടുന്ന പീനോചെട്ടി[*F]ന്റെ ചിലിയുടേതും, ദക്ഷിണാഫ്രിക്ക[*G]യുടെതും. അപ്പോൾ ഏതാണ് ക്രിസ്തീയതയെ പ്രതിനിധാനം ചെയ്യുന്നത്? ദശലക്ഷക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയ ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ[1] മാനവരാശിക്കെതിരെ ക്രിസ്ത്യാനികൾ നടത്തിയ യുദ്ധമാണെന്ന് നാം മുദ്രചാർത്താറുണ്ടോ? രണ്ടാം ലോക മഹായുദ്ധത്തിൽ റഷ്യക്കാർക്ക് മാത്രം 6.1 ദശലക്ഷം മനുഷ്യ ജീവൻ നഷ്ടമായി. ബോസ്നിയയുടെ നാലിൽ മൂന്ന് ഭാഗം ജനത തുടച്ചു നീക്കപ്പെടുകയുണ്ടായി. സമ്പത്തിന്റെയും ഭൗതിക വിഭവങ്ങളുടെയും നഷ്ടം ഊഹാതീതമാണ്.[2] അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത ഈ ബീഭത്സതകൾ ക്രിസ്തീയതയുടെ പേരിൽ വിവരിക്കപ്പെടുമോ? അക്രമത്തിനു പകരം അക്രമം എന്നു പറയുന്നവരുടെ ചെയ്തികളായി ക്രിസ്തുമതത്തെ മനസ്സിലാക്കണമോ? അതല്ല, ഒരു കവിളത്തടിച്ചാൽ മറ്റെ കവിളും കാണിക്കുക എന്നു പറയുകയും മൃഗങ്ങൾക്ക് തീറ്റിപ്പണ്ടങ്ങളായി എറിയപ്പെടുകയും ജീവനോടെ ദഹിപ്പിച്ചു കളയുകയും ചെയ്ത ആദിമ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ നിന്ന് ക്രിസ്ത്യാനിറ്റിയെ മനസ്സി

ലാക്കണമോ? അവസാനം പറഞ്ഞ ഉത്തരം തിരഞ്ഞെടുക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു.

മുസ്‌ലിം രാജ്യത്ത് നടക്കുന്ന ഏതൊരു യുദ്ധ പ്രവർത്തനവും പാശ്ചാത്യരെസ്സംബന്ധിച്ചിടത്തോളം 'ഇസ്‌ലാമിക ഭീകരതയുടെ' അതിവ്യാപനമാണ്. പക്ഷേ, മറ്റു രാജ്യങ്ങളിലെ ഇത്തരം പ്രവർത്തനങ്ങളാകട്ടെ 'രാഷ്ട്രീയ കുഴപ്പങ്ങളും'. എന്തുകൊണ്ടാണ് ഈ കാലത്ത് നീതിയെസ്സംബന്ധിച്ചുള്ള ഈ ഇരട്ടത്താപ്പ് നിലനില്ക്കുന്നത്? ക്രിസ്ത്യൻ സംസ്കാരത്തിന്റെ ശാന്തപൂർണ്ണമായ ഉപരിതലത്തിനടിയിലെ ശക്തമായ അന്തർധാര ഇസ്‌ലാമിനോടുള്ള കഠിനമായ വിദ്വേഷമാണെന്ന വസ്തുത ഏതൊരാളിലും കൗതുകം ജനിപ്പിക്കും. ഒരുപക്ഷേ, നൂറ്റാണ്ടുകളായി നടത്തിയ കുരിശു യുദ്ധങ്ങളുടെ ഫലമായി മുസ്‌ലിം ശക്തികളോട് ഉറഞ്ഞു കൂടിയ മാനസിക വിദ്വേഷത്തിന്റെ ഫലമായിട്ടാവാം ഇത്. അല്ലെങ്കിൽ, ഓറിയന്റലിസ്റ്റുകളുടെ പഴയ വിഷം പുതിയ കുപ്പികളിലാക്കി സേവിക്കുന്നത് കൊണ്ടുമാവാം. ഏതായാലും ഇസ്‌ലാം വാളാൽ പ്രചരിച്ച മതമാണെന്ന ആശയം അങ്ങേയറ്റം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. മുസ്‌ലിം ഭരണകൂടങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ നിലവിലുള്ള രാഷ്ട്രീയ തത്ത്വശാസ്ത്രമനുസരിച്ചും അന്തർദേശീയ ബന്ധങ്ങളുടെ അടിസ്ഥാനത്തിലുമാണ് വിലയിരുത്തപ്പെടേണ്ടത്. ഒരിക്കലും അത് മതപരമായ അടിസ്ഥാനത്തിലായിരിക്കരുത്.

സമൂഹത്തിലെ അനേകം രോഗങ്ങളുടെ ബഹിർസ്ഫുരണങ്ങളാണ് സംഘർഷവും കലാപങ്ങളുമായി പ്രകടമാവുന്നത്. മുസ്‌ലിം ലോകത്തിന് ഇന്ന് ദിശാബോധം നശിച്ചിരിക്കുകയാണ്. തങ്ങൾക്ക് നിയന്ത്രണമില്ലാത്ത ഒരുപാട് കാര്യങ്ങളിൽ മുസ്‌ലിം ജനത ഇന്ന് അസംതൃപ്തരാണ്. അവർ സ്വന്തം നേതാക്കളുടെയും കങ്കാണിമാരുടെയും വിദേശ ശക്തികളുടെ ചാരൻമാരുടെയും ചൂഷണത്തിനുള്ള മൃതപിണ്ഡങ്ങളായിത്തീർന്നിരിക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ, മുസ്‌ലിം ലോകത്തിലെ പല നേതാക്കൻമാരും അവർ ചെയ്തുകൂട്ടുന്ന ഭീകര കൃത്യങ്ങൾക്കും മർദ്ദനങ്ങൾക്കും ഇസ്‌ലാമിൽ നിന്ന് അനുമതി തേടുകയാണ്. പാകിസ്താനിലെ അന്തരിച്ച ജനറൽ സിയാ ഉൽഹഖിന്റെ*H കാലത്ത് സംഭവിച്ചത് അതാണ്. രക്തരൂഷിതമായ വിപ്ലവങ്ങൾ ഇസ്‌ലാമിക തത്ത്വശാസ്ത്രങ്ങൾക്ക് തികച്ചും അന്യമാണ്. ഇസ്‌ലാമിക രാജ്യങ്ങളിൽ അവർക്ക് യാതൊരു സ്ഥാനവുമില്ല.



കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലമായി ഭീകരതയും ക്രൂരതയും പീഡനങ്ങളും ഏറ്റു വാങ്ങിയ ഒരു സമൂഹത്തിന്റെ തലവൻ എന്ന നിലക്ക് ഭീകരവാദത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും രൂപങ്ങളെയും അതികഠിനമായി ഞാൻ അപലപിക്കുന്നു. മാത്രമല്ല, മതങ്ങളെല്ലാം തന്നെ, അവയുടെ നാമങ്ങൾ എന്തുമാകട്ടെ, നിരപരാധികളായ മനുഷ്യരെയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും ദൈവത്തിന്റെ പേരിൽ ചോരയിൽ മുക്കിക്കൊല്ലാൻ അനുവദിക്കില്ല എന്നത് എന്റെ അഗാധസ്പർശിയായ വിശ്വാസമാകുന്നു.

**ദൈവം സ്നേഹമാണ്, സമാധാനമാണ്.**

**സ്നേഹം ഒരിക്കലും വിദ്വേഷം ജനിപ്പിക്കില്ല.**

**സമാധാനം ഒരിക്കലും യുദ്ധത്തിലേക്ക് നയിക്കുന്നുമില്ല.**

## കുറിപ്പുകൾ

*A **മാഫിയ:** ചൂതാട്ടം, കൊലപാതകം, മയക്കുമരുന്ന് വ്യാപാരം, വ്യഭിചാരം, ഗുണ്ടാ സംരക്ഷണം മുതലായ ആസൂത്രിതമായ കുറ്റ കൃത്യങ്ങൾ നിർവ്വഹിക്കുന്ന ഗൂഢസംഘങ്ങളെയാണ് മാഫിയ കൊണ്ട് അർത്ഥമാക്കുന്നത്. അമേരിക്കയിലെയും, യൂറോപ്പിലെയും ഏഷ്യൻ രാജ്യങ്ങളിലെയും പല നഗരങ്ങളിലും മാത്രമല്ല, ആഗോള തലത്തിലും ഇത്തരം മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നു. (വിവ:)

*B **ശാ: മുഹമ്മദ് റിസാ ശാ പഹ്‌ലവി** എന്ന് പൂർണ്ണ നാമം. ഇറാന്റെ ഭരണാധികാരിയായിരുന്നു. 1925 മുതൽ 1979 വരെ ഇറാൻ ഭരിച്ചിരുന്ന പഹ്‌ലവി രാജവംശത്തിലെ രണ്ടാമത്തെയും അവസാനത്തെയും രാജാവായിരുന്നു. മുഹമ്മദ് റിസാ ശായുടെ പിതാവ് റിസാഖാൻ ഇറാനിയൻ പട്ടാളത്തിലെ കൊസ്സാക് ബ്രിഗേഡിലെ ഒരു കേണലായിരുന്നു. നിരക്ഷരനും സാധാരണക്കാരനുമായിരുന്ന റിസാഖാൻ അസാമാന്യ ബുദ്ധിശാലിയും സമർത്ഥനുമായിരുന്നു. ആദ്യകാലങ്ങളിൽ ടെഹ്റാനിലെ വിദേശ എംബസികളിൽ പാറാവ് ജോലി ചെയ്തിരുന്ന റിസാഖാൻ സ്വയം പരിശ്രമത്തിലൂടെയാണ് പട്ടാളത്തിൽ കേണലായി ഉയർന്നത്. 1921 ൽ പട്ടാള വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുത്ത അദ്ദേഹം പുരാതന പേർഷ്യൻ രാജവംശമായ പഹ്‌ലവി രാജവംശത്തിന്റെ പേർ ഭരണകൂടത്തിന് നല്കുകയുണ്ടായി. അതുവരെ പേർഷ്യ എന്നറിയപ്പെട്ടിരുന്ന ഭൂവിഭാഗത്തെ ഇറാൻ എന്നാക്കി മാറ്റി. ചിരപുരാതനമായ പേർഷ്യൻ സംസ്കാരത്തെയും പഹ്‌ലവി ഭാഷയേയും പുനരുജ്ജീവിപ്പിക്കാൻ ശ്രമിച്ചു. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി ഇറാനിൽ പ്രത്യേകമായ പൗരാണിക കലണ്ടർ നടപ്പിലാക്കി. തുർക്കിയിലെ അത്താതുർക്ക് കമാൽപാഷയുടെ പരിഷ്ക്കരണാശയങ്ങളിൽ ആകൃഷ്ടനായിരുന്ന റിസാഖാൻ

പാശ്ചാത്യ വസ്ത്രങ്ങൾ ധരിക്കണമെന്ന് നിർബന്ധമാക്കി. 1941ൽ മകൻ മുഹമ്മദ് റിസാശാ പഹ്ലവിക്ക് അധികാരം കൈമാറി. ഇദ്ദേഹത്തിന്റെ കാലത്താണ് 1979 ൽ ഇറാൻ വിപ്ലവം നടന്നത്. (വിവ:)

*C **കേണൽ മുഅമ്മർ ഗദ്ദാഫി:** ലിബിയയുടെ വിപ്ലവകാരിയായ രാഷ്ട്ര നേതാവ്. 1969 ൽ ഇദ്‌രീസ് രാജാവിനെ പുറത്താക്കിക്കൊണ്ടാണ് അധികാരത്തിൽ വന്നത്. ചൈനയിലെ കമ്യൂണിസ്റ്റ് നേതാവ് മാവോസെതുങ്ങിന്റെ സിദ്ധാന്തങ്ങളെ ഉപജീവിച്ചാണ് ഗദ്ദാഫി തന്റെ ഭരണസിദ്ധാന്തങ്ങൾ എഴുതിയത്. ഈ സിദ്ധാന്തങ്ങൾ അടങ്ങിയ പുസ്തകം 'ഗ്രീൻ ബുക്ക്' എന്ന പേരിൽ അറിയപ്പെടുന്നു (വിവ:)

*D **ഫിഡൽ കാസ്ട്രോ:** ക്യൂബയിലെ കമ്യൂണിസ്റ്റ് നേതാവും ഭരണാധികാരിയും. 1959-76 വരെ പ്രധാനമന്ത്രിയായിരുന്ന കാസ്ട്രോ 1976 മുതൽ പ്രസിഡണ്ടുമാണ്. വലത് പക്ഷക്കാരനായ ജനറൽ ബാത്തിസ്റ്റായുടെ ഭരണകൂടത്തിനെതിരെ രണ്ട് തവണ അട്ടിമറി നടത്താൻ നോക്കിയ കാസ്ട്രോ അവസാനം ജനകീയ വിപ്ലവം നടത്തി ഭരണകൂടത്തെ പുറത്താക്കി അധികാരത്തിലേറി. 1976 മുതൽ കമ്യൂണിസ്റ്റ് ഭരണഘടന അംഗീകരിച്ചു (വിവ:)

*E **ബ്ലാക്ക് ഡെത്ത്:** 14-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഭീകരതാണ്ഡവമാടിയ പ്ലേഗ് മരണങ്ങളാണ് ബ്ലാക്ക് ഡെത്ത് അഥവാ 'കരിമരണം' എന്നറിയപ്പെടുന്നത്. ജനസംഖ്യയുടെ മൂന്നിലൊന്നു മുതൽ രണ്ടിലൊന്നു വരെ പ്ലേഗ് മൂലം നശിച്ചൊടുങ്ങി. ജൂത സാന്നിദ്ധ്യമാണ് പ്ലേഗ് വരുത്തുന്നതെന്ന് ആരോപിച്ചു കൊണ്ട് നിരവധി ജൂതൻമാരെ ക്രിസ്ത്യാനികൾ ഈ കാലഘട്ടത്തിൽ കൊന്നൊടുക്കി. (വിവ:)

*F **പീനോ ചെട്ട് അഗസ്റ്റോ:** ചിലിയിലെ ഏകാധിപതിയും മർദ്ദകനുമായ ഭരണാധികാരിയായിരുന്നു. ചിലിയുടെ പ്രസിഡണ്ടായിരുന്ന സാൽവഡോർ അലൻഡയെ അമേരിക്കൻ ചാരസംഘടനയായ സിഐഎയുടെ സഹായത്തോടെ പിനോചെട്ട് വധിക്കുകയും പട്ടാള അട്ടിമറിയിലൂടെ ചിലിയുടെ ഭരണാധികാരിയാവുകയും ചെയ്തു. ഞെട്ടിപ്പിക്കുന്ന കൊലപാതകങ്ങളും മനുഷ്യാവകാശധ്വംസനങ്ങളും, ഭീകരപ്രവർത്തനങ്ങളും നടത്തിയ പീനോചെട്ട് 1989 ൽ അധികാരത്തിൽ നിന്നു പുറത്തായി.(വിവ)

*G **ദക്ഷിണാഫ്രിക്ക:** അപ്പാർത്തീഡ് എന്നറിയപ്പെടുന്ന വർണ്ണ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ ഭരണം നടത്തിയിരുന്ന രാജ്യം. 26 ദശലക്ഷം കറുത്തവർഗ്ഗക്കാരോട് വർണ്ണവെറിയൻമാരായ വെള്ളക്കാർ നടത്തിയ ക്രൂരമായ ഭരണം ലോകം മുഴുവൻ വെറുക്കുകയുണ്ടായി. 1990 മുതൽ വെള്ളക്കാരുടെ വർണവെറി മയപ്പെടാൻ തുടങ്ങി. തുടർന്ന് ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ (എ.എൻ.സി) നിരോധനം നീക്കുകയും കറുത്തവരുടെ സമാരാധ്യനായ നേതാവ് നെൽസൺ മണ്ഡേലയെ 27 വർഷക്കാലത്തെ കാരാഗൃഹവാസത്തിന് ശേഷം മോചിതനാക്കുകയും ചെയ്തു. 1994 ൽ ബഹുവംശീയ പാർലമെന്റ് രൂപീകരിച്ച് നടത്തിയ തിരഞ്ഞെടുപ്പിൽ എ.എൻ.സി വൻഭൂരിപക്ഷത്തോടെ ജയിക്കുകയും നെൽസൺ മണ്ഡേല ദക്ഷിണാഫ്രിക്കയുടെ പ്രസിഡണ്ടാവുകയും ചെയ്തു. (വിവ)

*H **ജനറൽ സിയാവുൽ ഹഖ്** (1924-1988). പാകിസ്താനിലെ ഇടത്തരം- കുടുംബത്തിൽപെട്ട സിയ ഒരു പട്ടാളക്കാരനായാണ് ജീവിതമാരംഭിച്ചത്. 1976 ൽ പാകിസ്താൻ പട്ടാളത്തിന്റെ മേധാവിയായി. 1977 ൽ പാകിസ്താൻ പ്രധാനമന്ത്രിയായിരുന്ന ദുൽഫുഖാർ അലി ഭൂട്ടോയെ പട്ടാള അട്ടിമറിയിലൂടെ പുറത്താക്കി. ഒരു കൊലപാതകേസിന്റെ വിചാരണയെത്തുടർന്ന് ഭൂട്ടോയെ പട്ടാളക്കോടതി തൂക്കിക്കൊല്ലുകയുണ്ടായി. തിരഞ്ഞെടുപ്പ് നടത്താതെ നീട്ടിക്കൊണ്ടുപോയ സിയാവുൽഹഖ് ഈജിപ്ഷ്യൻ ഏകാധിപതിയായ ഫിർഔനെ അനുസ്മരിപ്പിക്കും വിധം സ്വേച്ഛാധികാരിയായി മാറി.അദ്ദേഹത്തിന്റെ കുപ്രസിദ്ധമായ ഇസ്‌ലാമിക വത്ക്കരണത്തിന് ശരവ്യമായിത്തീർന്നത് പാകിസ്താനിലെ അഹ്മദികളായിരുന്നു. ഇതിന്റെ ഫലമായി അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് പാകിസ്താനിൽ നിന്നു പലായനം ചെയ്യേണ്ടി വന്നു. 1974 ൽ ഭൂട്ടോവിന്റെ ഭരണത്തിൻ കീഴിൽ അഹ്മദികൾക്കെതിരെ പാസാക്കിയ ഭരണഘടനാ ഭേദഗതി ഇരുപതാം ഓർഡിനൻസിലൂടെ നടപ്പിലാക്കാനായിരുന്നു സിയാവുൽഹഖിന്റെ പരിപാടി. 1988 ൽ ജനറൽ സിയാവുൽ ഹഖ് ഒരു വിമാനാപകടത്തിൽ അതിദാരുണമായി കൊല്ലപ്പെട്ടു. (വിവ:)

# NOTES

## Chapter - 1

1. P.Schaff-selecte library of Nicene and post -Nicene Fathers, Ist Series, vol IV (Buffalo -1887)
2. ദൈവത്തിന്റെ ഏകത്വ പ്രഖ്യാപനവും, ഇസ്ലാം മതത്തിന്റെയും മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിന്റെയും പ്രചാരണവും.

## Chapter - 2

1. അൽ ജിഹാദു ഫിൽ ഇസ്ലാം പേ. 137-138
2. Rev: Dr. C.G. Pfander, Mizanul Haq.P.648-649
3. Rev: Dr.C.G. Pfander, Tatimma Mizanul Haq.
4. Washigton Irving, *Mahomet and His Successors* -2vols (NewYork. G..P.Putman's sons, 1868)
5. ഹഖീഖത്തെ ജിഹാദ് (ലാഹോർ - താജ് കമ്പനി ലിമിറ്റഡ് 1964) പേ. 64
6. ഡോ. ഫാന്തേർ ഇസ്ലാമിനെതിരെ നടത്തിയ പ്രചാരണത്തിന്റെ വിശദാംശങ്ങളറിയാൻ The Mohmmedan Controversy, The Calcutta Review (Calcutta July Dec 1845) vol.IV.P.420 കാണുക.
7. Sir William Muir *'Life of Mahomet'*(London smith elder & Co 1859)vol 1 p.111
8. ദുൻയാ കെ ഹാദി ഗൈറോം കി നള്ർ മെ (ഉർദു 1928) പേ.57, 61 പണ്ഡിറ്റ് ശാസ്ത്രി.
9. Sat Updash (Lahore) 7 July 1915
10. Prof. Ram Dev, The Prakash ബർഗുസീദ റസൂൽ ഗൈറോം മെ മഖ്ബൂൽ പേ. 24
11. Dr. D. W.Leitz, Asiatic Quarterly Review,Oct 1886 ഇവിടെ ഡോ. ലെയിറ്റ്സ് ഖുർആനിലെ സൂറാ ഹജ്ജിലെ 40,41 വചനമാണ് പ്രതിപാദിക്കുന്നത്. യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ ആക്രമിക്കപ്പെട്ടിരിക്കയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാണ്. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണം കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുമുള്ള അക്രമത്തിൽ നിന്നും സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും,ക്രിസ്തീയ ദേവാലയങ്ങളും, ജൂതപ്പള്ളികളും, അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മസ്ജിദും എല്ലാം തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും.
12. ഹഖീഖത്തെ ജിഹാദ് പേ.65
13. മസ്അലയെ ഖൗമിയ്യത്ത് (പത്താൻകോട്ട്- മക്തബ ജമാഅത്തെ ഇസ്ലാമി (1947) പേ.105
14. നിന്ദാകരമായ ഭാഷാ പ്രയോഗങ്ങളിൽ നിന്നും ഞങ്ങൾ അല്ലാഹുവിൽ അഭയം തേടുന്നു.



15. W. Thomas Arnold, The Preaching of Islam 2nd Edition (London -1913) p.279-80
16. Nawan Hindustan Delhi 17, Nov 1947
17. അക്ഷരാർത്ഥത്തിൽ പ്രവാചകന്റെ അന്തർഗതമറിഞ്ഞയാൾ അഥവാ പ്രവാചകന്റെ മനസ്സ് അഭിവീക്ഷണം നടത്തുന്നയാൾ.

## Chapter - 3

1. William Hailey, to the government of India, 25 July and Aug. 1927, Government of India Home Political proceedings 1927.p.132.
2. അൽജിഹാദു ഫിൽ ഇസ്ലാം. പേ.93
3. Ibid. 138
4. Ibid..
5. W. Montgomery Watt, *Muhammed at Medina* (Karachi Oxford University Press.
6. Will Durant *The story of civilisation 11 vols* (Newyork, simon& schuster 1950)vol.4 The age of faith p.168
7. Ibid.
8. Ibid.
9. അവർ തങ്ങളുടെ വാക്കുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും. ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല. അവർ ഇനി യുദ്ധം ചെയ്യുകയുമില്ല (യെശയ്യാവു:24)
10. മൗലാനാ മൗദൂദിയുടെ മൂലകൃതിയിൽ 'ഖൽബറാനി' (Ploughing - ഉഴുതുമറിക്കുക) എന്ന ഉർദു പദമാണ് ഉപയോഗിച്ചത്.
11. മഹാരാജാ കിശൻ പെർഷാദ് ഷാദ് ഒരു ഉർദു പേർഷ്യൻ കവിയായിരുന്നു. അദ്ദേഹത്തിന്റെ നഅ്തയെ റസൂൽ (പ്രവാചകന്റെ സ്തുതി ഗീതങ്ങൾ) പ്രസിദ്ധമാണ്.
12. Harriet Rouken Lynton and Mohini Rajan -*The Days of the Beloved* (BerkeleyO University of California press:- 1974), 9. ഈ പുസ്തകം ഹൈദരാബാദിലെ ആറാമത് നൈസാമായ മെഹ്ബൂബ് പാശെ (1869-1971)യുടെ ജീവിതവും കാലവും വിവരിക്കുന്നു.
13. 1903 സെപ്തംബർ 25 ഔറംഗാബാദിലായിരുന്നു മൗദൂദി ജനിച്ചത് - ആരിഫ് ബട്ടാൽവി, ഏക് മൗദൂദി ദസ് ഇസ്ലാം (ലാഹോർ)
14. മുഈനുദ്ദീൻ അഖീൽ, തഹരീക്കെ പാക്കിസ്ഥാൻ ഔർ മൗലാനാ മൗദൂദി. (കറാച്ചി ഖയാലെ നൗ -1971) പേ.27 ഈ പുസ്തകത്തിലെ മൗലാനാ മൗദൂദിയുടെ ജീവചരിത്രപരമായ മിക്കവാറും എല്ലാ വിശദീകരണങ്ങളും മുഹമ്മദ് യൂസുഫിന്റെ മൗലാനാ മൗദൂദി അപ്നി ഓർ ദൂസരോം കി നള്ർ മെ (ലാഹോർ) എന്ന കൃതിയിൽ നിന്ന് എടുത്തു ചേർത്തതാണ്. (ലാഹോർ: മക്തബ അൽഹബീബ്)
15. മുഹമ്മദ് യൂസുഫ്, മൗലാനാ മൗദൂദി അപ്നി ഓർ ദൂസരോം കി നള്ർ മെ പേ. 364, പു, മുഈനുദ്ദീൻ അഖീൽ, തഹ്രീക്കെ പാകിസ്താൻ ഔർ മൗലാനാ മൗദൂദി പേ.27.

16. മൗലാനാ മൗദൂദി ഗാന്ധിജിയുടെ ഒരു ജീവചരിത്രം എഴുതിയിരുന്നു. പക്ഷേ അത് പ്രസിദ്ധീകരണത്തിനു മുമ്പേ തടയപ്പെടുകയുണ്ടായി. ആരിഫ് ബട്ടാൽവി, ഏക് മൗദൂദി ദസ് ഇസ്ലാം പേ.10, മുംതാസ് അലി ആസിയുടെ മൗലാനാ മൗദൂദി ഔർ ജമാഅത്തെ ഇസ്ലാമി ഏക് ജായിസ എന്ന കൃതിയും കാണുക.
17. മുഈനുദ്ദീൻ അഖീൽ, തഹ്‌രീകെ പാകിസ്താൻ, പേജ് 26, മുഹമ്മദ് യൂസുഫ്. കാണുക 362-3.
18. ഡക്കാൻ കി സിയാസി തഹ്‌രീക്ക്. ദൗലത്തെ അസ്ഫിയ ഔർ ഹുക്കൂമത്തെ ബർതാനിയ.
19. Fazalur Rahman, *Islam and Modernity - Transformation of intellectual tradition.* (1982 University of Chicago press 1982) p. 116.
20. മക്തുബെ ഹിദായത്ത് (ദിയൂബന്ദ് കുത്തുബ്ഖാനാ ഇസാസിയ) മൗലാനാ മുഹമ്മദ് അക്ത്തർ, *മൗദൂദി സാഹിബ് അകാബിറെ-ഉമ്മത്ത് കി നള്ർ മെ. പേ.9.*
21. Ibid..P.9
22. Ibid..P.15
23. Ibid..P.48
24. Will Durant *The age of Faith p.* 159.
25. Joel Carmichael, The shaping of Arabs, a study In Ethnic identity (Newyork)p. 38.
26. Maxime Rodinson, *Mohammed,* trans. Anne Carter(Newyork1971)p. 194.
27. സാഹിത്യ സഹ്യമല്ലാത്ത ഒരു അശ്ലീല പദമാണ് അസ്മ ഇവിടെ പ്രയോഗിച്ചത്.
28. രണ്ട് യമനി ഗോത്രം.
29. ഇബ്നു ഹിശാം, കിത്താബ് സീറത്തുർ റസൂലുല്ലാഹ് - Edited Wustenfield, 2 vols -p.995 6
30. രണ്ട് അൻസാർ ഗോത്രം.
31. Ibn Hisham p. 995. The translation is by Anne Carter, in Maxime Rodinson, *Mohammed* OP,Cit p. 157.157: 'തുബ്ബ് എന്നത് തെക്കൻ അറേബ്യയിലെ പൗരാണിക രാജാക്കൻമാരുടെ പേരാണ്.
32. കാബിന്റെ മാതാവ് അൻ-നദീർ എന്ന ജൂത ഗോത്രത്തിലെ അംഗമാണ്. അതേ സമയം അദ്ദേഹത്തിന്റെ പിതാവ് ഒരു അറബിയുമാണ്. അദ്ദേഹം ബനൂ അൽ നജീരിലെ അംഗമായിട്ടാണ് സ്വീകരിക്കപ്പെട്ടത്.
33. Ibn Hishanm,p. 548- trans. A Guillaume. *The life of Muhammed* (London Oxford University Press -1970) റോമിലെ സീസറെപ്പോലെയും ഈജ്പിതിലെ ഫറോവയെപ്പോലെയുമുള്ള വീരശൂരപരാക്രമിയായ രാജാവായിരുന്നു 'തുബ്ബ'
34. തിരുമേനി(സ)ക്കുണ്ടായ ഒരു സ്വപ്ന ദർശനത്തിന്റെയടിസ്ഥാനത്തിൽ അദ്ദേഹവും 1400 മുതൽ 1600 പേരടങ്ങിയ സഖാക്കളും കൂടി ഉംറ (മക്കയിലേക്കുള്ള ഒരു തീർത്ഥാടനം)ക്ക് പോകുവാൻ തീരുമാനിച്ചു. നബിതിരുമേനിയും സഖാക്കളും വിശുദ്ധ നഗരത്തിന്റെ അതിർത്തിയിൽ അൽ ഹുദൈബിയായിൽ ക്യാമ്പ് ചെയ്തു. അവിടെ മക്കക്കാരുടെയും മുസ്‌ലിംകളുടെയും പ്രതിനിധികൾ ഒരു സന്ധിയിൽ ഒപ്പുവെച്ചു. അതു പ്രകാരം മുസ്‌ലിംകൾ മക്കയുടെ അതിർത്തിയിൽ നിന്ന് തിരിച്ചു പോകണം. അടുത്ത



വർഷം ഹജ്ജിന് അനുവദിക്കുന്നതാണെന്നും കരാറായി.

35. അഹ്സാബ് യുദ്ധം അല്ലെങ്കിൽ ക്രി:വ 627 മാർച്ച് 30ന് നടന്ന കിടങ്ങ് (ഖന്തഖ്) യുദ്ധം.
36. W.Motogomery Watt,*Muhammed at Medina.* p.69.
37. Ibid 51-2.
38. മുകളിലെ പേജ് 22 കാണുക.
39. W.Motogomery Watt, M*uhammed at Medina* p. 4
40. Ibid 51-52
41. Martin Lings, *Muhammed, his life based on the Earliest Sources* (London 1983)p.297
42. Washington Irving , *Mahomet and his Successors,* 2 vols (New york G..P Putman's Sons, 1868) vol.2, 253.
43. W.Motogomery Watt, *Muhammed at Medina.* p.68 ജിറാന താഴ്‌വര മക്കയിൽ നിന്നു പത്ത് നാഴിക അകലെയാണ്. ഹുനൈൻ യുദ്ധത്തിലെ യുദ്ധമുതലുകൾ ഇവിടെയാണ് സൂക്ഷിച്ചത്.
44. Maxim Rodinon - Mohammed P. 262.
45. Stanley Lane -Poole, Selection, from the Quran and Hadith (Lahore) P. 28.
46. Maxim Rodinson - *Mohammed P.* 312.

## Chapter - 4

1. മൗലാനാ അബുൽ അഅ്‌ലാ മൗദൂദി: *ഹഖീഖത്തെ ജിഹാദ്* (ലാഹോർ 1964) പേ.58.
2. Edward Gibbon, *Decline and Fall of the Roman Empire* (London 1905-14) vol.5 P.332.
3. Bernard Lewis: *The jews of Islam* (Princeton 1983)P.3
4. James Drever - *A Dictionary of Psychology* revised by Harvery Wallerstein (1964)
5. Pierra Janet - *Les observations et la psychasthenie* (paris Alcan, 1903) See.S.Woods worth and Mary Sheehan - Contemporary School of Psychology P.253.
6. Elton Mayo - *some notes on psychology of Piecre Janet* (Cambridge 1948) See Robert S.Woodsworth and Mary Sheehan - P.253
7. Kuruewin - *conceptual representation and the measurement of psychological forces, contributions to psychological* theory1,(4),P2
8. Robert S.Woods worth and Mary Sheehan P.241
9. മതപരിവർത്തനത്തെ ഇർത്തിദാദ് എന്നു വിളിക്കുന്നു. മൗലാനാ മൗദൂദി അതിനെ മതം ത്യജിക്കലായി കണക്കാക്കുന്നു.

10. Hugh Nissendan - *Scripture and Survival* (The New York times Book Review 17, March -1985 P.12)
11. മൗലാന രാഷ്ട്രീയാധികാരത്തിന് ഉപയോഗിച്ച മൂലപദം 'ഇഖ്തിദാർ' എന്നാണ്
12. ഹഖീഖത്തെ ജിഹാദ് പേ.10
13. Ibid P.11
14. Ibid P.58
15. Ibid
16. Ibid 16-17
17. ഹഖീഖത്തെ ജിഹാദ് - മൗലാന ഇവിടെ ഹുക്കൂമത്ത് എന്ന പദം രണ്ട് തവണ രണ്ട് വ്യത്യസ്ത അർത്ഥങ്ങളിൽ ഉപയോഗിക്കുന്നു.
18. Ibid P.15

## Chapter - 5

1. മൗലാനാ അബുൽ അഅ്ലാ മൗദൂദി; *മുർത്തദ് കീ സസാ ഇസ്‌ലാമി ഖാനൂൻമെ* (ലാഹോർ81)പേ.32.
2. ഡോ. ഇസ്റാർ അഹ്മദ്; *ഇസ്‌ലാം ഔർ പാകിസ്താൻ, താരീക്കി സിയാസി ഇൽമ് ഔർ തഖാഫത്തി വസെമൻസർ* (ലാഹോർ -1938) പേജ് 72 ഡോ: അഹ്മദ്. ജമാഅത്തെ ഇസ്‌ലാമി വിദ്യാർത്ഥി സംഘടനയുടെ മുൻ മേധാവി (നാസിം അഅ്ലാ) യായിരുന്നു. പിന്നീട് അദ്ദേഹം ജമാഅത്തെ ഇസ്‌ലാമി മൗണ്ട് ഗോമറിയിലെ അമീറുമായി. തഹ്രികെ ജമാഅത്തെ ഇസ്‌ലാമി എന്ന ഗവേഷണഗ്രന്ഥത്തിന്റെ രചയിതാവായിരുന്നു ഇസ്റാർ അഹ്മദ്. വിവിധ ഭാരവാഹിത്വം വഹിച്ചുകൊണ്ട് 10 വർഷം സേവിച്ച ഡോ. ഇസ്റാർ അഹ്മദ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രാഥമികാംഗത്വത്തിൽ നിന്നും പിന്നീട് രാജിവെക്കുകയുണ്ടായി.
3. ദയൂബന്ദി മതപാഠശാല(ദാറുൽ ഉലൂം) 1867 ലാണ് സ്ഥാപിച്ചത്. ഡൽഹിക്കടുത്തുള്ള ഒരു ചെറിയ പട്ടണമാണ് ദയൂബന്ദ്.
4. S.G.P. Brandon -*Dictionary of the History of ideas* (Newyork 1973) vol.II.p.342
5. C.J.Hefele: *History of the Christian Councils* (Edinburgh:1894)vol.III.p.12. See also Durant Will, *The History of civilisation* (Newyork 1950) vol.IV.p.48
6. Will Durant,*The story of civilisation.* p.48
7. P.Schaff,*Select Library of Nicene and post Nicene fathers Ist series* (Buffalo 1887) vol.IV. p. 640
8. J.E.E Dalberg Acton (Ist Baron Acton) *The History of Freedom and other Essays* (Londpn, Macmillian-1907)p.163
9. Ibid: p.178-9
10. Thomas Hobbes, *Leviathan, or mater form and power of a commonwealth.* Ecclesiastical and civil (Chicago: Great book of the western world, Encyclopadia Britanic Inc 1952)
11. Ibid: p.210
12. ഡോ. ഇസ്റാർ അഹ്മദ് -*ഇസ്‌ലാം ഔർ പാകിസ്താൻ.* പേ.72



13. I Goldzhiher, *Vorpesungen uber den Islam,* 2nded (Heidelberg -1925) p.183-4.See Bernard Lewis, Islan in History: Ideas, men and events in the middle east (London 1973) p. 231
14. Bernard Lewis. *The Jews of Islam* (Princeton University press-1983)p.53
15. തസ്നീം ദിനപത്രം - 15 ആഗസ്റ്റ് 1952 കാണുക. *മിസാജെ ശഹനാസെ റസൂൽ* പേ.372.
16. മൗലാനാ മൗദൂദി - *മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ്* (പത്താൻകോട്ട്- മക്തബ ജമാഅത്തെ ഇസ്‌ലാമി) (ലാഹോർ -1970) ഭാഗം 1 പേ.16.
17. Ibid: p.132
18. Ibid: p.166
19. മൗലാനാ മൗദൂദി, *മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ്-* വാള്യം.3 പേ.95.
20. മൗലാനാ മൗദൂദി, *റൂയിദാദെ ജമാഅത്തെ ഇസ്‌ലാമി* (ലാഹോർ-1970) ഭാ. 1. പേ. 16.
21. *മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ* (1950) പേ. 80.
22. *മൗലാനാ മൗദൂദി - മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ* (8-ാം പതിപ്പ്) പേ. 723
23. അൽ ബുഖാരി, കിതാബുൽ ജനായിസ്.
24. Dictionary of the history of ideas (Newyork) vol.IV.p.116.
25. *മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ.* പേ. 51.
26. Ibid: p.32
27. *മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ.* പേ. 35.
28. ഖുർആൻ 87:14
29. മൗലാനാ മൗദൂദി - *മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ.* പേ. 51
30. മൗലാനാ മൗദൂദി. *ഹഖീഖത്തെ ജിഹാദ്* (ലാഹോർ 964) പേ. 64 Ibid:

## Chapter - 6

1. സഹീഹുൽ ബുഖാരി - *ബാബ് കിത്താബത്ത് അൽ ഈമാൻ അന്നാസ്.*
2. Ibid - *കിത്താബുസ്സലാത്ത്, ബാബ് ഫദ്ൽ ഇസ്ത്തിക്ബാൽ അൽ ഖിബ്‌ല.*
3. അൽഗസ്സാലി - *അൽ തഫ്രിഖത്തു ബയ്നൽ ഇസ്‌ലാം വ സൻദക്ക* (കെയ്റോ -1901) 68, See Betnard Lawis, Islam in History I Class Men and Events in the Middle East (London 1773) 232
4. Munir Commission report (Lahore 1954)p.28.
5. അബ്ദുൽ മാലിക്ക് ഇബ്നുഹിശാം, *സീറത്തു റസൂലില്ലാഹ്.* S.Wustenfeld എഡിറ്റ് ചെയതത്. 2 വാല്യങ്ങൾ (Gottingen 1856-60) p.984. Translation. A Guillaume. the life of Muhammed (London, Oxford University Press.1970)p.667.
6. ഇമാം അബുഹംബൽ - മുസ്നദ് വാ.5,പേ.260
7. മുഫ്റദാത്തുൽ ഖുർആൻ

8. വിശുദ്ധ ഖുർആൻ, 6:67 ഖുർആനിലെ 6:108,10:109, 17:55, 39:42, 42:7 എന്നീ സൂക്ത ങ്ങളും കാണുക. വക്കീൽ എന്ന പദത്തിന് ഇമാം ഫഖ്റുദ്ദീൻ റാസി തന്റെ തഫ്സീർകബീറിലും (കൈറോ 1308ഹി) വാല്യം3 പേ.62,63, മുഹമ്മദ് അബ്ദു തഫ്സീർ അൽ ഖുർആൻ അൽ സഗീർ ബി തഫ്സീർ അൽ മനാറിലും (മുഹമ്മദ് റശീദ് റിളാ എഡിറ്റ് ചെയതത് ബൈറൂത്ത് ഹി.വ 1337) വാല്യം 7. പേ.501-503, 662,3.
9. അടിവര ഗ്രന്ഥകാരന്റേത്.
10. അബുൽ മാലിക് - *ഇബ്നു ഹിശാം-കിത്താബു സീറത്തു റസൂലില്ലാഹ്.* പേ.927.
11. Ibid p.381
12. Ibid p.384
13. സഹീഹുൽ ബുഖാരി (കെറോ) വാല്യം 1 ബുക്ക് 3, 28.
14. ഇബ്നു ഹിശാം. പേ.818
15. Ibid p.819
16. Ibid p.818-19
17. Ibid p.819
18. Ibid p.819
19. Ibid p.820
20 Ibid p.468-9
21. Ibid p.819
22. Ibid അൽ ദുർഖാനി, *ശറഉൽ മവാഹിബ് അൽ ലദുന്നിയാ* (കൈറോ ഹി.വ.1325 വാല്യം 11 പേ 315 കാണുക. ശേർ അലി, ഖത്ലെ മുർത്തദ്ദ് ഔർ ഇസ്ലാം (അമൃത്സർ-1925)പേ.119.
23. ഇബ്നു ഹിശാം.പേ.728
24. Ibid p.819
25. Ibid p.819
26. മുഹമ്മദ് ഇദ്‌രീസ് അൽ-ശാഫി, *കിത്താബ് അൽ ഉമ്മ* (എഡിറ്റു ചെയ്തത്. മുഹമ്മദ് സഹ്‌രി അൽ നദ്ജാർ (കെയ്റോ) വാല്യം 8. പേ.256.
27. അബൂ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ അത്ത്വബരി -താരീഖുർറുസുലിവൽ മുലൂക്കി Edited by M.J.de Geoje (Leiden 1964) vol 4 p.1874
28. C.H.Becker, The expansion of the Saracens, The Cambridge Medieval History (Newyork -1913)vol II.p.335.
29. മുഹമ്മദ് ഇദ്‌രീസ് അൽ-ശാഫി പേ.255-6
30. അബ്ദുൽ-ഹമീദ് ഹിബത്തുല്ല ബിൻ അൽ ഹദീദ് -ശറഹ് നഹ്ജ് അൽ ബലാഗ എഡിറ്റു ചെയ്ത് മുഹമ്മദ് അബു അൽ ഫദ്ൽ ഇബ്റാഹിം (കൈറോ 1956-64) വാല്യം 18 പേ.187)
31. C.H.Becker.p.335
32. Bernard Lewis - *The Arabs in Histor*y - (London 1950) p.51-2
33. അസ്ഹരി- *മഖാലാത്ത്.* വാല്യം 1 പേ.191
34. ഇബ്നു ഹിശാം പേ.688-9.
35. സഹീഹ് മുസ്‌ലിം -*ശറഅ് അൽ നവവി* (ലാഹോർ-1958-62) വാല്യം 2 പേ. 112-113.



36. അല്പം ചില വ്യത്യാസങ്ങളോടെ പല നിവേദകൻമാരും ഈ ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാണുക സഹീഹുൽ ബുഖാരി, സഹീഹുമുസ്‌ലിം - *കിത്താബുൽ ഇമാം* പേ.233.
37. Bernard Lewis - *Islam in History*. P.233
38. ബർണാർഡ് ലൂയിസ് ഈ ഇസ്ലാമിക സ്ഥാപനത്തിന്റെ ഉത്ഭവവും അതിന്റെ പരിണാമവും തന്റെ, Islam in History പുസ്തകത്തിൽ (പേ217-30) വിശദമായി വിശകലനം ചെയ്തിട്ടുണ്ട്.
39. Bernard Lewis - *The Jews of Islam.* P.100
40. Ignas Goldziher- *Mohammed and Islam* (New heaven : Yale University Press 1917) P.74 note.3
41. Bernard Lewis - *The Jews of Islam*. P.101
42. Sir Judanath Sarkar. *Short History of Aurangazib* (Calcutta.1954)p.105-6.
43. എന്നാൽ ബാബ്, (ആത്മാവിന്റെ വാതായനം) മിർസാ അലി മുഹമ്മദ് പ്രവാചകത്വം വാദിക്കുകയും തബ്‌രിസിൽ വെച്ച് 9 ജൂലായ് 1850 ൽ വധിക്കപ്പെടുകയും ചെയ്തു.
44. Munir Commission report, P.218-19
45. Ibid P. 219

## Chapter - 7

1. ഖിലാഫത്തുർ റാശിദ: ഈ സാങ്കേതിക പദം തിരുനബി(സ)യുടെ വിയോഗാനന്തരം ഉണ്ടായ നാലു ഖലീഫമാരെപ്പറ്റിയാണ് ഉപയോഗിക്കുന്നത്. ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അലി (റ), അവരുടെ ഭരണം ഏ.ഡി 632 മുതൽ ഏ.ഡി.661 വരെ
2. വ്യാഖ്യാനം, ബഹ്റുൽ മുഹീത്ത് വാ.11 പേ.493
3. തബരി, വാ.4, പേ.1873; ഇബ്നു ഖൽദൂൻ, വാ.11, 65, ഖാമീസ്, വാ,2, 237 etc
4. തബരി വാ. 4, പേ.1849.
5. ഖാമിസ്. വാ.4,പേ.1849.
6. ഇബ്നു ഹജർ അൽ അസ്ഖലാനി-അൽ ഇസാബ ഫീ തംയീസുസ്സുഹാബ (ബൈയ്റൂത്ത്- ദാറുൽ കിത്താബു അൽ അറബി) വാ.2, 448, അൽ ഇമാം അല്ലാമാ ഇബ്നുൽ ആതിർ, ഉസൂദുൽ ഖാബാ ഫി മഅ്രിഫത്തുൽ സഹാബ (ബൈറൂത്ത് വാ.2, പേ.201-5)
7. ഇബ്നു അൽ അതിർ അൽജസരി അൽകാമിൽ ഫിൽ താരീഖ് (ബൈറൂത്ത് ദാറുൽ കുതുബ് അൽ അൽമിയ) വാ.2,പേ.201-5
8. തബരി വാ.4.പേ.1977.
9. മസ്ബൂത്ത് -വാ10, പേ.110
10. ഫത്ത്ഹുൽബാരി - വാ.12,പേ.267 ഇമാം റാസി- തഫ്സീർ കബീർ വാ.3 പേ. 614. ശൈഖ് ഇബ്നുതീമിയ: മിൻഹാജുസുന്ന വാ.2, പേ.61-62. തഹ്‌രീഖ്: അൽ കാമിൽ വാ.3 പേ.148

11. ബുഖാരി- കിത്താബുൽ മുസ്ത ദീൻ വൽ മുനാദീനു വ ഖിത്താലിഹിൽ ബാബ് ഹുക്കുമുൽ മുർത്തദ്ദ വൽ മുർത്തദ.
12. അബൂ ദാവൂദ്.
13. ഖുർആൻ പറയുന്നു: 'നിങ്ങൾ അത് കേട്ടപ്പോൾ എന്തുകൊണ്ട് സത്യവിശ്വാസികളും സത്യവിശ്വാസിനികളും സ്വന്തം ആളുകളെസ്സംബന്ധിച്ച് നല്ലവിചാരം വിചാരിക്കുകയും ഇത് വ്യക്തമായ നുണയാണെന്ന് പറയുകയും ചെയ്തില്ല.' (24:13) തിരുനബി(സ) പറയുകയുണ്ടായി: ഒരാൾ താൻ കേട്ടതിനെപ്പറ്റി സൂക്ഷ്മമായ അന്വേഷണം നടത്താതെ സ്വീകരിക്കുക എന്നത് അയാളുടെ സത്യസന്ധതയില്ലായ്മക്കുള്ള തെളിവാണ്. (മുസ്‌ലിം വാ.1 ഹദീസുകൾ. 'പാടില്ലാത്തത്' എന്ന അദ്ധ്യായം)
14. ബുഖാരി, മിശ്ക്കാത്ത് (ഈജിപ്ത്) 9-10 ബുഖാരി ഫത്ഹുൽബാരി, ഹദീസ് നമ്പർ 6922 (ഈജിപ്ത്) വാ. 12.പേ.267
15. അബ്ദുൽ ഹയ്യി, അൽറാഫ വൽ തക്ക്മീൽ
16. അബു ജഹലിന്റെ മകനായ ഇക്രിമയുമായി മാറിപ്പോവാതിരിക്കാൻ ശ്രദ്ധിക്കുക.
17. ഇബ്നു സഅദ്: അൽ തബ്ക അൽ കബീർ. വാല്യം II പേ 386.
18. മീസാൻ അൽ-അയ്ത്തദാൽ വാ. II പേ35.
19. അബു ദാവൂദ്. വാല്യം2 പേ 35.
20. അബു ജഅ്ഫർ മുഹമ്മദ് ബിൻ അംറ് ബിൻ മൂസ ബിൻ ഹാമദ് അൽ അബ്ലി അൽ മുൽകി, കിത്താബ് അൽ സൊഅ്ഫ അൽ കബീർ(ലബനാൻ- ദാറുൽ കുതുബ് അൽ അൽമീയ) അൽ സഫർ 3. 1983. പേ.373.
21. അബു ജഅ്ഫർ മൂസ ഇബ്നുഹാമദ് അൽ അബ്ലി അൽ മുൽകി.
22. മീസാൻ അൽ അയ്ത്തദാൽ. വാ2 പേ.209.
23. ഫത്ഹുൽ ബാരി.
24. തിരുനബി(സ)യുടെ പിതൃവ്യൻ അബ്ബാസ്(റ)ന്റെ മകൻ- ഇബ്നു അബ്ബാസ് തിരുനബി(സ) കാലത്ത് ഒരു ചെറിയ കുഞ്ഞായിരുന്നു.
25. ബുഖാരി: കിത്താബുൽ ജനായിസ് മരിച്ചവരെച്ചൊല്ലി കരയൽ എന്ന അദ്ധ്യായത്തിൽ
26. ഹിദായ
27. ഫത്ഹ് അൽ ഖദീർ വാല്യം 4. പേ.389 വാ.2, പേ.580.
28. Chalpi, commentary on Fateh al kadeer. p388, Inayah p.390

## Chapter - 8

1. Munir Commission Report -258
2. Maxime Rodinson, Mohammad,trans. Anne Carter (Newyork -1971)P.194
3. ഇബ്നു ഹിശാം- കിത്താബ് സീറത്തു റസൂലില്ലാഹ് (English translation is by Anne Carter, given in Rodinson's Mohammed P.157)



4. അലി ബിൻ ബുർഹാനു ദ്ദീൻ ഉദ് ഹലാബി ഇൻസാനുൽ ഉയൂൻ. വാ.2, പേ.116. Kister, The Journal of the Economic and Social History of the Orient. vol.VIII, P.267.
5. ഇബ്നു ഹിശാം പേ.456
6. Ibid p.550
7. Ibid p.386
8. Ibid p.386
9. Ibid p.387
10. Ibid p.726
11. Ibid
12. Ibid
13. Will Durant- *The story of civilisation,* II vol, (NewYork,1950) vol.IV, The age of Faith p.301
14. Munir Commission Report P-259
15. ഈ ഉപഭൂഖണ്ഡത്തിൽ അവർ ബറേൽവികളെന്നാണ് അറിയപ്പെടുന്നത്.
16. ദയൂബന്ദി മൗലവിയോം കാ ഇമാം (ലായൻ പൂർ ശാഹി മസ്ജിദ്, n.d)
17. ദയൂബന്ദി മൗലവിയോം കാ ഇമാം (ലായൻപൂർ - ശാഹി മസ്ജിദ്)
18. ശാ മുഹമ്മദ് ആസി& സയ്യിദ് മുഹമ്മദ് തൻവി. ശൗറിശ് ഉർഫ് ബഹ്റെ കാ താത്തു. പേ.7-8
19. Wilfred Cantwell Smith: *Modern Islam. In India* (Lahore 2nd edition 1947)
20. Munir Commission Report -257
21. മിർസാ ഗുലാം അഹ്മദ്, *ഇസാലെ ഔഹാം* (അമൃത്സർ 1891) ഭാഗം 1 പേ.176
22. മിർസാ ഗുലാം അഹ്മദ് - *ആയിനയെ കമാലാത്തെ ഇസ്‌ലാം* (ഖാദിയാൻ 1893) അവസാനത്തെ പുറം
23. Ibid
24. മിർസാ ഗുലാം അഹ്മദ് - *ഇസാലെ ഔഹാം* പേ. 138.
25. മിർസാ ഗുലാം അഹ്മദ് - *തൗദീഹെ മറാം* (അമൃതസർ -1308 ഹി.വ) പേ.23
26. ഖുർആൻ പറഞ്ഞതനുസരിച്ച് ഇബ്റാഹിം നബി (അ)യുടെ പിതാവിന്റെ പേർ ആസർ (6:75) (അദ്ഹർ) - സഭാചരിത്രകാരൻമാർ അദ്ദേഹത്തിന് നല്കിയ പേർ എസുബിയസ് ഉൽപത്തിയിൽ ഉള്ളത് പോലെ തേര എന്നല്ല.(ഉൽപത്തി.11:26)
27. സർ മുഹമ്മദ് ഇഖ്ബാൽ -ബാങ്കെ ദറാ- ജവാബെശിക്വ 7,9,10,17 വരികൾ ഇംഗ്ലീഷ് തർജ്ജമ ഏ.ജെ. അർബെറി.
28. Aziz Ahmed and G.E.Grunebaum (eds) Muslim Self - Statement in India and Pakistan -1857-1968 (Wiesbaden 1970) P.130

## Chapter - 9

1. ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത മൊത്തം സൈനികർ സഖ്യശക്തികൾ (Allied Force) 42.26 മില്ല്യനും കേന്ദ്രശക്തികൾ(Central Force)22.85 മില്ല്യനുമാണ്. 57.6 ശതമാനത്തിന്നാണ് പരുക്ക് പറ്റിയത്. രണ്ടാം ലോകമഹായുദ്ധത്തിൽ 72, 581, 566 പേർ പങ്കെടുത്തതിൽ 16,829,758 പേർ കൊല്ലപ്പെടുകയോ കാണാതാവുകയോ ചെയ്തു. 26, 698,339 പേർക്ക് മുറിവേറ്റു.(Arthur Guy Enock This war Business) London -1951 and US Department of Defendu) Carnegie Endowment for International Peace) ന്റെ മറ്റൊരു കണക്കുപ്രകാരം ഒന്നാംലോകമഹായുദ്ധത്തിന്റെ ചെലവ് 400,000,000,000 ഡോളർ ആണ്. ഇതിൽ പൗരൻമാരുടെ സ്വത്തു നഷ്ടവും ആൾ നഷ്ടവും പെടില്ല. വേറൊരു കണക്ക് പ്രകാരം യുദ്ധത്തിന്റെ നേരിട്ടുള്ള ചെലവ് 1098,938,000,000 ഡോളർആണ്.
2. William R. Roehren back collins-Encyclopaedia vol 23 Article-headed "war coasts Casualities"



# INDEX


അഖൽ 194
അഖ്ബ 97
അഗസ്റ്റിൻ സെയിന്റ് 49, 130, 133, 149
അതനാസിയൻ 132, 135, 750
അതാ ഉല്ലാ ബുഖാരി 229
അദ്ൽ 145
അദിയ്യ് ഇബ്നു സൈദ് 162
അനിമിസ്റ്റ് 237
അഫ്ഗാനിസ്ഥാൻ 69
അബി അൽ ഹമീദ് 170
അബുൽ അഅ്ലാ മൗദൂദി 9, 57, 58, 59, 61, 63, 66, 74, 77, 77, 83, 93, 105, 107, 116, 127, 142, 198
അബുൽ കലാം ആസാദ് 127, 132
അബൂ അഫ്ക 219
അബൂ ജഹൽ 78
അബൂ ഉബൈദുബ്നു ജർറാഹ് 79
അബൂ ദാവൂദ് 208
അബൂബക്കർ 168, 169, 170, 197
അബൂ ബർദ് അസ്‌ലമി 168
അബൂ മൂസ 200
അബൂ സുഫ്‌യാൻ 100, 101
അബ്ബാദ് ഇബ്നു ബിശ്ർ 224
അബ്ബാസിയ്യാ 185
അബ്ബാസ് 100
അബ്ബാസ് ഇബ്നു അസ്‌വദ് 166
അബ്ദു റശീദ് 74
അബ്ദുല്ലത്തീഫ് 176, 182
അബ്ദുല്ലാഹ്ബിൻ ഉബൈയ്യ് 223
അബ്ദുല്ലാ ഇബ്നു ഖത്തൽ 164, 165, 166
അബ്ദുല്ലാ ഇബ്നു സ്വാദ് 164, 165, 195
അബൂ ഹംബൽ 155, 160
അബ്ദുല്ലാ ഇബ്നു റവാഹ 83
അബ്ദുല്ലാഹ്ബിൻ സുലൂൽ 161, 162, 223, 225
അബ്ദു റഹ്മാൻ 226
അബ്ദുൽ മുത്തലിബ് 103, 165
അബ്ദുൽ ഹയ്യ് 209
അബ്ദുൽ ഹലീം ഖാസിമി 177
അബോറിജിൻ 215
അമീൻ അഹ്സൻ ഇസ്‌ലാഹി 135
അമുസ്‌ലിം ന്യൂനപക്ഷം 151
അമേരിക്ക 255
അയ്യാമുൽ അറബ് 82
അയോദ്ധ്യ 235
അലക്സാണ്ടർ 36
അലി ഇബ്നു അൽ മെദയ്നി 211
അലി സഹോദരൻമാർ 127, 132
അലി ഹസ്റത്ത് 79, 166, 171, 210, 214
അലോയ് സ്പ്രെംഗർ 61
അസ്‌വദുൽ അൻസി 199
അസ്മാ ബിൻത് മർഹൻ 90
അസ്‌വദ് ഇബ്നു സുഹ്റ 82
അസ്ഹാബുൽ കഹ്ഫ് 42
അഹാദ് ഗരീബ് 209
അഹമദ് ഹദ്റത്ത് (അ) 176, 182, 233
അഹ്മദ് അലി മൗലാനാ 88
അഹ്മദ് പർവേസ് ഗുലാം ഹദ്റത്ത് 143
അഹ്മദികൾ 74, 122, 123, 125, 151, 233
അഹ്മദിയ്യാ വിരുദ്ധ കലാപം 18
അഹ്ലുൽ കിതാബ് 143
അഹ്ലു സുന്നത്ത് വൽജമാഅത്ത് 137
അഹ്ലെ ഖുർആൻ 121, 135
അഹ്ലെ ഹദീസ് 179, 227
അഹ്സാബ് 98
അറബികൾ 82, 92
അൽ അബ്‌വ 98
അൻസാർ 155, 165, 220, 223

അൽ അസ്ഹർ 259
അൽ ജംഇയ്യത്ത് 85, 88
അൽ നിയാസി 208
അൽ മുറൈസ് 227
അൽ ഹാരിസ് 211
അൽ ഹുവൈരിയ 165, 166
അജ്ഞേയവാദികൾ 53
ആദരണീയ മാസങ്ങൾ 190
ആദം 36, 46
ആബേൽ 35
ആഫ്രിക്ക 215
ആയത്തുൽ കുർസി 158
ആയിശ 213
ആസർ 39
ആരിയൂസ് 129, 148
ആര്യസമാജം 63, 65, 72
ഇക്ബാൽ മുഹമ്മദ് 233
ഇക്‌രിമ 204, 210, 213, 217
ഇക്‌രിമ ഇബ്നു അബൂ ജഹൽ 165
ഇജ്തിഹാദ് 138
ഇന്തോനേഷ്യ 69
ഇബ്നു അബ്ബാസ് 213
ഇബ്നു ഇസ്ഹാഖ് 164, 165
ഇബ്നു ഹിസ്മ് 168
ഇബ്രാഹിം നബി(അ) 39, 113
ഇറാക്ക് 245, 259
ഇറാൻ 238, 241, 242
ഇസ്നാ അശരിയ്യ 178, 184
ഇസ്‌ലാമിക രാഷ്ട്രം 138
ഇസ്‌ലാമിക ബോംബ് 256
ഇസ്റാർ അഹ്മദ് 127, 176
ഇസ്രായേൽ 248, 252
ഇർത്തദ 156, 178
ഇൻക്വിസിഷൻ 50, 55
ഈജിപ്ത് 211
ഈസാ നബി (അ) 113, 117
ഉകാസ് ഇബ്നു മൊഹ്സിൻ 199
ഉമർ 79, 83, 84, 161, 213
ഉമർ ഇബ്നു സലീമ 79
ഉബാദ്ബ്നു അസ്സ്വാമി 83
ഉമ്മുകുൽസും 166
ഉമ്മു ഖുർഫ 200
ഉമ്മു ഹഖീം 167
ഉഹ്ദ് 44, 98
ഉസ്സ 81
ഉസാമ ബിൻ സൈദ് 154
ഉസ്മാൻ 79, 172
ഉസ്മാനിയാ സാമ്രാജ്യം 226
ഉംറുൽ ഖൈസ് 93
ഉനൈന 168, 173
എക്യുമെനിക്കൽ 130, 148
എബുസുദ് ഇഫെൻന്തി 226
എഡ്വേർഡ് ഗിബ്ബൺ 107
എലിസബത്ത് ലാബ്രോസസ് 142
ഏകറാവി ഹദീസ് 208
ഐസക് 225
ഒട്ടകം 80
ഒമാൻ 199
ഓറിയന്റലിസ്റ്റുകൾ 58, 61, 62, 77, 78, 92, 94, 105, 107, 133
ഔഫ് ഇബ്നു ഹാരിസ് 79
ഔസ് 219
ഔറംഗസേബ് 176
കഅ്ബ 81, 162
കഅ്ബ്ബിൻ അശ്റഫ് 91, 162
കമ്യൂണിസം 145, 241
കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ 146, 152
കംസൻ 15
കരിമരണം 260
കർദ്ദിനാൾ 49
കവിതകൾ 90
കാഫിർ 139, 143, 144, 146
കായേൻ 35
കാശി 235
കാളിചന്ദ്രശർമ്മ 72
കാറ്റകോംസ് 42, 54
കാൽവിൻ ജോൺ 150, 131, 133
കാർമേത്തിയൻ 174
കൈറോ 175, 259
കോൺസ്റ്റന്റയിൻ 128, 149, 172
കോർഡോവ 225
കിഫായത്തുള്ള 87
കുരുക്ഷേത്രം 36
കുർബാന 51
കുർസ് അൽ ഫിഹ്രി 98
കൂഫ 211
ക്ലൈവ് ലോർഡ് 229
ക്യൂബ 260
ക്രിസ്ത്യാനികൾ 42, 254, 261
ക്രിസ്ത്യൻ ഭീകരത 258
ക്രിസ്തു 49, 261
ക്രിസ്തുമതം 128
ക്രിസ്തുസഭ 128, 130
കൃഷ്ണൻ 64, 73
ഖബ്ബാബ് 76
ഖത്തമുന്നുബുവ്വത്ത് 229, 230
ഖലീഫമാർ 172
ഖലീൽ അഹ്മദ് 229
ഖവാരിജ് 172, 174
ഖസ്റജ് 90, 97
ഖർദം ഇബ്നു അംറ് 162
ഖാരി മുഹമ്മദ് തയ്യിബ് 88
ഖായ്‌ല 90, 219
ഖായിദെ അഅ്സം 229
ഖാലിദ്ബ്നു വലീദ് 79, 93
ഖാറൂൻ 40
ഖിബ്‌ല 162
ഖിലാഫത്ത് 186
ഖുമൈനി 240, 241
ഖുറൈശികൾ 83
ഗദ്ദാഫി 259, 264
ഗസ്സാലി 154, 179
ഗസ്‌വ 97, 98
ഗാന്ധിജി 63, 105
ഗില്ലറ്റിൻ 50
ഗോമറി വാട്ട് മൗണ്ട് 78, 93, 98
ചെങ്കീസ് ഖാൻ 36
ജഅ്ഫർ 199
ജന്നത്തുൽ ബഖീഅ് 228
ജസ്റ്റീനിയൻ 130, 149
ജമാഅത്തെ ഇസ്‌ലാമി 122, 125, 135, 231
ജുർഹം 99
ജിസ്‌യ 76
ജിഹാദ് 15,72,77,80,141,203,223
ജൂതൻമാർ 77, 84, 88, 97, 99, 193, 246
ജുവാൻ ഓഫ് ആർക്ക് 50
ജൂത ഭീകരത 227
ജെറുസെലം 162
ജേർണലിസ്റ്റുകൾ 90
ജോർജ് സെയിൻ 60
ജ്ഞാനേന്ദ്ര ശർമ്മ ശാസ്ത്രി 57, 63
ഡോഗ്മ 126
ഡോണാസ്റ്റിക് 129, 130
തക്ഫീർ 174, 181
തഗ്‌ലബ് 82
തസ്നീം 135
തഹ്‌രീഫ് 184
തഹ്ക്കീം 173, 181
താബിത്ത ഇബ്നു അക്റം 176
തായിഫ് 104
താർ 82
തിർമിദി 208
തുബ്ബ 91
തുലൈഹ 199
തുർക്കി 69, 228
തെക്കെ അമേരിക്ക 215
ത്വായീ 104
ദക്ഷിണാഫ്രിക്ക 261, 264
ദയാനന്ദ സരസ്വതി 73
ദഹ്ബി 217
ദാവൂദ് ഗസ്നവി 177

ദായിസ് അൽ ഗബ്റാ 82
ദിഹ്യാ ബിൻ ഖലീഫ 99
ദുഅൽ ഖസ്സ 168
ദയൂ ബന്ദ് 121, 178, 227
നജ്ദ് 227
നവവി ഇമാം 173, 181
നബിത്ത് 82
നംമ്രൂദ് 15
നാദിർഷാ 77
നാസ്തികർ 203
നാസിസിം 8
നിഅ്മത്തുള്ള 177, 182
നിഖയ്യ 130
നിയോഗം - 106
നിസാം 85
നീറോ 130, 149
നൂഹ് - 38
നെഹ്റു പണ്ഡിറ്റ് ജവഹർലാൽ 224, 235, 236
നെസ്റ്റോറിയസ് 128, 148
നൂഹ് 114
പച്ച പുസ്തകം 260
പഞ്ചാബ് 72
പഞ്ചാബ് കലാപം 154, 177, 180
പാകിസ്താൻ 111,203
പാണ്ഡവർ 36
പാഷാണ്ഡത 129, 134, 148
പരീശികൾ 51
പിഗ്മി 189
പിയറിജാനെറ്റ് 109
പിലാത്തോസ് 51
പീനോചെട്ട് അഗസ്തോ 261, 264
പോപ്പ് 49
പ്രണയം 81
പ്രിസ്ലിയൻ 131
പ്രൊട്ടസ്റ്റന്റ് 131
ഫത്‌വ 226
ഫലസ്തീൻ 176
ഫാത്തിമ 166
ഫാന്തർ 60, 63, 67
ഫാഷിസം 81, 15
ഫിജർ ദിനങ്ങൾ 75
ഫിഡൽ കാസ്ട്രോ 260, 264
ഫിർഔൻ 15, 40
ഫുൽസ് 104
ബദർ 82, 91, 98, 163
ബനാറസ് 235
ബനൂ കിലാബ് 99
ബശീർ ഇബ്നു ബുർദ് 175
ബഹാവുള്ള 176
ബരി 87
ബറാഅ് ഇബ്നു മഅ്‌വൂർ 97
ബറേൽവികൾ 179, 228
ബർണാഡ് ലൂയിസ് 133, 171
ബാബരി മസ്ജിദ് 245
ബംഗാൾ 68
ഭരണകൂട ഭീകരത 257
ഭീകരത 237
മക്ക 97, 99, 100, 157, 165, 166, 218
മക്കാ വിജയം 194
മഖീസ് 166
മതനിന്ദ 121,122,124
മതപരിത്യാഗി 127, 153, 199, 200, 202, 254
മതാചാര്യർ ദിനം 73
മദനമോഹന മാളവ്യ 72
മദീന 78, 90, 97, 98, 164, 166, 169, 221
മനാത്ത 81
മനോഗ്രസ്തി 108, 111
മനുഷ്യാവകാശം 15
മലേഷ്യ 69
മസ്ജിദുൽ ഹറം 190, 246
മഹ്ദി 15, 22
മർയം 129
മാക്കിയവല്ലി 8
മാഡം തുസൗദ് 49
മാനിക്കേയിസം 131, 149
മാഫിയ 263
മാർട്ടിൻ ലിംഗ്സ് 100
മാർട്ടിൻ ലൂഥർ കിങ്ങ് 131, 133, 149
മാർക്സ് 113, 128, 244
മാർക്സിം റോംഡിംസൺ 219
മുഅ്തലിസ 175, 181
മുആദ് 201
മുആദ് ഇബ്നു ജബൽ 199, 200
മുആവിയ 171
മുഗൾ 68, 84
മുനാഫിഖ് 160
മുനീർ മുഹമ്മദ് 154, 218
മുനീർ കമ്മീഷൻ 177, 180
മുസദ്ദിഖ് 244
മുർത്തദ്ദ് 178
മുസ്‌ലിം ലീഗ് 229
മുസൈലിമ 197, 198
മുസ്സോളിനി 8
മുഹമ്മദ് ഇദ്‌രീസ് 177
മുഹമ്മദ് അഹ്മദ് ഖാദിരി 177
മുഹമ്മദ് നബി 37, 44, 61, 63, 65, 72, 74, 79, 80, 102, 114, 123, 157, 167, 186, 218, 224
മുഹമ്മദ് തൻഹ 230
മുഹമ്മദ് മഹ്മൂദ് ത്വാഹ 176
മുഹമ്മദലി മൗലാനാ 86
മുഹാജിർ 79, 98, 221, 224
മുറാദ് 82
മൂസാനബി (അ) 113
മിഅ്റാജ് 232
മിഖ്യാസ് ഇബ്നു സബാബ 165
മേരി അന്റോണിയോ 50, 55
മൗലൂദ് 228
മൈത്രാൻ 49
മൈമോണേറ്റുകൾ 175
യമൻ 199, 200
യഹ്‌യ ഇമാം 212
യഹൂദികൾ 96, 97
യുണൈറ്റഡ് പ്രൊവിൻസ് 72
യൂജാലിസ് 225
യൂനുസ് 175
രാജ്പാൽ 73
രാഷ്ട്രം 8
രംഗവേദികൾ 54
ലഖ്ബീത്ത് 199
ലബനോൺ 175
ലാത്ത 81
ലൂത്ത് 39, 115
ലൂയി പതിനാലാമൻ 50
ലിബിയ 260
ലെയിറ്റ്സ് 66
ലെവിയാതൻ 131
ലോകമഹായുദ്ധം 261
വഹാബി 178, 184, 228
വാഷിംടൺ ഇർവിംങ്ങ് 61, 101
വിചിത്രജീവൻ 72
വില്യം മൂയിർ 63, 67
വില്യം ഹെയ്‌ലി 69
വിൻഡ്യൂറന്റ് 78, 79, 225
വെൽഹൂസൻ 170
വിൻഫ്രെഡ് കാൽഡ് സ്മിത്ത് 57, 67
വോൾട്ടയർ 15
വ്യക്തിവാദം 130
ശരീഅത്ത് 11
ശാഫി ഇമാം 170
ശീ ഈസം 172
ശീശ്മ 128, 147
ശുഐബ് 39, 40, 92, 101, 113
ശുദ്ധിപ്രസ്ഥാനം 72, 85
ശൈഖുൽ ഇസ്‌ലാം 176, 226
ശൈമ 103
ഷാ റിസാ പഹ്‌ലവി 239, 240, 263
സഅദ്ബ്നു അബീവകാസ് 79

സഅദ്ബ്നു ഉബാദ 83
സഅദ്ബ്നു ഖയിത്തമ 82
സൗദി അറേബ്യ 246, 253
സന്യാസി മഠ പ്രസ്ഥാനം 128, 147
സഫറുല്ലാഹ്ഖാൻ 177, 183
സഭാപിതാക്കൾ 134
സരിയ 97
സൻദക്ക 175, 181, 204
സൽമാൻ റുശ്ദി 258
സാബ് 223, 226, 227
സാബി 45
സാരസൻ 79
സാലിഹ് നബി(അ) 113
സൈദുബ്നു ഹാരിസ് 89
സൈനബ് 160
സിന്തീക്ക് 217
സിയാ ഉൽ ഹഖ് 262, 264
സീസർ 36, 128
സുന്നത്ത് 164
സുന്നി 228
സുഹ്റവർദി ശിഹാബുദ്ദീൻ 175, 182
സൂന്നഹദോസ് 133, 150
സോരാഷ്ട്രർ 147
സ്പെയിൻ 225
സൈദുബ്നു ഹാരിസ് 99
സ്റ്റാൻലി ലെയ്ൻ ലിവർപൂൾ 102
ഹജ്ജ് 189, 246
ഹദീസ് 194, 204, 208
ഹനഫി 216
ഹബീബുഗ്ഗാഖാൻ 176
ഹലീമ 103
ഹല്ലാക്ക് 36
ഹല്ലാജ് 175, 182
ഹാഫിസ് ഇബ്നുഖയ്യൂം 216
ഹാമാൻ 40
ഹിജ്റ 98
ഹിദായ 195
ഹിന്ദുമഹാസഭ 72
ഹിശാമ് ഇബ്നു അബ്ദുൾ
ഹൂദൂദ് 209
മലിക്ക് 175
ഹിറ്റ്ലർ അഡോൾഫ് 15, 68
ഹുക്കൂമത്തെ ഇലാഹി 11, 134
ഹുദൂദ് 205
ഹുദൈബിയ 92, 98, 99
ഹുനൈൻ യുദ്ധം 89, 103
ഹുബൽ 81
ഹുസൈർ അൽ അഹ്മദ് മദനി 87
ഹുലൂൽ 175, 182
ഹൂദ് 114
ഹിന്ദു 105, 143
ഹെഗേൽ 8
ഹെൻട്രി കോപേ 61
ഹൈദരാബാദ് 84, 85, 86, 109
ഹോബ്സ് തോമസ് 131, 132, 133, 150
റഫീബ് അബൂറാഫി 162
റഷീദുദ്ദീൻ 175
റംഗീലാ റസൂൽ 73
റാഗിബ് ഇമാം 156
റാഫി ഇബ്നു മാലിക് 82
റോമാചക്രവർത്തി 99
റിദ്ദ 156, 167, 169, 170
റിഫാ ഇബ്നു കയ്യാസ് 162
റിസാലെ വർത്തമാൻ 73
റിസ്‌വി ഖാദിരി തൻവി 226